യോഗക്ഷേമസഭ കോഴിക്കോട് ജില്ലാ കമ്മിറ്റി പ്രസിദ്ധീകരണം

# നമ്പൂതിരി

ത്രൈമാസിക

2021
ജനുവരി
പുസ്തകം 5
ലക്കം 1

## വിശേഷാൽപ്പതിപ്പ്



# 50

നമ്പൂതിരിമാർ എഴുതുന്ന

SPECIAL FEATURE

## നമ്പൂതിരിയുടെ പരിണാമം



കൈതപ്രം, മാടമ്പ്, ലളിതാംബിക അന്തർജനത്തിന്റെ മകൾ മണി കൃഷ്ണൻ, വി.ടി ഭട്ടതിരിപ്പാടിന്റെ മകൻ വി.ടി വാസുദേവൻ



അഗ്നിസാക്ഷിയുടെ കാരണം
ജാതിമാറി ചാക്യാരായ നമ്പൂതിരി
ആദ്യത്തെ നമ്പൂതിരി വൈമാനികൻ
വി.ടിയുടെ പാപ്പു ഓപ്പോൾ

# 4

ഫ്ളാഷ് ബാക്കുകൾ

COVER STORY

EXCLUSIVES

# ആറാം വേളിയിലെ മകൻ



മാഡം ഗാന്ധിയുടെ മാധവ്ജി
ഐ.പി.എസ് കിട്ടിയ നമ്പൂതിരി

# 25

കുട്ടികളുടെ
കുട്ടിക്കൂട്ടം

വന്ദിത വൈദ്യമഠം ആലങ്കോട് , പെരുമ്പള്ളിയിലെ മേധജയും വേദജയും, നന്ദിത മറവഞ്ചേരി തെക്കേടത്ത് മന, അന്വിത താമരക്കുളം, അഞ്ജന താമരക്കുളം, ആര്യനന്ദ കാവുങ്കര കതിരൂർ, അഭിരാം കാഞ്ഞങ്ങാട് മരുതമ്പാടി ഇല്ലം, അപർണ്ണ നീലമന ഫറോക്ക് , ധ്യാൻ മണ്ണാർശാല, നവനീത് പുത്തില്ലം ബേപ്പൂർ, ശ്രീനന്ദ കുംഭനില്ലത്ത് അരക്കിണർ കോഴിക്കോട് , വാണി പാഞ്ഞാൾ കുത്തുള്ളി, ശിവശങ്കർ വാഴുന്നവർ കീക്കാംകോട് പടിഞ്ഞാറേ ഇല്ലം മടിക്കൈ, ശ്രീകേശവ വാഴുന്നവരും ശ്യാം മഹേന്ദ്രയും ഇരിവൽ വാഴുന്നവരുടെ ഇല്ലം ഇരിയ, നിരാമയ ടി. ഇ. തയ്യിൽ എടക്കാട്ട് ഇല്ലം അഴിഞ്ഞിലം, ആദികേശവ്. എൻ. നാറണിയാട്ട് ഇല്ലം ഫറോക്ക്, ദേവനാരായണൻ ഇ.പി.എടവലത്ത് പുടയൂർ മന വെള്ളൂർ, ഹരിത കെ.പി. കോട്ടമല ഇല്ലം, നവിക അജയ് കുറിയേടത്ത് മന, ഘനശ്യാം കാവുങ്കര, വേദ വെള്ളങ്ങോത്ത് കണ്ണൂർ, ചിന്മയി കൂത്താട്ടുകുളം (ശ്രീധരീയം),ആര്യൻ സി ചൂരക്കാട് ഇല്ലം നമ്മിണ്ട.

നമ്പൂതിരി സമുദായത്തിൽ നിന്ന് ആദ്യമായി സിവിൽ സർവീസ് അക്കാദമി

ലോഹശിൽപ്പി എന്ന എന്റർപ്രണർഷിപ്പിന്റെ വിജയഗാഥ

# മകന്റെ അച്ഛൻ; അച്ഛന്റെ മകനും

ഒരച്ഛനെപ്പറ്റി ആദ്യം പറയാം. നമ്പൂതിരിമാർ വെടിവട്ടവുമായി പൂമുഖപ്പടിയിൽ മെയ്യനങ്ങാതിരുന്ന കാലത്ത് വ്യവസായം തുടങ്ങിയ ആളാണ് ഈ നമ്പൂതിരി. ഈയിടെ 91 വയസ്സിൽ കഥാവശേഷനായി. ഇന്ത്യയിലെ ഏറ്റവും മികച്ച സ്യൂട്ടിംഗ്സ് ആയിരുന്ന ബിന്നിയുടെ പരസ്യ മോഡലായും വേഷമിട്ടു. അതേ, അന്നത്തെ കാലത്ത് ചിന്തിക്കാൻ പറ്റാത്ത കാര്യങ്ങൾ.

അതു കൊണ്ടാണ് അദ്ദേഹത്തിന്റെ ഒരേയൊരു മകനും ഇന്നത്തെ കാലത്ത് ചിന്തിക്കാവുന്നതിന്റെ പരമാവധി ചെയ്യുന്നത്. സാധാരണ നമ്പൂതിരിമാരുടെ ലോകമല്ല ഈ മകന്റേതും. സ്വന്തം ഫാക്ടറിയിലെ ഉല്പന്നങ്ങൾ വിദേശ വിപണികളിലെത്തിച്ച് ഇല്ലത്തേക്ക് മാത്രമല്ല രാജ്യത്തിനും വിദേശപണം ലഭ്യമാക്കുന്ന ആൾ.

സ്വന്തം ഡിസൈനിനു പ്രോഡക്ട് റജിസ്ട്രേഷനുള്ള നമ്പൂതിരി. പാറ്റന്റിനു അപേക്ഷ നൽകി കാത്തിരിക്കുന്ന വ്യവസായി. ഐ.ഐ.എമ്മിൽ (ഇന്ത്യൻ ഇൻസ്റ്റിട്യൂട്ട് ഓഫ് മാനേജ്മെന്റ്) എന്റർപ്രണർഷിപ്പിനെക്കുറിച്ച് ക്ളാസെടുക്കുന്ന ആൾ. നാഷണൽ ഇൻസ്റ്റിട്യൂട്ട് ഓഫ് ടെക്നോളജിയിലെ എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്കും സംരംഭകക്ളാസുകൾ നൽകാറുണ്ട്.

വീണ്ടും അച്ഛനിലേക്ക് വരാം.

ഇ.എം.എസ് നമ്പൂതിരിപ്പാട് രാഷ്ട്രീയം പയറ്റിയ ഏലംകുളത്തു നിന്ന് ഒരു വിളിപ്പാടകലെ പെരിന്തൽമണ്ണയിലെ ആനമങ്ങാട്ടാണ് ഇദ്ദേഹത്തിന്റെ മനയും മനസ്സും. ജ്ഞാനപ്പാനയുടെ ഇല്ലമായ പൂന്താനമാണ് അമ്മാത്ത്. ഉണ്ണിയില്ലാതെ അന്യംനിന്ന പൂന്താനം ഇല്ലത്തെ അവസാന അംഗമായിരുന്ന രാമൻ നമ്പൂതിരിയുടെ സഹോദരീപുത്രൻ. ഇനി ആളെപ്പറയാം.

വ്യവസായിയും ആനമങ്ങാട് ലോഹശില്പി സ്ഥാപകനുമായ അവണൂർ മനയ്ക്കൽ അഡ്വ. നാരായണൻ നമ്പൂതിരിയാണ് അച്ഛൻ. പൂന്താനം ഇല്ലം ഗുരുവായൂർ ദേവസ്വത്തിന് വിട്ടുനൽകിയത് ഇദ്ദേഹത്തിന്റെ നേതൃത്വത്തിലായിരുന്നു. കോൺഗ്രസ് പ്രവർത്തകനും ആലിപ്പറമ്പ് പഞ്ചായത്തംഗവുമായിരുന്നു. കോഴിക്കോട്ട് അഭിഭാഷകനായി കുറച്ചുകാലം പ്രവർത്തിച്ചു. പിന്നീട് മദ്രാസിൽ ആന്ധ്രാപത്രികയിൽ പരസ്യം മാനേജരായും ദില്ലിയിൽ ചിൽഡ്രൻസ് ബുക്ക് ട്രസ്റ്റിൽ സെയിൽസ് മാനേജരായും ജോലിചെയ്തു.

ആനമങ്ങാട് സർവീസ് സഹകരണ ബാങ്ക്,കൃഷ്ണൻനായർ സ്മാരക വായനശാല, ആനമങ്ങാട് ഗവ. ഹൈസ്കൂൾ സ്ഥാപക കമ്മിറ്റി, ആനമങ്ങാട് കുന്നിന്മൽ ഭഗവതീക്ഷേത്ര കമ്മിറ്റി എന്നിവയുടെ പ്രസിഡൻറ് സ്ഥാനങ്ങൾ തുടങ്ങി ഒട്ടനവധി മേഖലകൾ വേറെയും.ധനം പോലുള്ള ബിസിനസ് ജേണലുകൾ ഈ വ്യവസായിയെ അവരുടെ പേജുകളിൽ കൊണ്ടാടിയിട്ടുണ്ട്.

റബ്ബർഷീറ്റ് റോളിങ് യന്ത്രം, കെട്ടിടങ്ങളുടെ റോളിങ് ഷട്ടറുകൾ തുടങ്ങിയവ അക്കാലത്ത് വള്ളുവനാടിന് പരിചയപ്പെടുത്തിയതും ലോഹശില്പിയിലൂടെ നാരായണൻ നമ്പൂതിരിയായിരുന്നു.



നാരായണൻ നമ്പൂതിരിയും മകൻ ദാമോദർ അവണൂരും

ഇനി മകനെക്കുറിച്ചു പറയാം. അമേരിക്കയിലെ സിലിക്കൺവാലിയിൽ ഹെഡ് ക്വാർട്ടർ ആയുള്ള TiE (The Indus Enterpreneur) കേരളയുടെ ചാർട്ടർ മെമ്പർ ആണ് മകൻ ദാമോദർ അവണൂർ. സംരംഭകത്വ പ്രസ്ഥാനങ്ങളെ പ്രമോട്ട് ചെയ്യുന്ന സ്ഥാപനമാണ് അത്. മാത്രമല്ല മെന്ററിംഗും ചെയ്യുന്നു.




**രാജ്യത്ത് ഏറ്റവും ചെലവു കുറഞ്ഞ രീതിയിൽ റബ്ബർ പാലിനെ ഷീറ്റാക്കാനുള്ള സാങ്കേതിക വിദ്യ ലോഹശില്പി വികസിപ്പിച്ചെടുത്തു.**

പതിനാലു വർഷത്തോളം കേരള ചെറുകിട വ്യവസായ അസോസിയേഷന്റെ സംസ്ഥാനഭാരവാഹി. 2016-2018 കാലത്ത സംസ്ഥാന പ്രസിഡണ്ട്. അദ്ദേഹത്തിന്റെ കാലത്താണ് ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ ആൻഡ് ഫെസിലിറ്റേഷൻ ആക്ട് പാസായത്. ഷൊർണ്ണൂരിലെ വറൈറ്റി ഫാർമസ്യൂട്ടിക്കൽസിൽ അദ്ദേഹവും സഹ ബിസിനസുകാരും ചേർന്ന് അമ്പത് ശതമാനത്തിലേറെ ഓഹരി നേടി.

കണ്ണ്,ചെവി,മൂക്ക് തുടങ്ങിയവ സംബന്ധിച്ച അസുഖങ്ങൾക്കുള്ള ഡ്രോപ്പ്സ് ഉല്പാദിപ്പിക്കുന്ന ചേതനഗ്രൂപ്പ് ഓഫ് കമ്പനികളുടെ ഒരു ഡയറക്ടർ. ഒന്ന് പെരിന്തൽമണ്ണയിലും മറ്റേത് ആനമങ്ങാട്ടും. ഇതേ ഗ്രൂപ്പിനു അരിപ്രയിൽ ആയുർവേദ ഔഷധനിർമ്മാണശാലയുമുണ്ട്.

ചേതന ഫാർമസ്യൂട്ടിക്കൽസ് എന്ന സ്ഥാപനം തുടങ്ങിയത് നാരായണൻ നമ്പൂതിരിയുടെ അനുജൻ ഡോ.എ.എം.ഡി നമ്പൂതിരിയാണ്. ബയോകെമിസ്ട്രിയിൽ ഡോക്ടറേറ്റുള്ള ഇദ്ദേഹം ദീർഘകാലം അമേരിക്കയിൽ ജോലി ചെയ്തതിനുശേഷം തിരിച്ചു വന്ന് 1984ൽ ആരംഭിച്ചതാണ് ചേതന ഫാർമസ്യൂട്ടിക്കൽസ്. കേരളം തമിഴ്നാട് കർണ്ണാടക എന്നിവിടങ്ങളിലെല്ലാം ഈ ഗ്രൂപ്പിനു വിപണിയുണ്ട്. വിയറ്റ്നാം മ്യാൻമർ മൗറീഷ്യസ് തുടങ്ങി വിദേശങ്ങളിലേക്ക് കയറ്റുമതിയുമുണ്ട്.

ദാമോദർ, കോയമ്പത്തൂർ ഇൻസ്റ്റിട്യൂട്ട് ഓഫ് ടെക്നോളജിയിൽ നിന്ന് മെക്കാനിക്കൽ എഞ്ചിനീയറിംഗ് കഴിഞ്ഞതിനു ശേഷം ലോഹശില്പിയിൽ ചേർന്നു.ലോഹശില്പി ആരംഭിച്ചത് 1980ലാണ്.ആദ്യകാലത്ത് ഗോബർഗ്യാസ് ഹോൾഡേഴ്സ്,ഗേറ്റ് ഗ്രിൽ,റോളിംഗ് ഷട്ടേഴ്സ് തുടങ്ങിയവയായിരുന്നു ഉല്പന്നങ്ങൾ. 1990മുതൽ ദാമോദർ സാരഥ്യം ഏറ്റെടുത്തു. അതിനുശേഷം റബർ എസ്റ്റേറ്റുകൾക്കാവശ്യമായ മെഷീനറി ഉല്പാദിപ്പിക്കാൻ തുടങ്ങി.കൈ കൊണ്ട് ഷീറ്റടിക്കുന്ന മെഷീൻ, ഇലക്ട്രിക് റബർറോളർ, ഓട്ടോമാറ്റിക് റബ്ബർ ഷീറ്റിംഗ് മെഷീൻ, റബർ ഷീറ്റ് വാഷിംഗ് മെഷീൻ, തുടങ്ങിയ പല മെഷീനുകളും വിപണിയിലിറക്കി. ഇന്ന് ലോകത്തിലെ തന്നെ റബ്ബർ റോളറുകൾ ഉല്പാദിപ്പിക്കുന്ന ഏറ്റവും വലിയ സ്ഥാപനമാണ് ലോഹശില്പി.

രാജ്യത്ത് ഏറ്റവും ചെലവു കുറഞ്ഞ രീതിയിൽ റബ്ബർ പാലിനെ ഷീറ്റാക്കാനുള്ള സാങ്കേതിക വിദ്യ ലോഹശില്പി വികസിപ്പിച്ചെടുത്തു. ഇന്ത്യയുടെ പല ഭാഗത്തും പ്രോസസിംഗ് സെന്ററുകൾ സ്ഥാപിച്ചു വരികയാണ്. ലോഹശില്പിയുടെ ഉല്പന്നങ്ങൾ ഇന്ത്യയിലെ റബ്ബർ ഉല്പാദിപ്പിക്കുന്ന എല്ലാ സംസ്ഥാനങ്ങളിലും ഉപയോഗിക്കുന്നുണ്ട്. കൂടാതെ ബംഗ്ളാദേശ് ശ്രീലങ്ക, ആഫ്രിക്കൻ രാജ്യങ്ങൾ ലാറ്റിനമേരിക്കയിലെ ചില രാജ്യങ്ങൾ എന്നിവിടങ്ങളിലേക്കു കയറ്റി അയക്കുന്നുമുണ്ട്. ●




**പുസ്തകം 5 ലക്കം 1**

## 2021 ജനുവരി

**Email: swasthitrimonthly@gmail.com**

യോഗക്ഷേമസഭ കോഴിക്കോട് ജില്ലാ കമ്മിറ്റി പ്രസിദ്ധീകരണം

യുഗാബ്ദം 5121 പൗഷം

കൊല്ലവർഷം 1196 കർക്കിടകം ഹേമന്ത ഋതു



ചീഫ് എഡിറ്റർ

**കൊയ്ത്തൊടി ചെറുമുക്കു പരമേശ്വരൻ 9072383651**

അസോസിയേറ്റ് എഡിറ്റർ

**പാനാട് പദ്മനാഭൻ നമ്പൂതിരി 9400992823**

മാനേജിംഗ് എഡിറ്റർ

**വിനോദ് മങ്ങത്തായ 9895621493**

അംഗങ്ങൾ

ഡോ. വീട്ടിക്കാട്ട് പരമേശ്വരൻ നമ്പൂതിരി 9496727616

വി.ഇ. നാരായണൻ നമ്പൂതിരി 9446372698

മാനേജിംഗ് കമ്മിറ്റി

പ്രിന്റർ ആന്റ് പബ്ലിഷർ

കെ.ഐ.വിഷ്ണു നമ്പൂതിരി 9496925471

ധനകാര്യം: നാറണിയാട് ദാമോദരൻ നമ്പൂതിരി 9447332611

പരസ്യം & സർക്കുലേഷൻ

ജയൻ പഴങ്ങോട്ടുപൊറ്റ 9745137987

സംസ്ഥാന വൈസ് പ്രസിഡന്റ്

മുല്ലപ്പള്ളി കൃഷ്ണൻ നമ്പൂതിരി 8113904840

ജില്ലാ പ്രസിഡന്റ്

മധു അരീക്കര 9947196571

ജില്ലാ സെക്രട്ടറി

താമരക്കുളം ദിവാകരൻ നമ്പൂതിരി 9447337337

വര: കൃഷ്ണൻ പാതിരിശ്ശേരി 9447884600

പ്രതിനിധികൾ

**ന്യൂഡെൽഹി:** സിജു കുറിയേടം ശ്രീകുമാർ 9811905204

**മുംബൈ പൻവേൽ:** രവി തെക്കേടം 9867203567

**കൊൽക്കത്ത:** ഗായത്രി 9020503678

**പൂനെ:** ദിനേശ് വിഷ്ണു 9923024959

**ഗോവ:** കൃഷ്ണൻ പുളിയശ്ശേരി 9765277893

**കന്യാകുമാരി:** ഗീതാനന്ദൻ വെൺമാറനല്ലൂർ 8300186475

**ബംഗളൂരു:** കൃഷ്ണപ്രസാദ് കെ.കെ. 9739342061

**യു.എ.ഇ:** പാലയൂർ ശങ്കരനാരായണൻ +971504980513

**തിരുവനന്തപുരം:** അഭിജിത് അമുന്തുരുത്തി മഠം 7356062941

**ആലപ്പുഴ:** മുണ്ടോളി കളം വിഷ്ണു ബാബു 9946669124

**വൈക്കം :** ജയൻ പുതുമന 8330086062

**എറണാകുളം:** പുലിയന്നൂർ പ്രസാദ് നമ്പൂതിരിപ്പാട് 9400785628

**തൃശൂർ:** ഹരികുമാർ മൂസത് 7012416659

**കുട്ടനല്ലൂർ:** പരിയാനമ്പറ്റ നാരായണൻ 9847668696

**ഗുരുവായൂർ:** മൂത്തേടം ആനന്ദ് 9846418181

**പാലക്കാട്:** രാമപ്രസാദ് നരിക്കാട്ടിരി 9496234515

**മലപ്പുറം:** പ്രിജു കരിപ്പം 9895161042

**കണ്ണൂർ:** പുടയൂർ ജയനാരായണൻ 9544075519

**കാഞ്ഞങ്ങാട് :** വി.പി.ഹേമ ഗോശാല ഇല്ലം 9400802151

ഡിസൈനിംഗ് :റീഡിഫൈൻ ഗ്രാഫിക്സ്, കോയൻകോ ബസാർ, കോഴിക്കോട് -673001, മൊബൈൽ: 9847941277, 9847907630



യോഗക്ഷേമസഭ

സ്വസ്തി

ത്രൈമാസിക


# അഞ്ചാം വർഷത്തിലേക്ക്

പുതുവർഷത്തിനു മുമ്പു തന്നെ വിശേഷാൽപ്പതിപ്പ് വായനക്കാരിലെത്തിക്കാൻ കഴിഞ്ഞതിന്റെ സംതൃപ്തിയിലാണ് സ്വസ്തി പ്രവർത്തകർ.നല്ലൊരു വിശേഷാൽപ്പതിപ്പ് ഒരുക്കിയ സന്തോഷത്തിലും. ഒരു പക്ഷേ, യോഗക്ഷേമസഭയുടെ സംസ്ഥാനസമ്മേളനങ്ങളുടെ ഭാഗമായിപ്പോലും ഇതുപോലൊന്ന് ഇറങ്ങിയിട്ടുണ്ടാവില്ല. സാമ്പത്തികമാണ് പൊതുവിൽ പിറകോട്ടടിപ്പിക്കുന്ന ഘടകം. എന്നാൽ ഈ കോവിഡ് കാലത്തും മുഖ്യധാരാ പ്രസിദ്ധീകരണങ്ങളെ മറികടക്കുന്ന വിധം പരസ്യങ്ങൾ ലഭിച്ചു എന്നത് ഞങ്ങളെ അദ്ഭുതപ്പെടുത്തുന്നു. അധികവില ഈടാക്കാതെ തന്നെ വിശേഷാൽപ്പതിപ്പ് നിങ്ങളുടെ കയ്യിലെത്താൻ കാരണവും അതാണ്.

പി.ഡി.എഫ് പതിപ്പും മറ്റും കണ്ട് രണ്ടുമാസത്തിനിടയിൽ ദൂരദിക്കുകളിൽ നിന്ന് വരിക്കാരായവരുടെ എണ്ണം മുന്നൂറിനടുത്താണ്. സ്വസ്തിയെ വായനക്കാർ അത്രമേൽ ഇഷ്ടപ്പെടുന്നതിന്റെ ദൃഷ്ടാന്തമാണ് അതും. പ്രതികരണങ്ങൾ വാട്ട്സ് അപ്പിലും തപാലിലും ധാരാളം ലഭിക്കുന്നു. തങ്ങളുടെ ബന്ധുക്കൾക്ക് കൂടി സ്വസ്തി അയക്കാനായി പണമടച്ചവർ നിരവധിയാണ്. ഇതെല്ലാം പിന്നണിയിൽ പ്രവർത്തിക്കുന്നവരുടെ ഉത്തരവാദിത്തം കൂട്ടാൻ പ്രേരിപ്പിക്കും. ഒരു രൂപ പോലും പ്രതിഫലം പറ്റാതെയാണ് സ്വസ്തി ടീം പ്രവർത്തിക്കുന്നത്. വായനക്കാരുടെ പോസിറ്റീവ് ഫീഡ്ബാക്കാണ് ഏറ്റവും വലിയ പ്രതിഫലം. തുടർന്നും അത് ഉണ്ടാവണമെന്നാണ് പ്രാർത്ഥന.

നമ്പൂതിരി സമുദായത്തിന്റെ ഭാവിയോർത്ത് ഉത്കണ്ഠപ്പെടുന്നവർ ധാരാളമുണ്ട്. പ്രത്യേകിച്ച് പഴയ തലമുറയിൽ. ഈ പശ്ചാത്തലത്തിൽ സ്വസ്തി പലരിൽ നിന്നായി പ്രതികരണങ്ങൾ തേടി. അദ്ഭുതപ്പെടുത്തുന്നതായിരുന്നു അതിന്റെ ഫലവും. ഒട്ടും ആശങ്ക വേണ്ടെന്നും നമ്പൂതിരിയുടെ നന്മകൾ പുതുതലമുറയിലും നിക്ഷിപ്തമായിട്ടുണ്ടെന്നും വ്യക്തമാക്കുന്നതായിരുന്നു വെളിപ്പെടുത്തലുകൾ. അടിഞ്ഞു കൂടിയിരുന്ന ജീർണ്ണത മാത്രമാണ് പുതുതലമുറ ഉപേക്ഷിച്ചതെന്ന് അവരുടെ വാക്കുകൾ വ്യക്തമാക്കുന്നു.

ഈ കൊറോണാ കാലത്തും നമ്മുടെ യുവാക്കളും അന്തർജനങ്ങളും എന്റർപ്രണേതാക്കളായി സംരംഭങ്ങൾ തുടങ്ങിയെന്നത് വിസ്മയകരമാണ്. സ്വസ്തിയിലെ പല പരസ്യങ്ങളും അത്തരം പുതിയ സംരംഭകരുടേതാണ്. അവരെ പ്രോത്സാഹിപ്പിക്കാനും ഉല്പന്നങ്ങൾ വാങ്ങിക്കാനും പിന്തുണക്കാനും വായനക്കാരും കൂടെയുണ്ടാവണം. നമ്മുടെ അംഗങ്ങളാണ് അവർ.

സ്വസ്തിയുടെ വരുമാനത്തിൽ നിന്ന് ഒന്നര ലക്ഷം രൂപ യോഗക്ഷേമസഭയുടെ ജില്ലാമന്ദിരം നിർമ്മിക്കാൻ ഇതിനകം നൽകിക്കഴിഞ്ഞു. മൂന്നര ലക്ഷത്തോളം രൂപ നീക്കിയിരിപ്പുമുണ്ട്. 2021ൽ വരിക്കാരുടെ എണ്ണം ഇരട്ടിയാക്കാനുള്ള ശ്രമത്തിലാണ് ഇതിന്റെ പ്രവർത്തകർ. ബന്ധുജനങ്ങൾക്ക് സ്വസ്തിയെ പരിചയപ്പെടുത്താൻ മുമ്പെന്ന പോലെ ഇനിയും വായനക്കാരുണ്ടാവുമെന്ന പ്രതീക്ഷയോടെ. വരിസംഖ്യ അടച്ചിട്ടും സ്വസ്തി ലഭിക്കാത്ത ആരെങ്കിലുമുണ്ടെങ്കിൽ ഒന്നു ഫോൺ (9447332611 )ചെയ്താൽ മതി. നൂറു ശതമാനം ഉറപ്പു വരുത്താൻ ബാദ്ധ്യസ്ഥരാണ് ടീം സ്വസ്തിയെന്ന് ഉറപ്പു നൽകുന്നു.

എല്ലാവർക്കും പുതുവത്സരാശംസകൾ.

**പത്രാധിപർ**


Yogakshema Sabha Swasthi Trimonthly | Asthana Mandiram | Near Kovoor Vishnu temple | Chevayur P.O | Kozhikode -673017
Printed at Premier Printers | Annie Hall Road | Calicut-2 | For private circulation only.
Printed & Published by K.I. Vishnu Namboodiri Editor K M Parameswaran



കോഴിക്കോട് ജില്ല:

**ജില്ലാ ഓഫീസ് കോവൂർ** : തിരുമംഗലം കൃഷ്ണൻ നമ്പൂതിരി 8848910238/**കോഴിക്കോട്സിറ്റി:** ശ്രീരേഖ മാടമന 9495178644/**ചേവായൂർ:** സന്തോഷ് തായാട്ട്: 7293751990/**കണ്ണിപറമ്പ്:** ലത തലപ്പണ 9747051050/**പെരുമണ്ണ:** രേഖ തരുപ്പ 7025662924/**ഫറോക്ക്:**രാമനുണ്ണി മുല്ലപ്പള്ളി 9947413193/**മുക്കം:** കൊല്ലോറ്റ ഉണ്ണിക്കൃഷ്ണൻ 8606208060/**ചാത്തമംഗലം:** കോരമ്പറ്റ ശങ്കരൻ നമ്പൂതിരി 9946438951/**ഉച്ചക്കാവ്:** സ്മിത ചെറുവക്കാട് 9495533013/**താമരശ്ശേരി:**കളം പ്രസാദ് 8848286062/**രാമല്ലൂർ:** തെഞ്ചേരി ഹരിനാരായണൻ :9847564517/**കക്കോടി:** പറമ്പിടി മനോജ് കുമാർ 9495039892/**ബാലുശ്ശേരി:** കളം വേണുനാഥ് :8281984397/**കൊയിലാണ്ടി:** ഹനീഷ് എരഞ്ഞോളി 9446561754/**വടകര:** അമ്പിളിക്കുന്നം ഹരി :9400980039/**മുയിപ്പോത്ത്:** മുണ്ടോട്ട ഉണ്ണിക്കൃഷ്ണൻ :9446159842

## ആരൊക്കെ / എന്തൊക്കെ
## കവർ സ്റ്റോറി


06 **ആറാം വേളിയിലെ മകൻ**
പദ്മനാഭൻ നമ്പൂതിരി

14 **അക്കിത്തത്തിനു ശ്രദ്ധാഞ്ജലി**
വി.ടി.വാസുദേവൻ

40 **മാധ്വം ഗാന്ധിയുടെ മാധവ്ജി**
പി. എം നാരായണൻ


## നാലു ഫ്ളാഷ് ബാക്കുകൾ


12 **അഗ്നിസാക്ഷി എഴുതാൻ കാരണം**
ജീവൻ കോട്ടവട്ടം

46 **അവസാനത്തെ സ്മാർത്ത വിചാരം**
പ്രൊഫ. പി.സി.കെ.നമ്പൂതിരിപ്പാട്

49 **അബ്ദുള്ള നമ്പൂതിരി!**
കെ.എം.പരമേശ്വരൻ

86 **വി.ടിയുടെ ജീവിതം നാടകമാവുമ്പോൾ**
ടി. നാരായണൻ


## ഐ.എ.എസ്/ഐ.പി.എസ് അക്കാദമി


49 **എങ്ങനെ ഐ.പി.എസായി**
രതീഷ് കൃഷ്ണൻ

58 **നമ്മൾക്കുമാകാം കമ്മീഷണർ**
വി. പി. ഹേമ ഗോശാല ഇല്ലം






**ഉണ്ണിഗണപതിയുടെ ഇല്ലം**
വിനോദ് മങ്ങത്തായ
64

**മായ്ക്കാൻ പാടില്ലാത്ത പൈതൃകമുദ്രകൾ**
ഡോ. തെന്നിലാപുരം പി. മഹാദേവൻ
54

**അച്ഛൻ താലികെട്ടിയാൽ മംഗല്യ സൂത്രമാവില്ല**
പണിക്കത്ത് അപ്പു നമ്പൂതിരി
69

**ആദ്യത്തെ നമ്പൂതിരി വൈമാനികൻ**
എം.പി. ഉണ്ണികൃഷ്ണൻ നമ്പൂതിരി
92


## 8കവിതകൾ


**വിയോഗം ദുഃഖമാണുണ്ണീ സ്മൃതിയല്ലോ സുഖപ്രദം**
ടി. ആർ. വി. നമ്പൂതിരിപ്പാട് 05

**ശംകരാ നാദശരീരാ ഹരാ**
പി.എൻ.വിജയൻ 17

**അമ്മ**
ജയശങ്കരൻ ഒ ടി 44

**ഇതൾ കൊഴിയാത്ത പൂവ്**
സ്നേഹജ കരിങ്ങനേഴി 56

**കൊറോണാകാലചിന്തകൾ**
മാങ്കുളം ശങ്കരൻ നമ്പൂതിരി 60

**നീ വന്നണയാതിരിക്കുകിൽ**
യു.സി.സാവിത്രി ശ്രീധർ 62

**അമ്മിണിയുടെ കുഴിയാനകൾ**
എ.പി.എൻ നമ്പൂതിരി 73

**പെൺകൊടക്കണ്ണീർ**
ഗീതാനന്ദൻ നാരായൺ 82


## 3കഥകൾ


**ഉപയുക്തം ദമയന്തി**
എൻ.ബി കൃഷ്ണൻ നമ്പൂതിരിപ്പാട് 62

**ഭൂമിപൂജ**
സന്തോഷ് കളത്തിൽ പെരികമന 79

**കുട്ടികളെ ഓർക്കുമ്പോൾ**
മല്ലിക അച്യുതൻ നമ്പൂതിരി 87


## നമ്പൂതിരിയുടെ പരിണാമം

50 നമ്പൂതിരിമാർ പങ്കെടുക്കുന്ന സ്പെഷ്യൽ ഫീച്ചർ 18 മുതൽ 39 വരെ പേജുകളിൽ

വി.ടി.വാസുദേവൻ • കൈതപ്രം • മാടമ്പ് കുഞ്ഞുകുട്ടൻ • അക്കീരമൺ കാളിദാസൻ ഭട്ടതിരിപ്പാട് • എം.വി.സുബ്രഹ്മണ്യൻ നമ്പൂതിരി • കൈലാസ് വരോടി ഇല്ലം • രാമചന്ദ്രൻ തെക്കേടത്ത് • മണി കൃഷ്ണൻ • ജ്യോതിർമയി ശങ്കരൻ • സി.എൻ.സോയ • മാടമ്പ് കുഞ്ഞുക്കുട്ടന്റെ മക്കൾ: ഹസീനയും ജസീനയും • പി.എൻ.വിജയൻ • എസ്. രാധാകൃഷ്ണൻ പോറ്റി • രൂപവതി നടുവിൽപ്പഴേടത്ത് മന • അനിത.എസ് മേലേടത്തില്ലം • അനുശ്രീ പെരുന്തട്ട കോക്കുന്നം • കെ.പി.കുഞ്ഞുണ്ണി ഭട്ടതിരിപ്പാട് • സൂരജ് മേക്കാട് • വെള്ളിയോട്ട് വിഷ്ണു നമ്പൂതിരി • നെട്ടിശ്ശേരി പ്രദീപ് നമ്പൂതിരി • ഗൗരി ആദിത്യൻ ആനാറി മന • പ്രിയാ ഡൊണാൾഡ് കൈപ്പിള്ളി മന • ഇ.എ.കുബേരൻ നമ്പൂതിരി • വരത്ര ശ്രീകുമാർ • കൊളങ്കര രമേശൻ നമ്പൂതിരി • പിഎം.സരസ്വതി




ഇടമന • ഗീതാനാരായണൻ അരീക്കര • കെ.യംസാവിത്രി പാറനാട്ട് മന • ഡോക്ടർ സരിത മാന്നാനംപറ്റ • വെളിഞ്ഞിൽ നാരായണൻ നമ്പൂതിരി • ശ്രീനി കൂക്കമ്പാറ, അത്തിപ്പറ്റ രവി, കെ.എം ശ്രീദേവി ഒതളൂർ • വിഷ്ണു കരിങ്ങമണ്ണ • കൃഷ്ണൻ നമ്പൂതിരി തൃക്കടീരി • എം.ആർ.പരമേശ്വരൻ മടങ്ങർളി • അരുൺ പരമേശ്വരൻ പടിഞ്ഞാറേ പൈങ്ങോട് • അനുഷാ സാവിത്രി ഇരിവൽ ഇല്ലം • കെ.പി.ശൈലജ അന്തർജനം മാത്തൂർ മന • സാവിത്രി അന്തർജനം പുളിയപ്പിലാശ്ശേരി മുല്ലപ്പള്ളി • രേഖ ബിജു പട്ടശ്ശേരി • ഈശ്വർഭട്ട് കാഞ്ഞങ്ങാട്, പണിയ്ക്കത്ത് അപ്പു നമ്പൂതിരി • എം.കെ.ബി.നമ്പൂതിരിപ്പാട് റിട്ട.ജില്ലാജഡ്ജി • ഭരത് ഡി ഇലഞ്ഞിത്താനത്ത് മന • എ.എ വാസുദേവൻ അയക്കാട്ട് മന • ശ്രീദേവി ഹരി വേണാട്ടു മന

കുട്ടിക്കൂട്ടം, വായനക്കാരുടെ കത്തുകൾ, ഉപസഭാ വാർത്തകൾ, അനുമോദനങ്ങൾ, ആദരാഞ്ജലികൾ, തുടങ്ങി പതിവു വിഭവങ്ങളും




കാലംമായ്ക്കാത്ത പഴമയുടെ സ്വന്തം രുചികൾ

കടുമാങ്ങ, ആവയ്ക്ക, എരിമാങ്ങ, കായനെല്ലിക്ക, നെല്ലിക്ക, നാരങ്ങ, എന്നീ സ്വാദിഷ്ഠമായ അച്ചാറുകൾ, കറിപൗഡറുകൾ

KOUSTHUBHAM MURIYAMANGALTH MANA

കൗസ്തുഭം
ഫുഡ് പ്രൊഡക്ട്സ്
മുരിയമംഗലത്ത് മന
പെരുവനം, ചേർപ്പ്, തൃശ്ശൂർ - 680561
kousthubhamfp@gmail.com
+91 7594806845
+91 7593806845



# വിയോഗം ദുഃഖമാണുണ്ണീ സ്മൃതിയല്ലോ സുഖപ്രദം

ടി. ആർ. വി. നമ്പൂതിരിപ്പാട്



സഫലം സഫലമീയാത്രയിതൊടുങ്ങുന്നു
ശുഭമായ്! കണ്ണീർമേഘക്കാളിമപരത്തിയോ?
കൈരളീവരിഷ്ഠ തൻ പാദത്തിലന്ത്യാർച്ചന
മുറ തെറ്റിച്ചിടാതെയുരുവെത്തിച്ചു ഭാഗ്യാൽ
ഹേ! മഹാകവേ, വിശ്വംഭരക്കു സമം തവ
ആയതമതിപ്രപഞ്ചത്തെയാകവേ കണ്ടു.
ചുറ്റിലുമനാചാര,മന്ധവിശ്വാസങ്ങളാൽ
പറ്റിടുമിരുട്ടിന്റെ ജീർണ്ണതയകറ്റുവാൻ
തന്റെ ചുറ്റിലുമല്ല ലോകമെമ്പാടും വ്യാപി
ച്ചീടുന്നോരിരുട്ടിൽ മൺചെരാതു പോരെന്നോർത്ത്
തീപ്പന്തം ചുഴറ്റിയും കൺവെട്ടം പരത്തിയും
പുഞ്ചിരിപ്പൂർണ്ണേന്ദുവിൻ കിരണം പടർത്തിയും
ഇടിഞ്ഞുപൊളിഞ്ഞതാം ലോകത്തിൻ കഴുക്കോലും
ഉത്തരങ്ങളും കല്ലുമൊക്കവേ കാണെക്കാണെ
അശ്രുക്കൾ പൊഴിച്ചതും സുസ്മിതമുതിർത്തതും
പുത്തനൊരിതിഹാസ നിർമിതിയായിത്തന്നെ.
ക്ഷുബ്ധയൗവ്വനത്തിന്റെ തീവ്രതമുറ്റും കാല
ത്തുഗ്രമാവഹത്തിനു കോപ്പു കൂട്ടിലേ ഭവാൻ
തൂലിക മിനുക്കിയ കരവാളാക്കി സ്വയം
താമിസ്രമതിൻ കഴുത്തരിയാനാഞ്ഞു വീശി
നാടാകെ നടമാടുമക്രമമനീതികൾ
മുറ്റുമേ കണ്ടിട്ടൊട്ടും ചിമ്മീല മിഴിപ്പൂക്കൾ.
നിശ്ശബ്ദമാക്രോശിച്ചു അക്ഷരങ്ങളിലൂടെ
നിർമൂലമാക്കാൻ മറ്റൊരദ്ധ്വരാഹ്വാനം ചെയ്തു.
മാനവ സ്നേഹത്തിന്റെ മഹത്വമെവിടെയു
മാവോളമുയർത്തുവാൻ ഗീതികൾ വിരചിച്ചു.
ഇരുപത്തൊന്നാം നൂറ്റാണ്ടിന്നിതിഹാസം സൃഷ്ടി
ച്ചേകിയിട്ടല്ലേ ഭവാൻ സ്വർഗ്ഗം പൂകിയതിപ്പോൾ
അച്ചുതമക്കിത്തത്തിൻ ജീവിതസ്മൃതികളും
അക്ഷരലക്ഷം നേടിയക്കവിധർമ്മം താനും.

(യോഗക്ഷേമസഭ സംസ്ഥാന പ്രസിഡന്റാണ് ടി. ആർ. വല്ലഭൻ നമ്പൂതിരിപ്പാട് ) തെക്കിനിയേടത്തു മന, മനക്കൽപടി, എയർ പോർട്ട് റോഡ്, പിരാരൂർ,കാലടി. എറണാകുളം, പിൻ:683574
മൊബൈൽ:9745971005 email: ykspres@gmail.com



വര: കൃഷ്ണൻ പാതിരിശ്ശേരി
മൊബൈൽ: 9447884600

# ആറാം വേളിയിലെ മകൻ

## ഇനി ഇങ്ങനെയൊരാൾ ഉണ്ടാവില്ല

**1898ൽ ഒരു നമ്പൂതിരി ആദ്യവേളി കഴിച്ചു ,പിന്നെ നിരനിരയായി അഞ്ചെണ്ണം കൂടി . ആ ആറാമത്തെ വേളിയിൽ അവസാനമുണ്ടായ മകനാണ് 2020 ൽ തൊണ്ണൂറു പിന്നിട്ട പരിയാനമ്പറ്റ വാസുദേവൻ നമ്പൂതിരിപ്പാട് എന്ന ഈ മുത്തശ്ശൻ. രണ്ടു നൂറ്റാണ്ടുകൾ. രണ്ടു മില്ലേനിയങ്ങൾ. നാലു തലമുറകൾ. വായിക്കാം വിസ്മയങ്ങൾ. വി. ടി. ഭട്ടതിരിപ്പാടിന്റെ പാപ്പു ഓപ്പോളുടെ കഥയും.**



### പദ്മനാഭൻ നമ്പൂതിരി



ഒരു നമ്പൂതിരിയെ പല വിധത്തിൽ പരിചയപ്പെടുത്താം. ഇന്ന ഇല്ലത്തെ ആൾ. ഇന്ന സ്ഥലത്തെ മരുമകൻ. ആശ്വലായനൻ,ആഢ്യൻ തുടങ്ങി വേറെയുമാവാം പരിചയപ്പെടുത്തലുകൾ. അതെല്ലാം നമ്പൂരിമാർക്ക് എളുപ്പത്തിൽ മനസ്സിലാവും. എന്നാൽ വേറൊന്ന് പറയാം. തൊണ്ണൂറു വയസ്സുള്ള ഒരു നമ്പൂതിരി.കേരളചരിത്രത്തിലെ അത്യപൂർവമായ ഒരു വേളിപരമ്പരയിലെ ജീവിച്ചിരിക്കുന്ന ഒരേയൊരാൾ. ഇനി ഇങ്ങനെയൊരാൾ ഭൂമിയിലുണ്ടാവില്ല.

ഉണ്ടാവണമെങ്കിൽ വേറൊരു നമ്പൂതിരി ആറു വേളി കഴിക്കണം. അതെല്ലാം പെൺകൊട നടത്താനായുള്ള മാറ്റക്കച്ചവടമാവണം. അതിലെ ആറാംവേളി ചതുഷ്കോണമാറ്റം ആവണം. അതിലെല്ലാം കൂടി പതിമൂന്നു മക്കളുണ്ടാവണം. എന്നിട്ട് എല്ലാവരും മരിച്ചു പോയി തൊണ്ണൂറു വയസ്സുള്ള ഒരാൾ മാത്രം അവശേഷിക്കണം. നടക്കുന്ന കാര്യമല്ല അത്. അതുകൊണ്ടാണ് പറഞ്ഞത് ഈ തൊണ്ണൂറുകാരൻ നമ്പൂതിരി ചരിത്രത്തിന്റെ ഏക അവശേഷിപ്പാണെന്ന്. ജീവശാസ്ത്രത്തിൽ പറയാറുള്ള റെയർ സ്പീഷീസ്!

പരിയാനംപറ്റ വാസുദേവൻ നമ്പൂതിരിപ്പാട്. തൃശൂർ കുട്ടനെല്ലൂരിൽ താമസം. 90 വയസിന്റെ ചെറുപ്പം. സദാ പ്രസന്നവദനൻ. കഴിഞ്ഞ മില്ലേനിയവും നൂറ്റാണ്ടും താണ്ടി പുതുതലമുറയുടെ ചിന്താധാരകൾക്കൊപ്പം നടക്കുന്ന ഒരു കാരണവർ. 1898ൽ തുടക്കമിട്ട ഒരു വേളി പരമ്പരയിലെ ആറാം വേളിയിൽ അവസാനമുണ്ടായ ആൾ! എങ്ങനെ റെയർ സ്പീഷീസ് ആവാതിരിക്കും!! ഇനി ആ വേളിപ്പരമ്പരകളുടെ കഥ പറയാം. അതോടൊപ്പം ഈ മുത്തശ്ശന്റെ കഥയും.

ചെർപ്പുളശ്ശേരി കുലുക്കല്ലൂരിലെ പരിയാനംപറ്റ മനയിലാണ് ഒരു രാമൻ നമ്പൂതിരിപ്പാട് ആറു വേളി കഴിച്ചത്. കഥയിലെ മർമ്മം അതിലെ പെൺകിടാവാണ്. ആ പെൺകിടാവ് അക്കാലത്തെ സ്ഥിതിവച്ച് പുരോഗമനവാദിയായിരുന്നു. ആ കുട്ടിയുടെ അച്ഛനും അങ്ങനെത്തന്നെ. ഒരേ നമ്പൂതിരി തന്നെ മൂന്നും നാലും വേളി കഴിക്കുന്നതിനെ എതിർത്തു പോന്നിരുന്നവരാണ് മുതുകുർശ്ശിയിലെ നമ്പൂതിരിമാർ.

പക്ഷേ, പുരോഗമനവാദിയായ ആ പെൺകിടാവിനാണ് ഒടുവിൽ ആറാം വേളിക്കാരന്റെ ഭാര്യയാവേണ്ടി വന്നത് എന്നത് വിധിവൈപരീത്യം.! അത്രക്ക് പ്രാധാന്യമുണ്ട് ഈ സംഭവപരമ്പരയിലെ ആറാം വേളിക്ക്. നമ്പൂതിരിപ്പഴമയിലൊന്നും വേണ്ട രീതിയിൽ ഇതിന്റെ നാടകീയത രേഖപ്പെടുത്തിയിട്ടുമില്ല.



**ഇരിയ്ക്കുന്നവർ:** ഇടതു നിന്ന് : കൃഷ്ണൻ, വാസുദേവൻ നമ്പൂതിരിപ്പാട് (ജൂനിയർ),നാരായണൻ,കരിപ്പം രാമൻ നമ്പൂതിരി,പാർവ്വതി അന്തർജ്ജനം,ശ്രീപാർവ്വതി, പി . എം . വാസുദേവൻ നമ്പൂതിരിപ്പാട് , പാഴിയോട് കൃഷ്ണൻ ഭട്ടതിരിപ്പാട്, ശ്രീദേവി
**നിൽക്കുന്നവർ:** ഇടതു നിന്ന് : സ്വാതി, ജലജ, സാവിത്രി (കുട്ടി ), സൌഭാഗ്യ, ഉമ, വിഷ്ണു, വാസുദേവൻ, ബിന്ദു .

ആ പെൺകിടാവിന്റെ മകനാണ് ഈ മുത്തശ്ശൻ. പോരേ കൗതുകം. തന്റെ അമ്മയുടെയും അച്ഛന്റെയും ആ കഥ പറയാൻ ഒട്ടുമില്ല ജാള്യത. ചരിത്രത്തിലെ ഒരു വസ്തുതയെന്ന നിലയിൽ കാണാനുള്ള മനസുണ്ട് ഈ നമ്പൂതിരിപ്പാടിന്. കേൾവിക്കോ സംസാരത്തിനോ ഒട്ടും പ്രയാസമില്ല. അതിനാൽ അതെല്ലാം ചോദിച്ചറിയാനാവും. തൊണ്ണൂറിലും ആരോഗ്യപ്രശ്നങ്ങളൊന്നും അലട്ടുന്നില്ല. സദാപ്രസന്നമായ മുഖം. വിടരുന്ന ചിരി. ചെറുപ്പം പോലുള്ള കുസൃതി. ആത്മഹാസത്തിനും മടിയില്ല.

ഇ.എം.എസിന്റെ ഇല്ലമായ ഏലംകുളത്തിനടുത്താണ് മുതുകുർശി മന. ഈ മുതുകുർശ്ശിയിൽ താമസിച്ചാണ് വി.ടി ഭട്ടതിരിപ്പാട് വേദം പഠിച്ചത്. അക്കാലത്ത് വി.ടിയോടൊപ്പമുള്ള ഉണ്ണിനമ്പൂതിരിക്കൂട്ടം വികൃതി കാണിച്ചപ്പോൾ അവിടത്തെ അഷ്ടമൂർത്തി നമ്പൂതിരിപ്പാടിന്റെ മകൾ പാർവതി എന്ന പാപ്പു ഓപ്പോൾ നസ്യം പറഞ്ഞു.

''ഇങ്ങനെ പോയാൽ നിങ്ങൾക്കൊക്കെ വല്ല ചണ്ടിപ്പെണ്ണുങ്ങളെ മാത്രമേ സംബന്ധത്തിന് കിട്ടുകയുള്ളൂ.''

വി.ടി ക്ക് അന്ന് പത്തു പന്ത്രണ്ട് വയസു മാത്രമേ ആയിട്ടുള്ളൂ. പെൺകിടാവായ പാർവതിയെ പാപ്പു ഓപ്പോളെന്നായിരുന്നു വി.ടി.വിളിച്ചിരുന്നത്. നസ്യം പറഞ്ഞ പാപ്പു ഓപ്പോളോടു വി.ടി. പറഞ്ഞു.

''പാപ്പു ഓപ്പോളെ വേൾക്കാൻ വരണ നാലാം വേളിക്കാരനായ മൂസ്സ് തന്നെയാവും ചണ്ടി.'' ആ ഉണ്ണികൾക്ക്പോലും അത്രയ്ക്ക് നിശ്ചയമുണ്ടായിരുന്നു. പാപ്പു ഓപ്പോളെ വേൾക്കാൻ വരുന്നത് വയസ്സനായ വല്ല നാലാം വേളിക്കാരനും ആവുമെന്ന്.അക്കാലത്ത് അങ്ങനെയാണല്ലോ രീതി. എത്രവേണമെങ്കിലും അധിവേദനമാവാം. അഫ്ഫന്മാരായി ജനിച്ച ഉണ്ണ്യോൾക്കാണെങ്കിൽ ഏതെങ്കിലും വാര്യത്തോ ഷാരത്തോ സംബന്ധോം. വി.ടി അഫ്ഫന്മാരായി ജനിച്ച ആളായിരുന്നല്ലൊ. വി.ടിയും പാപ്പു ഓപ്പോളും തമ്മിൽ പരസ്പരം നടത്തിയ ആ കലശലു കൂട്ടലിൽ അന്നത്തെ സാമൂഹ്യാവസ്ഥ നന്നായി പ്രതിഫലിച്ചിട്ടുണ്ട്. ഗുരുകുലവാസം എന്ന അധ്യായത്തിൽ വി.ടി ഇത് എഴുതിയിട്ടുമുണ്ട്.

ഇനിപ്പറയാൻ പോവുന്ന സംഭവം ആ കലശലുകൂട്ടലിന്റെ തുടർച്ചയാണ്. ആ പാപ്പു ഓപ്പോൾ എന്ന പാർവതിയെ പലരും വേളി ആലോചിച്ചു. രണ്ടാം വേളിക്കാരനും മൂന്നാം വേളിക്കാരനും ഒക്കെ. മകളുടെ അഭിപ്രായം ചോദിക്കുന്ന അച്ഛനായിരുന്നു പാർവതിയുടേത്. ശ്ശ്യാമത്തെ വേളിക്ക് തന്നെപിടിച്ച് കൊടുക്കണ്ട എന്നായി ആ പെൺകിടാവ്. അങ്ങനെ തിരണ്ടുകല്യാണം കഴിഞ്ഞ് രണ്ടുമൂന്നു കൊല്ലമായിട്ടും പെൺകൊട കഴിയാതെ ഇരിക്കുകയായിരുന്നു മുതുകുർശിയിലെ ആ കന്യക.



മുതുകുർശ്ശിയിൽ നിന്ന് വേട്ട ആ ആറാം വേളിയിലെ ആത്തേമ്മാരാണ് ആദ്യത്തെയാൾ. വി.ടി ഭട്ടതിരിപ്പാടിന്റെ പാപ്പുവോപ്പോൾ. രണ്ടാമത്തെയാൾ നാലാം വേളിയിലെ സപത്നി തെക്കിനിയേടത്ത് നിന്ന് വേളി കഴിച്ച ആത്തേമ്മാര്

**എത്ര മടക്കിയാലും വിധി എന്നൊന്നുണ്ടല്ലോ. അത് നടപ്പാവാതെ വയ്യ. പിന്നീട് രണ്ടു കൊല്ലം കൂടി കാത്തിരുന്നെങ്കിലും വേറെ വേളിക്കാരാരും എത്തിയില്ല. ഒടുവിൽ, അതേ പരിയാനമ്പറ്റയിലേക്ക്... അതേ രാമൻ നമ്പൂതിരിപ്പാട്... അതേ ആറാംവേളിക്കാരൻ... വി.ടി. ഭട്ടതിരിപ്പാട് കലശലു കൂട്ടിയില്ലേ, പാപ്പുഓപ്പോളെ വേൾക്കാൻ വരുന്ന നാലാം വേളിക്കാരനായ ചണ്ടിയായ നമ്പൂരിയെന്ന്. ഇപ്പോഴിതാ അത് ആറാം വേളിക്കാരൻ. അതാണ് വിധിയെന്നു പറഞ്ഞ് സമാധാനിക്കുന്നതിന്റെ യുക്തി.**

സമയത്തിന് പെൺകൊട നടന്നില്ല. അച്ഛൻ അഷ്ടമൂർത്തി നമ്പൂതിരിപ്പാടിന് ആധിയായി. അങ്ങനെയിരിക്കുമ്പോഴാണ് പരിയാനമ്പറ്റ നിന്ന് രാമൻ നമ്പൂതിരിപ്പാട് ആലോചനയുമായി എത്തിയത്. ആൾ വൃദ്ധനൊന്നുമല്ല. മുപ്പത്തിയാറ് വയസ്സ് മാത്രം. പക്ഷേ, വേളിയുടെ എണ്ണമാണെങ്കിൽ അക്കാലത്തെ റിക്കാർഡിലെത്തി നിൽക്കുകയാണ്. ഇത് ആറാമത്തെ വേളിയാണ്.

രണ്ടാം വേളിക്കാരനെപ്പോലും വയസ്സനെന്നു പറഞ്ഞു വേണ്ടെന്നു വച്ച ആ പെൺകിടാവിന്റെ ഉള്ളൊന്നു കാളി. കാത്തിരുന്നത് ഇതിനായിരുന്നോ. ഇതിപ്പോൾ ആറാം വേളിക്കാരൻ. സപത്നീമത്സരങ്ങളുടെ ഒട്ടനവധി കഥകൾ കേട്ടുവളർന്ന പെൺകിടാവ്. അതിനാൽ ആറാം വേളിക്കാരൻ വേണ്ടെന്നു തന്നെ ആ കന്യക തീർത്തു പറഞ്ഞു. അല്പം പുരോഗമനവാദിയും മകളുടെ അഭിപ്രായത്തെ മാനിക്കുന്ന ആളുമായതിനാൽ അച്ഛൻ അഷ്ടമൂർത്തി നമ്പൂതിരിപ്പാട് ആ ആറാം വേളിക്കാരനെ മടക്കി. അങ്ങനെ പരിയാനമ്പറ്റ നിന്നുള്ള ആ ആറാംവേളിയുടെ ആലോചന വേണ്ടെന്നു വച്ചു.

പക്ഷേ, കഥ അവിടെ തീർന്നില്ല. തുടങ്ങുകയായിരുന്നു.

എത്ര മടക്കിയാലും വിധി എന്നൊന്നുണ്ടല്ലോ. അത് നടപ്പാവാതെ വയ്യ. പിന്നീട് രണ്ടു കൊല്ലം കൂടി കാത്തിരുന്നെങ്കിലും വേറെ വേളിക്കാരാരും എത്തിയില്ല. പതിനൊന്നു വയസ്സ് തി

## ഏടത്തിയെ അച്ഛൻ വേളി കഴിച്ചു, അനിയത്തിയെ മകനും വേട്ടു.



"അച്ഛന് ആദ്യമുണ്ടായ കുട്ടി തെക്കിനിയേടത്തെ മഹളായ വല്യമ്മയ്ക്ക് ഉണ്ടായ ശ്രീദേവിയാണ് . എന്നേക്കാൾ 32 വയസ്സ് മൂത്ത ഓപ്പോൾ. ആ ഓപ്പോളുടെ താഴെ ദിവാകരേട്ടൻ. ദിവാകരേട്ടന്റെ വേളിയും ബഹുരസാണ്. ഏടത്തിയെ അച്ഛൻ വേളി കഴിച്ചു, അനിയത്തിയെ മകനും വേട്ടു. എന്റെ അമ്മേടെ അനിയത്തിയെ ആണ് ദിവാകരേട്ടൻ വേളി കഴിച്ചത്. അങ്ങനെ എന്റെ ചിറ്റശ്ശിയും ഇവിടെയെത്തി.ഏടത്തിയമ്മയായി അവർ. അതോടെ അവരെ കാണാൻ പാടില്ലെന്നുമായി. ഏട്ടന്റെ പത്നിയെ കാണാൻ പാടില്ലെന്നാണല്ലൊ അക്കാലത്തെ നിയമം."

"ചിറ്റശ്ശിയെ ഏട്ടൻ വേട്ടതിനു പകരമായി ഇവിടെ നിന്ന് ആര്യോപ്പോളെ മുതുകുർശിയിലെ അമ്മാമനും വേട്ടു. ഇല്ലത്തെ ഓപ്പോൾ അമ്മാത്തെത്തിയാൽ അമ്മാമിയായി. അമ്മാത്തെ ചിറ്റശ്ശിയോ നേരെ നോക്കാൻ പോലും പാടില്ലാത്ത ഏട്ടത്തിയമ്മയും. 1930 ൽ ഈ ചിറ്റശ്ശിയായ ഏടത്തിയമ്മയ്ക്ക് ഒരു മകളുണ്ടായി. പിറ്റേ വർഷം 1931 ലാണ് എന്റെ ജനനം."

കയും മുമ്പ് പെൺകൊട നടത്തിയിരുന്ന കാലമാണ്. പാർവതിക്കാണെങ്കിൽ ഇരുപത്തിരണ്ടു വയസ്സായി. എന്നിട്ടും പെൺകൊട നടന്നില്ലെങ്കിൽ....അച്ഛന്റെ ഉള്ളു പിടഞ്ഞു. വീണ്ടും ആലോചനകളായി. അന്വേഷണമായി.

ഒടുവിൽ, അതേ പരിയാനമ്പറ്റയിലേക്ക്... അതേ രാമൻ നമ്പൂതിരിപ്പാട്... അതേ ആറാംവേളിക്കാരൻ... വി.ടി. ഭട്ടതിരിപ്പാട് കലശലു കൂട്ടിയില്ലേ പാപ്പു ഓപ്പോളെ വേൾക്കാൻ വരുന്ന നാലാം വേളിക്കാരനായ ചണ്ടിയായ നമ്പൂരിയെന്ന്. ഇപ്പോഴിതാ അത് ആറാം വേളിക്കാരൻ. അതാണ് വിധിയെന്നു പറഞ്ഞ് സമാധാനിക്കുന്നതിന്റെ യുക്തി.

അങ്ങനെയൊരു ആറാം വേളിയിലേക്ക് കാര്യങ്ങൾ എത്തിയത് എങ്ങനെയെന്ന് നോക്കാം.

പരിയാനമ്പറ്റ രാമൻ നമ്പൂതിരിപ്പാട് ആറ് വേളി കഴിച്ചെങ്കിലും ഒന്നു പോലും വേളി കഴിക്കാൻ മോഹിച്ച് കഴിച്ചതല്ല. പെൺകൊട നടക്കാനായുള്ള മാറ്റക്കച്ചവടമായിരുന്നു എല്ലാം. ഒമ്പതു സഹോദരിമാരുള്ള ഒരു മൂസാമ്പൂരിയുടെ ഗതികേടായിരുന്നു അവയെല്ലാം. 1898 ലായിരുന്നു ആദ്യവേളി. ഒരു സഹോദരിയുടെ പെൺകൊട നടക്കാനായി വടക്കിനിയേടത്ത് നിന്ന് ( ഇ. എം. എസിന്റെ അമ്മാത്ത്) ആദ്യം ഒരു വേളി കഴിച്ചു. ഒരു സഹോദരിയെ അങ്ങോട്ടും കൊടുത്തു. മാറ്റക്കച്ചവടം. ഇങ്ങോട്ടു വേളി കഴിച്ചതിൽ കുട്ടികളൊന്നുമുണ്ടായില്ല.

തറവാട് നിലനിൽക്കണമല്ലൊ. അതിന് കുട്ടികൾ വേണം. വീണ്ടും വേളി കഴി

**രണ്ടാം വേളിക്കാരനെപ്പോലും വയസ്സനെന്നു പറഞ്ഞു വേണ്ടെന്നു വച്ച ആ പെൺകിടാവിന്റെ ഉള്ളൊന്നു കാളി. കാത്തിരുന്നത് ഇതിനായിരുന്നോ. ഇതിപ്പോൾ ആറാം വേളിക്കാരൻ. സപത്നീമത്സരങ്ങളുടെ ഒട്ടനവധി കഥകൾ കേട്ടുവളർന്ന പെൺകിടാവ്. അതിനാൽ ആറാം വേളിക്കാരൻ വേണ്ടെന്നു തന്നെ ആ കന്യക തീർത്തു പറഞ്ഞു. എന്നിട്ടോ അതേ ആറാം വേളിക്കാരനെത്തന്നെ പിന്നെ വേൾക്കേണ്ടിയും വന്നു.**

ക്കലായിരുന്നു വഴി. വീണ്ടുമൊരു വേളി കഴിച്ചാൽ വേറൊരുഗുണം കൂടിയുണ്ട്. ഒരു സഹോദരിയുടെ പെൺകൊടയും നടത്താം. ഇത്തവണ മാറ്റക്കച്ചവടം ആറാട്ടുപുഴ കീഴോട്ടുകര കടലായി നിന്നായിരുന്നു. ( കഥാകൃത്ത് അഷ്ടമൂർത്തിയുടെ ഇല്ലം) അങ്ങനെ വേറൊരു സഹോദരിയുടെ പെൺകൊട കഴിഞ്ഞു.

എന്നാൽ ആ വേളിയിലും കുട്ടികളുണ്ടായില്ല. അപ്പോഴും പരിഹാരം മറ്റൊരു വേളി ആയിരുന്നു. ഇല്ലത്താണെങ്കിൽ കൊടുക്കാൻ പാകത്തിൽ എട്ടുപത്തു പെൺകിടാങ്ങൾ ഉണ്ടു താനും. അങ്ങനെ മറ്റൊരാളെ ചിറ്റൂർ മനയിലേക്ക് കൊടുത്തു. അവിടത്തെ ഒരു പെൺകിടാവിനെ മൂന്നാം വേളിയായി ഇങ്ങോട്ടും കൊണ്ടുവന്നു.

ഇങ്ങനെ വേളിയുടെ എണ്ണം കൂട്ടിയിട്ടും സന്താനഭാഗ്യം ഉണ്ടായില്ല. എന്തു ചെയ്യും. വേറൊന്നും ചെയ്യാനില്ല. പിന്നെയും വേളി കഴിച്ചു നോക്കുക തന്നെ. അങ്ങനെ ഷൊർണ്ണൂരിലെ മുണ്ടായ തെക്കിനിയേടത്ത് നിന്ന് നാലാമത്തെ വേളി. ഒരു സഹോദരിയെ തെക്കിനിയേടത്തേക്ക് കൊടുക്കുകയും ചെയ്തു.

അതേപ്പറ്റി തൊണ്ണൂറുകാരൻ വാസുദേവൻ നമ്പൂതിരിപ്പാട് ഇങ്ങനെ പറയുന്നു:

"അതിനിടെ മൂന്നാം വേളിക്കാരിയായി ചിറ്റൂരിൽ നിന്ന് കൊണ്ടു വന്ന വല്യമ്മ പ്രസവിച്ചു. ഒരു ഉണ്ണിയുണ്ടായി. ആ ഉണ്ണിക്ക് ഏഴു വയസ്സുള്ളപ്പോൾ ആ വല്യമ്മ മരിച്ചു. അമ്മ ഇല്ലാതായതോടൊപ്പം ആ ഏട്ടന് അമ്മാത്തും ഇല്ലാതായി. പിന്നെ ആ ഏട്ടൻ മുണ്ടായ മരുമകൻ എന്നനിലക്കാണ് കഴിഞ്ഞത്. ഞാൻ കണ്ടിട്ടുണ്ട് ആ ഏട്ടനെ. ഇരുപത്തേഴാം വയസിൽ പനി വന്നാണ് മരിച്ചത്."

അഞ്ചാം വേളിക്ക് കളമൊരുങ്ങുന്നത് ഇനിയാണ്. സഹോദരിമാർ ഇനിയുമുണ്ട് . അനിയന്മാരുമുണ്ട്. എന്നാൽ മൂത്ത മകൻ മാത്രമേ വേളി കഴിക്കാവൂ എന്നതിനാൽ മാറ്റക്കച്ചവടത്തിന്റെ ചുമതല മൂസാമ്പൂരിയായ രാമൻ നമ്പൂതിരിപ്പാടിനു തന്നെയായി. അദ്ദേഹം വീണ്ടും വേളി കഴിച്ചു. ഒരേ സമയം നാലു ആത്തേമ്മാരേ പാടുള്ളൂ എന്നുണ്ട്. ചിറ്റൂരിൽ നിന്ന് കൊണ്ടു വന്ന ആത്തേമ്മാര് മരിച്ചതിനാൽ ആ സമയത്ത് മൂന്നു പേരേ ഉണ്ടായിരുന്നുള്ളു. അതുകൊണ്ട് പെൺകൊട കഴിയാൻ വീണ്ടുമൊരു വേളി. അങ്ങനെ കാടാമ്പുഴ ഭാഗത്തെ അച്ചിപ്ര അവുഞ്ഞിക്കാട്ട് നിന്ന് അടുത്ത വേളി. ഒരു സഹോദരിയെ അവിടേക്ക് കൊടുക്കുകയും ചെയ്തു.

ഇങ്ങനെ അഞ്ചു വേളി കഴിച്ചിട്ടും പെൺകൊട കഴിയാത്ത സഹോദരിമാർ പിന്നെയുമുണ്ട്. ആ സാഹചര്യത്തിലാണ് ആറാം വേളിയെന്ന ആശയം ഉണ്ടാവുന്നത്. മാത്രമല്ല അപ്പോഴേക്കും രണ്ടു ആത്തേമ്മാരുകൾ മരിക്കുകയും ചെയ്തിരുന്നു. അപ്പോഴും ഒരേ സമയം മൂന്നു ആത്തേമ്മാരേ ഉണ്ടായിരുന്നുള്ളൂ. അതുകൊണ്ട് വീണ്ടുമൊരു വേളിയ്ക്ക് അവസരമുണ്ട്. പെൺകൊട ഒത്തു വന്നാൽ മതി. ആയിടക്ക് ഒരു പെൺകൊട ഒത്തു വന്നു.

നമ്പൂതിരിമാരുടെ വേളീപുരാണങ്ങളിൽ കേട്ടിട്ടില്ലാത്ത അത്യപൂർവമായ ഒരു മാറ്റക്കച്ചവടം. ഇത്തവണ ചതുഷ്കോണ മാറ്റമായിരുന്നു. എ.ബി.സി.ഡി എന്ന് നാല് ഇല്ലങ്ങളെ കണക്കാക്കിയാൽ എയുടെ പെങ്ങളെ ബി കഴിയ്ക്കും. ബിയുടെ പെങ്ങളെ സിയും സിയുടെ പെങ്ങളെ ഡിയും. ഒടുവിൽ ഡിയുടെ പെങ്ങളെ എ യും വേളി കഴിക്കുന്നതോടെ ചക്രം പൂർത്തിയാവും. ഇതാണ് ചതുഷ്കോണ വേളി.അങ്ങനെ അപൂർവമായേ ഉണ്ടാവൂ. അതിലൊന്നാണ് ഇത്.

ഇവിടത്തെ എ.ബി.സി.ഡികൾ ഏതൊക്കെയെന്ന് നോക്കാം. പരിയാനമ്പറ്റയിൽ നിന്ന് നീലിയെന്ന സഹോദരിയെ ഇരി

## ആ ആറാം വേളിയിലെ അവസാന മകൻ പരിയാനമ്പറ്റ വാസുദേവൻ നമ്പൂതിരിപ്പാടിന്റെ പിൻമുറ ഇങ്ങനെ:

**പത്നി:** കുട്ടനെല്ലൂർ കേശവത്ത് മഹൾ പാർവ്വതി അന്തർജ്ജനം. (ഈ ഇല്ലം കുറ്റിയറ്റു)
**മക്കൾ:** മൂത്തത് രണ്ടും പെൺ. താഴെ രണ്ടാണും .
**1.ബിന്ദു:** മേഴത്തൂർ പാഴിയോട്ട് കൃഷ്ണൻ ഭട്ടതിരിപ്പാടിന്റെ പത്നി. ഇവർക്ക് ഒരു മഹൾ മാത്രം. കാണിപ്പയ്യൂർ അനൂപ് നമ്പൂതിരിപ്പാട് മെഴ്സിഡെസ് ബെൻസ് ബാങ്കളൂരിൽ എഞ്ചിനീയർ ) ന്റെ പത്നി സ്വാതി.സ്വകാര്യ സ്ക്കൂളിൽ ടീച്ചർ,ബെഗളൂരു.
**2.ഉമ:** വന്നിലാപറമ്പത്ത് കരിപ്പത്ത് രാമൻ നമ്പൂതിരിയുടെ (മേൽശാന്തി,ത്രിപുരാന്തകക്ഷേത്രം,മലപ്പുറം) പത്നി ( ഉമാരാമൻ എന്ന പേരിൽ എഴുതാറുണ്ട്).രണ്ട് ഉണ്ണികൾ.വിഷ്ണു, എഞ്ചിനീയർ,വാസുദേവൻ,പി.ജി വിദ്യാർത്ഥി .
**3.നാരായണൻ:** പത്നി:കൊട്ടിയൂർ പന്തീരടി കാമ്പ്രത്ത് മഹൾ സൌഭാഗ്യ (വൈദ്യരത്നം ആയുർവ്വേദ കോളേജ് സ്റ്റാഫ്) മക്കൾ .ശ്രീപാർവ്വതി(10-ാം ക്ലാസ്സ് ) ശ്രീദേവി(8-ാം ക്ലാസ്സ്) .
**4.കൃഷ്ണൻ:** ആയുർവേദ മെഡിറെപ്രസെന്റേറ്റീവ്.പത്നി:തേനാക്കര ( കുറ്റിപ്പുറം ,കുമ്പിടി ) മഹൾ ജലജ( വൈദ്യരത്നം ആയുർവ്വേദ കോളേജ് സ്റ്റാഫ് ) മക്കൾ: പി. വാസുദേവൻ നമ്പൂതിരിപ്പാട് ( 5-ാം ക്ലാസ്സ് ) .സാവിത്രി ( 3 വയസ്സ് )

ങ്ങാലക്കുട അക്കരക്കുറിശ്ശിയിലേക്ക്. അവിടത്തെ പെങ്ങളെ പരപ്പനങ്ങാടി ചിറമംഗലത്തേക്ക്. ചിറമംഗലം നമ്പൂതിരിയുടെ സഹോദരിയെ മുതുകുർശിക്ക്. അതു വരെയുള്ള മൂന്ന് ഇടപാടുകളിലും സഹോദരിമാരെയാണ് നൽകിയതെങ്കിൽ നാലാമത്തെ ഇടപാടായപ്പോഴേക്കും മകളായി. അങ്ങനെ മുതുകുർശി അഷ്ടമൂർത്തി നമ്പൂതിരിപ്പാടിന്റെ മൂത്ത മകൾ പാർവതി ആറാം വേളിയിലെ ആത്തേമ്മാരായി പരിയാനമ്പറ്റയെത്തി.

അപ്പോഴേക്കും ഇരുപത്തി രണ്ടു വയസ്സായിരുന്നു ആ കന്യകയ്ക്ക്. നാലഞ്ച് കൊല്ലം കാത്തിരുന്നിട്ടും ആ കന്യകയ്ക്ക് ലഭിച്ചത് നേരത്തെ ആറാം വേളിക്കാരനെന്ന് പറഞ്ഞ് വേണ്ടെന്ന് വച്ച അതേ ആളെ! അങ്ങനെ വി.ടി യുടെ ബാലശാപം ഫലിച്ചു. പാപ്പു ഓപ്പോളെ വേളികഴിക്കാനെത്തുന്ന നാലാം വേളിക്കാരനായ മൂസ്സ് തന്നെയാ ചണ്ടി എന്നായിരുന്നല്ലൊ വി.ടി പറഞ്ഞത്. ഇതിപ്പോൾ ആ ചണ്ടി ആറാം വേളിക്കാരനായി എന്നു മാത്രം.

വേറെയുമുണ്ട് ആ വേളിക്കഥയിൽ ചില ഉപകഥകൾ. അവയിൽ ചിലത് വാസുദേവൻ നമ്പൂതിരിപ്പാട് പറയുന്നു: ''ഒരു ഘട്ടത്തിൽ അച്ഛന് ഇനി വേളി കഴിക്ക വയ്യ എന്ന സ്ഥിതിയായി. കാരണം ഒരേ സമയം നാലിലധികം ആത്തേമ്മാര് പാടില്ലെന്നാണ് നിയമം. പെൺകൊടയാണെങ്കിൽ കഴിയാനുണ്ടു താനും. അപ്പോൾ ഒരു അഫ്ഫനെക്കൊണ്ടു വേളി കഴിപ്പിച്ചു. ആ അഫ്ഫന് ഒരു തിരൂപ്പാടിന്റെ വസതിയിൽ സംബന്ധം ഉണ്ടായിരുന്നു. പക്ഷേ, ഇല്ലത്തെ പെൺകൊട കഴിയണമല്ലോ. അതിനായി അഫ്ഫനെ വിളിച്ചു വരുത്തി വേളി കഴിപ്പിച്ചു.

''അച്ഛന് വേളി കഴിക്കാൻ പറ്റുമായിരുന്നെങ്കിൽ ഏഴാം വേളി ആവുമായിരുന്നു അല്ലേ.'' ചോദിച്ചത് തമാശതെണ്ണെങ്കിലും അങ്ങനെ സംഭവിക്കാതിരുന്നത് നിലവിൽ നാലു ആത്തേമ്മാരുകൾ ഉള്ളതുകൊണ്ടെന്ന് പറയാൻ വാസുദേവൻ നമ്പൂതിരിപ്പാടിന് മടിയില്ല.

''രണ്ടു സഹോദരിമാരെ മാറ്റമല്ലാതെയും കൊടുത്തിട്ടുണ്ട്. അരപ്പനാട്ടു പട്ടേരിക്കും, ചൊവ്വൂർ നമ്പൂതിരിപ്പാടിനും. അതിൽ അരപ്പനാട്ടു പട്ടേരി പിൽക്കാലത്ത് വി.ടിയോടൊപ്പം ചേർന്ന് ഭ്രഷ്ടനായി.''

''അക്കാലത്ത് ഇതൊന്നും വലിയ കാര്യമല്ല. മൂത്ത ആൾ എത്ര വേളി കഴിക്കുന്നതും സംഭവമല്ല. അനിയന്മാർ സ്വജാതിയിൽനിന്ന് വേളി കഴിക്കുന്നതാണ് വിപ്ളവം. അവർക്ക് വിജാതീയമായ സംബന്ധമേ വിധിച്ചിട്ടുള്ളൂ. ഇല്ലത്തെ ഒരു അഫ്ഫൻ, അച്ഛന്റെ ഏറ്റവും ചെറിയ അനിയൻ, വാസുദേവൻ നമ്പൂതിരിപ്പാട്

### കണ്ണീരും കിനാവും

'അതേതെ! ഈ ചണ്ടികളെ കിട്ടാൻ കോലോത്തുന്നും പാലിയത്തുന്നും ഇപ്പോ ആളു വരുംന്നാ നാട്യം! നിനച്ചിരുന്നു കൊതിച്ചോളിൻ!'

അപ്പോൾ ഒരു ഉണ്ണിനമ്പൂതിരിക്കാവേശം കയറി: 'ഓപ്പോളെ വേൾക്കാൻ വരണ മൂസ്സന്ന്യ ചണ്ടി! ഞങ്ങളല്ല. ഇത്തിരിപ്പോന്ന വസ്ത്രംകൊണ്ടു കിഴിച്ചു കിഴിച്ചു തറ്റുടുത്തുംകൊണ്ട് വര്ാ. മുഷിഞ്ഞുമുഷിഞ്ഞ ഒരു പൂണൂലും ഒരു ചരടുംണ്ടാവും. കൈയിന്മേൽ നിറയെ കുഴിനഖോം! എന്നെക്കൊണ്ടു പറയിപ്പിക്കേണ്ട. രണ്ടും മൂന്നും ആത്തേമ്മാരോള് ഒരാളക്ക്! എല്ലാറ്റിനേം നുകംവെച്ചു കൊണ്ടുവന്നു നിരത്തിയിരുത്തി ഔവ്വാസനോം വൈശ്യാം; അറയ്ക്കണൂ എനിക്ക് മൂസ്സേമ്മാരേപ്പറ്റി വിചാരിക്കുമ്പോൾ.'

മുതിർന്നവരാരും സമീപത്തില്ലെന്നു നോക്കി മനസ്സിലാക്കിയശേഷം ഓപ്പോൾ തിരിച്ചടിച്ചു. 'അങ്ങനെയൊക്കെ വരുത്തിത്തീർത്തത് അഫ്ഫന്മാരന്ന്യാ. കഷ്ടിച്ചു പ്രായായാൽ തെണ്ടിത്തുടങ്ങും; വല്ല കോലോത്തും കടന്നുകൂടാൻ. അവനോന്റേറടം കഴിച്ചുകൂട്ടാനാക്കിത്തീർത്ത അമ്മമാരേയും ഉടപ്പിറന്നോരേയും പറ്റി പിന്നെ ചിന്തയില്ല. ഇല്ലത്തേക്കോ തിരിഞ്ഞുനോക്കുംല്യാ. അവരൊക്കെ നേരെയായാൽ ആത്തേമ്മാരോളും നന്നാവും. ഒന്നിലധികം വേൾക്കുന്ന സമ്പ്രദായോം പോവും.' തന്റെ കൺമുമ്പിൽ കാണുന്ന പരമാർത്ഥം അവർ വെട്ടിത്തുറന്നു പറഞ്ഞുപോയി.

പാപ്പു ഓപ്പോളും വി.ടി ഭട്ടതിരിപ്പാട് അടങ്ങുന്ന കുട്ടികളും തമ്മിൽ നടന്ന സംഭാഷണം വി.ടി. യുടെ സമ്പൂർണ്ണ കൃതികളിൽ . ഈ പാപ്പു ഓപ്പോളാണ് പിന്നെ ആറാം വേളിക്കാരന്റെ പത്നിയായത്.

## ആറാം വേളിക്കാരിക്ക് ആശ്വാസത്തിനായി ഇരിക്കണമ്മ

**അ**ധിവേദനത്തെ ശക്തമായി വിമർശിച്ചിരുന്ന പാപ്പു ഓപ്പോൾ എന്ന അമ്മക്ക് തന്നെ ഒരു ആറാം വേളിക്കാരിയുടെ വേഷം ജീവിതത്തിൽ പകർന്നാടേണ്ടി വന്നത് വിധിഹിതം എന്നേ പറയാൻ കഴിയൂ. അങ്ങനെയായതിൽ അമ്മയെപ്പോലെ തന്നെ അമ്മാത്തെ മുത്തശ്ശനും അത്യധികമായ വിഷമം സഹിച്ചിരുന്നു. ആ കരുതൽ കൊണ്ടാണല്ലൊ വേളികഴിഞ്ഞ് പുറപ്പെടുമ്പോൾ മകൾക്ക് സഹായത്തിനായി ഒരു വാലിയക്കാരിയെ കൂടി മുത്തശ്ശൻ അയച്ചു കൊടുത്തത്.അമ്മക്ക് അത് വലിയ ആശ്വാസവുമായിരുന്നു. അനവധി കാലം ആ ഇരിക്കണമ്മ അമ്മയ്ക്കൊപ്പം ഉണ്ടായിരുന്നതായി കേട്ടിട്ടുണ്ട്. വി ടി ഭട്ടതിരിപ്പാടിന്റെ ആത്മകഥയിലെ ഗുരുകുലവാസം എന്ന ഭാഗം വായിക്കുമ്പോൾ നേർത്തൊരു ചിരിയോടെ പാപ്പുഓപ്പോൾ എന്ന എന്റെ അമ്മ ഈ മൂർദ്ധാവിൽ കൈ തലോടുന്നത് ഇപ്പോഴും അറിയുന്നു.

**ആ പാപ്പു ഓപ്പോളുടെ മകൻ**
**പരിയാനമ്പറ്റ വാസുദേവൻ നമ്പൂതിരിപ്പാട്**

## വല്യമ്മക്കു വേണ്ടി കൊല്ലം ദീക്ഷിച്ചു



ഇങ്ങനെയെല്ലാം ഉള്ള ജീവിതത്തിൽ അസാധാരണമായ പല മുഹൂർത്തങ്ങളുമുണ്ടാവും . ഇപ്പോഴത്തെ കാലത്ത് കാണാത്തത്. അവയിൽ ചിലത് ഈ തൊണ്ണൂറിലും ഓർത്തെടുക്കുന്നു വാസുദേവൻ നമ്പൂതിരിപ്പാട്.

''അവുഞ്ഞിക്കാട്ടെ വല്യമ്മ കിടപ്പിലായി. ആ വല്യമ്മയ്ക്ക് രണ്ടു പെൺകുട്ടികളാണ്. മരിക്കാറായപ്പോൾ എന്നെ അടുത്തു വിളിച്ചു പറഞ്ഞു. ഞാൻ ഓനിച്ചിരിക്കുകയായിരുന്നു അക്കാലത്ത്. ഞാൻ മരിച്ചാൽ വാസുദേവൻ വേണം ദീക്ഷിക്കാനെന്ന്. ഒരു കൊല്ലം ദീക്ഷിച്ചു. കിടപ്പിലായതു കാരണം ആ വല്യമ്മ സ്വന്തം ഇല്ലമായ അവുഞ്ഞിക്കാട്ടേക്ക് പോവാറില്ല. അതുകൊണ്ടാവും ഞാനും പോയിട്ടില്ല. പിന്നെ അവിടെ പോവേണ്ട ആവശ്യമൊന്നും ഉണ്ടായതുമില്ല. ബാക്കി നാലു അമ്മാത്തും പോയിട്ടുണ്ട്.''

വിപ്ളവം നടത്തി. മംഗളോദയം പ്രസിൽ പ്രൂഫ് റീഡറായിരുന്നു ആ അപ്ഫൻ. പോർക്കുടിഞ്ഞത്തു നിന്ന് വിവാഹം കഴിച്ചു. അത് പരിയാനമ്പറ്റയിൽ അംഗീകരിച്ചില്ല. അതുകാരണം ആ ചെറിയമ്മയുടെ കുടിവെപ്പ് ഉണ്ടായില്ല.''

അങ്ങനെ എത്രയെത്ര കഥകൾ. വേളി കഴിഞ്ഞിട്ടും കുടിവെപ്പ് നടത്താത്തത്. അച്ഛൻ വേളി കഴിച്ച ഇല്ലം പോലും കണ്ടിട്ടില്ലാത്ത മകൻ. ഏടത്തിയെ അച്ഛനും അനിയത്തിയെ മകനും വേളി കഴിക്കൽ. ഇങ്ങനെയെല്ലാമുണ്ടായിട്ടുണ്ട് ഈ സംഭവപരമ്പരയിൽ.

''ആറു വേളികളും പെൺകൊടക്കു വേണ്ടിയായിരുന്നു. ഒരേ സമയം മൂന്നു പേർ മാത്രമേ ഉണ്ടായിരുന്നുള്ളൂ. കടലായി, വടക്കിനിയേടത്ത്, മുണ്ടായ തെക്കിനിയേടം ഈ മൂന്ന് ആത്തേമ്മാരുകളും ഒരേ സമയം ഉണ്ടായിരുന്നു. കടലായി വല്യമ്മ മരിച്ചപ്പോഴാണ് ചിറ്റൂരിൽ നിന്ന് കഴിച്ചത്. അപ്പോഴും മൂന്നു പേരുണ്ട്. പിന്നെ വടക്കിനിയേടത്തെ വല്യമ്മ മരിച്ചു. അപ്പോൾ അഞ്ചാം വേളി അച്ചിപ്ര അവുഞ്ഞിക്കാട്ട് നിന്ന്. അപ്പോഴും മൂന്നു പേർ. പിന്നെ ചിറ്റൂർ നിന്നുള്ള വല്യമ്മ മരിച്ചു. അപ്പോൾ ഒന്നിനു കൂടി അവസരമായി . അതാണ് മുതുകുർശി നിന്ന്. അങ്ങനെ ആ വേളിയിലെ നാലു മക്കളിൽ അവസാനത്തെ ആളായി 1931 ലാണ് എന്റെ ജനനം.''

''മൂന്നു പേരെ ഞാൻ കണ്ടിട്ടില്ല. ഞാൻ ജനിക്കും മുമ്പ് അവരെല്ലാം മരിച്ചു. അമ്മ, ഏട്ടന്മ്മ, ചെറിയമ്മ .സ്ഥാനം കൊണ്ട് വലിയമ്മയാണെങ്കിലും ഏട്ടൻ വിളിക്കുന്നതു കേട്ട് ഞാനും ചെറിയമ്മയെന്നാക്കി വിളി. ഞാനും അച്ഛനും തമ്മിൽ 58 വയസ്സു വ്യത്യാസം. അമ്മയും അച്ഛനും തമ്മിൽ പതിനെട്ടും. അച്ഛനെ അച്ഛനെന്നു വിളിച്ചിട്ടേയില്ല. അക്കാലത്ത് അങ്ങനെ വിളിക്കുന്നതെല്ലാം മോശമായിരുന്നു. പതിനാലു വയസുള്ളപ്പോഴാണ് അച്ഛൻ മരിച്ചത്. ഉപനയനം കഴിച്ചത് ചെറിയപ്ഫനാണ്. എനിക്ക് അഞ്ചാറു വയസായപ്പോഴേക്കും തന്നെ അച്ഛനു തീരെ കണ്ണു കാണാതായിരുന്നു. അച്ഛൻ വേളി കഴിച്ച രണ്ട് ഇല്ലങ്ങൾ അതായത് എന്റെ വല്യമ്മാത്തുകൾ ഞാൻ കണ്ടിട്ടേയില്ല. ഇപ്പോൾ തൊണ്ണൂറു വയസായി.''

**അമ്മാമനും മരുമകനും**
**ആറുവളി കഴിച്ച പരിയാനംപറ്റ രാമൻ നമ്പൂതിരിപ്പാടിന്റെ മക്കളിൽ ഏറ്റവും ചെറിയ ആളായ വാസുദേവൻ നമ്പൂതിരിപ്പാടും പേരക്കുട്ടികളിൽ ഏറ്റവും മൂത്തയാളായ മുതുകുർശ്ശി അഷ്ടമൂർത്തി നമ്പൂതിരിപ്പാടും (92 വയസ്സ്) റിട്ട. അദ്ധ്യാപകനാണ്. സി.പി. എം മലപ്പുറം ജില്ലാ സെക്രട്ടേറിയറ്റ് അംഗമായിരുന്നു. ഇപ്പോൾ സി.പി.ഐയിൽ.**

''എന്നാലും അച്ഛൻ വേളി കഴിച്ച ഇല്ലം കാണണമെന്നു തോന്നില്ലേ''

''എന്റെ സമപ്രായക്കാരോ മറ്റു കൂട്ടുകാരോ ഉണ്ടെങ്കിലോ വരവും പോക്കും ഉണ്ടെങ്കിലോ അല്ലേ അതൊക്കെ തോന്നുകയുള്ളൂ. അങ്ങനെ തോന്നിയിട്ടില്ല. അച്ഛൻ വേളി കഴിച്ച ഇല്ലമാണെങ്കിലും കടലായി, അവുഞ്ഞിക്കാട് എന്നീ ഇല്ലങ്ങളിൽ പോയിട്ടില്ല''

''ഒരേ സമയത്തു മൂന്നു അമ്മമാരുണ്ടായിരുന്നല്ലോ. വെവ്വേറെ മുറികൾ ഉണ്ടായിരുന്നോ അക്കാലത്ത്.''

ചോദിക്കാൻ തോന്നിയ ഒരു കൗതുകം. ഉത്തരത്തിന് അല്പം പോലും പരുങ്ങിയില്ല. ഇല്ല. ഒറ്റ മുറി തന്നെയായിരുന്നു.

''ആറ് വേളി കഴിച്ച വേറെ നമ്പൂതിരിമാരെ കണ്ടിട്ടുണ്ടോ''

''ഇല്ല''

''കേട്ടിട്ടുണ്ടോ''

''ഇല്ല, അച്ഛന്റെ അമ്മാമൻ മൂന്നു വേളി കഴിച്ചിരുന്നു. അതു മൂന്നും മാറ്റവേളി ആയിരുന്നു. അമ്മാത്തെ മുത്തശ്ശനും രണ്ടു വേളി കഴിച്ചിട്ടുണ്ട്. രണ്ടും മൂന്നും നാലും ഒക്കെ അക്കാലത്ത് പതിവാണ്.''

''ഈ അപൂർവ ജന്മത്തിലെ മറ്റെന്തെങ്കിലും പ്രത്യേകതകൾ.'' ''ഞാൻ ജനിക്കുന്നതിനു മുമ്പ് അച്ഛന്റെ ആദ്യവേളിയിലെ മകന്റെ വേളി കഴിഞ്ഞ് അതിൽ കുട്ടി പിറന്നിരുന്നു. അതിനാൽ ഞാൻ ജനിക്കുമ്പോൾ തന്നെ അപ്ഫനായി. ഇനി അങ്ങനെയൊന്നും ഒരാൾക്കും അനുഭവിക്കാനാവില്ല.''

''ആറാം വേളിയിലെ മകനായതു കാരണം എന്തെങ്കിലും പ്രയാസങ്ങൾ.?''

''ഉണ്ണാനും ഉടുക്കാനും കുളിക്കാനും സൗകര്യമായാൽ എല്ലാമായി. അതിനു മുട്ടുണ്ടായില്ല. പിന്നെയെല്ലാം സൗകര്യങ്ങളായിരുന്നു അനുഭവിച്ചത്. എല്ലാ സ്ഥലത്തും പോവാം. വലിയ വലിയ ഏട്ടന്മാരും വല്യമ്മമാരും ഏട്ടന്മാർവേളി കഴിച്ച ആത്തേമ്മാരോളും അവരുടെ കുട്ടികളും എല്ലാം എന്നേക്കാൾ മുതിർന്നവർ. രസകരമായിരുന്നു ആ ലോകം. ആറാം വേളിയിലെ അവസാന മകനാണ് ഞാൻ എന്ന തോന്നൽ ഒരിക്കൽപ്പോലും പ്രയാസമുണ്ടാക്കിയിട്ടില്ല. അച്ഛൻ പെങ്ങൾമാരെ കൊടുത്ത ഇല്ലങ്ങളിലെല്ലാം അമ്മയോടൊപ്പം പോവാനും മറ്റും അവസരങ്ങളുമുണ്ടായി.''

''ആറാം വേളിയിലെ അവസാന മകനാവുമ്പോൾ അച്ഛന്റെ സ്നേഹവാത്സല്യങ്ങൾ കുറഞ്ഞുപോയതായി തോന്നിയിട്ടുണ്ടോ?''

''ഇന്നത്തെപ്പോലെ ബാഹ്യമായി സ്നേഹം പ്രകടിപ്പിക്കലൊന്നും അന്നില്ല. അച്ഛാ എന്നൊന്നും വിളിക്കാൻ പോലും പാടില്ലായിരുന്നു. അങ്ങനെ വിളിക്കുന്നതെല്ലാം മോശമെന്നായിരുന്നു ധാരണ.

''അച്ഛാ എന്ന് വിളിച്ചിട്ടേയില്ല?''

''ഇല്ല. മിക്കവാറും വാല്യക്കാരികളുടെ കൈവശമാവും ചെറിയ കുട്ടികൾ. കരഞ്ഞാൽ അവർ പറയും അച്ഛമ്പ്രാന് തിരുവുള്ളക്കേടുണ്ടാവും. അതോടെ കരച്ചിൽ നിൽക്കും.''

''ഉപനയനം കഴിച്ചത് അച്ഛനല്ലേ''

''അച്ഛന് കണ്ണു തീരെ കാണാതായിരുന്നു അപ്പോഴേക്ക്. ചെറ്യപ്ഫനാണ് എന്നെ ഒപിനിച്ചത്.''

''അച്ഛന് ഇഷ്ടം തോന്നിയിരുന്നു എന്ന തോന്നലുണ്ടായ എന്തെങ്കിലും ഒന്ന്.''

''അച്ഛന്റെ പതിമൂന്നാമത്തെ കുട്ടിയാ

യിരുന്നല്ലൊ ഞാൻ. എന്നെയൊന്നും വേണ്ടത്ര ശ്രദ്ധിച്ചിട്ടുണ്ടാവില്ലെന്നാണ് ധരിച്ചിരുന്നത്. എന്നാൽ ഒരു ഓപ്പോൾ പറയുമായിരുന്നു. വാസേവൻ ഭാഗവത രാവുംന്നാ തോന്നണത് എന്നൊക്കെ അച്ഛൻ പറയുമായിരുന്നു എന്ന്. കുട്ടിക്കാലത്ത് ഞാൻ പാട്ടിനോട് താല്പര്യം കാണിച്ചത് അച്ഛൻ ശ്രദ്ധിച്ചു കാണും. കഴിഞ്ഞ കൊല്ലമാണ് ആ ഓപ്പോൾ മരിച്ചത്.''

''പരിയാനമ്പറ്റ നിന്ന് ആദ്യമായി സ്കൂളിൽ പോയത് ആരാ.''

''എന്റെ അമ്മയിൽ നാലു ഏട്ടന്മാരുണ്ട്. അവരിൽ രണ്ടാമനായ കൃഷ്ണനാണ് ആദ്യമായി സ്കൂളിൽപോയ ആൾ''

''അമ്മാത്ത് മുതുകുർശ്ശി ഓത്തന്മാരുടെ ഇല്ലമാണല്ലൊ. ഓത്തു പഠിച്ചിട്ടുണ്ടോ.''

''ഓത്തു ചൊല്ലാത്ത ആളാണ് ഞാൻ. ഓത്തില്ലാതെ നടന്നതു കൊണ്ടാണോ പിന്നെ കമ്മ്യൂണിസ്റ്റു പാർട്ടിയിലെത്തിയത്.''

''യോഗക്ഷേമസഭയുമായി പ്രവർത്തിച്ചിരുന്നു. അങ്ങനെ പ്രവർത്തിക്കുന്നവരെ ഇല്ലങ്ങളിലുള്ളവർ ബഹിഷ്കരിക്കും. അപ്പോൾ പിന്നെ കമ്മ്യൂണിസ്റ്റായി നിന്നാലേ കാര്യങ്ങൾ നടക്കൂ. അങ്ങനെയാണ് കമ്മ്യൂണിസ്റ്റായത്.''

''ഒളിവിൽ പോയിട്ടുണ്ടോ''

''ഇല്ല, ഒളിവിൽകഴിയുന്നവർക്ക് വേണ്ടി ലഘുലേഖകൾ കൈമാറിയിട്ടുണ്ട്. അമ്മയും ഞങ്ങൾ മക്കളും അക്കാലത്ത് നെല്ലായയിലേക്ക് താമസം മാറ്റിയിരുന്നു. നെല്ലായ വന്നപ്പം വലിയ സ്വാതന്ത്ര്യം ആയി. ഞങ്ങളുടെ വീട്ടിൽ ചില യു.ജിക്കാർ (അണ്ടർഗ്രൗണ്ട് പ്രവർത്തകർ) താമസിച്ചിരുന്നു. സ്കൂൾ വിട്ടു വരുമ്പോൾ അപരിചിതരായ ചിലരെ കാണാം. അവർ ചില കടലാസുകൾ തരും. ഇന്നയാൾക്ക് എത്തിക്കണം എന്നെല്ലാം പറയും. രാത്രിയായാൽ ഇറങ്ങിപ്പോവുന്നതു കാണാം. വാതിൽ അടക്കണ്ട എന്നു പറയും. രാത്രി എപ്പഴോ വന്നു കിടക്കും. യു.ജി ആരെന്നു മാത്രമറിയാം. ആളുടെ പേരോ മറ്റു വിവരമോ അറിയില്ല.അങ്ങനെയായിരുന്നു അക്കാലം.''

''പാർട്ടിയിൽ പദവിയൊന്നും ഉണ്ടായിരുന്നില്ലേ.''

''ഇല്ല.മെമ്പർ മാത്രം.നെല്ലായയിൽ ദേശാഭിമാനി ഏജൻസിയും നടത്തിയിരുന്നു.''

''കമ്മ്യൂണിസ്റ്റായിട്ടും പൂണൂൽ ഉപേക്ഷിക്കാത്തത് എന്തേ.''

''ഉപേക്ഷിക്കാൻ തോന്നീല. അത്രമാത്രം.''

''സന്ധ്യാവന്ദനം.?''

''70 കൊല്ലമായി അതൊന്നും ഇല്ല. കുറിയിടുന്നതോ''

''ചന്ദനത്തിന് ഔഷധഗുണം കൂടിയുണ്ടല്ലൊ.''

''അതൊരുമാതിരി തട്ടിപ്പ് മറുപടിയാണ്. ഔഷധഗുണം കിട്ടാനാണോ അങ്ങ് കുറിയിടുന്നത്.''

''പൂണൂല് കോണകം ചന്ദനക്കുറി ഇതൊന്നും ഒഴിവാക്കിയിട്ടില്ല. 84 വയസ്സു വരെ ചാത്തവും ഊട്ടിയിരുന്നു. ചെറിയമ്മ മരിച്ചപ്പോൾ ദീക്ഷിച്ചിരുന്നുവല്ലൊ. അതുപോലെ അവരോടുള്ള ബഹുമാനമായി കണ്ടാൽ മതി.''

''ലഹരി ഉപയോഗം?''

''ബീഡി വലി ഉണ്ടായിരുന്നു. ഇപ്പോൾ അതൊഴിവാക്കി. പൊടിവലിയായി.''

''മദ്യമാംസാദികൾ?''

''ഉണ്ടായിട്ടേയില്ല''.

''പാർട്ടിയുമായുള്ള ബന്ധം?''

''1964ൽ ഉപേക്ഷിച്ചു. പാർട്ടി പിളർന്നതോടെ പഴയ പ്രവർത്തകരുടെ ആത്മാർത്ഥത പിന്നെ കണ്ടില്ല.'' ●

**പരിയാനമ്പറ്റ നാരായണൻ നമ്പൂതിരിപ്പാട്**
**മൊബൈൽ 9847668696**

## അച്ഛനെപ്പറ്റി മകൻ നാരായണൻ പറയുന്നു

കുട്ടിക്കാലത്ത് അമ്മയുടെ കൂടെ നടന്നും കുറച്ചു വലുതായപ്പോൾ വായനശാലേം രാഷ്ട്രീയവുമായി നടന്നു. 1960 വരെ കോഴിക്കോട്ട് പാർട്ടിയോടൊപ്പം. അന്നത്തെ ജില്ലാ സെക്രട്ടറി സാക്ഷാൽ ഇ.കെ നായനാർ .
''പരമശുദ്ധനാണ് അദ്ദേഹം

അച്ഛൻ ഇടക്കിടെ പറയാറുണ്ട് . നാലു കൊല്ലം മുമ്പെ യാദൃശ്ചികമായി ശാരദ ടീച്ചറെക്കണ്ടപ്പോൾ അച്ഛന്റെ ഈ പറച്ചിൽ അവരോടും പറഞ്ഞു. പാവം ടീച്ചർ , കണ്ണു തുടച്ചു . ഇല്ലത്ത് വന്ന് ടീച്ചറെക്കണ്ട വിവരം പറഞ്ഞപ്പോൾ അച്ഛനും.

പാർട്ടി പിളർന്നപ്പോൾ രാഷ്ട്രീയം ഉപേക്ഷിച്ച മട്ടായി . ഇല്ലത്തെത്തിയപ്പോഴേയ്ക്കും ഭൂനിയമത്തിന്റെ കാരണങ്ങളാൽ കാര്യങ്ങൾ കുറെശ്ശെ പരുങ്ങലിൽ. അങ്ങിനെയിരിക്കെ ചെർപ്പുളശ്ശേരിയ്ക്ക് കിഴക്ക് കല്ലുവഴിയിൽ വള്ളൂർ, പ്രശസ്ത മനോരോഗ വിദഗ്ദ്ധൻ ഡോ . ദാമോദരൻ നമ്പൂതിരിയുടെ മുത്തഫൻമാരുടെ ഡ്രൈവറായി. അവിടുന്ന് വടക്കാഞ്ചേരി വ്യാസാ കോളേജിലേയ്ക്ക് .ഗ്യാസ്മാൻ എന്ന വേഷം കല്ലുവഴി ചിട്ടയിലാടാൻ തുടങ്ങി. ജോലിയില്ലാത്തതിനാൽ വേളിയില്ലാ എന്നും പറഞ്ഞിരുന്നയാൾക്ക് ജോലി കിട്ടിയപ്പോൾ ഏട്ടന്മാർ ഉത്സാഹം തുടങ്ങി . അങ്ങിനെ കേശവത്തേയ്ക്ക്. കേശവത്ത് അഞ്ച് പെൺമക്കളിൽ ഒടുക്കത്തെയാണ് അമ്മ . കേശവത്തെ ആളും അർത്ഥവും പോരായ്മ കൊണ്ട് പെങ്കൊട അമാന്തമായി 30 വയസ്സിൽ എത്തി .38 കഴിഞ്ഞയാൾക്ക് 30 കഴിഞ്ഞ വധു. രണ്ടു പേരും നന്നെ കുട്ടികളല്ല .

കേശവത്തെ കഥയിൽ ഒരു അത്ഭുതം സംഭവിച്ചു. മുത്തശ്ശന്റെ 5 പെൺമക്കളിൽ ഭാഗ്യവതി - ഞങ്ങളുടെ അമ്മ , എന്താന്നല്ലേ. നാലു ഏടത്തിമാർക്കും തരാവാതിരുന്ന ഒന്നാം വേളിക്കാരൻ. അതും പോരാ, അമ്മാത്തു നിന്നും വേട്ടവരിൽ ചെറുപ്രായക്കാരൻ. പേരശ്യമ്മമാരെ വേട്ടവരൊക്കെ അമ്പതു കഴിഞ്ഞവർ. അതുനോക്കുമ്പോൾ 38 കാരൻ ചെറുപ്പമാണല്ലൊ. ഞങ്ങളെ എടുത്തു വളർത്തിയ കല്യാണിയമ്മ പറയാറുണ്ട്

''ഞങ്ങളുടെ ഓമനകളെ ഒന്നിനെയെങ്കിലും നേരെ കൊടുത്തു കണ്ടൂലോ, അതു് മതി, സമാധാനായി.

അങ്ങനെ ആറാം വേളിക്കാരന്റെ മകൻ ഒന്നാം വേളി കഴിച്ചു. 38ൽ. അതേ കഴിച്ചതുള്ളൂ.








ലളിതാംബിക അന്തർജനവും ഭർത്താവ് നാരായണൻ നമ്പൂതിരിയും ഒരു പഴയ ചിത്രം

# അഗ്നിസാക്ഷി എഴുതാനുണ്ടായ കാരണം

**ജീവൻ കോട്ടവട്ടം**



**ആകാശവാണിക്കുവേണ്ടി എഴുതിയ പ്രസാദം എന്ന കഥാശില്പം വികസിപ്പിച്ചെടുത്താണ് പിന്നീട് ലളിതാംബിക അന്തർജനം അഗ്നി സാക്ഷിയെഴുതിയതെന്ന് സഹോദര പുത്രൻ ജീവൻ കോട്ടവട്ടം പറയുന്നു**

ഓരോന്നിനും ഓരോ കാരണങ്ങളുണ്ടാവും. ലളിതാംബിക അന്തർജ്ജനം അഗ്നിസാക്ഷിയെന്ന സുപ്രസിദ്ധ നോവലെഴുതാനുമുണ്ടായി ഒരു കാരണം. ഒറ്റ നോവലേ അവർ എഴുതീട്ടുള്ളൂ. അതിനു മുമ്പ് ചില കഥകളും കവിതകളും എഴുതിയെങ്കിലും നോവൽ എന്ന സാഹസത്തിലേക്ക് കടക്കാൻ മടിച്ചു നിന്നു.

എസ്. സരസ്വതി അമ്മ എന്ന മഹിളാലയം ചേച്ചിയാണ് അതിനു കാരണക്കാരി. ഏറെ ജനകീയയായിരുന്ന, തികഞ്ഞ ഓൾറൗണ്ടറായിരുന്ന, ആകാശവാണിയിലെ സാരഥി. പ്രക്ഷേപണ സാഹിത്യകലാരംഗങ്ങളിൽ എത്രയോ യുവപ്രതിഭകളെ വളർത്തിയെടുത്ത അവരാണ് ചില മഹദ്സൃഷ്ടികൾക്കും നിമിത്തമായിരുന്നത്.അഗ്നിസാക്ഷി പിറക്കാൻ കാരണക്കാരിയായതും അവർ തന്നെ.

അത് പലർക്കും അറിയില്ല. 1970 കളിൽ ദൂരദർശൻ പ്രക്ഷേപണം ചെയ്ത സരസ്വതി അമ്മയുടെ അന്തർജ്ജനവുമായുള്ള മുഖാമുഖത്തിൽ അവർ ചോദിച്ചു.

''അമ്മ അനവധി കവിതകളും കഥകളും എഴുതിയിട്ടുണ്ടല്ലോ. ഒരു നോവലെഴുതിക്കൂടേ'' എന്ന്. അതിനു മുമ്പും അവർ അന്തർജനത്തോട് ചോദിച്ചിരുന്നു ഇത്. ഇതിന്റെ അനുരണനമായിട്ടാണ് അന്തർജ്ജനം ആകാശവാണിക്കുവേണ്ടി പ്രസാദം എന്ന കഥാശില്പം എഴുതിയത്. ആ കഥാബീജം വികസിപ്പിച്ചെടുത്താണ് പിന്നീട് അമ്മ അഗ്നിസാക്ഷിയെ ഴുതിയത്. ഏറെ കഥകളെഴുതിയിട്ടുണ്ട്, അവയ്ക്ക് ഏറെ പ്രശസ്തിയും. പക്ഷെ, സഹൃദയലോകത്തിന് അവയ്ക്ക് അംഗീകാരം നൽകാൻ അമ്മയുടെ ആ നോവൽ ഒരു അനുഗ്രഹമായി മാറി എന്നു പറയാം.

വർഷങ്ങൾക്കുശേഷം ശ്യാമപ്രസാദ് വിദഗ്ധമായി സംവിധാനം ചെയ്ത് സിനിമയാക്കിയ ആ നോവൽ അനവധി ദേശീയപുരസ്കാരങ്ങൾ വാരിക്കൂട്ടിയതും ചരിത്രം.

ഇടയ്ക്കൊന്നു പറയട്ടെ. അന്തർജ്ജനത്തിന്റേതായി ദൃശ്യമാധ്യമങ്ങളിൽ വന്ന ആ ഒരേ ഒരു മുഖാമുഖം അഞ്ചാറു വർഷങ്ങൾക്കുമുമ്പ് ദൂരദർശനിൽ നിന്നു തെരഞ്ഞുപിടിക്കാൻ അവിടെയുള്ള സുഹൃത്തുക്കൾ നടത്തിയ ശ്രമം തികച്ചും വിഫലം. കുറേ ഡി വി.ഡി.കൾ ഡൽഹിക്കു കൊണ്ടുപോയി എന്നുപറഞ്ഞ് അവിടെയും അന്വേഷിച്ചു. രക്ഷയില്ല! നമ്മുടെ സർക്കാർ വകുപ്പുകൾ അങ്ങനെയാണല്ലൊ.

അഗ്നിസാക്ഷി എഴുതാൻ ഇമ്മീഡിയറ്റ് പ്രൊവോക്കേഷൻ സരസ്വതിയമ്മയാണ് എന്ന് അന്തർജ്ജനം എവിടെയോ സൂചിപ്പിച്ചിട്ടുണ്ട്. പക്ഷെ ഇതിന് അവരോടുള്ള ഏറ്റവും വലിയ കൃതജ്ഞതയായി അന്തർജ്ജനത്തിന്റെ അനന്തിരവനായ ഞാൻ എന്നും ഓർമ്മിക്കുന്നത് ഒരു രസാവഹമായ സംഭവമാണ്.

അന്തർജ്ജനം അവാർഡ് (അവരുടെ കാലശേഷം കുടുംബാംഗങ്ങൾ ഏർപ്പെടുത്തിയത്) ടി. പദ്മനാഭന് നൽകുന്ന ചടങ്ങിനാണെന്നാണ് ഓർമ്മ. തിരുവനന്തപുരം ടാഗോർ തിയേറ്ററിന്റെ വരാന്തയിൽ എന്റെ അച്ഛനും അന്തർജ്ജനത്തിന്റെ ഇളയ സഹോദരനും നിയമസഭാ സ്പീക്കറും ആയിരുന്ന ഡി. ദാമോദരൻ പോറ്റി, അന്തർജ്ജനത്തിന്റെ മകനും സ്വന്തം നിലയിൽ പ്രശസ്ത കഥാകാരനുമായിരുന്ന ശ്രീ. എൻ. മോഹനൻ, എസ്. സരസ്വതി അമ്മ എന്നിവർ സംസാരിച്ചു നിൽക്കുകയായിരുന്നു. അച്ഛൻ മോഹനൻ ചേട്ടനോട് ചോദിച്ചു,

''നിനക്കറിയില്ലേ, സരസ്വതിയേ?'' നിലവറയില്ലാത്ത സ്നേഹത്തിന്റെ പാരമ്പര്യം എന്നും വെച്ചു പുലർത്തിയിരുന്ന ഞങ്ങൾ കോട്ടവട്ടത്തിന്റെയും (അച്ഛന്റെ തറവാട്) രാമപുരം അമനകരയുടെയും (ലളിതാംബിക അന്തർജ്ജനത്ത വേളികഴിച്ചുകൊടുത്ത തറവാട്) തനതു ശൈലിയിലായിരുന്നു എന്നും ഫലിതപ്രിയനായിരുന്ന മോഹനൻ ചേട്ടന്റെ പ്രതികരണം.

''പിന്നെ, ഇതല്ലേ അഗ്നിസാക്ഷിയുടെ കാരണം'' എന്നു പറഞ്ഞ്,

*എസ്. സരസ്വതി അമ്മ*



**ഇതല്ലേ അഗ്നിസാക്ഷിയുടെ കാരണം എന്നു പറഞ്ഞ് അഞ്ചുവിരലുകളും മടക്കി അക്കായുടെ രണ്ടു കവിളുകകളിലും ഒരു സാൻഡ്വിച്ച് പ്രസ്! പരസ്യമായ ഈ പ്രകടനം അവർക്ക് ഇഷ്ടമായില്ല**

രണ്ടു കയ്യിലേയും അഞ്ചുവിരലുകളും മടക്കി അക്കായുടെ രണ്ടു കവിളുകളും രണ്ടുവശത്തുനിന്നും ഒരു സാൻഡ്വിച്ച് പ്രസ്! പരസ്യമായ ഈ പ്രകടനം അവർക്ക് ഇഷ്ടമായില്ല എന്നു കണ്ട ടിയാൻ ‘‘ഇതു തന്നെയാണ്’’ എന്നുപറഞ്ഞു അതേപോലെ ഒന്നു കൂടി!

ഇതായിരുന്നു എൻ. മോഹനന്റെ പ്രകൃതം. അതുകൊണ്ടാണ് എൻ.മോഹനൻ അകാലത്തിൽ വിടപറഞ്ഞപ്പോൾ സ്നേഹത്തിന്റെ തമ്പുരാൻ എന്ന് പിരപ്പൻകോട് മുരളി വിശേഷിപ്പിച്ചത്. അദ്ദേഹത്തിന്റെ സമ്പൂർണ്ണകഥകളുടെ ആമുഖത്തിന്റെ തലവാചകമായി ഒ.എൻ.വി, സ്നേഹജ്വരം കൊണ്ടു പാടുന്ന പക്ഷി എന്നു കൊടുത്തതും അതുകൊണ്ടു തന്നെ.

ആകാശവാണിയിൽ നിന്ന് ഡെപ്യൂട്ടി സ്റ്റേഷൻ ഡയറക്ടറായി വിരമിച്ച ശേഷം മനോരമ ആഴ്ചപ്പതിപ്പിൽ മഹിളകളുടെ ചോദ്യോത്തരപംക്തി സരസ്വതിയമ്മ കൈകാര്യം ചെയ്തിരുന്നു. ആകാശവാണിയിലെ അനുഭവങ്ങളെക്കുറിച്ച് അവരെഴുതിയ സർവ്വീസ്സ്റ്റോറി പല വിശിഷ്ടവ്യക്തികളിലേക്കും വെളിച്ചം വീശിയിരുന്നു. ആകാശവാണി പ്രോഗ്രാമുകളുടെ രൂപകല്പനയിൽ അന്തർജ്ജനം ഏറെ സഹായിച്ചതിനെപ്പറ്റി പേജുകളോളം അവർ എഴുതിയിട്ടുണ്ട്.

നാലഞ്ചു വർഷം മുമ്പ് അന്തർജനത്തെപ്പറ്റി ദൂരദർശനിൽ വന്ന ഒരു ഡോക്കുമെന്ററിക്കുവേണ്ടി അതിനു സ്ക്രിപ്റ്റ് എഴുതിയ ഞാൻ അക്കയെ കൊണ്ട് രണ്ടു വാചകം സംസാരിപ്പിക്കാൻ ശ്രമിച്ചു. പക്ഷെ വയ്യ, കാലിൽ തിരുമ്മൽ ഏർപ്പാടു ചെയ്തിരിക്കുകയാണ് എന്നു പറഞ്ഞു. രണ്ടാമതും ഞാൻ ഫോൺ വിളിച്ചപ്പോഴും പറഞ്ഞു

‘‘വയ്യ, എനിക്കു തീരെ വയ്യ. പിന്നൊരവസരത്തിലാകാം’’. അതു ഞാൻ ഉപേക്ഷിച്ചു.

അച്ഛൻ നിയമസഭാ സ്പീക്കറായിരുന്നപ്പോൾ 1970 വരെ ഞങ്ങൾ ജഗതി കുക്കിലിയാ ലെയിനിലെ കല്പനയിൽ താമസിച്ചിരുന്നു. ഞങ്ങളുടെ അയൽവാസികളായിരുന്നു. സരസ്വതിയമ്മയുടെ കുടുംബം.

സരസ്വതിയമ്മയുടെ കുടുംബം വളരെ പുരാതനവും പ്രശസ്തവുമാണ്. ഡോ: ഉത്തര, മെഡിക്കൽ കോളേജ്, പ്രൊഫ: അംബികാദേവി എന്നിവർ അവരുടെ സഹോദരിമാർ. ജ്യേഷ്ഠൻ ത്രിവിക്രമൻ വയലാറിന്റെ അടുത്ത സ്നേഹിതനായിരുന്നു. കവിയുടെ വിയോഗത്തിനുശേഷം വയലാർ അവാർഡ് ഏർപ്പെടുത്തിയത് അദ്ദേഹമാണ്. ആദ്യത്തെ വയലാർ അവാർഡ് അഗ്നിസാക്ഷിക്കായിരുന്നു എന്നതും സ്മരിക്കാതെ വയ്യ.

അല്പം വിസ്മയം തോന്നിപ്പിക്കുന്ന ഒരു കാര്യം കൂടി പറയാം.

2020 ജനുവരി 14നാണ് സരസ്വതിയമ്മ വിട പറഞ്ഞത്. ജനുവരി 29 അന്തർജ്ജനത്തിന്റെ ചരമദിനവും. ഒരു പക്ഷേ ആ ആത്മാവുകൾ തമ്മിലുള്ള അടുപ്പത്തിനുള്ള ഒരു ഉത്തമദൃഷ്ടാന്തം! 70കളിൽ മുത്തശ്ശി (അന്തർജ്ജനത്തിന്റെയും അച്ഛന്റെയും അമ്മ) മരിക്കുന്നതിന് രണ്ടു ദിവസം മുൻപ് അമ്മായി മുത്തശ്ശിയെ സ്വപ്നം കണ്ടു. അമ്മ എന്നെ വിളിക്കുന്നു എന്ന് സ്വപ്നം കണ്ടതായി പറഞ്ഞ് അമ്മായി അന്നുതന്നെ മുത്തശ്ശിയുടെ അടുത്തെത്തിയ കാര്യമാണ് ഓർത്തുപോകുന്നത്. തിരിയാ ലോകരഹസ്യമാർക്കുമേ എന്നില്ലേ. ●

(യജ്ഞോപവീതത്തിന്റെ എഡിറ്ററും ലളിതാംബിക അന്തർജനത്തിന്റെ സഹോദര പുത്രനുമാണ്

ജീവൻ കോട്ടവട്ടം. സി- 18,
ജവഹർ നഗർ, തിരുവനന്തപുരം.
പിൻ 695003 മൊ: 9746239111 )


## Swasthi Classifieds

**ഭക്തിഗാനങ്ങൾ**
ക്ഷേത്രങ്ങളുടെ ഐതിഹ്യത്തിനനുസരിച്ച് ഭക്തിഗാനങ്ങൾ തയ്യാറാക്കി കൊടുക്കുന്നു.ശ്രീധരൻ നമ്പൂതിരി മാടമന, തിരുവണ്ണൂർ
**കോഴിക്കോട് 94462 58509**

**തിരുവാതിരപ്പാട്ടുകൾ**
150 തിരുവാതിരപ്പാട്ടുകളുടെ പുസ്തകം 150.00, അക്ഷരശ്ലോക സമാഹാരം250.00,അന്തർജനങ്ങളുടെ ആചാരാനുഷ്ഠാനങ്ങൾ .
മലമേൽ ശാരദ അന്തർജനം,
**കിടങ്ങൂർ 94001 96322**

**ശ്രീകോവിലിനുള്ളിൽ**
ശ്രീകോവിലിനുള്ളിലെ എല്ലാ മെയിൻറനൻസ് ജോലികളും ഉത്തരവാദിത്വത്തോടെ നടത്തുവാൻ.
നീർവേലി ശ്രീകുമാർ നമ്പൂതിരി
**കോഴിക്കോട് 94955 70706**

**കാറ്ററിംഗിന്**
ചെറുതും വലുതുമായ വെജിറ്റേറിയൻ കാറ്ററിംഗിന്.സമീപിക്കുക
പൊയിലിൽ ഹരി നമ്പൂതിരി,
ഓമശ്ശേരി
**കോഴിക്കോട് 99471 01063**

**കാറ്ററിംഗിന്**
വെജ്. കാറ്ററിംഗ് /സദ്യ
സതീശൻ പടിഞ്ഞാറ്റിരി
അച്ചിപ്ര കാറ്ററിംഗ് സർവീസ്,
**കാടാമ്പുഴ 9447116305**

**ഭക്ഷണമുണ്ടാക്കുവാൻ**
എത്ര പേർക്കും ഭക്ഷണമുണ്ടാക്കുവാനും കാറ്ററിംഗിനും ഇവൻറ് മാനേജ്മെന്റിനും വർഷങ്ങളുടെ സൽപേരുമായി ഒ.ടി. വിനോദ് നമ്പൂതിരി നീലേശ്വരം
**കോഴിക്കോട് 99471 66663**

**പാചകസംബന്ധമായ**
ഏതു ആവശ്യത്തിനും,നോർത്ത് ഇന്ത്യൻ ഭക്ഷണം ഉൾപ്പെടെ. വിശേഷദിവസങ്ങളിൽ എല്ലാതരം കറികളും പായസങ്ങളും ലഭിക്കും.**ശ്രീലക്ഷ്മി കേറ്ററിംഗ് സർവീസ് തൃശൂർ പുറനാട്ടുകര**
പ്രൊ കെ.പി.ഗിരിജൻ നമ്പൂതിരി
**മൊബൈൽ 9447308970/ 9495552656**

**ആയുർവ്വേദ മരുന്നുകൾക്ക്**
**ആര്യാ ഔഷധശാല വട്ടക്കിണർ, കോഴിക്കോട്- 673018**
ആയുർവ്വേദ മരുന്നുകൾക്ക് സമീപിക്കുക.35 വർഷത്തെ സേവനപാരമ്പര്യം. **8089441634**

# ഇനി ആത്മാവിൻ സൗരമണ്ഡലത്തിൽ

**വി.ടി. വാസുദേവൻ**

കുട്ടിക്കാലത്താണ് അക്കിത്തത്തെ കാണുന്നത്. അക്കിത്തം വന്നാൽ അച്ഛനുപയോഗിക്കുന്ന ചാരുകസേലയിലാണ് ഇരിക്കുക. ചിലപ്പോൾ ഒന്നോ രണ്ടോ ദിവസം ഞങ്ങളോടൊപ്പം പാർക്കും. അച്ഛന്റെകൂടെ ഒരേ ചെല്ലത്തിൽ നിന്നാണ് മുറുക്കൽ. അടുത്ത പായകളിൽ കിടപ്പും. എന്റെ ചരമാന്തരസ്മരണ കേൾക്കാൻ കവിയിപ്പോൾ കാത്തു നിൽക്കുന്നില്ല. 'ഇയാളുടെ ഒരു ചരാമാനന്തരസ്തുതി' എന്ന് വാത്സല്യ നസ്യത്തോടെ അടയ്ക്കാത്തുണ്ടും വായിലിട്ട് ഇറങ്ങിപ്പോയ ശൂന്യതയാണിപ്പോൾ!

ചവറുവായനയ്ക്കിടയിൽ നല്ലവായന നിലനിൽക്കുന്നിടത്തോളം അക്കിത്തം കവിത മലയാളക്കരയിൽ അലയടിച്ചു കൊണ്ടിരിക്കും. അസത്യത്തിന്റെ അന്ധകാരക്കയത്തിൽ വാക്കുകൾ കൂട്ടിവെച്ചാൽ പോലും എത്തി നോക്കാൻ പറ്റാത്ത നമ്മുടെ മുന്നിൽ പ്രകാശത്തിൻറെ ലോകം തുറന്നത് അക്കിത്തം പോലുള്ളവരുടെ കാവ്യ ജീവിതവൃത്തിയാണ്.

അക്കിത്തംകവിത കറവറ്റ പശുവായിരുന്നില്ല. മുട്ടുന്നേടത്തോളം ചുരത്തി കൊടുക്കുന്ന അകിടു കനമുള്ള കാമധേനുവായിരുന്നു. അത്രത്തോളം ആ ആകിട്ടിലേക്ക് അണഞ്ഞു നിൽക്കാം. ഏതു വിഷയത്തെക്കുറിച്ചും എഴുതാൻ വാർധക്യത്തിൽപ്പോലും കഴിഞ്ഞിരുന്നു. അവതാരിക എഴുതിക്കാനെത്തുന്ന അപരിചിതനെ പോലും നിരാശപ്പെടുത്തിയില്ല.

'ഞാനഹങ്കാരത്തോടെ കയ്യിലേന്തിയതാണീപ്പേന'എന്ന് ഔദ്ധത്യം കാണിക്കാത്ത കവി. പ്രശസ്തിയുടെ ജ്ഞാനപീഠരോഹണത്തിലും വിനയവാൻ. ശിശുവിനെപ്പോലെ നിർമ്മലൻ. കവിയാകണമെങ്കിലെന്തു ചെയ്യണമെന്നോ? കവിയാകണമെന്ന് മോഹിക്കാതിരിക്കുകയെന്ന് വിനയം കൊണ്ടവൻ. മരിക്കാതെരിക്കണമെങ്കിൽ ജനിക്കാതിരിക്കണമെന്ന് പൊട്ടിച്ചിരിച്ചവൻ. പിന്തുണക്കാൻ ആരുമില്ലാത്തവനെന്ന് ഒരു ഘട്ടത്തിൽ കണ്ണീരണിഞ്ഞവൻ.

ശുകപുരം ഗ്രാമത്തിലെ പ്രമുഖ ഓതിക്കൻ കൂടിയായ പിതാവ് അക്കിത്തം വാസുദേവൻ നമ്പൂതിരി മുമ്പേതന്നെ അച്ഛനെ ആകർഷിച്ച വ്യക്തിത്വമായിരുന്നു. കൂടല്ലൂർ ഗുരുകുലത്തിൽ നിന്നായിരുന്നു ബന്ധത്തിന്റെ തുടക്കം. അവിടെ വേദാദ്ധ്യാപനകാലത്ത് തേവാരത്തിന് പരികർമിയായി അച്ഛനുമുണ്ടായിരുന്നു. ആ പൈതൃക ബന്ധം കവിയായ മകനിലൂടെ വളർന്നതിൽ ഏറെ സന്തോഷിച്ചിരുന്നു. മറ്റു യാഥാസ്ഥിക കുടുംബങ്ങൾ



**അന്ധഗ്രാമ കവലയിൽ സ്നേഹദീപം കൊളുത്തുക**

മാറ്റിനിർത്തിയപ്പോഴും അക്കിത്തത്തെ നാലുകെട്ട് സഹർഷം വി.ടിയെ സ്വീകരിച്ചിരുന്നു.

തമിഴ് അക്ഷരമാല അഭ്യസിപ്പിച്ച ഗുരുസ്ഥാനം കൂടി വി.ടിക്കുണ്ടെന്ന് അക്കിത്തം അവകാശപ്പെട്ടിരുന്നു. അച്ഛന്റെ ചില ലേഖനങ്ങൾ പുനരുജീവിപ്പിച്ചത് അക്കിത്തത്തിലൂടെയായിരുന്നു. അക്കിത്തം തിരുത്തുമ്പോൾ കുറിപ്പുകൾക്ക് ഭംഗി കൂടുമെന്ന് അച്ഛൻ പറയാറുണ്ട്. അദ്ദേഹത്തിന്റെ വലിയ കയ്യക്ഷരങ്ങൾ അച്ഛനെ ആകർഷിച്ചിരുന്നു. സരസ്വതിയെ കാറ്റിൽ പറപ്പിക്കരുതെന്ന് നാലപ്പാടൻ പല തവണ ഉപദേശിച്ചതിനാൽ പ്രസംഗ വേദിയിലേക്ക് കയറാൻ അക്കിത്തം വലിയ ഉത്സാഹം കാണിച്ചിട്ടില്ല. പ്രശസ്തിയുണ്ടാകുന്നത് കൃതികളുടെ ഗുണം കൊണ്ട് മാത്രമല്ല, സാഹിത്യകാരനായാൽ ശത്രു വേണമെന്നതാണ് ഉപദേശം. ശത്രുവില്ലെങ്കിൽ എത്ര വലിയ സാഹിത്യകാരനും കുടത്തിലെ വിളക്കാകുമത്രെ.

ശാസ്ത്രവിരുദ്ധമായ ആചാരങ്ങളോടുള്ള പ്രതിഷേധത്തോടെ പ്രസിദ്ധീകരിച്ചിരുന്ന ഉണ്ണിനമ്പൂതിരിയുടെ പത്രാധിപസമിതിയിൽ അംഗമായിരുന്നു അക്കിത്തം. പിന്നീട് സ്വാതന്ത്ര്യത്തിനുശേഷം ആചാരാനുഷ്ഠാനങ്ങളെ തിരിച്ചുപിടിക്കാനുള്ള ശ്രമങ്ങളിലും പങ്കാളിയായി. അത് ആക്ഷേപിക്കപ്പെട്ടു. ചരിത്രത്തിന് ആവർത്തന സ്വഭാവമാണുള്ളത്. അത് പിരിയൻ കോണിയാണെന്ന് കാറൽമാക്സും പറഞ്ഞിട്ടുണ്ടല്ലോ, എന്നാണ് അക്കിത്തം നൽകുന്ന മറുപടി.

നാട് ഭരിക്കലും കൃഷിയും കച്ചവടവും പോലെ പോലെ സമൂഹത്തിനു വേണ്ടിയുള്ള തൊഴിലാണ് ബ്രാഹ്മണ്യവുമെന്ന് അക്കിത്തം വിശ്വസിക്കുന്നു. കണ്ണുണ്ടായാൽ പോരാ ദൂരെ കാഴ്ചയും വേണം. നവോത്ഥാനത്തിന്റെ ശക്തി ഏത് വിപരീത സാഹചര്യത്തിലും സത്യം പറയാനുള്ള ഉള്ള കൂസലില്ലായ്മയാണ്. കവിയുടെ ദുഃഖം സമാജത്തിന്റെ ദുഃഖമാണ്. ആ ദുഃഖത്തിന് രൂപം ലഭിക്കുമ്പോൾ പറയാനാവാത്ത ശാന്തിയും ലഭിക്കും. ആ നിലയ്ക്ക്ശാന്തിയുടെ ദൂതനാണ് അക്കിത്തം.

'അന്ധഗ്രാമക്കവലയിൽ സ്നേഹദീപം കൊളുത്തുക 'എന്ന് ഭാരതീയനു വേണ്ടി ഭരണാധികാരികളോട് ആഹ്വാനം ചെയ്ത ഈ കവിയുടെ കാലത്ത് ജീവിച്ചിരിക്കാൻ സാധിച്ചതിൽ കാലത്തോട് കൃതജ്ഞത പറയാം. ആ കാലപുരുഷനെ അനുസ്മരിക്കാം ഈശാവാസ്യോപനിഷത്തിലെ ഒരു പ്രസ്താവനയിലൂടെ. വായുരനന്നിലമ കൃതമഥേദം ഭസ്മാന്തം ശരീരം. നമ്മുടെ പ്രാണവായു പ്രപഞ്ചവായുവിൽ ലയിക്കും. ശരീരം ഭസ്മമായി തീരും. സങ്കൽപ്പമോ, മരിച്ചയാൾ ചെയ്തതെന്തോ അതിനെ മാത്രം ഓർമിക്കുക. ഓം ക്രതോ. എന്നാണ് സംബോധന. ക്രതു എന്നാൽ സങ്കല്പം. ക്രതുവിൻറെ പത്നി കൃതി ക്രിയ. കർമ്മനിരതരായി നമുക്ക് അഭിവാദ്യമർപ്പിക്കാം പ്രിയപ്പെട്ട ആ കവിയുടെ സ്മരണകൾക്ക്. ●

(വി.ടി ഭട്ടതിരിപ്പാടിന്റെ മകനാണ് ലേഖകൻ മൊബൈൽ:9447837902)


aadya natural
Aadya Natural handmade soaps
With Aadya Natural, Handmade soaps are not a luxury but is for your everyday use
almond & oats
Connect With Nature
redsandal
apple cidar vinegar
shea butter
Feel the Difference!
Aadya Natural handmade soaps
The richness of shea butter, coconut oil along with other essential oils keeps your skin moisturized while the pleasnat
aroma keeps you feeling refreshed. Our soaps are made with 100% natural oils.
Too much exposure to sun and pollution causes damage to the skin.
Treat your skin to oil based soaps which along with its cleansing properties also hydrates the skin.
For Distribution Contact:
Ph: +919483196606 , 9483972969

## കോയമ്പത്തൂർ ആര്യ വൈദ്യ ഫാർമസി

**രോഗപ്രതിരോധ ശേഷി വർധിപ്പിക്കാനുള്ള ഔഷധങ്ങൾ ആയുർവേദത്തിൽ ഉണ്ട്. കൂടുതൽ വിവരങ്ങൾക്ക് AVP യുടെ ടെലി-കൺസൽട്ടിംഗ് സേവനം ഉപയോഗപ്പെടുത്തുക.**

THE ARYA VAIDYA PHARMACY (COIMBATORE) LTD
AVP

**KOZHIKODE**
DR.DEEPTHI RANI P.N 9605611156
DR.BABITHA.E 9544700539
DR.SUJITH 9497256369
DR.DIVYA.P.NAIR 9585222524
DR.K.E.RAVINDRANATH 9947537120
DR.ASHIDA VASUDEVAN 9495980461
DR.MOHANAN A.V 9895203467

**MALAPURAM**
DR. NIYAS HURAIRKUTTY 9447939644
DR.RAMACHANDRAN PV 94472 61095
DR.SHIYAS HURAIRKUTTY 9447643539
DR.PRAKASH NAMBOOTHIRI 9447535695
DR.NABEEL 94477 49231
DR.SMITHA.T 7034435354

**ALAPUZHA**
DR.INDHU SR 9946352150

**THRISSUR**
DR.SREEJA K PILLAI 9446545059
DR.RAJASREE SANTHOSH 9496351974
DR.AISHWARYA BIMAL 96561 23644

**KANNUR**
DR. SRINIVASAN 9846424198
DR. NEETHU 9497090242

**WAYANAD**
DR.PRIYA JILLS 9567196480
DR.MUKUNDAN 9048187333

**PALAKKAD**
DR.N.GOVIND. 8921064760
DR.SURYA RAMACHANDRAN 9496119049
DR.SREEJA VARIER 9043332492
DR.VIDHYA R UNNI 9746474017
DR.ANOOP 9526748842

**ALAPUZHA**
DR.INDHU SR 9946352150

**ERNAKULAM**
DR.C.PADMAJAN. 9847157411
DR.PRAVYA 8907382597
DR.SREEDEVI 6238133161
DR.BEENA 98467 26727
DR.DEEPIKA.S 7306488320

**KOTTAYAM**
DR.REVINDRAN . R . 9447037492
DR. SUNU KURUVILLA 9447042211
DR.GOPU.R.G 9605919428

**THIRUVANANTHAPURAM**
DR.JOB THOMAS 9995401329
DR.A.MALLIKA 9446367649
DR.AJAN.S 9497172748



**FOR CLINICAL & BUSINESS OPPORTUNITIES CALL NOW**
**9447509914 ERNAKULAM KOTAYAM & ALAPUZHA**
**9847607076 CALICUT& KANNUR**
**9446908675 KOLLAM & THIRUVANANTHAPURAM**
**9747000169 PALAKKAD , MALAPPURAM & THRISSUR**
for more details mail us ecom@avpayurveda.com

# ശംകരാ നാദശരീരാ ഹരാ..

**എസ്.പി ബാലസുബ്രഹ്മണ്യത്തിന്റെ ഓർമ്മയിൽ**



**പി.എൻ.വിജയൻ**
പുളിക്കത്തൊടി മന,
കരിക്കാട്,മഞ്ചേരി,
മലപ്പുറം, 676123
**ഫോൺ 9496304123**



ശരീരം സദാ നാദസമ്പൂർണ്ണമായും
തരംഗങ്ങൾ രാഗങ്ങളായും ത്രസിക്കും
ഹരേ,ശങ്കരാ,നിൻ തുടിക്കെന്തു പറ്റീ
വിരൽക്കെന്തു പറ്റീ? കഴൽക്കെന്തു പറ്റീ?

തുടിക്കുന്ന നാദം മുടങ്ങാത്ത ശബ്ദം
മടിക്കുന്നതെന്തേ,മിടിക്കാത്തതെന്തേ?
നടിക്കുന്ന നാട്യം നടത്തുന്ന രംഗം
നൊടിക്കൊന്നു നിൽക്കാൻ നിനക്കെന്തു പറ്റീ?

ജടാഭാരമാടുന്ന മൂർദ്ധാവിൽ നിന്നും
മുകിൽക്കീറു പാറുന്ന പോലെക്കളിക്കും
ശിരസ്സിന്നലങ്കാരമായിത്തിളങ്ങും
മുടിച്ചിന്തു താഴത്തു തെന്നിത്തെറിച്ചോ?

നിലക്കാത്ത ഗംഗാപ്രവാഹത്തിനോളം
നുരയ്ക്കും പതയ്ക്കും പകുത്താഞ്ഞുപാഞ്ഞും
കുതിച്ചും കളിച്ചും കലങ്ങിത്തെളിഞ്ഞും
മുഴങ്ങുന്നലച്ചിന്തുതെന്നിപ്പിരിഞ്ഞോ?

എരിക്കുന്ന നെറ്റിത്തടത്തിന്റെയൂറ്റം
തിളക്കം തിളയ്ക്കുന്ന തീത്തുള്ളി നാളം
പ്രകാശം പകർന്നുജ്വലിക്കുന്നനൃത്ത-
ക്കലാശക്കനൽക്കട്ടയൊന്നറ്റു വീണോ?

ഉദിക്കുന്ന ചന്ദ്രാർക്കർമിന്നിത്തിളങ്ങും
തുടുത്തുള്ള രുദ്രാക്ഷമിററിറ്റു വീഴും
തിളക്കത്തിലൂറുന്ന കാരുണ്യ ബാഷ്പം
മൃദുത്വം സമർപ്പിച്ചു മേലോട്ടുയർന്നോ?

നടുങ്ങാത്ത കണ്ഠം ഭരിക്കുന്ന നാഗം
തുടക്കം മുതൽക്കേയുയർത്തും പ്രമാണം
സ്ഫുടം സൂക്ഷ്മസത്യം സ്ഫുരിക്കും പ്രകാശം
ഫണത്തിൽത്തുടിക്കുന്ന മാണിക്യമൂർന്നോ?

വിരിഞ്ഞോരു മാറത്തു ചാരപ്രപഞ്ചം
സ്ഥിരം പറ്റിനിൽക്കുന്ന വീറുറ്റ മഞ്ചം
തരം താരകോടിക്കു ചാരുത്വമേററാൻ
ഹരത്തോടു മേലോട്ടു പാറിപ്പറന്നോ?

അരക്കെട്ടിലൊട്ടിക്കിടക്കുന്ന തോലിൻ
മുറുക്കം കുറഞ്ഞോ,മടിക്കുത്തഴിഞ്ഞോ?
അരഞ്ഞാണിലാടുന്ന മുത്തിൻ ക്രമത്തിൽ
പ്പരം ശോഭ തൂവുന്നതൂരിത്തെറിച്ചോ?

അഴിക്കും മുറുക്കും പടുക്കും പൊടിക്കും
പൊഴിക്കുന്നൊരാ സത്യസൗന്ദര്യഭാവം
ലയത്തിന്റെ വർണ്ണത്തിലൊന്നങ്ങെടുത്തോ
സ്വയം രാഗമൂർത്തേ തിരിച്ചേ വിളിച്ചോ?

തുടക്കം മുതൽക്കന്ത്യഘട്ടം വരേയ്ക്കും
മുടക്കം വരാതഞ്ചുമൊന്നിച്ചു നിർത്തും
മഹാസാര സംസാര സംഹാരമൂർത്തേ
നിനക്കെന്തുപറ്റീ നിറുത്തം നിറുത്താൻ?
നിറുത്തം = നൃത്തം (തമിഴ്)

# നമ്പൂതിരിയുടെ പരിണാമം




സമുദായങ്ങൾക്കും ബാധകമാണ് പരിണാമം. ഒരാളെ നമ്പൂതിരി എന്ന നിലയിൽ തിരിച്ചറിയുകയോ കണക്കാക്കപ്പെടുകയോ ചെയ്യുന്നത് ചില പ്രത്യേകതകൾ കൊണ്ടാവും. നാലു തലമുറ മുമ്പുള്ള ലക്ഷണങ്ങളാവില്ല ഇന്നത്തെ തലമുറയിൽ. പഴയ കണ്ണട വച്ചു നോക്കിയാൽ ഒന്നും കാണാനാവില്ല. കുടുമ പൂർണ്ണമായും ഇല്ലാതായി.സംസ്കൃതപഠനം വിസ്മൃതമായി. ഭൂപരിഷ്കരണത്തിലൂടെ ഭൂമിയും ഇല്ലാതായി. ഇപ്പോഴത്തെ തലമുറയിലുള്ളവർക്ക് വീണ്ടും മാറ്റം വന്നിട്ടുണ്ടാവും. കൂടുതൽ സാമൂഹ്യജീവിയായ ചെറുപ്പക്കാർ അതിർത്തിക്കപ്പുറത്താണ് എത്തി നിൽക്കുന്നത്. നാളത്തെ തലമുറയിൽ ഇനിയുമുണ്ടാവും മാറ്റങ്ങൾ. അപ്പോൾ മറ്റുള്ളവരിൽ നിന്ന് നമ്പൂതിരിയെ വേർതിരിച്ചു നിർത്തുന്ന ആ ഘടകങ്ങൾ എത്രത്തോളമുണ്ടാവും ആ തലമുറയിൽ. വല്ലതും ശേഷിപ്പുണ്ടാവുമോ. ആശങ്കപ്പെടുന്നവർ ധാരാളമുണ്ട്. അഞ്ചാം വർഷത്തിലേക്കു കടക്കുന്ന സ്വസ്തി ഈ സാഹചര്യത്തിലാണ് വിവിധ വിഭാഗക്കാരായ ചില നമ്പൂതിരിമാരിൽ നിന്ന് അഭിപ്രായം തേടിയത്. പ്രാതിനിധ്യസ്വഭാവമുള്ള അഭിപ്രായങ്ങൾ. നമ്പൂതിരിവിപ്ളവത്തിന്റെ അനിഷേധ്യ നേതാവ് വി.ടി ഭട്ടതിരിപ്പാടിന്റെ മകൻ വി.ടി വാസുദേവൻ മുതൽ പുതുതലമുറയിലെ ടെക്നോക്രാറ്റുകൾ വരെ അഭിപ്രായം പങ്കിട്ടു. വാലും നൂലും സസ്യാഹാരവും വേദമന്ത്രങ്ങളും കൊണ്ട് അതിരിട്ട നമ്പൂരിത്തം പുതിയ ഫോർമാറ്റിലേക്ക് പരിണമിക്കുകയാണോ



### വി.ടി ഭട്ടതിരിപ്പാടിന്റെ മകൻ വി ടി വാസുദേവൻ പറയുന്നു

## എനിക്ക് മനുഷ്യനായി ജനിച്ചാൽ മതി

**വി.ടി.വാസുദേവൻ**

വേദമന്ത്രങ്ങൾ ഒന്നുപോലും ഉരുക്കഴിക്കാതെ 'മുഷിപ്പൻ അനധീതി മംഗലത്തുകാരനായി'ക്കഴിയുന്ന ഞാൻ. ഋഗ്വേദം കമ്പോടുകമ്പ് ഉരുവിട്ടു പഠിച്ചിട്ടും അക്ഷരശൂന്യനായി പോത്തൻ ശാന്തിക്കാരനായിത്തീർന്ന ഒരാളുടെ മകനും. ഭേഷ്, എന്നെത്തന്നെയാണ് തിരഞ്ഞെടുക്കേണ്ടത് ബ്രാഹ്മണ സംസ്കാരത്തെക്കുറിച്ചുള്ള ഇത്തരം ദുശ്ചോദ്യങ്ങൾക്ക് ഉത്തരം പറയാൻ!

വി.കെ.എൻന്റെ ഒരു കഥയുണ്ട് - കോരിച്ചൊരിയുന്ന മുടിയഴിച്ചിട്ട് പയ്യനു മുമ്പിൽ ഒരു പീഠത്തിലിരുന്ന് പ്രിയ പറഞ്ഞു.

ഒരു കഥയെഴുത്, പയ്യൻ.

എന്തു കഥ?

ഒരു നക്സൽബാരിക്കഥ.

എനിക്ക് പേടിയാണെടീ. കഥ നക്സലാവുമ്പോൾ ഒരുപാട് ചോര ചൊരിയേണ്ടിവരും.

അതിനെന്താ? പ്രിയനേ, ചുകന്ന മഷികൊണ്ട് എഴുതിക്കോ.

അപ്പോൾ കോടിയുടുത്ത് കുടുമയും ചന്ദനക്കുറിയുമായി പേരിന്റെ പിന്നാലെ വാലും ചാർത്തി വേണം സംസാരിക്കേണ്ടതെന്നോ? "ഊണു കഴിക്കാനില്ലതുപോട്ടെ- പൂണൂലുള്ള വരല്ലേ നമ്മൾ?" എന്ന് പ്രസിദ്ധ കവി വെള്ളാനശ്ശേരി വാസുണ്ണി മൂസ്സ് അഭിമാനിച്ചതുപോലെ 'സ്വസ്തി' വായനക്കാരെ പ്രലോഭിപ്പിക്കണമെന്നോ?

നാം മറ്റുള്ളവരെ അറിയുന്നതിൽ വിദഗ്ധരാണ്, എന്നാൽ നമ്മെ അറിയാൻ താൽപര്യമില്ല എന്ന ആത്മാന്വേഷണത്തിൽ നിന്നാണ് ചോദ്യങ്ങളെങ്കിൽ മുൻകൂർ ജാമ്യമെടുക്കുന്നു- മുഴുത്ത അജ്ഞനാണ് ഞാനും.

"ഏതു വെളിച്ചത്തിൻ ജഡം ഞാനെന്ന വിഗ്രഹം?" ആദർശവൽക്കരിക്കാൻ സാധിക്കാത്ത വ്യാമോഹിതരെപ്പറ്റി പ്രിയകവി കെ.ജി.ശങ്കരപ്പിള്ള ഇങ്ങനെ ചോദിച്ചിട്ടുണ്ട്.

നമ്മെ ഊതിവീർപ്പിക്കാൻ നാം ഉപയോഗിക്കുന്ന ഒന്നാണ് സ്വാഭിമാനം. പ്രപഞ്ചത്തിലെ എന്തോ വിശിഷ്ട ജീവികളാണെന്ന മട്ടിൽ നാം പ്രദർശിപ്പിച്ചുകൊണ്ടിരിക്കുന്ന അഹന്ത. ഇതു തകർത്തു തരിപ്പണമാക്കാതെ നമുക്ക് മുന്നേറാനാവില്ല. സൽക്കർമ്മങ്ങൾ പൂർണ്ണമായി അനുഭവിക്കണമെങ്കിൽ അനഹങ്കാരം എന്ന സൽബുദ്ധി നിലനിൽക്കണമെന്ന് ദേവീഭാഗവതത്തിൽ ജനമേജയൻ വൈശമ്പായനനെ ഉപദേശിച്ചപ്രകാരം പരസ്പര വൈരം പരിത്യജിച്ച് ഒരുമിച്ചുചേരൂ, ഒരുമിച്ചു സംസാരിക്കൂ, സകലവിധ കലഹങ്ങളിൽ നിന്നും വിമുക്തരായി ആത്മസുഹൃത്തുക്കളാവൂ എന്ന വേ



## പരിഷ്കാരങ്ങൾകടന്നു വരുമ്പോൾ അധ:പതിച്ചു എന്ന ചിന്ത ആപത്കരം

കാലാനുസൃതമായ മാറ്റങ്ങളും പരിഷ്കാരങ്ങളും നമ്മുടെ ഇടയിലേക്ക് കടന്നു വരുമ്പോൾ സമുദായം അധ:പതിച്ചു എന്ന ചിന്ത തന്നെ ആപത്കരമാണ്. കാലഘട്ടത്തിന്റെ മാറ്റങ്ങളെ ഉൾക്കൊണ്ടേ മതിയാകൂ.

എന്നുവെച്ച്, യാതൊരു ആചരണവും ഇല്ലാതെ, എല്ലാറ്റിനേയും വൈരുദ്ധ്യത്തോടെ നോക്കുന്ന സമീപനവും ശരിയല്ല.പല ആചരണ വിധികളും,നിത്യ കർമ്മങ്ങളും ചെയ്യേണ്ടതായിട്ടുണ്ടെങ്കിലും, ഇതൊക്കെ എന്തിനു ചെയ്യണം, ഈ ക്രിയകളുടെയൊക്കെ വിശേഷമെന്ത്, മന്ത്രങ്ങളുടെ അർത്ഥമെന്ത് തുടങ്ങിയ കാര്യങ്ങളിൽ മതിയായ ബോധം തലമുറകൾക്ക് കിട്ടാത്തത് കൊണ്ടാണ് ഇതിന്റെയൊക്കെ പ്രാധാന്യം നാം അറിയാതെ വരുന്നത്.

ആചരിച്ചു കാണിക്കാതെ, ആചരണങ്ങൾ എങ്ങനെയാണ് വരും തലമുറകൾക്ക് വേണ്ടി നിലനിൽക്കുക...?ഞാൻ നമ്പൂതിരിയാണ്, ഞാൻ ഹിന്ദുവാണ് എന്ന് പറഞ്ഞഭിമാനിക്കുന്ന ഒരു സംഘടിത ശക്തിയെയാണ് വേണ്ടത്.

കാലത്തിന്റെ മാറ്റങ്ങളെ ഉൾക്കൊണ്ട്, ആചാര വിശ്വാസങ്ങളെ സംരക്ഷിക്കുന്ന ആധുനിക നമ്പൂതിരിമാരായി നമുക്ക് മാറാൻ സാധിക്കണം...! ●

**കൈലാസ്. വരോടി ഇല്ലം,**
കൊളക്കാട് പി.ഓ.അത്തോളി,
കോഴിക്കോട് പിൻ 673315
മൊബൈൽ 8301829021
ഗുരുവായൂരപ്പൻ കോളേജിൽ നിന്ന് ഈ വർഷം ബിരദം കഴിഞ്ഞ ആളാണ് കൈലാസ്.

ദത്തിലെ അവസാന സൂക്തത്തിലേക്ക് നാം എത്തിയില്ല ഇനിയും.

നാം ഒരധിനിവിഷ്ട ജനതയാണ്. ജീവിതരീതിയിലും ചിന്താഗതിയിലും സംസ്കാരത്തിലും നമുക്കുണ്ടായ മാറ്റം. ഒരുകാലത്ത് നാം ഏറെ ഉപയോഗിച്ചിരുന്ന ആചാരവും ഭാഷയും ഇന്ന് ശബ്ദകോശത്തിൽ ചത്തുകിടക്കുന്നു. വിസ്മൃതം, തിരസ്കൃതം, തമസ്കൃതമായി. ചിലത് പാഠപുസ്തകങ്ങളിലും ഗവേഷണങ്ങളിലും പ്രൊജക്റ്റുകൾക്കുള്ള തലക്കെട്ടുകളുമായി.

സ്ത്രീജനങ്ങളുടെ അനുതാപം കുടുംബത്തെയല്ല, സമുദായത്തെയല്ല, രാജ്യത്തെത്തന്നെ ചുട്ടെരിക്കും എന്ന് ഉദ്ഘോഷിച്ച നാട്ടിൽ സപത്നീകലഹങ്ങളാൽ കളങ്കപങ്കിലമായിരുന്ന സന്താനങ്ങൾക്ക് പിതൃമാതൃ ലാളന കിട്ടാതെ പോയി. പിടഞ്ഞെഴുന്നേറ്റ് മറക്കുട വലിച്ചെറിഞ്ഞ് സ്വാതന്ത്ര്യവും വിദ്യയും സ്വദേശത്തും വിദേശത്തും ഉദ്യോഗങ്ങളും നേടിയ നമ്പൂതിരി വനിത ഇന്ന് 'അന്തർജനം' എന്ന വാൽ സ്വീകരിക്കാൻ തയ്യാറാവുമോ? ഉത്തരേന്ത്യയിലെ ഠാക്കൂർ ബ്രാഹ്മണർ മാത്രമേ സ്ത്രീയുടെ ഈ മുന്നേറ്റം ഉൾക്കൊള്ളാതെയുള്ളൂ.

കർമ്മകുശലതയായിരുന്നു പുരുഷന് വിധിച്ച ജീവിതധർമ്മം. 'യോഗഃ കർമ്മസുകൗശലം'. പൂണൂലോ ഉത്തരീയമോ അജിനവസ്ത്രമോ ഉപാംഗങ്ങൾ മാത്രം. ഉപരിവിദ്യാഭ്യാസത്തിന് ഗുരുസമീപത്തേക്ക് നയിക്കലാണ് ഉപനയനം. വിദ്യാഭ്യാസ പൂർത്തിക്കുശേഷം സമാവർത്തനം. ഉത്തരീയാദികൾ ശരീരത്തെ രക്ഷിക്കാനുള്ള ഉപായവും. ഇന്ന് ഉപനയനാദികൾ, വിവാഹം എ



## നമ്പൂതിരി എന്ന പേരിൽ അറിയപ്പെട്ട ആളു തന്നെ

നമ്പൂതിരി എന്ന പേരിൽ അറിയപ്പെട്ട ആളു തന്നെയാണ്. അഭിമാനവുമാണ്. പക്ഷെ ജാതീയമായി വേർതിരിഞ്ഞ് പോരടിക്കാത്ത ഹൈന്ദവമാണ് മനസ്സിൽ. പ്രത്യേകിച്ച് ഉച്ചനീചത്വം മനസ്സിൽ ഇല്ലാതിരുന്ന ഒരു പൈതൃകമാണ് നമുക്ക് ഉണ്ടായിരുന്നത്. ഓലക്കുടയാൽ മറപിടിക്കുമ്പോഴും ദൂരെ നിൽക്കുന്നവരുടെ ചെറിയ ചെറിയ പ്രശ്നങ്ങൾ പോലും പങ്കിടാൻ മനസ്സുള്ള സംസ്കാരത്തിൽ നിന്ന് രാഷ്ട്രീയവും സമൂഹവും വല്ലാതെ പിന്തിരിഞ്ഞപ്പോൾ വാലു മുറിക്കാൻ തോന്നിയെന്നേയുള്ളൂ. മാത്രമല്ല സ്ഥലപ്പേരിൽ അറിയപ്പെടുമ്പോൾ നമ്മുടെ വ്യക്തിത്വം വിശാലമാകുന്നുവെന്നും ഞാൻ വിശ്വസിച്ചു. കുറി തൊടുക പൂണൂൽ ധരിക്കുക ക്ഷേത്ര ദർശനം സാത്വിക കർമ്മങ്ങൾ ശാന്തി ഇതൊക്കെ ഞാൻ ഇഷ്ടപ്പെടുന്നവയാണ്.ശാന്തി വൃത്തി പോലും ത്യാഗത്തിന്റെ ചിഹ്നമാണെനിക്ക് ●

**കൈതപ്രം**

ല്ലാം വീഡിയോവിൽ പ്രദർശനത്തിന്. ഉപേക്ഷിച്ച മറക്കുടയെടുത്ത് വൈശിഷ്യം നടിക്കാനും മടിയില്ല.

സ്നോവൈറ്റ് എന്ന സുന്ദരിയുണ്ടായിരുന്നു. താൻ ലോകത്തിലെ അതിസുന്ദരിയാണെന്ന് അവർക്കറിയാം. പക്ഷേ, അത് മറ്റാരെങ്കിലും രഹസ്യമായി സമ്മതിക്കണം. കിടപ്പുമുറിയിലെ കണ്ണാടിയെയാണ് അതിന് ആശ്രയിച്ചത്. ഇന്നലെ എന്തായിരുന്നു എന്ന് ഓർമ്മിക്കുന്നതു പോലും പ്രകടനത്തിലൂടെയുള്ള ഈ സ്വാഭിമാനത്താൽ. വളഞ്ഞ മാർഗ്ഗങ്ങളിലൂടെ, കപടതന്ത്രങ്ങളിലൂടെ എളുപ്പത്തിൽ സമ്പാദിച്ച കോടീശ്വരന്മാർ ആദ്യം ചെയ്യുന്നത് പിതാക്കളുടെയും പിതാമഹന്മാരുടെയും ചിത്രങ്ങൾ സ്വീകരണമുറികളിൽ പ്രദർശിപ്പിച്ചാണ്. തലമുറകളായി സംസ്കാര സമ്പന്നതയുണ്ടെന്ന് കാണിക്കാൻ, വലിയ പാരമ്പര്യമുണ്ടെന്ന് വെളിപ്പെടുത്താൻ. സമ്പന്നരായി മാറിയ ദളിതരെപ്പോലും ഈ വരേണ്യവൽക്കരണം ബാധിച്ചിട്ടുണ്ട്.

നമ്മുടെ രാജ്യം ബഹുമത രാഷ്ട്രമാണ്. വിശ്വത്തിന്റെ കടൽത്തീരം എന്ന് ഭാരതത്തെ വിശേഷിപ്പിക്കാം. ലോകത്തിലെ എല്ലാ മതങ്ങളും ഇവിടെയുണ്ട്. ബഹുവിശ്വാസം പുലർത്തുന്ന ജനത അധിവസിക്കുന്ന രാജ്യം. കച്ചവടത്തിന്, വെട്ടിപ്പിടിക്കാൻ, ചില വിശ്വാസങ്ങൾ പ്രചരിപ്പിക്കാൻ ഇവിടെ പലരും വന്നിട്ടുണ്ട്. പക്ഷേ, നാം ആരെയും ആട്ടിപ്പായിച്ചിട്ടില്ല. മതങ്ങളുടെ അടിത്തറ ചില വിശ്വാസങ്ങളാണ്. അവ അനുയായികളെ സ്വതന്ത്രമായി ചിന്തിക്കാൻ സഹായിക്കുന്നില്ല. അതിനാൽ മനുഷ്യനേയും മനുഷ്യനേയും വേർതിരിക്കുന്ന അതിർവരമ്പുകൾ ഉടച്ചുകളഞ്ഞിട്ടില്ല. കോടിക്കണക്കിനാളുകൾ ജനിക്കുന്നു, വളരുന്നു, മരിക്കുന്നു. യഥാർത്ഥ മനുഷ്യത്വത്തിലേക്ക് ഉയർന്നവർ വിരളം.

## അമ്പത് കൊല്ലം കഴിഞ്ഞാൽ



മാറ്റം ശരിയാണ്.മാറ്റമില്ലാതെ തുടരുന്നത് എന്താണ്.അത് ഇനിയും അമ്പതോ നൂറോ കൊല്ലം കഴിഞ്ഞാലും മാറാതെ നിൽക്കുമോ. ലോജിക്കലി, നിൽക്കണം.അമ്പത് കൊല്ലം കഴിഞ്ഞാൽ എന്റച്ഛൻ നമ്പൂര്യാർന്നു മുത്തശ്ശി നമ്പൂരിക്കുട്ടിയാർന്നു എന്നൊക്കെ പറയണോരെ അധികധികം കണ്ടടങ്ങും ന്നാ തോന്നണേ. ●

**രാമചന്ദ്രൻ തെക്കേടത്ത് ഗുരുവായൂർ**
ഓഫീസർ,ധനലക്ഷ്മി ബാങ്ക്
**മൊബൈൽ 9496444500**

# പഴയതിനെ പാടേ മറന്ന് പുതുമയുടെ പുറകെ പോവുന്നത് ശരിയല്ല



**ലളിതാംബിക അന്തർജനത്തിന്റെ മകൾ മണികൃഷ്ണൻ പറയുന്നു**

പണ്ടൊരു കാലം വി.ടി ഭട്ടതിരിപ്പാട് പറഞ്ഞു. നമ്പൂതിരിയെ മനുഷ്യനാക്കണം. എന്നാൽ ഇന്നതു മാറ്റിപ്പറഞ്ഞു തുടങ്ങിയിരിക്കുന്നു. മനുഷ്യനെ നമ്പൂതിരിയാക്കണം എന്ന് , ശരിയല്ലേ. നമ്പൂരിത്തം എന്നൊന്നുണ്ടോ അത് ഒരു ജീവിത ശൈലിയാണ്. ആചാരാനുഷ്ഠാനങ്ങളും ആത്മീയതയും ആഹാരരീതികളും അടങ്ങിയ സാത്വികമായ ഒരു ജീവിത രീതി. മുമ്പ് നമ്പൂതിരി സമുദായത്തിൽ ഒരുപാട് അനാചാരങ്ങൾ നില നിന്നിരുന്നു. പ്രത്യേകിച്ചും സ്ത്രീകൾ അനുഭവിച്ചിരുന്ന അനീതികളും അരുതുകളും. മുൻ തലമുറയിലെ ചിലരുടെ പരിശ്രമഫലമായി അതെല്ലാം ഇല്ലാതാക്കാൻ കഴിഞ്ഞു. യോഗക്ഷേമ സഭയുടെ പ്രവർത്തനങ്ങൾ ഒരു പരിധിവരെ സഹായകമായി. പുറത്തിറങ്ങി പ്രവർത്തിക്കാൻ കഴിയാത്ത സ്ത്രീകൾ അന്തർജനങ്ങൾ അകത്തളങ്ങളിലിരുന്ന് പൊരുതി. അവരുടെ ആയുധം പേനയായിരുന്നു. അക്ഷരങ്ങളായിരുന്നു. പാർവതി നെന്മിനിമംഗലം ആര്യാപള്ളം ലളിതാംബികാ അന്തർജനം തുടങ്ങിയ വനിതകൾ മൂർച്ചയേറിയ വാക്കുകൾ കൊണ്ട് സ്ത്രീകളുടെ നവോത്ഥാനത്തിനായി പടവെട്ടി. എന്നാൽ ഇന്ന് നമ്പൂരിത്തം എന്നു പറഞ്ഞു നടക്കുന്ന പലതിനോടും എനിക്കു യോജിപ്പില്ല. കാരണം കാലം മാറി. കാലത്തിനൊപ്പം കോലവും മാറണമെന്നാണല്ലൊ ചൊല്ല്. നമ്പൂതിരി സമുദായം ഇന്ന് ഒരു വഴിത്തിരിവിൽ വന്നു നിൽക്കുന്നു. പുതിയ തലമുറ നമ്പൂരിത്തം മറന്ന് ഒരു നവലോകം പടുത്തുയർത്താനുള്ള വ്യഗ്രതയിലാണ്. പഴയതിനെയെല്ലാം പാടേ മറന്ന് പുതുമയുടെ പുറകെ പോവുന്നത് ശരിയല്ല. നല്ലതിനെ സ്വീകരിക്കാനും കെട്ടതിനെ ത്യജിക്കാനുമുള്ള സദ്ബുദ്ധി അവർക്ക് ഉണ്ടാവട്ടെ എന്നാശിക്കുന്നു. നമ്പൂരിത്തം അക്ഷരങ്ങളിൽ മാത്രം ഒതുങ്ങി നിൽക്കുന്ന ഒരു വെറും വാക്കായി മാറിയിരിക്കുന്നു. ഇതിനു പ്രതിവിധി എന്താണ്. കാലം കരുതി വച്ചിരിക്കുന്ന ആ വിധിക്കായി നമുക്ക് കാത്തിരിക്കാം. എല്ലാം നല്ലതിനായി ഭവിക്കട്ടെ എന്നു പ്രാർത്ഥിക്കാം. ●




**മണി കൃഷ്ണൻ** നെയ്തശ്ശേരി മഠം വാഴപ്പിള്ളി,കോട്ടയ്ക്കകം, തിരുവനന്തപുരം **മൊബൈൽ 9446750922**



## പൂണൂലിട്ടില്ലെങ്കിലും പൂജ ചെയ്തില്ലെങ്കിലും

**ജ്യോതിർമയി ശങ്കരൻ,** ഓംകാരം
വടക്കേടത്ത് മന,എടക്കളത്തൂർ പി.ഒ.
തൃശൂർ 680552 **മൊബൈൽ: 9567555530**

മാറ്റം എവിടെ വന്നാലും എന്തെന്നും, എന്തിനെന്നും,എന്താവുമെന്നും ചിന്തിയ്ക്കാതെ വയ്യല്ലോ. ആ മാറ്റം സമൂഹത്തിലെ ഒരു വിഭാഗത്തെ ഒന്നടങ്കം പ്രതികൂലമായി ബാധിയ്ക്കുന്നതായാൽ പ്രത്യേകിച്ചും.നമ്പൂരിത്വം എന്ന വാക്കിനെ ഒട്ടനവധി പരിവർത്തനങ്ങളാൽ പണ്ടേ നേർപ്പിച്ചു കഴിഞ്ഞവരാണ് നാം.പല പല പരിവർത്തനങ്ങളിലൂടെ. അന്നൊന്നും ഉണ്ടാവാത്ത ഭയമിന്നെന്തേ ഉണ്ടായത്? കാരണം, ആധുനിക വിദ്യാഭ്യാസവും ടെക് യുഗത്തിന്റെ ആവിർഭാവവും തന്മൂലമുള്ള മെച്ചമാർന്ന ജീവിത സൌകര്യങ്ങളുമാണ് യുവാക്കളിൽ മാറ്റങ്ങൾക്ക് പ്രചോദനമായത്. ഒരേയൊരുകാര്യം നമുക്ക് ചെയ്യാനാകുന്നത് അടുത്ത തലമുറയിലേക്ക് നമ്മുടെ സംസ്കാരത്തെ പകർന്നു കൊടുക്കൽ മാത്രം. അതിന്റെ ഏതുവിധ വകഭേദമായാലും മനുഷ്യനന്മയാകട്ടെ അവരുടെ ലക്ഷ്യം. പഴയരീതികൾ തുടരാനാകുന്നൊരു ചെറിയ വിഭാഗത്തിന് നിലനിൽക്കാൻ കഴിയുമെങ്കിൽ ചെയ്തോട്ടെ. പൂണൂലിട്ടില്ലെങ്കിലും പൂജയും ജപവും സന്ധ്യാവന്ദനവും ചെയ്തില്ലെങ്കിലും തലമുറകളിലേയ്ക്കായി സ്വയമറിയാതെ തന്നെ നാമൊക്കെ നമ്പൂരിത്തനന്മയുടെ തനതായ സത്തയുടെ എന്തെങ്കിലുമൊക്കെ എന്നും പകർന്നു കൊടുത്തുകാണില്ലേ? അവ മതിയല്ലോ, അവിടെക്കാണും സന്തോഷിയ്ക്കാനായി, ആകുലപ്പെടാതിരിക്കാനും. ●

വന്നേരിയിലെ ഒരു വൃദ്ധബ്രാഹ്മണൻ ''അല്ല, മാപ്ല എന്നേ മനുഷ്യനായത്'' എന്ന് നിഷ്കളങ്കതയോടെ അഭിപ്രായപ്പെട്ട കഥ വന്നേരിയിലെ ഇ.എം.എസ്. എന്നു വിളിച്ചിരുന്ന ഇ.എം.എസ്. നാരായണൻ പറഞ്ഞു കേട്ടിട്ടുണ്ട്. മുസ്ലീം ചങ്ങാതിയുടെ കല്യാണത്തിന് പോകാൻ കുറച്ചു പണം ചോദിച്ചപ്പോൾ ഇ. എം. എസ് നാരായണന്റെ അച്ഛന്റെ മറുപടി 'അത് മാപ്ലയല്ലേ' എന്നായിരുന്നു.

''എന്താ അച്ഛാ മാപ്പിള മനുഷ്യനല്ലേ?'' എന്ന് ചോദിച്ചപ്പോൾ 'മാപ്പിള മനുഷ്യനായോ' എന്ന് അച്ഛൻ അമ്പരന്നു. മാപ്ല മനുഷ്യനാവുന്നത് അദ്ദേഹത്തിന്റെ അച്ഛന് അത്ര വിരോധമുള്ള കാലവുമല്ല. വന്നേരിയിലെ ഗ്രാമം എന്ന പ്രദേശത്തെ ഇളയിടത്തുമനക്കലെ നാലുകെട്ടിൽ ഇ.എം.എസ്. നാരായണന്റെ വിവാഹത്തിന് കൈകൊട്ടിക്കളിക്ക് അന്തർജനങ്ങളോടൊപ്പം മുസ്ലീം പെൺകിടാങ്ങളും പങ്കെടുത്തിരുന്നു. മുസ്ലീം സ്നേഹിതരുടെ കോൽക്കളിയുമുണ്ടായി. പി.കെ.എ.റഹീമിന്റെ (സ്വതന്ത്ര ചിന്തകൻ) മകൾ ഷീബയുടെ കല്യാണത്തലേന്ന് നമ്പൂതിരി സമുദായത്തിലെ കാട്ടുമാടം മനക്കലെ ജയ, മായ എന്നീ പെൺകിടാങ്ങളാണ് മൈലാഞ്ചിയണിയിച്ചത്. അറുപതാണ്ടിനു മുമ്പുള്ള ചരിത്രസംഭവം.

# നമ്മുടെ ജനസംഖ്യ കുറയുന്നു



സ്ത്രീകൾക്കും പൂജ ചെയ്യാമെന്ന് വിശ്വസിക്കുന്നു. താത്പര്യമുള്ളവരെ കണ്ടെത്തി വിധി പ്രകാരം ട്രെയിനിങ്ങ് കൊടുക്കുക.അവരുടെ ജീവിതം കംഫർട്ടബിൾ ആവും.സാമ്പത്തികവും കിട്ടും. വിരസതയും ഒഴിവാകും.

അമൃതാനന്ദമയിയുടെ ആശ്രമത്തിൽ വലിയ ഹോമങ്ങൾ പോലും ചെയ്യുന്നത് കണ്ടിട്ടുണ്ട്. കേരളത്തിൽത്തന്നെ ഷഡാധാര പ്രതിഷ്ഠയുള്ള ആശ്രമ ക്ഷേത്രങ്ങളിലും ബ്രഹ്മചാരിണികൾ മണിയടിച്ച് പൂജ ചെയ്യുന്നതും കണ്ടിട്ടുണ്ട്. നേപ്പാളിലെ തണുപ്പുറയുന്ന മുക്തിനാഥ് ക്ഷേത്രത്തിൽ പോയിരുന്നു. അവിടെ പൂജാരിണിയാണ് പ്രധാനി.മെൻസസ് ആണ് പ്രശ്നം എങ്കിൽ അത് കഴിഞ്ഞവർ ഉണ്ടല്ലോ.വിഷയം തന്ത്രിമാരെ ബോധ്യപ്പെടുത്തി അവരിലൂടെ കാര്യം സാധിക്കണം. പുരുഷന്മാരെക്കാൾ ഉപാസനാ ലെവൽ കൂടിയ എത്രയോ അന്തർജനങ്ങളെ കണ്ടിട്ടുണ്ട്.

പൊതുസമൂഹത്തിന്റെ കൂട്ടയോട്ടത്തിൽ കൂടെ ഓടിയെ പറ്റൂ. ഒരു ചുവട് മുന്നിൽത്തന്നെ.കൂടെ ഓടാതിരുന്നാലും പിന്തിരിഞ്ഞാലും ചവിട്ടേറ്റ് തരിപ്പണമാകും.

ഒരു നാടിന്റെ നെടുംതൂണുകൾ നാലെണ്ണം ആണ്. ഭരണയന്ത്രം, നിയമവ്യവസ്ഥ, നിയമനിർമ്മാണസഭ, മാധ്യമങ്ങൾ. ഇവിടെയെല്ലാം ഒന്നാമതെത്താനുള്ള ദിശാബോധം ചെറുപ്പത്തിലെ കൊടുക്കണം. ഐഎഎസ് പോലുള്ള ഉന്നത പരീക്ഷകൾ എഴുതാൻ പ്രത്യേകം ബോധവൽക്കരണം കൊടുക്കുക.

ധർമത്തെ രക്ഷിക്കാൻ എന്ന കാഴ്ചപ്പാടോടെ തന്നെ ബിസിനസ് ബാങ്കിംഗ് മേഖലകൾ ഭംഗിയായി ചെയ്യുക. നല്ല കർഷകരായിരുന്നു ബ്രാഹ്മണർ. ഭൂമിയുള്ള ബ്രാഹ്മണർ ശാസ്ത്രീയമായ കൃഷിരീതികൾ പഠിച്ചു ചെയ്യുക. നമ്പൂതിരി രാജ്യം ഭരിച്ച നാടാണിത്. സാമർത്ഥ്യം ഉള്ളവർ രാഷ്ട്രീയത്തിൽ മുൻനിരയിൽ എത്തുക. അതിഭീകരമായി നമ്മുടെ ജനസംഖ്യ കുറഞ്ഞു കൊണ്ടിരിക്കുന്നു. ഇതിന് പരിഹാരമായി ദമ്പതിമാർക്ക് ആത്മവിശ്വാസം നൽകുക. ഓരോ കുടുംബത്തിലും മൂന്നോ നാലോ കുട്ടികൾ വേണം. അവരെ നല്ല രീതിയിൽ വളർത്താനുള്ള മാർഗ്ഗവും കണ്ടെത്തണം.

ഫുഡ് പ്രോസസ്സിംഗ് വലിയ സാമ്പത്തിക സഹായം ചെയ്യുന്ന മേഖലയാണ് വൻതോതിൽ സാമ്പത്തിക സഹായം കിട്ടും കോടിക്കണക്കിന് രൂപ കിട്ടുന്ന വൻ പ്രോജക്ടുകൾ ഉണ്ട്. അതിനെ ഒരു നമ്പൂതിരി ബ്രാൻഡ് ആക്കുക.അങ്ങനെയൊരു ചിന്ത ഇല്ലാത്തത് കൊണ്ടല്ലേ നമ്പൂതിരി മറ്റുള്ളവർക്കു വേണ്ടി പരസ്യം ചെയ്യുന്നത്. ഹോട്ടൽ ഒരു ബ്രാൻഡാക്കി വളർത്തി ഗ്ലോബൽ ആക്കി മാറ്റാം. ●

**സി.എൻ.സോയ**, സംസ്ഥാന പ്രസിഡന്റ് യോഗക്ഷേമസഭ വനിതാ വിഭാഗം വരിക്കുവേലിൽ മഠം
പത്തനംതിട്ട: **മൊ: 9447568132**

"വി.ടി.ഭട്ടതിരിപ്പാട് എന്ന പേരിലാണ് ഞാനറിയപ്പെടുന്നത്. ഭട്ടതിരിപ്പാട് എന്നു പറയുന്നതിൽ ഒരു മഹത്വവുമില്ല. എങ്കിലും അങ്ങനെയല്ലെങ്കിൽ എന്നെ ആരും അറിയില്ല" എന്ന് അച്ഛൻ നീതീകരിക്കുന്നത് ഞാൻ കേട്ടിട്ടുണ്ട്. മനുഷ്യനേയും മനുഷ്യനേയും തമ്മിൽ വേർതിരിക്കുന്ന എല്ലാ വേലിക്കെട്ടുകളും പൊളിക്കണമെന്നാഗ്രഹിച്ച അച്ഛനെത്തന്നെ ഉദ്ധരിച്ച് എന്റെ ശിഥിലചിന്ത അവസാനിപ്പിക്കാം.

"അടുത്ത ജന്മത്തിലും ബ്രാഹ്മണനായിത്തന്നെ ജനിക്കണം എന്നാണോ മോഹം? അങ്ങനെ ചോദിച്ചേക്കാം. എങ്കിൽ ഇതാണുത്തരം. അടുത്ത ജന്മത്തിൽ നമ്പൂതിരിയും നായരും അമ്പലവാസിയുമൊക്കെ ഉണ്ടാവുമോ എന്തോ? ഉണ്ടായാലും ഇല്ലെങ്കിലും എനിക്ക് മനുഷ്യനായി ജനിച്ചാൽ മതി. മനുഷ്യൻ, നല്ല മനുഷ്യൻ" ഈ യാത്രയിൽ ആശൗചം, നമ്പൂതിരിത്തം തുടങ്ങിയ ഒരു പ്രശ്നവും നിലനിൽക്കില്ല. ●

**മൊബൈൽ:9447837902**

# മനുഷ്യത്വത്തിലേക്കാണ് ഉയരേണ്ടത്



നമ്പൂരിത്തം എന്ന വൃത്തത്തിൽ ഒതുങ്ങിനിൽക്കുമ്പോൾ അതിൽ ഒരു സമുദായത്തിന്റെയും അതിന്റെ സങ്കുചിതത്വത്തിന്റെയും അതിരുകൾ ചിലപ്പോൾ ഒരു ബന്ധനമാവും. അതിൽ നിന്ന് പുറത്തു കടക്കാനും കൂടുതൽവിശാലമായ ഒരു ലോകത്തേയ്ക്കു കാലു വെയ്ക്കാനുമാണ് കഴിഞ്ഞ നൂറ്റാണ്ടിൽ ചിലർ ശ്രമിച്ചത്. ഞാൻ ഒരു കമ്യൂണിസ്റ്റു അനുഭാവിയാണ്. എനിക്ക് നമ്പൂരിത്തത്തിലോ നായരത്തത്തിലോ തീയത്തത്തിലോ ചെറുമത്തത്തിലോ ഒരു കൂര പണിഞ്ഞ് ഒതുങ്ങാൻ കഴിയില്ല. സമുദായചിന്തകളിൽ നിന്ന് നമ്മൾ മനുഷ്യത്വത്തിലേക്കാണ് ഉയരേണ്ടത്. സമത്വത്തിലേയ്ക്കാണ് വികസിക്കേണ്ടത്. നന്മയിലേയ്ക്കാണ് എത്തിച്ചേരേണ്ടത്. എല്ലാവർക്കും അവരവരെപ്പോലെ മറ്റുള്ളവരേയും കാണാൻ കഴിയട്ടെ ●

പി.എൻ.വിജയൻ പുളിക്കത്തൊടി മന,
കരിക്കാട്,മഞ്ചേരി, മലപ്പുറം, 676123
**ഫോൺ 9496304123**

# ഇതരജാതിക്കാരുടെ നുഴഞ്ഞു കയറ്റം അപകടകരം



സ്വന്തം വ്യക്തിത്വം മറച്ചുവച്ച് നമ്പൂതിരിയും ,പോറ്റിയും ,ഭട്ടതിരിയും മറ്റുമായി പുതിയ ഇല്ലങ്ങളും ,മനകളും ,മഠങ്ങളും സൃഷ്ടിച്ച് ഇതര ജാതിക്കാർ നമ്മുടെ ജാതിയിലേക്ക് നടത്തുന്ന പരകായ പ്രവേശം ആണ് നമ്മൾ ഇപ്പോൾ നേരിടുന്ന അപകടം .ഒരു കാലഘട്ടത്തിൽ പൂജാ -ജ്യോതിഷ രംഗത്ത് തൊഴിലിനുവേണ്ടിയുള്ള കടന്നുകയറ്റമായിരുന്നെങ്കിൽ ഇന്ന് തീവ്രവാദികൾ ഒരു മറയായി ഉപയോഗിക്കാൻ തുടങ്ങിയിരിക്കുകയാണ് .സമുഹത്തിൽ കുറ്റവാളികൾ ഏറ്റവും കുറഞ്ഞ ജാതി എന്നതിൽനിന്നും കുറ്റവാളികൾ നിറഞ്ഞതാവും.ഇത് തടയുവാൻ ആവശ്യമായ നടപടികൾ എടുക്കണം

തൊഴിലില്ലായ്മ,സാമ്പത്തിക രംഗത്തെ അരക്ഷിതാവസ്ഥ ,വൈവാഹിക രംഗത്ത് ശാന്തിക്കാർ നേരിടുന്ന അവഗണന ,ശാന്തി രംഗത്തെ സംവരണം ,അധികാരസ്ഥാനങ്ങളിൽ ഉള്ള പ്രാതിനിധ്യക്കുറവ് എന്നിങ്ങനെ നിരവധി പ്രശ്നങ്ങൾ നമ്മളെ ബാധിക്കുന്നതാണ് .

തൊഴിലില്ലായ്മ ഇല്ലെന്നല്ല, മറിച്ച് സാമ്പത്തിക അരക്ഷിതാവസ്ഥ നേരിടുന്നവരുടെ എണ്ണം തുലോം കുറവാണ് .മത്സരപരീക്ഷകളെനേരിടുന്നതിന് നമ്മുടെ കുട്ടികൾക്ക് പരിശീലനം നൽകുന്നതിന് സമുദായം സഹായിക്കണം.അധികാര സ്ഥാനങ്ങളിലുള്ള പ്രാതിനിധ്യക്കുറവ് പരിഹരിക്കുവാൻ നമ്മൾ സാമൂഹിക -രാഷ്ട്രീയ രംഗത്ത് സജീവമാവണം.

വൈവാഹിക രംഗത്ത് ശാന്തിക്കാർ നേരിടുന്ന അവഗണനയ്ക്ക് പരിഹാരം അവരുടെ ജോലിയുടെ സ്റ്റാറ്റസ് ഉയർത്തുന്നതിനും ഔദ്യോഗിക രംഗത്ത് ഇന്നുള്ളതിനേക്കാൾ മാന്യമായ സ്ഥാനം അവർക്ക് നേടിക്കൊടുക്കുവാൻ സംഘടനകൾ പരിശ്രമിയ്ക്കുകയും അതോടൊപ്പം നമ്മൾ ശാന്തിക്കാരോട് കാട്ടുന്ന വിവേചനം ഒഴിവാക്കുകയുമാണ് .

.വിജാതീയ വിവാഹങ്ങൾ നടക്കുമ്പോൾ അവർ വിജാതീയരായിത്തന്നെ ജീവിക്കുവാൻ അനുവദിക്കുക -.ഒരാളുടെ ജാതി കണക്കാക്കുന്നത് ഏത് ജാതിശ്രേണിയിൽ ജനിച്ചു എന്നതിന്റെ അടിസ്ഥാനത്തിൽ ആണ്. ജാതി മാറുവാൻ ഇന്ത്യൻ ഭരണഘടനയിൽ വ്യവസ്ഥ ഇല്ലാതിരിയ്ക്കെ ചില ചടങ്ങുകളിലൂടെ മറ്റ് ജാതിക്കാരെ ബ്രാഹ്മണരാക്കാമെന്ന അശാസ്ത്രീയ വാദം ഉപേക്ഷിക്കുക .●

**എസ്-രാധാകൃഷ്ണൻ പോറ്റി**
ജനറൽ സെക്രട്ടറി,അഖില കേരള തന്ത്രി മണ്ഡലം
**മൊബൈൽ** 7025682554

### മാടമ്പ് കുഞ്ഞുക്കുട്ടന്റെ മക്കൾ: ഹസീനയും ജസീനയും



**ഹസീന മരാട്ട് മന**
**ശ്രീം, ന്യു ഗാർഡൻസ്,**
**അയ്യന്തോൾ, തൃശൂർ.3**
**സ്വകാര്യ സ്ഥാപനത്തിൽ ജോലി**
**മൊബൈൽ 9544439669**

**നിങ്ങൾ ചാടിപ്പോന്നതാവും ല്ലേ, വീട്ടുകാർ ഇഷ്ടപ്പെടാതെ കല്യാണം കഴിച്ച്. വേറെ താമസിക്കാവും അല്ലേ എന്നൊക്കെ ചോദിക്കുന്നവരുണ്ട്.**

# എനിക്കൊരു മുസ്ലീം വിവാഹാലോചന വന്നു

ഹസീനയെന്ന പേരുള്ളത് കാരണം ഒരുകാലത്ത് ഒരാളുവഴി എനിക്കൊരു മുസ്ലീം വിവാഹാലോചന വന്നിട്ടുണ്ട്. അപ്പോൾ എന്റെ ഫ്രണ്ട് പറഞ്ഞു, അയ്യോ ആ കുട്ടി മുസ്ലീം കുട്ടിയൊന്നും അല്ലാട്ടോന്ന്. അതൊക്കെ ഒരു തമാശ. ഏതു സ്ഥലത്തു ചെല്ലുമ്പഴും ഈവൺ വോട്ടർ ഐഡി പുതുക്കാനായാലും ആളുകൾ സംശയിക്കും.അങ്ങനത്തെ സ്ഥലങ്ങളിലൊക്കെ അങ്ങനെ ഒരോ പ്രയാസങ്ങളുണ്ടാവും.

അതുപോലെ ഒരാശുപത്രിയിൽ ഇഞ്ചക്ഷൻ എടുക്കാൻ പോയി. അയ്യോ നിങ്ങളാണോ പേഷ്യന്റിനെ കൊണ്ടു വരൂ എന്നു പറഞ്ഞു. ഞാൻ തന്നെയാണ് പേഷ്യന്റ് എന്നു പറയുമ്പോൾ അവർക്കത് വിശ്വാസമായില്ല.

നിങ്ങൾ ചാടിപ്പോന്നതാവും ല്ലേ, വീട്ടുകാർ ഇഷ്ടപ്പെടാതെ കല്യാണം കഴിച്ച്. വേറെ താമസിക്കാവും അല്ലേ എന്നൊക്കെ ചോദിക്കുന്നവരുണ്ട്. ജോലിസ്ഥലത്തൊക്കെ പുതിയ കുട്ടികൾ വരുമ്പോൾ ഒപ്പം ഉള്ള സ്റ്റാഫ് അവരെ പറ്റിക്കും. ഇവരു മുസ്ലീമാണ്. വീട്ടിൽ ഇഷ്ടപ്പെടാതെ ഒരാളെ കല്യാണം കഴിച്ചു പോന്നതാണ് എന്നൊക്കെ പറയും. വല്യ കഷ്ടാണ് അവരുടെ കാര്യം എന്നൊക്കെ പറഞ്ഞ് പറ്റിക്കും.അങ്ങനെഒക്കെ ണ്ടാവാറുണ്ട്. എവിടെ ചെന്നാലും പേരൊരു പ്രശ്നമാവാറുണ്ട്. ഞാൻ പൊട്ടു കുത്താണ്ടെ നടക്കാറില്ല. ഹസീനാന്ന് പറയും ചെയ്യാ, എന്നിട്ട് എന്റെ നെറ്റീലെ പൊട്ട് കാണുകയും ചെയ്യാ. അപ്പഴാണ് ആകെ കൺഫ്യൂഷനാവുക.

വിനോദിന്റെ കല്യാണം നിശ്ചയിച്ചപ്പോൾ തന്നെ പലരും ചോദിച്ചിട്ടുണ്ട്. ഹസീനയ്ക്ക് ഒരു എക്സ്പ്ളനേഷനും കൂടി വേണംന്ന് ധാരാളം പേർപറഞ്ഞിട്ടുണ്ട് അന്ന്. അതുപോലെ ഇപ്പോൾ ഉണ്ടായി എന്റെ മകന്റെ മേരേജ് ഇപ്പോൾ ആയീണ്ട്. അവിടെ ചെന്നപ്പോൾ അവരോട് ആരോ ചോദിച്ചൂന്ന് പറയേണ്ടായി. വിനോദ് കല്യാണം കഴിച്ചിരിക്കണത് മുസ്ലീമിനെയാണോന്ന് ചോദിച്ചു. പ്രത്യേകിച്ച് നമ്മൾ മലപ്പുറം ജില്ലേം കൂടിയാണല്ലൊ. ഇത്രകാലായിട്ടും ആളുകൾ ഇപ്പോഴും ചോദിച്ചുകൊണ്ടിരിക്കുകയാണ്. ●

# വിഹാഹ സർട്ടിഫിക്കറ്റ് നൽകില്ലെന്നു പറഞ്ഞു

**ഹോസ്പിറ്റലിൽ പേര് വിളിക്കും ജസീന. ഞാൻ ചെല്ലും. അപ്പം പറയും നിങ്ങളെയല്ല വിളിച്ചത്. അവര് വിചാരിക്കുന്നത് ഒരു മുസ്ലീം സ്ത്രീ വരുമെന്നാണ്.**

**ജസീന.എം.എസ്**
**താഴത്തു മന ,പോസ്റ്റ് മേഴത്തൂർ**
**വഴി തൃത്താല ,പാലക്കാട് ജില്ല**
**പിൻ: 679534മൊബൈൽ:9447269620**
**മേഴത്തൂർ ജി.എച്ച്എസ്എസിൽ**
**അദ്ധ്യാപികയാണ്.**



എന്റെ പേര് ജസീന. ഹയർസെക്കണ്ടറിയിൽ ടീച്ചറാണ്. ആദ്യമായി എത്തുന്ന എല്ലാ ക്ളാസിലും കുട്ടികൾക്ക് കൺഫ്യൂഷൻ ഉണ്ടാവാറുണ്ട്. പൊട്ടുകുത്തലും വേഷവും പേരും തമ്മിൽ മാച്ചാവുന്നില്ല. അവർക്ക് ജാതി അറിയണം. ചിലർ വളരെ കണ്ണിംഗ് ആണ്. അവർ ഇങ്ങനെ ചോദിക്കും. ടീച്ചറുടെ അച്ഛന്റെ പേരെന്താ. അമ്മേടെ പേരെന്താ.അത് പറയില്ല. പകരം സിസ്റ്ററുടെ പേരു പറയാം എന്നു പറഞ്ഞു ഹസീന യെന്ന് പറയും.

അപ്പോൾ കൺഫ്യൂഷൻ കൂടും. പിന്നെ നേരിട്ട് ചോദിക്കും ടീച്ചറെന്താ ജാതി. കുറെ കഴിയുമ്പോൾ മനസിലാവും. എന്റെ കുട്ടീടെ പേരു ആരുണി എന്നാണ്. അതും അത്രപോപ്പുലർ അല്ല. എന്റെ പേര് ചോദിക്കുമ്പോൾ ജസീന. കുട്ടീടെ പേര് ചോദിക്കുമ്പോൾ ആരുണി. പ്ളസ് ടുവിൽ എന്റെ ക്ളാസിലെ സ്റ്റുഡന്റ് കൂടിയായിരുന്നു അവൾ. വേറൊരു ടീച്ചർ അവളെപ്പറ്റി പറഞ്ഞു. ഇത് ആരുണി. ജസീനടീച്ചറുടെ മകളാണ്. ഈ പേര് ഇടാൻ കാരണം സി. രാധാകൃഷ്ണന്റെ ഒരു നോവൽ വായിച്ച് ടീച്ചർക്ക് ഇഷ്ടായി. അതിലെ ഒരു കഥാപാത്രമാണ് ആരുണി. അപ്പോൾ ഉടനടി ഒരു പയ്യൻ പറഞ്ഞു ടീച്ചർ ചെമ്മീൻ വായിക്കാഞ്ഞത് നന്നായി.

വിവാഹം കഴിഞ്ഞ് ഇവിടെ വന്നപ്പോൾ ചേപ്പാട് വാമനൻ നമ്പൂതിരിയുടെ ഒരു കച്ചേരി ഉണ്ടായിരുന്നു. ആരോ ചോദിച്ചു. ശങ്കരനാരായണൻ കല്യാണം കഴിക്കണത് ക്രിസ്ത്യനെയാണോന്ന്. കച്ചേരിടെ സമയത്ത്. ഹോസ്പിറ്റലിൽ പേര് വിളിക്കും ജസീന. ഞാൻ ചെല്ലും അപ്പം പറയും നിങ്ങളെയല്ല വിളിച്ചത്. അവര് വിചാരിക്കുന്നത് ഒരു മുസ്ലീം സ്ത്രീ വരുമെന്നാണ്. അതുകാരണം രണ്ടുമൂന്നു വട്ടം വിളിക്കും. നോക്കും ഉറപ്പുവരുത്തും. മേര്യജ് സർട്ടിഫിക്കറ്റ് എടുക്കാൻ വേലൂർ പോയി. അവർ പറഞ്ഞു തരാൻ പറ്റില്ല. രണ്ടു മതക്കാർ തമ്മിലുള്ള വിഹാഹത്തിന് സർട്ടിഫിക്കറ്റ് ഇഷ്യു ചെയ്യാൻ പറ്റില്ല എന്നു പറഞ്ഞു. ഇന്റർകാസ്റ്റ് ആണോ എന്നൊക്കെ അറിയണം. ●

# അടച്ചാക്ഷേപിക്കുന്നത് നിർത്തണം




ദേഹത്തിന് കുറുകെ വെളുത്ത പൂണൂലിട്ട്, മുറുക്കിച്ചുവന്ന വായയാൽ സംസ്കൃത ശ്ലോകം ഉരുവിടുന്ന ഒരുവൻ; നമ്പൂതിരി.ഒരു കാലത്ത് പൊതുസമൂഹത്തിന് മുന്നിൽ നമ്പൂതിരി സൂമൂഹത്തിന് ഉണ്ടായിരുന്ന ഈ നിർവ്വചനം ഏറെക്കുറേ മാറ്റിയെഴുതപ്പെട്ടുകഴിഞ്ഞു.എങ്കിലും ആഢ്യത്വവും ദുരഭിമാനവുംകൊണ്ട് നിറഞ്ഞ പ്രവൃത്തികളും ചിന്താധാരകളും പുതുതലമുറയ്ക്ക് പകർന്നുതരുന്ന ധർമ്മം എന്താണ്?പലരും പുതുതലമുറയുടെ ചെയ്തികളെ അടച്ചാക്ഷേപിക്കുന്നതിനും പരിഹസിക്കുന്നതിനും സമയം കണ്ടെത്തുന്നു.മികച്ച മാതൃക നൽകേണ്ടവർ തൃപ്തികരമല്ലാത്ത തരത്തിൽ പെരുമാറുമ്പോൾ എവിടെ നിന്ന് ഞങ്ങൾ പഠിക്കണം എന്ന് മനസ്സിലാകുന്നില്ല.സന്ദേഹങ്ങൾക്ക് യുക്തിപരമായ മറുപടി തരേണ്ടിടത്ത് അവഗണന ഉണ്ടാകുമ്പോൾ എവിടെ നിന്ന് ഉത്തരം തേടണം എന്ന് മനസ്സിലാകുന്നില്ല.ഉത്തരമില്ലാത്ത ചോദ്യങ്ങളും അവ്യക്തതകളും നമുക്കിടയിലുള്ള അകൽച്ച വർധിപ്പിച്ചേക്കാം.ഇനി വരാനുള്ള നല്ല കാലത്തെക്കുറിച്ച് ഏറെ പ്രതീക്ഷകളും പ്രാർത്ഥനയും മാത്രം. ●


**അനുശ്രീ. പി. കെ**

(ടീച്ചിംഗ് വിദ്യാർത്ഥിനി) പെരുന്തട്ട കോക്കുന്നം ഇല്ലം,ശ്രീരാംനിലയം, വെള്ളാവ്,(പി.ഒ) കുറ്റ്യേരി , കരിമ്പം (വഴി) , തളിപ്പറമ്പ്, 670142. കണ്ണൂർ ജില്ല, മൊബൈൽ: 85471 85892


## ആശങ്കാജനകം തന്നെ

കലാപരമായ അഭിരുചികളോ ഗൃഹാതുരത്വമുറുന്ന നന്മകളോ ഇല്ലാതാവുന്നതു പോട്ടെ ഇപ്പോൾ നിത്യതേവാരത്തിനു പോലും ആർക്കും സമയമില്ലാതായിരിക്കുന്നു. ഏറ്റവും പ്രധാനപ്പെട്ട ഉപനയനം, സമാവർത്തനം എന്നിവയും നമ്മുടെ സൗകര്യത്തിനനുസരിച്ച് ചുരുക്കി. അപ്പോൾ നഷ്ടമായത് ഉപനയനത്തിനു ശേഷം സമാവർത്തനം വരെ ഉണ്ടാവേണ്ട അനുഭവജ്ഞാനം തന്നെയാണ്.സംസ്ക്കാരത്തിന്റെ മുഖമുദ്ര കൂടിയായ വേളിച്ചടങ്ങുകളിലും ഈ ലഘൂകരണം കാണാം. സമുദായത്തിലെ ഓരോ ചടങ്ങുകൾക്കും കൃത്യമായ അർഥവും കാരണവും ഉദ്ദേശ്യവും ഉണ്ട്. യോഗക്ഷേമസഭ ഉൾപ്പെടെയുള്ള പരിഷ്ക്കരണ പ്രസ്ഥാനങ്ങളിലൂടെ സുവർണ്ണകാലത്തിലേക്ക് പ്രവേശിച്ച നമ്പൂതിരി സമുദായം സ്വന്തം പൈതൃകത്തെ മറന്ന് മുന്നോട്ടു പോകുന്നത് ആശങ്കാജനകം തന്നെ. ●


**അനിത.എസ് , മേലേടത്തില്ലം**

മാടക്കത്തറ (പി.ഒ),തൃശ്ശൂർ. വൈക്കം മേശാന്തി തരണി മഹൾ. മലയാളം ടീച്ചറാണ് .

മൊബൈൽ 9745088166


## പുച്ഛിക്കുമ്പോഴും

മറ്റു പ്രകോപനമായ മാർഗ്ഗങ്ങൾ നമ്പൂതിരിമാർക്കെതിരെ പറ്റാത്തതുകൊണ്ട് ബ്രാഹ്മണ മേധാവിത്ത്വത്തിന്റെ പേരിലും ജാതി വ്യവസ്ഥയുടെ പേരിലും മറ്റു സമുദായക്കാരും രാഷ്ട്രീയ പാർട്ടികളും പുച്ഛിക്കുകയും പരിഹസിക്കുകയും ചെയ്യുമ്പോഴും യാതൊരുവിധ സർക്കാർ അനുകൂല്ല്യങ്ങളും ലഭിക്കാതിരുന്നിട്ടും ഈ സമൂഹത്തിന്റെ കൂട്ടായ്മയും നിശ്ചയദാർഢ്യവും തിളങ്ങി നിൽക്കുന്നു.കഷ്ടപ്പാടുകളിലൂടേയും ബുദ്ധിമുട്ടുകളിലൂടേയും കടന്നു പോയപ്പോഴും മറ്റുള്ളവരെ പഴിചാരാനോ അവരെ മുതലെടുക്കാനോ ശ്രമിച്ചില്ല. കുറേയേറെ ദുരാചാരങ്ങളും അന്ധവിശ്വാസങ്ങളും നടമാടിയിരുന്നു. വിടി ഭട്ടതിരിപ്പാട്, എംആർബി , ആര്യാപള്ളം തുടങ്ങിയ നിരവധി പ്രതിഭകളുടെ കർമ്മഫലമായി സ്ത്രീകൾക്ക് വിദ്യാഭ്യാസത്തിനും, ഉദ്യോഗ ലബ്ധിക്കും കളമൊരുങ്ങി.പല ആചാരാനുഷ്ഠാനങ്ങളും തുടരുന്ന നമ്പൂതിരി സമുദായം, തദ്വാരാ മറ്റു സമുദായക്കാർക്കും ജീവിതോപാധിക്ക് വഴി തെളിക്കുന്നുണ്ട് .അതുവഴി നാടിന്റെ തന്നെ നിലനിൽപ്പിനും വികസനത്തിനും കളമൊരുക്കുന്നു. ●


**രൂപവതി,നടുവിൽപ്പഴേടത്ത് മന,**

കുട്ടനെല്ലൂർ ,തൃശൂർ 680014 മൊബൈൽ: 9947934949


## നമ്പൂതിരിമാരിൽ നിന്നും ചിലതു പ്രതീക്ഷിക്കുന്നു



തൃശ്ശൂർ ശ്രീ തിരുവമ്പാടി ശ്രീകൃഷ്ണ ക്ഷേത്രത്തിലെ മേൽശാന്തിയാണ്

എളിമയും തെളിമയുമുള്ള ചൈതന്യവത്തായ മുഖങ്ങൾ കണ്ടാൽ പറയുന്ന ഒരു വാചകമുണ്ട് : ' ഒരു നമ്പൂതിരിയാണെന്നു തോന്നും' എന്ന്! നമ്പൂതിരിമാരിൽ ആരെങ്കിലും പെരുമാറ്റദൂഷ്യം കൊണ്ട് അപ്രിയമായതു ചെയ്യുമ്പോൾ പറയും: 'അയാൾ ഒരു നമ്പൂതിരിയായി ജനിച്ചുവെന്നേയുള്ളു, നമ്പൂതിരിമാർക്കു ചേർന്ന സ്വഭാവമല്ല' എന്ന്. നമ്പൂതിരിമാരിൽ നിന്നും പ്രതീക്ഷിക്കുന്ന ഒരു സ്വഭാവഗുണം ഉണ്ടെന്നാണല്ലോ ഇത് വ്യക്തമാക്കുന്നത്. ഉച്ചാരണ ശുദ്ധിയോടെയുള്ള സംസാരം കേൾക്കുമ്പോഴും ' അയാൾ ഒരു നമ്പൂതിരിയാണെന്നു തോന്നുന്നു' എന്നു പറയാറുണ്ട്. പലപ്പോഴും വിശ്വാസ്യതയ്ക്കും സത്യസന്ധതയ്ക്കും നമ്പൂതിരി എന്ന കാരണം അനൗദ്യോഗിക പ്രമാണമാകാറുണ്ട്. ആനുകൂല്യങ്ങൾക്കു വേണ്ടി അലമുറയിടാതെ അശ്രാന്ത പരിശ്രമത്തിലൂടെ മാത്രം ഇന്നും സമൂഹത്തിൽ ആദരവു ലഭിക്കുന്ന പദവികൾ വഹിക്കുന്നു നമ്പൂതിരിമാർ. ●


**പ്രദീപ് നമ്പൂതിരി, നെട്ടിശ്ശേരി** വടക്കെ കപ്ലിങ്ങാട് തൃശ്ശൂർ മൊബൈൽ: 9387766631




# ലോകഗതിക്കൊപ്പം പോവ്വാ എന്നായി

പ്രപഞ്ചത്തിനെ താങ്ങി നിർത്തുന്നതാണ് ധർമ്മം. ആ ധർമ്മത്തെ താങ്ങി നിർത്തുന്നതാണ് നമ്പൂതിരി. നമ്പൂതിരിയുടെ കുടുംബം തന്നെ, അവര് ജീവിതം മുഴുവൻ ഇത് നിലനിർത്താൻ വേണ്ടീട്ടാണ്. വേദങ്ങളുടെ മൂല്യം മുഴുവൻ ഈ ധർമ്മത്തെ നിലനിർത്തലാ.അതുകൊണ്ട് ആ വേദങ്ങൾ പഠിച്ച് അത് പ്രചരിപ്പിക്കണത് ഒരു ജീവിത വ്രതാക്കി. ആത്യന്തിക ഉദ്ദേശ്യം ഈ ധർമ്മാണ്. അതാണ് നമ്പൂതിരീടെ. അപ്പം അതിന് വേണ്ടുന്ന തരത്തിൽ ഉതകുന്ന ജീവിതം. അതാണ് നമ്പൂതിരീടെ പ്രധാന ചുമതല. ഇപ്പോൾ നമ്പൂതിരീടെ ധർമ്മം എന്താണ്ന്ന് മറന്ന് കഴിഞ്ഞിരിക്കുണു. ഈ ലോകത്തിന്റെ ഗതിക്കനുസരിച്ചിട്ട് പോവാ എന്നുള്ളതായിട്ടുണ്ട് . ലോകത്തിന്റെ ഗതി എന്നു പറയുമ്പം ഒന്ന് പ്രധാനം ധനം സമ്പാദിക്കലായിട്ടുണ്ട്. ഏതൊരാൾക്കും അതിലേക്കാണ് കണ്ണ് പോവണത്. അമ്പലത്തിലെ ശാന്തിക്കാരനായാലും വൈദ്യനായാലും ധനസമ്പാദനം ആണ് നമ്പൂതിരി പ്രധാനായിട്ട് കാണ്ണത്. ധനം വേണ്ടാന്നുള്ളതല്ല അതാവശ്യാണ്. ധനം സമ്പാദിക്കാൻ തുടങ്ങ്യാൽ പിന്നെ എവട്യാ നിക്കണ്ടത് ന്ന് നിശ്ചല്യ. അപ്പം നമ്പൂതിരി മറ്റുള്ളവരുടെ വഴിക്ക് പോയീട്ട് നമ്പൂതിരീടെ തനത് സംസ്കാരത്തെ അവഗണിച്ച് ഇപ്പോൾ പൊതു സമൂഹത്തിന്റെ കൂട്ടത്തിൽ ഒരു ഭാഗമായി മാറുകയാണ് ചെയ്യുന്നത്. ●


**കെ.പി.കുഞ്ഞുണ്ണി ഭട്ടതിരിപ്പാട്,** കുന്നത്തൂർ പടിഞ്ഞാറേടത്തു മന,പി.ഓ. ഊരകം,പിൻ 680562,തൃശ്ശൂർ ജില്ല, മൊബൈൽ:9544535335


## ഭേദചിന്ത ഇല്ലാത്തവൻ

ആത്മാവിനെ ഉള്ളംകൈയിലെ നെല്ലിക്ക പോലെ സാക്ഷാൽക്കരിച്ചവനാണ് ബ്രാഹ്മണൻ എന്ന് വജ്രസൂചികോപനിഷത് .എന്നു വെച്ചാൽ, ദേഹ സംബന്ധമായ അഹംകാരമോ ഭേദചിന്തയോ ഇല്ലാത്തവൻ -സമദർശി- എന്നർത്ഥം. സമദർശനമാണ് ബ്രഹ്മസാക്ഷാൽക്കാരം.അതായത്, ബ്രഹ്മജ്ഞാനത്തിലൂടെ ദേഹാഭിമാനം ഇല്ലാതാവുമ്പോൾ നമ്മൾ പ്രകൃതിയിലെ സമസ്ത ജീവജാലങ്ങൾക്കും തുല്യമായ അദ്വൈതാവസ്ഥയിലെത്തുന്നു.എല്ലാ ജീവികളും സഹജമായി അനുഭവിച്ചുകൊണ്ടിരിക്കുന്ന സ്വാതന്ത്ര്യം അഥവാ ശാന്തി നമുക്കും ശാശ്വതമായി അനുഭവിക്കാൻ കഴിയുന്നു. നമ്മൾ പ്രകൃതിയുടെ സംരക്ഷണത്തിലാവുന്നു. പ്രകൃതി സഹജമായ ആയുരാരോഗ്യം അഥവാ അമൃതത്വത്തിന് നമ്മളും അർഹരായിത്തീരുന്നു. ഇതിനെയാണ് ബ്രാഹ്മണ്യമെന്നും മോക്ഷമെന്നും, ജീവമുക്തിയെന്നുമൊക്കെ പറയുന്നത്. എല്ലാവരും സുഷുപ്തിയിൽ അനുഭവിച്ചറിയുന്നതാണ് അദ്വൈതം എന്ന് വിവേക ചൂഡാമണി. ●


**വെള്ളിയോട്ടില്ലത്ത് വിഷ്ണു നമ്പൂതിരി.**
കൂർക്കര, പി.ഒ:ചാലക്കോട്, വഴി:പയ്യന്നൂർ,
കണ്ണൂർ ജില്ല 670307, മൊബൈൽ: 94951 80754


## നമ്പൂരിത്തം എങ്ങോട്ട്?

ഈ 2020ലും ഇങ്ങനെ ഒരു ചിന്ത നമ്മളിൽ ഉണ്ടെങ്കിൽ മാറേണ്ടത് നമ്മൾ തന്നെ. പഴയ തലമുറക്കാരെ തെറ്റ് പറയാനില്ല അവർ ജീവിച്ച വഴികൾ അതായിരുന്നു, പക്ഷെ മാറ്റങ്ങളും വിപ്ലവങ്ങളും സാക്ഷ്യം വഹിക്കുന്ന ഈ തലമുറ അങ്ങനെ കരുതുന്നതിൽ ഒരു യുക്തിയുമില്ല.ഒരു നമ്പൂതിരി ആയി ജനിച്ചു എന്നതിൽ അഭിമാനം കൊള്ളുന്നതിനേക്കാൾ ഒരു നല്ല വ്യക്തിത്വം ഉണ്ട് എന്ന് അഭിമാനിക്കേണ്ട സമയമായിരിക്കുന്നു. എന്നാൽ ഇന്ന് ജാതി നിറ രാഷ്ട്രീയ ഭേദമന്യേ സൗഹൃദം ഊട്ടിഉറപ്പിക്കുന്ന ഒരു പാട് യൗവ്വനം നമുക്ക് കാണാം. മാറ്റങ്ങൾ വരുമെന്ന് പ്രതീക്ഷയോടെ. ●


**സൂരജ് മേക്കാട്**
മേക്കാട്ട് മന, പി.ഒ: പെരുംതുരുത്തി
പഴഞ്ഞി, കുന്നംകുളം, തൃശ്ശൂർ
മൊബൈൽ: 9895753826


## നിലനിൽപ്പ് തന്നെ ചോദ്യം ചെയ്യുന്ന അവസ്ഥ



നമ്പൂരിത്തത്തിന്റെ ഇന്നത്തെ അവസ്ഥ ദയനീയമാണ്. നമ്മുടെ സമുദായത്തിലെ പെൺകിടാങ്ങൾ രക്ഷിതാക്കളെ ധിക്കരിച്ച് അന്യമതക്കാരെ വിവാഹം കഴിക്കുന്നു. നമ്പൂരി യുവാക്കൾക്കാകട്ടെ വേളിക്ക് പെൺകിടാങ്ങളെ കിട്ടാത്തതു കാരണം അന്യജാതിക്കാരെ സ്വീകരിക്കേണ്ടിയും വരുന്നു. ശാന്തി തൊഴിലാക്കിയാൽ വേളിക്ക് പെൺകിടാങ്ങളെ കിട്ടാതെ വരുന്നതു കാരണം ശാന്തി സ്വീകരിക്കാൻ പോലും നമ്പൂരി യുവാക്കളിൽ താത്പര്യം കുറയുകയും ശാന്തിക്ക് ആളെ കിട്ടാതെ വരികയും ചെയ്യുന്നു. അതേ സമയം അന്യജാതിക്കാർ പൂജ പഠിച്ച് ശാന്തിക്ക് കേറുകയും ചെയ്യുന്നു. നഗര സംസ്കാരം കൂടുതൽ ഇഷ്ടപ്പെടുന്നതു കാരണം ഇല്ലം, നാലുകെട്ട്, തേവര്, പഴയ ആചാരാനുഷ്ഠാനങ്ങൾ എല്ലാം ആർക്കും വേണ്ട എന്നായി തീർന്നിരിക്കുന്നു. ഈ അവസ്ഥ മുന്നോട്ട് പോയാൽ നമ്മുടെ സമുദായത്തിന്റെ നിലനിൽപ്പ് തന്നെ ചോദ്യ ചിഹ്നമായി തീരും. ●


**ഗൗരി ആദിത്യൻ,** ആനാറി മന,ഗണേശ് ഗിരി (പി.ഒ)മുണ്ടായ,ഷൊർണ്ണൂർ,മൊബൈൽ: 9497485756

# നമ്പൂരിത്തത്തിന്റെ പുതിയ വെർഷൻ സൃഷ്ടിക്കാം





പുതിയ തലമുറയിലുള്ളവരുടെ മാറിയ ചിന്ത നമ്പൂരിത്തത്തിന്റെ തകർച്ചക്ക് കാരണമായി. ആധുനിക വിദ്യാഭ്യാസത്തിന് കൊടുക്കുന്ന പ്രാധാന്യത്തിൽ സന്ധ്യാവന്ദനാദികൾക്ക് നിഷ്കർഷ കുറഞ്ഞു. സംസ്കൃതപഠനത്തിന് അവസരം കൊടുക്കാതെ അതൊക്കെ പഴഞ്ചൻ ആചാരം എന്ന് തെറ്റിദ്ധരിക്കപ്പെട്ടു. ഇതൊന്നുമില്ലാത്ത ആധുനികതയിലൂടെ ജീവിതം നയിക്കാനാണ് രക്ഷിതാക്കളായ പലരും ആഗ്രഹിക്കുന്നത്. പഴമയിലെ മാറ്റം ഉൾക്കൊണ്ട് പുതിയ കാലത്തെ ജീവിതം തീർത്തും അന്യമായി. അതിനാൽ പഴമയെ പുനരുജ്ജീവിപ്പിക്കാൻ പ്രയത്നിക്കേണ്ടതുണ്ട്. സന്ധ്യാവന്ദനം, സസ്യ ഭക്ഷണരീതി തുടങ്ങിയ പലതും തിരിച്ചു കൊണ്ടുവരണം. താന്ത്രികജോലിയോടൊപ്പം മൂല്യബോധമുള വിദ്യാഭ്യാസം നേടണം. വിവാഹസമയത്തും, മരണാനന്തര ചടങ്ങിലും കാണിക്കുന്ന സമുദായ സ്നേഹത്തിനു പുറമെ അത്യാവശ്യമായ ആശുപത്രി സേവനത്തിലും, രോഗി പരിചരണത്തിലും, രക്തദാനം തുടങ്ങിയ ജീവകാരുണ്യപ്രവർത്തനങ്ങളിലും പ്രവർത്തിക്കാൻ സന്നദ്ധത വേണം. സോഷ്യൽ മീഡിയ കൂടുതൽ പ്രചാരത്തിലിരിക്കുന്ന ഇക്കാലത്ത് സാമുദായിക അംഗങ്ങളായ ചെറുപ്പക്കാർ ഗ്രൂപ്പുകളിലൂടെ പരസ്പരം ഇടപെടാനുള്ള സാഹചര്യം സൃഷ്ടിക്കുക കൂടി ചെയ്താൽ ഏറെക്കുറെ നമ്പൂരിത്തത്തിന്റെ പുതിയ വെർഷൻ തന്നെ സൃഷ്ടിക്കാനും, അതുവഴി സാമുദായിക നിലനിൽപ്പ് ഉറപ്പാക്കാനും കഴിയും. ●


**കെ.രമേശൻ നമ്പൂതിരി,കൊളങ്കര ഇല്ലം**
പി.ഒ. ഉള്ളിയേരി, വഴി.കൊയിലാണ്ടി
പിൻ:673323.മൊബൈൽ: 9846432144


## ഏറ്റവും പുതിയ തലമുറ തിരിച്ചറിവുള്ളവർ



ഏറ്റവും പുതിയ നമ്പൂതിരി തൊട്ടുമുൻപുള്ള തലമുറയേക്കാൾ പാരമ്പര്യത്തെ ബഹുമാനിക്കുന്നവരാണ്. പാരമ്പര്യത്തെ നിഷേധിക്കുകയും സമുദായത്തിന്റെ താല്പര്യങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുകയും ചെയ്തത് മുഖ്യമായും 1960–80 കാലഘട്ടങ്ങളിൽ യുവത്വം കൈവരിച്ചവർ ആണ്. അവരിൽ ചിലരൊക്കെ പാരമ്പര്യത്തിലേക്ക് മടങ്ങിയെങ്കിലും പൊതുവേ സമുദായം ക്ഷീണിക്കാൻ അത് കാരണമായി.

അതിനടുത്ത തലമുറ പാരമ്പര്യവും സംസ്കൃതിയും എന്തെന്നറിയാതെ വളർന്നു. പക്ഷേ, വിവരവിപ്ലവവും മറ്റും വന്നതിനാൽ അവർക്കും അനന്തര തലമുറയ്ക്കും പാരമ്പര്യത്തെയും സംസ്കൃതിയെയും അറിയാനുള്ള അവസരങ്ങൾ കിട്ടി. ഏറ്റവും പുതിയ തലമുറയിൽ പലരും അതിനെ വീണ്ടും പുല്കാൻ തയ്യാറാവുന്നുണ്ട്. തികച്ചും സ്വതന്ത്രമായി ചിന്തിക്കുന്ന അവർ നല്ലത് എടുക്കാനും ചീത്ത കളയാനും ശ്രമിക്കുന്നതും സന്തോഷകരമാണ്. അവർക്ക് വേണ്ടമാർഗ്ഗനിർദ്ദേശം കൊടുക്കാൻ മുതിർന്ന തലമുറയിലെ ആരെങ്കിലുമൊക്കെ കൂടെ നിന്നാൽ വിളക്ക് വീണ്ടും തെളിയും. അറിവാണ് ബ്രാഹ്മണ്യം. അറിവിലൂടെ നമ്പൂതിരി വീണ്ടും ബ്രാഹ്മണൻ ആവട്ടെ. ●


**വരത്ര ശ്രീകുമാർ** (ഡൽഹിഗായത്രിയുടെ പ്രസിദ്ധീകരണമായ പ്രണവത്തിന്റെ മുഖ്യ പത്രാധിപർ)
മൊബൈൽ.9818501258


## നമ്പൂതിരിമാരായിത്തന്നെ ജീവിക്കാൻ കഴിയും



ജനവിഭാഗങ്ങളിൽ ചെറുന്യൂനപക്ഷമാണ് നമ്പൂതിരിമാർ. ജാതിശ്രേണിയിൽ ഏറ്റവും മുൻപന്തിയിൽ നിൽക്കുന്നതു കൊണ്ട് ജാതി പരമായ ചിന്തകളിൽ ഏറ്റവുമധികം പരാമർശിക്കപ്പെടുന്ന സമുദായം. പഴയ നമ്പൂതിരിമാരിൽ നിന്ന് നാം വളരെയധികം മാറിയിട്ടുണ്ട് .പുതുമയിലേക്കുള്ള കുതിച്ചു ചാട്ടത്തിൽ മുന്നിൽത്തന്നെയാണ്. പഴയ നമ്പൂരിത്തം ഇന്നത്തെ നമ്പൂതിരിമാരിൽ കാണുന്നില്ലെന്നത് ഒരു വസ്തുതയാണ്. വേഷം കെട്ടുന്നവരും ആഢ്യത്തം നടിക്കുന്നവരും ഇല്ലെന്നല്ല പറയുന്നത് .

ക്ഷേത്രങ്ങളും ക്ഷേത്രാരാധനയും ഇന്നുകൂടുതലാണ്. നമ്പൂതിരിമാർക്ക് പ്രസക്തിയുള്ള മേഖലയാണത്. നമ്മുടെതായ നന്മകൾ കാത്തു സൂക്ഷിക്കുകയും മാറ്റങ്ങൾ ഉൾക്കൊള്ളുകയും ചെയ്താൽ നമ്പൂതിരിമാരായിത്തന്നെ ജീവിക്കാൻ കഴിയും ●


**ഇ.എ.കുബേരൻ നമ്പൂതിരി** (റിട്ട.അദ്ധ്യാപകൻ,അച്ചൂറ ഇല്ലം, പി.ഒ: കയരളം, വഴി: മയ്യിൽ,പിൻ:670602 മൊബൈൽ: 9605254469


## തൊഴിൽ മേഖലകളിൽ നൈപുണ്യം നേടണം



പൈതൃകം കൊണ്ട് നേടിയ ആത്മജ്ഞാനം നിലനിർത്തണം.വ്യത്യസ്ത തൊഴിൽ മേഖലകളിൽ വ്യാപരിക്കണം .പുതുതലമുറക്ക് ആചാരാനുഷ്ഠാനങ്ങളെക്കുറിച്ചും വേദമന്ത്രാദികളെക്കുറിച്ചും അവബോധം ഉണ്ടാകണം. മാതൃഭാഷയോടൊപ്പം സംസ്കൃത ഭാഷാ പഠനം അഭികാമ്യം ആണ് . പുതിയ ദേശീയ വിദ്യാഭ്യാസ നയമനുസരിച്ച് ത്രിഭാഷാ പദ്ധതി നടപ്പാകുമ്പോൾ സംസ്കൃതവും സ്കൂൾ തലത്തിൽ പഠന വിധേയമാകും. വൈദിക പാരമ്പര്യത്തിന്റെ സാംസ്കാരികത്തനിമ ഉൾക്കൊള്ളുവാൻ ഇത് അവസരമൊരുക്കും.പമ്പരമ്പരാഗതവൈജ്ഞാനിക സ്രോതസ്സും ആധുനിക ശാസ്ത്രവീക്ഷണവും സമന്വയിപ്പിച്ച് ഒരു പുതുതലമുറ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കാം. ●


**സുബ്രഹ്മണ്യൻ മൂസ്സത്.എൻ** (റിട്ട.സയന്റിസ്റ്റ് , ഐ.എസ്.ആർ.ഒ) തൂമണ്ണിൽ ഇല്ലം
തിരുവനന്തപുരം,മൊബൈൽ: 9895828982.



ഭ്രഷ്ട് എന്ന നോവലിലൂടെ നമ്പൂരിത്തത്തിലെ ചില അനാചാരങ്ങളെ തുറന്നുകാട്ടിയ ആളാണ് മാടമ്പ് കുഞ്ഞുക്കുട്ടൻ. നമ്പൂരിത്തം എങ്ങോട്ട് എന്ന ചോദ്യത്തോട് അദ്ദേഹം പ്രതികരിച്ചത് ഇങ്ങനെ

### മിടുമിടുക്കരാണ് പുതിയ കുട്ടികൾ

# നമുക്ക് സ്വപ്നം കാണാൻ പറ്റണേക്കാട്ടിലും മിടുക്കർ



## കാലത്തിനനുസരിച്ച് പുതുക്കപ്പെടണം

നമ്പൂരിത്തത്തെ ഒരു ആശയമോ പ്രത്യയശാസ്ത്രമോ ആയാണ് കാണുന്നതെങ്കിൽ കാലത്തിനനുസരിച്ച് അത് പുതുക്കപ്പെടണം. ഒരു കുടയ്ക്ക് കീഴിൽ നിൽക്കുമ്പോൾ തന്നെ, സ്വയം നവീകരണം ചോദ്യം ചെയ്യപ്പെടാതെ നടപ്പാക്കാനുള്ള വ്യക്തി സ്വാതന്ത്ര്യവും വേണം. അതിർത്തികൾ മായാനും, എല്ലാം ഒന്ന് തന്നെയെന്ന് തിരിച്ചറിയാനും അത്തരമൊരു നവീകരണത്തിനേ കഴിയൂ. അത് കൂടി ഉൾപ്പെട്ടതാകും നമ്പൂരിത്തത്തിന്റെ ഭാവി. മുന്നോട്ടുള്ള വഴി വലുതാക്കിയാൽ യാത്ര എളുപ്പമാകുമെന്ന് മാത്രമല്ല, ആസ്വദിക്കാനും കഴിയും. അതിന് വേണ്ടി ലളിതമായ ജീവിതരീതി, മൂല്യങ്ങൾക്ക് പ്രാധാന്യം നൽകുന്ന ചിന്താഗതി, സഹാനുഭൂതി, നർമ്മബോധം,ഭാഷയോടും സാഹിത്യത്തോടുമുള്ള അഭിനിവേശം തുടങ്ങി പഴമയിലെ പല നന്മകളും കൂടുതൽ ഉറപ്പോടെ ചേർത്ത് വക്കാൻ കഴിയട്ടെ.

(ലളിതാംബിക അന്തർജനത്തിന്റെ പേരക്കുട്ടി ഡൊണാൾഡ് നമ്പൂതിരിയുടെ സഹധർമ്മിണിയാണ് പ്രിയാ ഡൊണാൾഡ് (കൈപ്പിള്ളി മന ). വിലാസം:അമനകരമന രാമപുരം, പാലാ. മൊബൈൽ +971 55 425 2391 ഫ്രീലാൻസ് മാധ്യമപ്രവർത്തക, യൂറോപ്പിലെ മാൾട്ടയിൽ താമസം.)

നമ്പൂതിരിമാരിലെ പുതിയ ജനറേഷനെ എങ്ങനെ കാണുന്നു. മുപ്പതിൽ താഴെയുള്ളവരെ. വിദ്യാഭ്യാസ രംഗത്തൊക്കെ അവർ വലിയ മുന്നേറ്റം നടത്തുന്നില്ലേ. മുമ്പുള്ളവരെ അപേക്ഷിച്ച് നോക്കുമ്പോൾ.?

>അങ്ങനെയില്ല. ഇപ്പഴല്ലേ വലിയ വലിയ ഇൻസ്റ്റിട്ട്യൂഷനുകൾ വന്നത്. എന്റെ മുത്തപ്ഫനൊക്കെ നമ്പൂതിരി വിദ്യാലയത്തിലെ വിദ്യാർത്ഥിയായിരുന്നു. അദ്ദേഹം ഇപ്പം ണ്ടെങ്കിൽ 120 വയസ്സൊക്കെണ്ടാവും. അതുപോലെ എന്റെ അപ്ഫൻ തന്നെ ബി എൽ ഒക്കെ പാസായിട്ടുള്ള ആളാണ്. കുറെ മുമ്പ് തന്നെ നമ്പൂതിരിമാർ പഠിച്ചേർന്നു.

?പുതിയ തലമുറക്ക് വിദ്യാഭ്യാസത്തിൽ ശ്രദ്ധ കൂടീട്ടുണ്ടോ എന്നാണ്ചോദിച്ചത്.?

>ശ്രദ്ധൊന്നും കൂടീട്ട്ല്ല്യ. ശ്രദ്ധ കൂടല്ല, കാലത്തിന്റെ ഒരു അവിഭാജ്യ ഘടകമായി മാറി ഉന്നത വിദ്യാഭ്യാസം. മിടുമിടുക്കന്മാര് കുട്ട്യോളാണ് ആൺകുട്ട്യോളും പെൺകുട്ട്യോളും അതേ. നമുക്ക് സ്വപ്നം കാണാൻ പറ്റ്ണേക്കാട്ടിലും മിടുക്കന്മാരാ. ലോകത്തിനെപ്പറ്റീട്ട് അവര്ക്ക് നല്ല ധാരണകളുണ്ട്. ചെറീ ധാരണ്യോന്നും അല്ല നല്ല വ്യക്തമായ ധാരണണ്ട്.

?അപ്പോൾ നല്ല ചെയ്ഞ്ചാണ്.?

>നല്ലത് എന്നതൊക്കെ ആപേക്ഷികമാണ്.

?അതല്ല, ഒരു കാലത്ത് സൊസൈറ്റിയിൽ മുഖം തിരിഞ്ഞ് നിന്ന സമുദായത്തിലെ പുതുതലമുറ ഇപ്പോൾ ചെയ്ഞ്ചിനൊപ്പം സഞ്ചരിക്കുന്നു എന്നു പറഞ്ഞാൽ.?

>ഒരു കാലത്തും മുഖം തിരിഞ്ഞതൊന്നും അല്ല. പെട്ടെന്നുള്ള മാറ്റം ചെലർക്ക് ഉൾക്കൊള്ളാൻ പറ്റില്ല്യ. ചെലർക്കല്ല ഒരു വിധം പലർക്കും. അതേവരെണ്ടാർന്ന ജീവിത രീതീന്ന് മാറി. അതേ വരെണ്ടാർന്ന വിദ്യാഭ്യാസത്തിന്ന് മാറി. അപ്പോ അതിനെ ഒറ്റയടിക്കങ്ങ് ഉൾക്കൊള്ളാൻ പറ്റില്ല്യ. അത്രേള്ളൂ. ആ കാലത്ത് തന്നെ പാഞ്ഞാള് പെൺകിടാങ്ങൾക്കുള്ള വിദ്യാലയങ്ങൾ സദനം തൊടങ്ങ്യപ്പോൾ അവടെ പോയി പഠി



## അറുപതാം വിവാഹ വാർഷികം

**ഗോവിന്ദൻ നമ്പൂതിരി**
**ഭാഗീരഥി അന്തർജ്ജനം**
**ചായടം ഇല്ലം**
**കോഴിക്കോട് ജില്ല**
**മൊബൈൽ 9400790100**

◀ അന്നും ഇന്നും ▶

**വിവാഹം 17.08.1960**



## ഈ സംസ്കാരം കൂടുതൽ പ്രശസ്തിയോടെ നിലനിൽക്കും

**അക്കീരമൺ കാളിദാസൻ ഭട്ടതിരിപ്പാട്**

ഏതു കാലത്തും നമ്പൂതിരി സംസ്കാരം നിലനിൽക്കും എന്നു തന്നെയാണ് എന്റെ വിശ്വാസം. അനുഷ്ഠാനങ്ങൾ കൃത്യമായി ചെയ്യുന്നതും പരമ്പരകളിലേക്ക് പകർന്നു കൊടുത്തതും പൂർണ്ണമായും ഇല്ലാതാകില്ല. കാരണം ഇത് ഉപബോധമനസ്സുകളിൽ കുറെയൊക്കെ നിലനിൽക്കും. സമൂഹത്തിൽ സംഭവിച്ചു കൊണ്ടിരിക്കുന്ന മൂല്യശോഷണങ്ങൾ എല്ലാ വിഭാഗത്തേയും ബാധിച്ചിട്ടുണ്ട്. മതരാഷ്ട്രീയ ചിന്തകൾ കുറെയൊക്കെ ഉച്ച നീചത്തങ്ങളായി വ്യാഖ്യാനിച്ചു എങ്കിലും ശരിയായ സത്യം പുരുഷസൂക്തത്തിൽ പറയുന്നതുപോലെ എല്ലാ ജീവചൈതന്യങ്ങളും ഭഗവദ് ചൈതന്യത്തിന്റെ ഭാഗം തന്നെയാണ്. ആരും ഉത്തമനോ അധമനോ അല്ല. മാത്രവുമല്ല ജിജ്ഞാസുക്കളായ പുതിയ തലമുറക്കാർ ഈ സംസ്കാരത്തിന്റെ ആഴവും പരപ്പും പഠിക്കാൻ ശ്രമിക്കുമ്പോൾ ഈ സംസ്കാരം കൂടുതൽ പ്രശസ്തിയോടെ നിലനിൽക്കും എന്നു പറയാനാണ് എനിക്കിഷ്ടം. ●



കുഴിക്കാട്ടില്ലം,
തുകലശ്ശേരി,
തിരുവല്ല പി.ഒ,
പത്തനംതിട്ട: പിൻ:689101,
മൊബൈൽ: 9249828042

## ഇല്ലാതാക്കേണ്ടത് ബ്രാഹ്മണർക്ക് ഇടയിലെ വേർതിരിവ്

**എം.വി.സുബ്രഹ്മണ്യൻ നമ്പൂതിരി**

ഭൂപരിഷ്കരണാനന്തരം സമൂഹത്തിലുള്ള സ്വാധീനവും സാമ്പത്തിക മുന്നേറ്റവും ഇല്ലാതായി. സംവരണ സംവിധാനം രൂക്ഷമായതോടെ പുതുതലമുറയിൽ നിരാശ വളർന്നു. ഈ കാലഘട്ടത്തിൽ ബ്രാഹ്മണ്യത്തിനും ആചാരങ്ങൾക്കും ച്യുതി സംഭവിച്ചു തുടങ്ങിയിട്ടുണ്ട്.

എന്നാൽ സാമൂഹികവും സാമ്പത്തികവുമായ വെല്ലുവിളികളെ നേരിടാൻ പുതുതലമുറ പഠിച്ചു. തലമുറകളായി നിലനിർത്തിപ്പോരുന്ന ആചാരങ്ങളിലും വിശ്വാസങ്ങളിലും അവർ തൃപ്തരാണ്. ഷോഡശ കർമ്മങ്ങൾ അനുഷ്ഠിക്കുവാൻ അവർ സന്നദ്ധരാണ്. ബ്രാഹ്മണനെന്ന് പറയുന്നതിൽ അവർ അഭിമാനം കൊള്ളുന്നു. അതുകൊണ്ടുതന്നെ നമ്പൂരിത്തം ഇല്ലാതാകുന്നില്ല. എന്നാൽ ഇല്ലതാക്കേണ്ട ഒന്നുണ്ട്. ബ്രാഹ്മണർക്കിടയിൽ തന്നെയുള്ള വേർതിരിവ്. ഇത് വേദഗോത്രാദികൾ കൊണ്ടാകാം. പ്രാദേശികമായി വരുന്നതാകാം. ഇത്തരത്തിൽ ആഢ്യൻ, ആസ്യൻ കല്പന മാറ്റേണ്ടിയിരിക്കുന്നു. ●

ജനറൽ സെക്രട്ടറി,
യോഗക്ഷേമസഭ. ദേവി
കൃപ, കോളിച്ചിറ റോഡ്
പി.ഒ:അഴൂർ.വഴി: പെരുങ്ങുഴി
തിരുവനന്തപുരം പിൻ:695305
മൊബൈൽ: 9562638209



ച്ചിരുന്നു. എന്റെ ഓപ്പോളൊക്കെ ഇപ്പം ണ്ടെങ്കിൽ നൂറു വയസ്സൊക്കെ ആവും. രണ്ട് ഓപ്പോളുമാര് അവിടെപോയി പഠിച്ചിട്ടുണ്ട്. സദനത്തിൽ താമസിച്ച് പഠിക്കാൻ സൗകര്യംണ്ടാർന്നു. തെക്കൊക്കെ അതിനും മുമ്പ് തന്നെ ബി. എ ഒക്കെ പാസായവരുണ്ട്. മലബാറിലാണെങ്കിൽ ബ്രിട്ടീഷിനു കീഴിലായതിനാൽ ഇത്തിരി കാശും മാർക്കും ഉണ്ടെങ്കിൽ ലണ്ടനിൽ പോയി പഠിക്കാമായിരുന്നു. എന്നിട്ടും ഐ സി എസിനൊക്കെ ഒരാളേ പോയിട്ടുള്ളൂ. ഒരു ഐ സി എസ് പണ്ടാല എന്നൊരാൾ. അതും കഴിഞ്ഞ് പിന്നത്തെ തലറുമുറയിലാണ് ദേശമംഗലത്ത് നമ്പൂരിയും മറ്റും എം.എ യും ബി എല്ലും എല്ലാം നേടിയത്. അപ്പോൾ അന്ന് വിദ്യഭ്യാസമൊക്കെയുണ്ട്.

?അതായത് അന്ന് മോശം ഇന്ന് കേമം എന്ന് പറയാൻ മാത്രം ഒന്നുമില്ലെന്നാണോ.

>കാലത്തിനനുസരിച്ച് അന്നും പഠിച്ചിട്ടുണ്ട്. എല്ലാവർക്കും അത് ഉപയോഗപ്രദാക്കീട്ടുണ്ടോന്ന് നിശ്ചല്യ. ചെലര് അപ്പഴും അതിന്റെ മേന്മയോന്നും അറിയാണ്ടെ ഉണ്ടായിട്ടുണ്ടാവും. ആകെ സമുദായത്തിലൊരു വേണംന്ന്ള്ള നെലയെല്ലാം ആയത് വി.ടിയുടെ കാലത്താണ്. സമുദായത്തിൽ ആകെ ഒരു മാറ്റം ണ്ടായത്. അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക് എന്ന നാടകത്തോടു കൂടിയാണ്.

?താങ്കളുടെ കുട്ടികൾക്ക് ഹസീനയെന്നും ജസീനയെന്നുമാണല്ലൊ പേര്. എന്തായിരുന്നു അങ്ങനെയൊരു പേരിടാനുള്ള സാഹചര്യം.

>എന്റെ ഏട്ടന് താല്പര്യമുണ്ടായിരുന്നു






ഹസീന എന്നിടാൻ. അദ്ദേഹം ആസ്ട്രേലിയയിൽ ആണ്. അദ്ദേഹത്തിന്റെ എന്ത് സെന്റിമെന്റ്സാണ് എന്നെനിക്കറിയില്ല. നല്ല പേരാണ് ഹസീന അത് ട്ടോളൂ ന്ന് പറഞ്ഞു ,അപ്പം ഞാൻ അങ്ങനെ ഇട്ടു അത്രേള്ളൂ. ആദ്യത്തെ കുട്ടി ഹസീന, അപ്പോ പിന്നെ സ്വാഭാവികായിട്ട് അതിനോട് ചേരുന്ന ഒരു പേര് രണ്ടാമത്തെ കുട്ടിയ്ക്ക് ഇട്ടു. അതിൽ വേറൊരു താല്പര്യൊന്നും ല്യ. എന്റെ വേളി കഴിഞ്ഞ് പത്തു കൊല്ലം കഴിഞ്ഞിട്ടാ ഏട്ടൻ വേളി കഴിച്ചത്. തന്റെ കുട്ടിക്ക് ഈ പേര് ഇട്ടോളൂ, നല്ല പേരാടോ ന്ന് പറഞ്ഞു. ഹസീന്നാന്ന് പറഞ്ഞാൽ ചിരിക്കുന്ന കുട്ടി എന്നൊക്കെ അർത്ഥം ണ്ട്ന്ന് പറഞ്ഞു. ആയ്ക്കോട്ടെ ന്ന് വച്ചു. സംസ്കാരസിദ്ധമായിട്ട്ള്ള പേര് തന്നെയാണല്ലൊ. ഹസ്ന ചിരിക്കുടുക്ക എന്നൊക്കെ അർത്ഥം ണ്ടല്ലൊ. അത് അറബി പേരാണോ എന്നൊന്നും നോക്കീട്ടില്ല്യ. അതൊന്നും എന്റെ പണിയല്ല. ആ പേര് ഇടാൻ പറഞ്ഞു ഇട്ടു ,അത്രേള്ളൂ.

?താങ്കൾ നമ്പൂതിരി എന്ന നിലയിൽ പരമ്പരാഗതമായി ചെയ്തിരുന്ന വല്ലതും ചെയ്യുന്നുണ്ടോ. സന്ധ്യാവന്ദനം , തേവാരം.. ഇത്യാദികൾ.

**>ഒരു കാര്യം പറയട്ടെ. നമ്പൂതിരി എന്ന ശബ്ദം ഉപയോഗിക്കാൻ അർഹതയില്ലാത്ത ആളാണ് ഞാൻ. അല്ലാ ഒരു നേരമ്പോക്ക് പറയല്ല. നമ്പൂരിന്ന് എല്ലാരേം പറയാറില്ല്യ. മാടമ്പ് നമ്പൂരീന്ന് ആരെങ്കിലും പറയോ? നമ്പൂരിന്ന് പറയണ ഒരു വിഭാഗം ആൾക്കാരുണ്ട്. ദേശമംഗലത്ത് നമ്പൂരീന്ന് പറയും.** അവണപ്പറമ്പിനെ അവണപ്പറമ്പ് ന്നേ പറയാറുള്ളൂ. എന്തുകൊണ്ടാ അത് ന്ന് ചോദിച്ചാൽ നമ്പൂരീന്ന് കൊറച്ച് ഇല്ലക്കാരേ പറയാറ്ള്ളൂ. അത് മോൾലും ചോട്ടിലും ഒന്നൂംല്യ. ഹൈറാർക്കീടെ മോൾളിലും ചോട്ടിലും ഒന്നും ഇല്യ അതില്.

ശരിക്ക് നമ്പൂരിക്ക് പേരിന്റൊപ്പം വിശേഷണം ചേർക്കാൻള്ള അർഹത യാഗം ചെയ്തോർക്കേള്ളൂ. ഒരാൾ യാഗം ചെയ്താൽ അയാൾക്കെന്നേ ആ പേരിന് അർഹതയുള്ളൂ. പട്ടന്മാർക്കൊക്കെ ഒരാൾ സോമയാഗം ചെയ്ത് സോമയാജിലു ആയാൽ എല്ലാരും സോമയാജിലു ആണ്. ഇവിടെ ആരാ അത് ചെയ്തത് ച്ചാൽ അയാൾക്ക് മാത്രേ പേരിന്റെ കൂ

## പോസ്റ്റ്ഗ്രാജ്വേഷൻ നേടിയ ശേഷം ശാന്തി



**സരസ്വതി.പിഎം.**
ഇടമന ഇല്ലം
ഐശ്വര്യ അവന്യൂ
(പറക്കുളം)
കണ്ണാടി(പോസ്റ്റ്)
പാലക്കാട്678701
മൊബൈൽ
6282234663

ശാന്തിക്കാരുടെ വേളിക്കാര്യമാണ് അഭിമുഖീകരിക്കുന്ന വലിയ പ്രശ്നം. മുമ്പ് അനുഭവിച്ച കഷ്ടപ്പാടുകളിൽ നിന്ന് പാഠമുൾക്കൊണ്ടാവാം പെൺകുട്ടികൾ വിദ്യാഭ്യാസകാര്യത്തിലും ജോലിക്കാര്യത്തിലുംവളരെയധികം ശ്രദ്ധയുള്ളവരാണ്.അപ്പോൾ ഭാവിവരനും വിദ്യാസമ്പന്നനായ ഒരാളാവണം എന്ന് ആഗ്രഹിയ്ക്കും.എന്നാൽ യുവാക്കൾ പലരും പത്താംക്ലാസ്സും പന്ത്രണ്ടാംക്ലാസ്സും കഴിയുമ്പോൾ ശാന്തിരംഗത്തേക്ക് തിരിയും.ശാന്തി മോശം കാര്യമല്ല. ഭഗവാനെ സേവിക്കുന്നത് വളരെ ഈശ്വരാധീനം ഉള്ള കാര്യവുമാണ്. എന്നാലും വിദ്യാഭ്യാസത്തിന്റെ കുറവ് പെൺകുട്ടികൾക്ക് പോരായ്മ ആയിതോന്നും.അതുകൊണ്ട് ആൺകുട്ടികൾ ഗ്രാജ്വേഷനോ പോസ്റ്റ്ഗ്രാജ്വേഷനോ നേടിയതിനു ശേഷം മാത്രം ശാന്തിരംഗത്തേക്ക് വരിക. അങ്ങനെയാവുമ്പോൾ മറ്റു ജോലികൾക്കും ശ്രമിക്കാനുള്ള സാഹചര്യമുണ്ടെന്ന് പെൺകുട്ടികൾ മനസ്സിലാക്കി വേളിക്കാര്യത്തിൽ മുമ്പോട്ട് വരും ●

## കർമ്മം കൊണ്ട് നമ്പൂരിത്തം ഉണ്ടാകണം



**ഗീത നാരായണൻ**
**നമ്പൂതിരി,**
അരീക്കര മന,
ശ്രീഹരി
നടുവട്ടം(പോസ്റ്റ്)
കുറ്റിപ്പുറം.
മൊബൈൽ
8593972928

ജന്മം കൊണ്ടും , ജന്മിത്തം കൊണ്ടും, സ്വേച്ഛാധിപതികളായ നമ്പൂതിരിമാർ ഉണ്ടായിരുന്നു. പല തെറ്റായ ആചാരങ്ങളും. നാലുകെട്ടിൽ ഒതുങ്ങാൻ വിധിക്കപ്പെട്ട സ്ത്രീജന്മങ്ങൾ. ദേവപൂജ ചെയ്യുന്ന വിപ്രന്റെ പാദപൂജ ചെയ്തു ജന്മം പുണ്യമായി സ്വയം ഏറ്റുവാങ്ങുന്ന പാവം അന്തർജ്ജനങ്ങൾ.

ഇന്ന് നമ്പൂതിരി സമുദായം ഒരുപാട് പരിഷ്കരിച്ചു. എല്ലാവർക്കും നല്ല വിദ്യാഭ്യാസം കൈവന്നു. നമ്പൂതിരി സ്ത്രീകൾ എല്ലാ തുറകളിലും എത്തി. പക്ഷേ, നമ്പൂതിരിമാരുടെ പല നല്ല ആചാരങ്ങളും ഇന്ന് ആർക്കും അറിയില്ല.അല്ലെങ്കിൽ അതൊന്നും ആവശ്യം ഇല്യ എന്ന ധാരണയാണ്. ഗർഭാവസ്ഥ മുതൽ വിവാഹം വരെ ചെയ്യേണ്ട പലതും ഇന്ന് അലങ്കാരങ്ങൾ ആയി മാറിയിരിക്കുന്നു.ഒരു ബ്രാഹ്മണൻ ചെയ്യേണ്ട പൂജ തുടങ്ങിയ കർമ്മങ്ങൾ മറ്റുള്ളവർക്കും ആവാംഎന്നായി മാറി.ദേവ സാന്നിധ്യം ഉള്ളവരാണ്നമ്പൂതിരി.ജന്മം കൊണ്ടല്ല കർമ്മം കൊണ്ട് നമ്പൂരിത്തം ഉണ്ടാകണം. ●

## ശങ്കരാചാര്യരെയും വി.ടിയെയും ഉൾക്കൊള്ളുക



**സാവിത്രി.കെ.യം**
പാറനാട്ട് മന
പി.ഒ.കോട്ടപ്പുറം
വഴി:ശ്രീകൃഷ്ണപുരം
പാലക്കാട് ജില്ല
മൊബൈൽ
9497489653

മാനവരാശിയെ മുഴുവൻ ഉദ്ധരിച്ച ശങ്കരഭഗവത്പാദർ ജനിച്ച സമുദായം.അതാണ് നമ്മുടെ സമുദായം. ആചാര്യസ്വാമികൾ പറഞ്ഞു തന്ന ആദ്ധ്യാത്മികത കുറെയൊക്കെ നമ്മളിൽ ഉണ്ടായിരുന്നു. പക്ഷേ വി.ടി.യുടെ ഭൗതികത മാത്രം കണ്ടപ്പോൾ വല്ലാതെ താളം തെറ്റിപ്പോയോ? യഥാർത്ഥത്തിൽ വേണ്ടത് രണ്ടും കൂടി ചേർന്ന ഒരു ജീവിതം. അതാണ് എല്ലാം കൊണ്ടും ഭംഗി. മേൽപ്പത്തൂർ ഗുരുവിന്റെ വാക്കുകൾ (നല്ലോരു ബ്രാഹ്മണ ജൻമം കിട്ടിയിട്ട് കഷ്ടം തുലഞ്ഞു പോകുന്നല്ലോ) കേട്ടതും പട്ടേരിക്ക് കാര്യം മനസ്സിലായി. പക്ഷേ നമ്മളോ? അതാവർത്തിച്ച് പറഞ്ഞും പ്രസംഗിച്ചും കഴിയുന്നു. പോരല്ലോ ഇനിയും ഉയരണ്ടേ? ജീവിതമാർഗ്ഗം വേണം.ഒപ്പം സത്വഗുണ പ്രധാനികളായി ജീവിച്ച നമ്മുടെ മുൻ തലമുറകളെ മറക്കരുത്. അവർ ചെയ്തത് മുഴുവൻ പറ്റിയില്ലെങ്കിലും കുറേക്കൂടി ശ്രമിക്കണ്ടേ? ഇല്ലെങ്കിൽ വരും തലമുറകൾക്ക് പകരാൻ നമ്മളിലൊന്നും ഉണ്ടാവില്ല. അത് പോയ തലമുറകളോടും, പിറകെ വരുന്ന തലമുറകളോടും ഉള്ള കടപ്പാട് മറന്ന ജീവിതമാകും! ●



**ഡോക്ടർ സരിത വി എൻ**
മാന്നാനംപറ്റ മന
കവളപ്പാറ പി ഒ ,ഷൊർണ്ണൂർ
മൊബൈൽ: 9447314442

ആചരിക്കേണ്ട കാര്യങ്ങൾ ഒന്നും ചെയ്യാതെ ബ്രാഹ്മണനെന്ന് പറയുന്നത് ആത്മവഞ്ചനയാണ്. സന്ധ്യാവന്ദനം, തേവാരം, നേദിക്കൽ എന്നിവയൊക്കെയാണ് നമ്പൂതിരിയെ വ്യത്യസ്തരാക്കുന്നത്.ഇതൊക്കെ ഉപേക്ഷിച്ചിട്ട് എന്തു നേടി? മാറ്റങ്ങൾ വേണ്ട എന്നല്ല. അതിനെ നമ്മളാലാവുന്ന രീതിയിൽ ഉൾക്കൊണ്ട് ചെയ്യുക. അപ്പോഴേ നമ്മൾ നമ്മളാവുകയുള്ളൂ. ഇതൊക്കെ ഇപ്പോഴും ചെയ്യാവുന്നതേയുള്ളൂ. ചെയ്തു കാണിക്കുക. എന്നിട്ട് പുതിയ തലമുറയ്ക്ക് ഈ നന്മകൾ പകർന്നു കൊടുക്കുക. ●



**വെളിഞ്ഞിൽ നാരായണൻ നമ്പൂതിരി**,റിട്ട. മാനേജർ, ഇന്ത്യൻ റെയർ എർത്ത്സ്,പോസ്റ്റ്:ചേരാനല്ലൂർ
വഴി: ഇടപ്പള്ളി.പിൻ: 682034
മൊബൈൽ: 8281794330

നമ്പൂരിത്തം ലളിതമായ ജീവിതവും സരസവും സത്യസന്ധവുമായ സംഭാഷണവുമാണ് .മന്ത്രോപാസനയും അക്ഷരസ്ഫുടതയും അതിന്റെ ഭാഗമാണ്. നമ്പൂരിഫലിതം ഒരേ സമയം വൈയക്തികവും സാമൂഹ്യവുമാവും. അനുഷ്ഠാനകലകളിൽ നിന്നും വിദ്വൽസദസ്സുകളിൽ നിന്നും അകന്നിട്ടുണ്ടാവാം .എന്നാലും ചിലത് ഉള്ളിലുണ്ടാവും. ചുരുക്കത്തിൽ ഭാവിയിലും നമ്പൂരിത്തമുണ്ട് .എന്നു വെച്ചാൽ പൊതുവല്ലാത്ത ചില പ്രത്യേകതകൾ ഉള്ള ഈ ജനവിഭാഗം എന്നുമുണ്ടാവും. ലാളിത്യം പുതുതലമുറയും ശീലിക്കണം. സംസ്കൃതപഠനം നിർബന്ധമാകണം. ഒപ്പം ആധുനിക വിദ്യാഭ്യാസവും. ആചാരാനുഷ്ഠാനങ്ങൾ സത്തയ്ക്ക് മാറ്റം വരാതെ ശീലിച്ചാൽ മേല്പറഞ്ഞത് എളുപ്പമാവും ●

**കേരളത്തിനുപുറത്തു**

# കുടുംബിനിക

ഭൂപരിഷ്കരണനിയമം നടപ്പിലാവുന്നതിനുമുമ്പ് നമ്പൂതിരിമാർ ഭൂപ്രഭുക്കന്മാരും സുഖലോലുപന്മാരും സംബന്ധപ്രിയന്മാരുമൊക്കെയായിരുന്നിരിയ്ക്കാം. പിന്നീട്, എല്ലാ പദവിയും നഷ്ടപ്പെട്ട് ദാരിദ്ര്യത്തിന്റെ പടുകുഴിയിലേയ്ക്കു വീണുപോയ കുടുംബങ്ങളേറെയുണ്ട്. അപ്പോഴും ഇപ്പോഴും സവർണ്ണാധമൻ എന്ന വിശേഷണം അവനെ നിരന്തരം വേട്ടയാടുന്നു! പൂമുഖത്തിരുന്നു മുറുക്കുകയും വെടിവട്ടത്തിലേർപ്പെടുകയും ചെയ്യുന്ന നമ്പൂതിരിമാർ അകത്തളങ്ങളിൽ വിതുമ്പുന്ന പെൺകിടാങ്ങളെയും ആത്തേമ്മാരുമാരെയും വിധവകളെയും അവരുടെ വികാരവിചാരങ്ങളെയും അഭിപ്രായങ്ങളെയും അവഗണിയ്ക്കുന്ന ഒരു ഭൂതകാലവും നമുക്കുണ്ടായിരിയ്ക്കാം. നമ്പൂതിരി പൂണൂൽ പൊട്ടിച്ചെറിഞ്ഞു നവീനനായി മാറിയതിനും നാം സാക്ഷികളാണ്. അപ്പോഴും നാടിന്റെയും നാട്ടുകാരുടെയും ശാന്തിയ്ക്കായി പ്രാർത്ഥിയ്ക്കുകയും സ്വന്തം കുടുംബത്തിൽ എന്നും



ടെ അത് വെയ്ക്കാൻ അധികാരമുള്ളൂ.

?അത് അക്കിത്തിരി പോലുള്ള പേര് ചേർക്കുന്ന കാര്യത്തിനല്ലേ. നമ്പൂതിരി എന്ന പൊതു സംജ്ഞ ചേർക്കുന്നതിനോ.

>നമ്പൂതിരി എന്ന് ആരേ പഴേ കാലത്ത് ചേർത്തീർന്നേ. നോക്കൂ മാടമ്പ് ശങ്കരൻ മാടമ്പ് ചിത്രൻ എന്നൊക്കെയേ കാണൂ. അങ്ങനെ നമ്പൂതിരി എന്ന് ചേർക്കുന്നത് കഴിഞ്ഞ നൂറ്റാണ്ടിലോ മറ്റോ തുടങ്ങീതാണ്.

?താങ്കൾ ഉപനയനൊക്കെ ഉണ്ടായ ആളല്ലേ?

>അതേ.

?ഇപ്പം വല്ലതും ആചരിക്കുന്നുണ്ടോ

>ഞാൻ ഒന്നും ആചരിക്കുന്നില്ല. ഞാൻ മൂന്നുകൊല്ലം വിസ്തരിച്ച് ഇതൊക്കെ ണ്ടായീട്ട്ള്ള ആളാണ്. പഠിച്ച്ട്ട്ള്ള ആളാണ്.

?ഇല്ലത്ത് തേവാരൊക്കെ ണ്ടോ

>എനിക്ക് ഒരു തേവാരോം ല്ലാത്ത ആളാണ്. ഞങ്ങളെ ഒരമ്പലം ണ്ട് അടുത്ത്. ഞങ്ങളെ മൂർത്തികളെ ഒക്കെ അവിടെ കൊണ്ട് വയക്കും.

?ഒരു സമുദായം എന്ന നിലയിൽ നമ്പൂതിരി സമുദായത്തിന് പുരോഗതി ഇല്ലായ്മയോ മറ്റോ അനുഭവപ്പെടുന്നുണ്ടോ താങ്കൾക്ക്.

>ഏതർത്ഥത്തിലാ പുരോഗതി. സാമ്പത്തികാണെങ്കിൽ പുരോഗതിണ്ട്.

?പുതിയ ജനറേഷനിൽ എഴുത്തുകാരായ നമ്പൂതിരിമാർ കുറവല്ലേ

>അതെങ്ങന്യാന്ന് എനിക്കറിയില്ല. ഞാൻ അത്തരം കാര്യങ്ങളിൽ ഒട്ടും തല്പരനല്ല. സ്റ്റാറ്റിസ്റ്റിക്സ് ഒക്കെ നോക്കി എത്ര പേര് എവിടെയൊക്കെ ഉണ്ട് എന്നൊക്കെ അന്വേഷിക്കുന്നതിൽ താല്പര്യമില്ല. അതിന് കാലത്തിന്റെ ചില പ്രത്യേകതകളൊക്കെ നോക്കണം. എന്തുകൊണ്ട് അങ്ങനെ സംഭവിച്ചു.

ആ കാലത്ത് നമ്പൂരാരുടെ അത്രയൊന്നും സംസ്കൃത വിദ്യഭ്യാസം ലഭിക്കാൻ മറ്റുള്ളവർക്ക് സൗകര്യം ണ്ടാർന്ന്ല്ല്യ. അതൊരു കാരണാണ്. എന്നിട്ടും വൈജ്ഞാനിക രംഗത്തുള്ള എല്ലാം അബ്രാഹ്മണരുടെ കയ്യിലായിരുന്നു. വൈദ്യം ,ഗണിതം, ജ്യോതിഷം... അങ്ങനെ പല ആൾക്കാരും അബ്രാഹ്മണരല്ലേ ണ്ടാർന്നേ. പ്രായോഗിക ശാസ്ത്രങ്ങൾ എല്ലാം അവരുടെ കയ്യിലായിരുന്നു.

ഒരു കാണിപ്പയ്യൂർ നമ്പൂരി തച്ചു ശാസ്ത്രത്തിന്റെ തിയറി കൈകാര്യം ചെയ്തിട്ടുണ്ടാവും. പക്ഷേ, ഒരാൾ പോലും അത് പ്രയോഗിച്ചിട്ടില്ല. അതെന്താച്ചാൽ അദ്ധ്വാനത്തിൽ നിന്ന് തീരെ മാറി നിന്നവരാണ് നമ്പൂതിരിമാർ. അതിന്റെ തിയറി മാത്രം അവര് പഠിച്ചു. അത് നല്ലതൂം ആണ്.

?സൊസൈറ്റിയിൽ നടക്കുന്ന ചെയ്ഞ്ചിനൊപ്പമാണോ നമ്പൂതിരിമാർ.

>സൊസൈറ്റിയിൽ ഒരു ചെയ്ഞ്ച് നടക്കുന്നുണ്ടെങ്കിൽ സൊസൈറ്റിയുടെ ഭാഗമായിത്തന്നെയുള്ള നമ്പൂരിക്ക് എങ്ങനെയാ മുഖം തിരിയാൻ പറ്റ്വേ.

?പഴയ ജനറേഷനിലെ ചിലർ അങ്ങനെ മുഖം തിരിഞ്ഞ് നിൽക്കുന്നില്ലേ.

>ഇല്ലില്ല. അങ്ങനെ പറ്റില്ല. ചില ആചാരങ്ങളിലൊക്കെ എന്തെങ്കിലും കാണും. കുടുമ വെച്ചതും മുറിച്ചതും പോലുള്ള ചെലതിൽ. അതെല്ലാ ജാതിക്കാരിലും കേശസംസ്കാരം ഇങ്ങനെയായിരുന്നു. ഇവിടെ മാത്രല്ല ഗ്രീക്കിലായാലും യൂറോപ്പിലായാലും ബ്രിട്ടനിലായാലും കുടുമ വെച്ചോരുണ്ട്. കർണ്ണവേധം തുടങ്ങീട്ടുള്ള ബാഹ്യ സംസ്കാരങ്ങളില്ലേ. അത്രയൊക്കേള്ളൂ. ●

**മാടമ്പ് കുഞ്ഞുക്കുട്ടൻ**
മൊബൈൽ: 9446278835

**നിന്നുള്ള വധുക്കൾ നമ്മുടെ ഇല്ലങ്ങളിൽ**

# ളായി വന്നുതുടങ്ങി



ദാരിദ്ര്യത്തിന്റെ അശാന്തി വേട്ടയാടുകയും ചെയ്യുന്ന ശാന്തിദ്വിജന്മാരിവിടെയുണ്ടായി എന്നതു മറക്കാനാവില്ലല്ലോ! ഇടക്കാലത്തു ക്ഷേത്രാചാരങ്ങൾക്കും ക്ഷേത്രോപജീവികൾക്കും സമൂഹത്തിൽ അല്പംകൂടി പരിഗണന ലഭിച്ചുതുടങ്ങിയപ്പോൾ തോളിൽക്കിടക്കുന്ന പൂണൂലിന്റെ ബലംകൊണ്ടു മാത്രം ആ മേഖലയിലേയ്ക്കു കളം മാറിച്ചവിട്ടിയ യുവതലമുറ അക്കാദമിക് വിദ്യാഭ്യാസത്തിൽ പിന്നിലും സാമ്പത്തികഭദ്രതയിൽ മുന്നിലുമായി മാറുന്ന കാഴ്ചയും കാണാൻ സാധിച്ചു. പണ്ടുണ്ടായിരുന്ന വിലക്കുകളെല്ലാം നീങ്ങിക്കിട്ടിയ പെൺകിടാങ്ങൾ അഭ്യസ്തവിദ്യരായി മാറുന്നതിനും കാലം വഴിയൊരുക്കി. നാലുംകൂട്ടി മുറുക്കുകയും താരതമ്യേന അപരിഷ്കൃതമായ വേഷഭൂഷകളോടെ ജീവിയ്ക്കുകയും ചെയ്യുന്ന ഈ യുവാക്കൾക്കു സഹധർമ്മിണികളാവാൻ നമ്പൂതിരിയുവതികൾ തയ്യാറല്ലാതെവന്നതിനാൽ കേരളത്തിനു പുറത്തുനിന്നുള്ള വധുക്കൾ പല ഇല്ലങ്ങളിലും കുടുംബിനികളായി വന്നുതുടങ്ങി. നമ്മുടെ ആചാരാനുഷ്ഠാനസംസ്കാരങ്ങളുടെ മഹത്ത്വം മനസ്സിലാക്കി അവ ജീവിതത്തിൽ പുലർത്തുന്നതിനോടൊപ്പം ആധുനികശാസ്ത്രസാങ്കേതികവിദ്യകളുടെ അനന്തവിഹായസ്സിൽ പറക്കാനുള്ള ആർജ്ജവം കൂടി നമ്പൂതിരിയുവാക്കൾ നേടിയെടുക്കേണ്ടതിന്റെ അനിവാര്യതയിലേയ്ക്കാണ് ഈ ദുരവസ്ഥ വിരൽ ചൂണ്ടുന്നത്. അതിനാൽ എല്ലാ അറിവും മഹനീയമാണ് എന്ന ബോധമുണ്ടാക്കിയെടുക്കാൻ എല്ലാവരും ശ്രമിയ്ക്കേണ്ട കാലം അതിക്രമിച്ചിരിയ്ക്കുന്നു. ●

**അത്തിപ്പറ്റ രവി**
ഹൈസ്കൂൾ അദ്ധ്യാപകൻ
അത്തിപ്പറ്റ മന,പെരുമാങ്ങോട്
ശ്രീകൃഷ്ണപുരം,പാലക്കാട് ജില്ല.
മൊബൈൽ: 9447997695



## സൂരി നമ്പൂരിയെപ്പോലെ ഒരു നമ്പൂതിരിയില്ല

ജീവിതത്തിൽ സൂരി നമ്പൂരിയെപ്പോലുള്ള ഒരു നമ്പൂതിരിയേയും താൻ കണ്ടിട്ടില്ലെന്ന് സി.രാധാകൃഷ്ണൻ പറഞ്ഞിട്ടുണ്ട്. എല്ലാവർക്കും ആ അഭിപ്രായം തന്നെയായിരിക്കും. എന്നിട്ടും ഇന്ദുലേഖയിലെ പണ്ഡിതൻമാരായ നമ്പൂതിരിമാരെ ആർക്കും അറിയില്ല. പഴയ നമ്പൂതിരിയുടെ പ്രതീകമായി സൂരിനമ്പൂതിരി തന്നെ. മാറ്റം വേണമെന്ന് നമ്പൂതിരിയും ഉൽസാഹിക്കില്ല. ഇതിവിടെ പറയാൻ കാരണം നിലപാടുകളുടെ തുടർച്ച തന്നെയാണ് കാണുന്നത് എന്നതാണ്. നമ്പൂതിരി സമുദായത്തെ വിമർശിക്കുന്ന ഒരഭിപ്രായം ആരെങ്കിലും പറഞ്ഞാൽ അതിൽ വാസ്തവമുണ്ടൊ എന്ന ഒരന്വേഷണം നടത്താനോ ഉണ്ടെന്ന് കണ്ടാൽ അംഗീകരിക്കാനോ ഇല്ലെന്ന് കണ്ടാൽ ആധികാരികമായി ഖണ്ഡിക്കാനോ താത്പര്യമെടുക്കുന്ന എത്രപേരുണ്ട്? സൈബറിടത്തിലും മറ്റിടങ്ങളിലുമുള്ള കൂട്ടായ്മകളിലും ഇതവതരിപ്പിക്കപ്പെടുന്നുണ്ട്.അത് പറഞ്ഞയാളെ പുലഭ്യം പറഞ്ഞ് സമുദായത്തോടുള്ള പ്രതിബദ്ധത കാണിക്കുന്നവരല്ലെ ഭൂരിപക്ഷവും? ലാളിത്യം, വിശ്വസ്തത, ആർജ്ജവം, സത്യസന്ധത തുടങ്ങി അവശ്യം വേണ്ട ഗുണങ്ങളെല്ലാം ഇത്രയും ഉൾക്കൊണ്ട ഒരു സമുദായം വെറെയില്ല. ഇതെല്ലാം നേട്ടമായി കണ്ട് സമൂഹത്തെ നയിക്കാനുള്ള കരുത്ത് നേടുക്കയാണ് ചെയ്യേണ്ടത്. ഉൽക്കർഷേഛയില്ലായ്മയിലെത്തിക്കുന്ന അലംഭാവം നമ്പൂതിരിയുടെ വളർച്ചക്ക് തടയിടുന്നുണ്ട്. ●

**കെ.എം ശ്രീദേവി,ഒതളൂർ മന.**
റിട്ട.അദ്ധ്യാപിക. പി.ഒ:വള്ളറക്കാട്
വഴി: എരുമപ്പെട്ടി, പിൻ:680584
കുന്ദംകുളം, തൃശൂർ ജില്ല
ഫോൺ: 9446541237

# വാതിലുകൾ തുറന്നിടുക



**ശ്രീനി കൂക്കമ്പാറ, പി.എച്ച്.ഡി**
ടെക്നിക്കൽ മാനേജർ, എം.ഇ.എ
മൈക്രോബിയൽ കൺട്രോൾ ദുബായ്,
കൂക്കമ്പാറ മന, കാരക്കാട്, കവളപ്പാറ,
ഷൊർണ്ണൂർ 679523 സംസ്കൃത
ഭാരതിയുടെ പ്രവർത്തകനുമാണ്.
മൊബൈൽ +91 96561 32453

സത്യവും മധുരവുമായ വാക്കും, പരനന്മക്കുവേണ്ടിയുള്ള പ്രവർത്തിയും, ലോകകല്യാണത്തിനുതകുന്ന ചിന്തകളും എന്നത് സാമാന്യമായി നമ്പൂതിരിയുടെ പ്രത്യേകതയായി കണക്കാക്കപ്പെട്ടിരിക്കുന്നു. അതിനുവേണ്ട വ്യക്തികളെ നിർമിച്ചെടുക്കുന്ന മൗലിക വിദ്യാഭ്യാസ ചിന്തനങ്ങളും, ജീവനരീതിയും പാരമ്പര്യരീത്യാ തുടർന്നുവന്നിരുന്നു. എന്നാൽ പണ്ട് ഞാൻ വച്ചു നിവേദിച്ചോരാപ്പണപ്പായസത്തിൻ രുചി പാടേ മറന്നുപൊയ് എന്ന് അക്കിത്തം പറഞ്ഞ മട്ടിലാണ് പല സാമുദായികരും ഇന്ന്. അതുകൊണ്ട് സാമൂഹിക വൈവിധ്യങ്ങളുടെ ഭാഗമാകാൻ വേണ്ടി തുറന്നിട്ടിരിക്കുന്ന സാംസ്കാരിക വാതിലുകൾ, നമ്മുടെ സാമുദായിക സംസ്കൃതിയുടെ ശരികളേയും കൂടി ഉൾകൊണ്ടാലേ, സുസ്ഥിര ജീവനത്തിന്റെ ഉദ്യാനം ഭാവിതലമുറക്ക് കൈമാറാൻ പറ്റൂ ●

## അച്ഛനോട് ചോദിച്ചു നേടിയ നമ്പൂരിത്തം

# കോളേജിൽ പഠിക്കുമ്പോൾ ആയിരുന്നു ഉപനയനം!



അക്കാലത്ത് പൂണൂൽ ഉപേക്ഷിക്കുന്ന വിപ്ളവത്തിന്റെ കാലമായിരുന്നു. അതിനാൽ ഞങ്ങളുടെ തലമുറയിലെ ഏട്ടന്മാരെ പോലെ എന്റെയും അനിയന്റെയും ഉപനയനം ചെയ്തിരുന്നില്യ. ഞങ്ങൾക്ക് വേണമെങ്കിൽ മതി ഉപനയനമൊക്കെ എന്നായിരുന്നു അച്ഛന്റെ കാഴ്ചപ്പാട്. അനിയൻ, സ്കൂളിൽ പഠിക്കുന്ന കാലത്ത് അമ്മാത്തെ സമപ്രായക്കാരും വയസ്സിൽ താഴെയുള്ളവരുമായ ഉണ്ണിനമ്പൂതിരിമാർക്കൊക്കെ പൂണൂലുണ്ടായിരുന്നു.അവരിൽ നിന്ന് പ്രചോദിതരായി വാശി പിടിച്ചു അവനും ഉപനയനവും സമവാർത്തനവും ചെയ്തു നമ്പൂതിരിയായി.




അപ്പോഴും എനിക്ക് പൂണൂൽ വേണം എന്ന് തോന്നിയില്യ. ഞാൻ ഡിഗ്രിക്ക് പഠിക്കുമ്പോഴാണ് മുത്തപ്ഫൻ മരിച്ചത്. ശേഷക്രിയകൾക്ക് അനിയനും കൂടിയിരുന്നു. അപ്പോൾ എനിക്കൊരു സംശയം. കുറേ കാലം കഴിഞ്ഞു അച്ഛനമ്മമാർ മരിക്കുമ്പോൾ എനിക്ക് വേണ്ട പോലെ കർമ്മങ്ങൾ ചെയ്യാൻ കഴിയുമോ. അതിനു ശരിക്കും നമ്പൂതിരി ആവേണ്ടി വരില്ലേ? അത് വേണ്ടി വരും എന്ന് കാരണവന്മാർ പറഞ്ഞപ്പോൾ എനിക്കും ഉപനയനവും സമവാർത്തനവും വേണം എന്ന് തീർച്ചയാക്കി.അങ്ങനെ അച്ഛൻ തന്നെയാണ് ഉപനയന ചടങ്ങുകൾ കഴിച്ചു തന്നത്.

**ഞാനും അച്ഛന്റെ പാത തന്നെയാണ് പിന്തുടർന്നത്. മകന്റെ ഉപനയനം കഴിച്ചിരുന്നില്ല. മനുഷ്യനായി വളർന്നോട്ടെ എന്നു വച്ചു. അയാൾ ആവശ്യപ്പെട്ടാൽ മാത്രം ഉപനയനം കഴിപ്പിക്കാമെന്നു വച്ചു. കോളേജിൽ പഠിക്കുന്ന കാലത്തു തനിക്കു ഉപനയനം വേണമെന്ന് അയാളാവശ്യപ്പെട്ടു.**

ഞാനും അച്ഛന്റെ പാത തന്നെയാണ് പിന്തുടർന്നത്. മകന്റെ ഉപനയനം കഴിച്ചിരുന്നില്ല. മനുഷ്യനായി വളർന്നോട്ടെ എന്നു വച്ചു. അയാൾ ആവശ്യപ്പെട്ടാൽ മാത്രം ഉപനയനം കഴിപ്പിക്കാമെന്നു വച്ചു. കോളേജിൽ പഠിക്കുന്ന കാലത്തു തനിക്കു ഉപനയനം വേണമെന്ന് അയാളാവശ്യപ്പെട്ടു. അപ്പോഴാണ് അയാളുടെ ചടങ്ങുകൾ കഴിച്ചത്. ●


**ടി.എം കൃഷ്ണൻ നമ്പൂതിരി**
തൃക്കടീരി മന, പി.ഒ കല്ലേപ്പുള്ളി
പാലക്കാട് പിൻ: 678005
മൊബൈൽ: 9868240974


# ഊണുനൂലും പൂണൂലും

സ്വസ്തിയുടെ പുതിയ വരിക്കാരനാണ് ഞാൻ.എം. ആർ.പരമേശ്വരൻ. എന്റെ പഴയൊരു അനുഭവം പങ്കു വയ്ക്കാം. ഇടതു പക്ഷ സഹയാത്രികനും എൽ ഐ സി ജീവനക്കാരുടെ യൂനിയൻ പ്രവർത്തകനും ആയിരിക്കുന്ന കാലം. 76 ൽ യോഗക്ഷേമസഭ തൃശ്ശൂർ കേന്ദ്രമായി റജിസ്റ്റർ ചെയ്തു പ്രവർത്തിക്കാൻ തുടങ്ങിയ കാലത്ത് സഭാപ്രവർത്തനങ്ങളിൽ സജീവമായി. സഭയുടെസംസ്ഥാന നേതൃത്വത്തിലും ഉണ്ടായിരുന്നു. അക്കാലത്ത് മറക്കാനാവാത്ത ഒരനുഭവമുണ്ടായി. ചാലക്കുടി തെക്കേടത്തുമനയിൽ നടന്ന സംസ്ഥാന കമ്മിറ്റി യോഗത്തിനെത്തിയതായിരുന്നു. നാലു കെട്ടിനുള്ളിലാണ് ഊണിന് എലവെച്ചിരുന്നത്. കൊട്ടിയൂർ പെരുമാളുടെ തന്ത്രി സ്ഥാനമൊക്കെ



യുള്ള ഇല്ലമാണ്. എല്ലാവരും ഷർട്ട് ഊരി അകത്തേക്ക് ഇരിക്കാം എന്നു സഭാഭാരവാഹികൾ നിർദ്ദേശിച്ചു. ആകെ അബദ്ധമാവും എന്ന മട്ടായി. എനിക്ക് പൂണൂൽ ഉണ്ടായിരുന്നില്ല. ഞാൻ പരുങ്ങാൻ തുടങ്ങി.

ചാലക്കുടി മൂർക്കന്നൂരിലെ ഡോ.നാരായണൻ എന്റെ രക്ഷകനായി. അയാൾ എനിക്ക് ഒരു പൂണൂൽ സംഘടിപ്പിച്ചു തന്നു. ഷർട്ടഴിച്ച് അകത്ത് കടന്നിരുന്നു. അതിനു ശേഷം ഞാൻ പൂണൂൽ ഉപേക്ഷിച്ചിട്ടില്ല. അതുപോലൊരു അവസ്ഥ പിന്നീട് ഉണ്ടായിട്ടുമില്ല. നമ്പൂരിത്തനിമയുടെ പല ചിഹ്നങ്ങളും പോയെങ്കിലും പൂണൂൽ അംഗീകൃത അടയാളമാണെന്ന് നാലു പതിറ്റാണ്ടു മുമ്പ് ഞാൻ പഠിച്ചു ●


**എം.ആർ.പരമേശ്വരൻ,**
മടങ്ങർളി മന
ത്രാങ്ങാലി, കവളപ്പാറ
ഷൊർണ്ണൂർ, പാലക്കാട്
മൊബൈൽ 9633534428

## വിഷ്ണു പറയുന്നു

**ഐസറിൽ പഠിക്കുമ്പോൾ നല്ല സ്ട്രെസ് ഉണ്ടായിരുന്നു. ഉദ്ദേശിച്ച പോലെ കാര്യങ്ങൾ ചെയ്യാൻ പറ്റായ്ക. ഇല്ലത്താവുമ്പോൾ പത്താം ക്ലാസു വരെ ദിനചര്യകൾ നിഷ്ഠയോടെ ചെയ്തിരുന്നു. മറ്റു കുട്ടികൾ സ്ട്രെസ് കുറക്കാൻ മെഡിറ്റേഷൻ ഒരു ട്രെൻഡായി കണ്ടു.യുട്യൂബിൽ അതു നോക്കി. നമ്മുടെ ജപം മെഡിറ്റേഷൻ പോലെ ചെയ്താലോ എന്നു തോന്നി. അങ്ങനെ ഓം എന്നു ജപിക്കുമ്പോൾ ഫലം കിട്ടുന്ന ഫീൽ. പിന്നെ അതു തുടർന്നു.**




## നമ്പൂരിത്തത്തിൽ വിഷ്ണുവിന്റെ റെസ്യൂമെ

ബ്രഹ്മചാരിയായി ചമത മുടക്കാതെ ഒന്നരക്കൊല്ലം കഴിഞ്ഞു
പപ്പടം, ഉഴുന്ന് തുടങ്ങിയവ ഒഴിവാക്കിയ ബ്രഹ്മചാരി
ഉപസ്ഥാനം ഉൾപ്പെടെ സന്ധ്യാവന്ദനമുള്ള പുതുതലമുറ
ദിവസവും ഭാഗ്യസൂക്തം ജപിക്കുന്ന ഇരുപത്തേഴുകാരൻ
സ്കൂൾ കാലം തൊട്ട് ഒന്നാം ഭാഷയായി സംസ്കൃതം
ഇന്നു വരെ പൂണൂൽ അഴിച്ചു ആണിയിൽ തൂക്കിയിട്ടില്ല

### അത്ര അക്കാഡമിക് അല്ലാത്ത ഒരു കാര്യം

# പൂജ പഠിക്കുന്ന ഐ.ഐ.ടിക്കാരൻ

ഇന്ത്യയിലെ പ്രസ്റ്റീജിയസ് ഇൻസ്റ്റിട്യൂഷനുകളിലൊന്നാണ് ഐസർ. ഇൻസ്റ്റിട്യൂട്ട് ഫോർ സൈന്റിഫിക് എഡ്യുക്കേഷൻ ആൻഡ് റിസർച്ച്. ടോപ് വൺ പെർസെന്റൈലിൽ വരുന്ന കുട്ടികൾക്ക് മാത്രം പ്രവേശനം കിട്ടുന്ന ഇടം. പൂനെ ഐസറിൽ ബി. എസ്. എം. എസ് വിദ്യാർത്ഥി ആയിരുന്നു താമരശ്ശേരിയിലെ കരിങ്ങമണ്ണ ഇല്ലത്തെ വിഷ്ണു. അവിടെ ഹോസ്റ്റലിൽ താമസം. ഇൻസ്പയർ സ്കോളർഷിപ്പോടെ പഠനം.

ഹോസ്റ്റലിലാവുമ്പോഴും സന്ധ്യാവന്ദനത്തിനു മുടക്കമില്ല. ഈശ്വരനെ ഇല്ലത്ത് ഉപേക്ഷിച്ചിട്ടുമില്ല. ഒരു ദിവസം പൂണൂൽ പൊട്ടിപ്പോയി. എന്തു ചെയ്യും. ഇല്ലത്തു വിളിച്ചു പറഞ്ഞു. തപാലിൽ പൂണൂൽ അയച്ചു കിട്ടി. വെക്കേഷനിൽ ഇല്ലത്തു പോയി വരുമ്പോൾ നാലഞ്ചു പൂണൂൽ കരുതുകയും ചെയ്തു.

നമ്പൂരിത്തം എങ്ങോട്ട് എന്ന സ്വസ്തി ഫീച്ചറിനു വേണ്ടി വിഷ്ണുവിനെ ബന്ധപ്പെട്ടപ്പോൾ വിസ്മയിപ്പിച്ചത് ഈ പൂണൂൽകഥയാണ്.

ഇപ്പോൾ ഗോഹാട്ടിയിലെ ഇന്ത്യൻ ഇൻസ്റ്റിട്യൂട്ട് ഓഫ് ടെക്നോളജിയിൽ ( ഐ.ഐ.ടി) യിൽ പി.എച്ച്.ഡി ചെയ്യുകയാണ്. കോവിഡ് കാരണം ഇല്ലത്തിരുന്നാണ് ഗവേഷണം. അതിനിടെ മറ്റൊന്നു കൂടി പഠിക്കുന്നുണ്ട്. എട്ടാം ക്ലാസിലെ വെക്കേഷൻ സമയത്ത് തുടക്കമിട്ട് മുടങ്ങിപ്പോയ പൂജാപഠനം. പിന്നെയുള്ള വെക്കേഷനെല്ലാം പരീക്ഷകളിലും എൻട്രൻസിലും കുടുങ്ങിയതിനാൽ പൂജാപഠനം പൂർത്തിയായില്ല. ഇപ്പോഴാണെങ്കിൽ ധാരാളം സമയമുണ്ട്. അതിനാൽ പൂജ പഠിക്കുന്നു. കാഞ്ഞിരത്തോട്ടം ശ്രീപ്രസാദ് ആണ് ഗുരു. എങ്ങനെ ഐ.ഐ.ടിയിലെത്തി?

ഭാഗ്യസൂക്തം ഉപാസിച്ചതുകൊണ്ട് എന്നു ഉത്തരം പറഞ്ഞാൽ എല്ലാവർക്കും സമ്മതമായെന്നു വരില്ല. അതിനാൽ വിഷ്ണു ഇങ്ങനെ പറയുന്നു. രണ്ടു തവണ ഗാന്ധിനഗർ ഐ.ഐ.ടിയിൽ ഇന്റർവ്യൂ കഴിഞ്ഞിട്ടും കിട്ടാതെ പോയ അഡ്മിഷൻ അതിലും നല്ല ഐ.ഐ.ടിയിൽ ഇഷ്ട കോഴ്സിൽ തന്നെ കിട്ടിയതെങ്ങനെ.

ഭാഗ്യസൂക്തത്തെ അന്ധമായി വിശ്വസിക്കുകയല്ല റിസൽട്ട് ഓറിയന്റഡ് ആയി അതും റിസർച്ചിനു വച്ചിരിക്കുകയാണ് വിഷ്ണു. ബ്രെയിൻ കമ്പ്യൂട്ടർ ഇന്റർഫേസിലാണ് ഗവേഷണം. ഒരാൾ മനസിൽ വിചാരിച്ച കാര്യം കമ്പ്യൂട്ടറിന്റെ മോണിട്ടറിൽ തെളിയിക്കുന്ന വിദ്യ. സൂക്ഷ്മതലത്തിൽ തലച്ചോറിൽ നടക്കുന്ന കെമിസ്ട്രിയും ഫിസിക്സും ബയോളജിയും എല്ലാം കൂടി കമ്പ്യൂട്ടറിലേക്ക് ആവാഹിക്കുന്ന വിദ്യ. അങ്ങനെയുള്ള സയൻസ് കൈകാര്യം ചെയ്യുന്ന ആൾ ഒട്ടും സൈന്റിഫിക് ടെമ്പർ ഇല്ലാതെ പൂജയും പൂണൂലും പുണ്യാഹവും ഭാഗ്യസൂക്തവും ചാത്തവുമായി പഴയ മട്ടിലുള്ള നമ്പൂതിരി. ഇതു രണ്ടും വിരുദ്ധ ധ്രുവങ്ങളല്ലേ. കോൺട്രഡിക്ഷൻ തോന്നില്ലേ.?

ഒരു കോൺട്രഡിക്ഷനും തോന്നേണ്ടതില്ല. ഒന്നിനെയും നിരാകരിക്കേണ്ട. പഠിക്കുക,പരീക്ഷിക്കുക അതാണ് അറിവിന്റെ വഴി.

കരിങ്ങമണ്ണ നാരായണൻ നമ്പൂതിരിയുടെയും മലപ്പുറം താമരശ്ശേരി നന്ദിനിയുടെയും ഏകമകൻ. മലപ്പുറം എയുപി സ്കൂൾ,മഞ്ചേരി ബോയ്സ് ഹൈസ്കൂൾ, അതുകഴിഞ്ഞ് പൂനെ ഐസർ. എക്സലൻസ് കിട്ടിയ മൂന്നു പേരിലൊരാൾ. പിന്നെ അവിടെത്തന്നെ രണ്ടു വർഷം പ്രൊജക്ട് അസിസ്റ്റന്റ്. ഇപ്പോൾ ഗോഹാട്ടി ഐ.ഐ.ടിയിലെ ബയോസയൻസ് ആൻഡ് ബയോ എഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെന്റിൽ പി. എച്ച്.ഡി ഗവേഷകൻ.മഞ്ചേരി പുത്തൂർ ഇല്ലത്ത് നമിതയാണ് ഭാര്യ.സി. എ ചെയ്യുന്നു.

ഇരുപത്തേഴ് വയസ്സേയുള്ളൂ. ഈ പ്രായത്തിൽ ഇതു പോലൊരു സ്ഥലത്ത് ഗവേഷണം ചെയ്യുന്ന ഒരാൾ ഇങ്ങനെ ചിന്തിക്കുന്നെങ്കിൽ നമ്പൂരിത്തം ചില മാറ്റങ്ങളോടെ കുറെക്കാലം കൂടി നിലനിൽക്കുമെന്ന് വിശ്വസിക്കാം. ●

താമരശ്ശേരി കരിങ്ങമണ്ണയിലാണ് ഇല്ലം.
**മൊബൈൽ:9447811259**

പുതുതലമുറയിലെ ഏതാനും മണിക്കൂറുകൾ മാത്രം ഉണ്ടായിരുന്ന ഉപനയനം. അന്നത്തെ അവസ്ഥ അങ്ങനെ ആയിരുന്നു. പിന്നെ പാലക്കാട് ശ്രീകൃഷ്ണപുരം ഗവ. എൻജിനിയറിങ് കോളേജിൽ ബിടെക്. വേളി കഴിച്ചത് പാലാ ഭരണങ്ങാനം പാണ്ടത്തു നിന്നാണ്. ദുബായിൽ സാമന്യം നല്ല ജോലി. അവിടെ വച്ച് മാസ്റ്റർ ഓഫ് ബിസിനസ് അഡ്മിനിസ്ട്രേഷൻ നേടി. ദുബായിൽ ഒരു കൺസ്ട്രക്ഷൻ ഗ്രൂപ്പിലെ ഐ.ടി. സപ്പോർട്ട് എഞ്ചിനീയറാണ്. ഇതാണ് പശ്ചാത്തലം. എന്നിട്ടും പുലർച്ചെ മൂന്നരയ്ക്ക് എണീറ്റ് സഹസ്രാവൃത്തി. വൈകീട്ട് ഗായത്രി, ദേവീഭാഗവതം, എട്ട് ദേവീദേവന്മാരുടെ മൂലമന്ത്രവുമായി മുപ്പത്താറ് ഉരു നാമജപം. ഭാര്യ ഗർഭിണിയായപ്പോൾ പരമ്പരാഗത രീതിയിലുള്ള ഗർഭദീക്ഷയും.



നമുക്കുചെയ്യാൻ വിധിച്ചിട്ടുള്ളത് എന്നതിനാലാണ് ഗർഭദീക്ഷ ആചരിച്ചത്. നമ്മുടെ കുലത്തിൽ ദീക്ഷാ സമ്പ്രദായം വളരെ നല്ല രീതിയിൽ നിലനിന്നിരുന്നു. പല കാര്യത്തിലും. അതിന്റെ ഒരു പ്രാരംഭം എന്ന രീതിയിൽ ഇതിനെ കണ്ടു എന്നു മാത്രം. പിന്നെ ഈ ദീക്ഷ പലർക്കും ഒരു പ്രചോദനം ആയി എന്നത് അഭിമാനവുമാണ്.

## ഇങ്ങനെയുമുണ്ട് ചിലർ

# ദുബായിൽ സഹസ്രാവൃത്തിയും ഗർഭദീക്ഷയും

നമ്പൂരിത്തം ഒരു അഹംബോധമാണ്. ആ ബോധത്തെ എങ്ങനെ പ്രകടിപ്പിക്കുന്നു എന്നതാണു പ്രാധാന്യം. ഇന്നത്തെ കാലത്ത് ഞാൻ നമ്പൂതിരിയാണ് എന്നുള്ളത് ഒരു കേമത്തത്തിന് (ഇതു വെറുംഅഹങ്കാരമാണ്) പറയുന്നവരാണ് കൂടുതലും. അവർക്കാണെങ്കിൽ ഒരുവിധ ചിട്ടകളും ഉണ്ടാവാറുമില്ല. ഇവരെല്ലാം നിത്യകർമ്മങ്ങൾ ഒരു ബാധ്യതയായാണ് കാണുന്നത്. പ്രധാനമായ സന്ധ്യാവന്ദനം പോലും.

എന്നാൽ നിത്യകർമ്മങ്ങൾ പോലെയുള്ള ചിട്ടകൾക്ക് പ്രാധാന്യം കൊടുക്കുന്ന നമ്പൂതിരിമാരുമുണ്ട്. ആഹാരം കഴിക്കാൻ സമയം കണ്ടെത്തുന്ന പോലെത്തന്നെ സന്ധ്യാവന്ദനത്തിനെങ്കിലും സമയമുണ്ടാക്കാൻ ഇന്നത്തെ നമ്പൂതിരിമാർ ശ്രമിക്കണം. വളരെ അടിസ്ഥാനം വേണ്ട കാര്യങ്ങൾ പോലും പലർക്കും അറിയില്ല എന്നത് സങ്കടകരമാണ്. ഈ സ്ഥിതി തുടർന്നാൽ മറ്റുള്ളവരിൽ നിന്നു നമുക്കുണ്ടാകേണ്ട വ്യത്യാസം വരും തലമുറക്കു നഷ്ടമാകും. കേമത്തം നടിക്കലല്ല നമ്പൂരിത്തം. നമ്പൂരിയായി ആചരിച്ച് അഭിമാനിക്കുകയാണ് വേണ്ടത്.




നൂറ്റെട്ട് ഗായത്രി രാവിലെയും പത്തെണ്ണം വൈകീട്ടും പതിവുണ്ട്. മുപ്പത്താറ് വച്ച് ഓരോ ദേവന്മാരുടെ മൂലവും ജപിക്കും. ദേവീമാഹാത്മ്യം പതിനൊന്നാം അദ്ധ്യായം, ലളിതാ സഹസ്രനാമവും. ഇതാണ് സാധാരണ ദിവസങ്ങളിൽ പതിവ്. നവരാത്രി കാലങ്ങളിൽ സഹസ്രാവൃത്തിയും പതിവുണ്ട്. അതിനൊപ്പം എട്ട് ദേവീദേവന്മാരുടെ മൂലവും നൂറ്റെട്ട് ഉരു ജപിക്കും.

ഭാര്യ ഗർഭിണിയായപ്പോൾ ഗർഭദീക്ഷ തുടങ്ങി. തോട്ടക്കാട് ശ്രീകുമാരേട്ടനോട് ചോദിച്ചു. അദ്ദേഹമാണ് ദീക്ഷാ കാര്യത്തിൽ ഗൈഡൻസ് നൽകിയത്. ഓരോ മാസവും നെയ്യ് ജപിച്ച് കൊടുക്കേണ്ട മന്ത്രങ്ങളുണ്ട്. അതിന്റെ എണ്ണങ്ങളും. അതിന്റെ ഒരു സ്ക്രീൻ ഷോട്ട് അയച്ചുതരികയുണ്ടായി. അതിന്റെ കൂടെ സഹസ്രാവൃത്തിയും ആവാം എന്ന് പറഞ്ഞു. രാവിലെ ആറുമണിക്കു മുമ്പ് എല്ലാം കഴിയണം. മൂന്നു മണിക്ക് എണീറ്റാൽ കുളി സഹസ്രാവൃത്തി നെയ്ജപം എല്ലാം കഴിയും.

ഭാര്യ പ്രസവത്തിനായി നാട്ടിൽ പോയപ്പോൾ പിന്നെ ഇവിടെ നിന്ന് ജപിക്കലേ ഉണ്ടായീള്ളൂ. അതു വരെയും ജപിച്ചനെയ്യ് നൽകിയിരുന്നു. സഹസ്രാവൃത്തിക്ക് ഒന്നേകാൽ മണിക്കൂർ വേണം വൃത്തിയായി ജപിക്കാൻ. ക്ഷൗരം പാടില്ല തുടങ്ങി ദീക്ഷാ സമ്പ്രദായങ്ങളും വേറെ ഉണ്ട്. ജോലി ഉണ്ടായിരുന്നതിനാൽ മാനേജ്മെന്റുമായി സംസാരിച്ച് അവരുടെ സമ്മതത്തോടുകൂടിത്തന്നെയായിരുന്നു. അങ്ങനെ മുന്നോട്ടു കൊണ്ടു പോയി. ഓരോ മാസവും ആഡ് ചെയ്യാനുള്ള മന്ത്രങ്ങൾ കൂട്ടിച്ചേർത്ത് കൂട്ടിച്ചേർത്താണ് ജപിക്കാറുള്ളത്. ഒന്നേമുക്കാൽ മണിക്കൂർ കൊണ്ട് രാവിലത്തെ ജപം കംപ്ലീറ്റാക്കും. പിന്നെ വൈകീട്ട് പത്തു ഗായത്രി. ദേവീമാഹാത്മ്യം. ലളിതാസഹസ്രനാമം, ദേവീ കവചം. അങ്ങനെ വൈകുന്നേരവും ണ്ടാവും. ഭാര്യ ആതിര മാസ്റ്റർ ഇൻ സോഷ്യൽ വർക്ക്സ് കഴിഞ്ഞു അദ്ധ്യാപികയായിരുന്നു. ഇപ്പോൾ കുഞ്ഞു പിറന്നതിനാൽ അവധിയിൽ. ●


**അരുൺ (പരമേശ്വരൻ)**

പടിഞ്ഞാറേ പൈങ്ങോട് (കൈലാറ്റുവയലിൽ) ഇല്ലം

അമയന്നൂർ, കോട്ടയം, മൊബൈൽ: +971 58 287 6639

# ഡെന്നിസ് നമ്പൂതിരിയും ഡൊണാൾഡ് നമ്പൂതിരിയും



ഡെന്നിസ് നമ്പൂതിരിയും ഡൊണാൾഡ് നമ്പൂതിരിയും അച്ഛൻ രാജേന്ദ്രൻ നമ്പൂതിരിക്കൊപ്പം




പ്രശസ്ത എഴുത്തുകാരി ലളിതാംബിക അന്തർജനത്തിന്റെ മകൻ ത്രിപുര കേഡർ ഐ പി എസ് ഓഫീസറായിരുന്ന രാജേന്ദ്രൻ നമ്പൂതിരിക്ക് ആൺമക്കൾ രണ്ടാണ്. ഡെന്നിസ് നമ്പൂതിരിയും ഡൊണാൾഡ് നമ്പൂതിരിയും. രണ്ടും വിശ്വപ്രസിദ്ധമായ കാർട്ടൂൺ കഥാപാത്രങ്ങളുടെ പേരുകൾ. രണ്ടും വിശ്വോത്തര ക്രിക്കറ്റ് താരങ്ങളുടെ പേരുകളും. ഡെന്നീസ് ദ മെനസും ഡൊണാൾഡ് ഡക്കുമാണു കാർട്ടൂൺ താരങ്ങൾ. ആസ്ട്രേലിയയുടെ കിക്കറ്റ് ഇതിഹാസം സർ ഡൊണാൾഡ് ബാഡ്മാനും പേസ് ബോളിങ് വിസ്മയമായ ഡെന്നീസ് ലില്ലിയുമാണ് ക്രിക്കറ്റ് താരങ്ങൾ.റിട്ടയർ ചെയ്ത തൃപ്പൂണിത്തുറയിലെ ഫ്ളാറ്റിൽ വിശ്രമജീവിതം നയിക്കുകയാണ് രാജേന്ദ്രനും പത്നി സാവിത്രിയും .

" പ്രിയപ്പെട്ട കാർട്ടൂൺ കഥാപാത്രമായിരുന്നു ഡെന്നീസ് ദ മെനസ്. ആ ഇഷ്ടത്തിന്റെ പുറത്താണു മോനു ഡെന്നീസ് എന്നു പേരിട്ടത്. എന്നാൽ രണ്ടാമത്തവനു ഡൊണാൾഡ് ബാഡ്മാനോടുള്ള ആരാധന മൂത്താണ് ആ പേരു നൽകിയത്."

"സ്കൂളിൽപഠിക്കുമ്പോൾ ഇളയമകന്റെ പേരു മാറ്റാൻ വാശിപിടിച്ചിരുന്നു. കാരണം കുട്ടികൾ അവനെ ഡെക്കു ന്നു വിളിച്ചു കളിയാക്കുന്നു. വളർന്നു വലുതാകുമ്പോൾ ഈ ഭൂമിയിൽ ഒരു ഡൊണാൾഡ് നമ്പൂതിരിയും ഒരു ഡെന്നീസ് നമ്പൂതിരിയുമേ ഉണ്ടാകൂ എന്നു പറഞ്ഞാണ് അന്നു ഡൊണാൾഡിനെ ആശ്വസിപ്പിച്ചത്."

ഡെന്നീസ് നമ്പൂതിരി ഇങ്ങനെ പറയുന്നു: "നമ്പൂതിരിമ്മാരിൽ സ്ഥിരം പേരുകളല്ലേ ഉള്ളത്. രാമൻ, കൃഷ്ണൻ,നാരായണൻ, വിഷ്ണു തുടങ്ങി. പാഞ്ഞാളിലൊല്ലാം അതേയുള്ളൂ. അതും ഒരു റീസണാണ് പുതിയ പേരിടാൻ.. ആപേരുകൾ വേണ്ട എന്നൊരു തീരുമാനം അങ്ങനെയാണ്. അത് വൺഓഫ് ദ റീസൺസ്. അതു കൂടാതെ അച്ഛൻ ക്രിക്കറ്റിന്റെ ഫാനായതു കൊണ്ട് ഒരാളുടെ പേര് ഡോണി ഡൊണാൾഡിന്റെ പേരിലിട്ടു. എന്റെ പേര് ഡെന്നിസ് ദ വെനസ് എന്ന കാർട്ടൂൺ കാരക്ടറിന്റെ പേരിലാണ് ഇട്ടതെന്നാണ് പറയണ കേട്ടത്. അത് രണ്ടു രീതിയിലും എടുക്കാം. ഡെന്നീസ് ലൂയി എന്ന ആസ്ട്രേലിയൻ ഫാസ്റ്റ് ബൗളറുണ്ടാരുന്നു. അയാൾ ആ സമയത്ത് ഫെയ്മസ് ആയിരുന്നു. നമ്പൂതിരി എന്ന് അതിന്റെ കൂടെ വേണല്ലൊ. നമ്പൂതിരിമാരായതു കൊണ്ട് നമ്പൂതിരി എന്നു കൂടി ഇട്ടാലേ അതാവുള്ളൂ. പിന്നെ അതൊരു പെക്യൂലിയർ ഓർ ഡിഫറന്റ് പേര് ആയിക്കോട്ടെ എന്നുള്ളതുമായിരിക്കും.അങ്ങനെ ഡൊണാൾഡ് നമ്പൂതിരിയും ഡെന്നിസ് നമ്പൂതിരിയുമായി ഞങ്ങൾ." ●


യോഗക്ഷേമസഭ

സ്വസ്തി

ത്രൈമാസിക




**വാർഷിക വരിസംഖ്യ 200 രൂപ**

**ചെക്ക് /ഡ്രാഫ്റ്റ്, എം.ഒ.** എന്നിവ യോഗക്ഷേമസഭ കോഴിക്കോട് ജില്ലാ കമ്മിറ്റി എന്ന പേരിൽ താഴെ കാണിച്ച മേൽവിലാസത്തിൽ അയക്കുക.
**യോഗക്ഷേമസഭ ജില്ലാ കമ്മിറ്റി ,ജില്ലാ ആസ്ഥാനമന്ദിരം,കോവൂർ വിഷ്ണുക്ഷേത്രത്തിന് സമീപം, പി.ഒ. ചേവായൂർ, കോഴിക്കോട് 673017**

**Net Banking**

**Name of A/c:** Yogakshema sabha Kozhikode Dt. Committee
**Bank:** Kozhikode District Co-op Bank
**Branch:** Medical College
**A/c No.** 100041201020018
**IFSC** KDCB0000004

YOGAKSHEMASABHA SWASTHI TRI MONTHLY KOZHIKODE

വരിസംഖ്യ അടച്ചാൽ വിളിക്കാം
സ്വസ്തി കിട്ടുന്നതിന് വിളിക്കാം
കിട്ടിയില്ലെങ്കിലും വിളിക്കാം

**Missed call** G Pay **9447332611**



## ബ്രാഹ്മണ കുലത്തിൽ ജനിച്ചതിൽ അഭിമാനം

എന്ന് കരുതി മറ്റ് കുലങ്ങളിൽ ജനിച്ചവർ മോശക്കാരാണെന്നും വിചാരിക്കുന്നില്ല. നമ്മുടെ ഭക്ഷണരീതികളും ആചാരങ്ങളും ദിനചര്യകളും നന്മ മാത്രമേ ഉണ്ടാക്കൂ എന്ന് ബോധ്യമുണ്ട്. വേറൊരാൾക്കും അത് ബുദ്ധിമുട്ടുണ്ടാക്കുന്നുമില്ല. കഴിയുന്നിടത്തോളം അവ ആചരിക്കണം എന്ന് തന്നെയാണ് ആഗ്രഹം.പല പല ജാതികളിലും മതങ്ങളിലും ഉള്ളവർകൂട്ടുകാരുണ്ട്. അവർ എന്നെക്കാൾ താഴെയാണെന്നോ മുകളിലാണെന്നോ കരുതുന്നില്ല. ഇല്ലത്തെ രീതി വ്യത്യസ്തമായത് അവരുമായുള്ള സൗഹൃദത്തെ ബാധിക്കാറുമില്ല. ●


**അനുഷാ സാവിത്രി**
ഇരിവൽ ഇല്ലം
ഇരിയ,കാഞ്ഞങ്ങാട്
കാസർഗോഡ് ജില്ല
മൊബൈൽ:
9400528320




ചില ശരികൾ തിരിച്ചു വരും. പണ്ട് പുറത്ത് പോയി വന്നാൽ കുളിച്ച് ദേഹശുദ്ധി വരുത്തി മാത്രമേ ബ്രഹ്മാലയങ്ങളിൽ പ്രവേശനമുണ്ടായിരുന്നുള്ളു . ഇന്ന് ഏവരും അങ്ങനെ ചെയ്യണമെന്ന് വന്നത് ഒരു നിസ്സാര കാര്യമല്ല. നല്ല കാര്യങ്ങൾ എന്നും നല്ലതു തന്നെയാണ്. തിരിച്ചറിഞ്ഞു ചെയ്യാൻ സാധിച്ചാൽ അവർക്കു നന്ന്. നമ്പൂരിത്തം എന്നത് പാടേ ഉപേക്ഷിക്കേണ്ട ഒന്നായി തോന്നുന്നില്ല.


**പി.സാവിത്രി അന്തർജനം.**
മൊബൈൽ: 7827208311
പുളിയപ്പിലാശ്ശേരി മുല്ലപ്പള്ളി ഇല്ലം
പന്തീരാങ്കാവ്,കോഴിക്കോട്-19


### മനുഷ്യനെ നമ്പൂരിയാക്കണമെന്നു പറഞ്ഞല്ലോ
# ആ നമ്പൂരിത്തം കളയരുത്

നമ്പൂതിരി ആരായിരുന്നു?വിദ്യാസമ്പന്നനായ (അന്ന് സംസ്കൃതമല്ലേ പഠിപ്പ് ) സ്വാർത്ഥത താരതമ്യേനകുറവായ, ഭൂതദയയുള്ള, സത്യവും മര്യാദയും ശുചിത്വവും പാലിയ്ക്കുന്ന, ഭക്തനായ ഒരാൾ. ചീത്തത്തം പറയാനും കാട്ടാനും മടിയുള്ള ആൾ. മുതിർന്നവരെ ബഹുമാനിക്കാൻ മനസ്സുള്ള ആൾ. സ്നേഹസമ്പന്നൻ. സസ്യഭുക്ക്. ആഡംബര രഹിതൻ.

എന്നാൽ ഇന്നത്തെ തലമുറയ്ക്ക് ഈ നമ്പൂതിരിയെ അറിയില്ല. മാദ്ധ്യമങ്ങൾ ഊതിപ്പെരുപ്പിച്ചുകാട്ടുന്ന ക്രൂരനും ചൂഷകനും ഭോഗലാലസനുമാണ് അവരുടെ കണ്ണിൽ നമ്പൂതിരി. ആചാരാനുഷ്ഠാനങ്ങളാണ് ഒരു സംസ്കാരത്തെ നിലനിർത്തുന്നത് . ഇന്നത്തെ അണുകുടുംബങ്ങളിൽ അവ ഏതാണ്ട് ഇല്ലാത്ത മട്ടാണ്. മറ്റു വിഭാഗങ്ങളിലേതുപോലെ തന്നെ ഇവിടെയും. ആഹാര നീഹാരാദികളൊക്കെ സമാനം. അതു കൊണ്ടു തന്നെ മിശ്രവിവാഹങ്ങൾ പെരുകുന്നു. പണ്ട് പോലീസ് കേസു വന്നാൽ നമ്പൂതിരിയുടെ മൊഴിമതി തെളിവിന്. ഇന്നത്തെ സ്ഥിതിയോ?.നമ്പൂതിരിയെ മനുഷ്യനാക്കണം എന്നു പറഞ്ഞ് അവസാനം മനുഷ്യനെ നമ്പൂരിയാക്കണം എന്നു പറഞ്ഞുവല്ലൊ. ആ നമ്പൂരിത്തം നാം കളയരുത് എന്നു മാത്രം പറയട്ടെ. ●




**കെ.പി.ശൈലജ അന്തർജനം**
**മാത്തൂർ മന,**
**പി.ഒ. പെരിങ്ങോട്**
**പാലക്കാട് ജില്ല**
**പിൻ 679535**
**മൊബൈൽ 9946331863**


# ഞങ്ങൾ ദുബായിൽ വച്ചും ചാത്തമൂട്ടി

പ്രവാസ ജീവിതമെങ്കിലും ആവുന്നപോലെ പ്രധാന ആചാരങ്ങൾ നടത്താറുണ്ട്. ഓണം, വിഷു, നവരാത്രി, തിരുവാതിര ഒക്കെ. തിരുവാതിരക്കു മുൻപ് മകയിരം സന്ധ്യക്കുള്ളപ്പോൾ ഞങ്ങൾ എട്ടങ്ങാടി ഇടാറുണ്ട്. പാതിരാപ്പൂ ചൂടൻ അടക്കാമണിയനോ ചുമന്ന പൂവോ(കൊടുവേലി) കിട്ടിയില്ലെങ്കിലും തുളസിപ്പൂവും ചെത്തിപൂവും ചൂടും. അഗ്നിയിലെ ( ദുബായിലെ നമ്പൂതിരിമാരുടെ സംഘടന )ആത്തേമ്മാരുകളെല്ലാം അടുത്തുള്ളവർ ഒത്തുകൂടി തിരുവാതിര കളിക്കുകയും ഉറക്കമിളക്കുകയും പതിവുണ്ട്. ചെയ്യാതിരിക്കുമ്പോൾ ഉള്ള സങ്കടവും ചെയ്യുമ്പോൾ കിട്ടുന്ന സന്തോഷവും ഓർത്തു എല്ലാം ചെയ്യാറുണ്ട്. നാട്ടിൽ നിന്ന് തുളസിയും പത്തുപൂവും കൊണ്ടുവന്നു നടാറുണ്ട്. ഇത്തവണ നാട്ടിൽ പോകാൻ സാധിക്കാഞ്ഞതുകൊണ്ടു ഏട്ടന്റെ അച്ഛന്റെ ചാത്തം ഇവിടെ ആണ് ഊട്ടിയത്. അതും ആളെ വിളിച്ച് കാലു കഴുകിച്ച് നാട്ടിലെപ്പോലെ.

ഇരുത്തമുള്ള നമ്പൂതിരിമാർ എണ്ണത്തിൽ കുറഞ്ഞു വരുന്നതായി തോന്നാറുണ്ട്.




**രേഖ ബിജു പട്ടശ്ശേരി**
ഇരിങ്ങോൾ പി ഓ ,പെരുമ്പാവൂർ
മൊബൈൽ: +971 554837094


പ്രവാസജീവിതമെങ്കിലും നമ്മുടെ പൈതൃകം കുട്ടികൾ കൂടി അറിഞ്ഞു വളരണം എന്നാണ് എന്റെ അഭിപ്രായം. അതിനാൽ ആവുന്ന പോലെ എല്ലാ പ്രധാന ആചാരങ്ങളും ചെയ്യാൻ ശ്രമിക്കാറുണ്ട്. നമ്മുടെ മുത്തശ്ശിമാരും അമ്മയും പറഞ്ഞു തന്നതു കൊണ്ടാണല്ലോ ഇപ്പോഴും നമുക്കിതു പ്രിയപ്പെട്ടവ ആകുന്നത്. നമ്മുടെ കുട്ടികളും അതെല്ലാം അറിഞ്ഞു വളരട്ടെ. അതുകൊണ്ടു നമ്മുടെ ആചാരാനുഷ്ഠാനങ്ങൾ ഒരു കിടാവിളക്കു പോലെ നമുക്ക് കാത്തു

## ഗായത്രി മുടക്കാത്ത ഇരുപത്തഞ്ചുകാരൻ

# മാറ്റം വരുത്തേണ്ടവ പലതുമുണ്ട്




**ഭരത് ഡി**
**ഇലഞ്ഞിത്താനത്ത് മന**
**ഫ്ലാറ്റ് നമ്പർ 115, ഡി ബ്ലോക്ക്**
**നന്ദിനി ഗാർഡൻസ്**
**വെസ്റ്റ് ഫോർട്ട്**
**തിരുവനന്തപുരം - 23**
**മൊബൈൽ : 9744010197**


ബ്രാഹ്മണ ജന്മം കിട്ടിയതിൽ അഭിമാനിക്കുന്നു. സാത്വികമായ ശൃംഖലയിലെ കണ്ണികളാണ് നമ്മൾ. കാരണം എന്റെ മുതുമുത്തച്ഛൻ ജപിച്ചിരുന്ന അതേ ഗായത്രിമന്ത്രം തന്നെയാണ് ഞാനും ജപിക്കുന്നത്. എന്റെ മക്കളുടെ മക്കളും ഇതു തന്നെ ജപിച്ചേക്കാം. അതുകൊണ്ടുതന്നെ തലമുറകളെ ബന്ധിപ്പിക്കുന്ന ഈ ആചാരങ്ങൾ എനിക്ക് പ്രധാനമാണ്.

ഇന്നത്തെ ജീവിത സാഹചര്യത്തിൽ അനുവർത്തിക്കാൻ ബുദ്ധിമുട്ടാണെങ്കിൽ പോലും കഴിയുന്നത്ര ഞാൻ ശ്രമിക്കുന്നുണ്ട്. കാലത്തിനനുസരിച്ച് മാറ്റം വരുത്തേണ്ടവ പലതുമുണ്ട്. അതിലൊന്ന് വിവാഹ സംബന്ധിയാണ്. ജാതകത്തിന്റെ അമിതമായി അവലംബം. അതുമൂലം നടക്കാതെ പോകുന്ന നല്ല ബന്ധങ്ങളും വളരെയേറെയാണ്. പൗരോഹിത്യം തൊഴിലാക്കിയവരോടുള്ള അവഗണന ഇതുപോലെ മറ്റൊരു വിഷയമാണ്. പൊതുസമൂഹത്തിൽ ഇടപഴകി ജീവിക്കേണ്ട സാഹചര്യമായതിനാൽ വളരെയധികം നീക്കുപോക്കുകൾക്ക് നാം വിധേയരാകുന്നു. അതുകൊണ്ടുതന്നെ 100% ബ്രാഹ്മണനായി ജീവിക്കാൻ ഇന്ന് കഴിഞ്ഞെന്നുവരില്ല. പക്ഷേ പൊതുസമൂഹത്തിൽ നിന്നും ഒരു ബ്രാഹ്മണന് നൽകുന്ന വിശ്വാസ്യത എന്നെ അമ്പരപ്പിക്കുന്നു. അതു തന്നെയായിരിക്കാം ഈ ജന്മത്തിന്റെ സുകൃതം. ●



നമ്പൂരിത്തം ഈ പ്രദേശത്ത് ഇല്ലാതായ അവസ്ഥയാണ്. അതിന് പ്രധാന കാരണം കടുംപിടുത്തത്തിൽ നിന്ന് പെട്ടെന്നുണ്ടായ മാറ്റമാവണം. അന്നത്തെ കാലത്ത് നമ്പൂതിരി ചെറുപ്പക്കാർ പൂണൂൽ പൊട്ടിച്ച് കമ്യൂണിസ്റ്റുകാരായി .പിന്നീട് ഇതിന് നേരിയ മാറ്റം കണ്ടു വരുന്നുണ്ട്.അത് ശുഭകരമാണ്. തെക്കും വടക്കും ഈ നാസ്തികത്വം അത്ര ബാധിച്ചിട്ടില്ലെന്ന് തോന്നുന്നു. നമ്പൂതിരിമാർക്ക് വിധിച്ചിട്ടുള്ളത് പഠിപ്പും പഠിപ്പിക്കലും പ്രതിഗ്രഹം വാങ്ങലും ദാനം കൊടുക്കലുമാണത്രെ. ചിലരെങ്കിലും കുറച്ച് വേദവും സംസ്കൃതവും പഠിക്കേണ്ടതാണ്.അല്പകാലത്തിനുള്ളിൽ അതുണ്ടാവുമെന്ന് തോന്നുന്നുണ്ട്. ●


**എം.കെ.ബി.**
**നമ്പൂതിരിപ്പാട്**
റിട്ട.ജില്ലാജഡ്ജി,പതഞ്ജലി,
എ ആർ നായർ കോളനി
കുന്നത്തൂർമേട്
പാലക്കാട് 678013
മൊബൈൽ: 8547413096




സൂക്ഷിക്കാം.

മുറ്റത്തു നേദ്യങ്ങൾ ആണ് ഓണവും തിരുവാതിരയും. തുളസി നാട്ടിൽ നിന്ന് കൊണ്ടുവന്നു.ഇവിടെ വാങ്ങാനും കിട്ടും. ചെറൂള ഒഴിച്ച് പത്തു പൂവും ഉണ്ടായിരുന്നു. ഇപ്പോൾ കറുക മാത്രേ ഉള്ളു.

ശുദ്ധം.. പറ്റാറില്ല. എന്നാലും നേദ്യത്തിനു മുൻപ് ഏട്ടനോട് പുണ്യാഹം ജപിച്ചു മേടിക്കാറുണ്ട്. മാസക്കുളിക്കും.വറ്റ്, എച്ചിൽ ഒക്കെ കുട്ടികളെ പറഞ്ഞു മനസ്സിലാക്കാറുണ്ട്. വെജിറ്റേറിയൻ ആണ്.വെജിറ്റേറിയൻ ആയതോണ്ട് കുട്ടികൾക്ക് ക്ലാസ്സിൽ കൂട്ടുകാർക്കു പറഞ്ഞു മനസ്സിലാക്കി കൊടുക്കാൻ ബുദ്ധിമുട്ടാറുണ്ട് എന്ന് പറയാറുണ്ട്. ●

(ദുബായിൽ കാസ്കേഡ് ജനറൽ ട്രേഡിംഗ് കമ്പനിയിൽ അസിസ്റ്റന്റ് മാനേജരാണ് രേഖ.)




**ഈശ്വർഭട്ട് കാഞ്ഞങ്ങാട്.**
വാഴക്കോട്, ചിത്രാഞ്ജലി,
പി,ഒ പുല്ലൂർ, പിൻ 671531
മൊബൈൽ 9207858725


പൂണൂൽ പണ്ട് അഭിമാനത്തിന്റെ മുദ്രയായിരുന്നു. എന്നാൽ ഇന്ന് പൂണൂൽ ധരിക്കുന്നതിൽ പോലും നിഷ്ഠയില്ലാതായി. കുലമഹിമയിൽ ഇന്നത്തെ തലമുറയ്ക്ക് താല്പര്യമില്ലാതായിരിക്കുന്നു. നേതൃസ്ഥാനം ഏറ്റെടുക്കാൻ വിമുഖത കാണിക്കുന്ന ബ്രാഹ്മണൻ ഇന്ന് എല്ലാ രംഗത്തു നിന്നും തഴയപ്പെടുന്നു. തന്റെ കർമ്മമണ്ഡലത്തിൽ നിന്നു കൊണ്ട് നേതൃസ്ഥാനത്തെത്താൻ ശ്രമിക്കണം. ചെറുപ്പക്കാർ അതിന് സന്നദ്ധരാവണം.ബ്രാഹ്മണന് വേണ്ടി സംസാരിക്കാൻ ആളില്ലാതായിരിക്കുന്നു ●



നമ്മുടെ കുലധർമ്മമാണ് സന്ധ്യാവന്ദനവും നിത്യകർമ്മങ്ങളും .മുതിർന്നവർ പോലും ഇതിൽ നിഷ്ക്കർഷ പാലിക്കുന്നില്ല .പിതൃസ്മരണ, പരദേവതാസ്മരണ തുടങ്ങിയവ സമുദായത്തിലെ എല്ലാവർക്കും ഉണ്ടാവണം . യോഗക്ഷേമസഭ ഈ ദിശയിൽ പ്രവർത്തിച്ചില്ലെങ്കിൽ ബ്രാഹ്മണരുടെ ഭാവി ഭയാനകമാവും. ●


**പണിയ്ക്കത്ത്**
**അപ്പു നമ്പൂതിരി,**
തൃപ്പൂണിത്തുറ
മൊബൈൽ: 8547286111

## നമ്പൂരിത്തത്തിന്റെ ഭാവി പ്രവചിക്കുന്നു:

# തീവ്രകമ്മ്യൂണിസ്റ്റിന്റെ മകനായ ജ്യോതിഷി





*എ എ വാസുദേവനും പത്നി വിദ്യാവതിയും*

## ആര്യ 'പുത്രൻ' പറയുന്നു:

# നമ്പൂതിരി എന്ന ജാതിക്ക് സ്കോപ്പില്ല

## എ വി ആര്യൻ

ഓത്തന്മാർക്ക് പേരു കേട്ട അയക്കാട്ട് മനയിൽ ജനനം.സാമ്പ്രദായിക വേദപഠനം.കമ്യൂണിസ്റ്റ്പാർട്ടിയെ നിരോധിച്ചിരുന്ന 1964 ൽ വിഭജിത സി.പി.എം ഒന്നാം പോളിറ്റ് ബ്യൂറോ പ്ലീനറി ദേശീയ സമ്മേളനം നടന്നത് ആര്യന്റെ ഇല്ലത്ത്.സുർജിതും രണദിവെയുമടക്കമുള്ള നേതാക്കളോടൊപ്പം ആര്യനേയും അറസ്റ്റ് ചെയ്തു.ഒല്ലൂർ നിന്ന് എം.എൽ.എ. തൃശൂർ ജില്ലാ സി.പി.എം സെക്രട്ടറി.1971 ൽ പാർട്ടി പുറത്താക്കി. 1973ൽ അഴീക്കോടൻ രാഘവൻ വധക്കേസിൽ എട്ടാം പ്രതിയായി മുദ്രകുത്തി. കോടതിയിൽ നിരപരാധിത്വം തെളിഞ്ഞു.അരയക്കണ്ടി അച്യുതൻ, കെ പി ആർ ഗോപാലൻ,നാഗിറെഡ്ഢി, കനുസന്യാൽ തുടങ്ങി രാജ്യത്തെ വിവിധ വിപ്ലവനായകരുമായി ഐക്യപ്പെട്ട് പ്രവർത്തിച്ചു. 2007ൽ നിര്യാതനായി.സഹധർമ്മിണി പാഞ്ഞാൾ വയ്ക്കാക്കര മഹൾ സാവിത്രി അന്തർജനം.3 മക്കൾ.

സ്വസ്തിയോട് സംവദിക്കുന്നത് സഖാവിന്റെ ഇളയ മകൻ.എ എ വാസുദേവൻ.

മുപ്പതാം വയസ്സിൽ ഉപനയനത്തോടെ പൂണൂൽ ധരിച്ചു. മന്ത്രവാദിയും പണ്ഡിതനുമായിരുന്ന ബാലുശ്ശേരി പുതുശ്ശേരി(പി.ജിനമ്പൂതിരി)യുടെ കീഴിൽ ജ്യോതിഷപഠനം. ജ്യോതിഷത്തെ ഗവേഷണബുദ്ധ്യാ സമീപിക്കുന്ന ശാസ്ത്രജ്ഞൻ. ക്ഷേത്രങ്ങളിലടക്കം വ്യത്യസ്തമായി പ്രശ്ന ചിന്തകളും നടത്തുന്നു.തൃശൂർ ഒളരിയിൽ താമസം.ബോർഡ് വെച്ചിട്ടില്ല .പ്രചരണം ഉദ്ദശ്യവുമില്ല. സഹധർമ്മിണി കല്ലേലി വിദ്യാവതി .'കേരളം' പത്രത്തിന്റ പത്രാധിപരായ കല്ലേലി പദ്മനാഭൻ നമ്പൂതിരിയുടെ മഹൾ. മകൻ ആര്യൻ എംബിബി എസ് പ്രവേശനം കാത്തിരിക്കുന്നു. മകൾ അഞ്ജന (BAMS) ഡോക്ടർ അരുൺ പുളിയശ്ശേരി(പാലക്കാട് ജില്ലാ ആശുപത്രി) വേളി കഴിച്ചു.

നമ്പൂരിത്തത്തിന്റെ ഭാവി. വിഷയം വ്യക്തമല്ല .നമ്പൂതിരി എന്ന ജാതിയെയാണ് ഉദ്ദേശിക്കുന്നതെങ്കിൽ ഒറ്റ വാക്കിലുത്തരം പറയാം സ്കോപ്പില്ല. പിന്നെ ഒരു സംസ്ക്കാരം, അതായത് ബ്രാഹ്മണ സംസ്ക്കാരമാണെങ്കിൽ അതൊരു ഹൈപ്പോത്തറ്റിക്കൽ സിറ്റുവേഷനാണ്. ബ്രാഹ്മണൻ. ഇറ്റ് ഈസ് നോട്ട് റിയാലിറ്റി. .എത്തിച്ചേരേണ്ട ഒരു തലമാണത്. ഫിസിക്കലി,മെന്റലി ആൻഡ് സ്പിരിച്ച്വലി. വസുധൈവ കുടുംബകം. ഇതാണ് വൈദിക സംസ്ക്കാരത്തിന്റെ പ്രൈം സ്ലോഗൻ. പ്രപഞ്ചത്തിൽ എല്ലാറ്റിനെയും ഒരു പോലെ കാണുന്ന ഒരവസ്ഥ. പൂവിലും പുഴുവിലും പക്ഷിമൃഗാദികളിലും ബ്രഹ്മം. ഇദം നഃമമഃയാണ് മന്ത്രം. മനുഷ്യനോട് മാത്രമല്ല, ജീവൽപ്രപഞ്ചത്തോട് തന്നെ ഒരു യൂനിഫിക്കേഷൻ. എക്സ്പാൻഡിംഗ് ഇൻടു യൂണിറ്റി. ഇമ്പോസിബിൾ അല്ല. പക്ഷെ ഇംപ്രോബബിൾ ആയ ഒരു തലം. ഞാനെന്നോ എന്റെതെന്നോ ഇല്ലേയില്ല. ജാതിമതങ്ങളും രൂപമുള്ള ഈശ്വരന്മാരും ബ്രഹ്മജ്ഞാനികൾക്ക് അന്യം. അപ്പോൾ ഉറപ്പിച്ചു തന്നെ പറയാം .ബ്രാഹ്മണ സംസ്ക്കാരം ഇന്ന് ഇല്ലേയില്ല. ആദ്യം ഉണ്ടാവട്ടെ. അത് തിരിച്ചറിയട്ടെ എന്നിട്ടാവാം ഭാവി പ്രവചിക്കുന്നത് .

ഇപ്പോൾ നമ്മൾ കാണുന്നതല്ല ബ്രാഹ്മണ്യം. അയിത്തവും ശുദ്ധവും അശുദ്ധിയും കാലു കഴുകിച്ചൂട്ടും മുതലായ ചടങ്ങുകൾ മാത്രമാണ് ബ്രാഹ്മണ്യാവസ്ഥ എന്ന് വിചാരിച്ച് ആരെങ്കിലും ആചരിക്കുകയോ വിശ്വസിക്കുകയോ ചെയ്താൽ അവർ നൂലിട്ട ശൂദ്രരെന്നെ ഞാൻ പറയൂ. കാരണം, ജന്മനാ ജായതേ ശൂദ്ര എന്ന അർത്ഥത്തിൽ. ഇന്ത്യൻ മിഥോളജി കൃത്യമായി പഠിക്കണം. (അങ്ങനെ ചെയ്തിരുന്നെങ്കിൽ മാർക്സ് ഒരു വൈദികനാവുമായിരുന്നു). നമ്പൂരിത്തത്തെ റീഡിഫൈൻ ചെയ്യണം. വേൾഡ് ബികം വൺ നാഷൻ എന്നേ കാൾ മാർക്സ് പോലും പറഞ്ഞിട്ടുള്ളൂ. വസുധൈവ കുടുംബകമുണ്ടല്ലോ,മാർക്സിസത്തിന്റെയോ കമ്മ്യൂണിസത്തിന്റെയോ ഒക്കെ എത്രയോ അപ്പുറത്താണ്. അവിടെ കുടുംബം പ്രകൃതിയാണ് .ആശയം ചൂഷണമല്ല ,സഹജീവനമാണ് .ചുരുക്കത്തിൽ സോ കാൾഡ് ബ്രാഹ്മണ്യം ഒന്നുടച്ച് പുതുക്കിപ്പണിയട്ടെ .ബ്രാഹ്മണ്യത്തിലേക്ക് സാവധാനം യാത്ര ചെയ്യട്ടെ. ഒരു വിശ്വവീക്ഷണം ആർജിച്ചാൽ ബ്രാഹ്മണ്യം ഉണ്ടാവാം. ഭാവി പിന്നീടല്ലേ? ●

എ എ വാസുദേവൻ
**മൊബൈൽ 9446230713**

# നമ്പൂരിത്തത്തിന്റെ ഗുണങ്ങൾ കൊറോണാ കാലത്തറിഞ്ഞു

പണ്ടത്തെ ചിട്ടയെല്ലാം മാറി മറിഞ്ഞിട്ടുണ്ട്. കാലാന്തരത്തിൽ പൂജ/ വേദപഠനങ്ങൾക്കും മങ്ങലേറ്റു. കാലികമായ വിദ്യാഭ്യാസം ആർജിക്കുന്നതിന്റെ ഭാഗമായാണ് ഇത്. എന്നാൽ ഇതെല്ലാം നിർവഹിച്ച് കൊണ്ട് തന്നെ ഔദ്യോഗിക രംഗത്തുയർന്ന നിലയിലെത്തിയവർ ധാരാളമുണ്ട്. ശീലിച്ച് പോന്ന ചിട്ടയാർന്ന ജീവിത രീതിയാണ് ഇവർക്ക് ഈ നേട്ടങ്ങൾ നേടിക്കൊടുത്തത്. സന്ധ്യാവന്ദനവും ഗായത്രി മന്ത്രോച്ചാരണവും മറ്റും ഏകാഗ്രതയും സ്ഥിരതയും കൈവരിക്കാൻ സഹായിച്ചിട്ടുണ്ടാവണം.

ശുദ്ധം അശുദ്ധം എന്നിങ്ങനെ അയുക്തികമെന്നു തോന്നുന്ന ആചരണങ്ങൾ നമ്പൂരിക്കുണ്ടായിരുന്നെങ്കിലും ശക്തമായ യുക്തിബോധം ഇവയിലുണ്ടായിരുന്നു. പുറമെ പോയാൽ കുളിച്ചേ അകത്തു പ്രവേശിക്കാവു. ഭക്ഷണത്തിന് മുമ്പ് കാൽ കഴുക്കണം തുടങ്ങിയവയിലെ ശാസ്ത്രീയത കൊറോണാ കാലത്തു തിരിച്ചറിഞ്ഞു. വ്യക്തി ശുചിത്വത്തിന്റെ വലിയ പാഠങ്ങളാണ് നമ്മെ പഠിപ്പിച്ചിരുന്നത്.



ഓരോ ആചരണത്തിന്റേയും ഉദ്ദേശമെന്തെന്ന് പകർന്നു നൽകാൻ വിസ്മരിച്ചു. ചിട്ടവട്ടങ്ങൾ യാന്ത്രികമായി കൈമാറിക്കൊണ്ടിരിക്കുകയായിരുന്നു. ഇത് നമ്പൂരിത്തത്തിന്റെ കീഴ്ഗതിക്ക് കാരണമായി. ഇതൊക്കെയാണെങ്കിലും ഒരു കാലഘട്ടത്തിലുണ്ടായിരുന്ന നമ്പൂരിത്ത നിരാസത്തിന് അല്പം കുറവ് വന്നിട്ടുണ്ട്. ●

**ശ്രീദേവി ഹരി** വേണാട്ടു മന, കിഴക്കുമ്പാട്ടുകര, തൃശൂർ.
**പേരാമംഗലം ദുർഗാവിലാസം ഹൈസ്കൂൾഅദ്ധ്യാപിക**

നമ്പൂതിരിയുടെ പരിണാമം എന്ന ഈ പംക്തിയിലെ അഭിപ്രായങ്ങളോട് യോജിക്കുന്നവരും വിയോജിക്കുന്നവരുമുണ്ടാവാം. വായനക്കാരുടെ പ്രതികരണങ്ങൾ ഈ നമ്പറിൽ
**വാട്ട്സ് ആപ്പ് ചെയ്യാം: 9400992823**

---


## ദീപമേ നയിച്ചാലും

ബ്രഹ്മശ്രീ:

**മൂത്തമന ചെമ്പകശ്ശേരി വാസുദേവൻ നമ്പൂതിരി**

**ജനനം: 15/ 01/ 1940**
**മരണം: 20/ 12/ 2016**

(മുൻ അദ്ധ്യക്ഷൻ
യോഗക്ഷേമസഭ
കോഴിക്കോട് ജില്ല)



പ്രണാമങ്ങളോടെ എം. സി മനോജും കുടുംബവും മൊബൈൽ 9846505145



**1984 ൽ ഇന്ദിരാഗാന്ധി വധിക്കപ്പെടുന്നതിനും എട്ടു മാസം മുമ്പാണ് പ്രധാനമന്ത്രിയുടെ ഓഫീസിൽ ക്ളാർക്കായി എത്തിയത്.**

**1974 ൽ ദില്ലിക്ക് വണ്ടി കയറും മുമ്പ് 6–7 വർഷം തൃശൂർ ചേർപ്പി നടുത്തെ തിരു വുള്ളക്കാവിലെ ശാന്തിക്കാരനായി രുന്നു. ഇല്ലംവക ക്ഷേത്രമാണത്. സോണിയാ ഗാന്ധി യുടെ പ്രൈവറ്റ് സെക്രട്ടറിയായി ഏ റ്റവും ദീർഘകാലം തുടരുന്ന ആൾ.**

അറിയേണ്ട നമ്പൂതിരി

# മാഡം ഗാന്ധിയുടെ മാധവ്ജി

## അഥവാ ഹൈക്കമാൻഡിലെത്തിയ ശാന്തിക്കാരൻ

**പി. എം നാരായണൻ**



സോണിയാഗാന്ധി സജീവരാഷ്ട്രീയത്തിലിറങ്ങിയപ്പോൾ ജോലി ഇരട്ടിച്ചത് പട്ടം മാധവനാണ്. ഇത്രയുംകാലം സോണിയാഗാന്ധിയുടെ പ്രൈവറ്റ് സെക്രട്ടറി എന്ന നിലയിൽ കത്തുകൾ ഡ്രാഫ്റ്റ് ചെയ്യുക, പ്രധാന കൂടിക്കാഴ്ചകൾ ഫിക്സ് ചെയ്യുക എന്നത് മാത്രമായിരുന്നു ജോലി.

ജനങ്ങളുമായി നേരിട്ടിടപഴകേണ്ട ഒന്നാണ് സജീവ രാഷ്ട്രീയം. ജനങ്ങളുടെ ഭാഷയിൽ സംസാരിക്കണം. അതിനുള്ള വഴി ഹിന്ദിയിൽ എഴുതി തയ്യാറാക്കിയ പ്രസംഗങ്ങൾ മുഴുവനും ഓരോവരി വിട്ട് ഇംഗ്ലീഷ് അക്ഷരത്തിലേക്ക് പകർത്തിക്കൊടുക്കണം.

ദില്ലിയിലെ കോൺഗ്രസ്സ് വൃത്തങ്ങളിൽ മാധവ്ജി എന്നറിയപ്പെടുന്ന, തൃശൂർ പട്ടത്ത് മനയിൽ മാധവൻ ഭട്ടതിരിപ്പാട് ടൈപ്പ് ചെയ്ത് തയ്യാറാക്കിയ പ്രസംഗങ്ങൾ നോക്കി വായിച്ചാണ് തൊണ്ണൂറുകളുടെ ഒടുവിൽ സോണിയാഗാന്ധി കോൺഗ്രസ്സിനെ ഉയർത്തെഴുന്നേൽപ്പിച്ചത്.

'അന്നൊക്കെ രാജ്നീതി എന്ന വാക്ക് രജ്-നീതി എന്നേ മാഡം ഉച്ചരിക്കൂ. അങ്ങിനെ പലതും ഉണ്ട്. അതൊക്കെ മാറ്റി എടുക്കാൻ ശ്ശി ബുദ്ധിമുട്ടേണ്ടി വന്നിട്ടുണ്ട് '

മൂന്നരപ്പതിറ്റാണ്ടിലധികമായി ഡൽഹിയിൽ ഗാന്ധി കുടുബത്തിന്റെ ഭാഗമായാണ് ജോലി ചെയ്യുന്നത്. എന്നാൽ വാക്കിലും നോക്കിലും പി.മാധവൻ ഇന്നും നമ്പൂതിരിയാണ്.

ജോലി കഴിഞ്ഞാൽ തായമ്പകയും പഞ്ചവാദ്യവും ആനയും മേളവുമാണ് കമ്പം. സോണിയാഗാന്ധിയുടെ കുടുംബത്തിന് കേവലം പ്രൈവറ്റ് സെക്രട്ടറി മാത്രമല്ല മാധവൻ .

'പ്രിയങ്കാഗാന്ധിക്ക് പന്ത്രണ്ട് വയസ്സുള്ളപ്പോഴാണ് ഞാനിവിടെ ജോലി തുടങ്ങിയത്. രാഹുലിന് പതിനാലും. ഇരുവരും വളർന്ന് വലുതായത് എന്റെ കൺമുമ്പിലൂടെയാണ്'.കേവലം ഒരു പ്രൈവറ്റ് സെക്രട്ടറിയുടെ വാക്കല്ല, അതിനുമപ്പുറമുള്ള വാത്സല്യമാണ്. രാഹുൽ വളർന്ന് രാഹുൽജിയായെങ്കിലും പി.മാധവനെ ഇപ്പോഴും മാധവ്ജി എന്നേ വിളിക്കൂ. പ്രിയങ്കയും.

1984 ൽ ഇന്ദിരാഗാന്ധി വധിക്കപ്പെടുന്നതിനും എട്ട്മാസം മുമ്പാണ് പ്രധാനമന്ത്രിയുടെ ഓഫീസിൽ ക്ളാർക്കായി എത്തിയത്. അന്ന് മുതൽ ദില്ലിയിലെ രാഷ്ട്രീയ ഇടനാഴികളിലെ ചെറുതും വലുതുമായ ചലനങ്ങൾ





*തൃശൂർ പട്ടത്ത് മനയിൽ മാധവൻ ഭട്ടതിരിപ്പാടിന്റെ മകന്റെ വേളിയിൽ പങ്കെടുക്കാൻ തൃശൂരിലെ കൗസ്തുഭത്തിലെത്തിയ പ്രിയങ്കയും രാഹുലും*

അടുത്ത് നിന്ന് തൊട്ടറിഞ്ഞ അപൂർവ്വം മലയാളികളിൽ ഒരാളാണ്.

1974 ൽ ദില്ലിക്ക് വണ്ടികയറും മുമ്പ് 6-7 വർഷം തൃശൂർ ചേർപ്പിനടുത്തെ തിരുവുള്ളക്കാവിലെ ശാന്തിക്കാരനായിരുന്നു. ഇല്ലംവക ക്ഷേത്രമാണത്. ശാസ്താവിന്റെ പ്രസാദം ഉണ്ടെങ്കിൽ ആർക്കും ബുദ്ധി തെളിയും. അതാണ് വിശ്വാസം.

എന്നാൽ മാധവന് മാത്രം പഠിക്കാനുള്ള ബുദ്ധി തെളിഞ്ഞില്ല. അതുകൊണ്ടാവാം, പ്രീയൂനിവേഴ്സിറ്റി തോറ്റു.പക്ഷേ, ഇല്ലത്ത് ആർക്കും അതിൽ വിഷമം തോന്നിയില്ല. കാരണം, തിരുവുള്ളക്കാവിലെ ശാസ്താവിന് ഇനി നിത്യപൂജ മുടങ്ങില്ലല്ലോ എന്നാണ് അവർ ചിന്തിച്ചത്.

അങ്ങിനെ ചിന്തിക്കാൻ കാരണമുണ്ട്. മാധവന്റെ ഏട്ടന്മാരെല്ലാവരും പഠിക്കാൻ മിടുക്കരായതു കൊണ്ട് ജോലികിട്ടി ദൂരെപ്പോയവരാണ്. പരീക്ഷ തോറ്റതോടെ മാധവൻ നാട് വിട്ട് പോവില്ലല്ലോ എന്നതായിരുന്നു അച്ഛൻ പരമേശ്വരൻ ഭട്ടതിരിപ്പാട് ആശ്വസിച്ചത്.

തുടക്കത്തിൽ ശാന്തി രസമായിരുന്നു. സിനിമക്കും വട്ടച്ചിലവിനുമുള്ള പണംകിട്ടും. വേലയും പൂരവും തായമ്പകയും മറ്റുമായി അങ്ങനെ കഴിയാം. പക്ഷേ, തിരുമേനിക്കെന്താ പണി എന്ന് നാട്ടുകാർ ചോദിക്കാൻ തുടങ്ങിയപ്പോഴാണ് സ്വയം ചൂളാൻ തുടങ്ങിയത്. ചൂണ്ടിക്കാട്ടി താരതമ്യം ചെയ്യാൻ പഠിക്കാൻ മിടുക്കരായ രണ്ട് ഏട്ടന്മാരും.

ഷോർട്ട് ഹാന്റും, ടൈപ്പ്റൈറ്റിംഗും പഠിച്ച് നാട്വിടുക. അതായിരുന്നു ആ ചോദ്യത്തിൽ നിന്ന് രക്ഷപ്പെടാനുള്ള ഏകവഴി. അതിന് ഇറങ്ങിയപ്പോൾ 'തിരുമേനി ഹാർമോണിയം വായിക്കാൻ പോകയാണേ' എന്നായി നാട്ടുകാരുടെ കളിയാക്കൽ. അതൊക്കെ ഓരോ കാലം.

ദില്ലിയിൽ എത്തിയതിന് ശേഷമാണ് ടൈപ്പിംഗ് പഠനം പൂർത്തിയാക്കിയത്. ഇൻസ്റ്റിറ്റ്യൂട്ട് നടത്തിയിരുന്ന സർദാർജിക്ക് ദിവസവും ചായ വാങ്ങി കൊടുക്കേണ്ട ഉത്തരവാദിത്വം ഉണ്ടായിരുന്നു. വെറുതെയല്ല. മാസഫീസിൽ അൽപ്പം ഇളവ് കിട്ടും.

മാധവൻ നാട്ടിൽ പരിഹസിക്കപ്പെട്ടെങ്കിൽ ഇന്ത്യൻ രാഷ്ട്രീയത്തിൽ ഏറ്റവും കൂടുതൽ പരിഹാസത്തിന് പാത്രമായ നേതാക്കളിൽ ഒരാളാണ് സോണിയാ ഗാന്ധി. പരിഹസിക്കപ്പെട്ടതിനെ എല്ലാം അതിജീവിച്ചാണ് അവർ ഇന്നത്തെ നിലയിൽ എത്തിയത്.

1974 ലെ തണുപ്പ് കാലത്താണ് ദില്ലിയിൽ എത്തിയത്. മൂത്ത ഏട്ടൻ പരമേശ്വരൻ ഇന്റലിജൻസ് ബ്യൂറോവിലും രണ്ടാമത്തെ ഏട്ടൻ ആദിത്യൻ ഇന്ത്യൻ പോസ്റ്റൽ സർവ്വീസിലും ആയിരുന്നു. പരമേശ്വരേട്ടനൊപ്പമാണ് ദില്ലിയിൽ ജീവിതം ആരംഭിച്ചത്. ദില്ലിയിൽ എത്തിയ ആദ്യവർഷം തന്നെ യു പി എസ് സി നടത്തിയ പരീക്ഷ 21 ആം റാങ്കോടെ പാസായി.



*ലീഡർ കെ കരുണാകരനുമൊത്ത് മാധവൻ ഭട്ടതിരിപ്പാട്.*

ഹാർമോണിയം പഠിക്കാൻ പോയതിന്റെ ഗുണമോ തിരുവുളക്കാവിലപ്പന്റെ പ്രസാദമോ ഉയർന്ന റാങ്ക് ഉള്ളത് കൊണ്ട് ആഭ്യന്തരമന്ത്രാലയത്തിൽ തന്നെ ക്ലാർക്കായി ജോലി കിട്ടി.

ദില്ലി വലിയ മാറ്റത്തിലൂടെ കടന്ന് പോയ കാലമാണ് 1970 ന്റെ രണ്ടാം പാദം. അടിയന്തരാവസ്ഥ, ഇന്ദിരാ ഗാന്ധിയുടെ തോൽവി, ജനതാസർക്കാർ,ഇന്ദിരാഗാന്ധിയുടെ തിരിച്ചുവരവ് ,സഞ്ജയ് ഗാന്ധി, ജയപ്രകാശ് നാരായൺ തുടങ്ങിയവരുടെ ഉദയം. അങ്ങിനെ എല്ലാം.

കോൺഗ്രസ്സിനോട് വലിയ പ്രതിപത്തി ഒന്നും ഉണ്ടായിരുന്നില്ല അന്ന്. കാരണം, വായിക്കുന്ന പത്രം ഇന്ത്യൻ എക്സ്പ്രസ്സ് ആയിരുന്നു. ഇംഗ്ലീഷ് നന്നാവാനാണ് എക്സ്പ്രസ്സ് വായിച്ചു തുടങ്ങിയത്. അതിന്റെ പബ്ലിഷർ ഗോയങ്ക കോൺഗ്രസ്സിന്റെ മുഖ്യവിമർശകരിൽ ഒരാളായിരുന്നു.

മാത്രവുമല്ല, ഇല്ലത്ത് രണ്ടാമത്തെ ഏട്ടൻ ആദിത്യൻ കട്ട ആർ.എസ്.എസ് ആണ്. ദേവറസ് എല്ലാം ഇല്ലത്ത് വന്ന് താമസിച്ചിട്ടുണ്ട്. ഏട്ടൻ ആർ.എസ്.എസിന്റെ മുഖപത്രമായ ഓർഗനൈസറിൽ എഴുതും. അതൊക്കെ ഞാനും വായിച്ചിരുന്നു. അതിന്റെ എല്ലാം ഇൻഫ്ളുവൻസ് എന്നിലും ഉണ്ടായിരിക്കാം.

ആഭ്യന്തരം, വിദേശകാര്യം തുടങ്ങിയ മന്ത്രാലയങ്ങളിൽ നിന്ന് മിടുക്കരും സത്യസന്ധരുമായ ആളുകളെ ഡെപ്യൂട്ടേഷനിൽ പ്രധാനമന്ത്രിയുടെ ഓഫീസിലും മറ്റും പ്രൈവറ്റ് സിക്രട്ടറി, ഓഫീസർ ഓൺ സ്പെഷൽ ഡ്യൂട്ടി എന്നീ തസ്തികകളിൽ നിയമിക്കുന്ന പതിവുണ്ട്.

അങ്ങിനെ ഇരിക്കുമ്പോൾ ഓർഡർ വന്നു. എന്നെ പ്രധാനമന്ത്രിയുടെ ഓഫീസിൽ, ആർ.കെ ധവാന്റെ കീഴിൽ അസിസ്റ്റന്റായി നിയമിച്ചു കൊണ്ടുള്ള ഉത്തരവ്.ഇന്ദിരാഗാന്ധിയുടെ പ്രൈവറ്റ് സിക്രട്ടറിമാരിൽ പ്രമുഖനായിരുന്നു ആർ.കെ ധവാൻ. പിന്നീട് മന്ത്രിയും രാജ്യസഭാഗവും മറ്റുമായി.

എനിക്ക് അവിടെ ചേരാൻ ഒട്ടും താൽപര്യമില്ലായിരുന്നു. രാവും പകലും പണിയെടുക്കണം. പ്രധാനമന്ത്രിയുടെ ഓഫീസ് എന്നാൽ 24 മണിക്കൂറും ജോലി എന്നാണ് അർത്ഥം. ഭാരിച്ച ഉത്തരവാദിത്വം. അക്കാലത്ത് വേളി കഴിഞ്ഞ് നാല് വർഷമായിട്ടേ ഉള്ളൂ. നെടുമ്പിള്ളി മകളാണ് സാവിത്രി. സാവിത്രിക്കും ദില്ലി ഗവർമെന്റിൽ ജോലി കിട്ടി.

കൃത്യമായി ജോലിക്ക് പോണം. കുട്ടികളെ നോക്കണം. നമ്പൂരാർക്ക് ഉള്ള സ്വാഭാവിക ശങ്ക. എല്ലാംകൂടി നല്ല ബുദ്ധിമുട്ടാവും.

ശങ്കിച്ച് നിന്ന എന്നെ ഇന്ദിരാഗാന്ധിയുടെ ഓഫീസിലേക്ക് തള്ളിക്കയറ്റി വിട്ടത് മിസിസ് ഗാന്ധിയുടെ അന്നത്തെ മാധ്യമോപദേഷ്ടാവായ എച്ച്.വൈ. ശാരദ പ്രസാദ് ആയിരുന്നു. കർണ്ണാടകക്കാരനായ അദ്ദേഹം അൽപ്പം തമാശയും മലയാളവും ചേർത്ത് പറഞ്ഞത് ഇന്നും ഓർക്കുന്നു.

'നോക്കൂ ഇപ്പോൾ ധവാനാണ് കാര്യങ്ങൾ നോക്കുന്നത്, അങ്ങ് വെറും ധവാനല്ല, മാധവൻ ആണ്! അതുകൊണ്ട് ഒട്ടും ശങ്കിക്കേണ്ട. താങ്കൾ അവിടെ ദീർഘകാലം തുടരും'. അങ്ങനെയാണ് 1984 ന്റെ തുടക്കത്തിൽ ഞാൻ പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയുടെ ഓഫീസിൽ എത്തിയത്. ഇപ്പോൾ 36 കൊല്ലം കഴിഞ്ഞു.

1984 ഒക്ടോബർ 31 ന് ആണ് ഇന്ദിരാഗാന്ധി അംഗരക്ഷകരുടെ വെടിയേറ്റ് മരിക്കുന്നത്. വെടിയേറ്റ് വിഴുമ്പോൾ ആർ.കെ. ധവാൻ മിസിസ് ഗാന്ധിയുടെ തൊട്ട് പിറകിൽ ഉണ്ടായിരുന്നു. അദ്ദേഹമാണ് ഇന്ദിരാഗാന്ധിയെ ഓൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിൽ എത്തിച്ചത്. അപ്പോഴെക്കും എല്ലാം കഴിഞ്ഞിരുന്നു. പിന്നീട് എപ്പോഴൊ ധവാൻ സർ പറഞ്ഞ് കേട്ടിട്ടുണ്ട്. വെടി വെച്ച ശേഷം ബിയാന്ത് സിംഗ് വിളിച്ച് പറഞ്ഞത്രെ 'ഞാൻ എന്നെ ഏൽപ്പിച്ച പണി ചെയ്തു , ഇനി നിങ്ങൾക്ക് നിങ്ങളുടെ പണി ചെയ്യാം'

ഇത് നടക്കുമ്പോൾ ഞാൻ സൗത്ത് ബ്ലോക്കിലായിരുന്നു. അന്ന് അതാണ് പ്രധാനമന്ത്രിയുടെ ഔദ്യോഗിക ഓഫീസ്. പിന്നീടാണ് അത് ഭാഗികമായി 7 റേസ് കോഴ്സ് റോഡിലേക്ക് മാറിയത്.

ഇന്ദിരാഗാന്ധി കൊല്ലപ്പെട്ട ദിവസം രാജീവ് ഗാന്ധി വെസ്റ്റ്ബംഗാളിലായിരുന്നു. പ്രണാബ് മുഖർജിയാണ് രാജീവ് ഗാന്ധിയെ അനുഗമിച്ച് ദില്ലിയിലെത്തിച്ചത്.അടുത്ത മൂന്നു ദിവസം ദില്ലി നിന്ന് കത്തുകയായിരുന്നു.രാജീവ് ഗാന്ധി ഇടക്കാല പ്രധാനമന്ത്രിയായി. തുടർന്ന് നടന്ന പൊതുതെരഞ്ഞെടുപ്പിൽ കോൺഗ്രസ്സ് തരംഗം ആഞ്ഞടിച്ചു. കോൺഗ്രസ്സിന് ചരിത്രഭൂരിപക്ഷം.

ജയിച്ച പാർലിമെന്റ് മെമ്പർമാരെ ദില്ലിയിലേക്ക് ക്ഷണിക്കുന്ന കത്ത് തയ്യാറാക്കിയത് ഞാനടങ്ങുന്ന ടീമാണ്. അന്ന് കമ്പ്യൂട്ടർ ഇല്ല. ഓരോ കത്തായി അടിച്ച് എടുക്കണം. 404 കത്തുകളാണ് ഒറ്റ രാത്രി കൊണ്ട്



*മാധവൻ ഭട്ടതിരിപ്പാട്*
*ഭാര്യയും മക്കളുമൊത്ത്*

അടിച്ച് തീർത്തത്. 514 ൽ 404 സീറ്റ് നേടിയാണ് കോൺഗ്രസ്സ് അന്ന് അധികാരത്തിലേറിയത്. 'പാർട്ടിക്ക് അവശ്യത്തിലധികം ഭൂരിപക്ഷം കിട്ടിയാൽ പ്രൈവറ്റ് സെക്രട്ടറിമാർക്കാണ് പണി കൂടുക !'

രാജീവ്ഗാന്ധി പ്രധാനമന്ത്രിയായതോടെയാണ് ഞാൻ സോണിയാഗാന്ധിയുടെ പ്രൈവറ്റ് സെക്രട്ടറി ആവുന്നത്. രാജീവ്-സോണിയ കുടുംബത്തിന്റെ അവധിക്കാല യാത്രകളിൽ പലതിലും ഞാനും കൂടെ പോവാറുണ്ടായിരുന്നു. പത്തിലധികം രാജ്യങ്ങൾ അങ്ങനെ സന്ദർശിച്ചിട്ടുണ്ട്. ഇന്ത്യക്കകത്തും പുറത്തും നിരവധി ഇടങ്ങളിൽ അവർക്കൊപ്പം സഞ്ചരിച്ചിട്ടുണ്ട്.

അങ്ങിനെ പന്ത്രണ്ടാം ക്ലാസ് കടക്കാത്തതിനാൽ നാട് വിട്ടെങ്ങും പോവില്ല എന്ന് കരുതിയ മാധവൻ, പട്ടത്ത് മനയിലെത്തന്നെ ഏറ്റവും കൂടുതൽ യാത്ര ചെയ്ത ആളായി. അതിനിടെ പ്രീ യൂനിവേഴ്സിറ്റി പാസായി. തുടർന്ന് ദില്ലി യൂനിവേഴ്സിറ്റിയിൽ നിന്നു ബി.എയും എഴുതിയെടുത്തു.

ചില കാര്യങ്ങൾ അങ്ങിനെയാണ്. നിനയ്ക്കുന്നതല്ല നടക്കുക. നാട്ടിൽ ശാന്തിപ്പണിയായി കഴിഞ്ഞ കാലത്ത് ഞാൻ ഇടക്ക് വെള്ളാലം ദാമോദരൻ നമ്പൂതിരിയെ കാണാൻ പോവുമായിരുന്നു. പ്രഗല്ഭ ജ്യോതിഷിയാണ് അദ്ദേഹം. മംഗളോദയം പഞ്ചാംഗം അദ്ദേഹമാണ് ഗണിക്കാറുള്ളത്.

'വടക്കോട്ട് പോയ്ക്കോളൂ. അവിടെയാണ് മാധവന്റെ ചോറ്' എന്ന് അദ്ദേഹം ഒരിക്കൽ പറയുകയുണ്ടായി. പിന്നെ രാജസദസ്സിൽ ജോലി ചെയ്യാൻ ഉള്ള യോഗം ഉണ്ടെന്നും.

ജാതകം ശരിയായതു കൊണ്ടാണോ എന്നറിയില്ല, ജീവിതത്തിൽ പലതും കേവലം ആകസ്മികമായി സംഭവിക്കുന്നതാണ് എന്ന് തോന്നിയിട്ടുണ്ട്. നിമിത്തം എന്നൊക്കെ വേണമെങ്കിൽ അതിനെ വിളിക്കാം.

1991 മെയ് മാസം 17നാണ് അച്ഛൻ മരിക്കുന്നത്. രാജീവ് ഗാന്ധിയുടെ തെരഞ്ഞടുപ്പ് പ്രചരണചൂട് മുറുകിയ സമയം. അപ്രതീക്ഷിതമായി നാട്ടിലേക്ക് പോകേണ്ടി വന്നു.

മെയ് മാസം 21 ന് ശ്രീപെരുമ്പത്തൂരിൽ വെച്ച് ചാവേർ ബോബ് പൊട്ടി രാജീവ് ഗാന്ധിയും കൊല്ലപ്പെട്ടു. അതിനൽപ്പം ദിവസം മുമ്പാണ് രാജീവ് ഗാന്ധിയുടെ കേരളത്തിലേതടക്കം ദക്ഷിണേന്ത്യയിലെ ടൂർ പ്രോഗ്രാമുകൾ ഞങ്ങൾ ഡ്രാഫ്റ്റ് ചെയ്തത്.

രാജീവ്ഗാന്ധി കൊല്ലപ്പെടുമ്പോൾ ഞാൻ ഇല്ലത്തായിരുന്നു. ഏഴ് വർഷങ്ങൾക്കുള്ളിലാണ് ഇന്ദിരാഗാന്ധിയും രാജീവ്ഗാന്ധിയും സമാന സാഹചര്യത്തിൽ കൊല്ലപ്പെടുന്നത്. രണ്ടിനും അനുഭവസാക്ഷിയാണ് ഞാൻ.

ഇത്തരം അനുഭവത്തിലൂടെ കടന്ന് പോകുമ്പോൾ ഏതൊരു കുടുംബവും തകർന്ന് പോവും. അതാണ് ഗാന്ധി കുടുംബത്തിലും സംഭവിച്ചത്.

വല്ലാത്ത ഒരു സമയമായിരുന്നു അത്. മാഡം ഗാന്ധിയുടെ (സോണിയാഗാന്ധിയെ മാഡംഗാന്ധി എന്നാണ് മാധവൻ വിളിക്കാറുള്ളത്) ജീവിതത്തിലെ ഏറ്റവും സംഘർഷഭരിതമായ സന്ദർഭത്തിൽ ദില്ലിയിൽ ഇല്ലാതെ പോയത് ഇന്നും വിഷമമായി നിലനിൽക്കുന്നുണ്ട്.

തിരിച്ച് ദില്ലിയിലെത്തിയപ്പോൾ മാഡംഗാന്ധിയെ എങ്ങിനെ അഭിമുഖീകരിക്കും, എന്ത് പറയും എന്നെല്ലാമുള്ള ആശങ്കയിലായിരുന്നു ഞാൻ. ഒടുവിൽ ഒരു സഹപ്രവർത്തകൻ പറഞ്ഞു.

'മാധവ് ജി. നിങ്ങൾ ഒന്നും ആലോചിക്കേണ്ട. മാഡത്തിന്റെ മുൻപിൽ പോയി നിൽക്കുക. ഒന്നും മിണ്ടണ്ട.' ഞാൻ അങ്ങിനെ ചെയ്യാൻ തീരുമാനിച്ചു. രാജീവ്ഗാന്ധി കൊല്ലപ്പെട്ട് എട്ടാം നാൾ ഞാൻ സോണിയാഗാന്ധിയുടെ മുൻപിൽ പോയി തല താഴ്ത്തി നിന്നു. ഒന്നും മിണ്ടാതെ.

അപ്പോൾ അവർ ചോദിച്ചു.

'മാധവ്ജി താങ്കളുടെ അച്ഛന് എന്ത് പറ്റി? താങ്കൾക്ക് പ്രത്യേകിച്ച് എന്തെങ്കിലും വേണ്ടതായുണ്ടോ ?'. കണ്ണ് നിറഞ്ഞുപോയി.

ഒന്നും മിണ്ടാൻ സാധിച്ചില്ല എന്നതാണ് സത്യം.ജോലി ഔദ്യോഗികമാണെങ്കിലും ചില ബന്ധങ്ങൾ ജോലിയിൽ ഒതുങ്ങി നിൽക്കില്ല.

രാഹുലിന്റെയും, പ്രിയങ്കയുടെയും



*പ്രിയങ്കയും രാഹുലും പങ്കെടുക്കുന്ന ഒരു ചടങ്ങിൽ മാധവൻ ഭട്ടതിരിപ്പാട്*

ഇപ്പോൾ കൊറോണക്കാലമായതുകൊണ്ട് ആഴ്ചയിൽ പകുതി ദിവസവും വീട്ടിലിരുന്നാണ് ജോലി. ഈ അഭിമുഖം തയ്യാറാക്കുമ്പോഴും മാധവ്ജിക്ക് നിരന്തരം ഫോൺ കോളുകൾ വരുന്നുണ്ടായിരുന്നു. ബീഹാർ ഇലക്ഷനിൽ മത്സരിക്കാൻ ടിക്കറ്റിനായി ക്യൂ നിൽക്കുന്നവരുടെ വിളികളാണ് അവയെന്ന് സംസാരത്തിൽ നിന്നു മനസ്സിലാക്കാം.

വടക്കേ ഇന്ത്യൻ നേതാക്കൾ കുണ്ഡലി എന്നാണ് ബയോഡാറ്റക്ക് പറയുക. കുണ്ഡലിക്ക് ജാതകം എന്നും അർത്ഥമുണ്ട്. മാഡത്തിന്റെ മേശപ്പുറത്ത് കുണ്ഡലി എത്തണമെങ്കിൽ മാധവ്ജി തന്നെ വേണമെന്ന് അവർക്കറിയാം.ഫോൺ വിളിക്കിടയിൽ മാധവൻ പറഞ്ഞു.

'ഇന്ന് രാഷ്ട്രീയം എന്നത് സ്വന്തം ജാതകം മാറ്റിയെഴുതാനുള്ള ഒരു തൊഴിലാണ് . ജനത്തോടുള്ള ഉത്തരവാദിത്വം ഒക്കെ കണക്കെന്നെ. ഒരു ജനതയുടെ അതു വഴി രാജ്യത്തിന്റെ ജാതകം മാറ്റിയെഴുതാൻ കഴിവും മനോഭാവവും ഉള്ള നേതാക്കൾ തീരെ കുറവാണ്. സ്വാർത്ഥത – അതാണ് രാഷ്ട്രീയത്തെ ഈ നിലയിലെത്തിച്ചത് '

രാഷ്ട്രീയം ചോദിക്കരുത് എന്ന നിബന്ധനയിലാണ് അഭിമുഖം തുടങ്ങിയത്. എങ്കിലും ചിലത് അറിയാതെ പറഞ്ഞ് പോവും.

'ഈ ഫോൺ വിളികൾ ഒക്കെ കുണ്ഡലി തെളിയിക്കാനുള്ളതാണ്' സ്വതസിദ്ധമായ ചിരിയിൽ പട്ടം മാധവൻ പറഞ്ഞ് നിർത്തി.

വെള്ളാലം ഗണിച്ച ജാതകം തെറ്റിയില്ല. അത്രയേ ഞാൻ പറയൂ. അല്ലെങ്കിൽ ഇതിനൊക്കെയുള്ള യോഗ്യത ഒന്നും എനിക്കില്യ. അങ്ങിനെ എങ്ങിനെയോ എത്തിപ്പെട്ടൂ എന്നേ പറയാനാവൂ.

വാക്കിലും പ്രവൃത്തിയിലും സൂക്ഷിക്കുന്ന ഈ നേരും വിനയവും ലാളിത്യവും കൊണ്ടു തന്നെയാണ് മാധവ്ജി എന്ന പട്ടം മാധവനെ ഗാന്ധി കുടുംബം ഇന്നും ചേർത്ത് നിർത്തുന്നത്. ●

പട്ടം മാധവൻ മൊബൈൽ: 09717755350 ഭാര്യ:സാവിത്രി നെടുംപിള്ളി മകൾ. മക്കൾ: ദീപക് ദില്ലിയിൽ കെ.പി.എം.ജിയിൽ ജോലി. ദീപ്തി കുടുംബത്തോടൊപ്പം ബാംഗൂരിൽ

(ജർമ്മൻ ടെലിവിഷന്റെ സൗത്ത് ഏഷ്യാ ലേഖകനായ പി.എം.നാരായണൻ കോഴിക്കോട് പുളിയപ്പിലാശ്ശേരി മുല്ലപ്പള്ളി ഇല്ലത്തെ അംഗമാണ്. ഇപ്പോൾ ഡൽഹിയിൽ. മൊബൈൽ: 9899146665 . Email pmnaru@ardindia.com .Web: www.ard.de )

ഹോളിഡേ ഹോംവർക്കുകൾ ഞാനാണ് ടൈപ്പ് ചെയ്ത് കൊടുക്കാറുള്ളത്. ഔദ്യോഗിക ജോലിയല്ലെങ്കിലും അതെല്ലാം അങ്ങിനെ ചെയ്ത് കൊടുക്കുമായിരുന്നു.

പ്രിയങ്കാ ഗാന്ധി ജീസസ് ആന്റ് മേരി കോളേജിൽ പഠിക്കുന്ന കാലത്താണ് റോബർട്ട് വഡേരയുമായുള്ള സൗഹൃദം ശക്തമാവുന്നത്. പ്രിയങ്ക അന്ന് കൂട്ടുകാരെയെല്ലാം വീട്ടിലേക്ക് വിളിച്ച് കൂട്ടുമായിരുന്നു.

ഒരു ദിവസം പ്രിയങ്ക കൂട്ടുകാരിൽ ചിലരുടെ ക്ലാസ് വർക്കുകൾ എന്നോട് ടൈപ്പ് ചെയ്ത് കൊടുക്കാൻ ആവശ്യപ്പെട്ടു. നൂറുകൂട്ടം പണിയുണ്ട്. സാധ്യമല്ലെന്ന് ഞാനും. അതിന്റെ പേരിൽ ചില കശപിശയൊക്കെ ഉണ്ടായി. കുറ്റബോധം കൊണ്ടാവാം, പിറ്റേദിവസം പ്രിയങ്ക ഒരു ഗ്രീറ്റിംഗ് കാർഡ് കൊണ്ട്വന്നു തന്നു.

റോബർട്ട് വഡേരയുമായുള്ളത് കേവലം സൗഹൃദമല്ലെന്ന് വീട്ടുകാർ അറിയും മുമ്പ് തന്നെ ഞാനറിഞ്ഞിരുന്നു. പ്രണയം പിന്നീട് വിവാഹത്തിലെത്തി. പ്രിയങ്കയുടെ വിവാഹത്തിൽ കുടുംബ സമേതം പങ്കടുത്തിട്ടുണ്ട്.

രാജീവ് ഗാന്ധി കൊല്ലപ്പെട്ടതോടെ ആടിയുലഞ്ഞ് പോയ കുടുംബമാണത്. സോണിയാഗാന്ധിക്ക് രാഷ്ട്രീയം തീരെ ഇഷ്ടമായിരുന്നില്ല. രാഹുലിന്റെയും പ്രിയങ്കയുടെയും സുരക്ഷയെക്കുറിച്ച് ഏറെ വ്യാകുലപ്പെട്ടിരുന്നു അവർ. ഇപ്പോഴും വ്യാകുലയാണ്.

രാജീവ്ഗാന്ധി മരിച്ചതോടെ കോൺഗ്രസ്സ് ഗാന്ധി കുടുംബത്തിൽ നിന്ന് അകലാൻ തുടങ്ങി. സീതാറാം കേസരിയുടെ നേതൃത്വത്തിൽ കോൺഗ്രസ്സ് ശക്തി ക്ഷയിച്ച് ഇല്ലാതാവും എന്ന് തോന്നിയ സന്ദർഭത്തിലാണ് മാഡം ഗാന്ധി സജീവ രാഷ്ട്രീയത്തിലേയ്ക്ക് ഇറങ്ങാൻ നിർബന്ധിതയായത്.

ലീഡറും (കെ.കരുണാകരനും ) അർജുൻ സിംഗും ആണ് അതിന

**ഒരു ദിവസം പ്രിയങ്ക കൂട്ടുകാരിൽ ചിലരുടെ ക്ലാസ് വർക്കുകൾ എന്നോട് ടൈപ്പ് ചെയ്ത് കൊടുക്കാൻ ആവശ്യപ്പെട്ടു. നൂറുകൂട്ടം പണിയുണ്ട്. സാധ്യമല്ലെന്ന് ഞാനും. അതിന്റെ പേരിൽ ചില കശപിശയൊക്കെ ഉണ്ടായി.**

വരെ പ്രേരിപ്പിച്ചത്. മരിക്കുവോളം മിസിസ് ഗാന്ധിയുമായി അടുത്ത ബന്ധം നിലനിർത്തിയ നേതാക്കളിൽ ഒരാളാണ് കെ. കരുണാകരൻ.

കോൺഗ്രസ്സിനെ കൈപിടിച്ച് ഉയർത്തുന്നതിൽ അവർ ഒരു പരിധി വരെ വിജയിക്കുകയും ചെയ്തിട്ടുണ്ട്. ഹിന്ദിഭാഷ ഇംഗ്ലീഷ് അക്ഷരത്തിൽ എഴുതി വായിച്ച് അവർ നടത്തിയ പ്രസംഗങ്ങൾ ജനങ്ങളിലെത്തി എന്നതാണ് 2004 ലെ തെരഞ്ഞടുപ്പ് ഫലം തെളിയിച്ചത്.

മൻമോഹൻ സിംഗ് പ്രധാനമന്ത്രിയായിരുന്ന സമയത്ത്, സൗത്ത് ബ്ലോക്കിനേയും, 10 ജൻപഥിനേയും തമ്മിൽ ബന്ധിപ്പിച്ചിരുന്ന പ്രധാന കണ്ണികളിലൊന്നായിരുന്നു പി.മാധവൻ.

സോണിയാ ഗാന്ധിയുടെ പ്രൈവറ്റ് സെക്രട്ടറിയായി ഏറ്റവും ദീർഘകാലം തുടരുന്ന ആൾ. ദില്ലിയിലെ അധികാര ഇടനാഴികളിലെ അടിയൊഴുക്കുകളറിയുന്നവർക്ക് അറിയാം അവിടെ തുഴയെറിഞ്ഞ് മുന്നോട്ട് പോവുക എത്ര ശ്രമകരമാണെന്ന്. മാധവന്റെ കൂടെ ജോലി ചെയ്ത പലരും പല കാലങ്ങളിൽ പല കാരണങ്ങളാൽ കൊഴിഞ്ഞ് പോയിട്ടുണ്ട്.

2011 ൽ സർക്കാർ ജോലിയിൽ നിന്ന് വിരമിച്ചപ്പോൾ സ്വസ്ഥം ഗൃഹഭരണത്തിലേക്ക് മടങ്ങാം എന്ന് നിരീച്ചതാണ്. പക്ഷേ അവർ വിടാൻ കൂട്ടാക്കിയില്ല. അതുകൊണ്ട് ഇപ്പോഴും ജോലി തുടരുന്നു.



# അമ്മ



**ജയശങ്കരൻ ഒ ടി**
ഒഴൂകിൽ തട്ടയൂർ ഇല്ലം, 'ശിവം',
കല്ലൂരുട്ടി പി.ഒ. ഓമശ്ശേരി (വഴി),
കോഴിക്കോട് ജില്ല, 673582
**മൊബൈൽ: 9446256311**

അമ്മയിവിടെയുണ്ടായിരുന്നപ്പൊഴേ-
ക്കപ്പുറത്തെന്തോ തിടുക്കം.
പൂജക്കു പൂക്കളിറുക്കയാവാം,വെയിൽ-
മാഞ്ഞിരുളുന്നതിൻ മുമ്പേ
പാൽമണം മാറാത്ത പൈക്കിടാവിന്നിളം
തേൻപുല്ലു നുള്ളുകയാവാം.
ദൂരെയെങ്ങോ നിന്നുമെത്തുമതിഥിയെ
കാത്തു വഴിയിൽ നില്പാവാം.
സ്വല്പനേരം താങ്കൾ വിശ്രമിച്ചാലുമീ-
പൂമുഖ വാതിൽക്കലെത്തും
പൂത്ത കണിക്കൊന്ന പോൽ ചിരിതൂകി വ-
ന്നിത്തറവാട്ടിലെയമ്മ.

**ഏ**തു പുണ്യത്തിനാൽ നമ്മളീയമ്മ തൻ
ഊഷ്മള സ്നേഹമേൽക്കുന്നൂ
രാപ്പകലില്ലാത്ത യാത്ര തൻ ഭാരമീ
കാൽക്കലിറക്കി വെക്കുന്നു.
വന്നവർ പോയവരൊക്കെയുമമ്മയ്ക്കു
തൻമക്കൾ പിഞ്ചുപൈതങ്ങൾ!
അമ്മതൻ വാഴ്‌വിലുടയവൻ നൽകിയ
നൽവരങ്ങൾ നമ്മളെല്ലാം!!

**രാ**വിലെ സൂര്യനെക്കാൾ മുമ്പുണരണം
കാവിൽതിരി കൊളുത്തേണം,
കാതുയർത്തുന്ന പൂവാലിക്കു വാമൊഴി-
പ്പാട്ടായ് സ്വകാര്യമോതേണം,
കാറ്റടിച്ചാകെ കരിയില ചാർത്തിയ
ചാറ്റടി വൃത്തിയാക്കേണം,
മൂത്തവർക്കൂന്നുവടിയായി നിൽക്കണം
താണവർക്കും തുണവേണം.
പാടത്തുനിന്നും വരുന്ന പണിക്കാർക്കു
തൂശനില നിരത്തേണം.
രാവും പകലും വിരാമമില്ലാതെയീ
തീയടുപ്പൂതി നിൽക്കേണം.
മേടവും ചിങ്ങവും ആതിരക്കാലവും
ഓർക്കാതെയോർത്തു വെക്കേണം
ഓരോ വിശേഷവുമാണ്ടും പിറന്നാളും
മോടിയായ് തന്നെയാടേണം.
കാറും കുളിരും വെയിലും കിടാങ്ങൾക്കു
വാട്ടമാകാതെ നോക്കേണം.
കൊയ്ത്തും മെതിയുമടുത്തു വന്നാൽ കള -
മുറ്റം മെഴുകി വെക്കേണം.
നെന്മണിക്കറ്റയാലില്ലംനിറ, പൊടി -
ക്കൂട്ടാലരിമാവിൻ കോലം.
വേനൽ തിളച്ചു നിന്നാലും വളപ്പിന്റെ
വേലി കെട്ടിക്കഴിയേണം,
കാറ്റും മഴയുമൊരുങ്ങുന്നതിൻ മുമ്പെ
മേൽപുര ഓല മേയേണം.

**നൂ**റു പണികളാണെപ്പോഴുമമ്മയ്ക്കു
മേനി നിവർക്കുവാൻ വയ്യ.
കാലും നിവർത്തി പടിയിലിരുന്നേറെ
പാട്ടുകൾ പാടുവാൻ വയ്യ.
കൊഞ്ചും കിടാങ്ങൾക്കു നേർ വഴിയോതുന്ന
ചെല്ലക്കഥക്കിടമില്ല.
എപ്പോഴുമമ്മക്കൊരേ ഭാവമെല്ലാർക്കു
മമ്മതൻ സ്നേഹമാധുര്യം.
എത്ര പെയ്താലും നിറയില്ല, കാറ്റടി
ച്ചാലും അണമുറിയില്ല.
എത്ര വെയ്‌ലത്തുമേ വാടില്ലൊരിക്കലും
മഞ്ഞിൽ മരവിക്കുകില്ല.

**അ**മ്മയുമെപ്പോഴോ കണ്ണിൽ കനവുമായ്
തുമ്പി പോൽ പാറിയിട്ടില്ലേ?
പൂക്കളോടും പുഴയോടും പറക്കുന്ന
പക്ഷിയോടും കൊഞ്ചിയില്ലേ.
കൺകൾ തിളങ്ങുന്ന ജാലകപ്പാളിയിൽ
കൈമഴപ്പാറലേറ്റില്ലേ?
അമ്മയായ് തീർന്നതോടൊപ്പമീ ലോകവു
മന്യമായ് തീർന്നു പോയെന്നോ?
മിന്നാമിനുങ്ങിന്റെ വെട്ടമൊതുങ്ങിയ
വീടുറങ്ങിപ്പോയ പോലെ.

**ഉ**ള്ളിൽ നിന്നാരും പതുങ്ങിയ ശബ്ദത്തി
ലൊന്നുമുരിയാടുന്നില്ല
മുന്നിലെ പാരിജാതത്തിന്റെ പൂവീണു
മണ്ണിൽ പതിഞ്ഞിരിക്കുന്നൂ,
ചാരുപടിയിലെ പൂച്ചതൻ കാലുകൾ
വെൺചിതൽ മൂടി നില്ക്കുന്നു.
അമ്മ ഇവിടെ ഉണ്ടായിരുന്നെങ്കിലു-
മപ്പുറത്തെന്തോ തിടുക്കം.
കൽവിളക്കിൻ തിരി കെട്ടുപോയ് മുറ്റത്തു
മഞ്ഞിന്റെ കോടി പുതപ്പായ്.
കണ്ണിമ മാളിത്തുടങ്ങിയെങ്കിൽ താങ്ക-
ളിത്തിരി നേരമുറങ്ങൂ.
നാളെ വെളുപ്പിനുണരേണ്ടതല്ലയോ
യാത്ര തുടരേണ്ടതല്ലേ?


സ്വസ്തി വാർഷികപ്പതിപ്പിന് ആശംസകളോടെ
ABOUT US
GOING BEYOND THE USUAL 'ONE-SIZE-FITS-ALL' APPROACH WE DELIVER INNOVATIVE PRODUCTS AND SERVICES WITH A UNIQUE TOUCH OF OUR EXPERIENCED TEAM
for more info
www.expedisetravel.com
EXPEDISE Travel Pvt Ltd
Experience the Excellence !!
BOOK NOW
+917824000375
INFO@EXPEDISETRAVEL.COM
Our Services
International & Domestic Flight Booking
International & Domestic Hotel Booking
International & Domestic Holidays
Honeymoon Packages
Group Tours
Study Tours
MICE Tours
Travel Insurance
Visa Services
Airport Transfers
24/7 Support Team
No 27, Kaveri Complex, 50 , Nungambakkam High Rd , Chennai, Tamil Nadu 600034

രണ്ടു നമ്പൂതിരിമാരുടെ കഥയാണ് ഇനിയുള്ള പേജുകളിൽ.
ഒരാൾ ജാതി മാറേണ്ടി വന്ന നമ്പൂതിരി. മറ്റേയാൾ മതം മാറേണ്ടി വന്നയാളും.

രണ്ടു പേരും അനുഭവിച്ചത് പുറത്താക്കലിന്റെ വേദന.

നെടുംപറമ്പില്ലത്ത് കൃഷ്ണൻനമ്പൂതിരിയുടെയും ദേവകി അന്തർജനത്തിന്റെയും മകനായി ജനിച്ചു
**11-ാം വയസ്സു മുതൽ നീലകണ്ഠചാക്യാരായ ആളാണ് ആദ്യത്തെയാൾ .**
അദ്ദേഹമാണ് കേരളത്തിൽ അവസാനമായി സ്മാർത്തവിചാരം നേരിടേണ്ടി വന്നത്.
എഴുതുന്നത് ഗുരുവായൂർ പെരിങ്ങിരി ചേന്നാസ് പ്രൊഫ. പി.സി.കെ.നമ്പൂതിരിപ്പാട്.
**രണ്ടാമത്തെയാൾ ഇസ്ലാമായ കരിയന്നൂർ ശങ്കരനാരായണൻ നമ്പൂതിരി.**
എഴുതുന്നത് സ്വസ്തി ചീഫ് എഡിറ്റർ കൊയ്ത്തടി ചെറുമുക്ക് പരമേശ്വരൻ നമ്പൂതിരി.
അദ്ദേഹത്തിന്റെ അപ്ഫന്റെ അമ്മാമൻ ആയിരുന്നു ഇസ്ലാമായ ആൾ

# അവസാനത്തെ സ്മാർത്ത വിചാരം

**പ്രൊഫ. പി.സി.കെ.നമ്പൂതിരിപ്പാട്**



ജനിച്ചത് നമ്പൂതിരിയായാണ്. പതിനൊന്നു വയസ്സു വരെ ജീവിച്ചതും അങ്ങനെ തന്നെ. നെടുംപറമ്പില്ലത്ത് കൃഷ്ണൻ നമ്പൂതിരിയുടെയും ദേവകി അന്തർജനത്തിന്റെയും മകനായിരുന്നു അദ്ദേഹം. പക്ഷേ, പതിനൊന്നാം വയസ്സു മുതൽ ആയിനിയിൽ മുരിങ്ങോത്ത് നീലകണ്ഠ ചാക്യാരായി. അങ്ങനെ ജീവിക്കേണ്ടി വന്നതിന് ഒരു കാരണമുണ്ട്. കേരളത്തിലെ അവസാനത്തെ സ്മാർത്ത വിചാരത്തിലെത്തി നിൽക്കും ആ കാരണം.

അദ്ദേഹത്തിന്റെ ജീവിതകഥയാണ് അവസാനത്തെ സ്മാർത്തവിചാരം എന്ന പുസ്തകം.

1931 ൽ കൊച്ചി സർക്കാർ സെക്രട്ടേറിയറ്റിൽ ഉദ്യോഗസ്ഥനായിരുന്നു ആ ചാക്യാർ. പല ഉയർന്ന പദവികളും വഹിച്ചു. 1968 ൽ കേരള സർവകലാശാല റജിസ്ട്രാറായി സർവീസ് അവസാനിച്ചു. വലിയ ഔദ്യോഗിക ജീവിതമല്ല ഗ്രന്ഥകർത്താവ് വിവരിക്കുന്നത് വേദനിപ്പിച്ച സാമുദായിക ജീവിതമാണ്.നമ്പൂതിരി എന്ന നിലയിൽ ജീവിച്ച ബാല്യകാലത്തിലെ അനുഭവങ്ങളും 1918 ൽ നടന്ന സാമുദായികമായ തരം താഴ്ത്തലും അത് മനസ്സിൽ ഏൽപ്പിച്ച ആഘാതങ്ങളും അദ്ദേഹം ജീവിതത്തിന്റെ അപരാഹ്നത്തിലിരുന്നുകൊണ്ട് അയവിറയ്ക്കുകയാണ്.




**വേദഗുരുവിന്റെ പത്നിയുടെ കാമാസക്തിക്ക് അടിമപ്പെടേണ്ടി വന്ന കൃഷ്ണൻ നമ്പൂതിരി ഈ വസ്തുത തന്റെ പത്നിയും മറ്റ് കുടുംബാംഗങ്ങളും അറിഞ്ഞ് ഏതെങ്കിലും വിധത്തിൽ പ്രതികരിക്കുന്നതിന്ന് മുമ്പായി വിധിവന്ന ദിവസം തന്നെ ആത്മഹത്യ ചെയ്തു.**

കേരളത്തിലെ നമ്പൂതിരി സമുദായത്തിന്റെ ആയിരത്താണ്ടു നീണ്ട വികാസ പരിണാമ ചരിത്രത്തിലെ പ്രധാനപ്പെട്ട ഒരു കാലഘട്ടത്തെ പ്രതിനിധാനം ചെയ്യുന്നതാണ് ഇതിലെ സംഭവങ്ങൾ. അനുഭവത്തിന്റെ ആധികാരികത ഉള്ളതിനാൽ പിൻതലമുറക്കും ചരിത്ര വിദ്യാർത്ഥികൾക്കും ഏറെ പ്രാധാന്യമുള്ളതുമാണ്. മുഖവുരയിൽ ജസ്റ്റിസ് വി ആർ കൃഷ്ണയ്യരും അവതാരികയിൽ ഡോ സുകുമാർ അഴീക്കോഴും ശ്രദ്ധിച്ചിട്ടുള്ളതുപോലെ പുസ്തകത്തിലെ ഏറ്റവും പ്രസക്തഭാഗം □ സമുദായത്തിലെ തിക്താനുഭവങ്ങൾ □ എന്ന നാലാമദ്ധ്യായമാണ്.

1918 ൽ നടന്ന ഈ ദുസ്സംഭവം ഗ്രന്ഥകർത്താവ് വിവരിക്കുന്നത് വളരെ സഹതാപം ജനിപ്പിക്കുന്ന ഭാഷയിലാണ്. ഇളുംപക്കൊടത്ത് ആഢ്യൻ വിഷ്ണുത്രാതൻ നമ്പൂതിരിയുടെ മൂന്നാം ഭാര്യയായിരുന്നു താത്രി. ഭർത്താവ് മരിച്ചു കുറച്ച് ദിവസം കഴിഞ്ഞപ്പോൾ ചാരിത്രലോപം അവരിൽ സംശയിക്കപ്പെട്ടു. വൃദ്ധനായ ആഢ്യൻ നമ്പൂതിരിയുടെ യുവതിയായ മൂന്നാം പത്നി. ഹ്രസ്വകാലം മാത്രം നില നിന്ന ദാമ്പത്യജീവിതം. താത്രി നാലു കുട്ടികൾക്ക് ജന്മം നൽകിയിരുന്നെങ്കിലും അവരുടെ ആകർഷകമായ യുവത്വം അപ്പോഴും

തുടിച്ചു നിന്നിരുന്നു. തത്സഹജമായ ആസക്തികൾ സജീവവും ആയിരുന്നു. അതാണ് ആപത്ത് ക്ഷണിച്ചു വരുത്തിയത്. അക്കാലത്ത് ചാരിത്ര്യ ലോപം ആരോപിക്കാൻ അതൊക്കെ ത്തന്നെ ധാരാളം.

ബന്ധുക്കൾ വിവരം രാമവർമ്മ മഹാരാജാവിന്റെ ശ്രദ്ധയിൽപ്പെടുത്തി. തന്റെ മൂക്കിന് താഴെ വെച്ച് ഒരന്തർജനം വലിയ ഒരപരാധം ചെയ്യുകയോ. വാർത്ത അദ്ദേഹത്തെ കുപിതനാക്കി. ഉടനെ അദ്ദേഹം സ്മാർത്തൻമാരെയും മീമാംസകരെയും വരുത്തി. പാരമ്പര്യവിധിപ്രകാരമുള്ള വിചാരണക്ക് ഉത്തരവിട്ടു. പിന്നെ,വിശദമായ കുറ്റവിചാരണയായി.

വെളിവായ വസ്തുതകളുടെ അടിസ്ഥാനത്തിൽ തയ്യിൽ രാമൻമേനോനും എഴുമാവിൽ വാസുദേവൻ ഭട്ടതിരിയും ഗ്രന്ഥകർത്താവിന്റെ അച്ഛൻ കൃഷ്ണൻ നമ്പൂതിരിയും ഭ്രഷ്ടന്മാരായി പ്രഖ്യാപിക്കപ്പെട്ടു. ഒരു സ്ത്രീമാത്രമായി ഇത്തരമൊരു കുറ്റം ചെയ്യില്ലല്ലൊ.

അതിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടത് കൃഷ്ണൻ നമ്പൂതിരിയുടെ കാര്യമാണ്. സംഭവം നടക്കുന്ന കാലത്ത് അദ്ദേഹം വെറും പന്ത്രണ്ടോ പതിമൂന്നോ വയസ്സ് മാത്രം പ്രായമുള്ള ബ്രഹ്മചാരിയായ ഉപനിച്ചുണ്ണി ആയിരുന്നു. വേദാധ്യയനത്തിനായി ആഢ്യൻ നമ്പൂതിരിയുടെ ഇല്ലത്ത് താമസിക്കുകയായിരുന്നു. വേദാധ്യയനമെല്ലാം കഴിഞ്ഞ് ആ ഉണ്ണി അവിടെ നിന്ന് പോയി. പിന്നെ വളർന്ന് വലുതായി വേളി കഴിച്ചു. അതിൽ പതിനൊന്നു വയസ്സുള്ള ഉണ്ണിയുണ്ടായി. ആ സമയത്താണ് പഴയകാര്യം കുത്തിപ്പൊക്കി വിചാരണ ചെയ്യുന്നത്.

വിചാരണക്കിടയിൽ ' ഞാൻ ആ ഉണ്ണിയെ ദുഷിപ്പിക്കാൻ ഇടയായിട്ടുണ്ട്' എന്ന് അന്തർജനം മൊഴി നൽകി. പണ്ട് വേദാധ്യയനസമയത്ത് താമസിക്കുമ്പോൾ. അതു മതിയായിരുന്നു മൊഴി. അതിൽ നിന്നു വ്യക്തമാവുന്നത് ആ ഉണ്ണി മനസാ അങ്ങിനെയൊരു കുറ്റത്തിന് ഉത്തരവാദിയല്ലാ എന്നാണല്ലോ. എന്നിട്ടും അദ്ദേഹം ശിക്ഷിക്കപ്പെട്ടു. വേദഗുരുവിന്റെ പത്നിയുടെ കാമാസക്തിക്ക് അടിമപ്പെടേണ്ടി വന്ന കൃഷ്ണൻ നമ്പൂതിരി ഈ വസ്തുത തന്റെ പത്നിയും മറ്റ് കുടുംബാംഗങ്ങളും അറിഞ്ഞ് ഏതെങ്കിലും വിധത്തിൽ പ്രതികരിക്കുന്നതിന്ന് മുമ്പായി വിധിവന്ന ദിവസം തന്നെ ആത്മഹത്യ ചെയ്തു.

ജാതിയിൽ നിന്നു പുറത്താക്കപ്പെട്ടവരുടെ സന്താനങ്ങൾക്കുള്ള ശിക്ഷ വിധിച്ചത് സ്മാർത്തന്മാർ

# ആ ഇല്ലം സന്തതികൾ ഇല്ലാതെ രക്തസാക്ഷിയായി തീർന്നു

എ എം എൻ ചാക്യാർ 1996 ൽ ആത്മകഥാരൂപത്തിൽ My Story എന്ന പുസ്തകം ഇംഗ്ലീഷിൽ എഴുതി അടുത്ത ചില ബന്ധുക്കൾക്ക് ഏതാനും കോപ്പി കൊടുത്തു. എന്റെ കഥയിലെ കാതലായ ഭാഗം സ്മാർത്തവിചാരവും അനന്തര ഫലങ്ങളും ആണ്.

കൊച്ചി രാജ്യത്തു ഒരു അന്തർജനത്തിന്റെ ലൈംഗിക അപചയം കണ്ടുപിടിക്കപ്പെട്ടതും ഔദ്യോഗികവും അംഗീകൃതവുമായ ഒരു സ്മാർത്തവിചാരം നടത്തപ്പെട്ടതും രാജ്യം ഭരിക്കുന്ന മഹാരാജാവ് വിധി പ്രഖ്യാപിച്ചു കൊണ്ട് കുറ്റവാളികളെ ജാതി ഭ്രഷ്ടരാക്കിയതുമായ ഈ സംഭവങ്ങൾ അവസാനത്തേതായിരുന്നു. ഇക്കഴിഞ്ഞ എൺപത്തിലേറെ വർഷങ്ങളായി മറ്റൊരു സ്മാർത്തവിചാരമോ അന്വേഷണമോ നടന്നിട്ടില്ല. ഭാവിയിൽ നടക്കാൻ സാധ്യതയുമില്ല. ഇതിന്റെ പ്രാധാന്യം അതാണ്.

ശിക്ഷ വിധിച്ചവർക്കും ശിക്ഷിക്കപ്പെട്ടവർക്കും എന്ത് സംഭവിച്ചുവെന്നാരും ചിന്തിക്കാറില്ല. അത് രേഖപ്പെടുത്തി കാലത്തിനോട് നീതി പുലർത്തേണ്ടതുണ്ട്.

ശിക്ഷിക്കപ്പെട്ടവർ പന്ത്രണ്ടു പേരാണ്. ഇളമ്പങ് കോടത്തു താത്രി എന്ന കഥാനായിക, അവരുടെ നാല് മക്കൾ, തയ്യിൽ രാമൻ മേനോൻ – പ്രധാന കുറ്റവാളി, ഏഴുമാവിൽ വാസുദേവൻ ഭട്ടതിരി, ഞങ്ങളുടെ അച്ഛൻ കൃഷ്ണൻ നമ്പൂതിരി, ഞങ്ങൾ നാല്, എന്നിങ്ങനെ 12 പേർ. കൃഷ്ണൻ നമ്പൂതിരിയുടെ പിൻഗാമികളായി നെടുംപറമ്പിൽ ഇല്ലത്തുണ്ടായിരുന്ന ഞങ്ങൾ നാലു മക്കൾ കൂടി ബഹിഷ്കൃതരായതോടെ ആ ഇല്ലം സന്തതികൾ ഇല്ലാതെ സ്മാർത്തവിചാരണയെന്ന ദുർഭൂതത്തിനു രക്തസാക്ഷിയായി തീർന്നു. അതും അങ്ങനെ ശിക്ഷിക്കപ്പെട്ടപ്പോൾ പ്രസിദ്ധമായ ഒരു നമ്പൂതിരി സ്ഥാപനം ഇല്ലാതെയായി. അന്യം നിന്നു. (പേജ് 119)



*ഇദ്ദേഹമാണ് പതിനൊന്നു വയസ്സു വരെ നമ്പൂതിരിയായി ജീവിച്ച എ. എം. എൻ ചാക്യാർ*

7 പെണ്മക്കൾ ഉള്ള നെടുംപറമ്പ് മനയിലെ അമ്മ ദാരിദ്ര്യം മൂലം കുട്ടികളെ പഠിപ്പിക്കാൻ നിവൃത്തിയില്ലാതെ വിഷമിച്ചു. പഠിക്കാൻ ഉള്ള തൃഷ്ണ കൊണ്ട് സമുദായത്തിലെ ആരുടേയും സഹായമില്ലാതെ തന്നെ കടം വാങ്ങിയിട്ടാണെങ്കിലും സാമാന്യം നല്ല വിദ്യാഭ്യാസവും തദ്വാരാ ഓരോ തൊഴിലും നേടി. ആദ്യം ജോലി കിട്ടിയ ആളുടെ ശമ്പളം കൊണ്ടാണ് മറ്റു ഏഴു പേരും പഠിച്ചിരുന്നത്.

സമുദായ ബഹിഷ്കരണമെന്ന ശാപം ക്രമേണ അവർക്കു മംഗളകരമായ അനുഗ്രഹാശിസ്സായി മാറുകയാണുണ്ടായത്. എല്ലാവരും തന്നെ നല്ല വിദ്യാഭ്യാസം നേടുകയും ജോലി നേടുകയും ചെയ്തു. സംസ്ഥാനത്തെ ഏറ്റവും മികച്ച അദ്ധ്യാപികക്കുള്ള അവാർഡ് വരെ അവരിലൊരാൾ നേടുകയുണ്ടായി. ശിക്ഷ വിധിച്ചവർക്കും പിൽക്കാലത്തു ഇതേ പോലൊരു അനുഭവത്തിലൂടെ കടന്നു പോകേണ്ടി വന്നു.

1997 – ൽ രാജകുടുംബാംഗമായ സീമ തമ്പുരാട്ടി പുലയയുവാവിനെ വിവാഹം കഴിച്ചത് വിരോധാഭാസമായി തോന്നുന്നില്ലേ? 1934 – ൽ മദ്രാസിൽ വച്ച് തീപ്പെട്ടു പോയ ശ്രീ. രാമവർമ മഹാരാജാവിന്റെ അനന്തരവളും കപ്പ്ലിങ്ങാട്ട് വൈദികൻ നാരായണൻ നമ്പൂതിരിയുടെ മാതൃവഴിക്കുള്ള പേരക്കിടാവുമാണ് സീമത്തമ്പുരാട്ടി. അവരുടെ പ്രേമബന്ധം വിവാഹ ബന്ധമായി പരിണമിച്ചു. രാജകീയ ആശിസ്സുകളും പൊതുജനാനുഗ്രഹവും ഈ ദാമ്പത്യത്തിനുണ്ടാകുകയും ചെയ്തു. ഇതേ ശ്രീ രാമവർമ മഹാരാജാവ് തന്നെയായിരുന്നു ആ കപ്പ്ലിങ്ങാട്ട് ഇല്ലത്തെ തന്നെ ഒരു നമ്പൂതിരിയോടൊപ്പം ചേർന്ന് 1918 –ൽ നിരപരാധികളായ നാലു കുട്ടികളെ – ഞങ്ങളെ – അവരുടെ അച്ഛൻ ചെയ്തതായി ആരോപിക്കപ്പെട്ട ഒരു സാമൂഹ്യ ദുർനടപടിയുടെ പേരിൽ നമ്പൂതിരി സമുദായത്തിൽ നിന്നു ക്രൂരമായി പുറന്തള്ളിയത്. ഇതിനു വിധി വൈപരീത്യമെന്നല്ലാതെ മറ്റെന്തു പറയാം! (പേജ് 125).

തന്നെയായിരുന്നു. സമുദായത്തിന്റെ പരിശുദ്ധിയും സംസ്കാരത്തിന്റെ പരിപാലനവും സാധിക്കുന്നതിനായി ആ കുട്ടികൾ ചാക്യാർ ഇല്ലോടമ്മ എന്നീ വിഭാഗങ്ങളിലേക്ക് തരം താഴ്ത്തപ്പെട്ടു. അങ്ങിനെ തന്റേതല്ലാത്ത കുറ്റത്തിന് ഗ്രന്ഥകർത്താവും രണ്ടനുജത്തിമാരും അന്ന് അമ്മയുടെ ഗർഭത്തിലിരിക്കുന്ന ഒരാൺകുഞ്ഞും ചാക്യാർ ജാതിയിൽപ്പെട്ടവരായി പ്രഖ്യാപിക്കപ്പെട്ടു.

ഇത്രയുമാണ് ഗ്രന്ഥത്തിലെ ഏറ്റവും പ്രസക്തമായ കാര്യങ്ങൾ. നമ്പൂതിരി സമുദായത്തിലെ അന്നത്തെ സാഹചര്യങ്ങളിൽ ലൈംഗിക സദാചാരം കാത്തുസൂക്ഷിക്കുക എത്രമാത്രം ദുഷ്കരമായിരുന്നു എന്ന് വ്യക്തമാക്കുന്ന വിവരണങ്ങൾ ഗ്രന്ഥത്തിലുണ്ട് .

കർശനമായ ശിക്ഷയെക്കുറിച്ചുള്ള ഭീതി ഒന്നുകൊണ്ടു മാത്രം ജന്തു വർഗ്ഗത്തിന്റെ ഒരു സ്വാഭാവിക ചോദനയെ തടയാൻ ശ്രമിക്കുന്നത് വ്യർത്ഥമാണ്. അവശ്യമായത് അനുയോജ്യമായ സാഹചര്യം സൃഷ്ടിക്കലായിരുന്നു. ആ ബോധത്തിന്റെ അഭാവമാണ് ആ കാലഘട്ടത്തെ സാംസ്കാരികമായി ജീർണ്ണിപ്പിച്ചു കളഞ്ഞതും .

സ്ത്രീകളുടെ ചാരിത്രശുദ്ധി എല്ലാ കാലത്തും എല്ലാ സമൂഹങ്ങളും വിലപ്പെട്ടതായി കരുതി വന്നിട്ടുണ്ട്. പാതിവ്രത്യ ലംഘനം ഒരു സമൂഹവും ചെറുതായി കണ്ടിട്ടില്ല. മക്കത്തായം അനുവർത്തിച്ചു വന്നിട്ടുള്ള നമ്പൂതിരിമാർക്കിടയിൽ പുരുഷാധിപത്യവും ബഹുഭാര്യത്വവും നിലനിന്നിരുന്നു. സ്ത്രീകളുടെ ചുമതല ‘ വെക്കലും വിളമ്പലും പ്രസവിക്കലും ‘ മാത്രമായി കരുതപ്പെട്ടു.

എക്കാലത്തും യാഥാസ്ഥിതികരും മർക്കടമുഷ്ടിക്കാരും ആയിരുന്ന പുരോഹിതവർഗ്ഗം ‘ സ്മൃതി’ കളുടെ ഇഴപിരിച്ചു വ്യാഖ്യാനിച്ച് ഇതിനൊക്കെ മതത്തിന്റെ അംഗീകാരവും നൽകി. സമുദായത്തിലെ ആചാരങ്ങളെ അവയുടെ സൗന്ദര്യാത്മകവും സാംസ്കാരികവും ആയ ഭാവങ്ങൾ ഉൾക്കൊള്ളാതെ അധീശത്വം നിലനിർത്താനുള്ള ചാട്ടവാറുകളായി ഉപയോഗിച്ചതിന്റെ ഫലമായി നമ്പൂതിരിത്തത്തിന്റെ ഉദാത്തവശങ്ങൾ നഷ്ടപ്പെടുകയും ചെയ്തു. എന്നാൽ ഈ അവസ്ഥ ആ സമുദായത്തിന്റെ സഹസ്രാബ്ദങ്ങളുടെ പഴക്കമുള്ള ചരിത്രത്തിലെ ഏതാനും ദശകങ്ങളുടെ കഥ മാത്രമേ ആകുന്നുള്ളൂ.

ശക്തിഭദ്രനും ശങ്കരാചാര്യരും പൂന്താനവും കാക്കശ്ശേരിയും മേൽപത്തൂരും സൃഷ്ടിച്ച ശാശ്വതയശസ്സ് ഐതിഹ്യമാലയിലെ നടുവിൽപ്പാടും മുട്ടസ്സും ചന്തുമേനോന്റെ സൂരിനമ്പൂതിരിയും ആയി രൂപാന്തരപ്പെട്ടത് ഇക്കാലത്താണല്ലോ. എന്നാൽ ജാതിയിൽ തരംതാഴ്ത്തിയിട്ടും വിദ്യാഭ്യാസം നേടാനും ഉദ്യോഗം സമ്പാദിക്കാനും സഹോദരിമാരെ നമ്പൂതിരിമാർക്കുതന്നെ വിവാഹം ചെയ്തു കൊടുക്കുവാനും സാധിച്ചു എന്നത് സാമുദായികാചാര്യൻമാരുടെ സഹിഷ്ണുതയുടെയും വിദ്വേഷരാഹിത്യത്തിന്റെയും ലക്ഷണമായി ഗ്രന്ഥകർത്താവ് നിരീക്ഷിക്കുന്നുണ്ട്.

**ജസ്റ്റിസ് വി ആർ കൃഷ്ണയ്യർ പുസ്തകത്തിന്റെ മുഖവുരയിൽ എഴുതിയ വരികൾ: സ്ത്രീപുരുഷ സമത്വം, വർഗമഹിമ, ന്യായാന്യായ വിവേചനം, സാമൂഹ്യസമുദായശാസ്ത്രം എന്നിവയിൽ തല്പരരായ വായനക്കാരുടെ ശ്രദ്ധയിലേക്ക് അവസാനത്തെ സ്മാർത്തവിചാരമെന്ന ഈ ഗ്രന്ഥത്തെ ഞാൻ ശുപാർശ ചെയ്തു കൊള്ളുന്നു.**

തെക്കെ മലബാറിൽ ബ്രിട്ടീഷ് ഭരണത്തിന്റെ അവസാന ദശകങ്ങളിൽ പതഞ്ഞു പൊന്തിയ സാമൂഹ്യപരിഷ്കരണ പ്രസ്ഥാനങ്ങൾ നമ്പൂതിരി സമുദായത്തിനു മാത്രം അവകാശപ്പെടാവുന്ന അടിസ്ഥാന ആന്തരിക സ്വത്വത്തിന്റെ പ്രസരണമാണ്. കാലാകാലങ്ങളിൽ സ്വശരീരത്തിൽ പറ്റിപ്പിടിക്കുന്ന മാലിന്യങ്ങളെ കുലുക്കിതെറിപ്പിക്കാനുള്ള ഈ ജന്മവാസന ഇന്ന് പൈതൃകത്തിലെ മൂല്യങ്ങളെ അന്വേഷിച്ചു പോകുന്ന ഒരു പുതിയ തലമുറയിൽ വന്നെത്തി നിൽക്കുകയാണല്ലോ.

ഏതാണ്ട് അതുപോലെത്തന്നെയാണ് ഈ ചാക്യാരും പിന്നിലേക്ക് തിരിഞ്ഞു നോക്കുന്നത്. എതിരെ ആഞ്ഞടിച്ച് കൊടുങ്കാറ്റിൽ മന സ്ഥൈര്യത്തോടെ നിലനിന്ന ആൾ. വിജയം വരിച്ച ആൾ. ജീവിതസായാഹ്നത്തിൽ ആശ്ചര്യത്തോടും സന്തുഷ്ടിയോടും സംതൃപ്തിയോടും കൂടി ജീവിക്കാൻ അവസരം ലഭിച്ച ആൾ. ഗ്രന്ഥകർത്താവ് തന്റെ അനുഭവങ്ങൾ വായനക്കാരോട് പങ്കു വെക്കുമ്പോൾ അതേ യാഥാസ്ഥിതികത്വത്തിന്റെ അധമമായ അധീശത്വത്തിനെതിരെ അതിശക്തമായ കൊടുങ്കാറ്റഴിച്ചു വിട്ട വി.ടി. ഭട്ടതിരിപ്പാടിനെയും ഇ. എം. എസ്സിനെയും സ്മരിക്കുന്നുണ്ട് . സാമൂഹ്യപരിണാമത്തിന്റെ ചരിത്രത്തിൽ ഒരു നിയമമെന്നപോലെ അനുസരിച്ചു കണ്ടുവരുന്ന ഒരു വസ്തുത കൂടി നമുക്കിവിടെ ശ്രദ്ധിക്കാം .

19 -ാം നൂറ്റാണ്ടിന്റെ ആരംഭത്തിലായിരുന്നു സിവിൽ- ക്രിമിനൽ കേസുകൾ വിചാരണ ചെയ്ത് തീരുമാനമെടുക്കാനും ശിക്ഷ വിധിക്കാനും വ്യവസ്ഥാപിത കോടതികൾ കേരളത്തിലുണ്ടായത്. ( കൊച്ചിയിലും തിരുവിതാംകൂറിലും കേണൽ മൺറോയുടെ കാലത്ത് എന്ന പുസ്തകത്തിൽ കാണുന്നു.) അതിനു മുമ്പ് സ്മൃതികളെ ആധാരമാക്കി തയ്യാറാക്കിയ ‘ വ്യവഹാരമാല ‘ ആയിരുന്നു ഈ വിഷയത്തിൽ അവലംബിച്ചിരുന്നത്.

എന്നാൽ നമ്പൂതിരിമാർ രണ്ടാം നൂറ്റാണ്ടിന്റെ ആദ്യ ദശകം വരെ സ്മൃതികളുടെ ആധിപത്യം നിലനിർത്താൻ ഇഷ്ടപ്പെടുകയായിരുന്നു . പൗരാവകാശങ്ങളും നീതിന്യായചട്ടങ്ങളും മതസിദ്ധാന്തങ്ങളുടെ അടിസ്ഥാനരീതികളും പാകപ്പെടുത്തിവന്നിരുന്ന ഒരു പഴയ കാലഘട്ടത്തിൽ നിന്ന് സ്വാതന്ത്ര്യം , സാഹോദര്യം , സമത്വം എന്നീ നവീനവും പുരോഗമനോന്മുഖവുമായ ആശയങ്ങളുടെ കാലഘട്ടത്തിലേക്കുള്ള സംക്രമണം ചാക്യാർ ആവിഷ്കരിക്കുന്നത് തികഞ്ഞ നിർമ്മമത്വത്തോടെയാണ്.

നെടുമ്പറമ്പ് കൃഷ്ണൻ നമ്പൂതിരിക്ക് ഭ്രഷ്ട് കൽപ്പിച്ച രാമവർമ്മ മഹാരാജാവിന്റെ അനന്തിരവൾ സീമതമ്പുരാട്ടി തന്നിഷ്ട പ്രകാരം ഒരു പുലയയുവാവിനെ വിവാഹം കഴിച്ചപ്പോൾ രാജകീയ ആശിസ്സുകൾ ആ വിവാഹത്തിനുണ്ടായി എന്ന് ചാക്യാർ സാകൂതം രേഖപ്പെടുത്തുന്നുണ്ട്. എന്നാൽ ആരോ ചിട്ടപ്പെടുത്തിയ ഒരു നാടകത്തിൽ അഭിനയിക്കുന്ന നടീനടന്മാരെപ്പോലെയാണവരെല്ലാം എന്ന് നിർവികാരനായി അഭിപ്രായപ്പെടുകയും ചെയ്യുന്നു.

സമുദായബഹിഷ്കരണമാകുന്ന ശാപം ഗ്രന്ഥകർത്താവടക്കമുള്ള നാലു സഹോദരന്മാർക്ക് ക്രമേണ മംഗളകരമായ അനുഗ്രഹാശിസ്സായി മാറുകയാണുണ്ടായത്. ഇത് തിരിച്ചറിയുന്നതോടൊപ്പം നെടുമ്പറമ്പെന്ന ഇല്ലം അന്യംനിന്നു പോയി എന്നതിലെ ദുഃഖം രേഖപ്പെടുത്തുകയും ചെയ്യുന്നു. വൈയക്തിക അനുഭവങ്ങൾ ചരിത്രരേഖകളായി മാറുന്നു അമൂല്യമായ ഈ ഗ്രന്ഥത്തിന്റെ അവസാനത്തിൽ. പുസ്തകത്തിൽ രണ്ടും മൂന്നും അധ്യായങ്ങളിൽ വിവരിക്കപ്പെടുന്ന ഗ്രന്ഥകർത്താവിന്റെ ബാല്യകാലാനുഭവങ്ങൾ പൂർണ്ണമായും സാമുദായിക പശ്ചാത്തലത്തിലുള്ള വയാണെന്നതിനാൽ വളരെ പ്രസക്തമാണ്. ●

പ്രൊഫസർ. പി.സി.കെ.നമ്പൂതിരിപ്പാട്
പെരിങ്ങിരി ചേന്നാസ് ഇ.കെ. നായനാർ റോഡ് ഗുരുവായൂർ: 680101
ഫോൺ: 9847045832 , 9497795332

# അബ്ദുള്ള നമ്പൂതിരി!

**കെ.എം.പരമേശ്വരൻ**



ഖിലാഫത്തിനു ശേഷം മുസ്‌ലിം സഹവാസമാരോപിച്ച് സമുദായ ഭ്രഷ്ടനാക്കിയ ഋഗ്വേദ പണ്ഡിതനും തന്ത്രി വര്യനുമായ നമ്പൂതിരി! എന്റെ അപ്ഫന്റ അമ്മാമൻ ആയിരുന്നു കരിയന്നൂർ ശങ്കരനാരായണൻ നമ്പൂതിരി. എന്റെ അച്ഛന്റെ അമ്മാത്തായ പുക്കുഴിമനയും കരിയന്നൂർ എന്ന പട്ടത്തു പുക്കുഴിമനയും പുലക്കാരും ദേശക്കാരും ഗൃഹക്കാരുമായതിനാൽ അപ്ഫന്റെ അമ്മാമൻ അച്ഛന്റെയും അമ്മാമനത്രെ.

ഋഗ്വേദസംഹിതയും പദവും കടുകട്ടി. സംസ്കൃത പണ്ഡിതൻ. തന്ത്രി. ബിംബം മാറ്റി കലശം വരെയുള്ള താന്ത്രിക ക്രിയകൾ ചെറുപ്പത്തിലേ നിർവ്വഹിച്ച താന്ത്രികാചാര്യൻ. ഇങ്ങനെയൊക്കെ പ്രശസ്തനായിരുന്നു അദ്ദേഹം.

കടവല്ലൂർ അന്യോന്യത്തിലെ വേദവികൃതികൾ പ്രയോഗങ്ങൾ വിജയിച്ചവൻ. തിരൂർ വഞ്ചേരി മന നരസിംഹ- വൈശ്രവണ ക്ഷേത്രം, അച്ചിപ്ര മേൽമുറി മാൻകുളങ്ങര ബാലനരസിംഹ ക്ഷേത്രം, വടക്കത്തുമന വാമനമൂർത്തി ക്ഷേത്രം. ഇവിടങ്ങളിലൊക്കെ നൂറു വർഷങ്ങൾ മുമ്പ് നവീകരണകലശം അടക്കമുള്ള താന്ത്രിക ക്രിയകൾ ശങ്കരനാരായണൻ കരിയന്നൂർ അനുഷ്ഠിച്ചിട്ടുണ്ട്.

അങ്ങനെയൊരാൾ പിന്നീട് ഇസ്‌ലാം മത വിശ്വാസിയായത് വല്ലാതെ വേദനിപ്പിച്ചിട്ടുണ്ട്. അദ്ദേഹത്തെ കുട്ടിക്കാലത്ത് നേരിൽ കാണാൻ അവസരമുണ്ടായ ആൾ എന്ന നിലയിൽ പ്രത്യേകിച്ചും. അതു പക്ഷേ, മതം മാറ്റത്തിനു ശേഷമാണെന്നു മാത്രം.ശങ്കരനാരായണൻ അല്ലാതായശേഷം. അബ്ദുല്ലയായ ശേഷം. ഇല്ലത്തു വന്നപ്പോഴായിരുന്നു ആ കൂടിക്കാഴ്ച.

**ഋഗ്വേദസംഹിതയും പദവും കടുകട്ടി. സംസ്കൃത പണ്ഡിതൻ. തന്ത്രി. ബിംബം മാറ്റി കലശം വരെയുള്ള താന്ത്രിക ക്രിയകൾ ചെറുപ്പത്തിലേ നിർവ്വഹിച്ച താന്ത്രികാചാര്യൻ. കടവല്ലൂർ അന്യോന്യത്തിലെ വേദവികൃതികൾ പ്രയോഗങ്ങൾ വിജയിച്ചവൻ. അങ്ങനെയൊരാൾ പിന്നീട് ഇസ്‌ലാം മത വിശ്വാസിയായത് വല്ലാതെ വേദനിപ്പിച്ചിട്ടുണ്ട്. അദ്ദേഹത്തെ കുട്ടിക്കാലത്ത് നേരിൽ കാണാൻ അവസരമുണ്ടായ ആൾ എന്ന നിലയിൽ പ്രത്യേകിച്ചും.**

അക്കാലത്ത് നമ്പൂരാര് വന്നാൽ അകത്ത് പ്രവേശനമുണ്ടെങ്കിലും അദ്ദേഹം നമ്പൂതിരി അല്ലാതായിക്കഴിഞ്ഞ ശേഷമായിരുന്നല്ലൊ ആ വരവ്! പടിപ്പുരക്ക് പുറത്തായിരുന്നു നിന്നത്. അങ്ങനെയാണ് കരിയന്നൂർ അമ്മാമനെ കണ്ടത്. അച്ഛൻ അകാലത്തിൽ മരിച്ച് സംവത്സരദീക്ഷ കഴിഞ്ഞകാലമായിരുന്നു.അക്കാലത്ത് ഉപനയനവും സമാവർത്തനവും കഴിഞ്ഞേ സ്കൂൾ പഠിപ്പിനു വിടൂ. അതുകാരണം പുറത്തൊന്നും അധികം പോവാറില്ല. ആകെ കിട്ടുന്ന അവസരം മുത്തശ്ശിമാർക്കു തുണപോകൽ ഡ്യൂട്ടിയാണ്. അത് ഇടക്കൊക്കെ ഉണ്ടാവും. അപ്പോഴാണ് പുറത്തിറങ്ങാൻ അവസരമുണ്ടാവുക.

ഇല്ലത്തെ ഒരു മുത്തശ്ശി കരിയന്നൂർ മഹളായ ശ്രീദേവി മുത്തശ്ശിയാണ്. പുറത്തു പോവേണ്ടി വന്നാൽ എന്നെയാണ് തുണക്കായി കൂട്ടുക. ഒരു ദിവസം മുത്തശ്ശി പുതച്ചു കുടയെടുത്ത് എന്നെ തുണക്കു വിളിച്ചു. ഉത്സാഹമായി. എങ്ങോട്ടോ പോവാനുണ്ടെന്ന് ധരിച്ചു. എന്നാൽ, പടിപ്പുരയോളം മാത്രമായിരുന്നു ആ അകമ്പടി. ഒരു പാത്രം നിറയെ പഴമെടുത്ത് എന്റെ കൈയിൽ തന്നു. സംഭാരപ്പാത്രം മുത്തശ്ശിയുടെ കൈയിലും പിടിച്ചു. എന്നെ മുമ്പിൽ നടത്തി. തൊടിയിലുടെ പടിഞ്ഞാറേ പടിക്കലേക്കായിരുന്നു യാത്ര.

അവിടെ അടിമുടി വെള്ളവസ്ത്രം ധരിച്ച മുമ്പൊന്നും കണ്ടിട്ടില്ലാത്ത പ്രായമുള്ള ഒരാൾ ഒരു കസേരയിലിരിക്കുന്നു. മുത്തശ്ശിയുടെ ഓപ്പയാണത്രെ! മുത്തശ്ശിക്കു കണ്ടു വർത്തമാനം പറയാവുന്ന ബന്ധുവാണ്. അന്യപുരുഷനല്ല. എന്നിട്ടും എന്താ ഇദ്ദേഹം ഇല്ലത്തേക്കു വരാതെ ഇവിടെത്തന്നെ ഇരുന്നു കളഞ്ഞത്? ഒന്നും മനസ്സിലായില്ല. എന്തെങ്കിലും പുലയോ വാലായ്മയോ മറ്റെന്തെങ്കിലുമോ ആവുമെന്ന് ധരിച്ചു. മുത്തശ്ശി സംഭാരപ്പാത്രവും ഞാൻ പഴപ്പാത്രവും അദ്ദേഹത്തിന്റെ മുമ്പിൽ വെച്ചു.

'ചെറ്യേ ചെമാരീടെ ഉണ്ണിയാണല്ലേ?' എന്ന് എന്നെ വാത്സല്യപൂർവ്വം നോക്കി ചോദിച്ചു. അതേയെന്ന് ഞാൻ തലയാട്ടി. മുത്തശ്ശി എന്തൊക്കെയോ പറയുകയും ചെയ്തു. മുത്തശ്ശീടെ ഓപ്പയാണല്ലൊ. പിന്നീട് കണ്ടിട്ടില്ലെങ്കിലും ആ തേജസ്സുള്ള മുഖം ഓർക്കാതിരിക്കാൻ കഴിയാറില്ല. വേറെയുമുണ്ടായിരുന്നു ബന്ധുത്വം.



എന്റെ അമ്മാത്തെ മുതുമുത്തശ്ശീടെ അമ്മാത്താണത്രെ ആ കരിയന്നൂർ അമ്മാമന്റെയും അമ്മാത്ത്. തിരുവേഗപ്പുറയിലെ എടമന എന്ന അമ്മാത്ത് പിന്നീട് വേമണ്ണ മുല്ലപ്പള്ളി മനയിൽ (പത്മപാദരുടെ ഇല്ലം) ലയിച്ചില്ലാതായി. ആ അമ്മാമനെപ്പറ്റി പിന്നെ പല തവണ പലരിൽ നിന്നായി കേട്ടിട്ടുണ്ട്. അമ്മാമനെ കണ്ടവരിൽ നിന്നും അടുത്തു പെരുമാറിയവരിൽ നിന്നും. ചിലത് ചുവടെ ചേർക്കുന്നു:

തൃശൂരിലുള്ള കാഞ്ഞൂർ കൃഷ്ണൻ നമ്പൂതിരിപ്പാടിന് ഇപ്പോൾ 96 വയസ്സായി. എങ്കിലും ഓർമ്മ മങ്ങിയിട്ടില്ല. 2020 ജനുവരിയിലെ സ്വസ്തി മാസികയുടെ മുഖചിത്രം ഇദ്ദേഹമായിരുന്നു. കരിയന്നൂരിനെ കണ്ടത് നല്ല ഓർമ്മയുണ്ട് അദ്ദേഹത്തിന്.

'ഒറ്റപ്പാലം ചുനങ്ങാട് കാഞ്ഞൂർ മനയിൽ ഞാൻ ജനിക്കുന്നതിന് അഞ്ചു കൊല്ലം മുമ്പു ജനിച്ച ഡോക്ടർ നീലകണ്ഠൻ (കുട്ടൻ) നമ്പൂതിരിപ്പാട് ചെറിയ ഉണ്ണിയായിരിക്കുമ്പോൾ കരിയന്നൂർ ഓത്തൻ നമ്പൂതിരി വേദമന്ത്രങ്ങൾ ചൊല്ലി തൊട്ടു ജപിച്ചിട്ടുണ്ട്. ഞാൻ ജനിച്ചപ്പോഴേക്കും താമസം മതിയാക്കിയിരുന്നു. പിന്നീട് എന്റെ സമാവർത്തനവും സ്കൂൾ പഠിപ്പും കഴിഞ്ഞ് സംഗീതം പഠിക്കാൻ കലാമണ്ഡലത്തിൽ ചേർന്ന് ഷൊർണ്ണൂർ റയിൽവെ സ്റ്റേഷൻ പരിസരത്തെ ലോഡ്ജിൽ 22 ദിവസം താമസിക്കേണ്ടി വന്നു. അതേ ലോഡ്ജിൽ താമസക്കാരനായ പ്രായമുള്ള ഒരു മുസ്ലിം പുരോഹിതൻ എന്റെ അടുത്തു വന്ന് നമ്പൂരിഭാഷയിൽ പേരും ഇല്ലപ്പേരും ചോദിച്ചു. കാഞ്ഞൂർ മനയിലെയാണെന്നു പറഞ്ഞപ്പോൾ 'ഞാൻ അങ്ങയുടെ ഇല്ലത്ത് പണ്ടു താമസിച്ചിട്ടുണ്ട്. ' എന്നു പറയുകയുണ്ടായി. ഇല്ലത്തു പറഞ്ഞു കേട്ടവർത്തമാനങ്ങൾ ഓർമ്മവന്ന് അദ്ദേഹം മതം മാറിയ കരിയന്നൂരാണെന്ന് ഞാൻ വിചാരിച്ചു. (ഒക്ടോബർ 2020 ആദ്യത്തിൽ ഡോ. പൊല്പായ വിനോദ് ഭട്ടതിരിപ്പാടിനോട് സംഭാഷണ മദ്ധ്യേ വെളിപ്പെടുത്തിയത്.)

മറ്റൊരാൾ ഇങ്ങനെ അനുസ്മരിക്കുന്നു. കരിയന്നൂർ പരമേശ്വരൻ നമ്പൂതിരി ,ശങ്കരൻ നമ്പൂതിരി.

കരിയന്നൂർ മനയിലെ തറവാട്ടു സ്വത്തുക്കൾ ഭാഗിച്ചത് മുത്തശ്ശൻ വാസുദേവൻ നമ്പൂതിരിപ്പാടിന്റെ ഒസ്യത്തു പ്രകാരമായിരുന്നു. മതം മാറിയ അനുജനും ഭാഗം നൽകാൻ അതിൽ നിഷ്ക്കർഷിച്ചിരുന്നു. ഭാഗത്തെ തുടർന്ന് അച്ഛൻ നാരായണൻ നമ്പൂതിരി കൊപ്പം പുലാശ്ശേരിയിൽ താമസം തുടങ്ങി. മുത്തഫൻ (മതം മാറിയ ആൾ) ഞങ്ങളുടെ ഇല്ലത്തിനടുത്തുള്ള ഒരു ഒഴിഞ്ഞുകിടന്ന

<u>**മുത്തഫൻ (മതം മാറിയ ആൾ) ഞങ്ങളുടെ ഇല്ലത്തിനടുത്തുള്ള ഒരു ഒഴിഞ്ഞുകിടന്ന വീട്ടിൽ താമസിച്ചു കൊണ്ട് ഉഴിച്ചിൽ ചികിത്സയുണ്ടായി. ഭക്ഷണം ഇവിടെ അമ്മയുണ്ടാക്കിത്തരും. ഞങ്ങൾ അവിടെ കൊണ്ടുപോയി ഊണുകഴിപ്പിക്കും. ഇല്ലത്തെ ഭക്ഷണം നല്ല ഇഷ്ടമായി. നാളെ കാളനാവട്ടെ, മറ്റന്നാൾ എരിശ്ശേരി, പിന്നെ പുളിശ്ശേരി, പായസം, പ്രഥമൻ എല്ലാം നിർദ്ദേശിക്കും. അത്രസ്വാതന്ത്ര്യമായിരുന്നു ഞങ്ങളോട് .**</u>

വീട്ടിൽ താമസിച്ചു കൊണ്ട് ഉഴിച്ചിൽ ചികിത്സയുണ്ടായി.

ഭക്ഷണം ഇവിടെ അമ്മയുണ്ടാക്കിത്തരും. ഞങ്ങൾ അവിടെ കൊണ്ടുപോയി ഊണുകഴിപ്പിക്കും. ഇല്ലത്തെ ഭക്ഷണം നല്ല ഇഷ്ടമായി. നാളെ കാളനാവട്ടെ, മറ്റന്നാൾ എരിശ്ശേരി, പിന്നെ പുളിശ്ശേരി, പായസം, പ്രഥമൻ എല്ലാം നിർദ്ദേശിക്കും. അത്രസ്വാതന്ത്ര്യമായിരുന്നു ഞങ്ങളോട് .

' നാരായണാ കുട്ടികളെയെല്ലാം നന്നായി പഠിപ്പിക്കണം.കാലം മാറുകയാണ്. ഓത്തും തന്ത്രവും മതിയാവില്ല ഇനിയുള്ള കാലത്ത് എന്നൊക്കെ ഉപദേശിച്ചിരുന്നു. മുത്തഫൻ പറഞ്ഞതിനാൽ എഞ്ചിനീയറിങ്ങും ഇൻഡസ്ട്രിയൽ പരിശീലനവും അദ്ധ്യാപക പരിശീലനവും കലാമണ്ഡല തന്ത്ര വിദ്യാപീഠ പരിശീലനങ്ങളും അച്ഛൻ ഞങ്ങൾക്കുനൽകി.

ഋഗ്വേദ സംബന്ധമായ മുത്തഫന്റെ അഗാധജ്ഞാനം സുഹൃത്തായ മഹാകവി വള്ളത്തോൾ നാരായണമേനോന് അറിയാമായിരുന്നു. മലയാളത്തിൽ വേദ പരിഭാഷക്ക് വള്ളത്തോളിന്റെ വലം കൈ മുത്തഫനാണെന്നാണ് കേൾവി. വാസ്തവത്തിൽ ഷൊർണ്ണൂരിൽ ആഴ്ചകളും മാസങ്ങളും മുത്തഫൻ താമസിച്ചത് ചെറുതുരുത്തിയിൽ പോയി മഹാകവിയെ സഹായിക്കാനായിരുന്നു. ഇടവേളകളിൽ ചാർച്ച വേഴ്ചയുള്ളവരേയും സന്ദർശിക്കും. ഇല്ലങ്ങളിലൊന്നും നേരിട്ടു പോകാതെ തന്നെ. ഭാഗത്തെ തുടർന്ന് അച്ഛനും അഫനും തമ്മിലുണ്ടായ തെറ്റിദ്ധാരണ വ്യവഹാരത്തിൽ കലാശിച്ചതറിഞ്ഞപ്പോൾ മുത്തഫൻ ഇടപെടുകയും രമ്യമായ പരിഹാരം കാണുകയുമുണ്ടായി.

വാടാനാംകുറുശ്ശിയിലെ തറവാടിന്റെ മുമ്പിലുള്ള പാടത്തിന്റെ അക്കരയിൽ വന്ന് ആളയച്ചാൽ കാപ്പിയും പലഹാരങ്ങളുമായി അച്ഛനോടൊപ്പം പോയി കണ്ടിരുന്ന കാര്യം ഭവത്രാതൻ നമ്പൂതിരി നല്ലപോലെ ഓർക്കുന്നു. മതം മാറിയ ശേഷം അബ്ദുള്ളാ സാഹേബ് എന്ന പേരിലാണ് മത പ്രസംഗക്കാരനായി അറിഞ്ഞിരുന്നത്. തിരുവനന്തപുരത്തെ വർക്കലയിലാണ് കുടുംബത്തോടെ താമസിച്ചതെന്നും അദ്ദേഹം പറഞ്ഞു. ഒരു മകൻ തിരുവനന്തപുരത്തു സെക്രട്ടറിയേറ്റിലും മറ്റേ മകൻ അന്തമാനിൽ കേന്ദ്ര സർവ്വീസിലും ജോലി ചെയ്തെന്നും ഭവത്രാതൻ കരിയന്നൂർ കേട്ടറിവു പങ്കു വെച്ചു.

കടവത്തു മുണ്ടനാട്ടു മനയിലെ മുത്തഫൻ ശങ്കരൻ നമ്പൂതിരി കരിയന്നൂർ ഓത്തനെ തൃശ്ശിവപേരൂരിൽ വെച്ചു കണ്ടു മുട്ടിയ കഥ അനുസ്മരിക്കുന്നു. ബ്രഹ്മസ്വം മഠത്തിൽ വാരമാണെന്നും പോരുന്നോ എന്നും ലോഗ്യം ചോദിച്ചു 'വാരത്തിന് മുമ്പിലിരുത്താമെങ്കിൽ വരാം ' എന്നായിരുന്നു മുണ്ടനാടിനോടുള്ള മറുപടി. മതം മാറിയപ്പോഴും മനസ്സു മാറിയില്ലെന്നു ചുരുക്കം.

കോഴിക്കോട് മൊടക്കല്ലൂർ ചായേടം ഇല്ലത്തെ കാരണവർ ബസ്സു യാത്രക്കിടയിലാണ് മതം മാറിയ കരിയന്നൂരിനെ പരിചയപ്പെട്ടത്. താൻ ഒറ്റക്കിരിക്കുന്നതു കണ്ടപ്പോൾ കരിയന്നൂർ അടുത്തേക്കു വന്നു. പരിചയപ്പെടാൻ മുൻകൈ എടുത്തതും അദ്ദേഹം തന്നെ. പിന്നെ നല്ല സൗഹൃദമായി. ചായേടം തന്റെ ഇല്ലത്തേക്കു ക്ഷണിക്കുകയും വഴി വിശദീകരിച്ചു കൊടുക്കുകയും ചെയ്താണ് പിരിഞ്ഞത്. പിന്നീട് മറ്റൊരിക്കൽ അദ്ദേഹം ആക്ഷണപ്രകാരണം ചായേടം ഇല്ലത്ത് സന്ദർശനം നടത്തിയതായിട്ടാണ് അറിവ്.

ഒരിക്കൽ അലനല്ലൂരിൽ ഒരു ഇസ്ലാംമത പ്രസംഗത്തിനെത്തിയതായിരുന്നു അബ്ദുള്ള സാഹിബ്.. റോഡരികിലൂടെ നടന്നു വന്ന ഉണ്ണി നമ്പൂതിരിയോട് ആ പ്രഭാഷകൻ പേരും ഇല്ലപ്പേരും അമ്മാത്തുമൊക്കെ നമ്പൂതിരി ഭാഷയിൽ ചോദിച്ചറിയുന്നതു കേട്ട് പള്ളിക്കമ്മറ്റിക്കാർ അമ്പരന്നു. 'അമ്മക്കു സുഖം തന്നെയല്ലേ?' എന്ന് മുസ്ലിം പുരോഹിത വേഷധാരിയുടെ വാത്സല്യത്തോടെയുള്ള അന്വേഷണം കേട്ട് ഉണ്ണിനമ്പൂതിരിക്കും ജാള്യത തോന്നി. ഇല്ലത്തു വന്ന് മകൻ സംഭവം കുടുംബ സദസ്സിൽ വിവരിച്ചതു കേട്ടപ്പോൾ മേലഴിയത്തെ മഹളായ പട്ടില്ലൂരമ്മ പറഞ്ഞു.. :'നീ കണ്ടത് എന്റെ അമ്മാമനെയാണ്.'

ഇക്കാലത്ത് ഇങ്ങനെയൊന്നു സങ്കല്പിക്കാനാവുമോ. വസുധൈവകുടുംബകം എന്നതിന്റെ പൊരുൾ! മതം മാറിയിട്ടും മനസ്സു മാറാത്ത ആൾ!! ●

കെ. എം.പരമേശ്വരൻ
മൊബൈൽ9072383651



## വേർപാടിന്റെ 36 വർഷം

# പാനാട്ട് ശ്രീധരൻ നമ്പൂതിരി

(മേടം/ഉത്രാടം) **25.4.1924 / 11.3.1985** (കുംഭം/വിശാഖം)

**പാനാട്ട് ഇല്ലം, പി.ഒ: വിളയിൽ വഴി: കുഴിമണ്ണ മലപ്പുറം: ജില്ല**

## ശ്രദ്ധാഞ്ജലിയോടെ

**സഹധർമ്മിണി:** സാവിത്രി അന്തർജനം

**മക്കൾ:** ശ്രീദേവി, പദ്മനാഭൻ നമ്പൂതിരി, നാരായണൻ നമ്പൂതിരി, സുധ, കൃഷ്ണൻ നമ്പൂതിരി.

**മരുമക്കൾ:** എൻ.ടി.കൃഷ്ണൻ നമ്പൂതിരി. (നല്ലൂർ തെഞ്ചീരി ഫറോക്ക്) കെ.സി.ലളിത (കൊയ്യത്ത് ചെപ്പന്നൂർ,തളിപ്പറമ്പ്) ഇ.എം.ശോഭ (കരുമകൻ കാവ് മുല്ലപ്പള്ളി, ഫാറൂഖ് കോളേജ്) കെ.എം സുകുമാരൻ (കൈപ്പറമ്പ് കുറൂർ) സുജ (കരിയന്നൂർ, പുലാമന്തോൾ കൊപ്പം)

**പേരമക്കൾ:** ബിന്ദു തിരുവാലൂർ, സവിത തത്തനാരി, ഹരിനാരായണൻ, ശ്രീദത്ത്, ശ്രീരാഗ്, ശരണ്യ, ശരത്, അമൃത കൂടലാറ്റുപുറം, അർജുൻ കുറൂർ, സാവിത്രി, പാർവതി, ആര്യ

# പഠിക്കാൻ മോശമായിട്ടും എങ്ങനെ ഐ.പി.എസായി



**രതീഷ് കൃഷ്ണൻ**



നമസ്കാരം ഞാൻ രതീഷ് കൃഷ്ണൻ. 1961 ലാണ് ജനനം. തൊടുപുഴ ശ്രീകൃഷ്ണസ്വാമി ക്ഷേത്രം മേൽശാന്തിയായിരുന്നു അച്ഛൻ കൃഷ്ണൻ പോറ്റി. മരിച്ചുപോയി. അമ്മ ദ്രൗപതി അന്തർജനം. കുട്ടിക്കാലത്തെപ്പറ്റി പറയുകയാണെങ്കിൽ അമ്പലത്തിലെ ശാന്തിയിൽ നിന്നു തുടങ്ങാം.

അച്ഛന്റെ കൂടെ ചെറുപ്പകാലം മുതലേ തന്നെ പഠിക്കുന്നതോടൊപ്പം തന്നെ അത്യാവശ്യം അമ്പലത്തിൽ പോയി സഹായിക്കുകയും ഒക്കെ ചെയ്തിരുന്നു. അങ്ങനെയാണ് കുട്ടിക്കാലം. അച്ഛന്റെ കൂടെ വെളുപ്പിനേ കുളിക്കുകയും ഒക്കെ ചെയ്ത് പൂജയൊക്കെത്തന്നെ പഠിച്ച് അമ്പലത്തിലെപൂജ ചെയ്യും. പിന്നെ ചന്ദനം അരക്കൽ. അതിന്റെ പ്രധാന ഉത്തരവാദിത്തം എനിക്കു തന്നെയായിരുന്നു.

പഠിക്കാൻ ഞാൻ മോശമായിരുന്നു. എങ്കിലും തപ്പിത്തപ്പിയൊക്കെ ജയിച്ച് പോന്നിരുന്നു. അവസാനം അങ്ങനെ കോളേജ് വിദ്യാഭ്യാസം പൂർത്തിയായി. ഒപ്പം അച്ഛന് വളരെ താല്പര്യം ഉള്ള ഒരു വിഷയമാണ് ജിംനേഷ്യവും

# ദീപ്തസ്മരണയിൽ വി. കെ. സി നാരായണൻ നമ്പൂതിരി



ജനനം 24.9.1923 ● മരണം 21.7.1995

വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറായി സർവീസിൽ നിന്നു വിരമിച്ച ഉണ്ണിമുറ കരിപ്പം ഇല്ലത്തെ വി കെ സി നാരായണൻ നമ്പൂതിരി ബി. എ പാസായ ശേഷം മദ്രാസ് യൂണിവേഴ്സിറ്റി നിന്നാണ് ബി ടി പാസായത്. മലബാർ ഡിസ്ട്രിക്ട് ബോർഡിന് കീഴിൽ അരീക്കോട് ഗവൺമെൻറ് ഹൈസ്കൂൾ സ്ഥാപിച്ചപ്പോൾ ആദ്യ അധ്യാപകൻ. തുടർന്ന് അരീക്കോട് എ.ഇ.ഒ. അരീക്കോട്, താനൂർ ,തിരൂർ, ഇരുമ്പുഴി, മഞ്ചേരി, കീഴുപറമ്പ് എന്നീ ഗവ: ഹൈസ്കൂളുകളിൽ പ്രധാനാധ്യാപകനായും തലശ്ശേരി ഡി.ഇ.ഒ ആയും സേവനമനുഷ്ഠിച്ചു. സംസ്ഥാന അധ്യാപക അവാർഡ് ജേതാവുമാണ്. മലപ്പുറം ഡി.ഡി.ഇ ആയി 1982 ജൂൺ30 നാണ് സർവീസിൽനിന്ന് പിരിഞ്ഞത്.

ഉണ്ണിമുറ ശ്രീവാമനമൂർത്തി ക്ഷേത്രം മൈത്രതാരകാധിപുരക്ഷേത്രം, മുത്തങ്കോട് വിഷ്ണുക്ഷേത്രം എന്നിവയുടെ ട്രസ്റ്റീ ബോർഡ് ചെയർമാനായിരുന്നു. ഉണ്ണിമുറഭാഗത്തെ റോഡുകൾ നിർമ്മിക്കാനും സാരഥ്യം വഹിച്ചിരുന്നു. സാമൂഹ്യ സാംസ്കാരിക വേദികളിൽ നിറ ചൈതന്യമായിരുന്ന വി.കെ.സിയുടെ സ്മരണയ്ക്കായി ഉണ്ണിമുറയിൽ ഗ്രാമീണ വായനശാലയും പ്രവർത്തിച്ചുവരുന്നു.

**അച്ഛൻ:**വി.കെ രാമൻ നമ്പൂതിരി(അധികാരി).

**അമ്മ:** പാർവ്വതി അന്തർജ്ജനം.

**ഭാര്യ:** ദേവകി അന്തർജനം(നടുവത്തേടത്ത് മകൾ).ചെറുവക്കാട് ഇല്ലമാണ് അമ്മാത്ത്.

**സഹോദരങ്ങൾ:** വി.കെ ശങ്കരൻ നമ്പൂതിരി ,വി.കെ.രാമൻ നമ്പൂതിരി, പാർവതി, ദേവകി, ശ്രീദേവി, മാധവി, പരേതരായ വി.കെ കൃഷ്ണൻ നമ്പൂതിരി, വി.കെ കേശവൻ നമ്പൂതിരി, ഉണ്ണിമായ, ഗംഗ.

**മക്കൾ:** രാമചന്ദ്രൻ (റിട്ട.എ.ഇ.ഒ)വിജയകൃഷ്ണൻ (റിട്ട.മാനേജർ ഇന്ത്യൻ ബാങ്ക്) രഘുനാരായണൻ (എഞ്ചി. ഹൈദരാബാദ്) ഉഷ (റിട്ട.ടീച്ചർ)സതി (റിട്ട.ടീച്ചർ)ജയ(ടീച്ചർ) സുമ (ടീച്ചർ)

**മരുമക്കൾ:**പി.സരള (റിട്ട.ടീച്ചർ പണിക്കത്തുമന)ശ്രീജ(റിട്ട.ടീച്ചർ കല്ലൂർ ഇല്ലം)ശ്രീലത മുല്ലനേഴി ,കൃഷ്ണൻ,തെക്കേപ്പാട്(റിട്ട.തഹസിൽദാർ),നീലകണ്ഠൻ,കരുമാളി (റിട്ട.ടീച്ചർ) കൃഷ്ണൻ,ചെറളപ്പുറം (വാട്ടർ അതോറിട്ടി), ശ്രീകുമാർ,പറക്കുന്നത്ത്(അഭിഭാഷകൻ)

**പേരക്കുട്ടികൾ:**ധന്യ(എഞ്ചി.),നിത്യ (എഞ്ചി.), വിദ്യ (എഞ്ചി.), ദിവ്യ(എഞ്ചി.), രാഹുൽ(എഞ്ചി.), ശ്വേത, നിഷ (അധ്യാപിക), അരുൺ (എഞ്ചി.), ആതിര(പ്രൈവറ്റ് ജോലി), ആരതി (പ്രൈവറ്റ് ജോലി),നീരജ ,ശരണ്യ, ഹരികൃഷ്ണൻ ,ശ്രീലക്ഷ്മി,

**മരുമക്കൾ:**ശ്രീനാഥ് പാലോന്നം, ശ്രീനാഥ് ശർമ്മൻ ആത്രശ്ശേരി, പ്രശാന്ത്,രാജേഷ്, മൈഥിലി, സജീവ് കുമാർ, നിമിത,വിഷ്ണു , ശ്രീനാഥ്.

**പേരക്കുട്ടികൾ :**സാരംഗ്,സാമജ്, വിവാൻ, ദേവിക, പ്രണവ്, ദീക്ഷിത് കൃഷ്ണ, ഋഷീകേശ്, ആശ്രിത് മാധവ്.

## അഭിമാനിക്കാം ഈ കുടുംബത്തോടൊപ്പം



- ❑തൊടുപുഴ മാടമന തുരുത്തേൽ മഠം
- ❑അച്ഛൻ പരേതനായ കൃഷ്ണൻ പോറ്റി
- ❑അമ്മ ശ്രീമതി ദ്രൗപതി അന്തർജനം.
- ❑ഭാര്യ: ഗിരിജാ ദേവി
- ❑മക്കൾ:രഞ്ജൻ ആർ ഗൗതം,രഞ്ജിത്ത് ആർ ഗൗതം.
- ❑അശ്വതിയാണ് രഞ്ജൻ ആർ ഗൗതമിന്റെ ഭാര്യ.
- ❑മൊബൈൽ :9447237992
- ❑സഹോദരങ്ങൾ: ഉണ്ണികൃഷ്ണൻ,രാമകൃഷ്ണൻ, രതി കൃഷ്ണൻ, മുരളി കൃഷ്ണൻ, ഹരി കൃഷ്ണൻ

**യുവത്വത്തോട് പറയാനുള്ളത് ഒന്നേയുള്ളൂ. സർവൈവൽ ഓഫ് ദ ഫിറ്റസ്റ്റ് എന്ന തിയറിയാണ് ഇവിടെ പ്രധാനം. ഒൺലി ഫിറ്റസ്റ്റ് കാൻ സർവൈവ്. അതുകൊണ്ട് ഒട്ടും പുറകോട്ട് പോവാതെ ശരിക്കും നമ്മൾ ബുദ്ധിമുട്ടണം. എന്നാൽ, മത്രമേ നമുക്ക് ഒരു ജോലിയിൽ എത്താനാവൂ.**

കളരിയും. തൊട്ടടുത്ത് ഒരു കരളിപ്പയറ്റ് സ്ഥാപനം ഉണ്ടായിരുന്നു. അങ്ങനെ ഒരു പതിനഞ്ചുവർഷത്തോളം കളരി അഭ്യാസം പഠിച്ചു. പല സ്റ്റേജുകളിലും കളരി അരങ്ങേറിയിട്ടുമുണ്ട്. ജിമ്മിലും അതുപോലെ തന്നെ പ്രാക്ടീസ് ചെയ്തു പോന്നിട്ടുണ്ട്.

ആദ്യകാലത്ത് ശരീരം ഇത്തിരി വണ്ണമൊക്കെ ഉണ്ടായിരുന്നു. വയറൊക്കെ ഉള്ളതു കൊണ്ടും നമ്പൂതിരിമാരായതു കൊണ്ടും ഇവരെക്കൊണ്ട് ഇതൊന്നും പറ്റില്ല എന്ന രീതിയിൽ നേരിട്ട് സംസാരിക്കുകയൊക്കെ ചെയ്തു. നിങ്ങളുടെ വയറൊന്നും ശരിയാവില്ല. പക്ഷേ, അതുകൊണ്ട് എന്തോ അതിനെ അങ്ങോട്ട് വാശിയായെടുത്തു.വാശി കയറിയപ്പോൾ ദിവസവും നല്ല കഠിനമായ എക്സർസൈസും കളരിയദ്യാസവും ചെയ്ത് മെയ്വഴക്കവും ഒക്കെ ഉണ്ടാക്കി. അങ്ങനെ കോളേജിൽ ഞാൻ ബെസ്റ്റ് ബോഡി ബിൽഡർ ആയിരുന്നു.ന്യൂമാൻ കോളേജിലായിരുന്നു ഞാൻ. അങ്ങനെ 1982 ൽ എനിക്ക് മിസ്റ്റർ ന്യൂമാൻ പദവി ലഭിച്ചു.

ഞങ്ങൾ ആറു പേരാണ് സഹോദരങ്ങൾ. അമ്പലത്തിലെ വരുമാനം മാത്രമായിരുന്നു ജീവിത മാർഗം. മറ്റൊന്നുമില്ലായിരുന്നു. എന്നാലും അല്ലലില്ലാതെ ഒക്കെ ഒപ്പിച്ച് അങ്ങനെ കഴിഞ്ഞു പോയി. അമ്പലത്തിലെ ബുദ്ധിമുട്ടും കഷ്ടപ്പാരും മറ്റും ഒത്തിരി ഉണ്ടായിട്ടുണ്ട്.

**ശാരീരികമായ അദ്ധ്വാനം നമ്പൂതിരിമാർക്ക് പറഞ്ഞതല്ല എന്ന് ധരിച്ചവർ ഇതു വായിക്കണം. ആദ്യം അമ്പലത്തിലെ ചന്ദനം അരയ്ക്കൽ. പിന്നെ, കളരിപ്പയറ്റ്. ജിംനേഷ്യം. കരാട്ടെ. ബോഡി ബിൽഡിംഗ്. അതേ, ബോഡി ബിൽഡിംഗ് തന്നെ. പാലട ചെലുത്തി കുടവയർ ബിൽഡിംഗ് അല്ല. കിലോ കണക്കിൽ കലോറി കത്തിച്ചു കളഞ്ഞ് ദുർമേദസ് ഒഴിവാക്കൽ. നിങ്ങളെക്കൊണ്ട് പറ്റില്ല എന്നു പറയിച്ചവരെ രതീഷ് കൃഷ്ണൻ തിരുത്തിക്കുറിച്ചു. വായിക്കാം ഐ.പി. എസുകാരനാവും മുമ്പുള്ള രതീഷ് കൃഷ്ണനെ. സ്വസ്തിക്കു നൽകിയ വോയ്സ് ക്ലിപ്പ്**

ജോലിക്കു വേണ്ടിയുള്ള നിരന്തര പരിശ്രമമായി പിന്നെ. വളരെയധികം പി. എസ്.സി ടെസ്റ്റുകൾ എഴുതി. നാലെണ്ണത്തിൽ ലിസ്റ്റിൽ പേരു വന്നു. നാലിൽ മൂന്നെണ്ണത്തിലും കയറി. പഞ്ചായത്തിലും പൊലീസിലും ഒക്കെയുണ്ടായിരുന്നു. വീണ്ടും സബ് ഇൻസ്പെക്ടർ ടെസ്റ്റ് എഴുതി. സബ് ഇൻസ്പെക്ടറായി ജോലി കിട്ടി. 1988ൽ സബ് ഇൻസ്പെക്ടർ ആയി കയറി. പൊലീസ് ട്രെയിനിംഗ് കോളേജിൽ ഒരു വർഷത്തെ ട്രെയിനിംഗ് പൂർത്തിയാക്കി.

പ്രൊബേഷൻ നിയമനം പാലയിൽ ആയിരുന്നു. കോഴിക്കോട് റൂറലിലെ നാദാപുരമായിരുന്നു ആദ്യത്തെ പോസ്റ്റിംഗ്. അതുകഴിഞ്ഞ് പേരാമ്പ്ര, വടകര. പിന്നെ ഇടുക്കി ജില്ലയിൽ വന്നു. കോട്ടയം,എറണാകുളംഅങ്ങനെ പലയിടത്തും. അവസാനം പ്രൊമോഷൻ വന്ന് കട്ടപ്പന. അങ്ങനെ പല സ്ഥലങ്ങളിലും ഇരുന്നു. പിന്നീട് ഡിവൈസ് പി ആയി. എസ്.പിയായി പാലക്കാടും ഇടുക്കിയിലും. തിരുവനന്തപുരത്ത് ദേവസ്വം ബോർഡ് ചീഫ് വിജിലൻസ് ഓഫീസർ എന്ന നല്ല പോസ്റ്റിലൊക്കെ ഇരുന്നു. അങ്ങനെ 2017ലാണ് റിട്ടയർ ചെയ്യുന്നത്. 2016ലും 2017 ലും ഞാൻ ഐ.പി.എസ് സെലക്ഷനിൽ ഉൾപ്പെട്ടതാണ്.

പക്ഷേ എന്തുകൊണ്ടോ ഇങ്ങനെ കുറച്ചു കാലം ഡിലേ വന്നു. അവസാനം ഇപ്പോൾ എനിക്ക് ഐ.പി.എസ് ലഭിച്ചു. ഇനി കുറച്ച് മാസങ്ങളേയുള്ളൂ. ഒരു വർഷം തികച്ചും കിട്ടില്ല. എങ്കിലും സന്തോഷവാനാണ്. ഭാര്യ ഗിരിജാ ദേവി. രണ്ടാൺമക്കളാണ്. മൂത്തയാൾ രഞ്ജൻ ആർ ഗൗതം. ഇളയ ആൾ രഞ്ജിത് ആർ ഗൗതം.മരുമകൾ അശ്വതിരഞ്ജൻ. ഒരാൾ ബിസിനസും അമ്പലത്തിൽ പൂജയുമായി പോവുന്നു. ഒരാൾ പഠിത്തം കഴിഞ്ഞ ഉടനേ ടി.സി.എസിൽ അപ്പോയ്ന്റ്മെന്റ് കിട്ടി. കഴിഞ്ഞമാസം ജോലിക്ക് കയറി.

ഇതു കൂടാതെ ഇടക്കാലത്ത് ശാരീരിക മികവ് വന്ന് കഴിഞ്ഞപ്പോൾ അഞ്ചു വർഷത്തോളം കരാട്ടെ പഠിച്ചു. കരാട്ടെ ബ്രൗൺ ബെൽറ്റായിരുന്നു.2014ൽ സർവീസിന്റെ മികവ് കൊണ്ട് രാഷ്ട്രപതിയുടെ മെറിറ്റോറിയൽ പൊലീസ് സർവീസ് ലഭിച്ചു. വേറെയും വളരെയധികം പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.

നമ്പൂതിരി സമുദായത്തിലെ യുവത്വത്തോട് പറയാനുള്ളത് ഒന്നേയുള്ളൂ. സർവൈവൽ ഓഫ് ദ ഫിറ്റസ്റ്റ് എന്ന തിയറിയാണ് ഇവിടെ പ്രധാനം. ഒൺലി ഫിറ്റസ്റ്റ് കാൻ സർവൈവ്. അതുകൊണ്ട് ഒട്ടും പുറകോട്ട് പോവാതെ ശരിക്കും നമ്മൾ ബുദ്ധിമുട്ടണം. എന്നാൽ, മാത്രമേ നമുക്ക് ഒരു ജോലിയിൽ എത്താനാവൂ. കാരണം ഈ സംവരണം വരുമ്പോൾ ഒന്നാം റാങ്കുകാരൻ ഒഴിച്ചുള്ള റാങ്കുകാരൻ രണ്ടാം റാങ്ക് ആണെങ്കിലും അവൻ അഞ്ചാമതും ആറാമതും പോവുന്ന അവസ്ഥയായാണ്. എന്റെ സബ് ഇൻസ്പെക്ടർ പോസ്റ്റിൽ ഞാൻ അറുപത്തൊന്നാമനായിരുന്നു റാങ്ക് ലിസ്റ്റിൽ. അപ്പോയ്ന്റ്മെന്റ് തന്നപ്പോഴേക്കും നൂറ്റി ഇരുപത്തി മൂന്നായി. അത് നിങ്ങൾ പ്രത്യേകം ശ്രദ്ധിക്കണം.

ഏറ്റവും ടോപ്പിൽ റാങ്ക് വരാനുള്ള ശ്രമം നടത്തി പഠിച്ച് വേണം എല്ലാ ടെസ്റ്റും അറ്റന്റ് ചെയ്യാൻ. എന്നാൽ മാത്രമേ നമുക്കിനി രക്ഷയുള്ളൂ. തിരുവനന്തപുരത്ത് പോലീസിന്റെ സ്റ്റേറ്റ് സ്പെഷ്യൽ ബ്രാഞ്ച് ഹെഡ് ക്വാർട്ടേഴ്സിൽ ഇന്റേണൽ സെക്യൂരിറ്റി എസ്.പിയായാണ് പുതിയ നിയമനം. ●

മൊബൈൽ:9447237992

# മായ്ക്കാൻ പാടില്ലാത്ത പൈതൃകമുദ്രകൾ

**ഡോ. തെന്നിലാപുരം പി. മഹാദേവൻ (പരിഭാഷ: ഡോ.പി.വിനോദ് ഭട്ടതിരിപ്പാട്)**

പേരു പറഞ്ഞാണല്ലോ നമ്മൾ സ്വയം പരിചയപ്പെടുത്തുന്നത്. എന്നാൽ, കൂടുതൽ കൃത്യമായി അടയാളപ്പെടുത്താൻ പലപ്പോഴും പേരു മാത്രം മതിയാകില്ല. ഇല്ലപ്പേരും വേണ്ടിവരും. ഇന്നയില്ലത്തെയെന്നു സൂചിപ്പിച്ചു കൊണ്ടുള്ള പരിചയപ്പെടുത്തൽ മാത്രമേ സമുദായത്തിനകത്ത് പലപ്പോഴും തൃപ്തികരമാകുകയുള്ളൂ. 'ഞാൻ ദിവാകരൻ' എന്നു കേൾക്കുന്നതിനേക്കാൾ തൃപ്തികരം 'ഞാൻ താമരക്കുളം ദിവാകരൻ' എന്ന് കേൾക്കുന്നതിനാണല്ലോ. ചുരുക്കത്തിൽ, പൈതൃകമുദ്രയായ ഇല്ലപ്പേര് നമ്മെ കൂടുതൽ കൃത്യമായി അടയാളപ്പെടുത്താൻ സഹായിക്കുന്നു.

അന്തർജ്ജനങ്ങളെ പലപ്പോഴും അടയാളപ്പെടുത്തുക ഭർതൃഗൃഹത്തിന്റെ പേരിലാണ്. വിവാഹം കഴിയുന്നതോടെ ഭർതൃഗൃഹത്തിലെ ഇല്ലപ്പേരിലാവും പിന്നീട് അറിയപ്പെടുക. ഇന്നയില്ലത്തെ മഹൾ ഇന്നയില്ലത്തെ അന്തർജ്ജനം എന്ന രീതിയിൽ. പൊൽപ്പായ മഹൾ, കിരാങ്ങാട്ടെ ആത്തേമ്മാർ എന്നൊക്കെയാവും. അതായത്, അന്തർജ്ജനങ്ങൾക്ക് സ്വന്തം ഇല്ലപ്പേര് എന്ന പൈതൃകമുദ്രയോടൊപ്പം ഒരു ആർജ്ജിതമുദ്ര കൂടി സ്വന്തം ഐഡന്റിറ്റിയുടെ ഭാഗമായുണ്ട്.

നമ്പൂതിരിമാർ പേരിനൊപ്പം ഇല്ലപ്പേര് ചേർത്തി പൈതൃകം കൃത്യമായി അടയാളപ്പെടുത്തുന്നതു പോലെ മറ്റു ബ്രാഹ്മണവിഭാഗങ്ങൾ ചെയ്യുന്നില്ല. ഞാനടക്കമുള്ള തമിഴ് ബ്രാഹ്മണർക്ക് ഗ്രാമപ്പേരാണ് പേരിനൊപ്പം ചേർക്കുന്നത്. എന്റെ പേരിൽ തെന്നിലാപുരം എന്ന് കാണുന്നത് ഗ്രാമപ്പേരാണ്. തുളു ബ്രാഹ്മണർക്കും ഗ്രാമപ്പേര് ചേർക്കുന്ന സമ്പ്രദായമുണ്ട്. എന്നാൽ, ഒരു ഗ്രാമത്തിൽ തന്നെ വ്യത്യസ്ത പൈതൃകങ്ങളുള്ള കുടുംബങ്ങളുണ്ടാവുക സ്വാഭാവികമാണല്ലോ. അതിനാൽ ഇല്ലപ്പേര് കൊണ്ട് ലഭിക്കുന്ന കൃത്യമായ ഐഡന്റിറ്റി ഗ്രാമപ്പേര് കൊണ്ട് ഉണ്ടാവുന്നില്ല. വ്യക്തിയെ അടയാളപ്പെടുത്താൻ ഇല്ലപ്പേരു തന്നെയാണ് കൂടുതൽ ഉത്തമം.

എന്നാൽ, ചില സന്ദർഭങ്ങളിൽ ഇല്ലപ്പേരു മാത്രം മതിയാകില്ല. ഗോത്രവും പ്രവരവും കൂടി വേണ്ടിവരും. താൻ ഇന്ന ഗോത്രത്തിൽപ്പെട്ട ഇന്ന പ്രവരത്തിൽപ്പെട്ട ഇന്ന പേരോടുകൂടിയയാൾ എന്ന് പറഞ്ഞാണല്ലോ 'അഭിവാദ്യം'ചെയ്യാറുള്ളത്. അങ്ങനെ നോക്കുമ്പോൾ ഗോത്രവും പ്രവരവും കൂടി ഓരോ നമ്പൂതിരിയുടെയും പൈതൃകമുദ്രകളാണ്. മാത്രമല്ല, അവ ഓരോരുത്തരുടെയും ഐഡന്റിറ്റിയുടെ ഭാഗവുമാണ്.(അമ്പതോളം വിവിധ ബ്രാഹ്മണഗോത്ര-പ്രവരങ്ങളുണ്ടെന്നു സ്വസ്തിയുടെ കഴിഞ്ഞ ലക്കത്തിൽ ഞാൻ എഴുതിയിരുന്നു.)

**ഇല്ലപ്പേര് കൊണ്ട് ലഭിക്കുന്ന കൃത്യമായ ഐഡന്റിറ്റി ഗ്രാമപ്പേര് കൊണ്ട് ഉണ്ടാവുന്നില്ല. വ്യക്തിയെ അടയാളപ്പെടുത്താൻ ഇല്ലപ്പേരാണ് ഉത്തമം. ഇല്ലപ്പേരു പോലെ തന്നെ ഗോത്രവും പ്രവരവും ഓർത്തിരുന്നാൽ മാത്രമേ വേണ്ട സമയത്ത് അഭിവാദ്യം പോലുള്ള ചടങ്ങുകൾ തൃപ്തികരമായി ചെയ്യാൻ പറ്റൂ. മറ്റൊരു പ്രധാന പൈതൃകമുദ്രയാണ് സ്വന്തം വേദവും അതിന്റെ ചരണവും.**

മാത്രമല്ല, പേരും ഇല്ലപ്പേരും പോലെ തന്നെ ഗോത്രവും പ്രവരവും ഓർത്തിരുന്നാൽ മാത്രമേ വേണ്ട സമയത്ത് അത് ഉപയോഗിച്ച് (കൃത്യതയോടെ സ്വയം അടയാളപ്പെടുത്തി) 'അഭിവാദ്യം' പോലുള്ള ചടങ്ങുകൾ തൃപ്തികരമായി ചെയ്യാൻ പറ്റുകയുള്ളൂ. രസകരമെന്ന് പറയട്ടെ, സ്വയം പരിചയപ്പെടുത്തുമ്പോൾ പേരിനൊപ്പം സ്വന്തം ഗോത്രവും പ്രവരവും കൂടി പറഞ്ഞു പരിചയപ്പെടുത്തുന്ന ഒരു ശീലം നൂറ്റാണ്ടുകൾക്ക് മുൻപു ബ്രാഹ്മണർക്കുണ്ടായിരുന്നു.

ഗോത്രവും പ്രവരവുമൊക്കെ ഓർത്തിരിക്കുക ബുദ്ധിമുട്ടല്ലേ എന്ന് ചോദിക്കുന്നവരുണ്ട്. വെറും ഒഴിവുകഴിവായിട്ടേ ആ ചോദ്യം തോന്നിയിട്ടുള്ളൂ. കാരണം, എന്റെ ഗോത്ര-പ്രവരമായ 'കാശ്യപ-ആവത്സാര-നൈധ്രുവം'ഓർത്തിരിക്കാനും ആരെങ്കിലും ചോദിച്ചാൽ ഉടനടി അത് പറയാനും ഒരിക്കലും ബുദ്ധിമുട്ടുണ്ടായിട്ടില്ല. അത് ഓർത്തിരിക്കുക എന്നത് ബുദ്ധിമുട്ടുണ്ടാക്കും എന്ന് കരുതാനുമാകില്ല. (ഇതിലും ബുദ്ധിമുട്ടേറിയ കാര്യങ്ങൾ പഠിച്ചാണ് കുട്ടികൾ പരീക്ഷ പാസാകുന്നത്.) യഥാവിധി പ്രേരിപ്പിച്ചാൽ കുട്ടികൾ ഗോത്രവും പ്രവരവും ഓർത്തുവയ്ക്കും . മാത്രമല്ല, തന്റെ പൈതൃകമുദ്ര അറിയാമെന്നതിൽ അവർ അഭിമാനിക്കുകയും ചെയ്യും. പേരും ഇല്ലപ്പേരും പറയുമ്പോൾ മനസ്സിൽ തോന്നുന്ന അഭിമാനം സ്വന്തം ഗോത്രപ്പേരു പറയുമ്പോഴും ഉണ്ടാകും.

ഇല്ലപ്പേരിന്റെ കാര്യത്തിലെന്നപോലെ ഗോത്ര-പ്രവരങ്ങളുടെ കാര്യത്തിലും പെൺകുട്ടികൾ വ്യത്യസ്തരാണ്. വിവാഹത്തോടുകൂടി ഇല്ലം മാറുന്ന പോലെ പെൺകുട്ടികളുടെ ഗോത്രവും മാറും. വിവാഹം വരെ പെൺകുട്ടി അച്ഛന്റെ ഗോത്ര-പ്രവരത്തിലെ അംഗമാണെങ്കിലും വിവാഹസമയത്ത് മകളെ സ്വന്തം ഗോത്രത്തിൽ നിന്നും വേർപ്പെടുത്തിയ ശേഷമാണ് വരന്റെ സമീപത്ത് കൊണ്ടുപോയി ഇരുത്തുന്നത്. തുടർന്ന് വരൻ തന്റെ ഗോത്രത്തിലേയ്ക്ക് ചേർക്കും. ഇതോടെ, ഭർത്താവിന്റെ ഗോത്രവും പ്രവരവും അറിയുക എന്നതും മനസ്സുകൊണ്ട് അവ തന്റേതുകൂടിയാക്കുക എന്നതും ശിഷ്ടകാലം അവ ഓർത്തിരിക്കുക എന്നതും വധുവിന്റെ (അന്തർജ്ജനത്തിന്റെ) കടമയാവുന്നു.

ആ അറിവ് വിലപ്പെട്ടതാണ്. പിന്നീട് പലപ്പോഴും അവർക്ക് ആ പുതിയ അറിവുപയോഗിച്ച് തന്നെയും മക്കളെയും മേൽസൂചിപ്പിച്ച പ്രകാരം അടയാളപ്പെടുത്തേണ്ടതായി വരും.

ഗോത്രവും പ്രവരവും ഒക്കെ വിഷയമായി വരുന്ന ഒരു സന്ദർഭം 'അഭിവാദ്യം'

## ഗോത്രം അത്ര നിസ്സാരമല്ല ലേഖനം അഭിനന്ദനാർഹം

സ്വസ്തി മാസികയിലെ ലേഖനം ഗോത്രം അത്ര നിസ്സാരമല്ലാ ഗഹനമായ വിഷയം .ഒരുപാട് ആഴങ്ങളിൽ മുങ്ങി തപ്പിയെടുത്ത പുതിയ അറിവുകൾ പ്രദാനം ചെയ്യുന്നു. ഏതായാലും ബ്രാഹ്മണ ഉൽപത്തിയുടേയും നമ്പൂതിരിയിലേക്കുള്ള പരിണാമത്തിന്റേയും ആഴത്തിലുള്ള പഠനം തന്നെ.

**ഈശ്വരൻ നമ്പൂതിരി**

വയനാട് ജില്ലാ സഭ പ്രസിഡണ്ട് മൊബൈൽ: 9447711928

## ചെറിയൊരു വ്യത്യാസം

എന്റെ കൈവശമുള്ള ഒരു പുസ്തകത്തിലെ ഗോത്രവിവരമനുസരിച്ച് ഓക്ടോബറിലെ വിനോദ് ഭട്ടതിരിപ്പാടിന്റെ ലേഖനത്തിൽ ചെറിയൊരു വ്യത്യാസം കാണുന്നു. എന്നെ അദ്ദേഹത്തിന്ന് ഓർമയുണ്ടോ എന്നറിയില്ല. അദ്ദേഹത്തിന്റെ വലിയച്ഛന്റെ മകൻ വാസുദേവൻഭട്ടതിരിപ്പാട് എന്റെ ഒരു സുഹൃത്താണ്.

**പുതുക്കുടി ഉണ്ണികൃഷ്ണൻ നമ്പൂതിരി**

ബാലുശ്ശേരി ഉപസഭ മൊബൈൽ 94008 97557

ആണെന്ന് സൂചിപ്പിച്ചല്ലോ. അതുപോലെ, അവ വിഷയമായി വരുന്ന മറ്റൊരു സന്ദർഭം വിവാഹാലോചനവേളയാണ്. സ്വഗോത്രവിവാഹം ബ്രാഹ്മണർക്ക് നിഷിദ്ധമാണ് എന്നതുകൊണ്ടാണ് ഗോത്രവും പ്രവരവും വിഷയങ്ങളായി വരുന്നത്. ഇതുമായി ബന്ധപ്പെട്ട് ഈയടുത്തകാലത്ത് രണ്ട് നമ്പൂതിരി കുടുംബങ്ങളിൽ ഒരു ചോദ്യം ഉയർന്നുവന്നതായി ഞാനറിഞ്ഞു. ആ ചോദ്യം എനിക്ക് മനസ്സിലായത് ഇങ്ങനെയാണ്: തങ്ങൾ അംഗീരസഗോത്രക്കാരും ബാർഹസ്പത്യ-ഭാരദ്വാജ പ്രവരക്കാരുമാണെന്ന് പെൺകുട്ടിയുടെ കുടുംബക്കാർക്ക് അറിയാം. എന്നാൽ, തങ്ങൾ ഭാരദ്വാജഗോത്രക്കാരാണെന്നു മാത്രമേ മറുഭാഗത്തിനറിയൂ. ഗോത്രം വ്യത്യസ്തമായതിനാൽ വിവാഹത്തിനു തടസ്സമില്ലല്ലോ എന്ന രീതിയിലായിരുന്നു ചോദ്യം. എന്നാൽ, ഭാരദ്വാജം എന്നൊരു ഗോത്രമില്ല. ആംഗിരസ-ബാർഹസ്പത്യ-ഭാരദ്വാജം എന്നതിന്റെ ചുരുക്കം എന്ന നിലയിലാണ് ഭാരദ്വാജഗോത്രം എന്ന് പറഞ്ഞിരുന്നത്. അതറിയുമ്പോൾ ഇരുകുടുംബങ്ങളും അംഗീരസ ഗോത്രക്കാരാണെന്ന് വ്യക്തമാകും. ഒരേ ഗോത്രക്കാർ (ഇവിടെ, അംഗീരസഗോത്രക്കാർ) തമ്മിൽ വിവാഹിതരാകുന്നത് പാരമ്പര്യത്തിന്റെ നിഷേധമാണല്ലോ.

ബ്രാഹ്മണരിൽ ഗോത്രവും പ്രവരവും അറിയാത്തവരുടെ എണ്ണം കൂടുകയാണ്. അതിനാൽ, അവരെടുക്കുന്ന ഗോത്രസംബന്ധമായ തീരുമാനങ്ങളിൽ പിഴവുകളുണ്ടാകാൻ സാധ്യതയുണ്ട്. ഇത്തരം പിഴവുകളൊഴിവാക്കാൻ, സ്വന്തം ഗോത്ര-പ്രവര ഫോർമുല മുഴുവനായി തന്നെ ഓർത്തു വക്കുന്നതാവും നല്ലത്. അതായത്, ആകെയുള്ള അമ്പത്തിരണ്ട് ഗോത്ര-പ്രവര ഫോർമുലകളിൽ സ്വന്തം കുടുംബം പിന്തുടരുന്നത് പറഞ്ഞു കൊടുത്താൽ മതിയാകും. എന്റെ ഗോത്ര-പ്രവര ഫോർമുലയായ 'കാശ്യപ-ആവത്സാര-നൈധ്രുവ' ഞാൻ ഓർത്തിരിക്കുന്നതു പോലെ ഏത് കുട്ടിയും തന്റെ ഗോത്ര-പ്രവര ഫോർമുല ഓർത്തിരിക്കും. ഇതുവഴി, കുട്ടികൾ സ്വന്തം പൈതൃകമുദ്രയാണ് അഭിമാനത്തോടെ കാത്തുസൂക്ഷിക്കുന്നത്.

മറ്റൊരു പ്രധാന പൈതൃകമുദ്രയാണ് സ്വന്തം വേദവും അതിന്റെ ഭാഗമായ ചരണവും. താൻ ഒരു ഋഗ്വേദിയാണ്, അല്ലെങ്കിൽ യജുർവേദിയാണ്, അല്ലെങ്കിൽ സാമവേദിയാണ് എന്നൊക്കെ പറയാറുണ്ട്. അതുകൊണ്ട് മുഴുവനായില്ല. വേദത്തിന്റെ ഏത് ചരണമാണ് (അഥവാ, ഏത് മഹർഷിയുടെ വ്യാഖ്യാനമാണ്) തന്റെ കുടുംബം പിന്തുടരുന്നത് എന്നു കൂടി അറിയേണ്ടതുണ്ട്. ഋഗ്വേദത്തിന് കൗഷീതകം, ആശ്വലായനം (അഥവാ പകഴിയം) എന്നീ രണ്ടു ചരണങ്ങളും യജുർവേദത്തിന് ബൗധായനം, ബാധൂലകം എന്നീ രണ്ടു ചരണങ്ങളും സാമവേദത്തിന് ജൈമിനീയം എന്ന ചരണവും നമ്പൂതിരിമാരുടെ ഇടയിൽ നടപ്പുണ്ട്. മാത്രമല്ല, ഈ അഞ്ചിൽ ഒന്നു മാത്രമാണ് ഓരോ കുടുംബവും ഇന്ന് പിന്തുടരുന്നത്. (നൂറ്റാണ്ടുകൾക്ക് മുൻപ് ഓരോ നമ്പൂതിരികുടുംബവും ഈ അഞ്ചു ചരണങ്ങളും അറിവുള്ള ത്രിവേദികുടുംബമായിരുന്നു എന്ന കാര്യം വിസ്മരിക്കുന്നില്ല.)

ഈ അഞ്ചു ചരണങ്ങൾക്കും വ്യത്യസ്ത ചടങ്ങുപുസ്തകങ്ങൾ ലഭ്യമാണ്. അതിനാൽ, ഓരോരുത്തരും തന്റെ ചരണ ഫോർമുല മാത്രം ഓർത്താൽ മതി. ബാക്കിയെല്ലാം ചടങ്ങുപുസ്തകത്തിൽ നിന്ന് മനസ്സിലാക്കാം. അഞ്ച് ഫോർമുലകളിൽ ഏതാണ് സ്വന്തം കുടുംബം പിന്തുടരുന്നതെന്ന് പറഞ്ഞുകൊടുത്താൽ മതി. കൂടെ, ആ ചരണത്തിന്റെ ചടങ്ങുപുസ്തകത്തിന്റെ ഒരു കോപ്പിയും കൂടി കൊടുത്താൽ കുട്ടികൾക്ക് ഭാവിയിൽ അത് ഉപകാരപ്പെടും. (സാധാരണക്കാർക്കു പോലും മനസ്സിലാവുന്ന ഭാഷയിലെഴുതിയ ഈ പുസ്തകങ്ങളുടെ പേര് തന്നെ കൗഷീതകചടങ്ങ്, പകഴിയം ചടങ്ങ്, ബൗധായചടങ്ങ്, ബാധൂലകചടങ്ങ് എന്നിങ്ങനെയാണ്. കുന്നംകുളം കാണിപ്പയ്യൂർ പുസ്തകശാലയിൽ അവ ലഭ്യവുമാണ്.)

ഓരോ ചടങ്ങിലും തന്റെ ചരണം അറിയേണ്ടത് ബ്രാഹ്മണന്റെ ആവശ്യമാണ്. തന്റെ ചരണം കൃത്യമായി അറിയാത്ത ഒരു ചെറുപ്പക്കാരനെ (ചെറുപ്പക്കാരിയെ) കൊണ്ട് ഒരു ചടങ്ങ് (ഉദാഹരണത്തിന് പിണ്ഡംവയ്ക്കൽ) ചെയ്യിപ്പിക്കേണ്ടതായ സന്ദർഭത്തിൽ അതിന്റെ കാർമ്മികത്വം വഹിക്കുന്ന ഓതിക്കോന് താൻ ഏത് ചടങ്ങു പുസ്തകപ്രകാരമാണ് ചെയ്യിപ്പിക്കേണ്ടത് എന്ന് സന്ദേഹമുണ്ടാകുന്നു. ഇത്തരമൊരു സാഹചര്യം മുൻകൂട്ടി കണ്ട് കുടുംബത്തിന്റെ വേദ-ചരണ ഫോർമുല ഓർത്തുവയ്ക്കാൻ അച്ഛനമ്മമാർ മക്കളെ പ്രേരിപ്പിക്കുന്നതാകും ഉചിതം.

ഇല്ലപ്പേരിന്റെയും ഗോത്ര-പ്രവരങ്ങളുടെയും കാര്യത്തിലെന്നപോലെ വേദ-ചരണങ്ങളുടെ കാര്യത്തിലും വിവാഹത്തോടുകൂടി ഭർത്താവിന്റെ വേദവും ചരണവും പിന്തുടരാനാണ് പെൺകുട്ടികൾക്ക് വിധിച്ചിട്ടുള്ളത്. അതിനാൽ, സ്വന്തം അച്ഛനമ്മമാരുടെ പിതൃകർമ്മം പോലും മകൾ തന്റെ ഭർത്താവിന്റെ വേദ-ചരണ പുസ്തക പ്രകാരമാണ് (അല്ലാതെ അച്ഛന്റെ വേദ-ചരണ പുസ്തക പ്രകാരമല്ല) ചെയ്യുന്നത്. ഉദാഹരണത്തിന്, കൗഷീതക ചരണം പിന്തുടരുന്ന കുടുംബത്തിൽ ജനിച്ച് ബൗധായന ചരണം പിന്തുടരുന്ന കുടുംബത്തിലേയ്ക്ക് വിവാഹിതയായ പെൺകുട്ടി പിന്നീട് ബൗധായനവിധിപ്രകാരമാണ് ചെയ്യുക.

പെൺമക്കൾ നിരന്നിരുന്ന് അഛന്റെ (അമ്മയുടെ) ബലിയിടുന്നത് ശ്രദ്ധിച്ചിട്ടുണ്ടാവുമല്ലോ. ഒരെ ആൾക്ക് വേണ്ടിയാണെങ്കിലും ഒരെ പോലെയായിരിക്കില്ല ബലിയിടുന്നത്. വിവാഹിതതർ ഭർതൃഗൃഹത്തിലെ പാരമ്പര്യമനുസരിച്ചും അവിവാഹിതർ തങ്ങളുടെ ജന്മപാരമ്പര്യമനുസരിച്ചും ആയിരിക്കും ബലിയിടുന്നത്. അത് നമ്പൂതിരിഭവനങ്ങളിൽ ഒരു കാഴ്ചയാണ്.

ബ്രാഹ്മണരുടെ മറ്റൊരു പൈതൃകമുദ്രയാണ് കുടുമ അഥവാ, ബ്രാഹ്മണപുരുഷന്മാരുടെ ഹെയർസ്റ്റൈൽ. പണ്ട് ഒരു പ്രത്യേകഭാഗത്തെ മുടി മാത്രം നിലനിർത്തി ബാക്കിയെല്ലാം വടിച്ചുകളയുമായിരുന്നു. അതാണല്ലോ കുടുമ. കുടുമ ഒരു ഹെയർസ്റ്റൈലായി ഇന്ന് നിലനിർത്തുന്നില്ലെങ്കിലും കുടുമയുടെ ചരിത്രം നമ്പൂതിരിമാരിലെ ആധുനികതലമുറ അറിഞ്ഞിരിക്കേണ്ടതാണ്. (ആ ചരിത്രം വരും ലക്കത്തിൽ.) ●


## ഡോ. തെന്നിലാപുരം പി. മഹാദേവൻ

അമേരിക്കയിലെ ഹൊവാർഡ് സർവ്വകലാശാലയിലെ ഇംഗ്ലീഷ് പ്രൊഫെസറായിരുന്നു. കഴിഞ്ഞ 55 വർഷമായി അമേരിക്കയിലാണ് ഗവേഷണമേഖല പുരാതനസാഹിത്യചരിത്രമാണ്. ഇംഗ്ലീഷ്-ലാറ്റിൻസാഹിത്യചരിത്രം പോലെ തന്നെ വേദസാഹിത്യചരിത്രം, മഹാഭാരതസാഹിത്യചരിത്രം തുടങ്ങിയ ഇൻഡോളജി മേഖലകളിലും അഗ്രഗണ്യൻ. നമ്പൂതിരിമാരുടെ സോമയാഗങ്ങളിൽ വേദസാഹിത്യത്തിന്റെ കൃത്യമായ ഉപയോഗങ്ങളെക്കുറിച്ചും പഠിച്ചു. ഹാർവാഡ് യുണിവേഴ്സിറ്റിയുടെ നിയന്ത്രണത്തിലുള്ള ഇന്റർനാഷണൽ വേദിക്ക് വർക്ക്ഷോപ്പ് തുടങ്ങി നിരവധി കോൺഫെറൻസുകളിൽ ക്ഷണിതാവ്. എല്ലാ വർഷവും കേരളത്തിൽ വന്ന് എടപ്പാളിലെ നാറാസ് മനയിൽ ആഴ്ചകളോളം താമസിച്ച് തന്റെ വേദസാഹിത്യപഠനം ഇപ്പോഴും വിപുലപ്പെടുത്തിക്കൊണ്ടിരിക്കുന്നു.പാലക്കാട് തെന്നിലാപുരം ഗ്രാമക്കാരൻ. എറണാകുളം മഹാരാജാസ് കോളെജിൽ നിന്ന് ബിരുദവും വാഷിങ്ങ്ടൺ യൂണിവേഴ്സിറ്റിയിൽ നിന്ന് ബിരുദാനന്തര ബിരുദവും ഡോക്റ്ററേറ്റും നേടിയിട്ടുണ്ട്. ഭാര്യ ഡോ. ഭാനു ഫിജിയിൽ ജനിച്ച ഇന്ത്യൻ വംശജയും അമേരിക്കയിലെ ലോകപ്രശസ്ത ജീനോം മാപ്പിംഗ് വിദഗ്ധയുമാണ്.

**വേദങ്ങൾ കന്നാലി പാട്ടാണെന്ന പാശ്ചാത്യരുടെ വാദങ്ങളെ സാധൂകരിക്കുന്ന താണ് പ്രസ്തുത ലേഖനത്തിൽ പറയുന്ന ഋഗ്വേദ രചന എന്ന വ്യാജകഥ.**

# ഗോത്രം അത്ര നിസ്സാരമല്ല; ചില വിയോജിപ്പുകൾ

സ്വസ്തിയുടെ 2020 ഒക്ടോബർ ലക്കത്തിൽ 'ഗോത്രം നിസ്സാരമല്ല' എന്ന ഡോ.പി.മഹാദേവന്റെ (പരിഭാഷ: ഡോ.പി.വിനോദ് ഭട്ടതിരിപ്പാട്) ലേഖനമാണ് ഈ കുറിപ്പിന് ആധാരം.

'ഗോത്രം അത്ര നിസ്സാരമല്ല' എന്നു സ്ഥാപിക്കാൻ ലേഖകൻ വൈദിക വാങ്മയത്തെയും നമ്മുടെ പ്രാചീന ചരിത്രത്തെയും ഇകഴ്ത്തി കാട്ടാനാണ് ശ്രമിക്കുന്നത്. വീർ സവർക്കരുടെ ഭാഷയിൽ 'സദ്ഗുണ വൈകൃതം' എന്നിതിനെ വിശേഷിപ്പിക്കാം. സംസ്കൃതത്തിന്റെയും വേദങ്ങളുടെയും വിഷയത്തിൽ അടിസ്ഥാനരഹിതവും ചരിത്ര വസ്തുതകൾക്ക് വിരുദ്ധവുമായ കാര്യങ്ങളാണ് ലേഖകൻ ഉന്നയിക്കുന്നത്. യാതൊരു പ്രമാണ രേഖകളും എടുത്തുകാട്ടാതെ ഏതാനും വിദേശ ഇന്തോളജിസ്റ്റുകൾ എന്നുപറയുന്നവർ തയ്യാറാക്കിയ വിവരണങ്ങൾ (അതിലും പ്രമാണങ്ങളോ ചരിത്ര രേഖകളോ പരാമർശിക്കുന്നില്ല എന്നതും ശ്രദ്ധേയം) അതേപടി പകർത്തുകയാണ് ചെയ്തത് .

1. ബ്രാഹ്മണ ഗോത്രങ്ങളെക്കുറിച്ചറിയാൻ ബിസി 1500 വരെ മാത്രം പോയാൽ പോരാ. സൃഷ്ടിയുടെ ആദ്യം വരെ പോകണം. ഗോത്രങ്ങൾ ബ്രാഹ്മണർക്ക് മാത്രമുള്ളതും അല്ല. വൈദിക സാഹിത്യങ്ങളിൽ ഗോത്രങ്ങളെ കുറിച്ചുള്ള ധാരാളം വർണ്ണനകൾ കാണാൻ കഴിയും. ഉപനിഷത്തിലെ സത്യകാമ ജാബാലിയും മഹാഭാരതത്തിലെ കർണ്ണനും മറ്റും ഏറെ ശ്രദ്ധേയം. പാണിനി മഹർഷിയുടെ അഷ്ടാധ്യായി സൂത്രത്തിൽ ഗോത്രം എന്നതിന് വ്യക്തമായ നിർവചനം തന്നെ നൽകുന്നുണ്ട്.

മനുവിന്റെയും നിരുക്തകാരന്റെയും കാലം ബിസി 1500 നും എത്രയോ സഹസ്രാബ്ദങ്ങൾക്ക് മുമ്പാണ് എന്നോർക്കുക!

സംസ്കൃതത്തിന്റെ പൂർവ രൂപമായിരുന്നു യാംനായ ഭാഷ എന്ന് അവകാശപ്പെടുന്നതും പാണിനിയാണ് അക്ഷരമാല ആദ്യമായി വികസിപ്പിച്ചത് എന്ന വാദവും ചരിത്ര ദൃഷ്ടിയിൽ ശരിയാവില്ല. പാണിനിയുടെ കാലത്തേക്കുറിച്ച് പണ്ഡിതരുടെ ഇടയിൽ ഏകാഭിപ്രായമില്ലായെങ്കിലും ഭാരതീയ പണ്ഡിതരും ഏതാനും പാശ്ചാത്യ ചരിത്രകാരന്മാരും പാണിനിയുടെ കാലം ബിസി 2000 ത്തിന് അടുത്തോ അതിലും പ്രാചീനമോ ആയാണ് കരുതുന്നത്.

പാണിനിക്കു മുമ്പും സംസ്കൃത വ്യാകരണം ഉണ്ടായിരുന്നു. എന്തെന്നാൽ പാണിനി തന്റെ അഷ്ടാധ്യായിയിൽ തന്റെ പൂർവ്വികരായ പത്ത് വ്യാകരണാചാര്യരെക്കുറിച്ച് പറയുന്നുണ്ട്.

പാണിനിക്ക് ശേഷമാണ് മഹാഭാരത രചന നടന്നത് എന്ന വാദവും ശരിയല്ല. എന്തെന്നാൽ മഹാഭാരതത്തിലെ കഥാപാത്രങ്ങളെക്കുറിച്ചും സംഭവങ്ങളെക്കുറിച്ചും പാണിനി തന്റെ അഷ്ടാധ്യായിയിൽ സൂചന നൽകുന്നുണ്ട്.

വേദങ്ങൾ മഹാഭാരത കാലത്തിനും എത്രയോ മുമ്പ് ഉണ്ടായിരുന്നുവെന്ന് വാല്മീകി രാമായണം പോലുള്ള ഇതിഹാസങ്ങൾ നോക്കിയാലറിയാം.

വേദങ്ങൾ കന്നാലി പാട്ടാണെന്ന പാശ്ചാത്യരുടെ വാദങ്ങളെ സാധൂകരിക്കുന്നതാണ് പ്രസ്തുത ലേഖനത്തിൽ പറയുന്ന ഋഗ്വേദ രചന എന്ന വ്യാജകഥ. ഇതിന് യാതൊരു അടിസ്ഥാനവുമില്ല. ശാസ്ത്രം ഇത്രയധികം വികസിച്ച ഇക്കാലത്ത് പോലും ഋഗ്വേദം പോലുള്ളവ ആരും ഉണ്ടാക്കിക്കാണാത്തത് എന്തുകൊണ്ട്?

ലേഖനത്തിൽ പറയുന്ന മിക്ക കാര്യങ്ങളും വസ്തുതാവിരുദ്ധമാണന്നു മാത്രം സൂചിപ്പിക്കുന്നു.പുരുഷസൂക്തത്തിൽ വർണ്ണിക്കുന്ന വിരാട് പുരുഷന്റെ മുഖമാണ് ബ്രാഹ്മണൻ എന്ന വേദവാക്യം (ബ്രഹ്മണോസ്യ മുഖമാസീത്) ഉയർത്തി പിടിക്കുന്ന നമ്പൂതിരിമാർക്ക് വേദത്തെ നിസ്സാരമാക്കി കളയാനാവില്ല. ●

**കെ.എം.രാജൻ നമ്പൂതിരി,**
അധിഷ്ഠാതാവ്,വേദഗുരുകുലം,
കാറൽമണ്ണഫോൺ: 7907077891

# ഇതൾ കൊഴിയാത്ത പൂവ്

**സ്നേഹജ കരിങ്ങനേഴി**

ഇരുളും വെളിച്ചവും മാറി മാറി
ഇടനാഴിയെന്നും നിറഞ്ഞു നിന്നു.
ഇതു വഴിപോകും നിഴലുകളോ
ഇതൾ കൊഴിയുന്നൊരു പൂവുപോലെ
വിരിയുന്നു കൊഴിയുന്നു വേദനയാൽ
വിണ്ണിൽ നിറയുന്ന താരങ്ങളായ്
മഞ്ഞും ശിശിരവും വേനലുമായ്
മണ്ണിൽ ഋതുക്കളും മാറി മാറി
പൊന്നോണപ്പൂവും വിഷുപ്പക്ഷിയും
തെല്ലും മടിയാതെ വന്നു പോണു.
പ്രളയവും പേമാരി രോഗവുമായ്
പ്രകൃതിതൻ പതിവുകാർ വന്നുപോയി.
ഇടനെഞ്ചിലൊരു കുഞ്ഞുനൊമ്പരമായ്
ഇടനാഴിയപ്പൊഴും കാത്തു നിന്നൂ.
ഇതൾ കൊഴിയാത്ത ഒരു പൂവിനായി
ഇണപിരിയാത്തൊരു കൂട്ടിനായി.



**സ്നേഹജ കരിങ്ങനേഴി**
**പി.ഒ രാമപുരം,**
**മലപ്പുറം, പിൻ 679321**
**മൊബൈൽ**
**7594948076**





നമുക്കിടയിലെ
പ്രതിഭകൾ

# കലാമണ്ഡലത്തിലെ മോഹിനി

## സയൻസോ മറ്റോ പഠിക്കാൻ പറ്റാത്തതുകൊണ്ട് തിരഞ്ഞെടുത്തതല്ല കലയുടെ വഴി. പഠനത്തിൽ നാഷണൽ മെറിറ്റ് സ്കോളർഷിപ്പ് കിട്ടിയ ആളാണ് തീർത്ഥാരാജ്

ഡോക്ടറാവണം എന്നാണ് തീർത്ഥാരാജും പറയുന്നത്. പക്ഷേ, എം.ബി.ബി.എസ് അല്ല. പി.എച്ച്.ഡിയാണ്. അതും മോഹിനിയാട്ടത്തിൽ! അതിന്റെ എണ്ണം പറഞ്ഞ ഇൻസ്റ്റിട്യൂട്ടായ കേരള കലാമണ്ഡലത്തിൽ നിന്ന്!! സാധാരണ ഡോക്ടറായാൽ എന്തു ലഭ്യമെന്ന് നമുക്കൊക്കെ അറിയാം. എന്നാൽ മോഹിനിയാട്ടത്തിൽ പി.എച്ച്.ഡി നേടിയിട്ട് എന്തു ചെയ്യാൻ? സാധാരണക്കാരുടെ ഈ ചോദ്യത്തിന് ഉത്തരം നൽകുന്നില്ല തീർത്ഥ. അങ്ങനെ സംശയം തോന്നുന്നവർക്കുള്ളതല്ല കലയുടെ വഴിയെന്നു മാത്രം.

ഇപ്പോൾ കലാമണ്ഡലത്തിൽ ബി.എ. ഫൈനൽ ഇയർ വിദ്യാർത്ഥിയാണ്. മോഹിനിയാട്ടത്തിൽ. ഇത്തിരി കാശുമായി കയറിച്ചെന്നാൽ കിട്ടുന്ന സ്വാശ്രയ കോഴ്സല്ല അത്. എട്ടാം ക്ളാസ്സിൽ അവിടെ ചേർന്നത് മത്സരിച്ച കുട്ടികൾക്കിടയിലെ മൂന്നാം റാങ്കോടെ!. അയ്യായിരത്തോളം കുട്ടികളിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ടവൾ.!! മോഹിനിയാട്ടത്തിനാണ് പ്രവേശനം ലഭിച്ചത്. അന്നു മുതൽ കലയുടെ ഗുരുകുലവാസമാണ്. സരസ്വതീ യാമത്തിലെ സ്വാധ്യായങ്ങളും സാധകങ്ങളും. ഇപ്പോൾ എട്ടു വർഷമായി. ഇനി പി.ജിയും പി.എച്ച് ഡിയും. ഒരഞ്ചാറു വർഷം കൂടി. മോഹിനിയാട്ടം മെയിനിനു പുറമെ ഭരതനാട്യം സബ്. കവിതയിലും സാഹിത്യത്തിലും താല്പര്യവും. ഡാൻസ് കമ്പോസ് ചെയ്യാറുമുണ്ട്.

നാലാം വയസ്സിൽ തുടങ്ങിയതാണ് ഡാൻസ് പഠനം.പിന്നെ മുക്കം ലയനം ആർട്ട്സ് സ്ക്കൂളിൽ സലീം മാഷിന്റെയും കലാമണ്ഡലം സൈല ടീച്ചറിന്റെയും ശിക്ഷണത്തിൽ ഭരതനാട്യം. മൂന്നാം ക്ളാസ്സിൽ പഠിക്കുമ്പോൾ തന്നെ ഭരതനാട്യം അരങ്ങേറ്റവും. അതു കഴിഞ്ഞ് കലാമണ്ഡലം രമ ടീച്ചറുടെ ശിക്ഷണത്തിൽ കുച്ചിപ്പുടി. ആറാം ക്ളാസ്സിൽ ഗുരുവായൂരിൽ അരങ്ങേറ്റം. പിന്നെ കോഴിക്കോട് മഞ്ചാടിക്കുരു നാടകക്കളരിയിൽ മൂന്നു വർഷം വെക്കേഷൻ ക്ളാസ്. ഓട്ടൻതുള്ളൽ, മോണോ ആക്ട് അങ്ങനെ വേറെയും.അതിന്റെ തുടർച്ചയായിരുന്നു കലാമണ്ഡലത്തിലെ പ്രവേശനം.

അവിടെയെത്തിയിട്ടും മൾട്ടി ടാസ്കിംഗ് അവസാനിപ്പിച്ചിട്ടില്ല. 2018 മുതൽ

> **കലാമണ്ഡലത്തിൽ ബി.എ. ഫൈനൽ ഇയർ വിദ്യാർത്ഥിയാണ്. അതും മോഹിനിയാട്ടത്തിൽ. ഇത്തിരി കാശുമായി കയറിച്ചെന്നാൽ കിട്ടുന്ന സ്വാശ്രയ കോഴ്സല്ല അത്. എട്ടാം ക്ളാസ്സിൽ അവിടെ ചേർന്നത് മത്സരിച്ച അയ്യായിരത്തോളം കുട്ടികളിൽ മൂന്നാം റാങ്കോടെയാണ്**

കലാമണ്ഡലം അരവിന്ദന്റെ കീഴിൽ കഥകളിയും. 2020 ൽ അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനത്തോട് അനുബന്ധിച്ച് തൃശൂർ സിറ്റി പോലീസ് സംഘടിപ്പിച്ച ഷോർട്ട് ഫിലിം മത്സരത്തിലേക്ക് അച്ഛനമ്മമാർക്കൊപ്പം തീർത്ഥ ചെയ്ത നശയും തിരഞ്ഞെടുക്കപ്പെട്ടു. സ്റ്റോറി ചെയ്തത് സഹോദരൻ അക്ഷയ് രാജ്, ക്യാമറയും എഡിറ്റിംഗും ഋഷികേശും. കുടുംബ കൂട്ടായ്മയായിരുന്നു ആ ഷോർട്ട് ഫിലിം.

പഠിച്ചു കൊണ്ടിരിക്കെത്തന്നെ തീർത്ഥ ഉൾപ്പെടെ കലാമണ്ഡലത്തിലെ പത്തു കുട്ടികൾ ചേർന്ന് നാട്യ സമന്വയ എന്നൊരു ട്രൂപ്പ് നടത്തുന്നുണ്ട്. മഴവിൽ മനോരമയിലെ ഉടൻ പണം എന്ന പ്രോഗ്രാമിലെ ആനന്ദ നടനം കമ്പോസ് ചെയ്തത് തീർത്ഥയാണ്. മികച്ച കലാകാരികൾക്കു മാത്രം ലഭിക്കുന്ന ഔദ്യോഗിക അവസരങ്ങളും തേടിയെത്തിയിട്ടുണ്ട്. കേരള ടൂറിസം വകുപ്പിന്റെ പ്രോഗ്രാമുകളിലേക്ക് ക്ഷണം ലഭിച്ചത് അങ്ങനെയാണ്.

സയൻസോ മറ്റോ പഠിക്കാൻ പറ്റാത്തതുകൊണ്ട് തിരഞ്ഞെടുത്തതല്ല കലയുടെ വഴി. പഠനത്തിൽ നാഷണൽ മെറിറ്റ് സ്കോളർഷിപ്പ് കിട്ടിയ ആളാണ്. ഇഷ്ടം കലയായതുകൊണ്ട് കലാമണ്ഡലത്തിലെത്തുകയും ചെയ്തു.

ഇപ്പോൾ സമയമില്ലാത്ത പ്രശ്നമേയുള്ളൂ. ടെലി ഫിലിമുകളും ആൽബവും. കപ്പ ടിയിലെ പ്രോഗ്രാം. പാലക്കാട്ടെ നടനം ക്യാമ്പ്, ഉടൻ റിലീസ് ചെയ്യാനിരിക്കുന്ന എന്റെ മാവും പൂക്കും എന്ന സിനിമ.ഇന്റർനാഷണൽ മലയാളി സമാജത്തിന്റെ മോഡറേറ്റർ. ധാരാളം ലൈവ് പ്രോഗ്രാമുകൾ .സ്ക്കൂളുകളിൽ കലാ മോട്ടിവേഷൻ ക്ളാസ്സുകൾ.

എല്ലാറ്റിനും പുറമെ കാലഘട്ടത്തിന്റെ മാധ്യമമായ യൂ ടൂബ് ചാനലും. Kalamandalam Theerdha Raj

അച്ഛൻ പാതിരമറ്റം ഇല്ലത്തെ പി.കെ.കേശവൻനമ്പൂതിരിറിട്ട. ഹൈസ്കൂൾ അദ്ധ്യാപകനാണ്. അമ്മ ജലജ കുമാരി തലേത്തൊടി ഇല്ലത്തെ ഉണ്ണികൃഷ്ണൻ നമ്പൂതിരിയുടെ മകൾ.രണ്ടുസഹോദരൻമാർ

അക്ഷയ് രാജ് ബി.ഡി. എസ് ഹൗസ് സർജൻസി ചെയ്യുന്നു. ഋഷികേശ് അങ്കമാലിയിൽ കള്ളിയത്ത് അയൺ ആന്റ് സ്റ്റീൽ കമ്പനിയിൽ പ്ളേയ്സ്മെന്റ് ചെയ്യുന്നു. തീർത്ഥ ധാരാളമായി പ്രോഗ്രാമുകൾക്കും പോവാറുണ്ട് . പ്രോഗ്രാം ബുക്ക് ചെയ്യാൻ താല്പര്യമുള്ളവർക്ക് വിളിക്കാം ഈ നമ്പറിൽ.

**മൊബൈൽ: 9846466307**



**നമ്പൂതിരി സമുദായത്തിൽ നിന്നൊരു സിവിൽ സർവ്വീസ് അക്കാദമി!! പാലട പഴപ്രഥമൻ തുടങ്ങിയ കൺവെൻഷണൽ വിഷയത്തിൽ നിന്ന് പുറത്തു കടക്കുകയാണ് ഈ സഭ. അക്കാദമിയുടെ ഉദ്ഘാടനം കഴിഞ്ഞു. സമുദായത്തിലെ ഐ.എ.എസുകാരിയായ ഗായത്രിയാണ് തുടക്കമിട്ടത്. ദൂരെ സ്ഥലത്തു നിന്നുള്ള ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം താമസ സൗകര്യം ഒരുക്കിയിട്ടുണ്ട്. ലാഭമുണ്ടാക്കുക ലക്ഷ്യമേയല്ല. അതുകൊണ്ടുതന്നെ ഫീസ് എന്ന ഏർപ്പാടില്ല. താമസവും സൗജന്യമാണ്.**

# നമ്മൾക്കുമാകാം കമ്മീഷണർ

## കളക്ടറുമാകാം; നമ്മുടെ സ്വന്തം അക്കാദമിയിൽ പഠിച്ച്

## നമ്പൂതിരി സമുദായത്തിൽ നിന്നൊരു സിവിൽ സർവ്വീസ് അക്കാദമി

**വി. പി. ഹേമ ഗോശാല ഇല്ലം**



ഭാരതത്തിന്റെ ഭരണചക്രം നിയന്ത്രിക്കുന്ന ബ്യൂറോക്രസി സംവിധാനത്തിൽ വലിയൊരു വിഭാഗം തമിഴ് ബ്രാഹ്മണരാണ്. അവിടെ മാത്രമല്ല, ഏത് മേഖല എടുത്തു നോക്കിയാലും ഏറ്റവും മുൻപിൽ ഈ വിഭാഗക്കാരുടെ പ്രതിനിധിയെ കാണാം. എന്തുകൊണ്ടാണ് ആ ബ്രാഹ്മണ സമുദായത്തിന് ഇത്രയധികം ഉയരാൻ കഴിഞ്ഞത്?'

ബദരീനാഥ് ക്ഷേത്രത്തിലെ മുൻ റാവൽജി പാച്ചമംഗലം ശ്രീധരൻ നമ്പൂതിരിയുടെ ചോദ്യം നമ്മുടെയൊക്കെ മനസിൽ പലപ്പോഴായി ഉയരുന്നതാണ്. കേരളത്തിലെ പ്രമുഖ ധർമ്മ സംഘടനയായ കണ്ണൂർ ചെറുതാഴം ശ്രീരാഘവപുരം സഭായോഗത്തിന്റെ ഇപ്പോഴത്തെ അധ്യക്ഷൻ കൂടിയാണ് അദ്ദേഹം.

ഇതിന്റെ കാരണം തേടിയുള്ള അദ്ദേഹത്തിന്റെ നിരീക്ഷണം ഇങ്ങനെ. 'അവർ പഴയ അറിവിനെ, ആചാര്യൻമാരെ തള്ളാതെ പുതിയതിനെ സ്വീകരിച്ചു. എന്നാൽ അവരോടൊപ്പം കഴിവുള്ള നമുക്കിടയിൽ എന്താണ് സംഭവിച്ചത് പഴയതിനെ ഉപേക്ഷിച്ചു, പുതിയവയെ സ്വീകരിച്ചുമില്ല. ഫലമോ, ആത്മീയമായി മികച്ചു നിന്ന ഒരു വിഭാഗം മെല്ലെ പിന്തള്ളപ്പെട്ടു.'

ആ വീഴ്ച പരിഹരിക്കുകയാണ് ശ്രീ രാഘവപുരം സഭായോഗം. സിവിൽ സർവ്വീസ് മേഖലയിലേക്ക് കുട്ടികളെ നയിക്കാനായി സിവിൽ സർവീസ് അക്കാദമി സഫലമാക്കിയി



*ശ്രീരാഘവപുരം സഭായോഗം വേദപാഠശാലയിൽ കുട്ടികൾ വേദം അഭ്യസിക്കുന്നു.*

രിക്കുന്നു. കഴിഞ്ഞ വിജയദശമി ദിനത്തിലായിരുന്നു ആരംഭം. കേരളത്തിലെ ബ്രാഹ്മണ സമുദായത്തിൽ നിന്ന് ഈ മേഖലയിൽ രൂപം കൊള്ളുന്ന ആദ്യ സംരംഭം.

എന്തുകൊണ്ട് സിവിൽ സർവ്വീസ്?

'ഒരുപാട് സാധ്യതകളുള്ള മേഖലയാണ് സിവിൽ സർവ്വീസ്. മറ്റ് മേഖലകളിൽ നിന്നു കിട്ടാത്ത ആത്മസംതൃപ്തി, സമൂഹത്തെ സേവിക്കാനുള്ള അവസരം ഒക്കെ കിട്ടുന്ന ഏരിയയാണ്.' അക്കാദമിയുടെ ഉദ്ഘാടനം നിർവഹിച്ചുകൊണ്ടുള്ള ഗായത്രി



നമ്പൂതിരി സമുദായത്തിന്റെ അഭിമാനമായ ഗായത്രി അന്തർജ്ജനം ഐ എ എസിന്റെ വാക്കുകൾ ഈ ലക്ഷ്യത്തിലേക്ക് കുതിക്കുന്ന കുട്ടികൾക്ക് പുത്തൻ ഉണർവ്വ് നൽകും എന്ന കാര്യത്തിൽ സംശയമില്ല.

**താല്പര്യമുള്ള കുട്ടികൾക്ക് ഒന്നോ രണ്ടോ വർഷം കൊണ്ട് കൃത്യമായ, ആത്മാർത്ഥമായ തയ്യാറെടുപ്പിലൂടെ, അർപ്പണ മനോഭാവത്തിലൂടെ ലക്ഷ്യത്തിലെത്താൻ കഴിയും. ഈ പരീക്ഷയിൽ പരീക്ഷിക്കപ്പെടുന്നത് നമ്മുടെ അച്ചടക്കമാണ്. ഈ പരീക്ഷ വിജയിക്കണമെന്ന് ആഗ്രഹമുള്ള പലരും നമ്മുടെ കൂട്ടത്തിലുണ്ടാകാം. പക്ഷേ എങ്ങനെ വിജയം കൈപ്പിടിയിൽ ഒതുക്കണം എന്നറിയാതെ വിഷമിക്കുകയായിരിക്കും.അങ്ങനെയുള്ളവർക്ക് മാർഗ്ഗ നിർദ്ദേശം നൽകാൻ ഒരു സ്ഥാപനം തുടങ്ങുന്നു എന്നതിൽ പരം സന്തോഷം വേറെന്താണ്**

അന്തർജ്ജനം ഐ എ എസിന്റെ വാക്കുകൾ ഈ മേഖലയിലേക്ക് പ്രവേശിക്കാൻ ആഗ്രഹിക്കുന്നവർക്ക് പ്രചോദനമാവുകയാണ്.

സിവിൽ സർവ്വീസ് അക്കാദമി എന്ന് കേൾക്കുമ്പോൾ തെളിയുന്ന കുറേ മാതൃകകളുണ്ട്. കേരള സർക്കാരിന്റെയും, വിവിധ സംഘടനകളുടെയുമൊക്കെ.എന്നാൽ ആ അതുമായി രാഘവപുരം സഭായോഗത്തിന്റെ അക്കാദമിയെ താരതമ്യം ചെയ്യരുത്. നമ്മുടേതായ കയ്യൊപ്പ് പതിപ്പിച്ചു കൊണ്ടാണ് സ്ഥാപനം തുടങ്ങുന്നത്. 'സ്പൂൺ ഫീഡിംഗ് പ്രതീക്ഷിച്ചു കൊണ്ടാണ് ഇവിടേക്ക് വരുന്നതെങ്കിൽ നിരാശപ്പെടേണ്ടി വരും. അതിനാണെങ്കിൽ ഒരുപാട് സ്ഥാപനങ്ങളുണ്ട്.' അക്കാദമിയുടെ ചുമതല വഹിക്കുന്ന വെള്ളിയോട്ടില്ലത്ത് മാധവൻ നമ്പൂതിരി പറയുന്നു. പയ്യന്നൂർ കേന്ദ്രീയ വിദ്യാലയയിലെ സംസ്കൃതാധ്യാപകനാണ് അദ്ദേഹം.

'കുറേ ഐ എ എസ്, ഐ പി എസ് ഉദ്യോഗസ്ഥരെ സൃഷ്ടിക്കുക എന്നതല്ല നമ്മുടെ ലക്ഷ്യം. അതിനപ്പുറം, നമ്മളായി നിന്നുകൊണ്ട് ജനനന്മയ്ക്ക് വേണ്ടി ആത്മാർപ്പണം നടത്തുന്ന ഒരു തലമുറയെ വാർത്തെടുക്കുകയാണ്'. ആ ആശയത്തിൽ നിന്നു കൊണ്ടായിരിക്കും പ്രവർത്തനം.

'ഓരോ വിദ്യാർത്ഥിക്കും അവനവന്റെ കഴിവ് തിരിച്ചറിഞ്ഞ് അതിനെ പൂർണ്ണമായും പുറത്തേക്ക് കൊണ്ടുവരത്തക്ക വണ്ണമുള്ള പഠനരീതിയായിരിക്കും'

'ഭാവിയിലേക്കുള്ള ഏറ്റവും വലിയ നിക്ഷേപം കുട്ടികളാണ്. നമ്മുടെ കുട്ടികൾ മിടുക്കരാണ്. ഏത് മേഖലയിലും തിളങ്ങാൻ അവർക്ക് കഴിയും.'

'പക്ഷേ നമ്മുടെ സമുദായത്തിന്റെ നിസ്സംഗത അവരെയും ബാധിച്ചിട്ടുണ്ട്. ഒരു മൽസര ബുദ്ധി ഇല്ല. തീർച്ചയായും അമിതമായ മൽസരബുദ്ധി ഇല്ലാത്തത് നല്ലതു തന്നെ. പക്ഷേ അതിന്റെ പേരിൽ നമ്മൾ സമൂഹത്തിൽ പിന്തള്ളപ്പെട്ടു പോകരുത് ഭാവിയിൽ. ആർക്കും ചവിട്ടിമെതിക്കാവുന്ന ഒരു സമൂഹം എന്ന അവസ്ഥ മാറേണ്ടതുണ്ട്.'

'ഈ നിസ്സംഗത മാറ്റണം ആദ്യം. അതോടൊപ്പം എനിക്ക് കഴിയുമോ, ഇത് എനിക്ക് പറഞ്ഞിട്ടുള്ളതല്ല തുടങ്ങിയ ആശങ്കകൾ അകറ്റി ആത്മവിശ്വാസം കൈവരിക്കണം. അതിനായി നിരന്തരം മോട്ടിവേറ്റ് ചെയ്യേണ്ടതുണ്ട്. . നിസ്സംഗതയും ആത്മവിശ്വാസക്കുറവും മാറിക്കഴിഞ്ഞാൽ പിന്നെ കുട്ടികൾക്ക് ക്യാപ്സ്യൂളുകളുടെ ആവശ്യമില്ല. മാർഗ്ഗ നിർദ്ദേശം നൽകിയാൽ മാത്രം മതി' മാധവൻ നമ്പൂ



*ശ്രീരാഘവപുരം ക്ഷേത്രം*

# എന്താണ് രാഘവപുരം സഭായോഗം

പെരിഞ്ചല്ലൂർ ഗ്രാമത്തിൽ ക്രിസ്ത്വബ്ദം 793 ൽ രൂപീകൃതമായ ബ്രാഹ്മണ സഭയാണ് ശ്രീരാഘവപുരം സഭായോഗം. ഗോകർണ്ണത്തു നിന്ന് കോലത്തിരി രാജാവ് കൂട്ടിക്കൊണ്ടുവന്ന് വിവിധ ദേശങ്ങളിലായി പ്രതിഷ്ഠിച്ച ബ്രാഹ്മണകുടുംബങ്ങളുടെ കൂട്ടായ്മ. 1008 സാളഗ്രാമങ്ങളോടു കൂടി ദേവപ്രതിഷ്ഠ നടത്തിയ ചെറുതാഴം ശ്രീരാഘവപുരമാണ് ഇവരുടെ യോഗക്ഷേത്രം. പതിനെട്ടാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ പല കുടുംബങ്ങൾക്കും മൈസൂരിലെ സുൽത്താന്മാരുടെ ആക്രമണത്തിൽ തിരുവിതാംകൂറിലേക്ക് പലായനം ചെയ്യേണ്ടി വന്നു.

ഒരു സാമുദായിക കൂട്ടായ്മ എന്ന നിലയിൽ നിന്ന് സാമൂഹ്യ പ്രതിബദ്ധതയും കെട്ടുറപ്പുമുള്ള ഒരു ധർമ്മ സംഘടന എന്ന നിലയിലേക്ക് ചുവടുമാറ്റം നടത്തിയത് രണ്ട് വർഷം മുൻപാണ്.

അന്ന് വിവിധ മേഖലകളിലെ വിദഗ്ദ്ധരുമായി കൂടിയാലോചനകൾ നടത്തി സഭായോഗത്തിന്റെ ഇടപെടൽ ആവശ്യമായ പത്ത് മേഖലകൾ അടിയന്തര പ്രാധാന്യത്തോടു കൂടി ലിസ്റ്റ് ചെയ്തു. വേദത്തെ നെടുംതൂണാക്കി വച്ചു കൊണ്ട് അടുത്ത മുപ്പതു വർഷത്തേക്ക് കർമ്മ പദ്ധതികൾ തയ്യാറാക്കി. അതിൽ ഏറ്റവും പ്രാധാന്യം നൽകിയിരിക്കുന്നത് ഉന്നത വിദ്യാഭ്യാസ മേഖലയ്ക്കാണ്. അതിൽത്തന്നെ, സിവിൽ സർവ്വീസിലേക്ക് നമ്മുടെ കുട്ടികളെ പരമാവധി എത്തിക്കുക എന്ന ലക്ഷ്യത്തിന് പ്രത്യേക പ്രാധാന്യം നൽകുകയും ചെയ്തു. ●




*സഭായോഗം ഗ്രന്ഥാലയത്തിലേക്ക് അമൂല്യപുസ്തകങ്ങൾ സംഭാവന ചെയ്തവരുടെ ഫോട്ടോ അനാച്ഛാദനവും അലമാര സമർപ്പണവും പ്രശസ്ത ചിത്രകാരൻ കെ കെ മാരാർ നിർവ്വഹിക്കുന്നു*

തിരി മാഷ് പറയുന്നു.
സിവിൽ സർവ്വീസ് അക്കാദമി എന്ന ത് പെട്ടെന്ന് ഒരു നിമിഷത്തിൽ ഉണ്ടായ തീരുമാനമല്ല. വിദഗ്ദ്ധരു മായി നിരന്തരം ചർച്ചകൾ നടത്തി. സിലബസിനെക്കുറിച്ചും, പഠന രീതി കളെക്കുറിച്ചും വിശദമായി പഠിച്ചു. അങ്ങനെ കൃത്യമായ പ്ലാൻ തയ്യാറാ ക്കി. ഇവ പ്രാവർത്തികമാക്കാനായി ഒരു കോർ ടീം രൂപീകരിച്ചു. വിജ യദശമി ദിനത്തിൽ അക്കാദമിയുടെ ഉദ്ഘാടനവും കഴിഞ്ഞു.
അടുത്ത വർഷത്തെ പ്രിലിമിനറി പരീക്ഷ എഴുതാൻ തക്കവണ്ണം ആ ദ്യ ബാച്ച് തുടങ്ങുകയാണ് ലക്ഷ്യം. ബ്രാഹ്മണ സമുദായത്തിൽപ്പെട്ട കുട്ടികളെയാണ് തൽക്കാലം ലക്ഷ്യ മിടുന്നത്. അഡ്മിഷൻ തുടങ്ങിക്ക ഴിഞ്ഞു. ബിരുദ പഠനത്തിന് ശേഷം അടുത്ത വർഷത്തെ പരീക്ഷയ്ക്ക് തയ്യാറാകുന്ന നാല് കുട്ടികളാണ് ആദ്യ ബാച്ചിലുള്ളത്. ഇനി വരുന്ന അപേക്ഷകൾ പരിശോധിച്ച് യോ ഗ്യത അനുസരിച്ച് വിവിധ ബാച്ചു കളാക്കി അതനുസരിച്ചായിരിക്കും പരിശീലനം.

ദൂരെ സ്ഥലത്തു നിന്നുള്ള ആൺ കുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം താമസ സൗകര്യം ഒരുക്കി യിട്ടുണ്ട്. ലാഭം ഉണ്ടാക്കുകയെന്നത് ലക്ഷ്യമല്ല. ഭാവിയിൽ സമൂഹത്തിന് മുതൽക്കൂട്ടാവുന്ന വിധത്തിൽ യുവത ലമുറയെ ഒരുക്കുകയാണ് ഉദ്ദേശ്യം . അതു കൊണ്ടു തന്നെ ഫീസ് എന്ന ഏർപ്പാടില്ല. താമസവും സൗജന്യമാ ണ്. എന്നാൽ ഭക്ഷണം, കറന്റ്, പത്ര മാഗസീനുകൾ തുടങ്ങിയവയുടെ ചെലവുകൾ തുല്യമായി വീതിച്ച് ആ ചെലവ് അവനവൻ വഹിക്കണം.

## ഞങ്ങൾ ഉണ്ടാകും കൂടെ

'നിങ്ങളുടെ കുടുംബ പശ്ചാത്തലവും സാമ്പത്തികാവസ്ഥയും ഇതുവ രെയുള്ള പരീക്ഷകളിലെ പെർഫോമൻസും ഒന്നും ഒരു മാനദണ്ഡമല്ല. സിവിൽ സർവ്വീസ് എന്നൊരു ആഗ്രഹം മനസിലുണ്ടെങ്കിൽ, അതിന് വേണ്ടി അദ്ധ്വാനിക്കാൻ തയ്യാറുണ്ടെങ്കിൽ, എല്ലാ പിന്തുണയും നൽകി നിങ്ങൾക്ക് വഴികാട്ടിയായി ഞങ്ങൾ ഉണ്ടാകും കൂടെ.' ശ്രീരാഘവപുരം സഭായോഗം ഉറപ്പ് നൽകുന്നു

**നിസ്സംഗത മാറ്റണം ആദ്യം. അതോടൊപ്പം എനിക്ക് കഴിയുമോ? ഇത് എനിക്ക് പറ ഞ്ഞിട്ടുള്ളതല്ല, തുടങ്ങിയ ആശങ്കകൾ അകറ്റി ആത്മവിശ്വാസം കൈവരിക്കണം. അതിനായി നിരന്തരം മോട്ടിവേറ്റ് ചെയ്യേ ണ്ടതുണ്ട്. അമിതമായ മൽസരബുദ്ധി ഇല്ലാത്തത് നല്ലതു തന്നെ. പക്ഷേ അതി ന്റെ പേരിൽ നമ്മൾ സമൂഹത്തിൽ പിന്തള്ളപ്പെട്ടു പോകരുത്.**

അതേ സമയം സാമ്പത്തിക പ്രശ്നമു ണ്ട് എന്നതിന്റെ പേരിൽ ഒരാൾക്കും അവസരം നഷ്ടപ്പെടരുത് എന്ന് സഭ യ്ക്ക് നിർബന്ധമുണ്ട്. അവർക്കായി സ്പോൺസർമാരെ കണ്ടെത്തും.
സ്വയംപഠനം (സെൽഫ് സ്റ്റഡി ) എന്ന രീതിയാണ് കോച്ചിംഗ് അ ക്കാദമി പിന്തുടരുക. ഒരു പൊതു ലക്ഷ്യത്തിനായി ഒരുമിച്ച് പ്രവർത്തി ക്കാനുള്ള ഒരു വേദി (പിയർ ഗ്രൂപ്പ് രൂപീകരണം) സൃഷ്ടിക്കുകയാണ് ആദ്യം ചെയ്യുക. ഒരു അധ്യാപകൻ കുട്ടികൾക്ക് പറഞ്ഞു കൊടുക്കുന്ന തിനേക്കാൾ ഇരട്ടിഫലം ഒരുമിച്ച് ചേർന്നുള്ള പഠനത്തിനാണെന്ന് വിദ ഗ്ദ്ധർ അഭിപ്രായപ്പെട്ടിട്ടുണ്ട്. അതേ സമയം മാർഗ്ഗ നിർദ്ദേശം നൽകാനാ യി ഓരോ കുട്ടിക്കും ഓരോ മെന്ററെ ചുമതലപ്പെടുത്തും. സിലബസ്, പഠിക്കാനുള്ള പാഠഭാഗങ്ങൾ, പത്ര ങ്ങൾ, മാഗസിനുകൾ, പുസ്തകങ്ങൾ തുടങ്ങിയ എല്ലാ സപ്പോർട്ടുകളും ഇവിടെ ലഭിക്കും. ഇന്റർനെറ്റ് ഉൾപ്പെ ടെയുള്ള എല്ലാ ആധുനിക സംവി ധാനങ്ങളും ലഭ്യമാക്കും. നൂതന സങ്കേതങ്ങളിലൂടെ, വിവിധ മേഖല കളിൽ പ്രാവീണ്യം നേടിയവരുമായി ആശയസംവാദം നടത്താനുള്ള സൗ കര്യങ്ങളും തയ്യാറാകുന്നുണ്ട്.
'വിജയത്തിന്റെ പ്രധാന ഘടകം ചിട്ട യുള്ള പഠനമാണല്ലോ! ഇതിന് പറ്റിയ ഒരു ദിനചര്യ ക്രമീകരിക്കുകയും, അവർ അത് പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യും.' താൽ പ്പര്യമുള്ളവർക്ക് അക്കാദമിയുമായി ഈ അഡ്രസിൽ ബന്ധപ്പെടാവുന്ന താണ്. ●

ചെയർമാൻ,സഭായോഗം അക്കാദമി
ശ്രീരാഘവപുരം സഭായോഗം,ചെറു താഴം, മണ്ടൂർ പി ഒ കണ്ണൂർ –670 501
മൊബൈൽ: 9495344922, 8078150922 (വാട്ട്സപ്പ്)
(മാധവൻ നമ്പൂതിരി, സഭായോഗം അക്കാദമി ഇൻ ചാർജ്ജ് )

# കൊറോണാകാലചിന്തകൾ

## മാങ്കുളം ശങ്കരൻ നമ്പൂതിരി



കണ്ണി പറമ്പ
പി.ഒ 673661
ഫോൺ
9526799501

ചൈനീസ് പട്ടണമാം വുഹാനിലുദയം ചെയ്തോൻ, കൊടുങ്കാറ്റുപോൽ
നാനാദേശമതിങ്കലും ഞൊടിയിടയ്ക്കുള്ളിൽ പടർന്നെത്തിയോൻ
ഹീനാഗ്രേസരനായ കോവിഡു നയൻടീനെന്ന വൈറസ്സിനാൽ
ദീനാവിഷ്ടരനേകരീശ്വര! ദിനം തോറും മരിക്കുന്നിതാ!

പൊട്ടിച്ചീടണമിന്നു കോവിഡു പകർന്നീടാതതിൻ ചങ്ങല-
ക്കെട്ടീ നാ, മകലം ഭജിയ്കണമിനിസ്സാമൂഹ്യ ബന്ധങ്ങളിൽ
വീട്ടിന്നുള്ളിലിരിക്കണം കഴിവതും പോകൊല്ലനാവശ്യസർ-
ക്കീട്ടി,ന്നില്ല മരുന്ന് രോഗശമനത്തിന്നെന്നതോർമിക്കണം

കറക്കുന്നൂ ദീനച്ചുഴലിയതിലായ് ലോകരെയിതാ
കൊറോണാവൈറസ്സാം കൊടിയ ദുരിതം കാളിയസമം
മറക്കാമ്പാം കണ്ണാ! കരുണ ചൊരിയൂ കേഴുമിവനേ
മറന്നീടൊല്ലാ നിന്നരുണ ചരണം തന്നെ ശരണം ●

# സ്റ്റാർട്ട് ആക്ഷൻ ക്യാമറ

**എങ്കിൽ വിളിക്കാം 9496809385**

SCAN ME





അടുത്ത ആഴ്ചയാണ് പെൺകൊട. എല്ലാം ഒരുങ്ങി, എന്നാൽ കന്യകയെ ഒരുക്കുന്നതിന്റെയും മറ്റും ഫോട്ടോയെടുക്കാൻ ഒരു ഫോട്ടൊഗ്രഫറെ കിട്ടുമോ? ഡ്രസ്സിംഗ് റൂമിലുംമറ്റും വിശ്വസിച്ച് കയറ്റാവുന്ന ഒരാളെ. ലേഡിഫോട്ടോഗ്രാഫർ ആരെങ്കിലും ഉണ്ടായാൽ നന്നായേനെ. ചിലരെങ്കിലും ഇങ്ങനെ ആലോചിക്കാറുണ്ട്. ഇനി ആലോചന വേണ്ട വിളിച്ചോളൂ തലക്കെട്ടിലെ നമ്പറിൽ.ഇടക്കു വച്ച് കട്ട് പറയേണ്ടി വരില്ല. ഒരു ഫോട്ടൊഗ്രാഫിണിയുണ്ട്! ഒരന്തർജനം!! ആതിര, നമ്മുടെ കണ്ടമംഗലം ഇല്ലത്തെ കുട്ടിയാണ്.

ദേഹണ്ണത്തിനും വെളമ്പാനും ഒക്കെ നമ്പൂരാരുടെ ശ്രമസംഘം വേണംന്ന് ശഠിക്കാറില്ലേ. ഫോട്ടോഗ്രാഫിയിലുമുണ്ട് നമ്പൂരിത്തം വേണ്ട ചില ഏരിയകൾ. അസ്മാദികളായാൽ ലാജഹോമം,സപ്തപദം, തുടങ്ങി പ്രധാന ക്രിയകളൊന്നും മിസ്സാവില്ല. വേളി ക്രിയയൊക്കെ ധാരാളം എടുത്തു പരിചയവും ഉണ്ട്. റീടേയ്ക്ക് വേണ്ടി വരില്ലെന്നർത്ഥം. അസ്സൽ ജീവൻ തുടിക്കുന്ന ഫോട്ടൊ. അതെ, ഒരു അടാർ ക്യാമറക്കാരി. ആതിരേ വേളികഴിച്ച ആളും ഫോട്ടോഗ്രാഫറാ. അവർരണ്ടാളുമാണ് വരുന്നതെങ്കിൽ പിന്നെ ഒന്നു പറയണ്ട.

മരുതാട്ട് ഇല്ലത്തെ നാരായണൻ മൂസതിന്റെയും ഗിരിജ അന്തർജ്ജനത്തിന്റെയും മകനാണ് രഞ്ജിത് എം നാരായൺ. ഫോട്ടോഗ്രഫിയാണ് പാഷൻ. ഒപ്പം പൂജാദികർമങ്ങളിൽ ജ്ഞാനവും. 5 വർഷം മുമ്പാണ് കക്കടവത്ത് കണ്ടമംഗലത്തെ നാരായണൻ നമ്പൂതിരിയുടെയും ഗംഗാദേവി അന്തർജ്ജനത്തിന്റെയും മകൾ ആതിരയെ വേളി കഴിച്ചത്. വേളി കഴിഞ്ഞപ്പോൾ ആതിര ഭാര്യ മാത്രമല്ല അസിസ്റ്റന്റുമായി.

ചെറിയ ചെറിയ പരിപാടികൾ മുതൽ ഇന്റർനാഷണൽ കമ്പനികൾക്കു വേണ്ടി പ്രോഡക്റ്റ് ഫോട്ടോഗ്രഫി വരെ ചെയ്യുന്നുണ്ട്. ഓരോന്നിലും ഓരോന്നാണ് പ്രധാനം. ഫുഡ് ഫോട്ടൊഗ്രാഫിക്കു വേണ്ടതല്ല മാഗസിനു വേണ്ടി വരിക. ജസ്റ്റ് ഡയലിൽ നിന്ന് ഇവരെക്കുറിച്ച് വിവരം കിട്ടി വിളിച്ചതായിരുന്നു പ്രമുഖ ഇന്റർനാഷണൽ ബ്രാൻഡായ ലൈഫ്‌ലൈൻ ഹോസ്പിറ്റലിന്റെ മാഗസിൻ എഡിറ്റർ. ആ മാഗസിൻ, ഫോട്ടൊയിൽ തിളങ്ങി!.

അതുപോലെ നാഷണൽ ലെവലിലുള്ള 'രിധി' ബിസിനസ് കൺസൾട്ടന്റ്. അവർക്ക് വേണ്ടി പ്രോഡക്റ്റ് ഷൂട്ട് . ചില പ്രമുഖ ആർക്കിടെക്ടുകൾക്ക് വേണ്ടി ആർക്കിടെക്ചർ ഷൂട്ട്. കാലിക്കറ്റ് ടവർ ഹോട്ടലിനു ഫുഡ് ഷൂട്ട്. സ്വീസ്പൊ ഓൺലൈൻ കമ്പനിക്ക് ഫുഡ് ആൻഡ് പ്രോഡക്റ്റ് ഷൂട്ട്. ഫെതർ ലൈൻ ചെയേഴ്സ്, ആത്മ ക്രീയേറ്റീവ് ലാബ് അങ്ങനെയങ്ങനെ...

വെഡിംഗ് ആൽബത്തിന്റെ മെറ്റീരിയൽ സെലക്ടീവാണ്. കീറിപ്പോവരുത്. ചായയോ പാനീയങ്ങളോ ആയാൽ വൃത്തിയാക്കാൻ പറ്റണം. അപൂർവം പ്രൊഫെഷണൽസ് മാത്രമേ ഇത്തരം പ്രിന്റുകൾ കൊടുക്കാറുള്ളു. ആൽബങ്ങളുടെ ആസ്വാദനം പത്തു പതിനഞ്ച് വർഷം കഴിഞ്ഞാണെന്ന് ഈ ആൽബം സ്പെഷ്യലിസ്റ്റ് വിശ്വസിക്കുന്നു. അമ്പതു കൊല്ലമെങ്കിലും ഈടു നിൽക്കണം. അത് ഇക്കഴിഞ്ഞ പ്രളയം തെളിയിച്ചു. പ്രളയത്തിൽ മുങ്ങിപ്പോയ ഒരു ആൽബത്തിലെ ഒരാളും ഒലിച്ചു പോയില്ല. അത്രക്കു കിടിലൻ.

വീഡിയോ, ഹെലിക്യാം, ലൈറ്റ് ബോയ്സ്, ഡിസൈനിങ്,എഡിറ്റിംഗ് ഉൾപ്പെടെ 25 ഓളം പ്രൊഫഷണൽസ് അടങ്ങുന്നതാണ് ടീം. ●

**കഴിഞ്ഞ ലോക വനിതാ ദിനത്തിൽ കോഴിക്കോട് നിന്നും തിരഞ്ഞെടുത്ത എട്ടു വനിതാ ഫോട്ടോഗ്രാഫർ മാരിലൊരാൾ ആതിരയായിരുന്നു. തുടർന്ന് ഫോട്ടോ എക്സിബിഷന്റെ ഭാഗമാവാനും കവിയത്രി ഇന്ദു മേനോനിൽ നിന്നു ആദരം ഏറ്റുവാങ്ങാനും ഭാഗ്യമുണ്ടായി**

**വെഡിങ് വർക്കുകളിൽ ലേഡി ഫോട്ടോ ഗ്രാഫറുള്ളത് ഞങ്ങളെ വർക്ക് ഏല്പിക്കുന്നവർക്ക് കൂടുതൽ ആശ്വാസം പകരുന്നു. ഇഷ്ടപ്പെട്ട പ്രൊഫഷനിൽ ഒരുമിച്ച് വർക്ക് ചെയ്യാൻ പറ്റുന്നുണ്ട് എന്നതാണ് ആതിരയുടെ അഭിമാനം. അപൂർവ നിമിഷങ്ങളെ മനോഹരമായി പകർത്താൻ കഴിയുന്നതിൽ ഒരു ത്രില്ലുണ്ട്. ഫോട്ടോഗ്രാഫി പ്രിയപ്പെട്ടതാവാൻ അതും ഒരു കാരണമാണ്**

RMN PHOTOGRAPHY
9496809385 |9072377388
മരുതാട്ട് ഇല്ലം,
പി.ഒ.വെള്ളിപറമ്പ്
കോഴിക്കോട്

നർമ്മകഥ

# ഉപയുക്തം ദമയന്തി

എൻ.ബി കൃഷ്ണൻ
നമ്പൂതിരിപ്പാട്



നമ്പൂരാർക്ക് സുകുമാരൻ എന്ന പേര് അധികം കേട്ടിട്ടുണ്ടോ? (ഒരേ ഒരു സുകുമാരൻ പോറ്റിയെ വിടുക.) എന്തായിരിക്കാം സുകുമാരൻമാർ ഇല്ലാതെ പോയത്?ഒരു വേലായുധൻ ണ്ട് താനും. എല്ലാരും സൗകുമാര്യവും, സൗന്ദര്യവും കൊണ്ട് അനുഗ്രഹീതർ ആയത് കൊണ്ടാവും. സൽസ്വഭാവവും അങ്ങനെ. വക്കീലന്മാർ ആണേൽ സൽസ്വഭാവം കൊണ്ട് ഹൈക്കോടതിയുടെ ഒരു ബഞ്ച് കോഴിക്കോട് കൊണ്ടു വന്ന് അതിൽ നീണ്ടു നിവർന്നു കിടന്നു ജഡ്ജിയാകും.

നാരായണനേയും വാസ്യേവനേയും തടഞ്ഞിട്ട് നടക്കാനും വയ്യ.നാരെണൻ ആണ് ശരി. പിന്നെ കൃഷ്ണൻ, രാമൻ, സങ്കരൻ, ബിഷ്ണു, ബീരാൻ, മൊയ്തു, ഇട്ടിയാസു, നമ്പോത, മൗസൂനൻ.അങ്ങനെയങ്ങനെ. അക്കിരാമൻ ച്ചാൽ അഗ്നിശർമൻ. പുരുഷോത്തം ദാസ്. കുഞ്ഞീഷ്ണൻ, കുഞ്യാരാണൻ,കുഞ്ഞിക്കേശവൻ, കേജ്രിവാൾ ?ഇങ്ങനേം കൊറേ എണ്ണം

പിന്നെ ഗോയിന്നാര്, ബാലന്നാര്, ദാമോരന്നാര്. ദാമോരൻ നായര് ഭാവിയിൽ ഹംസമാകും. ഡ്രൈവറാകും. പിന്നെ വേഷ പ്രച്ഛന്നനായി



അക്ഷഹൃദയ വിദ്യ പഠിച്ച് കുടമാളൂർ വരെ പോയി കരുണാകരൻ നായരാകും. നായരിൽ കുറഞ്ഞ ഒരു പരിപാടിക്കും കിട്ടില്ല. പിന്നെയാണ് സൈരന്ധ്രിയായി സുബോദാർ മേജർ കീചകനെ അൽക്കുൽത്താക്കുന്നത്. അതിനും ശേഷമാണ് നമ്മുടെ പാർത്ഥസാരഥി ആകുന്നത്.

കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ തർജമ തീർന്നാൽ പിന്നെ വിദ്വാൻ നിൽക്കില്ല. പറയാൻ വിട്ടുപോയി. മൂപ്പർ ഡോക്ടർ ആയി. പട്ടാളത്തിൽ ചേർന്നു. ഒരു മണിക്കിനാവിന്റെ പൊന്നിൻ ചിലമ്പൊലി കേട്ടു. ഉണർന്നു നോക്കുമ്പോ, മുമ്പിൽ ഈറാറ്റുപേട്ടക്കാരി നഴ്സമ്മിണി. റാങ്കിൽ ഹാവിൽദാർ. ഒട്ടും മുഷിയില്യ.

ആരാലെവളുടെ അധരം പേയം എന്നും ചൊല്ലി നളചരിത് മാനസ്ലെ ഷാരടി വാസുവായി. അഷ്ടകലാശം ചവിട്ടിയാടി. ദമയന്തിവേഷം കെട്ടിയ ഈരാറ്റുപേട്ടക്കാരി വേറെ ലെവലായിരുന്നു. അവള് ശപിക്കാനൊന്നും പോയില്ല. വീരനായരെയും കൊണ്ടൊന്നു പറന്നു വന്നു. ഇരയിമ്മൻതമ്പി അണ്ണന്റെ ചില പദങ്ങളും ചൊല്ലിയാടിച്ചു.

സമ്മന്തത്തിൽ ഭടന് വിശ്വാസം ഇല്ലെന്നറിഞ്ഞ അമ്മിണിക്കുട്ടി ലീവിന് പോയപ്പോ ഒരു സണ്ണിക്കുട്ടിയെ കെട്ടിയേച്ചും വന്നു. എന്നിട്ട് ട്രാൻസ്ഫർ വാങ്ങി ഇന്ദ്രപുരിക്കും പോയി.

വാർത്തമാനകാലം. അടുത്തൂൺ പറ്റിയ ഭടൻ നാട്ടിലെത്തിയപ്പോൾ കൊറോണ കാരണം ഒറ്റ മനുഷ്യനും രോഗമില്ല. ചരകസംഹിതയും ഒരു പാറ്റൻ ടാങ്കും വിറ്റ് ഒരു കളിയോടം വാങ്ങി, അതിൽക്കയറിയിരുന്നു. തുഴഞ്ഞു മറ്റാരും കാണാത്ത കരയിൽ ചെന്നെത്തുന്നതിന് മുമ്പേ ഉറക്കം ഉണർന്നുപോയി. മെത്തേൽ മുള്ളി.

ബഹളം കേട്ടുവന്ന, അമ്മായി ഇട്ടിക്കാവമ്മ ഫീൽഡ് മാർഷലിന്റെ കരണക്കുറ്റിക്ക് ഒന്നു പൂശി. അതിനു ശേഷം ഇന്ത്യൻ ആർമിയിൽ ചേർന്ന ആരും ഇന്നുവരെ, പാലാകാര് പറേണ പോലെ, മെത്തേൽ മുള്ളത്തില്ല.അമ്മാരി അടിയേയ്നു. കഥ കഴിഞ്ഞു. ●

ബാണത്തൂർ ഇല്ലം.
19/1477 A,പോസ്റ്റ് ചാലപ്പുറം
കോഴിക്കോട് പിൻ: 673002
മൊബൈൽ : 9447338016

# നീ വന്നണയാതിരിക്കുകിൽ



യു.സി.സാവിത്രി ശ്രീധർ

കാലത്തു വന്നെന്നെക്കുഞ്ഞിളം കൈകൊണ്ടു
തൊട്ടുണർത്തീടുന്ന കണ്ണാ! നിന്നെ,
ഇന്നെന്തേ കണ്ടീല? കുഞ്ഞിപ്പിണക്കമോ?
കാരണമെന്തെന്നു ചൊല്ലുകില്ലേ.
ഇന്നലെ കുമ്പ നിറച്ചു തയിർവെണ്ണ
പാലും പഴങ്ങളും തന്നതല്ലേ?
പീലി നെറുകയിൽ ചൂടിത്തരാമുണ്ണി
ആരോമലേ നീയടുത്തുവന്നാൽ
ചേലൊത്ത പുത്തനുടയാട ചുറ്റിക്കാം
ഓടക്കുഴലും ഞാൻ നൽകാമല്ലോ
ഓടക്കുഴലിന്റെ നാദമതിൽ ഞാനോ
താനേ മയങ്ങുമടുത്തുവായോ.
കിങ്ങിണിത്താളമെൻ കാതിൽ മുഴങ്ങുന്നു
കണ്ണുകൾ നിന്നെത്തിരഞ്ഞീടുന്നു.
എന്തിനു മായകളിക്കുന്നു കണ്ണാ നീ
എന്തെന്റെ ചാരെയണഞ്ഞിടാത്തൂ?
നീ വന്നണയാതിരിക്കുകിലെങ്ങനെ
യോമനെ എൻമനം ശാന്തമാകും!
നീ വന്നണയാതിരിക്കുകിലോമനേ
ഈലോകമെങ്ങനെ ധന്യമാകും!! ●

വിലാസം: ശ്രീരാഗ്, പോരൂർ. പി.ഒ.
വാണിയമ്പലം, മൊബൈൽ: 9048730860




## പ്രൊഫ.എ.പി.പി.നമ്പൂതിരി

S/o അമ്പലപുത്തൂർ കേശവൻ നമ്പൂതിരി

(സ്ഥാപക പ്രിൻസിപ്പാൾ,വി.ടി.ബി.കോളേജ്)

**1929 – 1991**

## എ.പി.പാർവ്വതി

D/o ആന്നല്ലൂർ പരമേശ്വരൻ നമ്പൂതിരി

(റിട്ട. ടീച്ചർ, അച്ചുതൻ ഗേൾസ് ഹൈസ്കൂൾ)

**1933 – 2017**

**മക്കൾ:** എ.പി.നളിനൻ (പത്രപ്രവർത്തകൻ) എ.പി.നവീനൻ (സി.ഇ.ഒ : WQA)

**മരുമക്കൾ:** പരേതയായ പി.വി.നിർമ്മല, ഡോ: മിനി നവീനൻ

**കൊച്ചുമക്കളും ഭർത്താക്കന്മാരും:** നൂതന - എം.രാമാനന്ദ്, നന്ദന - വരുൺ ഗോവിന്ദ്, നന്ദിത - ശ്രീകാന്ത് മുരളീധരൻ, നിലീന - നിതിൻ ജയപ്രകാശ്

**ചെറിയ കൊച്ചു മക്കൾ:** രേവതി രാമാനന്ദ്, ആര്യൻ ശ്രീകാന്ത്, നിഹാരിക നിതിൻ, രേണുക രാമാനന്ദ്, ബ്രഹ്മദത്തൻ ഗോവിന്ദ്, അനന്യ ശ്രീകാന്ത്, നഗാമിക നിതിൻ

# ഉണ്ണിഗണപതിയു

## കിള്ളിക്കുറുശ്ശി ചോർളിമന

### ഇല്ലപ്പെരുമ



കൊളങ്ങാത്ത് ചോർളി ശങ്കരൻ നമ്പൂതിരി (മുത്തഫൻ) ഒറ്റപ്പാലം ലക്കിടിയിൽ താമസിക്കുന്നു



പനങ്ങാട്ടു ചോർളി തറവാട്, അന്തിക്കാട് ● കിള്ളിക്കുറിശ്ശിയിൽ ചോർളിയ

**വിനോദ് മങ്ങത്തായ**



തൃശൂരിലുള്ള അന്തിക്കാട്ടെ, ആയിരക്കണക്കിന് വർഷം പാരമ്പര്യമുള്ള വൈദികശ്രേഷ്ഠരായിരുന്നു ചോർളി മനക്കാർ. യാഗാധികാരമുള്ള കർമ്മശ്രേഷ്ഠർ. പന്ത്രണ്ടു പുരുഷാന്തരങ്ങളിലേറെ അഗ്നിഹോത്രം കെടാതെ സൂക്ഷിച്ച പാരമ്പര്യമാണ് ചോർളിക്ക് .തിരുവനന്തപുരം ശ്രീ പദ്മനാഭസ്വാമി ക്ഷേത്രത്തിൽ വർഷത്തിൽ ആറു മാസം ചക്രാബ്ജ പൂജ കഴിക്കാറ് ചോർളി മനക്കാരായിരുന്നു. 1936ൽ ക്ഷേത്രപ്രവേശന വിളംബരം വരെ ഇത് നിലനിന്നു. ചങ്ങനാശ്ശേരി തൃക്കൊടിത്താനമടക്കം നിരവധി മഹാക്ഷേത്രങ്ങളിൽ താന്ത്രികാവകാശങ്ങളും ചോർളി മനക്കാർക്ക് ഉണ്ടായിരുന്നു .നാലു കുടുംബങ്ങളായി വഴി പിരിഞ്ഞ ചോർളിയുടെ താവഴികളിൽ കൊളങ്ങാത്തും കുന്നത്തും ഉള്ള ശാഖകളാണ് ഇന്നുള്ളത് . ചോർളിയുടെ

**വർഷങ്ങളായി മുടങ്ങിയിരുന്ന വിവാഹങ്ങൾ നടന്നതും വർഷങ്ങളായി കാണാതായവരെ തിരിച്ചു കിട്ടിയതുമായ അനുഗ്രഹ കഥകൾ ധാരാളം പറയാനുണ്ട് ഇവിടത്തെ ഭക്തർക്ക്. ഗണപതി ഹോമത്തിനുള്ള ദ്രവ്യങ്ങളിൽ നാളികേരം മുമ്പേ ഒരുക്കുകയല്ല .പൊട്ടിച്ച തേങ്ങാമുറി കൈയ്യിലെടുത്ത് ഹോമാഗ്നിയിലേക്ക് പൂളി ഹോമിക്കുകയാണ് ഇവിടെ**


PERINGARA MANA'S aapthi

NATURAL | AUTHENTIC | HOMEMADE

ചമ്മന്തിപ്പൊടി * ദോശപ്പൊടി * സാമ്പാർ പൊടി * രസപ്പൊടി * കൊണ്ടാട്ടങ്ങൾ

മഞ്ഞൾ പൊടി * മുളകുപൊടി * മല്ലിപ്പൊടി * കുരുമുളക്പൊടി * കടുമാങ്ങ

അതീവ ശ്രദ്ധയോടെ തിരഞ്ഞെടുത്ത, തീർത്തും പ്രകൃതിദത്തമായ ചേരുവകളാൽ തയ്യാറാക്കിയ ഈ കറിക്കൂട്ടുകളും മറ്റ് ഉത്പന്നങ്ങളും നിങ്ങളുടെ രുചിയെ ആസ്വാദ്യകരമാക്കുമെന്ന് തീർച്ച. ആപ്തി നിങ്ങളുടെ അടുക്കളയിലെ അനിവാര്യത ആകുമെന്ന് പ്രതീക്ഷിയ്ക്കട്ടെ.

100% Natural Ingredients * No Preservatives or Artificial Flavours

ആവശ്യാനുസരണം കൊറിയർ/പോസ്റ്റ് വഴി എത്തിക്കുന്നതാണ്.

Peringara Mana Food Products
Thoyakkavu P. O., Thrissur, Kerala - 680513

9747725743
9074064988

fssai 21320196000443
peringara.mana@gmail.com

# ടെ ഇല്ലം





ുടെ ഇപ്പഴത്തെ വാസഗൃഹം ● മുന്നിൽ ഉണ്ണിഗണപതിക്ക് നാലുകെട്ട്

**ഗണേശകഥകളനുസരിച്ച് ഗണത്തിന്റെ അഥവാ സമൂഹത്തിന്റെ തലവനാണ് ഗണേശ്വരൻ (ഗണേഷ് )ഗണപതിക്ക് രണ്ട് സഹധർമ്മിണിമാരാണ് സിദ്ധി ( സക്സസ് ) ഋദ്ധി (സ്കിൽഫുൾനസ്സ്).ശുഭ് ,ലാഭ് എന്നിവർ ഗണപതിയുടെ പുത്രന്മാർ പുത്രഭാര്യമാർ തുഷ്ടിയും ( സാറ്റിസ്ഫാക്ഷൻ )പുഷ്ടിയും (ആരോഗ്യം) . വിഘ്നങ്ങളൊഴിക്കുന്ന പ്രസാദമായി ഗണേശ കുടുംബത്തിലെ പേരക്കുട്ടികൾ ആനന്ദും (ആനന്ദം) പ്രമോദും (എന്നുമുള്ള മോദം)**



വിഷ്ണു ,സുജാത (അമ്മ) സരസ്വതി (അച്ഛൻ പെങ്ങൾ ) വിനായകൻ ( ജ്യേഷ്ഠൻ)

പനങ്ങാട് താവഴി അന്യം നിന്നപ്പോൾ കൊളങ്ങാത്ത് നിന്നുമുള്ളവർ പനങ്ങാട് ഇരിക്കുകയായിരുന്നു .

ഇരിങ്ങാലക്കുട ഗ്രാമത്തിലെ വൈദികർ കൈമുക്കും പന്തലുമാണ്.ഇവരിൽ കൈമുക്ക് വൈദികന്റെ പ്രധാന ശിഷ്യന്മാരാണ് ചോർളി മനക്കാർ .വേദ പാരമ്പര്യവും താന്ത്രികാധികാരങ്ങളും ഒന്നിച്ചു ചേർന്ന ഇല്ലക്കാർ .

ചോർളിയിലെ തേവാരത്തിന് മറ്റൊരു വിശേഷം കൂടി പറയാറുണ്ട്. വളരെ പണ്ട്, സന്താന സൗഭാഗ്യമില്ലാതിരുന്ന ചോർളിയിലെ ഒരാത്തേമ്മാർക്ക് മകനായി പ്രത്യക്ഷപ്പെട്ട് അനുഗ്രഹിച്ചത് സാക്ഷാൽ ഗണപതിയായിരുന്നത്രെ. ഉണ്ണിഗണപതിയെ പൊന്നോമനയായി ചോർളിയിൽ അന്നു മുതൽ കുടിവെച്ചിരിക്കയാണ്. സഹസ്രസവർഷങ്ങളായി ചോർളി പടിഞ്ഞാറ്റയിൽ നിത്യഗണപതി ഹോമമുണ്ട് .ഇതും പ്രത്യേക രീതിയിലാണ് . ഗണപതി ഹോമത്തിനുള്ള ദ്രവ്യങ്ങളിൽ നാളികേരം മുമ്പേ ഒരുക്കുകയില്ല. **പൊട്ടിച്ച തേങ്ങാമുറി കൈയ്യിലെടുത്ത് ഹോമാഗ്നിയിലേക്ക് പൂളി ഹോമിക്കുകയാണ് പതിവ്.വിശക്കുന്ന പൊന്നുണ്ണിക്ക് വേണ്ടതെല്ലാം തൽക്ഷണം നൽകുന്ന അച്ഛനമ്മമാരെപ്പോലെ കാർമ്മികർ.ഓടി വന്ന് കുമ്പ നിറക്കുകയാണ് ഉണ്ണിഗണപതി.** ക്ഷിപ്രപ്രസാദിയായ ചോർളി വിനായകൻ വിഘ്നങ്ങളെ അകറ്റി


TM
antharjanam's
WhatsApp or Call
85908 34526
antharjanams antharjanam's
antharjanams.com
fssai Reg. No: 21320244000624
Have Breakfast and Lunch with us
We Deliver to:
Calicut Medical College, IIM-K, NIT Calicut, Kunnamangalam, Kuttikkattoor, Thondayad Bypass & Nearby areas.
Bulk orders will be considered for all other areas in Kozhikode.

# വൈദികൻ കൈമുക്ക് രാമൻ അക്കിത്തിരിപ്പാട്



'ഗണപതിക്ക് ഏറെ വിശേഷണ്ട് ചോർളിയിൽ. അവിടത്തെ ആരാധനക്ക് അത്ര പാരമ്പര്യം ണ്ട്ന്നാണ് പണ്ടേ കേട്ടടക്കണത് .ആളോൾടെ പ്രവൃത്തിയെ തടസ്സപ്പെടുത്തുന്ന വയ്യായകൾ ഉണ്ടല്ലോ , ഉളുക്ക് ,ചതവ് ആ ജാതി .ചോർളിയിലെ മക്കളോ മരുമക്കളോ ഒന്ന് തടവിയാൽ മതി .അതങ്ങട്ട് ശരിയാകും .വേറെ എവിടെയുമല്ല ,എനിക്കു തന്നെ അനുഭവമുണ്ട് . സിദ്ധിവിനായകൻ ചോർളിയിൽ നിത്യപ്രസാദിയാണെന്നർത്ഥം..'



*മുത്തച്ഛൻ ത്രിവിക്രമൻ നമ്പൂതിരി ,മുത്തശ്ശി തങ്കമണി അന്തർജനം*

ഓരോ ദിവസവും സാർത്ഥകമാക്കുന്നു. ലക്ഷക്കണക്കിന് സുപ്രഭാതങ്ങളായി ഗണപതിപ്രസാദം ചോർളി മനയെ പുണ്യദായകമാക്കുന്നു

അഭീഷ്ടസിദ്ധിക്കുള്ള പ്രാർത്ഥനയായി ചോർളി ഗണപതിയെ തൊഴുന്നതും ഒറ്റയപ്പം വഴിപാടു കഴിക്കുന്നതും നാട്ടാരുടെ വർഷങ്ങളായുള്ള ശീലവും സംസ്ക്കാരവുമാണ് .ഇരിങ്ങാലക്കുട ഗ്രാമത്തിലെ മിക്കവാറും നമ്പൂതിരി ഇല്ലങ്ങളിൽ എല്ലാ വിശേഷാവസരങ്ങളിലും ചോർളി ഗണപതിക്ക് പ്രത്യേക പ്രാർത്ഥനകളും വഴിപാടുകളും പതിവാണ്. 'ചോർളി ഗണോതിക്ക് നെയ് വിളക്ക് കത്തിക്ക്വാ, പ്രാർത്ഥിക്കേം ചെയ്യാ ' നമ്പൂതിരിമാർ പണ്ടേ പറഞ്ഞിരുന്നതിങ്ങനെയായിരുന്നു .

ചോർളി തറവാട്ടിലെ പിതാമഹനായിരുന്ന ഗോദശർമ്മൻ നമ്പൂതിരി ബ്രാഹ്മണരുടെ പ്രശസ്ത സാമ്പത്തിക സ്ഥാപനമായിരുന്ന പെരിങ്ങോട്ടുകര നമ്പൂതിരി (പി.എൻ വൈ) സഭയുടെ പ്രധാന പ്രവർത്തകരിൽ ഒരാളായിരുന്നു .സെക്രട്ടറി ചോർളി എന്നായിരുന്നു അദ്ദേഹം അറിയപ്പെട്ടിരുന്നത് .

ഗോദശർമൻ നമ്പൂതിരിയുടെ ദീർഘവീക്ഷണം വാഴ്ത്തപെടേണ്ടതാണ് .ജന്മിത്വവും പാട്ടം വരവും അസ്തമിച്ചാലും ഭൗതികമായി ബ്രാഹ്മണ സംസ്ക്കാരത്തിന് ക്ഷീണം വന്നു കൂടാ എന്ന് ആ




മഹാൻ ചിന്തിച്ചു .

സംഘാടകനും സമുദായ നേതാവുമെല്ലാം ആയിരുന്ന ഗോദശർമൻ നമ്പൂതിരിയെ അപരിഹാര്യമായ ജാതകദോഷം പിടികൂടി.സന്തതി വാഴില്ല എന്നതായിരുന്നു ആ ദോഷം. ശിശുമരണങ്ങളുടെ തീരാസങ്കടങ്ങൾക്കിടക്കും ഇല്ലത്തെ ഗണപതിയെ അദ്ദേഹം വിടാതെ പ്രാർത്ഥിച്ചു. ജാതകദോഷങ്ങൾ തിരുത്തപ്പെടുക തന്നെ ചെയ്തു . അദ്ദേഹത്തിന് മൂന്ന് മക്കളെ വിനായകൻ നൽകി. മൂത്ത മകനായിരുന്നു വല്ലഭൻ നമ്പൂതിരി .യജുർവേദ ഘോഷത്തിൽ ഇരിങ്ങാലക്കുട യോഗത്തിന്റെ യുവ ശബ്ദമായി മാറിയ വല്ലഭൻ നമ്പൂതിരിക്ക് ഇരുപത്തിരണ്ട് വയസ്സേ ആയുസ്സ് ഉണ്ടായുള്ളൂ. രണ്ടാമത്തെ മകന് ദേശ ക്ഷേത്രത്തിലെ വാമനമൂർത്തിയുടെ നാമമായ ത്രിവിക്രമൻ എന്നാണ് പേര് വിളിച്ചത്. കെ.പി.സി.സി മെമ്പറും കെ കരുണാകരനടക്കമുള്ള അന്നത്തെ കോൺഗ്രസ് നേതാക്കളുടെ അടുത്ത സുഹൃത്തുമായിരുന്നു ത്രിവിക്രമൻ നമ്പൂതിരി. അധ്യാപകനായിരുന്ന ഇദ്ദേഹം തൃശൂരുകാരുടെ സ്വന്തം കെ ജി ടി ആയി അറിയപ്പെട്ടു. ആദർശധീരനായി ഉയർന്ന വി എം സുധീരനെ രാഷ്ട്രീയത്തിലേക്ക് കൈപിടിച്ചു കൊണ്ടുവന്നത് കെ ജി ടി ആയിരുന്നുവത്രെ.

മൂന്നാമത്തെ മകൻ ശങ്കരൻ നമ്പൂതിരി വലുതായപ്പോൾ ഒറ്റപ്പാലം ലക്കിടിയിലേക്ക് തന്റെ താമസം മാറ്റി. ഭാരതീയ ജനതാ പാർട്ടിയുടെ പാലക്കാട് ജില്ലാ ഭാരവാഹിയായി വളർന്നു. ശങ്കരൻ നമ്പൂതിരി (കെ ജി എസ് ). അന്തിക്കാട് പി. എൻ വൈ സഭയിലും യോഗക്ഷേമം കമ്പനിയിലും ഇദ്ദേഹം പ്രവൃത്തി ചെയ്തു. തൃപ്പൂണിത്തുറ കോവിലകത്തു രമാദേവി തമ്പുരാനാണ് (റിട്ടയേർഡ് ടീച്ചർ) ശങ്കരൻ നമ്പൂതിരിയുടെ സഹധർമ്മിണി .മൂന്നു മക്കളാണ് ഈ ദമ്പതിമാർക്ക് .




*മുതുമുത്തച്ഛൻ പരേതനായ ചോർളി ഗോദശർമ്മൻ നമ്പൂതിരിയും അച്ഛൻ പരേതനായ ചോർളി ഗോദശർമ്മൻ നമ്പൂതിരിയും*

### പ്രധാന വഴിപാടുകൾ

| | |
|---|---|
| ഒറ്റയപ്പം :............................ | 125 രൂപ |
| സ്പെഷ്യൽ ഒറ്റയപ്പം:....... | 251രൂപ |
| കൂട്ട് ഗണപതി ഹോമം :... | 7001/രൂപ |
| നിറമാല : .......................... | 6001/രൂപ |
| നെയ്കിണ്ടി:....................... | 501/രൂപ |
| ഗണപതി ഹോമം:............ | 151/രൂപ |
| മലർ ഹോമം : .................. | 201/രൂപ |
| കറുകമാല. : ..................... | 25/രൂപ |
| മുട്ടറുക്കൽ : ...................... | 51/രൂപ |

മുതുമുത്തച്ഛനായ ഗോദശർമ്മൻ നമ്പൂതിരിയുടെ അനുജനായിരുന്ന വാസുദേവൻ നമ്പൂതിരി ഐ എൻ ടി യു സിയുടെ സംസ്ഥാന നേതാവായി വളർന്നു. അന്തിക്കാട്ടെ ചെത്തു തൊഴിലാളികളുടെ കോൺഗ്രസ് യൂനിയൻ ഇദ്ദേഹത്തിന്റെ നേതൃത്വത്തിലായിരുന്നു .വാസുദേവൻ നമ്പൂതിരിയെ കള്ള് നമ്പൂരി എന്ന് നസ്യം പറഞ്ഞിരുന്നവരും ധാരാളം .കോൺഗ്രസ് പ്രസ്ഥാനത്തിന്റെ അനിഷേധ്യ നേതാവായി വാസുദേവൻ നമ്പൂതിരി ഉയർന്നു. പി.എൻ വൈ സഭയുടെ അന്നത്തെ നേതൃത്വത്തിലും ഇദ്ദേഹം പ്രവർത്തിച്ചു .

ത്രിവിക്രമൻ നമ്പൂതിരി (കെ ജി ടി ) ക്ക് രണ്ട് ആൺമക്കളായിരുന്നു. മൂത്ത മകനായ ഗോദശർമ്മൻ നമ്പൂതിരി തുറവൂർ നെടുമ്പ്രം ഇല്ലത്ത് നിന്ന് സുജാതയെ വേളി കഴിച്ചു. അവർക്ക് രണ്ട് ഉണ്ണികളുണ്ടായി.വിനായകനും വിഷ്ണുവും. രണ്ടാമത്തെ മകൻ നാരായണൻ നമ്പൂതിരി അവിവാഹിതനാണ്.

**കെ.പി.സി.സി മെമ്പറും കെ കരുണാകരനടക്കമുള്ള അന്നത്തെ കോൺഗ്രസ് നേതാക്കളുടെ അടുത്ത സുഹൃത്തുമായിരുന്നു ത്രിവിക്രമൻ നമ്പൂതിരി. തൃശൂരുകാരുടെ സ്വന്തം കെ ജി ടി ആയി അദ്ദേഹം അറിയപ്പെട്ടു . ആദർശധീരനായി ഉയർന്ന വി എം സുധീരനെ രാഷ്ട്രീയത്തിലേക്ക് കൈപിടിച്ചു കൊണ്ടുവന്നത് കെ ജി ടി ആയിരുന്നുവത്രെ. അതുപോലെ അന്തിക്കാട്ടെ ചെത്തു തൊഴിലാളികളെ കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ചതും ഒരു ചോർളിയായിരുന്നു. നാട്ടാർ കള്ള് നമ്പൂതിരി എന്ന് നസ്യം പറഞ്ഞിരുന്ന ചോർളി വാസുദേവൻ നമ്പൂതിരി.**



*മുത്തച്ഛൻ ത്രിവിക്രമൻ നമ്പൂതിരി കെ ജി ടി (ചിത്രത്തിൽ വലത്ത് ) കെ കരുണാകരന്റെ കൂടെ*

ഗോദശർമ്മൻ നമ്പൂതിരിയുടെ അകാലമരണം ത്രിവിക്രമൻ നമ്പൂതിരിയെ വല്ലാത്ത സങ്കടത്തിലാക്കി. മകന്റെ സഹധർമ്മിണി സുജാത അന്തർജനവും ചെറിയ രണ്ട് ഉണ്ണികളും ഒറ്റപ്പാലത്തുള്ള

## ആ സഭയിലെ സഭാപതിമാരിലൊരാൾ

PNY SABHA

Registered Office: Anthikad Thrissur- 680 641
Ph: 0487 2630208, 2636824. E-mail: pnysro@Yahoo.com wwwpnysabha.com

പെരിങ്ങോട്ടുകര നമ്പൂതിരി യോഗക്ഷേമ സഭ, അന്തിക്കാട്

സ്വാതന്ത്ര്യത്തിനും എത്രയോ മുൻപ് 1916 ൽ തൃശൂർ അന്തിക്കാട് ആസ്ഥാനമായി കുറച്ചു നമ്പൂതിരിമാർ ചേർന്ന് കേരളീയ ഭൂസുരാനുമോദിനീസഭ തുടങ്ങി .ഇതാണ് പിന്നീട് പെരിങ്ങോട്ടുകര നമ്പൂതിരി യുവജന സഭ അഥവാ പി. എൻ വൈ സഭയായി വളർന്ന് പന്തലിച്ചത് . തൃശൂരിന്റെ ധമനികളിൽ ഒഴുകിയിരുന്ന സാധാരണ തട്ടുപൊളിപ്പൻ ചിട്ടിക്കമ്പനിയായിരുന്നില്ല പി എൻ വൈ സഭ .വിശ്വാസ്യതയും കാര്യക്ഷമതയും അഷ്ടബന്ധമിട്ടുറപ്പിച്ച സ്ഥാപനമായിരുന്നു അത്. നൂറ്റാണ്ടിന്റെ പാരമ്പര്യത്തോടെ കേരളത്തിലും പുറത്തും നൂറിലധികം ശാഖകൾ ഇന്ന് പി. എൻ വൈ സഭക്കുണ്ട്

അമ്മാത്തേക്ക് പോയി. പേരക്കുട്ടികളെ ശ്രദ്ധിക്കാനായി മുത്തച്ഛൻ ത്രിവിക്രമൻ നമ്പൂതിരി (കെ ജി ടി ) യും താമസം മാറ്റാൻ തീരുമാനിച്ചു . ഇളയ മകൻ നാരായണൻ നമ്പൂതിരിയുമൊത്ത് അദ്ദേഹം കിള്ളിക്കുറിശി (ലക്കിടി) യിൽ വാസമാരംഭിച്ചു.തന്റെ അനുജനായ ശങ്കരൻ നമ്പൂതിരി(കെ ജി എസ് ) ലക്കിടിയിൽ നേരത്തെ തന്നെ ഉണ്ടല്ലോ എന്നും ത്രിവിക്രമൻ നമ്പൂതിരി സമാധാനിച്ചു. കൊളങ്ങാത്ത് ചോർളിക്കാർ എവിടെ പോയാലും ഗണപതി അവരുടെ കൂടെത്തന്നെയുണ്ടാവും എന്നായിരുന്നു ജ്യോതിഷ പ്രശ്നത്തിൽ കണ്ടത്. അന്തിക്കാട്ട് നിന്ന് ഒപ്പം പോന്ന ഉണ്ണിഗണപതിയെ ഒരു ചെറിയ നാല്കെട്ട് നിർമ്മിച്ച് കിള്ളിക്കുറുശ്ശിയിൽ കുടിയിരുത്തി.

ത്രിവിക്രമൻ നമ്പൂതിരി 2017ൽ വിഷ്ണുപദം പൂകി. സുജാത അന്തർജനവും മക്കളായ വിഷ്ണുവുംവിനായകനുമാണ് ചോർളി ഗണപതിയുടെ കാര്യങ്ങൾ നിവർത്തിക്കുന്നത് അഫനായ നാരായണൻ നമ്പൂതിരിയും മുത്തഫനായ ശങ്കരൻ നമ്പൂതിരിയും കിള്ളിക്കുറുശ്ശിയിൽ എല്ലാറ്റിനും മേൽനോട്ടം വഹിക്കുന്നു.

വിനായകപൂജയുടെ പാരമ്പര്യം നെഞ്ചേറ്റുന്നവരാണ് ചോർളി മനക്കാർ. ഇവിടത്തെ ഉണ്ണിഗണപതിക്ക് ഒറ്റ നേദിക്കുന്നതിലും ചിലപ്രത്യേകതകളൊക്കെയുണ്ട്. നാളികേരം ചിരകി പിഴിഞ്ഞ് വെന്തുണ്ടാക്കുന്ന അസ്സൽ വെളിച്ചെണ്ണയിലാണ് ഒരു വിരൽക്കനമുള്ള ഒറ്റയപ്പം വിധിയാംവണ്ണം ഉണ്ടാക്കേണ്ടത് .ഗണോത്യട അന്തർജനങ്ങൾ നേദിക്കുന്നത് ഇവിടെ ഏറെ വിശേഷമാണ് .അമ്മമാർ ഊട്ടുമ്പോഴാണല്ലോ ഉണ്ണികൾക്ക് നിറയുക. ഭക്തർക്കു വേണ്ടി അപ്പങ്ങൾ ഉണ്ടാക്കി ഉണ്ണിഗണപതിക്കു നിവേദിക്കാൻ അമ്മയായ സുജാത അന്തർജനം അത്യുത്സാഹത്തിലാണ്. മൂന്നു മണി മുതൽ അർധരാത്രി വരെ എപ്പോഴും ഇവിടെ ഗണപതിക്ക് നേദ്യം ആവാമെന്നാണ് വിധി.മുപ്പട്ട് വെള്ളിയാഴ്ച ഏറെ പ്രധാനം.

വിഘ്നങ്ങളൊഴിഞ്ഞ് ലക്ഷ്യപ്രാപ്തിക്കായി എല്ലാ മാസപ്പിറന്നാളുകൾക്കും ചോർളി ഗണപതിക്ക് ഒറ്റ നേരുന്നവർ ധാരാളമാണ്.വിവാഹം നടക്കാത്തവർക്ക് സ്വയംവര മന്ത്രത്തോടെ പ്രത്യേകം മലർഹോമം,കാര്യസാധ്യത്തിന് മുക്കുറ്റി ഹോമം എന്നിവയും ചോർളി ഗണപതിയുടെ ഇഷ്ട വഴിപാടുകളാണ്. ദുരിത ശാന്തിക്ക് നെയ്ക്കിണ്ടി (ഒരു കിണ്ടി നിറയെ നൈ ഭഗവാന് അർപ്പിച്ച് നൈവിളക്ക് കത്തിച്ച് തൊഴുക) സമർപ്പണം പതിവുണ്ട്.

ഗണപതിക്ക് നിത്യപൂജ നടക്കുന്ന അപൂർവ്വം ദേവാലയങ്ങളേ കേരളത്തിലുള്ളൂ .അതിൽ പ്രധാനമാണ് കിള്ളിക്കുറുശ്ശിയിലെ ചോർളി നാലുകെട്ട്. ധാരാളം ഭക്തർ ഇവിടെ ദർശനത്തിനെത്താറുണ്ട് . എന്നും പ്രത്യേക വഴിപാടായി ഒറ്റപ്പം, കറുക മാല , നാളികേര മുട്ടൽ, നെയ്കിണ്ടി ,ഗണപതി ഹോമം , വിവാഹതടസ്സം നീങ്ങാനുള്ള മലർ ഹോമം എന്നിവ ചോർളി ഗണപതിക്കു മുന്നിൽ നടക്കുന്നു .വർഷങ്ങളായി മുടങ്ങിയിരുന്ന വിവാഹങ്ങൾ നടന്നതും വർഷങ്ങളായി കാണാതായവരെ തിരിച്ചു കിട്ടിയതുമായ അനുഗ്രഹ കഥകൾ ധാരാളം പറയാനുണ്ട് ഇവിടത്തെ ഭക്തർക്ക് . സുപ്രഭാതം മുതൽ അർധരാത്രി വരെ അനവധി പ്രാവശ്യം നടക്കുന്ന നിവേദ്യങ്ങൾ ചോർളി മനയെ ഗണപതി ഭഗവാന്റെ അമൃതപുരിയാക്കി മാറ്റുന്നു .

പാലക്കാട് ഒറ്റപ്പാലം റോഡിൽ ലക്കിടി കൂട്ടുപാത .അവിടെ നിന്ന് തിരുവില്വാമല ,ചേലക്കര, പഴയന്നൂർ വഴി തൃശൂർ റോഡിൽ കിള്ളിക്കുറിശ്ശി .

സംസ്ഥാന പാതയുടെ ഓരത്തു തന്നെയാണ് ചോർളി മന. **(ലക്കിടി കൂട്ടുപാത നിന്നും 4 കിലോമീറ്റർ തിരുവില്വാമല നിന്നും 4 കി.മീ)**

ചോർളി മനയോടൊപ്പം ഭക്തർക്ക് മഹാക്ഷേത്രമായ തിരുവില്വാമലയിൽ പോയി വില്വാദ്രിനാഥനെ ദർശിക്കുന്നതും തീർത്ഥാടക സർക്യൂട്ടിൽ ഉൾപ്പെടുത്താം .പ്രശസ്തമായ കിള്ളിക്കുറിശ്ശി മഹാദേവ ക്ഷേത്രവും കലക്കത്ത് കുഞ്ചൻ നമ്പ്യാർ സ്മാരകവും ചോർളി മനയുടെ സമീപത്ത് തന്നെയാണ് .

പുതുതലമുറയിലെ വിനായകനും വിഷ്ണുവും ചോർളി ഗണപതിയുടെ പ്രിയപ്പെട്ട ഉപാസകരാണ്. ഉണ്ണിഗണപതിയുടെ സന്നിധിയിൽ ഭക്തർക്ക് കൂടുതൽ സൗകര്യങ്ങളൊരുക്കാൻ പ്രയത്നിക്കുകയാണിവർ. **നമാമി വിഘ്നേശ്വര പാദപങ്കജം.**

വിവരങ്ങൾക്ക് വിളിക്കാം, കെ.ജി.ശങ്കരൻ നമ്പൂതിരി (കെ.ജി.എസ്.) **9496962542,** ചോർളി വിഷ്ണു **6238457599.**


❒ലേഖനങ്ങൾ
❒വിവാഹം
❒നർമ്മം
❒ജാതകം
❒ജില്ലാ വാർത്തകൾ
❒ഉപസഭാ വാർത്തകൾ
തുടങ്ങി ഒട്ടേറെ
വായനാവിഭവങ്ങൾ.
വായിക്കുക
വരിക്കാരാവുക

**ബ്രാഹ്മണ്യം-25 ന്റെ നിറവിൽ**



(യോഗക്ഷേമസഭ തൃശൂർ ജില്ലാ കമ്മറ്റിയുടെ മാസിക)

ഫോൺ: 8547232074
E-mail: brahmannyam
@gmail.com,
Dhanalaxmi Bank,Thrissur
Main Branch MG Road.
S/B a/c: Name:Brahmanyam
A/cNo: 000100100056242,
IFSC:DLXB 0000001,
MICR:680048002

**വിലാസം:ബ്രാഹ്മണ്യം,യോഗക്ഷേമം അപാർട്ട്മെന്റ്സ്,തിരുവമ്പാടി P.O ,തൃശൂർ 680822**

# അച്ഛൻ താലികെട്ടിയാൽ മംഗല്യ സൂത്രമാവില്ല

പണിക്കത്ത് അപ്പു നമ്പൂതിരി

**അച്ഛൻ താലി കെട്ടുന്നതും മലർ വറുക്കുന്നതും വിവാഹത്തിന്റെ ചടങ്ങല്ല. അത് ഋതുമതിയാകുതിനുമുമ്പേ ചെയ്യേണ്ട ചടങ്ങാണ്. ഇന്ത്യയിലെ മറ്റെല്ലാ ബ്രാഹ്മണർക്കിടയിലും ഭർത്താവാണ് വധുവിന്റെ കഴുത്തിൽ താലികെട്ടുന്നത്.**



ഋതുമതിയാകുന്നതിനു മുമ്പ് വിവാഹം നടന്നിരിക്കണമെന്ന നിയമമുണ്ടായിരുന്നു ഒരു കാലത്ത്. അങ്ങനെയുള്ള കാലത്തെ വേളി ക്രിയകൾ പലതും ഇന്നും തുടരുന്നുണ്ട്. ഉദാഹരണത്തിന് വരൻ കൊടുത്ത മന്ത്രകോടി ഉടുത്ത് മലർ വറുത്ത് നിവേദിച്ചുകഴിഞ്ഞാൽ പുണ്യാഹം ചെയ്തു ശുദ്ധിവരുത്തിയ പൂണൂൽ ചരടും താലിയും അച്ഛൻ പെൺകിടാവിനെ അണിയിക്കുന്നു. ഇത് മംഗല്യ സൂത്രമല്ല. കർമ്മാധികാരിയാക്കാനുള്ള പൂണൂൽ ചരടുമാത്രമാണ്.

മകനെ ചൗളവും ഉപനയനവും നടത്തി മന്ത്രാധികാരിയും കർമ്മാധികാരിയുമാക്കുന്ന പോലെ മകളെ, ഗായത്രീ ചൊല്ലി പിരിച്ചചരട് ഒരു നല്ല മുഹൂർത്തത്തിൽ പൂജ നടത്തി അണിയിക്കുന്നത് കർമ്മാധികാരിയാക്കാനാണ്.അതിനു പ്രാരംഭമാണ് മലർ വറക്കുന്നത്.

ഇല്ലങ്ങളിൽ, മലർവറുക്കുന്നതും, പൂജയ്ക്കൊരുക്കുന്നതും അന്തർജനങ്ങളായിരുന്നു. അങ്ങിനെ അർഹത നേടുന്ന ആദ്യത്തെ ചടങ്ങാണ് മന്ത്രകോടി ഉടുത്ത് മലർ വറുക്കുന്നത്. അതിനുശേഷം അച്ഛൻ പൂണൂൽ ചരട് കെട്ടുന്നത് മകളെ കർമ്മാധികാരിയായ ഒരു ഗൃഹസ്ഥയാക്കുന്നത്തിന്റെ ആദ്യത്തെ നടപടിയാണ്. അല്ലാതെ അത് മംഗല്യ സൂത്രമല്ല. ആചരടിന് മാസമുറ സമയത്തെ അശുദ്ധി വരാതിരിക്കാനാണ് സ്വർണ്ണം കോർക്കുന്നത്.

ഭാരതത്തിലെ നമ്പൂതിരി ഒഴിച്ചുള്ള എല്ലാ ബ്രാഹ്മണരും വിവാഹതലേന്നാണ് സമാവർത്തനം കഴിച്ച് ഗൃഹസ്ഥനാകുന്നത്. ബ്രഹ്മചര്യം കഴിഞ്ഞാൽ നേരേ ഗൃഹസ്ഥാശ്രമിയാകുന്നു. നമ്പൂതിരിമാർ 12 വയസ്സാകുമ്പോഴേയ്ക്കും സമാവർത്തനം കഴിഞ്ഞ് അനാശ്രമിയായി കുറെ കൊല്ലം കഴിഞ്ഞിട്ടാണ് വിവാഹം കഴിക്കുന്നത്. അത് ശ്രുതിവചനമനുസരിച്ചു തെറ്റാണ്. അതിനു മനുസ്മൃതിയിൽ പറയുന്ന പ്രായശ്ചിത്തമായി പ്രാജാപത്യകൃച്ഛ്രം ദാനം ചെയ്തിട്ടാണ് നമ്പൂതിരിമാരുടെ വിവാഹക്രിയകൾ തുടങ്ങുന്നത്.

ഇന്ന് സ്റ്റേജിൽ വെച്ച് ആയിരക്കണക്കിന് ആളുകളുടെ മുന്നിൽ വെച്ച് അച്ഛൻ താലി കെട്ടുന്നത് കാണുമ്പോൾ മറ്റു ജാതിയിലുള്ള സദസ്യർ, ഭർത്താവിനാൽ കെട്ടേണ്ട മംഗല്യസൂത്രം അച്ഛൻ മകളുടെ കഴുത്തിൽ കെട്ടുകയോ എന്ന് പറയുന്നത് കണ്ടിട്ടുണ്ട്.

അതുകൊണ്ട് അയിനി ഊണിന്റെ അന്ന് ഒരു നാന്ദീമുഖവും പുണ്യാഹവും നടത്തി, നിവേദ്യം കഴിച്ച് അച്ഛൻ താലി ചരട് അണിയിച്ച് കർമ്മാധികാരിയാക്കി മലർവറുക്കുന്നതുവരെയുള്ള ചടങ്ങ് നടത്തി, വിവാഹദിവസം നാന്ദീമുഖവും പുണ്യാഹവും വധുവിനും വരനും നടത്തി നിവേദിച്ച്, ആയിരം തിരി കത്തിച്ച് പതിവു ചടങ്ങുകൾ ചെയ്യുക. മുഖദർശനവും, പാണിഗ്രഹണവും കഴിഞ്ഞ്, വരൻ മംഗല്യസൂത്രമണിയിക്കുക എന്ന ഒരു മാറ്റം വരുത്തിയാൽ തെറ്റുണ്ടോ എന്ന് വൈദികരും ഓതിക്കന്മാരും വൈദിക സദസ്സും തീരുമാനമെടുത്തുകൂടെ? വേണമെങ്കിൽ താലികൂടി വരൻ അണിയിക്കുന്ന താലി ചരടിലോ മാലയിലോ കോർക്കാം എന്നുള്ളതും ശാസ്ത്രസമ്മതമാകുമോ എന്നും ചിന്തിക്കണം.

അതുപോലെ തന്നെയാണ് ഇന്ന് ഒട്ടുമിക്ക വിവാഹവും മുഹൂർത്ത സമയത്തു നടക്കുന്നില്ല എന്നതും. ബ്യൂട്ടീഷ്യന്റെയും ഫോട്ടോഗ്രാഫറുടേയും അനുവാദം കിട്ടി, പാണിഗ്രഹണമോ, ലാജഹോമമോ നടക്കുമ്പോഴേക്കും മുഹൂർത്തസമയമൊക്കെ കഴിഞ്ഞിരിക്കും. ഇങ്ങിനെ മുഹൂർത്തത്തിനു ശേഷം നിഷിദ്ധമായ രാശിയിൽ വിവാഹം കഴിക്കുന്നതുകൊണ്ടാണോ, ഇന്ന് ഇത്ര അധികം വിവാഹ മോചനങ്ങളും, സൽസന്തതി ഉണ്ടാകാത്തതോ, സന്തതി തന്നെ ഉണ്ടാകാത്തതിനോ കാരണമെന്ന് ജ്യോതിഷികളും ചിന്തിക്കേണ്ടതാണ്.

വൈദികരുടേയും, സമുദായാംഗങ്ങളായ ഗൃഹസ്ഥരുടേയും മുമ്പിൽ ചർച്ചചെയ്യുവാൻ വേണ്ടി വെയ്ക്കുകയാണ് ഈ നിർദ്ദേശം. വരനെ വധുവിന്റെ അച്ഛൻ വരണം കഴിഞ്ഞാൽ വരനുടുക്കുവാനുള്ള വസ്ത്രവും, ഉത്തരീയവും വധുവിനെകൊണ്ട് തൊടുവിച്ചു തരുവാൻ പറയുന്നു. അതിന്റെ കൂടെ വധു ഉടുക്കേണ്ട മുണ്ടും, മൂടേണ്ട മുണ്ടും അടങ്ങിയ മന്ത്രകോടിയും കൊടുക്കുന്നു. ഇന്ന് ഒരു ദിക്കിലും ഈ മൂടലും ഉടുക്കലും ഒന്നും നടക്കുന്നില്ല. ഒരു ചടങ്ങുപുസ്തകത്തിലും പറയാത്ത കല്യാണസാരിയും കൊടുക്കുന്നു. ഈ സാരിക്ക് ഒരു പ്രാധാന്യവുമില്ല. ഈ സാരി ഉടുക്കാൻ ബ്യൂട്ടീഷ്യന്റെ കൂടെ പോയാൽ ചുരുങ്ങിയത് ഒരു മണിക്കൂറെങ്കിലും കഴിയും അത് ഉടുപ്പിച്ച് മലർവറുത്ത് അച്ഛൻ താലികെട്ടാൻ തുടങ്ങുമ്പോഴേക്കും. അപ്പോഴേക്കും മുഹൂർത്തമെല്ലാം കഴിഞ്ഞിരിക്കും. ഇതിനും ഒരു മാറ്റം വേണ്ടേ?

അത് താഴെ പറയുന്ന വിധമായാൽ എന്തെങ്കിലും തെറ്റുണ്ടോ എന്ന് ചിന്തിക്കേണ്ടതാണ്. വരൻ കൊടുക്കുന്ന മന്ത്രകോടി ക്രിയാംഗമായി ചടങ്ങായി കൊടുക്കട്ടെ. പക്ഷെ അതിന്റെ കൂടെ കൊടുക്കുന്ന സാരി വധുവിന്റെ പാർട്ടി വന്നാൽ, വരൻ വധുവിന്റെ അച്ഛന്റെ കയ്യിൽ കൊടുത്ത് ആ സാരി ഉടുത്ത് ക്രിയ തുടങ്ങുകയാണെങ്കിൽ മുഹൂർത്ത സമയത്തുതന്നെ ക്രിയകൾ എല്ലാം നടത്താം. അല്ലെങ്കിൽ വധുഗൃഹത്തിൽ നിന്ന് വരുമ്പോൾ ഉടുപ്പിച്ച സാരി ഉടുത്തുതന്നെ ക്രിയ തുടങ്ങാം. ഇതുപറയുവാൻ കാരണം ചില അമ്മമാരോട് ഈ മാറ്റത്തിനെ പറ്റി സംസാരിച്ചപ്പോൾ അവർ പറഞ്ഞത് അപ്പോൾ ഞങ്ങൾ 50,000 രൂപ കൊടുത്തു വാങ്ങിയ സാരി എപ്പോളാണ് ഉടുക്കുക എന്നാണ്. അതായത് മുഹൂർത്തത്തേക്കാൾ പ്രാധാന്യം മറ്റുള്ളവരെ നമ്മുടെ പ്രൗഢി കാണിക്കുതിനാണ് എന്ന് അർത്ഥം.

ഇതുപോലെ നിരവധി മാറ്റങ്ങൾ, സ്മൃതികളിൽ പറയുന്നതിൽ, വരുത്തേണ്ടതല്ലേ. നമ്മൾ ചെയ്യുന്ന കർമ്മങ്ങൾ മിക്കതും ശ്രുതിവചനമാണ്. അത് എങ്ങിനെ ചെയ്യണമെന്ന് അനുശാസിക്കുന്നത് സ്മൃതികളിലാണ്. അതിൽ തന്നെ പറയുന്നുണ്ട്, ശാസ്ത്രാനുസാരിയായി കാലത്തിന്റെ മാറ്റമനുസരിച്ച് ഈ ചടങ്ങുകളിലും മാറ്റം വരുത്താം എന്ന്. കേരളത്തിലെ എല്ലാ വൈദികർക്കും മിക്കവാറും ഓതിക്കന്മാർക്കും ആത്രശ്ശേരിയുടെ ഈ നിർദ്ദേശം അയച്ചു കൊടുത്തിട്ടുണ്ട്. നമ്പൂതിരി സർവ്വസ്വം, എന്ന എന്റെ പുതിയ പുസ്തകത്തിലും കൊടുത്തിട്ടുണ്ട്. ●

**പണിക്കത്ത് അപ്പു നമ്പൂതിരി**
തൃപ്പൂണിത്തുറ
മൊബൈൽ. 8547286111

# ശ്രമസംഘമൊരുക്കുന്ന കറിക്കൂട്ട് തൊഴുന്നേൻ

ചൈനയിൽ ചെന്നും വിദ്യ അഭ്യസിക്കണം ന്നാ ചൊല്ല്. ചേരയെ തിന്നുന്ന നാട്ടിൽ ചെന്നാൽ നടുക്കഷ്ണം തിന്നണന്നും. നാലുദേശം നമ്പൂതിരീസ് ഏതാണ്ട് അമ്മട്ടിലാണ്. നമ്പൂരിടെ സമസ്ത വിഭവങ്ങളും റെഡി. പോരാത്തതിന് ചൈനീസും. ഭക്ഷണത്തിന്റെ കാര്യാണെങ്കിൽ നമ്പൂരാര്ക്ക് ക്ഷ ആവണം.

വിളമ്പു ബിസിനസിൽ അടിച്ചു പൊളിച്ചവരാണ് പെരിന്തൽമണ്ണയിലെ നാലുദേശം നമ്പൂതിരീസ് എന്ന കൂട്ടായ്മ. തേലക്കാട്, ചെമ്മാണിയോട്, കീഴാറ്റൂർ, പട്ടിക്കാട് എന്നീ നാലുദേശത്തുകാരാ അവര്.

പാചകരംഗത്ത് പണ്ടേ കയ്യും മേൽക്കയ്യും മാത്രല്ല, കൈപ്പുണ്യോം ള്ളോരാ. ഇവിടത്തെ പല നമ്പൂരാര്ക്കും ദേഹണ്ണത്തിലായിരുന്നു കേമത്തം. 40 കൊല്ലായി നാലുദേശം ശ്രമസംഘമെന്ന പേരിൽ സദ്യ വിളമ്പിവരുന്നു. ഇപ്പോൾ 2020 ന്റെ തുടക്കത്തിൽ 26 കുടുംബങ്ങൾ ചേർന്ന് നാലുദേശം കാറ്ററിംഗും തുടങ്ങി. പാലടേം പഴപ്രഥോനും മാത്രല്ല ചൈനീസ് നോർത്ത്

**പാചകരംഗത്ത് പണ്ടേ കയ്യും മേൽക്കയ്യും മാത്രല്ല, കൈപ്പുണ്യോം ള്ളോരാ. ഇവിടത്തെ പല നമ്പൂരാര്ക്കും ദേഹണ്ണത്തിലായിരുന്നു കേമത്തം.**

Naludesam
Namboodiries

**ച്ചാൽ നമ്പൂരാര്ടെ അസ്സല് രുചി. സാമ്പാർപൊടി, രസപ്പൊടി, ചട്ണിപ്പൊടി, മല്ലിപ്പൊടി, മുളക്പൊടി. അങ്ങനെ പൊടി പൂരം.**

ഇന്ത്യൻ വിഭവങ്ങളടങ്ങിയ ഈവനിംഗ് പാർട്ടികൾക്കും തയ്യാർ. ഇവന്റ് മാനേജ്മെന്റിനും റെഡി.

ഇപ്പം നാലുദേശം ഒരു കൂട്ടുകുടുംബ തറവാടു പോലെയാ. എല്ലാരും ചേർന്ന് ഒത്തു പിടിച്ചപ്പോൾ അനവധി ആളുകൾക്ക് പണിയുമായി. പ്രത്യക്ഷായിട്ടും പരോക്ഷായിട്ടും. അലസതേം മടീം അപ്രത്യക്ഷോം ആയി. പെരിന്തൽമണ്ണ വഴി പോവുന്നോരുക്ക് ഉച്ചഭക്ഷണത്തിനു മാത്രായി ഒരു ഹോട്ടലും ണ്ട്! ന്നാൽ പിന്നെ ഒന്ന് നോക്വല്ലേ?

2020-ൽ രുചിയുടെ പൊടിപൂരം തന്നെ തുടങ്ങി. നാലുദേശത്തിന്റെ രുചിപ്പെരുമ നാലാളറിയട്ടെ. ഓരോരുത്തരുടെയും അടുക്കളയിൽ നാലുദേശം കറിപ്പൊടി കിടന്ന് തിളക്കട്ടെ. മായോം ല്ല്യ, മന്ത്രോം ല്ല്യ. ച്ചാൽ നമ്പൂരാര്ടെ അസ്സല് രുചി. സാമ്പാർ പൊടി, രസപ്പൊടി, ചട്ണിപ്പൊടി, മല്ലിപ്പൊടി, മുളക്പൊടി. അങ്ങനെ ആകപ്പാടെ പൊടി പൂരം.

പിന്നെ കായവറവ്, റൗണ്ട് ചിപ്സ്, ശർക്കര ഉപ്പേരി, കാളൻ, പുളിയിഞ്ചി, കടുമാങ്ങ, നാരങ്ങ ഉപ്പിലിട്ടത്, നെല്ലിക്ക തുടങ്ങി ഉപ്പിലിട്ടതും. ഭാരതത്തിലെവിടേം നളവേഗത്തിലെത്തും. കൊറിയറാണ് ഹംസം. ഒന്നു വിളിച്ചു നോക്കൂ. 8281496243 ●

## ശ്രദ്ധാഞ്ജലികൾ

**മക്കളും മരുമക്കളും:**
ബേബി - പുതുമന നാരായണൻ നമ്പൂതിരി , ശൈലജ - താമരക്കുളം ശങ്കരൻനമ്പൂതിരി , ജയശ്രീ - അയനിക്കാട് ശങ്കരൻ നമ്പൂതിരി , ബീന - കുറുമാത്തൂർ സുനിൽ നമ്പൂതിരിപ്പാട് , ശ്രീവിദ്യ - കക്കുഴി സുരേഷ് കുമാർ നമ്പൂതിരി.

**പേരമക്കളും കുടുംബവും:**
മഞ്ജുഷ - ചാത്തങ്കോട് ഉണ്ണികൃഷ്ണൻ, രാഗി - എടക്കാട് വിനോദ് , കൃഷ്ണ ശങ്കർ, പ്രണവ് ശങ്കർ, പല്ലവി ശങ്കർ, ശിവാനി, വിമൽരാജ്, കാർത്തിക്

**കൊച്ചുമക്കൾ:**
പാർവ്വതി, ഋഷീകേശ്
**കിഴിയപ്പുറത്തു മന, ആലംകോട് പി.ഒ, മലപ്പുറം ജില്ല, മൊബൈൽ 9447366346**



# സ്മരണാഞ്ജലി





**ടി.സി വിഷ്ണു നമ്പൂതിരി**
**താമരക്കുളം (1923–2002)**

**സാവിത്രി അന്തർജനം**
**വള്ളോപ്പിള്ളിമന (1934–2011)**

**മക്കൾ:** ശ്രീധരൻ നമ്പൂതിരി, വിഷ്ണുറാം നമ്പൂതിരി (L), ദിവാകരൻ നമ്പൂതിരി, ദാമോദരൻ നമ്പൂതിരി (L), സുനിത.ടി.വി. **മരുമക്കൾ:** മാധവി അന്തർജനം (കുണ്ടിൽ കുളം), ശൈലജ അന്തർജനം (പറപ്പള്ളി), മീര അന്തർജനം (ചേക്രക്കൽ), പ്രസന്ന അന്തർജനം (പുൽപ്പറ്റ തിരുവാലൂർ), കൃഷ്ണകുമാർ സി (വണ്ടിത്തടം) **പേരമക്കളും കുടുംബവും:** ദിനേശ് വിഷ്ണു – ഗീത (താമരശ്ശേരി) , ധന്യ സാവിത്രി – രാജ് കുമാർ (തലയൂർ) , അർജുൻ വിഷ്ണു – അഞ്ജന (ഓശ്ശേരിൽ), ആര്യ– പ്രമോദ് (തിരുനാവായ അരീക്കര), വിഷ്ണുപ്രസാദ് – ദേവിപ്രിയ (വാഴകുന്നം), തുളസി – കേശവൻ (വെദിരമന), വിഷ്ണു, ശരണ്യ, ഗായത്രി. **കൊച്ചു മക്കൾ:** ശ്രീധർ ദിനേശ്, ഹൃഷീകേശ്, ഹൃദിക പാർവ്വതി, അമേയ, വേദ് വാസുദേവ്, ധ്രുവ് ദിവാകരൻ, നിവേദ് വിഷ്ണു.

താമരക്കുളം ഇല്ലം, മാമ്പറ്റ, മുക്കം പി.ഒ, കോഴിക്കോട്, 673602 മൊ: 9447337337



## വി.കെ.സി. കൃഷ്ണൻ നമ്പൂതിരി, കരിപ്പത്ത് ഇല്ലം

**മരണം 17/05/2020**

ദേശീയപ്രസ്ഥാനങ്ങളിൽ ചെറുപ്പം മുതലേ സജീവമായി പ്രവർത്തിച്ചുകൊണ്ട് സ്വജീവിതം സമാജസേവയ്ക്കായി സമർപ്പിച്ച് മാതൃകാപരമായ പൊതുപ്രവർത്തനം നടത്തിയിരുന്ന സമാധാനപ്രേമിയായ സമരപോരാളിയായിരുന്നു വി.കെ.സി.കൃഷ്ണേട്ടൻ... ഇന്ദിരാഗാന്ധിയുടെ കാലത്തെ കിരാതമായ അടിയന്തിരാവസ്ഥയ്ക്കെതിരെ യുവാക്കളെ സംഘടിപ്പിച്ച് ശക്തമായി പ്രതിഷേധസമരങ്ങൾ നടത്തിയതിന് ജയിൽ വാസമനുഭവിച്ചിരുന്ന കൃഷ്ണേട്ടൻ നേതൃഗുണ സമ്പന്നനായൊരു കർമ്മയോഗിയായിരുന്നു. തന്റെ പ്രവർത്തനകാര്യക്ഷേത്രങ്ങളുടെ സൂക്ഷ്മവും സമഗ്രവുമായ റിപ്പോർട്ടുകളും നിർദ്ദേശങ്ങളുമെല്ലാം കൃഷ്ണേട്ടന്റെ പഴയ ഡയറികളിൽ കൃത്യമായി എഴുതിവെച്ചിട്ടുള്ളത് കാണാം.വളർന്നുവരുന്ന പുതുതലമുറയിലെ എല്ലാവർക്കും പകർത്താവുന്ന ഒരു മാതൃകയാണ് വി.കെ.സി.കൃഷ്ണേട്ടന്റെ ജീവിതം. എല്ലാവരുമായും സവിശേഷമായൊരു ആത്മബന്ധം സൂക്ഷിച്ചിരുന്ന ശ്രീ.വി.കെ.സി. കൃഷ്ണേട്ടന്റെ പാവനസ്മരണകൾക്ക് മുന്നിൽ

**പ്രണാമങ്ങൾ**

**കുടുംബാംഗങ്ങൾ കരിപ്പത്ത് ഇല്ലം,**
**അരീക്കോട് മലപ്പുറം**
**മൊബൈൽ9746920703**

# മുത്തച്ഛന് പ്രണാമം



## ബ്രഹ്മശ്രീ: കൊരട്ടിക്കര കൃഷ്ണൻ നമ്പൂതിരി, പാഞ്ഞാൾ

S/o നാരായണൻ സോമയാജിപ്പാട് & കിഴിയേടം ആര്യ പത്തനാടി

**27.1.1924 / 29.7.2017**

സ്നേഹാശംസകളോടെ, മാൾട്ടയിൽ നിന്നും ഡൊണാൾഡ് നമ്പൂതിരിയും കുടുംബവും

● കവിത


**വിലാസം:**
അമ്പലപുത്തൂർ ഇല്ലം,
അവിടനല്ലൂർ
പി.ഒ കൂട്ടാലിട,
കോഴിക്കോട്
മൊബൈൽ
**9745141079**





# അമ്മിണിയുടെ കുഴിയാനകൾ




**എ.പി.എൻ നമ്പൂതിരി**


ഗുരുവായൂരിലെ ഉണ്ണിക്കണ്ണന്
അമ്പതിലേറെ ഗജമുണ്ടേ.
അൻപോടവരെക്കണ്ണൻ ദിനവും
പരിപാലിച്ചു വരാറുണ്ടേ.

അമ്പലനടയിൽ ഉത്സവനാളിൽ
അമ്പതുപേരും വരവുണ്ടേ
ആറാട്ടിന്നും ശീവേലിക്കും
ആനകളനവധി പതിവുണ്ടേ

ആമ്പല്ലൂരിലെ അമ്മിണി മോൾക്കും
ഒമ്പതുകുഴിയാനകളുണ്ടേ.
അൻപോടവയെക്കൺമണി ദിനവും
പരിപാലിച്ചു വരുന്നുണ്ടേ.

കൊമ്പില്ലാത്തവരെന്നാലും അവർ
വമ്പിനൊരൊട്ടും കുറവില്ല,
ആലക്കരികിൽ നിരയായ് കുഴിയിൽ
അവരു മദിച്ചു നടപ്പാണേ

അമ്മിണിയരികെ ചെന്നാൽപ്പിന്നെ
മണലിൽ പൂണ്ടു കിടപ്പാണേ
അവരുടെ ചാരത്തന്നെയിരിക്കാൻ
അമ്മിണി മോൾക്കും കൊതിയാണ

ആനകൾ വലുതാവുന്നതുകാണാൻ
അവളുടെയുള്ളിൽ ധൃതിയായീ
കുഞ്ഞിക്കൊമ്പുകൾ വലുതാവാത്തതു
കുഞ്ഞു മനസ്സിനു വ്യഥയായി.

ആനപ്പന്തികൾ കെട്ടിയൊരുക്കി
അവരെ മെരുക്കിയൊരുക്കാനായ്
പൊട്ടിയ പാദസരങ്ങളെയവളോ
കാൽച്ചങ്ങലയായ് സൂക്ഷിച്ചു.

ആനപ്പനയുടെ തയ്യുകൾ തേടി
അമ്മിണി തൊടിയിൽ നടപ്പായി
തൂവൽ തുണ്ടുകൾ കെട്ടിയൊതുക്കി
ചേലിൽ ചാമരമുണ്ടാക്കി

കുപ്പിവളപ്പൊട്ടുകളാൽ പിന്നെ
നെറ്റിപ്പട്ടവുമൊട്ടിച്ചു.
കമ്പിത്തിരിയുടെ കമ്പിവളച്ചവൾ
ആനതോട്ടികൾ ഉണ്ടാക്കി.

കൊമ്പും തുമ്പിക്കയ്യും കാണാൻ
കാവലിരുന്നു കൺമണിയാൾ
ആനകൾ വലുതാവാനാശിച്ചൂ
ആശകളല്ലൊ വലുതായീ.

ഇടവപ്പാതി കനത്തൊരു രാവിൽ
ഇടമുറിയാതെ പെയ്യുമ്പോൾ
ഇടിയും മിന്നലുമാകാശത്തിൻ
ഇടനെഞ്ചാകെ മുറിക്കുമ്പോൾ.

ഇടറും മനമോടമ്മിണി രാവിൻ
ഇടവേളകളിലുണർന്നപ്പോൾ
ഇരുളിൽ മിന്നൽ വെളിച്ചത്തിൽ മഴ
പുഴയാകുന്നതുമവൾ കണ്ടു.

പുലരൊളിതൊട്ടു വിളിച്ചപ്പോളവൾ
പാതിയുറക്കമുണർന്നല്ലൊ
ആലക്കരികിൽ ചെന്നൂ പാവം
കുഴിയാനകളെ കണ്ടീല.

പെരുമഴ പെയ്തൊരൊഴുക്കിൽ പെട്ടവർ
ഒഴുകി പോയതു കൊണ്ടാവാം.
കുഴികൾ നീളെ ചെളിയും മണലും
മൂടിപ്പോയതിനാലാവാം

മണ്ണിൽ ചെളിയിൽ കൂനിയിരുന്നവൾ,
കുഴിയാനകളെ തിരയുമ്പോൾ
ഉള്ളു പിടഞ്ഞൂ കണ്ണുനിറഞ്ഞൂ
കൺമണിയവരെ കാണാതെ

മഴയുംവെയിലും പെയ്തുതെളിഞ്ഞതു
മവളോ തെല്ലുമറിഞ്ഞീല
വയറുവിശന്നതുമമ്മ വിളിച്ചതു
മുച്ച തിരിഞ്ഞതുമോർത്തീല.

അവളെവാരിയെടുത്തിട്ടച്ഛൻ
കവിളിലൊരുമ്മകൊടുത്തപ്പോൾ
പെരുമഴയായി പെയ്തൂ മിഴിനീർ
കുഴിയാനകളുടെ ഗതിയോർക്കേ.

അന്തിവിളക്കൊളി തെളിയും തുളസി
ത്തറയുടെ ചാരേ നിൽക്കുമ്പോൾ
ആലക്കരികിലെയാനകളോർമ്മയിൽ
ഈറൻ കണ്ണുതുറക്കുമ്പോൾ

അച്ഛൻ നടവഴി കയറിവരുന്നൂ
ഒരുപൊതി കയ്യിൽ നൽകുന്നൂ
അവളെ ചേർത്തുപിടിച്ചോതി നിൻ
കുഴിയാനകളാണിതിൽ നിറയേ.

ചന്തമെഴും നൽ ചന്ദനമരമതിൽ
ഒമ്പതു ഗജവീരരുമുണ്ടേ.
കൊമ്പും ചെവിയും തുമ്പിക്കയ്യും
കാണാനെന്തൊരു ഗമയാണേ.

വെയിലും മഴും കൊള്ളാതവയെ
ഇന്നും പരിപാലിക്കുമ്പോൾ
പെരുമഴപെയ്യും രാത്രിയിലിന്നും
കുഴിയാനകളുടെ കഥയോർക്കും.

അമ്പിളി വെള്ളിനിലാവുവിരിക്കും
അഞ്ജിത രാവുകൾ അണയുമ്പോൾ
സ്വർണ്ണ ചിറകു വിരിച്ചു പറക്കും
തുമ്പികളായവരുണരുമ്പോൾ

മഞ്ഞലചൂടിയ പൊൻവെയിൽ കൊണ്ടവർ
മണ്ണിലുയർന്ന് പറക്കുമ്പോൾ
മഞ്ജിമപകരും മാനവജീവിത
ഗന്ധികളായവർ മാറുന്നു ■



ഒരു വശത്ത് കുന്ന് മറുവശത്ത് പുഴ. പിന്നിൽ പാരമ്പര്യം മുന്നിൽ ശാസ്ത്രീയത. എല്ലാം ഇടകലർന്ന ആയുർവേദതീരം. അതാണ് കണ്ണൂർ ചെറുതാഴം ഗ്രാമത്തിലെ പുറച്ചേരിയിലുള്ള കേശവതീരം. ഒന്നര ദശാബ്ദം പിന്നിട്ടതിന്റെ നിറവിലാണ് ഈ ആയുർവേദ ഗ്രാമം.

# ഇത് സാഫല്യത്തിന്റെ

# എന്റർപ്രണേതാവായ ഒരു നമ്പൂതിരി

**25** ഏക്കർ പച്ചപ്പ്. നടുവിൽ 400 വർഷം പഴക്കമുള്ള വെദിരമന ഇല്ലത്തിന്റെ നാലുകെട്ട്. നിത്യഗണപതിഹോമവും ഭഗവതിസേവയും. തറവാടിന്റെ തെക്ക് 4 ഏക്കറിൽ മറ്റൊരു നാലുകെട്ട്. അത് കേശവതീരം എന്ന ആയുർവേദ ആശുപത്രി.

മുന്നിൽത്തന്നെ വൈദ്യനാഥനായ ശിവഗംഗാ ശില്പം. നടുമുറ്റത്ത് തുളസിത്തറ. ചേർന്നു തന്നെ കൽവിളക്കും ധന്വന്തരീമൂർത്തിയുടെ വിഗ്രഹവും. രാവിലെയും വൈകിട്ടും പതിഞ്ഞ ശബ്ദത്തിൽ നാമസങ്കീർത്തനങ്ങൾ. ചികിത്സക്കു മുമ്പ് വഴിപാട്. ഡെറ്റോളിന്റെ ഗന്ധമില്ല, പുൽതൈലത്തിന്റെ സുഗന്ധം.മുറികളിൽ ഔഷധ ധൂപം.

എ.സിയും നോൺ എ.സിയുമായി 25 മുറികൾ. 4 നമ്പൂതിരി ഡോക്റ്റർമാർ. പി.ആർ.ഒ.ലത അന്തർജനം. നല്ല സസ്യാഹാര കാന്റീൻ.അധികം പുളിയും മുളകുമില്ലാതെ ആയുർവേദ ഭക്ഷണം.വിശേഷ ദിവസങ്ങളിൽ പായസം. 500 മീറ്ററിനുള്ളിൽ ബാല ഗോകർണം ശിവക്ഷേത്രം. 4 കി മീറ്ററിനുള്ളിൽ ശ്രീരാഘവപുരം ഹനുമാൻ ക്ഷേത്രവും പയ്യന്നൂർ സുബ്രഹ്മണ്യക്ഷേത്രവും.

പ്രഭാത/സായാഹ്ന സവാരികൾക്ക് ഔഷധോദ്യാനത്തിലെ നടവഴികൾ. ഓപ്പൺ ഓഡിറ്റോറിയം. വൈകിട്ടു സത്സംഗം. യോഗ സെന്റർ. കുട്ടികളുടെ കളിസ്ഥലം. രോഗികൾക്കുള്ള ക്ലാസുകൾ. കാറ്റും വെളിച്ചവും ശുദ്ധവായുവും ആശുപത്രിയാണെന്നു തോന്നുകയേയില്ല.

ഹൃദയതാളത്തിനു താളിയോലകളിൽ നിന്നു കണ്ടെടുത്ത പ്രത്യേക മരുന്ന്. സ്വന്തം ഔഷധക്കൂട്ടുകൾ. പാരമ്പര്യ രീതിയിലുള്ള പഞ്ചകർമ്മ ചികിത്സ. സ്ത്രീരോഗ പ്രസവാനന്തര ചികിത്സാ വിഭാഗം, സ്പെഷ്യൽ നേത്രചികിത്സാ വിഭാഗം.പൂർണ്ണമായ ആയുർവേദത്തിലൂടെ ഫലപ്രദമായ ഇൻഫേർട്ടിലിറ്റി ക്ലിനിക്. ഗർഭാശയ മുഴകൾ, മറ്റു സ്ത്രീജന്യരോഗങ്ങൾക്ക് ചികിത്സ. ഡിസ്ചാർജായി മടങ്ങിയാലും സുഖാന്വേഷണം. രോഗമുക്തിയുടെ തീരം നിങ്ങളോരോരുത്തരുടേയും കൂടിയാവുന്നു. ●



*വിഷ്ണു നമ്പൂതിരി*

തുന്നൽപ്പണി,മരപ്പണി,ഓട്ടോ ഡ്രൈവർ, എൽ.ഐ.സി ഏജന്റ്... അങ്ങനെചെയ്യാത്ത പണിയില്ല. ലോണെടുത്ത് തേനീച്ച വളർത്തൽ പോലും. മലയോരങ്ങളിലെല്ലാം ലോഡു കണക്കിന് തേനീച്ചക്കൂടുകൾ കൊണ്ടു വച്ചു. തേനീച്ചകളുടെ മാസ്റ്ററായി. തേനിന്റെ ഔഷധ ഗുണങ്ങളെപ്പറ്റി. തേനീച്ച വളർത്തലിനെപ്പറ്റി. അത് ഉപജീവനമാക്കാനുള്ള മാർഗ്ഗങ്ങളെപ്പറ്റി ക്ളാസെടുത്തു. തലയിലും താടിയിലും തേനീച്ചകൾക്ക് കൂടൊരുക്കി. ആയിടക്ക് പടർന്നു പിടിച്ച തേനീച്ച രോഗം കൃഷിയുടെ നട്ടെല്ലൊടിച്ചു. അതൊന്നും ഈ എൻറർപ്രണറെ തളർത്തിയില്ല.

തേനീച്ചകൾ തേൻ സംഭരിക്കുന്ന പോലെ തന്റെ സ്വപ്നമായ ആ

## വിഷ്ണുവിനെ പിതൃമാൻ

### വിഷ്ണുനാരായണൻ നമ്പൂതിരി ഇങ്ങനെയെഴുതി

കുട്ടിക്കാലം തൊട്ടെ വേരു തിരഞ്ഞുപോകുന്ന ശീലമുണ്ടെങ്കിലും 1964ൽ മാത്രമെ എനിക്ക് അറത്തിൽ അമ്പലത്തിൽ പോകാൻ കഴിഞ്ഞുള്ളു. അമ്പലത്തിൽ നിന്നുള്ള വഴിപിന്നിട്ടാൽ വെദിരമനയുടെ പറങ്കിമാവുകൾ നിറഞ്ഞ മനോഹരമായ കുന്നിൻ പുറമായി. അതും കടന്നാൽ ഇല്ലം. രണ്ടു നിലയുള്ള തെക്കിനി, കുളം, പിന്നെ തെങ്ങിൻ തോപ്പ്, അപ്പുറം പെരുമ്പ പുഴ, ഹൃദയഹാരിയായ അന്നത്തെ സന്ധ്യകൾ മനസ്സിൽ ഇന്നുമുണ്ട്. കാരണവർ വൃദ്ധനാണ് . സമരസേനാനിയല്ലെങ്കിലും കോൺഗ്രസ് ആയിരുന്നു. സുബ്രഹ്മണ്യൻ തിരുമുമ്പിന്റെ മിത്രം.

മകൻ കേശവേട്ടൻ ഭരണമേറ്റെടുത്ത് ചിട്ട തെറ്റാത്ത ദിനചര്യയിലൂടെ ആഗമ പാരമ്പര്യം നിലനിർത്തി. പിന്നെ കാലഗതിയനുസരിച്ച് മക്കൾക്കായി വസ്തുവകകൾ ഭാഗം വച്ചപ്പോൾ വിഷ്ണുവിന് കുന്നിൻ പുറവും ചെങ്കല്ലു വിളഞ്ഞ പറമ്പും കിട്ടി. അവിടെ നിന്ന് വെട്ടിയെടുത്ത കല്ലു കൊണ്ട് ഒരു ആയുർവേദ ചികിൽസാലയം പടുത്തുയർത്തി. നടുമുറ്റവും തുളസിത്തറയുമുള്ള





## സ്പെഷ്യാലിറ്റി വിഭാഗങ്ങൾ

- സന്ധിരോഗ വിഭാഗം
- നട്ടെല്ല്‌രോഗ വിഭാഗം
- വാതരോഗവിഭാഗം
- നേത്രരോഗ വിഭാഗം
- ഉദരരോഗ വിഭാഗം
- മൂലവ്യാധി വിഭാഗം
- സ്ത്രീരോഗവിഭാഗം
- ത്വക്‌രോഗവിഭാഗം
- പ്രസവാനന്തര ചികിത്സ
- ശിശുരോഗ വിഭാഗം

# ആയുരാരോഗ്യതീരം

യുർവേദ ആശുപത്രിക്കു സ്വരൂപിച്ച 5 ലക്ഷം രൂപ, ഒരു സുഹൃത്തിനെ ആപൽഘട്ടത്തിൽ സഹായിച്ച് പൂർണ മായും നഷ്ടപ്പെട്ടു. പരിയാരം മെഡിക്കൽ കോളേജിന്റെ ഏഴാം നിലയിലെ കടന്നൽ കൂടു അതിസാഹസികമായി നശിപ്പിച്ചു നേടിയ 5000 രൂപപോലും ഇതിൽപ്പെടും.എന്നിട്ടും തളർന്നില്ല.വീണ്ടും ഒന്നിൽ നിന്ന് .

അങ്ങനെയാണ് വേദ സംസ്കൃത പണ്ഡിതനായിരുന്ന പിതാവ് കേശവൻ നമ്പൂതിരിയുടെ പേരിൽ 1998 ൽ കേശവതീരം തുടങ്ങിയത്. മക്കളായ കേശവനേയും അശ്വതിയേയും ആയുർവേദ പഠനത്തിനയച്ചു. എം.ഡിക്കു ശേഷം മകൻ മെഡിക്കൽ ഡയറക്റ്ററായി ചാർജെടുത്തു. മകൾ പി.ജി ചെയ്യുന്നു. ചാർട്ടേഡ് അക്കൗണ്ടന്റായ മരുമകൻ അനൂപാണ് കണക്കുകളുടെ അമരം. മരുമകൾ ഡോ തുളസി സ്ത്രീ രോഗവിഭാഗം, കോസ്മെറ്റിക് തെറാപ്പി, പ്രസവാനന്തര ശുശ്രൂഷാവിഭാഗം, യോഗസെന്റർ എന്നിവക്ക് നേതൃത്വം നൽകുന്നു.

സാമൂഹ്യ പ്രവർത്തനങ്ങങ്ങളിലും വിഷ്ണു നമ്പൂതിരിപിന്നിലല്ല.യോഗക്ഷേമസഭ, ശ്രീരാഘവപുരം ബ്രഹ്മസ്വം വിദ്യാപീഠം, പിലാത്തറയിലെ ഹോപ്പ് ചാരിറ്റബിൾ ട്രസ്റ്റ്, കണ്ണൂർ കവി മണ്ഡലം,പയ്യന്നൂരിലെ വ്യാപാരി വ്യവസായി കൂട്ടായ്മ. അങ്ങനെയങ്ങനെ... കേശവ തീരത്തു കവിതാക്യാമ്പുകളും പതിവുണ്ട് . വികലാംഗരുടെ സംഘടനയായ ഫ്ളൈ ഡിസംബർ അവസാനം നടത്തുന്ന ത്രിദിന ക്യാമ്പിന് കേശവ തീരമാണ് വേദി

കോവിഡ് കാലത്ത് കേശവ തീരം 3 മാസത്തേക്ക് കോവിഡ് ആശുപത്രിക്കായി സൌജന്യമായി വിട്ടുകൊടുക്കുക മാത്രമല്ല, അന്തേവാസികളുടെ ചികിത്സയിലും ഭക്ഷണ വിതരണത്തിലും സജീവമായ ഇടപെടലുകളും നടത്തി. ●

## കേശവതീരം

ആയുർവേദ ആശുപത്രി
പുറച്ചേരി, പി.ഒ.ഏഴിലോട്
കണ്ണൂർ, പിൻ:670309.
ഫോൺ: 04972800298 മൊ:9495014766
**www.kesavatheeram.com**



*കേശവൻ വെദിരമന*

## സന്ധി വേണ്ട, സന്ധിവേദനയോട്

ജീവിത സാഹചര്യങ്ങളിലെ മാറ്റവും വ്യായാമക്കുറവും ആഹാര രീതികളും മൂലം സന്ധിരോഗങ്ങൾ വർദ്ധിക്കുന്നു. മുട്ടുവേദനയാണ് കൂടുതലും കാണുന്നത്. കാൽമുട്ടിലെ അസഹ്യമായ വേദനയും നീരും. ചെറുപ്പക്കാരിൽ പോലും. പലരുംവേദന സംഹാരി കഴിക്കും. ഇത് താൽക്കാലിക ശമനം നൽകുമെങ്കിലും ദീർഘകാല ഉപയോഗം മറ്റ് ആരോഗ്യ പ്രശ്നങ്ങളുണ്ടാക്കും. കഷായസേവ, ആലേപ ചികിത്സകൾ, ധാന്യാമ്ളധാര, തൈലാഭ്യംഗം, സന്ധികളേയും പേശികളേയും ബലപ്പെടുത്താനുള്ള ആവർത്തന മരുന്നുകൾ എന്നിവയാണ് വേണ്ടത്. ഓരോ രോഗിയുടെയും രോഗാവസ്ഥയ്ക്കനുസരിച്ച് വേണം ചികിത്സാരീതി. എങ്കിൽ സന്ധിവേദന ഫലപ്രദമായി പൂർണ്ണമായും ഭേദമാവും ●

**ഡോ. കേശവൻ വെദിരമന.**
(എം.ഡി.ആയു.മെഡിക്കൽ ഡയറക്ടർ)
കേശവതീരം

**ഒരാശുപത്രിയുടെ നടുഭാഗമാണ് ഇതെന്ന് ആരെങ്കിലും പറയുമോ. ഇങ്ങനെ തുളസിത്തറയുള്ള ഒരു നടുമുറ്റത്ത് മുറുക്കിത്തുപ്പാൻ തോന്നുമോ? ഇല്ല. അതാണ് ശുചിത്വത്തിന്റെ ഐക്കൺ. അതു തന്നെയാണ് ഏറ്റവും വലിയ സ്പെഷ്യാലിറ്റി. പതിവു സ്പെഷ്യാലിറ്റി വിഭാഗങ്ങൾ വേറെയുമുണ്ട്.**

## എന്നാണ് വിളിക്കേണ്ടത്




ഒരു അപൂർവ ആശുപത്രി.

അത് രണ്ടു നിലയായി വളർന്നു. എണ്ണത്തോണിയും ഇതര സൗകര്യങ്ങളും ഒരുക്കി. ദീർഘകാല സേവനത്തിനും അവസരമുണ്ടായി. കേശവതീരം എന്നു പേരിട്ട ആയുർവേദ ഗ്രാമം ഇന്ന് കേവലം ചികിൽസാലയം മാത്രമല്ല, കണ്ണൂർ ജില്ലയിലെ സാംസ്കാരിക സംഭവങ്ങൾക്ക് വേദിയുമായിരിക്കുന്നു.

സാഹിത്യകാരൻമാർ പലരും അവിടത്തെ അന്തരീക്ഷത്തെ കാവ്യമധുരമാക്കി.ഇക്കോളജിയുടെ കുലപതിയായ ജോൺസിയുടെ ചിത്രം വരാന്തയിൽ നമ്മെ സ്വാഗതം ചെയ്യുന്നു.വിഷ്ണുവിനെ പഴയ വേദ ശൈലിയിൽ പിതൃമാൻ എന്നാണ് വിളിക്കേണ്ടത് . അർത്ഥപൂർണമായ സ്വന്തം ശൈലിയിൽ അദ്ദേഹം അച്ഛന്റെ ശ്രാദ്ധം നിർവഹിക്കുന്നു ●





ഒരു പരികർമ്മിയുടെ കൊറോണ അതിജീവന കഥ

# ഇല്ലത്തുണ്ട് ആന്ധ്രയിലെ അച്ചാറുകൾ



**അങ്ങിനെയിക്കെയാണ് കൊറോണ വന്നത്. വലിയപൂജകൾ ഇല്ലാതായി. എല്ലാം ചടങ്ങുകളിലൊതുങ്ങി. പരികർമ്മിയെ വേണ്ടാതാനും. അതോടെ വരുമാനം നിലച്ചു. എന്താണൊരു വഴി? ഈശ്വരൻ ഒരു വഴി കാട്ടിക്കൊടുത്തു.**

1990ൽ ഹൈദരാബാദിൽ ശാന്തിക്കു പോയ കാലത്താണ് ആന്ധ്രാ ഭക്ഷണങ്ങളുടെ രുചിയറിഞ്ഞത്. ഏറെ ഇഷ്ടപ്പെട്ടതായിരുന്നു ആവയ്ക്കാ അച്ചാറും ഗൊങ്കൂറ അച്ചാറും പോലുള്ളവ.നാട്ടിലെത്തിയശേഷവും സുഹൃത്തുക്കൾ വഴി അവ വരുത്തി ഉപയോഗിച്ചു തുടങ്ങി. അങ്ങനെ കടുമാങ്ങയ്ക്കും ഉലുവായ മാങ്ങയ്ക്കുമൊപ്പം ആന്ധ്രാഅച്ചാറുകളും ഇല്ലത്ത് സ്ഥാനം പിടിച്ചു. ഇല്ലത്തെത്തുന്ന ബന്ധുക്കൾക്കും അതിഷ്ടമായി. മടങ്ങുമ്പോൾ പലരും അവ ചോദിച്ച് വാങ്ങി കൊണ്ടു പോവാൻ തുടങ്ങി. ചിലർക്കത് ആന്ധ്രയിൽ നിന്ന് വരുത്തി കൊടുക്കേണ്ടി വന്നു. നമ്മൾ കടുമാങ്ങ ഉണ്ടാക്കുന്നതിനേക്കാൾ നിഷ്ക്കർഷയോടെയാണ് ഹൈദരാബാദിലെ ജോഷി ബ്രാഹ്മണർ അവ ഉണ്ടാക്കുന്നത്. അണ്ടിയുറച്ച മാങ്ങ അണ്ടിയോടെ 8 കഷ്ണമാക്കി അണ്ടിയ്ക്കകത്തെ പരിപ്പ് കളഞ്ഞ് വാട്ടി കഷ്ണത്തോളം കടലെണ്ണയും പ്രത്യേക ചേരുവുകളും ചേർത്ത് തയ്യാറാക്കുന്നവ. ഭരണികളിൽ വായ കെട്ടി സൂക്ഷിച്ചാൽ കാലങ്ങളോളം കേടു കൂടാതിരിക്കും. ഊണിനും ചപ്പാത്തിയ്ക്കും എന്നു വേണ്ട എന്തിനും കൂട്ടി കഴിയ്ക്കാം. മറ്റൊരു കറി ആവശ്യമില്ല .

ജിഞ്ചർ, അമ്ലാ, ഇമ്ളി, ദോശക്കായ, കടുമാങ്ങ, മാങ്ങചുണ്ട, മിക്സഡ് വെജിറ്റബിൾ ,ഡ്രൈഫ്രൂട്ട്, ബെല്ലം ആവക്കായ്, ഗാർളിക് ........ അങ്ങിനെ 25 ഓളം ഇനം അച്ചാറുകൾ. പ്രിസർവേറ്റീവോ കളറോ സുർക്കയോ ഒന്നും ചേർക്കാതെ. എല്ലാം വേറിട്ട സ്വാദുകൾ.

പരികർമ്മമായിരുന്നു പ്രധാനതൊഴിൽ. വലിയ തന്ത്രിമാരുടെയും മറ്റും കൂടെ. അതിൽത്തന്നെ അലങ്കാരങ്ങൾ വേണ്ട ധൂളീചിത്രങ്ങളും വലിയ പദ്മങ്ങളും മറ്റും തയ്യാറാക്കുന്നതിനായിരുന്നു പോയിരുന്നത്; ക്രിയാഭാഗങ്ങൾക്കല്ല. അങ്ങിനെയിക്കെയാണ് കൊറോണ വന്നത്. വലിയപൂജകൾ ഇല്ലാതായി. അലങ്കാരങ്ങൾ വേണ്ടാതായി. എല്ലാം ചടങ്ങുകളിലൊതുങ്ങി. അതിനാണെങ്കിൽ പരികർമ്മിയെ വേണ്ടാ താനും. അതോടെ വരുമാനം നിലച്ചു. ജീവിച്ചു പോണമല്ലൊ. എന്താണൊരു വഴി? ഈശ്വരൻ ഒരു വഴി കാട്ടിത്തന്നു.

ഇല്ലത്ത ഗെയ്റ്റിൽ ചെറിയൊരു പരസ്യബോർഡു തൂക്കി! ആന്ധ്രാ അച്ചാറുകൾ!! അത് കവറുകളിലാക്കി കൊടുത്തു തുടങ്ങി. ഡിമാൻഡ് കൂടിയപ്പോൾ മണ്ണാർക്കാട് ടൗണിൽ ഇല്ലം ട്രഡീഷണൽ എന്ന പേരിൽ ഒരു കട തുടങ്ങാനായി. ബ്രാഹ്മണ ഗൃഹങ്ങളിൽ പരമ്പരാഗത രീതിയിൽ തയ്യാറാക്കുന്ന മറ്റ് ഭക്ഷ്യോല്പന്നങ്ങൾ കൂടി അതിൽ ഉൾപ്പെടുത്തി. എം.എൽ.എയാണ് ഷോപ്പ് ഉദ്ഘാടനം ചെയ്തത്.

ആന്ധ്രാ അച്ചാറുകൾ പോലെ പരമ്പരാഗത രീതിയിൽ തയ്യാറാക്കുന്ന കടുമാങ്ങ മുതൽ കാളൻ, പുളിഇഞ്ചി, കറിപ്പൊടികൾ,തുടങ്ങി നാടൻ പപ്പടം വരെ ലഭ്യമാണ്. മലബാറിന്റെ മനം കവർന്ന ചെമ്മാണിയോട് (മലപ്പുറം)നാലു ദേശം ബ്രാഹ്മണ കൂട്ടായ്മയുടെ വറവുകൾ, കുറുക്കു കാളൻ, കറിപ്പൊടികൾ, ഉപ്പിലിട്ടതുകൾ എന്നിവയും, സ്വാദിൽ മുന്നിട്ടു നിൽക്കുന്ന ഗുരുവായൂർ മംഗലത്ത് ഇല്ലത്തെയും, ആറ്റൂർ പേരാങ്ങോട്ട് ഇല്ലത്തെയും കടുമാങ്ങ, ഉലുവായമാങ്ങ എന്നിവയും നൽകുന്നുണ്ട്.

കൂടാതെ നരിക്കാട്ടിരി ഇല്ലത്തുണ്ടാക്കുന്ന നാടൻ കുത്തരി, കുരുമുളക്, മഞ്ഞൾ, കൂവ്വ എന്നിവയുടെ പൊടികളും ലഭ്യം. കൽപ്പാത്തി ,കൊടുന്തിരപ്പള്ളി തുടങ്ങി പാലക്കാടൻ അഗ്രഹാരങ്ങളിൽ നിന്നെത്തിക്കുന്ന വേപ്പിലക്കട്ടി, കൊണ്ടാട്ടങ്ങൾ, പപ്പടം തുടങ്ങിയവയും ഇല്ലത്തിന്റെ കലവറ സമ്പുഷ്ടമാക്കുന്നു. മണ്ണാർക്കാട് സിവിൽ സ്റ്റേഷൻ റോഡിൽ ഒന്നാംമൈലിലുള്ള കടയിൽ വാഹന പാർക്കിങ്ങിനും പ്രയാസമില്ല.

മറ്റ് കച്ചവടക്കാരും ഇല്ലത്തെ ഉല്പന്നങ്ങൾ തങ്ങളുടെ കടകളിൽ വിൽക്കാൻ വൻ ഓർഡറുമായി സമീപിയ്ക്കുന്നുണ്ട്. എന്നാൽ തനിമ നഷ്ടപ്പെടാതെ കൂടുതൽ ഉദ്പാദനം പറ്റാത്തതിനാൽ അത്തരം ഓർഡറുകൾ സ്വീകരിയ്ക്കുന്നില്ല. ഇപ്പോൾ കേരളത്തിനകത്തും പുറത്തും ഇല്ലത്തെ ഉല്പന്നങ്ങൾ സുരക്ഷിത പാക്കിങ്ങോടെ അയക്കുന്നുണ്ട്. പാർസൽ കയറ്റിവിട്ട ശേഷം മാത്രം ബിൽ തുക ( കൊറിയർ ചാർജ് ഉൾപ്പെടെ) ഫോൺപേ ചെയ്താൽ മതി.

കാരണത്തെ മഹൾ ശ്രീലതയാണ് പത്നി. മകൻ ശ്രീഹരി ബെഗളൂരുവിൽ എഞ്ചിനീയറിംഗ് ഫൈനൽ വർഷവിദ്യാർത്ഥിയാണ്. മകൾ ഹരിത കോയമ്പത്തൂരിൽ ഡിഗ്രി രണ്ടാം വർഷം. വിളിക്കാം രാമപ്രസാദിനെ : **9496234515**


ഇല്ലം
ILLAM
TRADITIONAL STORE

**ഇല്ലത്തെ കലവറ പരീക്ഷിച്ചാൽ രണ്ടുണ്ട് കാര്യം. ഇതുവരെ രുചിച്ചിട്ടില്ലാത്ത ആന്ധ്ര അച്ചാറുകളുടെ സ്വാദറിയാം. അതോടൊപ്പം ഒരു പരികർമ്മിയുടെ പുതുജീവനത്തിന് ഇത്തിരി സൗമനസ്യം കാട്ടുകയുമാവാം. വിളിച്ചോളൂ, നരിക്കാട്ടിരി രാമപ്രസാദിനെ. പാഴ്സലായി ഇന്ത്യയിൽ എവിടെയും സാധനങ്ങൾ ലഭിക്കും. ഈ നമ്പറിൽ വിളിച്ചാൽ മതി.**

**നരിക്കാട്ടിരി**
**രാമപ്രസാദ് നമ്പൂതിരി**
**മൊബൈൽ: 9496234515**

# താർക്കിക തിലകൻ മാന്തിട്ട കുഞ്ചുനമ്പൂതിരി



വല്ല്യമുത്തപ്ഫനെ(മുത്തശ്ശന്റെ അപ്ഫൻ) കണ്ടിട്ടില്ലെങ്കിലും ധാരാളം കേട്ടിട്ടുണ്ട്, വിദ്വാൻ മാന്തിട്ട എന്ന പേരിൽ. മാന്തിട്ടയിൽ നിന്നെന്ന് പറഞ്ഞ് സ്വയം പരിചയപ്പെടുത്തുമ്പോൾ ആദ്യത്തെ അന്വേഷണം ഇങ്ങനെയായിരിയ്ക്കും 'വിദ്വാൻ മാന്തിട്ട ആരായിട്ട് വരും..' അപ്പോൾ മുത്തപ്ഫനോട് അത്ഭുതം കലർന്ന ആദരം തോന്നിപ്പോകും.

ശരിയ്ക്കും അത്ഭുതപ്പെട്ടത് ഗുരുവായൂരപ്പൻ കോളേജിൽ അദ്ധ്യാപകനായി ചേർന്നപ്പോഴാണ്. മലയാളം വിഭാഗത്തിലെ ശശിധരൻ മാഷും ചോദിച്ചു..

'വിദ്വാൻ മാന്തിട്ടയുടെ ആരാണ്..'വല്ല്യമുത്തപ്ഫന്റെ പ്രശസ്തി അപ്പോഴും നിലനിൽക്കുന്നുവെന്നറിഞ്ഞപ്പോൾ സന്തോഷം തോന്നി. ഈ കോളേജിലും അദ്ദേഹത്തെ ആദരിയ്ക്കുന്ന ഒരദ്ധ്യാപകൻ !

കുറച്ച് മുതിർന്നപ്പോഴാണ് മുത്തപ്ഫനെ കൂടുതൽ അറിയാൻ ശ്രമിച്ചത്.

കുഞ്ചു മാന്തിട്ട എന്നാണ് അറിയപ്പെട്ടിരുന്നത്.പേര് ശാസ്ത്രശർമ്മൻ നമ്പൂതിരി. സുബ്രഹ്മണ്യൻ നമ്പൂതിരിയുടേയും പാർവ്വതി അന്തർജ്ജനത്തിന്റേയും മകൻ. 1877 ൽ ജനനം. വേദപഠനത്തിന് ശേഷം രാമശാസ്ത്രിയിൽ നിന്ന് ന്യായ ശാസ്ത്രം അഭ്യസിച്ചു. പിന്നീട് കൊടുങ്ങല്ലൂർ കോവിലകത്തെ ഗോദവർമ്മ തമ്പുരാന്റെ പ്രധാന ശിഷ്യനായി. വ്യാകരണത്തിലും തർക്കത്തിലും പ്രാവീണ്യം നേടി.

തൃപ്പൂണിത്തുറ വിദ്വത്സദസ്സിൽ അദ്ദേഹത്തിന്റെ പാണ്ഡിത്യത്തിന് മുമ്പിൽ പല ശാസ്ത്രിമാരും തലകുനിച്ചത് ചരിത്ര രേഖകളിൽ കാണാം. തൃപ്പൂണിത്തുറ സംസ്കൃത മഹാവിദ്യാലയത്തിൽ അധ്യാപകനുമായിരുന്നു.

കൊച്ചി രാജർഷിത്തമ്പുരാൻ കൊല്ലവർഷം 1090-ൽ താർക്കിക തിലകനെന്ന ബഹുമതി നല്കി ആദരിക്കുകയുണ്ടായി.(സർവ്വ വിജ്ഞാന കോശം, വോള്യം 7)

തൃപ്പൂണിത്തുറ വിദ്വദ് സദസ്സിൽ **'പണ്ഡിതരാജൻ'** ബഹുമതിക്കും മുത്തപ്ഫൻ പാത്രമായിട്ടുണ്ട്പരീക്ഷിത്തു തമ്പുരാന്റെ സവിശേഷമായ സ്നേഹാദരങ്ങൾക്കും പാത്രീഭവിച്ചിരുന്നു.കൊടുങ്ങല്ലൂർ കോവിലകത്തെ കൊച്ചിക്കാവ് തമ്പുരാട്ടിയേയാണ് അദ്ദേഹം വിവാഹം ചെയ്തത്.**ഗംഗാതരംഗിണി**യും വിശ്വനാഥാഷ്ടകവുമാണ് പ്രധാനപ്പെട്ട സംസ്കൃത കൃതികൾ. ന്യായശാസ്ത്രത്തിൽ **നചരത്നമാലിക** എന്ന കൃതിയ്ക്ക് വ്യാഖ്യാനവും രചിച്ചിട്ടുണ്ട്.

അദ്ദേഹത്തിന്റെ ഗംഗാ സ്നാന അനുഭൂതികൾ 24 തരംഗങ്ങളായി പ്രവഹിച്ചു, 'ഗംഗാതരംഗിണി' എന്ന കാവ്യത്തിലൂടെ.കാശി വിശ്വനാഥ ദർശനം, വിശ്വനാഥാഷ്ടകത്തിലേയ്ക്കും നയിച്ചു. പ്രശസ്തരായ ഒട്ടനവധി സംസ്കൃത പണ്ഡിതർ അദ്ദേഹത്തിന്റെ ശിഷ്യ ഗണത്തിൽ ഉൾപ്പെടുന്നുണ്ട്.

അദ്ദേഹത്തിന്റെ ഗ്രന്ഥശേഖരം കോഴിക്കോട് സർവ്വകലാശാലയ്ക്ക് കൈമാറുന്ന സന്ദർഭത്തിൽ പ്രകാശനം ചെയ്യാതെ സൂക്ഷിച്ചിരുന്ന ചാതക സന്ദേശം എന്നൊരു കാവ്യവും കണ്ടെടുക്കാനിടയായി. പ്രധാന ശിഷ്യരിലൊരാളായിരുന്ന പ്രൊഫ. പി സി വാസുദേവൻ ഇളയതിന്റെ മകൻ പ്രൊഫ. പി സി മുരളീമാധവന്റെ ഉത്സാഹത്തിൽ ആ കാവ്യം പുസ്തകരൂപത്തിൽ പ്രസിദ്ധീകരിയ്ക്കുകയും ചെയ്തു.

ഞങ്ങളുടെ വല്ല്യമുത്തപ്ഫന്റെ, വിദ്വാൻ മാന്തിട്ടയുടെ യശോധാവല്യം ഇന്നും ഒളിമങ്ങാതെ പ്രസരിച്ച്കൊണ്ട് തന്നെയിരിയ്ക്കുന്നു.

മുത്തപ്ഫന്റെ സ്മരണകളിൽ, വിനീത പ്രണാമങ്ങൾ. ●

പ്രൊഫ. എം വി വിഷ്ണു നമ്പൂതിരി
മാന്തിട്ട മന മൊബൈൽ8714839298

# ജന്മശതാബ്ദി സ്മരണയിൽ

## പാലങ്ങാട് പരമേശ്വരൻ നമ്പൂതിരി 1921/1998



1921ലായിരുന്നു ജനനം. മാപ്പിള ലഹളയുടെ പശ്ചാത്തലത്തിൽ.1096 കന്നിമാസം 9ന് വെള്ളിയാഴ്ച അവിട്ടം നക്ഷത്രത്തിൽ. അച്ഛൻ പരമേശ്വരൻ നമ്പൂതിരിയും അമ്മ ശ്രീദേവി അന്തർജനവും. വൈത്തല ഇല്ലത്തെ മരുമകനാണ്. ലഹളക്കാലത്ത് ഇവിടെ നിന്ന് ഒഴിഞ്ഞു പോവേണ്ടി വന്നു. അങ്ങനെ താമസിക്കുന്നതിനിടയിൽഒരു വയസ്സാവുന്ന പിറന്നാൾ ദിവസം അമ്മ മരിച്ചു. അമ്മയെ അനുഭവിച്ചറിയാത്ത കുട്ടിക്കാലം.പിന്നെ മാധവപ്ഫന്റെ അമ്മയാണ് നോക്കി വളർത്തിയത്.

പിന്നെയുമുണ്ടായി ദുരന്തങ്ങൾ. കേരളം കണ്ട ഏറ്റവും വലിയ വെള്ളപ്പൊക്കം. മൂന്നു വയസ്സാവുമ്പോഴായിരുന്നു 99ലെ പ്രളയം. പതിവുപോലെ ഏഴാം വയസ്സിൽ ഉപനയനം, 1106 ൽ സമാവർത്തനവും.അതിനിടെ മാവൂർ ജി.എം.യു.പി സ്കൂളിൽ നിന്ന് ഇ.എസ്.എൽ.സി പാസായി.അക്കാലത്തെ വലിയ വിദ്യാഭ്യാസമായിരുന്നു അത്.

ഇരുപത്തിനാലാം വയസ്സിൽ1120 മകരം 27 ന് എടക്കുറ്റിപ്പുറത്ത് മുല്ലപ്പള്ളി നിന്ന് ദേവകി അന്തർജനത്തെ വിവാഹം ചെയ്തു.വിവാഹം കഴിഞ്ഞ് ആറുമാസത്തിനിടെ 1120 മിഥുനമാസത്തിൽ അച്ഛനും മരിച്ചു. ഏഴുകുട്ടികൾ. ആറാണും ഒരു പെണ്ണും. അങ്ങനെ ഇരുപത്തിനാല് വയസ്സായപ്പോഴേക്കും വലിയ ഉത്തരവാദിത്തങ്ങൾ വഹിക്കേണ്ടി വന്നു.കുടുംബത്തിൽ മാത്രമല്ല നാട്ടിലും പൊതുപ്രവർത്തനങ്ങളിൽ പങ്കാളിയായി.

അങ്ങനെ മുപ്പത്തഞ്ചാം വയസ്സിൽപഞ്ചായത്ത് പ്രസിഡണ്ടായി. 1956 ൽ കണ്ണിപറമ്പ് പഞ്ചായത്ത് രൂപീകൃതമായപ്പോൾ അതിന്റെ പ്രഥമ പ്രസിഡണ്ട്. 1962 ജനുവരിയിൽ ആ പദവി വിട്ടുകൊടുത്തു കണ്ണിപറമ്പിനെ മാവൂർ പഞ്ചായത്തിൽ ചേർക്കുകയും ചെയ്തു.

പൊതുപ്രവർത്തനമേഖലയിൽ ക്ഷേത്രങ്ങളായിരുന്നു മറ്റൊന്ന്. ഊരായ്മ ക്ഷേത്രമായ കണ്ണി പറമ്പ് ശിവക്ഷേത്രത്തിനു പുറമെ കൽച്ചിറ നരസിംഹമൂർത്തി ക്ഷേത്രം, പട്ടകുളങ്ങര ശ്രീകൃഷ്ണ ക്ഷേത്രം എന്നിവയിൽ ഊരാളനായും കമ്മിറ്റി പ്രസിഡണ്ടായും പ്രവർത്തിച്ചിട്ടുണ്ട്.

തികഞ്ഞ ഭക്തനുമായിരുന്നു. 1128 മുതൽ 25 വർഷം ഗുരുവായൂരിൽ മുടങ്ങാതെ മാസം തൊഴൽ.1973 മുതൽ 1984 വരെ കൊട്ടിയൂർ ഉത്സവം തൊഴൽ.1969 മുതൽ 18 വർഷം ശബരിമല ദർശനം. കൂടെ സമാനഹൃദയരായ മറ്റു നമ്പൂതിരിമാരും. യാത്ര പാലങ്ങാടിനൊപ്പമെന്നായാൽ മറ്റുള്ളവർക്കും നല്ല ഉത്സാഹം. ഒന്നിച്ചു യാത്ര ചെയ്യുന്ന എല്ലാവരുടെയും ആവശ്യങ്ങൾ കണ്ടറിഞ്ഞു പെരുമാറുന്ന പ്രകൃതമായിരുന്നു.

ഇതിനെല്ലാം പുറമെ നാട്ടുകാര്യസ്ഥതയും മദ്ധ്യസ്ഥ ചർച്ചകളും. സമുദായത്തിൽ 11 ഇല്ലങ്ങളിൽ പാർട്ടിഷൻ നടത്താൻ നേതൃത്വം വഹിച്ചിട്ടുണ്ട്. കോടതി, വ്യവഹാരം, ആധാരകാര്യങ്ങൾ, സ്വത്തു നിയമങ്ങൾ തുടങ്ങിയവയെല്ലാം നന്നായി വഴങ്ങും. സ്വന്തമായി ആധാരം എഴുതി രജിസ്റ്റർ ചെയ്തിട്ടുണ്ട്. 4 ഇല്ലങ്ങളിൽ ഒസ്യത്തു തയ്യാറാക്കി നടത്തിയതിനു പുറമെ മുക്ത്യാർ ഏജൻറായും കാര്യങ്ങൾ നിർവഹിച്ചു.വക്കീലന്മാർക്ക് ഉള്ളതിനേക്കാൾ കുറയാതെ കാര്യങ്ങൾ അറിയുന്ന ആൾ.ഒരിക്കൽ പരിചയപ്പെട്ടാൽ മറക്കാൻ കഴയില്ല. ജാതിമതവ്യത്യാസമില്ല,വർണ്ണ വർഗ്ഗ ഭേദമില്ല. കുട്ടിയെന്നോ മുതിർന്ന ആളെന്നോ ഉള്ള പ്രായപരിഗണനകളുമില്ല. എല്ലാവർക്കും പ്രിയങ്കരൻ.സരസനായിരുന്നതിനാൽ സ്വതസിദ്ധമായനീണ്ടു നിൽക്കുന്ന ചിരിയായിരുന്നു ഏറ്റവും പ്രത്യേകതയുള്ള സ്വഭാവ വിശേഷം. എല്ലാ കൊല്ലവും തീയാട്ട് പതിവുണ്ട്. അങ്ങനെ ഒരു തീയാട്ട് ദിവസം 1998 മേയ് 2ന് ആ വലിയ ചിരി നിലച്ചു. വിശേഷകല്പനകളില്ലാതെ. എഴുപത്തെട്ടു വയസ്സായിരുന്നു അപ്പോൾ. ●

**ശതാബ്ദിയിലും തെളിയുന്ന ഓർമകളോടെ**

**മക്കൾ: പരമേശ്വരൻ നമ്പൂതിരി,സാവിത്രി അന്തർജനം പുളിയശ്ശേരി, സുബ്രഹ്മണ്യൻ നമ്പൂതിരി, കൃഷ്ണൻ നമ്പൂതിരി, നാരായണൻ നമ്പൂതിരി, നീലകണ്ഠൻ നമ്പൂതിരി, വാസുദേവൻ നമ്പൂതിരി**

**പാലങ്ങാട് ഇല്ലം, കണ്ണിപറമ്പ്, മാവൂർ, കോഴിക്കോട് ജില്ല. മൊബൈൽ: 9495863082**

**സന്തോഷ് കളത്തിൽ പെരികമന**



# ഭൂമിപൂജ

സന്തോഷ് പി.കെ.
കളത്തിൽ പെരികമന
കണ്ണിപറമ്പ്. മാവൂർ
പിൻ 673661
മൊബൈൽ 9747004800

അമ്പലം അടച്ച് ഏഴുമൈൽ സൈക്കിൾ ചവിട്ടി ഇല്ലത്തെത്തിയപ്പോൾ സമയം പത്തര. ചാരുകസേരയിൽ അച്ഛനുണ്ട്. അതേ ഇരുപ്പ്. കണ്ണുകളിൽ ഒരു വികാരവുമില്ല. ഓർമ്മകൾ വിട്ടകലുന്ന പോലെ.

അകത്തെ മുറിയിൽ നിന്നു മുത്തശ്ശിയുടെ അന്വേഷണം.''പരമൂ പരമേശ്വരാ... വന്നില്ലേ സുഭദ്രേ പരമു..ഇതുവരെ?''

മുത്തശ്ശി കിടപ്പായിട്ട് പത്ത് വർഷമായി. ഓർമ്മകൾ ഇടയ്ക്ക് വന്നും പോയുമുള്ള ജീവിതം. തൊണ്ണൂറ്റഞ്ചിന്റെ ദൈന്യത. കിടക്കപ്പായയിൽ ഒതുങ്ങിയ ജീവിതം. അകത്ത് ചെന്ന് മുത്തശ്ശിയുടെ കിടക്കയിൽ ഇരുന്നു. ശോഷിച്ച കൈകൾ തടവിക്കൊടുക്കുമ്പോൾ എന്നത്തേയും പോലെ തളർന്ന സ്വരത്തിൽ ആ ചോദ്യം.

''പരമൂ നീയെന്താ വേളി കഴിക്കാത്തത്....? കണ്ണടയുന്നതിനുമുമ്പ് എനിക്കതും കൂടെയൊന്ന് കാണണംന്ന് എത്ര കാലായി പറയ്ണു..''

ഒന്നും പറയാതെ തല ചെരിച്ചു. നര കയറിത്തുടങ്ങിയ സ്വന്തം മുടിയിൽ വിരലുകൾ മെല്ലെ ഓടിച്ചു. കഴിഞ്ഞ മീനത്തിൽ വയസ്സ് നാൽപത് കഴിഞ്ഞിരിക്കുന്നു. എത്രയോ ആലോചനകൾ വന്നുപോയി!

ഒരു ഫലവുമുണ്ടായില്ല. പലതും ജാതകം ചേർന്നു മുന്നോട്ടു പോയതാണ്. പക്ഷെ പെണ്ണുകാണലിന് തൊട്ടുമുമ്പോ ശേഷമോ ആലോചനകൾ മുറിയും.

**പലതും ജാതകം ചേർന്നു മുന്നോട്ടു പോയതാണ്. പക്ഷെ പെണ്ണുകാണലിന് തൊട്ടുമുമ്പോ ശേഷമോ ആലോചനകൾ മുറിയും. ഇപ്പോൾ മനസ്സ് ഇതുമായി പൊരുത്തപ്പെട്ടിരിക്കുന്നു. അതിനാൽ വേളി ആലോചനയേ വേണ്ടെന്നു വച്ചു.**

ഇപ്പോൾ മനസ്സ് ഇതുമായി പൊരുത്തപ്പെട്ടിരിക്കുന്നു. അതിനാൽ വേളി ആലോചനയേ വേണ്ടെന്നു വച്ചു. നമ്പൂതിരി പെൺകുട്ടികൾക്ക് ശാന്തിക്കാരനെ വേൾക്കണ്ട!

ശാന്തിക്കാരേക്കാൾ വരുമാനം കുറഞ്ഞ, അന്യജാതിക്കാരായ യുവാക്കളുടെ കൂടെവരെ പെൺകുട്ടികൾ ഓടിപ്പോയ കഥകൾ കേട്ടിരുന്നു. ശാന്തിക്കാരന് സ്റ്റാറ്റസ് ഇല്ലായിരിക്കും. പ്രാരാബ്ധങ്ങൾക്കിടയിൽ ബൈക്കു വാങ്ങാൻ സാധിച്ചിട്ടില്ല.

ഒരിക്കൽ പാറക്കുന്നത്തെ ഉപനയനത്തിന് ഒത്തുകൂടിയപ്പോൾ കൂട്ടുകാർ കളിയാക്കി.''പരമൂ, താനെന്താ വേളി കഴിക്കാതെ നടക്കണത്, ഒറ്റക്ക് സുഖിക്യാണ് അല്ലേ!''

അവർ ചിരിച്ചു. വെറുതെ ചിരിച്ചതുപോലെ വരുത്തി. എന്നിട്ട് പറഞ്ഞു.

''നിങ്ങൾക്കറിയാലോ ആലോചന ഒന്നും ശരിയാവണില്ല. പെൺകുട്ടിയോൾക്ക് പിടിക്കണില്ല''

''എങ്ങനെ പിടിക്കും? താൻ ഈ പഴഞ്ചൻ സൈക്കിളും തള്ളി നടന്നാൽ? ഒരു ബൈക്കൊക്കെ വാങ്ങണം. പിശുക്കൻ''

അങ്ങനെയാണ് ബൈക്കെന്ന ആഗ്രഹത്തിന് കനം വച്ചത്. തൊഴാൻ വരുന്ന ബാങ്ക് മാനേജറോട് കാര്യം അവതരിപ്പിച്ച്.

''ഒരു ലോൺ വേണം. ബൈക്ക് വാങ്ങാനാണ്. മാസം അടച്ചുകൊള്ളാം.''

''ബുദ്ധിമുട്ടാണ് നമ്പൂരീ. ഇവിടത്തെ വരുമാനം എത്രവരുമെന്ന് എനിക്കറിയാം. മാസം അടവിന് തെകയാതെ വരും. സാറ് പറഞ്ഞു. ബൈക്ക് മോഹം അങ്ങനെ നിന്നു.

അമ്മയും ഇപ്പോൾ ഇടയ്ക്കിടെ വേളിക്കാര്യം ഓർമ്മിപ്പിച്ചു തുടങ്ങിയിരിക്കുന്നു.

തന്റെ ഈ നരച്ചുതുടങ്ങിയ തലയും താടിയും അമ്മയെ വല്ലാതെ അലോസരപ്പടുത്തുന്നുണ്ട് തീർച്ച.

മുത്തശ്ശിക്കും അച്ഛനും അടുക്കളയ്ക്കുമിടയിൽ കയറില്ലാതെ കെട്ടിയിടപ്പെട്ട അമ്മ. ഇല്ലം വിട്ട് എങ്ങോട്ടും പോകാറില്ല. ആരും ഇങ്ങോട്ടും വരാറുമില്ല. ഒറ്റപ്പാലത്തെ സ്വന്തം തറവാട്ടിലേക്ക് പോയിട്ട് തന്നെ വർഷം അഞ്ചു കഴിഞ്ഞു. അവിടെ അമ്മാവന്മാരൊക്കെ മോശമല്ലാത്ത നിലയിലായിരുന്നു. വല്യമ്മാവന്റെ മക

ന്റെ വേളിക്കാണ് അമ്മ അവസാനമായി അവിടെ പോയത്.

വേളി കഴിഞ്ഞ് തിരക്കൊഴിഞ്ഞ് സംസാരിച്ചിരിക്കുമ്പോൾ അമ്മ തനിക്കുവേണ്ടി ദേവൂനെ അമ്മാവനോടു ചോദിച്ചു എന്നറിഞ്ഞു. അനുജന്റെ മകൾ, പരമുവിന് മുറപ്പെണ്ണാണല്ലോ എന്നു കരുതി അമ്മ. അമ്മയെ അമ്മാവൻ പരിഹസിച്ചു വിട്ടു എന്നാണ് പിന്നീടറിഞ്ഞത്. അതും മറ്റൊരാൾ പറഞ്ഞ്. ദേവുവിനെ ഒരു ശാന്തിക്കാരന് കൊടുക്കില്ലത്രേ!

ഇങ്ങനെ ഒരു കാര്യം നടന്നതായി അമ്മ ഇതുവരെ പറഞ്ഞിട്ടില്ല. പിന്നെ അമ്മ എങ്ങും പോയിട്ടില്ല. ആയിടക്കാണ് അതു സംഭവിച്ചത്.ദേവു അന്യമതസ്ഥനായ ഒരു പാരലൽ കോളേജ് അദ്ധ്യാപകന്റെ കൂടെ ഒളിച്ചോടി. അമ്മാവൻ സ്വരുക്കൂട്ടി വച്ചിരുന്ന ആഭരണങ്ങൾ എല്ലാം എടുത്തു കൊണ്ടാണ് പോയത്. ദേഷ്യത്തോടെ പ്രതികരിച്ചുകൊണ്ടിരുന്ന അമ്മയെ അന്ന് തടഞ്ഞത് ഓർത്തു.

''ശപിക്കണ്ട അമ്മേ അവളെ. ഇഷ്ടമുള്ള ആളുടെ കൂടെയല്ലേ പോയത്. അവൾ സന്തോഷമായി ഇരിക്കട്ടെ എവിടെ ആണെങ്കിലും.''

പക്ഷെ, നാലുമാസം കഴിഞ്ഞില്ല. ദേവു വെറും കൈയോടെ അമ്മാത്ത് തിരിച്ചെത്തി. മധുവിധുകാലം കഴിഞ്ഞു, സ്വർണ്ണം വിറ്റുകിട്ടിയ പണവും തീർന്നപ്പോൾ ഭർത്താവ് അവളെ ഇറക്കി വിട്ടു. അയാൾക്ക് തെക്കെങ്ങാണ്ട് ഭാര്യയും കുട്ടികളും ഉണ്ടായിരുന്നു.

ഓർക്കുമ്പോൾ ദുഃഖം. തന്റെ സമപ്രായക്കാരും തന്നെക്കാളും ഇളയവർ പലരും വേളി കഴിച്ചിരിക്കുന്നു. അത്തിക്കരയിലെ നാരായണൻ വടക്ക് ഗോകർണ്ണത്തു നിന്നാണ് വേളി കഴിച്ചത്. അരീപ്രയിലെ ശ്രീധരനും ആ നാട്ടിൽ നിന്നു തന്നെ. മലയാളം ഒരു വാക്കുപോലും അറിയാത്തവർ. അവർക്കൊക്കെ വേണ്ടി ഓടി നടക്കാൻ അമ്മാവന്മാരും എറിയാൻ ഇഷ്ടം പോലെ പണവും തറവാട്ടിൽ ഉണ്ടായിരുന്നു.

കഴിഞ്ഞ മാസം ഒരു ദിവസം അമ്മ പറഞ്ഞു.''എനിക്ക് ഒറ്റയ്ക്ക് നോക്കി നടത്താൻ പറ്റാണ്ടായി. മടീണ്ടായിട്ടല്ല. വെറുതെയിരിക്കാൻ കൊതിയായിട്ടും അല്ല. ശരീരത്തിന് വയ്യാതായി. നീ പെട്ടെന്നൊരു പെണ്ണിനെ കൊണ്ടന്നേ പറ്റൂ '

''ആഗ്രഹമില്ലാത്തതുകൊണ്ടാണോ! എത്ര നോക്കി. എവിടെ നിന്നെങ്കിലും ഒന്ന് ഒത്തു കിട്ടണ്ടേ?''

''അതെന്താണ് നിനക്കുമാത്രം പെൺകുട്ടിയെ കിട്ടാതിരിക്കാൻ! നിന്റെ സമപ്രായക്കാരും കൂട്ടുകാരും എത്ര പേര് ശാന്തി കഴിച്ച് ജീവിക്കുന്നു ഈ നാട്ടിൽ തന്നെ. ''ഒന്ന് നിറുത്തി അമ്മ തുടർന്നു.

''നിന്റെ കാര്യത്തിൽ നീ തന്നെ ശ്രമിക്കണം . അച്ഛന് വയ്യാണ്ടായി. അമ്മാവന്മാരാരും തിരിഞ്ഞു നോക്കില്ല'' അതു പറഞ്ഞിട്ട് അമ്മ മുഖത്തേക്കു നോക്കി.

**അതെന്താണ് നിനക്കുമാത്രം പെൺകുട്ടിയെ കിട്ടാതിരിക്കാൻ! നിന്റെ സമപ്രായക്കാരും കൂട്ടുകാരും എത്ര പേര് ശാന്തി കഴിച്ച് ജീവിക്കുന്നു ഈ നാട്ടിൽ തന്നെ. നിന്റെ കാര്യത്തിൽ നീ തന്നെ ശ്രമിക്കണം . അച്ഛന് വയ്യാണ്ടായി. അമ്മാവന്മാരാരും തിരിഞ്ഞു നോക്കില്ല**

അമ്മയുടെ കണ്ണുകൾ നിറഞ്ഞിരിക്കുന്നു. അതു കാണാൻ വയ്യ. അമ്മയുടെ ദൈന്യത കാണുമ്പോൾ ഹൃദയം നുറുങ്ങുന്നു. അകത്ത് ഇരുന്ന് ഒന്നും ചെയ്യാനില്ല. ടീവിയുടെ മുന്നിൽ കുത്തിയിരിക്കാനും വയ്യ. കൊറോണക്കാലത്ത് പുറത്തേക്ക് പോലും വെറുതെ പോകാൻ വയ്യ .അതുകൊണ്ട് പറമ്പിലൂടെ ഇറങ്ങി നടന്നു, ഒന്നിനും വേണ്ടിയല്ലാതെ. ഒരേക്കർ പറമ്പുണ്ട്. അതിലിരട്ടി നെൽവയലും.

പാടത്ത് ആരോ കൃഷി ചെയ്യുന്നു. പാട്ടത്തിന്. പാട്ടം പേരിലേ ഉള്ളൂ.രണ്ട് ചാക്ക് നെല്ലും നാല് നേന്ത്രക്കുലകളും എത്തിച്ചുതരും. അവരതിൽ എന്തു ചെയ്യുന്നു എന്ന് നോക്കിയിട്ടില്ല. അരി റേഷൻ വാങ്ങും. അരയ്ക്കാനും ആട്ടാനുമുള്ള തേങ്ങ മാലിക്കണ്ടത്തിലെ തെങ്ങിൽ നിന്നും കിട്ടും. വർഷത്തേക്ക് മുഴുവൻ വേണ്ട കടുമാങ്ങയും ഉപ്പുമാങ്ങയും ഉണ്ടാക്കാനുള്ള മാവുമുണ്ട്.

പറമ്പുമുഴുവൻ ചുറ്റിനടന്നു. ഇതുവരെ പറമ്പിലൂടെ ഇങ്ങനെ നടന്നിട്ടില്ല, ഓർമ്മ വച്ച നാൾ മുതൽ. വർഷാവർഷമായി കരിയിലകൾ വീണു കിടക്കുന്ന ചുവന്ന മണ്ണ്. ആ മണ്ണിനോട് എന്തോ ഒരു ആകർഷണം തോന്നി. അന്ന് വൈകീട്ട് കൊല്ലൻ കൃഷ്ണന്റെ വീട്ടിൽ പോയി ഒരു കൈക്കോട്ട് പണിയിച്ചു.

പിറ്റേന്ന് രാവിലെ കുളിച്ച് കുറിയിട്ട് പറമ്പിലേക്കിറങ്ങി. മനസ്സിനൊരു മാറ്റം വേണം, പുതിയൊരു കാൽവെപ്പ്. കൊത്താനും കിളക്കാനും പഠിച്ചിട്ടില്ല.എങ്കിലും ശ്രമിക്കാൻ പോവുകയാണ്. വെയിലുള്ളിടത്ത് ചേമ്പോ, കപ്പയോ, വാഴയോ നടാം. ഇല്ലപ്പറമ്പ് പച്ച പിടിക്കട്ടെ. നാളെ ഇവിടെയും ഒരു പെൺകുട്ടി കുടിവച്ച് വരാതിരിക്കില്ല. വയൽക്കര തേവരെ മനസ്സിൽ പ്രാർഥിച്ചു. ഭൂമീദേവിയെ തൊഴുതു. പിന്നെ മണ്ണിൽ ആഞ്ഞു വെട്ടി. അങ്ങനെ മറ്റൊരു പൂജ തുടങ്ങുകയാണ്. യഥാർത്ഥ ഭൂമി പൂജ.

******

ജനം വിഷക്കറികൾ തിന്ന് മടുത്തിരുന്ന സമയം. അവർ നമ്പൂതിരീസിന്റെ ഓർഗാനിക്കിനെ രണ്ടു കൈയും നീട്ടി സ്വീകരിച്ചു. താളും തകരയും വാഴക്കൂമ്പും പിണ്ടിയും ചക്കക്കുരുവും ഇടിച്ചക്കയും എന്നുവേണ്ട, എന്തു കൊണ്ടുവച്ചാലും കടയിൽ വാങ്ങാൻ ആളുണ്ടായി. ആവശ്യത്തിന് സാധനങ്ങൾ തികയാത്തതായി പ്രശ്നം.

അങ്ങനെയാണ് ആലങ്ങാട് ദേശത്തെ തരിശായി കിടന്നിരുന്ന അനേകം ഇല്ലപ്പറമ്പുകളിൽ അന്തർജ്ജന സമാജത്തിന്റെയും കാവിലെ മാതൃസമിതിയുടെയും നേതൃത്വത്തിൽ പച്ചക്കറി കൃഷി ആരംഭിച്ചത്. വില്പന നമ്പൂതിരീസ് ഏറ്റെടുക്കുകയും ചെയ്തു. ലോക്കൽ പർച്ചേസിനായി ഒരു സെക്കന്റ് ഹാൻഡ് ജീപ്പ് വാങ്ങി. കടയിലെ ആവശ്യത്തിന്. ഒരു സെക്കന്റ് ഹാൻഡ് ബൈക്ക് വാങ്ങാൻ കാശില്ലാതെ വിഷമിച്ചയാൾ ഇപ്പോൾ നാലുചക്ര വാഹനത്തിലായി യാത്ര. ദൈവനിയോഗം.

മെമ്പർ നീലകണ്ഠനാണ് ഒരിക്കൽ കടയിൽ വച്ച് ചോദിച്ചത് ''നമ്പൂരീ, എന്നാ ശാന്തിപ്പണി അങ്ങ് ഒഴിവാക്കിക്കൂടെ? കടയിൽ നല്ല തിരക്കുണ്ടല്ലോ?''

''നീലാണ്ടാ, അതില്ല. വന്ന വഴി മറക്കില്ല. ആ തേവരുടെ അനുഗ്രഹമാണ് ഈ കാണുന്നതെല്ലാം! പൂജാവൃത്തി എന്റെ ചോറുമാത്രമല്ല, മനസ്സിന്റെ വികാരം കൂടിയാണ്. മൺമറഞ്ഞുപോയ കാരണവന്മാരുടെ അനുഗ്രഹവും!

ആയിടക്കായിരുന്നു ശ്രീധരമ്മാവന്റെ മൂത്തമകന്റെ വേളി. അമ്മയോടൊപ്പം പോയി. കുറെ കാലത്തിനു ശേഷം വീണ്ടും അമ്മാത്തേക്ക്. അമ്മയ്ക്ക് ഒറ്റക്ക് എങ്ങും യാത്രപോകാൻ പറ്റാതായി. അതാണ് കൂടെ പോകാമെന്നുവച്ചത്. ജീപ്പ് പാർക്ക് ചെയ്ത് അമ്മയെ കൈപിടിച്ച് ഇറക്കി ഓഡിറ്റോറിയത്തിലേക്ക് നടക്കുമ്പോൾ കണ്ടു, വരാന്തയിൽ നിൽപ്പുണ്ട് വല്യമ്മാവൻ.

അദ്ദേഹം മുറ്റത്തേക്ക് ഇറങ്ങിവന്നു. സ്വന്തം അനിയത്തിയാണ്. മുമ്പൊരിക്കൽ നന്നായി പരിഹസിച്ച് വിട്ടതാണ്. അദ്ദേഹം ചോദിച്ചു.''എത്ര നാളായി സുഭദ്രേ നിന്നേം പരമുവിനേയും ഒക്കെ കണ്ടിട്ട്! സുഖം തന്നെയല്ലേ എല്ലാർക്കും '

അമ്മ ചിരിച്ചുകൊണ്ടു തലയാട്ടി. ''ഇതിലേ അകത്തേക്ക് കയറിക്കോളൂ. ചടങ്ങൊക്കെ തുടങ്ങീട്ടേയുള്ളൂ''വഴി ചൂണ്ടിക്കൊണ്ട് അമ്മാവൻ പറഞ്ഞു.

''താനൊരു കച്ചോടം നന്നായി കൊണ്ടുനടക്കണൂന്ന് കേട്ടല്ലോ''. അമ്മാവൻ പറഞ്ഞു.

''അതെ,ഒറ്റയ്ക്കല്ല. അവിടെ അടുത്തുള്ള കൃഷ്ണനെയും കൂട്ടി. നന്നായി പോണണ്ട്. വയൽക്കര തേവരുടെ അനുഗ്രഹം. പക്ഷേ, ശാന്തി വേണ്ടാന്നു വച്ചിട്ടില്ല.''

''സന്തോഷായി കേട്ടപ്പോ. നന്നായി ദൈവം അനുഗ്രഹിക്കട്ടെ!''അമ്മാവന്റെ ശബ്ദത്തിൽ തീർച്ചയായും ഒരു

പതർച്ചയുണ്ട്. വേളി കഴിഞ്ഞ് മടങ്ങാനിരുന്നപ്പോൾ അമ്മ വിചിത്രമായ ഒരു ആവശ്യം മുന്നിൽ വച്ചു.

''ഇന്നു നമ്മൾ നാട്ടിലേക്ക് പോകുന്നില്ലെന്ന് വച്ചാലോ? കൃഷ്ണനെ വിളിച്ച് നാളെക്കൂടി ശാന്തി ഏർപ്പാടാക്കൂ. നമുക്കിന്ന് ഏട്ടന്റെ കൂടെ ഇല്ലത്തൊന്ന് പോണം. എത്രകൊല്ലായീ ഇല്ലത്തൊന്നു പോയിട്ട്!''

മറുത്തൊന്നും പറയാനുണ്ടായിരുന്നില്ല. അമ്മ അങ്ങനെയൊന്നും ആവശ്യപ്പെടാറില്ല. തനിക്കവിടെ പോണം, തനിക്കിത് കിട്ടണം എന്നൊന്നും പറയാൻ അമ്മയ്ക്ക് അറിയില്ല. കിട്ടിയാൽ കൊള്ളാമായിരുന്നു, പോയാൽ കൊള്ളാമായിരുന്നു എന്നേ പറഞ്ഞുകേട്ടിട്ടുള്ളൂ, അതും അപൂർവ്വമായി.

അതു സാധിച്ചു കൊടുക്കാതെ വയ്യ. അങ്ങനെ ഒറ്റപ്പാലത്തേക്ക്. ഒട്ടും പ്രതീക്ഷിക്കാത്ത ഒരു യാത്ര. തുറന്നുകിടന്ന ഗേറ്റ് കടന്ന് വിശാലമായ തെങ്ങിൻ തോപ്പിലൂടെ ജീപ്പ് തറവാടിന്റെ മുറ്റത്തെത്തി.വണ്ടിയുടെ ഒച്ചകേട്ട് വാതിൽ തുറന്നു പുറത്തേക്കു വന്നത് ദേവികയാണ്. ദേവു.

അവളുടെ ആ രൂപം കണ്ട് മനസ്സ് വേദനിച്ചു. നരച്ച സാരിചുറ്റിയ ഒരു വിളറിയ സ്ത്രീ രൂപം. വിടരും മുമ്പേ കൊഴിഞ്ഞ ഒരു പൂവ്! അവളെത്തന്നെ നോക്കി. ദേവു ചിരിക്കാൻ ഒരു പാഴ്ശ്രമം നടത്തി. ചിരിക്കാൻ അവൾ മറന്നു പോയ പോലെ.അമ്മാത്ത് അവളെപ്പോലെ സുന്ദരമായി ചിരിക്കുന്നവർ ആരുമുണ്ടായിരുന്നില്ല. അത്രക്ക് ഉള്ളിൽ നിന്ന് വരുന്ന ചിരി. വെറുതെയിരിക്കുമ്പോൾ പോലും ചിരിക്കുന്ന പോലെ തോന്നിയിരുന്ന മുഖം. ഇപ്പോൾ ആ മുഖത്ത് ചിരി വരുത്താൻ അവൾ പാടു പെടുന്നു. സഹിക്കാനാവുന്നില്ല അത്. കാലം അവളെ ശിക്ഷിച്ചിരിക്കുന്നു.അവൾ അകത്തേക്ക് ക്ഷണിച്ചു.

വൈകീട്ട് പറമ്പിലൂടെ, കുളക്കരയിലൂടെ, പാടത്തുകൂടെ വെറുതെ അലഞ്ഞു നടന്നു. എത്ര കാലമായി അമ്മാത്ത് വന്നിട്ട്. ആകെ മാറിയിരിക്കുന്നു! ദേവുവിനെപ്പോലെന്നെ.

ചെറുപ്പത്തിൽ വേനലവധികൾ ആഘോഷമാക്കിയിരുന്നത് ഇവിടെയാണ്. നാട്ടുമാവുകൾ നിറഞ്ഞ തൊടി. കാവിനു പിന്നിലെ കരിമ്പനകൾ. കുന്നിന്റെ മുകളിലെ കാറ്റ്. ഓടിക്കളിച്ചുനടന്ന ബാല്യം.എത്ര കൂട്ടുകാരാണ് അന്ന് കളിക്കാൻ വരാറ്!

ഒളിച്ചുകളി, കാൽപന്തുകളി, കുറ്റീം കോലും കളി. ആസ്വദിച്ചുതീർത്ത വേനലവധികൾ. മാവിൽ എറിഞ്ഞും, വലിഞ്ഞുകയറിയും കുളത്തിൽ ചാടിയും ആഘോഷമാക്കിയ അവധിക്കാലം. എല്ലാം ഇന്നലെ കഴിഞ്ഞപോലെ.

നടന്നു നടന്ന് തൊഴുത്തിനു മുന്നിൽ

**നരച്ച സാരിചുറ്റിയ ഒരു വിളറിയ സ്ത്രീ രൂപം. ചിരിക്കാൻ മറന്നു പോയ പോലെ. അമ്മാത്ത് അവളെപ്പോലെ സുന്ദരമായി ചിരിക്കുന്നവർ ആരുമുണ്ടായിരുന്നില്ല. അത്രക്ക് ഉള്ളിൽ നിന്ന് വരുന്ന ചിരി. വെറുതെയിരിക്കുമ്പോൾ പോലും ചിരിക്കുന്ന പോലെ തോന്നിയിരുന്ന മുഖം. ഇപ്പോൾ ആ മുഖത്ത് ചിരി വരുത്താൻ അവൾ പാടു പെടുന്നു.**

എത്തി. മുന്നിൽ അവൾ. പശുക്കൾക്ക് വയ്ക്കോൽ നിരത്തിക്കൊടുത്തശേഷം പുറത്തേക്കിറങ്ങിയ ദേവു. അവളുടെ ചുവടുകൾ അറിയാതൊന്നു നിലച്ചു. ചിരിക്കാൻ തീർത്തും വിഫലമായ ഒരു ശ്രമം അവർ വീണ്ടും നടത്തി.

''പരമേശ്വരേട്ടൻ ഇവിടത്തേക്ക് വന്നത് അറിഞ്ഞില്ല ഞാൻ'

അവൾ നിന്നു പരുങ്ങി. അവളുടെ ശബ്ദം പ്രപഞ്ചത്തിന്റെ മറ്റേതോ കോണിൽ നിന്നെന്നപോലെ കാതിൽ വന്നലച്ചു.

വീണ്ടും നിശ്ശബ്ദത.

അറിയാതെ കാലം അതിവേഗം പുറകോട്ട് ഒഴുകിപ്പോയി.നിക്കറിട്ട പരമു,പെറ്റിക്കോട്ടിട്ട ദേവു. ഏതൊക്കെയോ കൂട്ടുകാരുമുണ്ട് കൂടെ. തൊഴുത്തിന് നേരെ പുറകിലാണ് വലിയ ആരൻമാവ്. മാങ്ങകൾ അങ്ങ് തുഞ്ചത്താണ്.കുട്ടിക്കൂട്ടങ്ങൾ കലപിലകൂട്ടി എത്രയോ നേരമായി ചോട്ടിൽ കാത്തിരിക്കുന്നു, മാങ്ങ വീഴുന്നതും കാത്ത്. ഒന്നും വീഴുന്നില്ല.അങ്ങനെയാണ് കല്ലെടുത്ത് മാവിൽ ഏറു തുടങ്ങിയത്.ഒരേറ് കൃത്യമായി മാങ്കുലയിൽ തന്നെ കൊണ്ടു.

മഞ്ഞച്ചുതുടുത്ത ഒരു മാങ്ങ ഞെട്ടറ്റു.അതെടുക്കാൻ മറ്റാരെക്കാളും മുന്നേ ഓടി വന്നതാണ് ദേവു. മാങ്ങ കൈയെത്തിപ്പിടിക്കും മുമ്പ് മുകളിൽ നിന്നും വീണ കരിങ്കല്ല് തലയിൽ കൊണ്ടു. വലത്തെ നെറ്റി പൊട്ടി ചോര ചീറ്റി. തുന്നിക്കെട്ടലുകൾ വേണ്ടി വന്നു മുറിവ്ുണങ്ങാൻ. എങ്കിലും ചെറിയൊരു പാടായി അതവളുടെ നെറ്റിയിൽ മായാതെ കിടന്നു. എറിഞ്ഞവന്റെ മനസ്സിലും.

കാലങ്ങൾക്കപ്പുറത്തേക്ക് കൈയെത്തിച്ച് ദേവൂട്ടിയുടെ നെറ്റിയിലെ മുറിപ്പാടിൽ വിരലുകൾ ഓടിച്ചു. ചോരയുടെ നനവ് ഇപ്പോഴും അവിടെയുള്ളതായി തോന്നി. ചോദിക്കാതിരിക്കാനായില്ല.''ദേവൂട്ടീ, ഈ മുറിവിന്റെ കഥ നീ മറന്നോ?''

''ഇടയ്ക്ക് ഞാനത് മറന്നുപോയി'' ദേവു കരഞ്ഞു, ''ക്ഷമിക്കണേ''.

അത്താഴത്തിനു ശേഷം എല്ലാവരും തളത്തിൽ മങ്ങിയ വെളിച്ചത്തിൽ ഇരിക്കുകയായിരുന്നു. അമ്മാവൻ കസേരയിൽ, മറ്റുള്ളവർ നിലത്തും. അമ്മാവനും അമ്മയും ഇപ്പോൾ ആങ്ങളയും കുഞ്ഞുപെങ്ങളുമായി വർത്തമാനത്തിലാണ്. കൂടെ അമ്മായിയും.

ദേവു മൗനത്തിൽ ദൂരെ മാറിയിരുന്നു. തീരെ പ്രതീക്ഷിക്കാതെയാണ് അമ്മ അപ്പോൾ ആ പ്രഖ്യാപനം നടത്തിയത്. ''പോയിട്ട് ഞാനൊരു മുഹൂർത്തം കുറിപ്പിച്ചു വന്ന് ദേവൂനെ കൂട്ടിക്കൊണ്ട് പോവും. ഇവിടെ ഉള്ളോർക്ക് ഇഷ്ടായാലും വേണ്ടില്ല... ഇഷ്ടായില്ലെങ്കിലും വേണ്ടില്ല.''

എല്ലാവരും സ്തബ്ധരായിപ്പോയി. നിറുത്താതെയുള്ള വർത്തമാനം പരിപൂർണ്ണ നിശ്ശബ്ദതയിലായി. ചുമരും ചാരിയിരുന്നിരുന്ന ദേവു കരഞ്ഞുകൊണ്ട് എണീറ്റ് അകത്തേക്കോടി.

അമ്മ തുടർന്നു ''അവളെ ഇനി പുറം ലോകം കാണിക്കാതെ ജീവിതകാലം മുഴുവൻ അടുക്കളയിലും തൊഴുത്തിലുമായി കെട്ടിയിടാനാണോ ഏട്ടന്റേം ഏടത്തീടെം പ്ളാൻ ?എനിക്കെന്റെ മോൻ പരമൂനെ നന്നായി അറിയാം. അവന്റെ മനസ്സ് എന്താണെന്നും.അവനെപ്പറ്റി നിങ്ങൾക്കും അറിയാം. പഴയതൊന്നും ഞാൻ മനസ്സിൽ വച്ചിട്ടില്ല''

പിന്നെയും പൂർണ്ണ നിശ്ശബ്ദത. അമ്മാവൻ തോളത്തെ തോർത്തെടുത്ത് കണ്ണു തുടച്ചു.''സുഭദ്രേ..അത്...'' അമ്മായി എന്തോ പറയാൻ തുടങ്ങി.അമ്മ ഇടയ്ക്ക് കയറി പറഞ്ഞു. ''ചെറുപ്പത്തിന്റെ പക്വതക്കുറവിൽ ദേവൂനൊരു തെറ്റുപറ്റി....വലിയ തെറ്റ്. പക്ഷെ എല്ലാത്തിനും ഒരു കണക്കില്ലേ. വർഷങ്ങൾ എത്രയായീ ആ കുട്ടി ഇവിടെ കിടന്ന് കണ്ണീരു കുടിക്കണു. ഇനി ജീവിതം മുഴുവൻ ഇങ്ങനെ നരകിക്കണം എന്നാണോ?''

ഇങ്ങനെ ഒരു മോഹം തന്റെ ഉള്ളിൽ ബാക്കിയുണ്ടായിരുന്നോ? പണ്ട് അമ്മാവൻ അമ്മയെ പരിഹസിച്ച് വിട്ടപ്പോൾ മനസ്സിൽ നിരാശയും ദുഃഖവും തോന്നിയിരുന്നു, കാലങ്ങളോളം. അതിനുശേഷവും ആ പെറ്റിക്കോട്ടുകാരിയുടെ സുന്ദരമായ മുഖം മനസ്സിലെവിടെയോ താൻ സൂക്ഷിച്ച് വച്ചിരുന്നോ? കളഞ്ഞുപോവാതെ ഒരു മയിൽപ്പീലിത്തുണ്ടും വളപ്പൊട്ടും.?

മനസ്സിലൊരു ശ്രീകോവിലായി. നടതുറന്നു വന്നതു വയൽക്കര തേവര്! ''നമഃശിവായ! മഹാദേവാ, പ്രസാദിക്കണേ!''കൈകൾ കൂപ്പി. കനപ്പെട്ട ഉത്തരവാദിത്തങ്ങളുടെ ഭിത്തികൾ കൊണ്ട് മനസ്സിനു മുന്നിൽ തീർത്ത അണക്കെട്ട് ആദ്യമായി പൊട്ടിച്ചിതറി. എത്രയോ കാലമായി ഒരു നനവു പോലും പടരാതിരുന്ന കണ്ണുകളിൽ പ്രളയം കുത്തിയൊലിച്ചൊഴുകി. ●





(ഗീതാനന്ദൻ
വെൺമാറനല്ലൂർ മഠം
കൊല്ലംകോട്,
കന്യാകുമാരി ജില്ല,
തമിഴ്നാട്
മൊബൈൽ:
8300186475 )

# പെൺകൊടക്കണ്ണീർ

**ഗീതാനന്ദൻ നാരായൺ**

എൻ വിരൽ തുമ്പിന്റെയറ്റം പിടിച്ചു നീ
നാലങ്കണം ചുറ്റിയോടിക്കളിച്ചതും,
കണ്ണുപൊത്തി കളിച്ചുള്ളൊരാ വേളയിൽ
കാണാതിരിക്കവേ തേങ്ങിക്കരഞ്ഞതും,
പിന്നാലെ വന്നു ഞാൻ കോരിയെടുക്കവേ
കണ്ണുതുടച്ചു വിതുമ്പിക്കരഞ്ഞതും,
ഇന്നെന്റെയുള്ളിൽ തെളിയുന്നയോർമ്മകൾ
കണ്ണിലെയീറൻ പടർപ്പിൽ കലങ്ങിയോ?

**പ്ലാ**വിലത്തൊപ്പി മെനഞ്ഞന്നെടുത്തതും
ഓലവാച്ചൊന്നിടം കയ്യിലണിഞ്ഞതും,
പീപ്പി കാണാതായ സങ്കടത്തിൽപ്പെട്ടു
കാച്ചിയ പാലും കുടിക്കാതിരുന്നതും,
മറ്റൊന്നു തഞ്ചത്തിലൊപ്പിച്ചു നൽകവേ
ചെറ്റു സന്തോഷവും കുട്ടിക്കളികളും
ഓർമ്മകളോടിയെത്തുന്നിതാ,യില്ലത്തെ
ഓമനക്കുഞ്ഞു കുരുന്നായിരുന്നു നീ.

**താ**രാട്ടു പാടിയുറക്കുന്ന നേരത്തു
ചാരത്തു തൊട്ടിലിലച്ഛൻ കിടക്കണം
അച്ഛനുമമ്മയുമൊപ്പം കിടക്കിലും
അമ്പിളി മാമനും കൂട്ടിനായെത്തണം
കൂടെ കിടത്തിയുറക്കുവാനമ്പിളി
കൂടെ വന്നീടുമോയെന്നറിഞ്ഞീടണം
'പൊന്നുമോൾ വാവാവുറങ്ങുന്ന നേരത്തു
വന്നെത്തുമമ്പിളി' കള്ളം പറഞ്ഞു ഞാൻ.
'ഇന്നലെ രാത്രിയിലെത്തീലയമ്പിളി'-
യെന്നായി പിറ്റേന്നു വാശിക്കുരുന്നു നീ
'അമ്മാത്തു പോയതാണമ്പിളി'ചൊല്ലി ഞാൻ
ചുമ്മാ നുണ! നിന്റെ ശാഠ്യം നിറുത്തുവാൻ.
ഇല്ലാക്കഥയൊന്നു ചൊല്ലിയൊപ്പിക്കവേ
പല്ലുതേപ്പിക്കുവാൻ സമ്മതം മൂളി നീ.
നൈവേദ്യമാണന്നു പ്രാതലിനെങ്കിലോ
നെയ്ദോശ കിട്ടുവാൻ വാശി പിടിച്ചിടും,
ഓരോയുരുളക്കുമുപ്പേരി ചേർക്കണം
പോരായ്മ തീരാൻ കഥയും ചമയ്ക്കണം.
എത്രകഥകൾ, ചമച്ചു ഞാൻ പുത്തരി-
ച്ചോറ് നീയുണ്ടീല തീർന്നതുപ്പേരി താൻ.

**കൊ**മ്പു രണ്ടാക്കിപ്പകുത്ത മുടിയിലെ
ചെമ്പനീരൊന്നു വലിപ്പം കുറഞ്ഞുപോയ്
ശുണ്ഠിയാൽക്കെട്ടഴിച്ചിട്ടു കരഞ്ഞതും
ശണ്ഠയുമായമ്മ നിന്നെയോടിച്ചതും
അന്നെന്നരികിലേക്കോടിയണഞ്ഞൊന്നു
തല്ലുകൊള്ളാതെ രക്ഷിക്കുവാൻ കെഞ്ചി നീ
എത്ര വളർന്നാലുമെന്റെയാകാശത്തെ
ചിത്രശലഭമാണത്രക്കു കുഞ്ഞു നീ.

**പൊ**ൻ പട്ടുപാവാടയാദ്യം നനച്ചനാൾ
മങ്ങീനിറ,മന്നു നിൻ മുഖം വാടിയോ?
വർണ്ണങ്ങൾ കണ്ടു ഭ്രമിക്കരുതെന്നു ഞാൻ
മുന്നറിയിപ്പു പോൽ ചൊല്ലിയെന്നാകിലും
ഇന്നു നീ പോവുന്നതോർക്കവേയുള്ളിലെ
വർണ്ണമൊഴിഞ്ഞെന്റെ നെഞ്ചകം ശൂന്യമായ്.

**ഇ**ന്നിതാ വേളി മുഹൂർത്തമായ് ഹോമാഗ്നി
മുന്നിൽ നീ മൂടിനിൽക്കുന്നൂ പുടവയിൽ.
ഇല്ലിനിയച്ഛന്റെയില്ലവും ഗോത്രവും
ഇല്ലാ, പുലയും മുറിച്ചു കളയയവേ,
പൊക്കിൾക്കൊടിയുടെ ബന്ധമറുത്തപോൽ
ഞെട്ടറ്റ വേദന ഉള്ളം പിടഞ്ഞുപോയ്
പുണ്യാഹതീർത്ഥം തളിച്ചു നാന്ദീമുഖ
മെല്ലാം കഴിഞ്ഞു നിൻ പാണിഗ്രഹിക്കുവാൻ
മറ്റൊരില്ലത്തെക്കുലവധുവാക്കുവാൻ
മുറ്റിടുമുത്സാഹമോടവരെത്തവേ,

**ഹോ**മധൂമത്തിന്റെ ഹേതുവോ? ഉള്ളിലെ
താപമോ? കണ്ണുകളെന്തേ നനഞ്ഞുപോയ്!
ഉത്തരീയത്തിന്റെ തുമ്പിനാൽ കണ്ണിലെ
ഇത്തിരിയീർപ്പം തുടച്ചു ഞാനാദ്യമായ്
അമ്മയുമാരുമേ കാണാതെ തേങ്ങുന്നു
കണ്ണു തുടയ്ക്കുന്നു വേഷ്ടിത്തലപ്പിനാൽ!
കന്യകാ ദാനമുഹൂർത്തത്തിലിത്തിരി
കണ്ണീരണിയാതെയാരുണ്ടു ഭൂമിയിൽ!! ●


O.T CATERERS
Vinod O.T (Manikuttan) Ozhukil Thattayoor Illam
Neeleswaram P.O, Kozhikode-673582
MOB : 9947166663, 9447951344, 9562166663

## 41ാം വിവാഹ വാർഷികം

വിവാഹം : 18.10.1979 (18.10.2020)

### അന്നും ഇന്നും





**കേശവൻ നമ്പൂതിരി**
**സരസ്വതി അന്തർജ്ജനം**
നാറണിയാട്ട് ഇല്ലം, ഫാറൂഖ് കോളേജ് പി.ഒ
കോഴിക്കോട് ജില്ല, 673632
മൊബൈൽ: 8848494009

ആശംസകളോടെ
മക്കൾ : സുനിത, ശ്രീദിൻ
മരുമക്കൾ : മുരളി, കൃഷ്ണപ്രിയ
പേരക്കുട്ടികൾ : ഗൗതം കൃഷ്ണ, ഋതുപർണ്ണ, ആദികേശവ് , അക്ഷര



## ഡിസംബർ 19 ന് വേർപാടിന്റെ ഒരു വർഷം

### നങ്ങേലി അന്തർജനം
**തിരുമംഗലം**
**കോഴിക്കോട്**

**ആദരാഞ്ജലികളോടെ**
മക്കൾ:
കൃഷ്ണൻ നമ്പൂതിരി
ശങ്കരൻ നമ്പൂതിരി
നാരായണൻ നമ്പൂതിരി
ദേവരാജൻ നമ്പൂതിരി
വിഷ്ണു നമ്പൂതിരി
മൊബൈൽ 9497651590

# പഴമ

പൂച്ചിന്നിപ്പാടം
(തൃശ്ശൂർ – ഇരിങ്ങാലക്കുട റൂട്ട്), തൃശ്ശൂർ ജില്ല.
Mob: 9847616608



## പഴമയുടെ ശേഖരത്തിലുള്ളവ ⬇

**നമ്പൂതിരി ഇല്ലങ്ങളിൽ ഉണ്ടാക്കുന്ന അച്ചാറുകൾ:-**
കടുമാങ്ങ, ഉലുവാ മാങ്ങ, ഉപ്പുമാങ്ങ, ചെത്ത് മാങ്ങ, എണ്ണ മാങ്ങ, എരി മാങ്ങ, മധുര മാങ്ങ, നാരങ്ങ, വറുത്ത നാരങ്ങ, വടുകപ്പുളി നാരങ്ങ, വടുകപ്പുളി Dry, കയ്പ നാരങ്ങ (നാർത്തങ്ങ), നെല്ലിക്ക, വറുത്ത നെല്ലിക്ക, വെളുത്തുള്ളി, പാവയ്ക്ക (കയ്പക്ക),ഈന്തപ്പഴം അച്ചാർ.



**കൊണ്ടാട്ടങ്ങൾ:-**
മുളക്, കയ്പക്ക, പയർ, ഉണ്ണി പിണ്ടി, താമര വളയം, അരി കൊണ്ടാട്ടം, മർത്തങ്കാളി, ചുണ്ടങ്ങ

**കറിക്കൂട്ടുകൾ :-**
സാമ്പാർ പൊടി, ചട്ണി പൊടി, ചമ്മന്തി പൊടി, രസം പൊടി, വേപ്പിലക്കട്ടി,

**പരിശുദ്ധമായ വെളിച്ചെണ്ണയിൽ വറുത്തെടുത്ത ചിപ്സ് :-**
കായ വട്ടൻ, 4 കീറ്, പഴം വറുത്തത്, ശർക്കര ഉപ്പേരി, പൊക്കവട, മിക്ചർ, കൊള്ളി വറുത്തത്, അരിമുറുക്ക്.



ഇവ കൂടാതെ പുളിഞ്ചി, ചക്കവരട്ടിയത്, മാങ്ങാത്തേര, വെന്ത വെളിച്ചെണ്ണ, നീലിഭൃംഗാദി എണ്ണ, ആവണക്കെണ്ണ, കടുകെണ്ണ, വേപ്പെണ്ണ, നാൽപാമരാദി വെളിച്ചെണ്ണ, പുൽതൈലം, യൂക്കാലി തൈലം, ബാഷ്പിക തുളസി (ചുമ, കഫക്കെട്ട്, തുമ്മൽ, തലവേദന, പൊള്ളൽ, മുറിവ് , കുഴിനഖം എന്നിവക്കുള്ള ഒറ്റമൂലി), തേൻ, ചെറുതേൻ, തേൻ നെല്ലിക്ക, തേൻ വെളുത്തുള്ളി, തേൻ ഇഞ്ചി, നാടൻ പശുവിൻപാൽ, മോര്, തൈര്, നെയ്യ്, നറു നീണ്ടി, നെല്ലിക്കാ കാന്താരി ജ്യൂസ്, Organic ശർക്കര, പനം ചക്കര, പനംകൽക്കണ്ടം, തെങ്ങിൻ ചക്കര, ചെറുപയർ പൊടി, താളി പൊടി, ദാഹശാന്തി ചുക്കുവെള്ളപൊടി, ഉമിക്കരി, പൽപ്പൊടി, വരട്ട് മഞ്ഞൾ പൊടി, ഉലുവാ പൊടി, കസ്തൂരി മഞ്ഞൾ പൊടി, രക്തചന്ദന പൊടി, നീലമരി, മൈലാഞ്ചി, വയമ്പ്, ചുക്ക്, ഇരട്ടി മധുരം, അയമോദകം, കല്ലുർവഞ്ചി, കൂവപ്പൊടി, കളി അടക്ക, മഞ്ചാടി, കുന്നിക്കുരു, കവിടി, ഓലക്കുട, പറകൊട്ട, മുറം, കൊമ്പ് മുറം, മെതിയടി, കടകോൽ, ചിരട്ട കയ്യിൽ, ഭസ്മകൊട്ട, മൺപാത്രങ്ങൾ, കൂടാതെ മറ്റനേകം കരകൗശല വസ്തുക്കളും പഴമയിൽ ലഭ്യമാണ്.



കുത്താമ്പുള്ളി സെറ്റ് മുണ്ട്, സെറ്റ് സാരി, ഡബിൾമുണ്ട്, സിംഗിൾ മുണ്ട്, കാവി മുണ്ട് എന്നിവയും പഴമയിൽ ലഭ്യമാണ്.
വിവാഹം, തിരുവാതിരക്കളി എന്നിവക്കാവശ്യമായ സെറ്റ് മുണ്ടുകൾ ഉത്തരവാദിത്വത്തോടെ മിതമായ നിരക്കിൽ എത്തിച്ച് കൊടുക്കുന്നു. മോഡലുകൾ കാണുന്നതിന് വേണ്ടി 9847616608 എന്ന വാട്സ് ആപ്പ് നമ്പറിൽ ബന്ധപ്പെടുക.



നല്ല വെള്ളിയിലുള്ള ആഭരണങ്ങൾ മാത്രം (മാല, കൈ ചെയിൻ, ഏലസ്സ്, ലോക്കറ്റ്, മോതിരം, തള, വള, പാദസരം, അരഞ്ഞാണം , മൂക്കുത്തി, മിഞ്ചി, ശംഖ്) ഉപഭോക്താക്കളുടെ അഭിരുചിക്കനുസരിച്ച് മിതമായ നിരക്കിൽ പണിതു കൊടുക്കുന്നു.

**പൂജാ സാധനങ്ങൾ :-**
നവീകരണകലശം, ഹോമം, പ്രതിഷ്ഠാദിനം, കെട്ട് നിറ, വിളക്ക്, കളംപാട്ട് തുടങ്ങി എല്ലാ ആവശ്യങ്ങൾക്കുമുള്ള പൂജാ സാധനങ്ങളും അമ്പലങ്ങളിലേക്കോ വീടുകളിലേക്കോ എവിടേക്കാണ് ആവശ്യം അവിടേക്ക് കൃത്യസമയത്തിനുള്ളിൽ ഉത്തരവാദിത്വത്തോടെ എത്തിച്ച് കൊടുക്കുന്നു.



പഴമയെക്കുറിച്ച് കൂടുതൽ അറിയുവാനായി പഴമയുടെ Facebook പേജ് സന്ദർശിക്കുക.
https://www.facebook.com/Pazhama-100438418043215/

കീർത്തിരാജ് കെ.വി.
കിഴിയേടത്ത് മന. ഫോൺ: 9847616608



കൊറിയർ സംവിധാനം ലഭ്യമാണ്.

# വി.ടിയുടെ ജീവിതം നാടകമാവുമ്പോൾ

**ടി. നാരായണൻ**






അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക് എന്ന നാടകം ആദ്യം അരങ്ങേറിയത് 1929 ലാണ്. 91 വർഷം മുമ്പ്. വി.ടി ഭട്ടതിരിപ്പാടിന്റെ ഈ നാടകത്തോടെ അന്തർജനങ്ങൾ അരങ്ങത്തേക്ക് വന്ന് സ്വാതന്ത്ര്യത്തിന്റെ വായു ആവോളം ശ്വസിച്ചു. നാലകത്തിന്റെ അതിരുവിട്ട് പോകാൻ അനുവാദമില്ലാത്തവരായിരുന്നു അവർ. ഒരർത്ഥത്തിൽ 'ഇരിക്കപ്പിണ്ഡങ്ങൾ' തന്നെ (ജീവിച്ചിരിക്കുമ്പോൾ നടക്കുന്ന പിണ്ഡച്ചടങ്ങ് ). ഘോഷയെന്ന പുതപ്പിനുള്ളിൽനിന്നു മാത്രം പുറംലോകം കണ്ടിരുന്ന മറക്കുടക്കുള്ളിലെ മഹാനരകങ്ങൾ. അവരുടെ നാലുകെട്ടുകളിൽ ആധുനികലോകത്തിന്റെ സൂര്യവെളിച്ചം എത്തിച്ചത് വി.ടി യാണ്. ഒരു സ്വാതന്ത്ര്യപ്രഖ്യാപനം കൂടിയായിരുന്നു 'അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്'.

വി.ടിയെ പുതിയ കാലത്ത് സമഗ്രമായി നോക്കിക്കാണുന്ന ഒരു നാടകമാണ് ഈ ഡി ഡേവിസ് എഴുതിയ 'ഇരിക്കപ്പിണ്ഡം കഥ പറയുമ്പോൾ'എന്നത്.കേരള സാഹിത്യ അക്കാദമിയിൽ പബ്ലിക് റിലേഷൻസ് ഓഫീസറാണ് അദ്ദേഹം.

'എന്താ അവിടെ വഷള്' എന്നാർത്തട്ടഹസിക്കുന്ന മൂസാമ്പൂരിയോട് 'കിനാവിലെങ്കിലും ഞങ്ങൾ സ്ത്രീകളൊന്ന് കുതിച്ചു പായട്ടെ' എന്നുറക്കെത്തന്നെ പറയുന്ന പാപ്പുവെന്ന കുഞ്ഞാത്തോൽ. അവളെ സമാധാനിപ്പിക്കാൻ ശ്രമിക്കുന്ന ഇരിക്കണമ്മ. അവരെ അവതരിപ്പിച്ചു കൊണ്ടാണ് ഡേവിസിന്റെ നാടകം തുടങ്ങുന്നത്.

മേഴത്തൂരിൽ വി.ടിയുടെ ഇല്ലത്ത് ആദ്യമായി നാടകം അരങ്ങേറാനുള്ള ഒരുക്കങ്ങളാണ് അടുത്ത രംഗം. ഇട്ട്യാംപറമ്പും പൊരുതയിൽ അപ്ഫനും മുത്തിരിങ്ങോടും ഉൾപ്പെടെ യോഗക്ഷേമസഭയുടെ പുത്തൻകൂറ്റുകാരൊക്കെ അവിടെ ഉണ്ട്. അന്തർജനങ്ങൾക്കു വേണ്ടി അവരുടെ സാന്നിധ്യത്തിലാണ് നാടകം.

'വി.ടി കന്യകമാരുടെ കാമുകൻ'എന്ന് കളിയാക്കിക്കൊണ്ടും അമ്പലം കത്തിക്കാൻ നടക്കുകയാണ് വി.ടി എന്ന് പ്രചരിപ്പിച്ചു കൊണ്ടും പഴഞ്ചന്മാർ ഒന്നടങ്കം വി.ടിയെ തോൽപ്പിക്കാനിറങ്ങുകയായി. സമുദായത്തിലെ യുവാക്കൾ പക്ഷേ പുരോഗമനപക്ഷത്ത് നിലയുറപ്പിച്ചു.

**അന്തർജനങ്ങളെ മനുഷ്യജീവികളാക്കാനാണ് ഞാൻ എല്ലാം ചെയ്തത്. ആഭിജാത്യം കൊണ്ട് കൊമ്പിളക്കാതെ മനുഷ്യത്വത്തോടു കൂടി ജീവിക്കാൻ നമ്പൂതിരിക്കു കഴിയണം**

'അന്തർജനങ്ങളെ മനുഷ്യജീവികളാക്കാനാണ് ഞാൻ എല്ലാം ചെയ്തത്. ആഭിജാത്യം കൊണ്ട് കൊമ്പിളക്കാതെ മനുഷ്യത്വത്തോടു കൂടി ജീവിക്കാൻ നമ്പൂതിരിക്കു കഴിയണം' എന്ന് തറപ്പിച്ചു പറയുന്നു വി.ടി. അദ്ദേഹം സമുദായത്തിൽ നിന്ന് ഭ്രഷ്ടായ പോലെ ആകുന്നു. വി ടിയെ ആശ്വസിപ്പിക്കാനും ഉശിരുപിടിപ്പിക്കാനുമായി എത്തുന്നത് പാർവ്വതി നെന്മിനിമംഗലമാണ്. മറക്കുട ദൂരെയെറിഞ്ഞ് ബ്ലൗസ് ഇട്ട് നമ്പൂതിരി യുവതികൾ വരിവരിയായി അടുക്കളയിൽ നിന്ന് പുറത്തിറങ്ങി വരികയാണ്.തുടർന്ന് നാടകരംഗത്ത് നമ്പൂതിരി യുവാക്കളുടെ ഒരു യോഗമാണ്. 'ഭാഗ്യം കെട്ട ഒരനാഥവിധവയെ കൈക്കൊള്ളാൻ നിങ്ങളാരെങ്കിലും തയ്യാറാണോ' എന്ന് പാർവ്വതി നെന്മിനിമംഗലം ഉറക്കെ ചോദിക്കുന്നു. 'ഉവ്വ് ഞാൻ തയ്യാർ' എന്നു പറഞ്ഞ് എഴുന്നേൽക്കുന്നത് എം.ആർ ബിയാണ്.

തുടർന്ന് എം.ആർ.ബിയും വി.ടിയുടെ ഭാര്യ ശ്രീദേവിയുടെ അനുജത്തി നങ്ങേമയും തമ്മിലുള്ള വിവാഹം. ചടങ്ങുക്കളൊന്നുമില്ല. വി.ടിയുടെ പുരോഗമന പ്രവർത്തനങ്ങളോടുള്ള ദ്വേഷ്യം തീർക്കാൻ നങ്ങേമയുടെ അനിയത്തി ദേവകിയുടെ നിശ്ചയിച്ച വിവാഹം പഴമക്കാർ മുടക്കുന്നു.ഈ പരീക്ഷണ ഘട്ടത്തിലും വി.ടി തളരുന്നില്ല.വി.ടി തന്റെ അനുജൻ നാരായണനെക്കൊണ്ട് ദേവകിയെ കല്യാണം കഴിപ്പിക്കുകയാണ്. ജീവിതത്തിലെ ഈ രംഗങ്ങളെല്ലാം നാടകത്തിലുണ്ട്.

പിന്നിട്ട വഴികളിലെ പ്രധാന സംഭവങ്ങൾ വി.ടിയുടെ മനസ്സിൽ തെളിയു

ന്നതാണ് അടുത്ത രംഗം. മുണ്ടമുക അയ്യപ്പൻകാവിൽ ശാന്തിക്കാരനായിരുന്നപ്പോൾ തിയ്യാടിപ്പെൺകുട്ടിയുടെ ശിഷ്യനായി അക്ഷരലോകത്തേക്ക് കടന്നതും 'മാൻമാർക്ക് കുട' എന്ന് ആദ്യമായി വായിച്ചതുമെല്ലാം. രസികസദനത്തിൽ പുലയിയെ പ്രവേശിപ്പിച്ചതിന് വി.ടിയുടെ ഭാര്യ ശ്രീദേവി നാട്ടുകാരുടെ പഴി പറഞ്ഞതും വി.ടിയുടെ മകൻ വിജയൻ മരിച്ചപ്പോൾ ആ പുലയ സ്ത്രീ വാവിട്ടു കരഞ്ഞതും യാചനായാത്രക്കായി ആഢ്യബ്രാഹ്മണ ഭവനത്തിനു മുന്നിൽ ഒന്നര മണിക്കൂർ കാത്തു നിന്ന ശേഷം ഒന്നുമില്ലെന്ന് പറഞ്ഞ് ആട്ടിയതും മറ്റും.

തത്ത്വദീക്ഷയുള്ള സാമൂഹ്യ പ്രവർത്തകർക്ക് ജീവിതം പലപ്പോഴും കഷ്ടപ്പാടുകളേ നൽകൂ. അത്തരത്തിലൊന്നാണ് വി.ടി ഭട്ടതിരിപ്പാടിന്റെ വിവാഹം. വി.ടി നേരത്തെ തന്നെ വിജാതീയയായ മാധവിക്കുട്ടിയെ വിവാഹം കഴിച്ചയാളാണ്. ആയിടെ ഒരു സംഭവമുണ്ടായി. ആനമങ്ങാട്ടെ ഒരില്ലത്തെ പടുവൃദ്ധൻ ശ്രീദേവിയെന്ന കുട്ടിയെ നാലാംവേളിക്ക് കൊടുക്കാൻ നിശ്ചയിച്ചു. ഇതിൽ നിന്നും അവളെ രക്ഷിക്കാൻ ഒരു വഴിയേ ഉള്ളൂ എന്നായി യുവജന സംഘത്തിലെ സ്നേഹിതന്മാർ. ശ്രീദേവിയെ വി.ടി ഏറ്റെടുത്ത് സംരക്ഷിക്കുക. സമുദായത്തിലെ അനാചാരങ്ങളായ സംബന്ധവും ബഹുഭാര്യാത്വവും ഒരു വശത്ത്. സഹധർമ്മിണി മാധവിക്കുട്ടി മറുവശത്ത്. തന്റെ വാക്കുകൾക്കും ആശയങ്ങൾക്കും സമൂഹത്തിൽ വിലയുണ്ടാവണമെങ്കിൽ ശ്രീദേവിയെ സ്വീകരിച്ച് ഇല്ലത്തേക്ക് കൊണ്ടുവരണം. അതിനായി ജീവന്റെ ജീവനായ മാധവിയെ ഉപേക്ഷിക്കണം.

**തന്റെ മനസ്സിന് ചിറകുകൾ വെച്ചു തന്ന വി.ടിയെ വേർപിരിയാൻ മാധവിക്കുട്ടിക്ക് എങ്ങനെ കഴിയും? എനിക്ക് ഭ്രാന്തു പിടിക്കുന്നൂ, മുഴുഭ്രാന്ത് ... മുഴുഭ്രാന്ത് , എന്ന് വിലപിച്ച് ഭാര്യയോട് യാത്ര പറയുന്നു. നാടകത്തിലെ വി.ടി. സമുദായത്തിൽ മാറ്റങ്ങളുടെ വിപ്ലവമുണ്ടാക്കാൻ വി.ടി ത്യജിച്ചത് തന്റെ പ്രാണപ്രേയസിയെ ആയിരുന്നു.**

തന്റെ മനസ്സിന് ചിറകുകൾ വെച്ചു തന്ന വി.ടിയെ വേർപിരിയാൻ മാധവിക്കുട്ടിക്ക് എങ്ങനെ കഴിയും?'എനിക്ക് ഭ്രാന്തു പിടിക്കുന്നൂ ,മുഴുഭ്രാന്ത് ,... മുഴുഭ്രാന്ത് ' എന്ന് വിലപിച്ച് ഭാര്യയോട് യാത്ര പറയുന്നു നാടകത്തിലെ വി.ടി. സമുദായത്തിൽ മാറ്റങ്ങളുടെ വിപ്ലവമുണ്ടാക്കാൻ വി.ടി ത്യജിച്ചത് തന്റെ പ്രാണപ്രേയസിയെ ആയിരുന്നു.

അവസാനകാലത്ത് അസ്വസ്ഥനായിരുന്നു വി.ടി. താൻ ഒറ്റപ്പെട്ടെന്നത് തോന്നലാണോ? അതോ താൻ പരാജയപ്പെട്ടോ?ശ്രീദേവിയുടെ ആശ്വാസവാക്കുകൾക്കൊന്നും അദ്ദേഹത്തിന്റെ ഉൾത്താപത്തെ തണുപ്പിക്കാനായില്ല.

തന്റെ ജീവിതത്തിലെ അവസാന വാക്കുകൾ വി.ടി ഇങ്ങിനെ പറയുന്നു. 'ഞാൻ ഞാനായി ഒടുങ്ങട്ടെ. യാഥാസ്ഥിതികർ പച്ച നുണകൾ പറഞ്ഞു മദിക്കട്ടെ '

ആ രംഗത്തോടെ ഇരിക്കപ്പിണ്ഡം നാടകം അവസാനിക്കുന്നു.

വി.ടിയുടെ അവസാന കാലത്തെ ഏകാന്തത കേരളത്തിലെ നവോത്ഥാന കാലം എങ്ങനെ പ്രക്ഷീണമായി എന്നതിനുള്ള ഉത്തരമാണ്. നാടകത്തിന്റെ അവതാരികയിൽ ഇ പി രാജഗോപാലൻ ഇങ്ങിനെ നിരീക്ഷിക്കുന്നു. വി.ടിയുടെ അവസാന വാക്കുകൾ വ്യക്തി വികാസത്തിന്റെ മൂർധന്യാവസ്ഥയെ വിളംബരം ചെയ്യുന്നുവെന്ന് എം.കെ സാനുവും രേഖപ്പെടുത്തുന്നു.

'അച്ഛന്റെ അന്നത്തെ സഹപ്രവർത്തകരിൽ പലരും പിന്നീട് നമ്പൂരിത്തത്തിൽ അഭിരമിക്കുന്നവരായി. പക്ഷേ നമ്പൂരിത്തത്തോട് യാത്ര പറയാനാണ് അച്ഛൻ ഒരുമ്പെട്ടത്.പൂണൂൽ മാത്രമല്ല - സന്ധ്യാവന്ദനം, ശ്രാദ്ധം, പിണ്ഡം തുടങ്ങിയ ആചാരകർമങ്ങളും അച്ഛൻ വേണ്ടന്നു വെച്ചു 'വിടിയുടെ മകൻ വി.ടി വാസുദേവന്റെ കുറിപ്പുകളിൽ നമുക്കിങ്ങനെ വായിക്കാം .

ഇരിക്കപ്പിണ്ഡം വി.ടിയുടെ ജീവിതമാണ്. ഒപ്പം നവോത്ഥാന വഴികളിലെ സമാനതകളില്ലാത്ത ത്യാഗങ്ങളുടെ കഥയുമാണ്. ■

(കണ്ണനൂർ തെക്കേടത്ത് രാമൻ നമ്പൂതിരിയുടെയും നങ്ങേലി അന്തർജനത്തിന്റെയും ( അന്തർജനങ്ങളിലെ ആദ്യ സർക്കാർ ടീച്ചർ) മകനായ ടി. നാരായണൻ എക്കൗണ്ടന്റ് ജനറൽ ഓഫീസിൽ നിന്നും റിട്ടയർ ചെയ്തു. ഇടതുപക്ഷ ട്രേഡ് യൂനിയൻ നേതാവായിരുന്നു. വർഷങ്ങളോളം ബാലസംഘം ചുമതലക്കാരനും. വിലാസം ജ്യോതിസ്,കൈതമുക്ക്,തിരുവനന്തപുരം. മൊബൈൽ 9446465903)

# കുട്ടികളെ ഓർക്കുമ്പോൾ

**മല്ലിക അച്യുതൻ നമ്പൂതിരി**



ഓരോന്ന് ചിന്തിച്ചിരിക്കുകയായിരുന്നു. 'മുത്തശ്ശീ' പുറകിൽ നിന്ന് ഉണ്ണി വിളിച്ചൂന്ന് തോന്നി. തിരിഞ്ഞു നോക്കിയപ്പോൾ ആരും ഇല്ല. തോന്നിയതാണ്. കൊറോണരോഗം കാരണം സ്കൂളിൽ പോണ്ട.കുട്ടികൾ നല്ല ആഘോഷത്തിലായിരുന്നു. പ്രത്യേകിച്ചു ചെറിയ ക്ലാസ്സിലെ മക്കൾ. കുറച്ചു ദിവസായി ഇവിടെ നല്ല ബഹളായിരുന്നു. ഓൺലൈൻ ക്ലാസ്സ് കഴിഞ്ഞാൽ പിന്നെ കളി തകൃതി!

ഇവിടന്ന് ഉണ്ണിയും, ഭദ്രയും, കണ്ണേട്ടന്റെ കൂടെ കളിച്ച് കുറച്ചു കഴിയുമ്പോൾ അമ്മിണി ഓപ്പോളെ കൂട്ടു പിടിക്കാൻ പോവും. അച്ചുവും ഉണ്ട്. ഓപ്പോളായിട്ട്. സന്ധ്യമയങ്ങും വരെ കളി തന്നെ കളി. കാണാൻ നല്ല രസായിരുന്നു.

പെട്ടെന്നാണ് മകന് അറിയിപ്പു വന്നത്. കോളേജിൽ പോയി പഠിപ്പിക്കണമെന്ന്. കൊല്ലത്ത് പോവാണ്ട് പറ്റില്ല്യ. ഉണ്ണിയും ഭദ്രയും അവരുടെ അച്ഛന്റെ കൂടെ കൊല്ലത്തേക്ക് പോയി.

ഈശ്വരാ! എനിക്ക് വല്ലാത്ത വിഷമമായി. അമ്മിണി അമ്മാത്തേക്കും പോയി! ശരിക്കും ഇവിടമാകെ ഉറങ്ങിയതു പോലെയായി. കുട്ട്യോൾടെ കളി ഓർക്കുമ്പോൾ എന്തൊരു വിമ്മിഷ്ടം.

കുട്ടികൾ എവിടെയായാലും അസുഖമൊന്നും വരാതെ നല്ല ഉത്സാഹത്തോടു കൂടിയിരിക്കാൻ വിഷ്ണു സഹസ്രനാമം, ലളിത സഹസ്രനാമം എന്നിവ ചൊല്ലി പ്രാർത്ഥിച്ചു കണ്ണും നട്ട് കാത്തിരിക്കുകയാണ് ഈ മുത്തശ്ശി. ■

**മല്ലിക അച്യുതൻ നമ്പൂതിരി,**
നാറാണിയാട്ട് ഇല്ലം
ഫാറൂക്ക് കോളേജ് പി ഒ
ഫറോക്ക്. ഫോൺ : 9497751354

**സിനിമയുടെ മായാ പ്രപഞ്ചത്തിൽ തന്റേതായ ഒരു അടയാളം രേഖപ്പെടുത്തുവാനുള്ള പ്രയത്നത്തിലാണ് വാസുദേവൻ.**

# ഒരു ഗ്രാഫിക് ശാന്തിക്കാരൻ

കുട്ടികാലം കൌതുകങ്ങളുടേയും വർണ്ണങ്ങളുടേയും ലോകമാണ്. സ്ക്കൂൾ കാലത്ത് സിനിമാ/സ്പോർട്സ് താരങ്ങളുടെ ചിത്രങ്ങൾ വെട്ടിയെടുത്ത് കൂട്ടുകാരുടെ മുന്നിൽ ഹീറോയാവുക പല കുട്ടികൾക്കും ആവേശമാണ്. എന്നാൽ വാസുദേവനെ ആകർഷിച്ചത് ഇതൊന്നുമായിരുന്നില്ല. പരസ്യചിത്രങ്ങളും പരസ്യവാചകങ്ങളുമാവിരുന്നു അവന്റെ കണ്ണിലും മനസ്സിലും. തന്റെ പുസ്തകങ്ങളിൽ പരസ്യ ചിത്രങ്ങൾ വെട്ടിയൊട്ടിച്ച് അവൻ കൂട്ടുകാരെ അമ്പരപ്പെടുത്തി. ഭാവിയിൽ ആരാവാനാണ് ആഗ്രഹം എന്ന മാഷുടെ ചോദ്യത്തിന് പരസ്യം ഉണ്ടാക്കുന്ന ആളായാൽ മതി എന്ന മറുപടിയും! ഒരു കുട്ടിയും പറയാത്ത, വ്യത്യസ്തമായ ഒരു ആഗ്രഹം!! അത് അച്ചട്ടായി!!!

ഡിഗ്രിക്ക് ശേഷം പ്രമുഖരായ വളപ്പില കമ്മ്യൂണിക്കേഷൻ എന്ന പരസ്യ ഏജൻസിയിൽ പ്രവർത്തനം ആരംഭിച്ചു. ആലുക്കാസ് ജ്വല്ലറിക്ക് വേണ്ടി ചെയ്ത 'പെണ്ണേ നിന്നെ സുന്ദരിയാക്കിയതാര്...' എന്ന് തുടങ്ങുന്ന ഗാനപശ്ചാത്തലത്തിലുള്ള പരസ്യത്തിന് ബെസ്റ്റ് വിഷ്വൽ ഡയറക്ടർ, ബെസ്റ്റ് കോൺസെപ്റ്റ് തുടങ്ങിയ നിരവധി അവാർഡുകളും നേടി. അതൊരു തുടക്കമായിരുന്നു.

കുറച്ച് വർഷങ്ങൾക്കകം തന്നെ സ്വന്തം പരസ്യ ഏജൻസിയിലെത്തി ആ യാത്ര. നിരവധി കമ്പനികൾക്ക് വേണ്ടി പരസ്യ ചിത്രങ്ങൾ നിർമ്മിക്കുകയും, സംവിധാനം നിർവഹിക്കുകയും ചെയ്തു. 2016-ൽ തൃശ്ശൂർ പൂരത്തിന് വേണ്ടി ഗ്രാഫിക്സ് ആൽബം ചെയ്തത് വാസുദേവനാണ്. പ്രേക്ഷകരുടെ പ്രശംസ മാത്രമല്ല, അംഗീകാരങ്ങളും അതിനു ലഭിച്ചു. കുറച്ച് കാലത്തിനു ശേഷം ഏജൻസിയുടെ പാർട്ണറുമായുള്ള ചില അഭിപ്രായ ഭിന്നതകളെ തുടർന്ന്, ആ സ്ഥാപനത്തിൽ നിന്നു പിൻമാറി. തുടർന്ന് പുതിയ അവസരങ്ങൾ തേടി ഇന്ത്യയുടെ സിലിക്കൺ വാലിയായ ബാംഗ്ലൂരിലേക്ക് ചേക്കേറി. ഉപജീവനത്തിന് നമ്പൂതിരിക്ക് ശാന്തിയുണ്ടല്ലോ. ഒരു അയ്യപ്പ ക്ഷേത്രത്തിൽ ശാന്തിപ്പണി കിട്ടി, ഒപ്പം മണിപ്പാൽ യൂണിവേഴ്സിറ്റിയുടെ കീഴിൽ മൂന്ന് വർഷത്തെ അനിമേഷൻ കോഴ്സ്.

അതു വെറുതെയായില്ല. വിഷ്വൽ എഇഫക്ട്സിൽ പ്രവർത്തിച്ച് തുടങ്ങുന്ന വാസുദേവന് ആദ്യമായി ഒരു കന്നഡ സിനിമയിൽ സഹകരിക്കുവാനുള്ള അവസരം ലഭിച്ചു.

വിഷ്വൽ എഫക്ട്സ് സിനിമയിലെ പുതിയ വിദ്യയാണ്. കമ്പ്യൂട്ടറിലെ അനിമേഷൻ, കമ്പോസിറ്റിങ്ങ് സോഫ്റ്റ്‌വെയറുകളുടെ സഹായത്തോടെ കഥക്കും, രംഗത്തിനും യോജിച്ച മാനസിക കല്പനകളെ ദൃശ്യവൽക്കരിക്കുകയാണ് വിഷ്വൽ എഫക്ട്സ് നിർവഹിക്കുന്നത്. ഇതുപയോഗിച്ച് അപകടകരവും, ചെലവേറിയതും തികച്ചും സാങ്കൽപ്പികവുമായ കാര്യങ്ങൾ സിനിമയിൽ ആവിഷ്കരിക്കാൻ സാധിക്കും. സിനിമയുടെ പോസ്റ്റ് പ്രൊഡക്ഷന്റെ സമയത്താണ് വിഷ്വൽ എഫക്ട്സ് പൂർത്തിയാക്കപ്പെടുന്നതെങ്കിലും, പ്രൊഡക്ഷനിലും പ്രീ പ്രൊഡക്ഷനിലും ശ്രദ്ധയോടെയുള്ള രൂപരേഖയും ചിത്രീകരണവും അത്യന്താപേഷിതമാണ്. അതിനാൽ ഒരു വിഷ്വൽ ഇഫക്ട്സ് സൂപ്പർവൈസർ സിനിമയുടെ തുടക്കം മുതൽ തന്നെ സംവിധായകനൊപ്പം സഹകരിക്കും.

**നമ്പൂതിരി പശ്ചാത്തലത്തിൽ നിന്ന് വിഷ്വൽ എഫക്ട്സ് മേഖലയിലെത്താൻ കൈത്താങ്ങായത് സുഹൃത്തുക്കളുടെ പിന്തുണയാണ്. നമ്പൂതിരി സമുദായത്തിൽ നിന്നു കൂടുതൽ പ്രതിഭകളെ കണ്ടെത്തി പ്രോത്സാഹനം നൽകാൻ യോഗക്ഷേമ സഭ മുൻകയ്യെടുക്കണം.**



*വാസുദേവൻ ഭാര്യ ദീപ്തിയും മകൻ വിഹാനുമൊത്ത്*

നിരവധി രാജ്യാന്തര അവാർഡുകൾ നേടിയ ശ്രീനിവാസ് മോഹന്റെ കീഴിൽ മൂന്ന് വർഷം വിഷ്വൽ ഇഫക്ട്സ് അസിസ്റ്റന്റായി ജോലി ചെയ്യുവാൻ ലഭിച്ച അവസരം കൂടുതൽ പ്രചോദനമായി. തുടർന്ന് നിരവധി സിനിമകളിൽ വിഷ്വൽ ഇഫക്ട്സ് ടീമിൽ ജോലി ചെയ്തു. ഒടുവിൽ തന്റെ പരിചയ സമ്പത്ത് പൂർണ്ണമായി ഉപയോഗപ്പെടുത്തുവാൻ, ബാംഗ്ലൂരിൽ സ്വന്തമായി ഒരു വിഷ്വൽ ഇഫക്ട്സ് സ്റ്റുഡിയോയും. മാറുന്ന നമ്പൂതിരിയുടെ നവീനമുഖം.

മലയാള സിനിമയിൽ പാപ്പാസ്, രൌദ്രം, കാറ്റ് കടൽ അതിരുകൾ, ആക്ഷൻ ഹീറോ ബിജു തുടങ്ങിയ സിനിമകൾ കൂടാതെ തമിഴ്, കന്നഡ, തെലുങ്ക്, ഹിന്ദി തുടങ്ങി നിരവധി ഭാഷാ സിനിമകളുടെ ഭാഗമാണ് വാസുദേവൻ കൊരട്ടിക്കര അമരക്കാരനായ ഈ സ്റ്റുഡിയോ.

വിഷ്വലിനു പുറത്തും വാസുദേവന് ലോകമുണ്ട്. തികച്ചും പ്രകൃതിദത്തമായ ചേരുവകൾ ചേർത്ത്, പരമ്പരാഗത തനിമ നിലനിർത്തികൊണ്ട് ത്വക്ക് സംബന്ധമായ എല്ലാ അസുഖങ്ങളേയും അകറ്റി, ശരീര സൌന്ദര്യവും ഓജസ്സും വർദ്ധിപ്പിക്കുന്ന സോപ്പ്. മുഖത്തും ശരീരത്തിലും തേക്കുവാനുള്ള ലേപനങ്ങൾ, തലമുടിയുടെ വളർച്ചക്ക് സഹായിക്കുന്ന എണ്ണകൾ, ഷാംപൂ എന്നിവയെല്ലാം വ്യാവസായിക അടിസ്ഥാനത്തിൽ നിർമ്മിക്കുന്ന ആദ്യ നാച്ചുറൽ എന്നൊരു സ്ഥാപനവും ആരംഭിച്ച് കഴിഞ്ഞു.പാഞ്ഞാളിലുള്ള കൊരട്ടിക്കരയാണ് തറവാട്. വളർന്നത് ഗുരുവായൂർ കോട്ടപ്പടിയിലും. പത്തനംതിട്ടയിലെ വടക്കേ ഇല്ലത്തെ ദീപ്തിയാണ് സഹധർമ്മണി. മകൻ വിഹാൻ അഞ്ചാം ക്ലാസ്സിൽ. ബാംഗ്ലൂരിൽ സ്ഥിരതാമസം. വാസുദേവന്റെ ഫോൺ നമ്പർ: 9483196606.



# തന്ത്രിമണ്ഡല വിദ്യാപീഠം

രജി.നമ്പർ: Q700/2010

താന്ത്രിക് & വേദിക് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

OWNED BY AKHILA KERALA THANTHRI MANDALAM

PPROVED BY KERALA DEVASWOM RECRUITMENT MANDALAM



**പൂജാ – താന്ത്രിക – വൈദിക – ജ്യോതിഷ വിഷയങ്ങൾ ഓൺലൈൻവഴി വീട്ടിൽ ഇരുന്ന് പഠിക്കാൻ ഒരു സുവർണ്ണാവസരം!!!**

**പൂജാവിശാരദ് – തന്ത്രപ്രവേശിക – തന്ത്രവിശാരദ്, ജ്യോതിഷ പ്രവേശിക – ജ്യോതിഷ വിശാരദ്**
**എന്നീ കോഴ്സുകളുടെ പുതിയ ബാച്ചിലേയ്ക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു.**

1958 ലെ നമ്പൂതിരി ആക്റ്റിൽ പറഞ്ഞിരിക്കുന്ന ബ്രാഹ്മണ സമുദായ അംഗങ്ങൾക്കെല്ലാവർക്കും തന്ത്രിമണ്ഡല വിദ്യാപീഠം നടത്തുന്ന താന്ത്രിക – വൈദിക കോഴ്സുകളിൽ ചേർന്ന് പഠിക്കാവുന്നതാണ്.

**പൂജാവിശാരദ്** – 1 വർഷം (12 മാസത്തെ ഫീസ് – 5400 രൂപ) (ക്ലാസുകൾ എല്ലാ രണ്ടാം ശനിയാഴ്ചയും )
താന്ത്രികം:– : ദേഹശുദ്ധി മുതൽ ചെറിയ ഗണപതിഹോമം, തന്ത്രസമുച്ചയ പ്രകാരമുള്ള ആറ് ദേവീദേവൻമാരുടെയും ശേഷസമുച്ചയപ്രകാരം ഉള്ള ഒരു ദേവിയുടെയും സപരിവാര പൂജകൾ, നവകം, പഞ്ചഗവ്യം, ശീവേലി കഴിവോളമുള്ള ക്രിയകൾ.

വൈദികം:– (ഋഗ്വേദി + യജുർവേദി) സ്വചരണ പ്രകാരം നിത്യകർമ്മം, സൂക്തങ്ങൾ, പഞ്ചദുർഗ്ഗാ മന്ത്രം, ആശൗച നിയമങ്ങൾ.

ജ്യോതിഷം:– ജ്യോതിഷം ഒരു ആമുഖം, പഞ്ചാംഗ പരിചയം, രാശി വിവരണം, രാശിപ്രമാണ നാഴിക, ഗ്രഹസ്ഥിതി.

**തന്ത്രപ്രവേശിക**–3 വർഷം (12 മാസത്തെ ഫീസ്–6000രൂപ) (ക്ലാസുകൾ എല്ലാ രണ്ടാം ശനിയാഴ്ചയും )
താന്ത്രികം: പ്രാസാദശുദ്ധി ക്രിയകൾ, ബിംബശുദ്ധി, ശ്രീഭൂതബലി, മുളയിടൽ, കൊടിയേറ്റം തുടങ്ങി ആറാട്ട് വരെ വലിയ ഗണപതിഹോമം, മറ്റ്ഹോമങ്ങൾ, സർപ്പപൂജയും നൂറുംപാലും.
വൈദികം :– (ഋഗ്വേദി + യജുർവേദി) ഷോഡശക്രിയാ പരിചയം, ശ്രാദ്ധക്രിയകൾ, ചെറിയഹോമാചാരം, വലിയഹോമാചാരം.
ജ്യോതിഷം: ജാതകരചന, പൊരുത്തശോധന, പൊരുത്തദോഷപ്രായശ്ചിത്തം, മുഹൂർത്ത പരിചയം, സാമാന്യപ്രശ്നരീതി.

**തന്ത്രവിശാരദ്** – 4 വർഷം (12 മാസത്തെ ഫീസ് – 6000 രൂപ) (ക്ലാസുകൾ എല്ലാ മൂന്നാം ശനിയാഴ്ചയും )
വലിയ ദേഹശുദ്ധി, വലിയ കലശപൂജ, ബ്രഹ്മകലശ പൂജ, അഗ്നിജനനത്തോട് കൂടിയ വലിയ ഹോമാചാരം, പ്രായശ്ചിത്താഹോമങ്ങൾ, സർപ്പബലി.

**ആചാര്യരത്നം** – 6 വർഷം (12 മാസത്തെ ഫീസ് – 12000)
നവീകരണ ക്രിയകൾ, നൂതന പ്രതിഷ്ഠാ ക്രിയകൾ, ധ്വജപ്രതിഷ്ഠാ ക്രിയകൾ, വിശേഷാൽ ക്രിയകൾ (മഹാചതുഃശുദ്ധി, വലിയധാര, അവഗാഹം, മഹാപഞ്ചകം എന്നീ മഹത് പ്രായശ്ചിത്തങ്ങളും, മഹാകുംഭം, മണ്ഡപ സംസ്കാരം)

## ജ്യോതിഷ ജ്ഞാനയജ്ഞ കോഴ്സുകൾ

ജാതി ഭേദമന്യേ താൽപര്യമുള്ള എല്ലാവർക്കും തന്ത്രിമണ്ഡല വിദ്യാപീഠം നടത്തുന്ന ജ്യോതിഷ കോഴ്സുകളിൽ ചേർന്ന് പഠിക്കാവുന്നതാണ്.

**ജ്യോതിഷ പ്രവേശിക** – 1 വർഷം (12 മാസത്തെ ഫീസ് – 6000 രൂപ) (ക്ലാസുകൾ എല്ലാ രണ്ടാം ശനിയാഴ്ചയും)
ജ്യോതിഷം ഒരു ആമുഖം, പഞ്ചാംഗ പരിചയം, നക്ഷത്രദശാനാഥൻമാർ, രാശി വിവരണം, ഗ്രഹങ്ങളുടെ വിശദാംശങ്ങൾ, ഉദയാൽപരം രാശിപ്രമാണ നാഴിക, ലഗ്നം അടയാളപ്പെടുത്തുന്ന വിധം, ചന്ദ്രനെ അടയാളപ്പെടുത്തുന്ന വിധം, ഗ്രഹസ്ഥിതി.

**ജ്യോതിഷവിശാരദ്** – 3 വർഷം (12 മാസത്തെ ഫീസ് – 6000 രൂപ) (ക്ലാസുകൾ എല്ലാ രണ്ടാം ശനിയാഴ്ചയും)
ജാതകരചന, ദശാകാലഗണിതം, സ്ഫുടഗണിതം, ഭാവങ്ങൾ, യോഗങ്ങൾ, സ്ത്രീജാതകത്തിന്റെ പ്രത്യേകതകൾ, പൊരുത്തശോധന,പാപസാമ്യത, പൊരുത്തദോഷപ്രായശ്ചിത്തം, മുഹൂർത്ത പരിചയം, സാമാന്യപ്രശ്നരീതി.

**ജ്യോതിഷരത്നം** – 6 വർഷം (12 മാസത്തെ ഫീസ്– 6000 രൂപ)
നവദോഷങ്ങൾ, വസുപഞ്ചകം, പിണ്ഡനൂൽ, ബലിനക്ഷത്രം, കരിനാൾ, മുഹൂർത്തരചന, സംഖ്യാശാസ്ത്രം, രത്നനിർണ്ണയം, മഹേശ്വര ധ്യാനം, നിയമങ്ങൾ, ആരൂഢവേധം, കർത്തൃദോഷങ്ങൾ, കടപയാദി സംഖ്യാഗണിതം, പഞ്ചാംഗ ഗണിതം, താംബൂല പ്രശ്നം, പ്രമാണങ്ങൾ, പ്രശ്നചിന്ത, ദേവപ്രശ്നരീതി, ദേവപ്രശ്നചിന്ത, ബാധാവിവരണം, ഒഴിവ് നോക്കൽ, പ്രായശ്ചിത്ത പരിഹാരാദികൾ, പ്രമാണങ്ങൾ

അഡ്മിഷനുവേണ്ടി ബന്ധപ്പെടേണ്ടത്

**വി.എസ്.വിഷ്ണുനമ്പൂതിരി**

ജനറൽ സെക്രട്ടറി, തന്ത്രിമണ്ഡലവിദ്യാപീഠം,

വാഴയിൽമഠം, House No. 15/424, ശാർക്കര, ചിറയിൻകീഴ്, തിരുവനന്തപുരം– 695304

ഫോൺ. 9447006599, ഇമെയിൽ : tmvidyapeedam@gmail.com



# മംഗള പത്രം

**ഓം ശ്രീ ഗണപതയേ നമഃ**

വിഘ്നേശ്വരൻ എന്നും തുണയായീടേണമേ.
വിഘ്നങ്ങളെല്ലാം അകറ്റിത്തരേണമേ.
മാതാപിതാക്കൾ ഉമാശിവന്മാർക്കൊപ്പം
കൈലാസമധ്യേ വിളങ്ങും ഗണപതി,
സോദരൻ ഷൺമുഖനോടുമൊരുമിച്ചു
എന്നുള്ളിലെന്നും വിളങ്ങിയരുളണേ.
സഹ്യാദ്രിയിൽ നിന്നുദിച്ചു കുതിക്കുന്ന ,
ചാലിയാറിൻ തീരെ വാമനമൂർത്തീതൻ ,
ഉണ്ണിമുറയിൽ ശാസ്താ നാളിലുത്രത്തിൽ,
ദേവകിനാരായണന്മാർക്കു പുത്രനായി,
രക്തേശ്വരി പരദേവതയായ് വാഴുന്ന,
പുകൾപ്പറ്റ കരിപ്പത്ത് ഇല്ലത്തൊരുണ്ണിയായ്.
വാത്സല്യത്താൽ എല്ലാവർക്കും രഘുണ്ണിയായി,
ഉണ്ണി കളിച്ചു വളർന്നൂ ഇരുജ്യേഷ്ഠൻമാർ,
സോദരിമാർ നാലു പേരോടൊപ്പമായ്,
സ്നേഹിച്ചും കൊച്ചു കുറുമ്പു കാട്ടികൊണ്ടും,
തെല്ലു പിണങ്ങിയും ആനന്ദമായ് സദാ,
അമ്മതൻ കണ്ണിലുണ്ണി കിനാവച്ഛനും.
(ചാലിയാർ മോദാലൊഴുകിനാർ പിന്നെയും)
ഉണ്ണി വലുതായി ഉത്തമപുത്രനായ്,
ഉത്തമ വിദ്യാഭ്യാസവും നേടി ശ്രേഷ്ഠനായ്,
ഉത്തമ ജീവിത വൃത്തി വശത്താക്കി,
അച്ഛനഭിമാനം അമ്മയ്ക്കുമാനന്ദം,
ഉടപ്പിറന്നോർക്കു സഹായിയായ് എപ്പോഴും.
(ചാലിയാർ വീണ്ടും ഒഴുകി ആമോദമായി)

തൃശ്ശിവപേരൂരിൽ മുല്ലനേഴി മകൾ
ശ്രീലതയെ, വാമഭാഗമാക്കിനാൻ ധന്യനായ്,
ഉദ്യോഗകാര്യത്തിനായി പല പല രാജ്യങ്ങൾ,
ഉണ്ണിമുറയിൽ നിന്നേറെയകലെയായ്,
ദാമ്പത്യവല്ലരിയിൽ വിടർന്നു രണ്ടു,
പൊന്നോമനകളൊരുണ്ണിയും കുട്ടിയും,
സ്നേഹം വാരികൊടുത്തും യഥാകാലത്ത്,
വാണീദേവി പ്രസാദം ചിരം നൽകിയും,
ജീവിത പാതയിൽ നടന്നും കിതച്ചുമേ,
ആറു ദശാബ്ദങ്ങൾ പോയതറിഞ്ഞില്ലാ.
ഈശ്വരൻ നൽകിയ ജന്മമാനന്ദമായ്
ഇനിയുമൊരുപാട് വർഷങ്ങൾ താണ്ടുവാൻ,
ഉണ്ണിക്കണ്ണാ കൃഷ്ണാ ശ്രീ വാമനമൂർത്തേ,
എന്നും കനിയണേ എന്നും തുണക്കണേ.
തൻ കർമധർമ്മങ്ങൾ നീതിയോടും സത്യ,
നിഷ്ഠയോടും ചെയ്തു മുന്നേറുവാൻ ആയി,
ദൂരെ നിന്നച്ഛനനുഗ്രഹവും അമ്മ,
നൽകീടും ആശംസകളുമേറ്റു വാങ്ങീ,
സോദരർക്കും വാമഭാഗത്തിനും പുത്ര
പുത്രീ, ബന്ധുക്കൾക്കും സ്നേഹിതന്മാർക്കുമേ,
എന്നു അഭിമാനമായ് ഉയർന്നീടുവാൻ,
സർവേശ്വരൻ കൃപയാകണേ നിത്യവും.
അമ്മേ രക്തേശ്വരി എന്നും കനിയേണേ,
കൈപിടിച്ചെന്നും നടത്തേണേ അംബികേ,
സംസാരസാഗരം തണ്ടുവാൻ എപ്പോഴും ,
എന്നും തുണയേകീടേണേ സർവേശ്വരി.

-ശുഭം-

സമർപ്പണം
**ശ്രീലത രഘുനാരായണൻ**

2020 നവംബർ പതിനൊന്നിന് ഉത്രം നാളിൽ ഷഷ്ഠിപൂർത്തി ആഘോഷിച്ച ഉണ്ണിമുറ കരിപ്പം ഇല്ലത്തെ

## വി. കെ രഘുനാരായണന് ആശംസകൾ

മൊബൈൽ : 9398134512 ,അരീക്കോട് ഉപസഭ, മലപ്പുറം ജില്ല



## നടുവിലേടത്ത് ദേവകി അന്തർജനം

അമ്മയുടെ എൺപത്തി അഞ്ചാം പിറന്നാളിന് ആശംസകൾ

**സ്നേഹപൂർവം മക്കൾ: നടുവിലേടത്ത് രാമചന്ദ്രൻ**
**മുരളി കൃഷ്ണൻ, സാവിത്രി മാങ്കുളം.**

കണ്ണിപറമ്പ് ഉപസഭ, കോഴിക്കോട്



# നമ്പൂതിരിക്കും വഴങ്ങും മുഖമെഴുത്തിന്റെ സൗന്ദര്യം

പഠനകാലം! പലരും പാടിപ്പുകഴ്ത്തുംപോലെ സ്കൂൾ ജീവിതം അത്ര ചേതോഹരമായി അനുഭവപ്പെട്ടിട്ടില്ല. ഒന്നാമത് പാഠ്യവിഷയങ്ങളേക്കാൾ ഇഷ്ടം കലാപരമായ ഇനങ്ങളോടായിരുന്നു. മറ്റൊന്ന് ഒരു വടക്കൻ കഥയിലും ഒരു പാണനാരും പാടിയിട്ടില്ലാത്ത സവർണ്ണന്റെ ദാരിദ്ര്യം!

ഒരുവിധം പത്താംതരം കടന്നുകൂടുമ്പോൾ സാമ്പത്തിക ഞെരുക്കം ഇല്ലത്തെ കാർന്നുതിന്നിരുന്നു. അപ്പോഴും യുവജനോത്സവത്തിൽ പങ്കെടുക്കാൻ ഒട്ടും വിമുഖത കാട്ടിയില്ല !
ചിത്രകല! അത് ദൗർബല്യമാണെന്ന് തിരിച്ചറിഞ്ഞപ്പോൾ വര തുടങ്ങി. വരയ്ക്കണം! വരകളിലൂടെ അറിയപ്പെടണം!അതായിരുന്നു ആഗ്രഹം. ആരും കൈയഴിഞ്ഞ് മനസ്സറിഞ്ഞ് സഹായിക്കാനില്ല. ആ ഇല്ലത്തെ വിഷ്ണു മറ്റെന്തു ചെയ്യാൻ! സകല ദൈവങ്ങളെയും മനസ്സറിഞ്ഞു വിളിച്ചു. സഹിച്ചു! പലതും പലരിൽ നിന്നും. ലക്ഷ്യം മാത്രമായിരുന്നു പ്രധാനം. ഗുരുകാരണവന്മാരുടെ അനുഗ്രഹം. ചിത്രകലാ ഇൻസ്റ്റിറ്റ്യൂട്ടിലെ പഠനം .ഒടുവിൽ ഡ്രോയിംഗ് ടീച്ചറായി.
1967-ൽ ചേന്ദമംഗലൂർ ഹൈസ്കൂളിൽ പാർട്ട് ടൈം അധ്യാപകൻ! ശമ്പളം 59 രൂപ!

രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ ശ്രമിക്കുമ്പോഴെല്ലാം ഒരറ്റം വിട്ടിരിക്കും! എങ്കിലും കാലത്തോടും ദൈവത്തോടും നന്ദിപറയുന്നു ഇപ്പോൾ.
രണ്ടു വർഷം പിന്നിട്ട് 1969-ൽ സർക്കാർ അധ്യാപകനായി ജന്മനാട്ടിൽ! അപ്പോഴും ഉള്ളിലെ കലാകാരൻ ചമയമൊരുക്കാൻ പ്രേരിപ്പിച്ചുകൊണ്ടേയിരുന്നു.



വൃത്തിയായി ചെയ്യാമെന്ന ആത്മവിശ്വാസമുണ്ടായിരുന്നെങ്കിലും പക്ഷേ, ഇതൊരുക്കാൻ വേണ്ട ദ്രവ്യങ്ങളെക്കുറിച്ച് ഒരറിവും ഇല്ലായിരുന്നു. അപ്പോഴാണ് പഠിച്ച സ്കൂളിന്റെ (നടുവണ്ണൂർ ഹൈസ്കൂൾ) സിൽവർ ജൂബിലിയാഘോഷം! മൂന്നു ദിവസം കലാപരിപാടികൾ! ശ്രദ്ധ ചമയക്കാരനിൽ!പ്രഗത്ഭനായ മേക്കപ്പ് ആർട്ടിസ്റ്റ് കണാരൻ മാസ്റ്റർ!ഗുരു ചേമഞ്ചേരിയുടെ ചേലിയ കലാസമിതിയുടെ ചമയക്കാരൻ!ആ കൈവിരുത് കാണാൻ കൊതിച്ചു!

അന്ന് ഗ്രീൻ റൂമിലേക്ക് അന്യർക്ക് പ്രവേശനമില്ല.കൊതിമൂത്ത് ആഗ്രഹം ശേഖരൻകുട്ടി മാസ്റ്ററോട് പറഞ്ഞു. അദ്ദേഹം ഒരിളം ചിരിയോടെ മാഷെ ഗ്രീൻ റൂമിലാക്കി.
ചമയവും ഡ്രസ്സിംഗും കാണുകയായിരുന്നില്ല, ആവാഹിക്കുകയായിരുന്നു! ആദ്യത്തെ പ്രാക്ടിക്കൽ ക്ലാസ്! അങ്ങനെ ചമയക്കാരനായി!

ചമയത്തിന് ആവശ്യമായ കൺമഷി, റോസ് പൗഡർ, സിങ്ക് വൈറ്റ്, ചുവപ്പ്, മഞ്ഞ, നീല പൗഡറുകൾ എന്നിവ കോഴിക്കോട് മാത്രം ലഭിക്കുന്ന കാലം. മുഖമെഴുതാൻ ആവശ്യമായ രീതിയിൽ തയ്യാറാക്കുകയും വേണം.സിങ്ക് വൈറ്റ് വെളിച്ചെണ്ണയിൽ ചാലിച്ച് ചുവപ്പ്, മഞ്ഞ തുടങ്ങിയ പൗഡർ ചേർത്ത് കുഴച്ചെടുത്താണ് ഫൗണ്ടേഷൻ തയ്യാറാക്കുന്നത്. മുഖത്ത് കൈകൊണ്ട് തേച്ച് ഉള്ളംകൈയാൽ അതെല്ലാ ഭാഗത്തും ഒരേ അളവിൽ ചെയ്തെടുത്ത് ചുവപ്പ് കളർ ഉപയോഗിച്ച് തുടിപ്പുണ്ടാക്കി, മഷിയാൽ മിഴിയെഴുതി (ഇത് പിന്നീട് ഐബ്രോ പെൻസിലായി) യായിരുന്നു അന്നത്തെ ചമയിക്കൽ. നാടക ചമയത്തിന് താടി, മീശ, വിഗ്ഗ് എന്നിവയും വാങ്ങി ഉപയോഗിച്ചിരുന്നു. കഷണ്ടിക്ക് പപ്പടക്കൂട്ടും.
ഈ കാലയളവിൽ ഒരുപാട് നാടകങ്ങൾക്കും നൃത്തങ്ങൾക്കും ചമയമൊരുക്കി!

ഉറക്കം അന്യംനിന്ന രാത്രികൾ നിരവധി!യുവജനോത്സവ നാളുകളിൽ ഉറക്കത്തോടൊപ്പം ഭക്ഷണവും വെടിയേണ്ടിവന്ന നിരവധി രാവുകൾ! പിന്നീട് സെറ്റിംഗ്സിലേക്കും വസ്ത്രാലങ്കാരത്തിലേക്കും ശ്രദ്ധപതിപ്പിക്കേണ്ടിവന്നു.

ശ്രീമുരുകൻ, ശിവരാത്രി മാഹാത്മ്യം തുടങ്ങിയ പുരാണ നാടകങ്ങൾക്ക് കർട്ടനും കട്ടൗട്ടറും ഒരുക്കി. ലിബറൽ തിയേറ്റേഴ്സ്, തരംഗിണി നാടകസമിതി, വിക്രമൻ നായരുടെ സ്റ്റേജ് ഇന്ത്യ, എം.കെ.രവിവർമ്മയുടെ നാട്ടരങ്ങ് തുടങ്ങിയ നാടകസമിതികൾക്ക് ചമയമൊരുക്കി. നാടകങ്ങളിൽ ശ്രദ്ധേയമായിരുന്നു വാത്മീകിയും കർണ്ണപർവ്വവും. മാതാ പേരാമ്പ്രയുടെ സ്ഥിരം മേക്കപ്പ് ആർട്ടിസ്റ്റായിരുന്നു. അവരോടൊപ്പം ഗുജറാത്ത്, ഡൽഹി തുടങ്ങി കേരളത്തിന് പുറത്ത് ഇന്ത്യയിലെ മിക്ക സംസ്ഥാനങ്ങളിലും, ഇന്ത്യക്ക് പുറത്ത് മിനിക്കോയി ദ്വീപിലും ഒന്നിലധികം തവണ യാത്ര പോയിട്ടുണ്ട്.

'തിരിഞ്ഞുനോക്കുമ്പോൾ ചാരിതാർത്ഥ്യമുണ്ട്. ഇന്നോളം ആത്മാർത്ഥമായാണ് ചമയമൊരുക്കിയത്. ഒരുപാട് പ്രഗത്ഭരുടെ മുഖത്ത് ചായമണിയിക്കാൻ കഴിഞ്ഞു. അനവധി ശിഷ്യർ, സഹപ്രവർത്തകർ'.

കക്കാടിന്റെ വാക്കുകൾ കടമെടുത്ത് അവസാനിപ്പിക്കട്ടെ:

'സഫലമീ യാത്ര!' മാഷ് പറയുന്നു. ആശംസിക്കാം മാഷിനെ. ഗുരുപൂജ പുരസ്കാരത്തിന് അർഹനായ സ്വസ്തി ത്രൈമാസിക പ്രിന്റർ & പബ്ലിഷർ കൂടിയായ വിഷ്ണു നമ്പൂതിരിക്ക് ആശംസകൾ. വിളിക്കാം ഈ നമ്പറിൽ.9496925471

ഓർക്കേണ്ടതുണ്ട് ചിലരെ

കോക് പിറ്റിലിരുത്തി അമ്മയെ ഹിമാലയത്തിനു മുകളിൽ പറത്തിച്ച മകൻ

# ആദ്യത്തെ നമ്പൂതിരി വൈമാനികൻ

**എം.പി.ഉണ്ണികൃഷ്ണൻ നമ്പൂതിരി**



അര നൂറ്റാണ്ടു മുമ്പാണ്. അന്തർജനങ്ങൾ അകത്തളങ്ങളിൽ ഒതുങ്ങിക്കൂടുന്ന കാലം. അക്കാലത്ത് ഒരുമകൻ അമ്മയെ കോക്ക്പിറ്റിൽ ഇരുത്തി ഹിമാലയത്തിനു മുകളിലൂടെ വിമാനം പറത്തി. അത്യുത്തരസ്യാംദിശി ദേവതാത്മാ... എന്ന് കാളിദാസൻ കുമാരസംഭവത്തിൽ വർണ്ണിച്ച ദേവതാത്മാക്കൾ കുടികൊള്ളുന്ന ഹിമാലയത്തിനു മുകളിലൂടെ. ആ യാത്രയുടെ നിർവൃതിക്ക് ഹിമാലയത്തേക്കാൾ വ്യാപ്തി കൂടും. ഒരമ്മയ്ക്കും മകനിൽ നിന്നു ഇതുപോലൊരു സമ്മാനം ലഭിച്ചിട്ടുണ്ടാവില്ല.

പിന്നീട് അതുപോലൊരു യാത്രയിൽ മറ്റൊരു പർവതത്തിനു മുകളിൽ അഗ്നി ഗോളമായി കത്തിയമരുകയായിരുന്നു ആ ജീവിതം. ക്യാപ്റ്റൻ വി.എൻ.പി. നമ്പൂതിരിയായിരുന്നു ആ മകൻ. നമ്പൂതിരിമാരിലെ ആദ്യ വൈമാനികൻ.

മെയ്ഡേ...... മെയ്ഡേ..... മെ ...ഡ്.....

വി.എൻ.പിയുടെ അവസാന വാക്കുകളായിരുന്നു മെയ്ഡെ. അടുത്ത നിമിഷം തന്റെ വിമാനം ക്രാഷ് ആകുമെന്ന് അറിഞ്ഞുകൊണ്ട് നൽകിയ സന്ദേശം. അതുമുഴുവനാവും മുമ്പു വിമാനം ഭൂമിയിൽ പതിച്ച് അഗ്നിഗോളമായി .

1965 ഒക്ടോബർ 17ന് അസ്സാമിലെ മോഹൻബരി എയർപോർട്ടിൽ നിന്ന് 8 പേരുള്ള സംഘത്തേയും വഹിച്ചായിരുന്നു ഡക്കോട്ട പറന്നുയർന്നത്. ദുർഘടം നിറഞ്ഞ മലമുകളിൽ സൈനികർക്ക് ഭക്ഷണപ്പൊതികൾ വിതരണം ചെയ്യുന്ന ദൗത്യം. തണുത്തുവിറച്ചിരിക്കുന്ന സൈനികർക്ക് അതിനെക്കാൾ മോശമായ കാലാവസ്ഥയിലും എത്രയോ തവണ ഭക്ഷണം വിതരണം ചെയ്തിട്ടുണ്ട്. എന്നിട്ടുംവിധി എട്ടു പേരേയും തട്ടി എടുത്തു.

മലപ്പുറം ജില്ലയിലെ തിരൂരിലാണ് പ്രശസ്തമായ വഞ്ഞേരി ഇല്ലം. സമ്പത്തും അധികാരവും പ്രതാപവുമുള്ള കുടുംബം. അതോടൊപ്പം വിദ്യാസമ്പന്നരും. എങ്കിലും അരനൂറ്റാണ്ട് മുമ്പ് നമ്പൂതിരിമാരുടെ സങ്കല്പത്തിനുമപ്പുറമായിരുന്നു വൈമാനികൻ. അറിഞ്ഞേടത്തോളം ആദ്യത്തെ നമ്പൂതിരി പൈലറ്റാണ്



*ഇല്ലത്ത് അറിയിക്കാതെയാണ് വൈമാനിക സെലക്ഷൻ പരീക്ഷക്കിരുന്നത്.ട്രെയിനിങ്ങിനു ചേർന്ന ശേഷമാണ് വിവരമറിയുന്നത്.ആദ്യം ഒരമേരിക്കൻ കമ്പനിയിൽ. എന്നാൽ, കലിംഗ എയർലൈൻസിൽ ജോലി ലഭിച്ചപ്പോൾ ഇന്ത്യയിൽ തിരിച്ചെത്തി. 1962 ലെ ചൈന യുദ്ധത്തിൽ വ്യോമസേന കലിംഗ എയർലൈൻസിനെ ചില ചുമതലകൾക്ക് നിയോഗിച്ചു. അങ്ങനെ യുദ്ധരംഗത്തും അവസരം ലഭിച്ചു*

വഞ്ഞേരി പുരുഷോത്തമൻ നമ്പൂതിരി.

നാരായണൻനമ്പൂതിരിയുടേയും ആര്യ അന്തർജ്ജനത്തിന്റെയും രണ്ടാമത്തെ പുത്രൻ. ബിരുദപഠനത്തിനായി മദിരാശി പച്ചയ്യപ്പാസ് കോളേജിൽ ചേർന്നു. ഇല്ലത്തുള്ളവരെ അറിയിക്കാതെയാണ് മദ്രാസ്സിൽ വൈമാനിക സെലക്ഷൻ പരീക്ഷക്കിരുന്നത്.ട്രെയിനിങ്ങിനു ചേർന്ന ശേഷമാണ് ഇല്ലത്ത് വിവരമറിയുന്നത് .ആദ്യം ഒരമേരിക്കൻ കമ്പനിയിൽ ജോലി. എന്നാൽ, കലിംഗ എയർലൈൻസിൽ ജോലി ലഭിച്ചപ്പോൾ ഇന്ത്യയിൽ തിരിച്ചെത്തി. കൽക്കത്തയിലായിരുന്നു ആദ്യ നിയമനം.

1962 ലെ ചൈന യുദ്ധത്തിൽ വ്യോമസേന കലിംഗ എയർലൈൻസിനെ ചില ചുമതലകൾക്ക് നിയോഗിച്ചു. അങ്ങനെ യുദ്ധരംഗത്തും അവസരം ലഭിച്ചു . സൈനികർക്കുള്ള ഭക്ഷണം വിമാനത്തിൽ വിതരണം ചെയ്യുക.ഈ ധീരകൃത്യത്തിനു വീരസൈനികർക്കുള്ള റിവാർഡും ലഭിച്ചു.

ബംഗാളിയായ കിയാ ഘോഷ് ആണ് ജീവിതപങ്കാളി. ഇല്ലത്തെത്തിയാൽ വേഷവും ഭാവവും മാത്രമല്ല നമ്പൂതിരി ആചാരങ്ങൾ പോലും കൃത്യതയോടെ അനുഷ്ഠിക്കുന്ന ബംഗാളി അന്തർജ്ജനമായി മാറുമായിരുന്നു കിയ.

മകൾ ഗാർഗ്ഗി അമേരിക്കയിൽ. ഇളയമകൻ ഉദയൻ നമ്പൂതിരി ദൽഹിയിലും. കേരളീയ കലകൾക്ക് കൽക്കത്തയിൽ വേദി ഒരുക്കുന്നതിൽ പ്രധാനിയായിരുന്നു വി.എൻ.പി. കേരളത്തിലെ പ്രഗത്ഭരായ കലാകാരന്മാരെല്ലാം കൽക്കത്തയിൽ വി.എൻ. പിയുടെ ആതിഥ്യം സ്വീകരിച്ചവരാണ്. സാഹിത്യത്തിലും ശോഭിച്ചിരുന്നു. ഭാഗവതർ ,കനമുള്ള കോൽ, ഒരു വിവാഹം ഉറച്ചു, ഭക്ഷൻ മരിച്ചു, എന്നിങ്ങനെ ചെറുകഥകൾ. മാതൃഭൂമി ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിച്ച പ്രിയ എന്ന നോവലും. ഇഷ്ടം കൂടിയതു കൊണ്ട് സപ്രവർത്തകർ പേരു ചുരുക്കി നമ്പൂ എന്നാക്കി. ഇഷ്ടം കൂടിയതു കൊണ്ടു തന്നെയാവാം ചെറുപ്രായത്തിൽതന്നെ ജീവിതത്തിൽ നിന്ന് തിരിച്ചു വിളിച്ചതും.

(പാലശ്ശേരി മന , കരിക്കാട്
മൊബൈൽ. 9496702912.)

# ആദരാഞ്ജലികൾ



**ആർ. ദാമോദരൻ നമ്പൂതിരിപ്പാട്**
എടപ്രാമ്പിള്ളി മന
**(1923-1968)**



**ശ്രീദേവി അന്തർജനം**
വള്ളോപ്പിള്ളി മന
**( 1924-2020 )**

**മക്കൾ:** രാമൻ നമ്പൂതിരിപ്പാട്, ശ്രീധരൻ നമ്പൂതിരിപ്പാട്, ദാമോദരൻ നമ്പൂതിരിപ്പാട്, നീലകണ്ഠൻ നമ്പൂതിരിപ്പാട്, പരേതയായ ശോഭന അന്തർജനം ( വാഴകുന്നം), കൃഷ്ണകുമാർ നമ്പൂതിരിപ്പാട്
**മരുമക്കൾ:** സത്യവതി അന്തർജനം ( വടക്കേപ്പാട്ട് മഠം ), സുഭദ്ര അന്തർജനം (വെളുത്താട്ട് ), തങ്കമണി അന്തർജനം ( പുതുശ്ശേരി ), ദേവകി അന്തർജനം ( എടവല്യം ), കേശവൻ നമ്പൂതിരി (വാഴ കുന്നം ), ജയശ്രീ അന്തർജനം (പെരുമ്പടപ്പ് )
**പേരമക്കളും കുടുംബവും:** ദാമോദരൻ - ജയ (വാഴാമ്പറ്റ), ദിവ്യ- ജീവൻ കൃഷ്ണ (കുളങ്ങര ), അശ്വതി, ചൈത്ര - ആനന്ദ് (മാടമന), ആതിര - രഞ്ജിത് നാരായണൻ (ഉൽപ്പിലാപ്പറ്റ), അനഘ - ഉണ്ണികൃഷ്ണൻ (കീഴേപ്പാട്), അഖിൽ ദേവ്, അനൂപ്, ആകാശ്, നമിത വാഴകുന്നം -ശങ്കരൻ പി. വി. (പഴേടം) ഡോ സായ് കൃഷ്ണൻ വാഴകുന്നം - ഡോ ആര്യ ( മങ്ങാട് )
**കൊച്ചുമക്കൾ:** ദയ, ലയ, നിരഞ്ജൻ, ദീപ്ത, ദീക്ഷിത്,ആർവിൻ കൃഷ്ണ, ഭവത, ആദിത്യ.

## പാണിഗ്രഹണം

മ ബുശി

| | | | |
|---|---|---|---|
| | മാ | ല | ര ബുശി |
| | | | കു ഗുശു |
| മ | | | |
| ചസ | | | |

കു ശു ‍ ‍ ല
ര ഗു
മാ സ ച

1991 ജൂൺ 28ന് മിഥുനം പൂരാടം നക്ഷത്രത്തിൽ പുലർച്ചെ 4.39 ന് ജനനം

**ശ്രീജിത്. ടി** ജനന തിയ്യതി: 28. 06. 1991. സമയം: 4.39 am. പൂരാടം. ഭാർഗവ ഗോത്രം. ജന്മസ്ഥലം: കോഴിക്കോട്. ഉയരം: 168 cm. വിദ്യാഭ്യാസം: BTech - MBA . ജോലി.: Non Banking Financial സ്ഥാപനത്തിൽ ബ്രാഞ്ച് മാനേജർ.അച്ഛൻ: T. നാരായണൻ നമ്പൂതിരി (LIC കോഴിക്കോട് ) അമ്മ: V N ഗീത, (SBI, കോഴിക്കോട്) ഒരു സഹോദരി: വിദ്യാർത്ഥി. ശിഷ്ടദശ: 8 വർഷം 3 മാസം 0 ദിവസം. അമ്മാത്ത്: നെടുമ്പള്ളി മന ശ്രീകൃഷ്ണപുരം. വിലാസം: തിരുമംഗലം, ചേവായൂർ , കോഴിക്കോട് 673017. **ഫോൺ: 9895541447.**

രച

| | | | |
|---|---|---|---|
| | | കുഗു | |
| രശു സ | | | |
| ബു മാ | | | ശി |
| മ | ലച | | |

ഗു
കു സ
ല ശു
ബു ശി മാ
മ

**അരവിന്ദ് (കണ്ണൻ)**31.ഉയരം160 സെ.മീ.M.Com(Taxation n Appeal xpert)Working with a mnc (KPMG)asAuditor/TaxAsst. ബാംഗ്ലൂരിലാണ് ഔദ്യോഗികം,ഇപ്പോൾ work frm home തൃശ്ശൂർ മണ്ണുത്തിയിലെ സോപാനം വീട്ടിൽ. അച്ഛൻ സുബ്രഹ്മണ്യൻ (റിട്ട.സെക്ഷൻ ഓഫീസർ അഗ്രി.യൂണിവേഴ്സിറ്റി മണ്ണുത്തി ) അമ്മ സാവിത്രി മൂസ്സത് (റിട്ട. സെക്ഷൻ ഓഫീസർ അഗ്രി. യൂണിവേഴ്സിറ്റി മണ്ണുത്തി )സഹോദരൻ വിവാഹിതൻ - മാനേജർ , IDBI Bank Aluva ശിഷ്ടദശ ബുധൻ 01.05.11 ജനനം2.3.1989 തൃശൂർ പുലർച്ചെ 12.25 തൃക്കേട്ട

**മൊബൈൽ**
**8547806078/ 9746439398.**


നമ്പൂതിരിയുടെ തനതു സാഹിത്യത്തിനും വർത്തമാന പരിദേവനങ്ങൾക്കും

**വ**ായിക്കുക **വ**രിക്കാരാവുക **വ**ളർത്തുക

**യജ്ഞോപവീതം**
മാസിക

**തിരുവനന്തപുരം ജില്ല യോഗക്ഷേമസഭയുടെ മുഖപത്രം**
**വാർഷിക വരിസംഖ്യ രൂ. 200/-**
**ദീർഘകാലവരിസംഖ്യ (10 വർഷം) രൂ. 1500/**

e-mail: yajnopaveetham@gmail.com
കോട്ടവട്ടം, (-18, ജവഹർനഗർ, തിരുവനന്തപുരം - 695003

**9746239111**
**9847840404**
**9388294886**

Money order, Cheque/DD (in favour of Yajnopaveetham) or remit to
**Yajnopaveetham**
**A/c No.005700100031101, Dhanalaxmi Bank Fort, Trivandrum Branch. IFSC: DLXB/0000057**
(PI. inform after remittance)

# പാണിഗ്രഹണം

ഗു ര

| | | | |
|---|---|---|---|
| കു | ബുശു | ര | ഗു |
| | | | മാ ശി |
| മ സ | | | ച ല |
| | | | |

സ ശു ല, കു ച (വലത്); മ, ശി (ഇടത്)

മാ ബു

**ദിലീപ് കെ.പി**
ജനനത്തീയതി: 31.05.1990
ജനനസമയം: 11:55:00 AM
ഇല്ലം: കാമ്പുറത്തു മന,പെരുമ്പറമ്പ്, എടപ്പാൾ, മലപ്പുറം ജില്ല. പൂരം നക്ഷത്രം, 168സെ.മീ., ബ്രാഹ്മിൻ, നമ്പൂതിരി, വിദ്യാ. യോഗ്യത: എം.സി.എ, ജോലി: തിരുന്നാവായ എം. ഇ.എസ് സെൻട്രൽ സ്കൂളിൽ ഐ.ടി ഫാകൽട്ടി. അച്ഛൻ റിട്ട. അദ്ധ്യാപകൻ കെ എം പരമേശ്വരൻ, അമ്മ റിട്ട. അദ്ധ്യാപിക വി.കെ.ഗിരിജ. അമ്മാത്ത് വേണാട്ടു മന.
**മൊബൈൽ: 9847970716**

ശു സ ച ഗു

| | | | |
|---|---|---|---|
| | ശി | | ല |
| മ | | | കു മാ |
| | | | ച |
| | | ര ഗു ശു സ | ബു |

ര മ, കു (ഇടത്); മാ (വലത്)

ല ശി

**പേര്: ഹരിശങ്കർ കെ.ടി.**
ജനനതീയതി: 1994ഒക്ടോബർ 29, 1170തുലാം12ശനി, 9.10 PM,ജന്മസ്ഥലം: മാവൂർ, മകം നക്ഷത്രം, ഉയരം: 165സെമീ,ജാതി: നമ്പൂതിരി,വിദ്യാഭ്യാസ യോഗ്യത: ബി.എ.എം.എസ്.ജോലി:അസിമാനേജർ, ക്വാളിറ്റി അഷ്വറൻസ്, വൈദ്യരത്നം ഔഷധശാല, തൈക്കാട്ടുശ്ശേരി,അച്ഛൻ: മാധവൻ നമ്പൂതിരി,അമ്മ: ലത.കെ. റിട്ട ആര്യവൈദ്യശാല കോട്ടക്കൽ,സഹോദരൻ: പഠിക്കുന്നു.3വ.11മ209 ദി കേതു ശിഷ്ടദശ.വിലാസം: കോടിതലപ്പണ ഇല്ലം കണ്ണിപറമ്പ്, പി.ഒ മാവൂർ വഴി. പിൻ കോഴിക്കോട്. തത്തുല്യയോഗ്യതയുള്ളവർക്ക് മുൻഗണന. **മൊബൈൽ :9249765052**

കുസ ബു

| | | | |
|---|---|---|---|
| | ബു ശു | ര സ | |
| ല | | | |
| ച മാ | | | |
| ഗു | ശി | കു മ | |

മ, ല ര, ച, ശു (ഇടത്); മാ, ഗു (വലത്)

ശി

**Name: Shailesh Sankaran Peroor**
176cm., 80 kgs.Date of Birth: 20.05.1984. Place of Birth: Kannur Brought up: In Mumbai. Native address: Punneri Peroor Illam, PO Mullakodi, Taliparamba, Kannur.Education: B. Com, Diploma in Business Finance, MBA Finance.Address: 404, Classic Residency Plot no 32, Sector 42-A, Seawoods-Nerul, Navi Mumbai. Also, have a second home in Mumbai and landed property in Kerala.Job: Senior Finance Officer. Asian Paints, Head office-Mumbai.Father: Sankaran Punneri Peroor - retired from Hindustan Unilever Limited - Mobile:09619000191.Mother: Housewife. Siblings: One younger Brother. Working

1159എടവം5 തിയതി മന്ദ വാരെ ഉത്രാടം നക്ഷത്രം 3വർഷം 2മാസം 10 ദിവസം ഗർഭ ശിഷ്ടം രവിദശ ജനനസമയം: 1:27 AM

**Mobile 9619000191**

മാ ര ശു

| | | | |
|---|---|---|---|
| മശി | രബുശു | മാ | |
| | | | |
| ഗു | | | ച കു |
| | | | ല സ |

സ, ല, മ (ഇടത്); ഗു ശി (വലത്)

കു ച ബു

കൊല്ലം 1172 മേടമാസം 5 ന് 1997 ഏപ്രിൽ 18 ന് വെള്ളിയാഴ്ച്ച പകൽ 4 മണി 25 മിനുട്ടിന് പൂരം നക്ഷത്രത്തിൽ ജനനം ഭൂസുരകുമാരി,
**Name: Keerthi S Namboodiri**
*DOB 18/04/1997 AGE 23*
*FATHER: Sureshbabu Namboodiri A E*
*MOTHER: Sathi BI.Alakkattu Palli illam,Edayar,Kannavam PO, Kannur*
*SIBLINGS Younger brother*
*STAR Pooram.HEIGHT163 cm*
*CASTE.Namboodiri*
*EDUCATION 3 Year BAMS student*
*PREFERENCE Well Educated Government Employee.*
**Phone no: 9447264057**

കുബുശു ശി ര

| | | | |
|---|---|---|---|
| മ | | | |
| ശി | | | |
| കുഗു ശു | | | ചസ മാ |
| ര | ബു | | ല |

ഗു ല (വലത്)

മമാ ച സ

കൊല്ലം 1173 ധനു 6നു1997ഡിസംബർ 21നു രവിവാരെ സ്റ്റാൻഡേർഡ് സമയം 1.50 എ.എം ഉദയാൽപൂർവം 13 നാഴിക 30 വിനാഴികയ്ക്കു പൂരം നക്ഷത്രംച തുർത്ഥപാദം കന്നിലഗ്നം സ്ത്രീജനനം. ശിഷ്ടദശ: 04.04.24.00 ജന്മതാരാധിപ ശുക്രശിഷ്ടദശ.പിണ്ഡാലി മനയ്ക്കൽ രാമൻ നമ്പൂതിരി മകൾ
**Name: Akhila P M**
*Address: Pindali Mana,Ittonam,Peringode, Chathanoor P O 679535 Palakad.DOB: 21/12/1997.Height:165cm.Quali:MSc. Statistics.Occupation: Associate analyst in Zifo RnD Solutions, Chennai. Complexion:Fair. Preference: Educated & employed. Contact: Parvathy P S*
**Phone no: 9387938170**

ബു

| | | | |
|---|---|---|---|
| ബുകു | രശു | ച | ശി |
| | | | |
| മ | | | കു മാ |
| സ | | ല | |

സ മാ, ഗു ശു, കു മ (വലത്)

ശി ല ര ച

ജനന തീയതി 1992 മെയ് 5 ചൊവ്വ ജന്മരാശി ഇടവം 5.27 PM

**Name : Anoop K U**
DOB: 05/05/1992.Time:05:27 PM
Place of birth:Mukkam,Calicut
Height:172 cms.Star : Makayiram
Cast: Brahmin.Education:Graduation
Job:Central Govt.Preference: Good looking, educated ,Well mannered girl
Father: Unnikrishnan K R.Mother: Thankamani C,Sister : Savitha K U
Address : Kadencheri Illam,Perur,Ottapalam, Palakkad.679302, Ammath:Cheruvakkad Illam,Pannicode,Mukkam
Contact number:
**9446378225,8130182598**

# നവവധൂവരന്മാർക്ക് സ്വസ്തിയുടെ ആശംസകൾ



തൃശ്ശൂർ ചെറുതുരുത്തി നെടുമ്പുര ദേശത്ത് കപ്ലിങ്ങാട്ട് മനക്കൽ പരേത നായ വാസുദേവൻ നമ്പൂതിരിയുടേയും നളിനി അന്തർജ്ജനത്തിന്റെയും മകൻ നാരായണനും ആലപ്പുഴ ജില്ലയിൽ വെണ്മണി ദേശത്ത് പടിഞ്ഞാറ്റിടത്തില്ലത്ത് ഉണ്ണികൃഷ്ണൻ പി.എസ്സിന്റെയും ശോഭന കുമാരിയുടെയും മകൾ വിദ്യയും തമ്മിൽ 2020 ഒക്ടോബർ 19 ന് വിവാഹിതരായി.



തൃശൂർ ഒല്ലൂരിലെ തൈക്കാട്ടുശ്ശേരി എടക്കുന്നി പള്ളത്തേരി മനയിലെ മാധവൻ സുധ ദമ്പതികളുടെ മകൻ അരുൺ ചിത്രഭാനുവും ഒല്ലൂർ മരുതൂർ മനയിലെ പുരുഷോത്തമൻ മായ ദമ്പതികളുടെ മകൾ അപർണ്ണയും 29.10.2020 ന് മരുതൂർ മനയിൽ വെച്ച് വിവാഹിതരായി



കൊല്ലം ജില്ലയിൽ പെരിഞ്ഞേരി മനയിൽ നന്ദകുമാറിന്റേയും ജയയുടേയും മകൻ അനന്തുവും കണ്ണിപറമ്പ് പേരൂർ ഇല്ലത്ത് വാസുദേവൻ നമ്പൂതിരിയുടേയും ശ്രീദേവിയുടയും മകൾ ദിവ്യയും വിവാഹിതരായി



കോഴിക്കോട് താമരശ്ശേരി കളത്തില്ലം ഗോവിന്ദൻ നമ്പൂതിരിയുടെയും ജലജ അന്തർജ്ജനത്തിന്റെയും മകൾ ശ്രീദേവിയും ഇടുക്കി തൊടുപുഴയിലെ അങ്കമാലി കിടങ്ങൂർ കൈപ്പിള്ളി മന പരമേശ്വരൻ ഭട്ടതിരിപ്പാടിന്റെയും സാവിത്രി അന്തർജ്ജനത്തിന്റെയും മകൻഅഭിജിത്തുംഒക്ടോബർ 31 ന് തൊടുപുഴ മണക്കാട് ജ്യോതിസ് ഓഡിറ്റോറിയത്തിൽ വിവാഹിതരായി




മലപ്പുറം ജില്ലയിലെ മനോരോഗ ചികിത്സാകേന്ദ്രമായ പൂങ്കുടിൽ മനയിലെ ദേവൻ നമ്പൂതിരി - വസന്ത അന്തർജനം ദമ്പതികളുടടെ മകൻ ഡോ. വിവേക് ശങ്കറും, പയ്യന്നൂർ പിലാത്തറ രാമക്കാട്ടില്ലത്ത് ഉണ്ണി മാധവൻ നമ്പൂതിരി- ഗീത അന്തർജനം ദമ്പതികളുടെ മകൾ ഡോ.വചനയും തമ്മിലുള്ള വിവാഹം 2020 ഒക്ടോബർ 29 ന് പൂങ്കുടിൽ മനയിൽ വെച്ച് സമംഗളം നടന്നു



കടുമുണ്ടത്ത് പാലശ്ശേരി നാരായണൻ നമ്പൂതിരിയുടെയും (Late )സരള അന്തർജനത്തിന്റെയും മകൾ അർച്ചനയും തൃശ്ശൂർ കാഞ്ഞാണി പഴങ്ങാപ്പറമ്പ് നാരായണൻ നമ്പൂതിരിയുടെയും ഉഷ അന്തർജനത്തിന്റെയും മകൻ ശ്രീജിത്തും 2020 ആഗസ്റ്റ് 28ന് വരന്റ ഇല്ലത്ത് വച്ച് വിവാഹിതരായി .



മലപ്പുറം മുണ്ടുപറമ്പ് താമരശ്ശേരി ഇല്ലത്തെ നാരായണൻ നമ്പൂതിരിയുടെയും ഗംഗയുടെയും മകൻ രാകേഷും കോട്ടയം തൃക്കോതമംഗലം നാരായണമംഗലത്തെ സന്തോഷ് കുമാറിന്റെയും മിനിയുടെയും മകൾ അഞ്ജനയും തമ്മിലുള്ള വിവാഹം 2020 ഒക്ടോബർ 29 ന് താമരശ്ശേരി ഇല്ലത്ത് വെച്ച് നടന്നു



പരേതനായ പ്രശസ്ത കവി വി.എ.കേശവൻ നമ്പൂതിരിയുടെ ദൗഹിത്രനും മട്ടന്നൂർ കുംഭനില്ലത്ത് പരേതനായ നാരായണൻ നമ്പൂതിരിയുടെയും ഇന്ദിരാദേവിയുടെയും പുത്രൻ അരുൺ നാരായണനും ചങ്ങനാശ്ശേരി ചീരക്കാട്ടില്ലത്ത് മാധവൻ നമ്പൂതിരിയുടെയും ദ്രൗപദി അന്തർജനത്തിന്റെയും പുത്രി സാവിത്രിയും 2020 ഒക്ടോബർ 28 ന് ചങ്ങനാശ്ശേരി ഈസ്റ്റ് വെസ്റ്റ് ഓഡിറ്റോറിയത്തിൽ വിവാഹിതരായി



മണ്ണാർക്കാട് വിനായക നഗർ പുളിയശ്ശേരി മന (സ്യൂര്യ) യിൽ പി.എം. സുരേശന്റെയും പി.കെ.ബിന്ദുവിന്റെയും മകൻ സന്ദീപും തൃത്താല കൂടല്ലൂർ കുന്നമ്പള്ളി മനയിൽ സി.കെ. നീലകണ്ഠൻ നമ്പൂതിരിയുടെയും എം എൻ. ജയശ്രീയുടെയും മകൾ അർച്ചനയും വിവാഹിതരായി.
ആശംസകളോടെ : ദിലീപ്. പി.എസ്,സൂര്യമെഡിക്കൽസ്, സൂര്യ സർജിക്കൽസ്, നമ്പൂതിരീസ് ആർക്കേഡ്, മണ്ണാർക്കാട് .



ഓമശ്ശേരി നടുക്കിൽ കൊറ്റിവട്ടത്തില്ലത്ത് ശങ്കരൻ നമ്പൂതിരിയുടെയും ശ്രീദേവി അന്തർജനത്തിന്റെയും മകൻ കിരൺ ശങ്കറും, ഫറോക്ക് തളിയിൽ മന ബാലസുബ്രഹ്മണ്യൻ നമ്പൂതിരിയുടെയും ശ്രീലത അന്തർജനത്തിന്റെയും മകൾ മാളവികയും തമ്മിലുള്ള വേളി കൊറ്റിവട്ടത്തില്ലത്ത് വെച്ച് നവംബർ 30 ന് സമംഗളം നടന്നു.



## ശ്രാദ്ധസ്മരണയും നവതിആശംസയും

പതിനേഴാം ശ്രാദ്ധദിനം പിന്നിട്ട മുക്കം കാഞ്ഞിരത്തോട്ടം ഇല്ലത്തെ പരേതനായ ശങ്കരൻ നമ്പൂതിരിക്കു സ്മരണാഞ്ജലികൾ. തൊണ്ണൂറാം പിറന്നാൾ ആഘോഷിക്കുന്ന അദ്ദേഹത്തിന്റെ പത്നി ഗംഗ അന്തർജനത്തിനു ആശംസകൾ.
ബന്ധുമിത്രാദികൾ.



മലപ്പുറം പാണ്ടിക്കാട് കറുകമണ്ണ ഇല്ലത്ത് കെ. മോഹൻദാസിന്റെയും പുഷ്പയുടെയും മകൾ രശ്മികയും എറണാകുളം കാലടി ചേലമറ്റത്ത് ഇല്ലത്ത് ശങ്കരന്റെയും പ്രസന്നയുടേയും മകൻ ബാലശങ്കറും 2020 സെപ്റ്റംബർ 5ാം തീയതി ശനിയാഴ്ച പാണ്ടിക്കാട് ഇല്ലം കൺവെൻഷൻ സെന്ററിൽ വിവാഹിതരായി. ആശംസകളോടെ വൈശാഖ് & പവിത്ര

## വിഷ്ണുപാദം പൂകിയ ഏവർക്കും സ്വസ്തിയുടെ ആദരാഞ്ജലികൾ



**ഗംഗാദേവി അന്തർജ്ജനം**

കുറ്റിക്കാട്ടൂർ :കൂടല്ലൂർ ഇല്ലത്ത് പരേതനായ കേശവൻ നമ്പൂതിരിയുടെ ഭാര്യ ഗംഗാദേവി അന്തർജ്ജനം (90) അന്തരിച്ചു. മകൾ - സാവിത്രി അന്തർജ്ജനം.



**നാരായണൻ നമ്പൂതിരി**

വടകര ഓർക്കാട്ടേരി വേണാട് ഇല്ലത്തു നാരായണൻ നമ്പൂതിരി അന്തരിച്ചു. കുനിയില്ലത്തു ദേവകി അന്തർജ്ജനം ആണ് ഭാര്യ. മനോജ് വേണാട്, ശ്രീകുമാരി എന്നിവരാണ് മക്കൾ.



**ഹരിമാധവൻ**

അടൂർ : മൂന്നാളം കൃഷ്ണഭവനത്തിൽ ഹരിമാധവൻ (49) കഥകളി സംഗീതജ്ഞൻ ശ്രീ ശങ്കരൻ എമ്പ്രാന്തിരിയുടെ മകൾ രശ്മി ആണ് ഭാര്യ.



**സത്യവതിഅന്തർജനം**

താമരശ്ശേരി :പോർങ്ങോട്ടൂർ സത്യവതി അന്തർജനം (81 വയസ്സ്) നിര്യാതയായി. താമരശ്ശേരി ഉപസഭ അനുശോചനം അറിയിക്കുന്നു.



**മഹേശ്വരൻ നമ്പൂതിരിപ്പാട്**

പ്രമുഖ ആന ചികിത്സകൻ അവണപ്പറമ്പ് മഹേശ്വരൻ നമ്പൂതിരിപ്പാട് അന്തരിച്ചു



**പദ്മനാഭൻ നമ്പൂതിരി**

വടകര പോനേരി ഇല്ലത്ത് പദ്മനാഭൻ നമ്പൂതിരി (85) വിഷ്ണപദം പൂകി.



**നാരായണൻ എമ്പ്രാന്തിരി**

വരക്കൽ ശ്രീ ദുർഗ്ഗാദേവി ക്ഷേത്രം മുൻ മേൽശാന്തി കാഞ്ഞങ്ങാട് എടമന നാരായണൻ എമ്പ്രാന്തിരി (80)



**ഗൗരീദേവി അന്തർജനം**

മലപ്പുറം താമരശ്ശേരി ഇല്ലത്ത് ഗൗരീദേവി അന്തർജനം (88) നിര്യാതയായി

## ആദരാഞ്ജലികൾ

**ടി.എസ്.കൃഷണൻ നമ്പൂതിരി**
താമരക്കുളംഇല്ലം,
1935–1996



**കമലം അന്തർജനം**
ആട്ടീരിമന
1948–2000

**മക്കൾ:** ടി.കെ ശ്യാമള (റിട്ട.ടീച്ചർ), ടി.കെ.മധു (റിട്ട.എയർ ഫോഴ്സ്), ടി.കെ. നാരായണൻ ( ജി .എച്ച്.എസ് നായർകുഴി), ടി.കെ.കൃഷ്ണകുമാർ (സംസ്കൃതം യൂനിവേഴ്സിറ്റി), ടി.കെ.സീമ ( ജി .എച്ച്.എസ് പത്തിരിപ്പാല) .

**മരുമക്കൾ:** രാമകൃഷണൻ നമ്പൂതിരി - Late - ( മംഗലശ്ശേരി), ശ്രീജ.പി ( പുത്തില്ലം ), ലതിക കെ (കുഞ്ഞോളം ), ലത എൻ (നരിക്കാട്ടിരി ), സന്തോഷ് കുമാർ എം (കക്കാട്).

**പേരമക്കളും കുടുംബവും:** രശ്മി എം - നന്ദകുമാർ (മേലേടം ), രാഹുൽ എം - സുമിത്ര ( എളമ്പിലാശ്ശേരി ), രഞ്ജിത് എം - നവിത ( അനലക്കാട് ), അശ്വിൻ കൃഷ്ണൻ, അപർണ, അഞ്ജന, ചന്ദന, ദേവദത്ത, കൃഷ്ണദത്തൻ, അനിരുദ്ധ് മാധവ്, ധനഞ്ജയ് കൃഷ്ണൻ.

# വിഷ്ണുപാദം പൂകിയ ഏവർക്കും സ്വസ്തിയുടെ ആദരാഞ്ജലികൾ



**ഉമാദേവി അന്തർജനം**

കൈപ്പറമ്പ്: കൈപ്പറമ്പ് കുറൂർ പരേതനായ മാധവൻ ഭട്ടതിരിപ്പാടിന്റെ ഭാര്യ ഉമാദേവി അന്തർജനം(82) . കൂടലാറ്റുപുറത്ത് കുടുംബാംഗം ആണ്. മക്കൾ: സതി (വെണ്മണി ), സുകുമാരൻ, സുധ (കാണിപ്പയ്യൂർ), സുജ (ദേശമംഗലം) .മരുമക്കൾ: സതീശൻ , സുധ പാനാട്ട്, മോഹനൻ, അനിൽകുമാർ.



**പരമേശ്വരൻ നമ്പൂതിരിപ്പാട്**

തന്ത്രിമുഖ്യൻ ചേന്നാസ് പരമേശ്വരൻ നമ്പൂതിരിപ്പാട്. പത്നി ശ്രീദേവി അന്തർജനം പെരാങ്ങാട്ടുമന.മക്കൾ. ഉമ, ചേന്നാസ് ചെറിയ നാരായണൻ നമ്പൂതിരിപ്പാട്,പരമേശ്വരൻ നമ്പൂതിരിപ്പാട് മരുമക്കൾ. വാസുദേവൻ നമ്പൂതിരിപ്പാട് പുന്നപ്പുറത്ത് മന, ഹേമ വെളിയംകോൽ മന, ബിന്ദു എറാഞ്ചേരി മന



**മാധവി അന്തർജ്ജനം**

ഊർങ്ങാട്ടിരി,പൂവ്വത്തിക്കൽ പുല്ലങ്കോട്ടില്ലത്ത് മാധവി അന്തർജ്ജനം(78) അന്തരിച്ചു.മക്കൾ: വിഷ്ണു നമ്പൂതിരി, രാജശ്രീ,ദാമോദരൻ നമ്പൂതിരി,മരുമക്കൾ: കൗസല്യ അന്തർജ്ജനം,ശശികുമാർ(തവനൂർ ഇല്ലം),രഞ്ജിനി, പേരക്കുട്ടികൾ: വീണ,വിദ്യ,വാണി, കൃഷ്ണപ്രിയ,ദയ,യാദവ്



**ശിവകരൻ നമ്പൂതിരി**

ഗുരുവായൂർകീഴ്ശാന്തിമൂത്തേടത്തില്ലത്ത്ശിവകരൻ നമ്പൂതിരി(63). ഭാര്യ അനിത, മക്കൾ അഖിലേഷ്,അഖില, മരുമക്കൾ ചെറുതയുർ ശ്രീജിത്,വന്ദന. സഹോദരങ്ങൾ നാരായണൻ നമ്പൂതിരി (L), സുബ്രഹ്മണ്യൻനമ്പൂതിരി (L), വിഷ്ണുനമ്പൂതിരി(L), വാസുദേവൻ നമ്പൂതിരി, മുരളീധരൻനമ്പൂതിരി, പ്രഭാവതി, ഗിരിജ.



**വാസുദേവൻ നമ്പൂതിരി**

കോഴിക്കോട്: കവിയും, ചിത്രകാരനുമായ തന്ത്രിവര്യൻ കക്കാട്ടില്ലം വാസുദേവൻ നമ്പൂതിരി (85) അന്തരിച്ചു. കവി എൻ. എൻ. കക്കാട് സഹോദരനാണ്



**അമ്മാളു അന്തർജനം**

കണ്ണൂർ: അഴീക്കോട് ഉപസഭയുടെ മുൻ സെക്രട്ടറിയും ജില്ലാ കമ്മിറ്റി ക്ഷണിതാവും ആയ പുതുമന ദാമോദരൻ നമ്പൂതിരിയുടെ അമ്മ അമ്മാളു അന്തർജനം.



**ലീല അന്തർജനം**

ഗുരുവായൂർ: പുഴക്കര ചേന്നാസ് മഹളും പരേതനായ ആലംകോട് പെരുമ്പിള്ളി നാരായണൻ നമ്പൂതിരിയുടെ പത്നിയുമായ ലീല അന്തർജനം അന്തരിച്ചു.



**രഘു നാരായണൻ നമ്പൂതിരി**

ഓമശ്ശേരി: നടുകിൽ പൊയിലിൽ ഇല്ലത്ത് വാസുദേവൻ നമ്പൂതിരിയുടെ മകൻ രഘു നാരായണൻ നമ്പൂതിരി (42) .ഭാര്യ ശ്രീജിത.3 കുട്ടികളുണ്ട്.



**വാസുദേവൻ നമ്പൂതിരി**

വയനാട്ടിലെ കുടിയേറ്റ ബ്രാഹ്മണരെ കാർഷികവൃത്തിയിലേക്ക് നയിച്ച നിരവിൽപ്പുഴ കോറോം പുറഞ്ചേരി വാസുദേവൻ നമ്പൂതിരി .കർഷക കോൺഗ്രസിന്റെ സജീവ പ്രവർത്തകൻ ആയിരുന്നു. ശാരദ അന്തർജ്ജനം ആണ് ഭാര്യ.മക്കൾ വിനോദ് നമ്പൂതിരി, സുജിത, ബേബി.മരുമക്കൾ സുനിത, സന്തോഷ് കൃഷ്ണൻ നമ്പൂതിരി.



**ഭാർഗവി അന്തർജനം**

താമരശ്ശേരി:അണ്ടോണ കരിങ്ങമണ്ണ ഇല്ലത്ത് പരേതനായ കൃഷ്ണൻ നമ്പൂതിരിയുടെ ഭാര്യ ഭാർഗവി അന്തർജനം(86). മക്കൾ; ഗീത (എ.ഡി.എസ്, അണ്ടോണ), നാരായണൻ നമ്പൂതിരി(റബ്ബർബോർഡ്,കോട്ടയം).മരുമക്കൾ:പരേതനായ ഈശ്വരൻ പോറ്റി, രാജനന്ദിനി.



**പരമേശ്വരൻ നമ്പൂതിരി**

പ്രശസ്ത ഋഗ്വേദ പണ്ഡിതൻ പൂങ്ങാട് പരമേശ്വരൻ നമ്പൂതിരി വിഷ്ണു പാദം പൂകി. ഇലക്ട്രിസിറ്റി ഡിപ്പാർട്ട്മെന്റിൽ നിന്ന് സൂപ്രണ്ടായി വിരമിച്ച ഇദ്ദേഹം നിരവധി കാലം കടവല്ലൂർ അന്യോന്യത്തിൽ പ്രധാനിയായിരുന്നു.



**കൃഷ്ണൻ നമ്പൂതിരി**

കണ്ണിപറമ്പ് : കുട്ടമംഗലം കൃഷ്ണൻ നമ്പൂതിരി. സഹധർമ്മിണി മുല്ലപ്പള്ളി ആര്യാ അന്തർജനം.രാജശ്രീ ,രഞ്ജിനി എന്നിവർ മക്കൾ.മങ്ങത്തായ മുരളീകൃഷ്ണൻ ,അഡ്വക്കറ്റ് മോഹൻകുമാർ (മഞ്ചേരി) എന്നിവർ മരുമക്കൾ



**ഗൗരി അന്തർജനം**

പെരിങ്ങോളം: പുല്ലങ്കോട്ടില്ലത്ത് പരേതനായ കൃഷ്ണൻ നമ്പൂതിരി (റിട്ട അധ്യാപകൻ, സേവിയോ, ദേവഗിരി) യുടെ ഭാര്യ പട്ടാമ്പി അഴകത്ത് മന ഗൗരി അന്തർജനം (86). സ്വർണലത,മുരളീധരൻ,വാസുദേവൻ,ശശിധരൻ,ജയശ്രീ എന്നിവർ മക്കളാണ്.നാരായണൻ നമ്പൂതിരി,അജിത അഴകത്തില്ലത്ത്,സന്ധ്യ,ശ്രീദേവി,സി കെ സുരേഷ് ബാബു എന്നിവർ മരുമക്കളാണ്.



**രശ്മി പ്രസാദ്**

ഗോവിന്ദപുരം, കണ്ണാടി ഇല്ലത്ത് ശംഭുനമ്പൂതിരിയുടെ മകന്റെ ഭാര്യ രശ്മി പ്രസാദ് നിര്യാതയായി



**ശങ്കരൻ നമ്പൂതിരി**

പെരിഞ്ചെല്ലൂരിലെ പ്രമുഖ ഇല്ലമായ തളിപ്പറമ്പ് വടക്കേടത്ത് പുളിയപറമ്പ് ശങ്കരൻ നമ്പൂതിരി നിര്യാതനായി. പുളിയശ്ശേരി ഇല്ലത്തു (മണ്ണാർക്കാട് ) മാധവൻ നമ്പൂതിരിയുടെ മകൾ പരിമള യാണ് ഭാര്യ. മകൻ ശ്രീജിത്ത് പയ്യന്നൂർ കെഎസ്ഇബി അസിസ്റ്റന്റ് എൻജിനീയർ.



**അൻജന**

കണിമംഗലം സെന്ററിൽ സ്ക്കൂട്ടറും ഓട്ടോറിക്ഷയും തമ്മിൽ കൂട്ടിയിടിച്ചു റോഡിൽ വീണ സ്ക്കൂട്ടർ യാത്രക്കാരിയായ യുവതിയുടെ മേൽ ടിപ്പർ ലോറി കയറി യുവതി മരിച്ചു. ചേർപ്പ് ഊരകം വാരണംകുളം ക്ഷേത്രത്തിന് സമീപം ചിറം മങ്ങലത്ത് മനയിൽ നന്ദകുമാറിന്റെ മകൾ അൻജന (23) ആണ് മരിച്ചത്.



**കൃഷ്ണൻ നമ്പൂതിരിപ്പാട്**

കരുമാല്ലൂർ :അഖിലകേരള തന്ത്രിസമാജം സംസ്ഥാന പ്രസിഡൻറ് കരുമാല്ലൂർ വേഴപ്പറമ്പ് മനയ്ക്കൽ വി.കെ. കൃഷ്ണൻ നമ്പൂതിരിപ്പാട് (68) അന്തരിച്ചു.



**കൃഷ്ണൻ നമ്പൂതിരി**

ചാത്തമംഗലം: കുഴിപ്പുറത്ത് ഇല്ലത്ത് കൃഷ്ണൻ നമ്പൂതിരി (84) അന്തരിച്ചു. ഭാര്യ: ആര്യാദേവി അന്തർജനം. മക്കൾ: ജയശ്രീ, വനജ, രാമചന്ദ്രൻ. മരുമക്കൾ: പന്നിയംവള്ളി ഉണ്ണിക്ക്യഷ്ണൻ ഭട്ടതിരിപ്പാട്, കരുവാട്ട് മന ശാസ്തൃശർമൻ ഭട്ടതിരിപ്പാട്, അർച്ചന പട്ടളത്ത് ഇല്ലം.



**ആര്യ അന്തർജ്ജനം**

ഇട്ട്യാംപറമ്പത്ത് മനയ്ക്കൽ പരേതനായ ഐ എസ് നമ്പൂതിരിയുടെ സഹധർമ്മിണി ആര്യ അന്തർജ്ജനം (94) മക്കൾ:രമ,വാസു,ശങ്കരനാരായണൻ(പരേതൻ),വാസുദേവൻ,സതി,സന്ധ്യ (പരേത).മരുമക്കൾ:മുല്ലപ്പിള്ളി ഈശ്വരൻ നമ്പൂതിരി, പയ്യൂർ ശങ്കരൻ നമ്പൂതിരി , സുമ അവിഞ്ഞിക്കാട്ട് , മംഗലശ്ശേരി അനിയൻ, ശശികുമാർ



**ശങ്കരൻനമ്പൂതിരി**

തിരൂർ: മലബാർ ദേവസ്വം ബോർഡ് മുൻ അംഗം മുല്ലപ്പള്ളി മന ശങ്കരൻനമ്പൂതിരി (74) അന്തരിച്ചു. വെട്ടം എ. എം. യു.പി സ്കൂൾ റിട്ട.അധ്യാപകാണ്.ഭാര്യ: ശ്രീദേവി (റിട്ട. അധ്യാപിക).



**ശങ്കരൻ നമ്പൂതിരി**

കണ്ണന്നൂർ തെക്കേടം ശങ്കരൻ നമ്പൂതിരി.പരേതയായ ചാങ്ങലിയോട്ടുപാർവ്വതി അന്തർജ്ജനമാണ് സഹധർമ്മിണി. ഡോ. പ്രകാശൻ, രാമചന്ദ്രൻ (ഓഫീസർ, ധനലക്ഷ്മി ബാങ്ക് ) എന്നിവർ മക്കൾ. ജ യ ശ്രി, ശ്രീജ അസി.പ്രൊഫസർ, ശ്രീകൃഷ്ണ കോളേജ്, ഗുരുവായൂർ ഇവർ മരുമക്കളാണ്.



**ഉമാദേവി അന്തർജനം**

കോഴിക്കോട് ചെറുകുളത്തൂർ ഒഴലൂർ പാടേരി ഉമാദേവി അന്തർജനം (90) നിര്യാതയായി .പരേതനായ പ്രശസ്ത തന്ത്രിവര്യൻ പാടേരി രാമൻ നമ്പൂതിരിപ്പാടിന്റെ സഹധർമ്മിണിയാണ് .വലാങ്ങാട്ടിൽ പടുതോൾ ഉമാദേവി അന്തർജനം ,തന്ത്രി വര്യരായ ശങ്കരൻ നമ്പൂതിരിപ്പാട് ,ചെന്നൈ അണ്ണാ നഗർ അയ്യപ്പ ക്ഷേത്രം മേൽശാന്തി പരമേശ്വരൻ നമ്പൂതിരിപ്പാട് , തളി ക്ഷേത്രത്തിലെ കൃഷ്ണൻ നമ്പൂതിരിപ്പാട് ,സുനിൽ നമ്പൂതിരിപ്പാട് ,ഗോപിനാഥൻ നമ്പൂതിരിപ്പാട് ,പരേതനായ രാമൻ നമ്പൂതിരിപ്പാട്, കൊളങ്ങര കരാട് സതീദേവി അന്തർജനം , കൂത്രോട്ട് പുല്ലങ്കോട് ലത അന്തർജനം എന്നിവർ മക്കൾ



**ഉണ്ണികൃഷ്ണൻ മൂസത്**

ചേവായൂർ: മേപ്പുറത്തില്ലത്ത് ഉണ്ണികൃഷ്ണൻ മൂസത് അന്തരിച്ചു. ലോക്കൽ ഫണ്ട് ഓഡിറ്റ് റിട്ട ഡെപ്യൂട്ടി ഡയറക്ടർ ആണ്.ഭാര്യ വിജയലക്ഷ്മി മൂസത്. മക്കൾ രമേഷ് മൂസത്, മാനേജർ ഇൻസ്റ്റിട്ട്യൂട്ട് ഓഫ് അഡ്മിനിസ്ട്രേഷൻ, രൂപേഷ് മൂസത് റിട്ട ഇന്ത്യൻ എയർഫോഴ്സ്, മരുമക്കൾ അനിത മാനേജർ തെന്നല സർവീസ് സഹ ബാങ്ക്, വിനീത ഡെൽഹി സെൻട്രൽ സ്കൂൾ ടീച്ചർ.

**ചരമവിവരങ്ങൾ അറിയിക്കൂ**
**9400992823**

# കുലബലി ശ്രാദ്ധം



ജാതവേദൻ
(മകരം മൂലം)



ഉമ(ചിങ്ങം
ആയില്യം)



പരമേശ്വരൻ
(ധനു തൃക്കേട്ട)



നാരായണൻ പുന്നപ്പുറം
(കർക്കിടകം തിരുവാതിര )



നീലകണ്ഠൻ
മീറ്റ്ന ചെറുമുക്ക്



പരമേശ്വരൻ
(ചിങ്ങം തിരുവാതിര)



സാവിത്രി
(തുലാം മൂലം)



പാർവ്വതി
(കന്നി പൂരം)



ബ്രഹ്മദത്തൻ
കൊയ്ത്തടി



മാധവൻ
പുന്നപ്പുറം

**വരരുചിയുടേയും പഞ്ചമിയുടേയും ശ്രാദ്ധങ്ങൾ പന്ത്രണ്ടു കുലക്കാർ എടുത്തു വളർത്തിയ പന്ത്രണ്ടു മക്കൾ ഒരുമിച്ച് ഊട്ടിയിരുന്നതായി ഐതിഹ്യം. ഇല്ലത്തെ ശ്രാദ്ധങ്ങൾ പോലും പിൻതലമുറയിലെ അണുകുടുംബങ്ങൾക്കു അറിയാത്ത വർത്തമാനസാഹചര്യം. അതിനാൽ എന്റെ പിതൃപിതാമഹന്മാരെ ശ്രദ്ധാഞ്ജലിയർപ്പിച്ച് അനുസ്മരിക്കുന്നു.**

**ഒന്നാം തലമുറ**
നീലകണ്ഠശർമ്മൻ ഏതത്തേന്നം
പാർവ്വതീദേ ഏതത്തേന്നം

**രണ്ടാം തലമുറ**
പരമേശ്വരൻ (കർക്കിടകം പൂരാടം)
ആര്യാ മംഗലത്തേരി (ധനു മകം )

**മൂന്നാം തലമുറ**
നീലകണ്ഠൻ (വൃശ്ചികം രേവതി)
ഉമ മേപ്പൊയിലം (ചിങ്ങം ചതയം)
ഉമ വടക്കം (വൃശ്ചികം പുണർതം)
കാളി മുണ്ടനാട് (വൃശ്ചികം മകീര്യം)
ജാതവേദൻ (മകരം മൂലം)
ഉമ ഭട്ടി തെക്കേടം (ചിങ്ങം ആയില്യം)
ശ്രീദേവി പന്നിശ്ശേരി
വിരൂപാക്ഷൻ (മിഥുനം കാർത്തിക )

**നാലാം തലമുറ**
പരമേശ്വരൻ (ധനു തൃക്കേട്ട ) ഉമ (കന്നി പൂരോരുട്ടാതി ) ശ്രീദേവി (വൃശ്ചികം ചതയം) ആര്യ (ധനു അവിട്ടം) നാരായണൻ പുന്നപ്പുറം (കർക്കിടകം തിരുവാതിര ) ഗൗരി (കർക്കിടകം പൂരോരുട്ടാതി)നീലകണ്ഠൻ മീറ്റ് ന ചെറുമുക്ക് (മീനം പൂരാടം) പരമേശ്വരൻ കുഞ്ഞ്യഫൻ (ചിങ്ങം തിരുവാതിര ) സാവിത്രി (തുലാം മൂലം )

**അഞ്ചാം തലമുറ**
നീലകണ്ഠൻ (മേടം ഉത്രാടം )
പാർവ്വതി (കന്നി പുരം)

## തലേത്തട്ടി ചാത്തങ്ങൾ

49ാം വയസ്സിൽ 1944 കർക്കിടകം തിരുവാതിരക്ക് തിരുന്നാവായ ഓത്തന്മാർ മഠം വേദാദ്ധ്യാപകൻ പുന്നപ്പുറം നാരായണൻ മുത്തഫൻ തലേത്തട്ടി അഥവാ കോളറ ബാധിച്ചു മരിച്ചു. വാസുദേവഫനെ ഉപനയിച്ച ഗുരുസ്ഥാനീയനായതിനാൽ അദ്ദേഹം പിണ്ഡം വെക്കുകയും സംവത്സരം ദീക്ഷിക്കകെയും ആണ്ടു ശ്രാദ്ധങ്ങൾ അനവധി കാലം ഊട്ടുകയും ചെയ്തു. അക്കാലത്തു നാലു തലേത്തട്ടി മരണങ്ങൾ ഇല്ലത്തുമുണ്ടായത്രേ. മുത്തശ്ശന്റെ മക്കളായ പെൺകിടാങ്ങൾ. മിഥുനം - കർക്കിടമാസങ്ങളിൽ മരിച്ച അച്ഛൻ പെങ്ങൾമാർ. മിഥുനത്തിലെ മൂലം ദേവകി, ഉത്രാടം സാവിത്രി, രേവതി നങ്ങയ്യ, കർക്കിടകത്തിലെ രേവതി നങ്ങേലി എന്നിങ്ങനെ.ജാതവേദൻ മുതുമുത്തഫന്റെ ദ്വിതീയ പത്നി ശ്രീദേവി പന്നിശ്ശേരിയുടെ മരണം ഗർഭിണിയായിരിക്കെ അരിവാർക്കുമ്പോൾ പൊള്ളലേറ്റതിനെ തുടർന്നായിരുന്നു.

ചിങ്ങം അത്തം നീലകണ്ഠൻ വല്ല്യച്ഛൻ,കന്നി ഉത്രം ബ്രഹ്മദത്തഫൻ, വൃശ്ചികം രേവതി ഉമഅച്ചമ്മൾ, മകരം അവിട്ടം കാളി അച്ചമ്മൾ, കുംഭം പൂരാടം ദിവാകരഫൻ, മീനം ഉത്രട്ടാതി ദേവകി അച്ചമ്മൾ, കർക്കിടകം ഭരണി വാസ്യേവഫൻ, ആയില്യം നങ്ങയ്യ ചെറിയമ്മ, കന്നി രോഹിണി മാധവഫൻ പുന്നപ്പുറം, പൂരോരുട്ടാതി പരമേശ്വരൻ പുന്നപ്പുറം, തുലാം 21.10 ചരമദിനം പ്രൊഫ.പുന്നപ്പുറം നാരായണൻ, മീനം അവിട്ടം നിഖിൽ പുന്നപ്പുറം, മേടം പൂരാടം ശ്രീദേവി ബ്രഹ്മദത്തൻ കൊയത്തൊടി, എടവം അത്തം അവരുടെ മകൾ ഉമാദേവി കൊയത്തൊടി.

മേൽപറഞ്ഞവരുടെയെല്ലാം സദ്ഗതിക്കായി പ്രാർത്ഥിക്കുന്നു. ശേഷൈകിം ക്രിയതാം ഇഷ്ടൈ സഹോപഭുജ്യതാം. ●

*ഫോട്ടോകൾ ലഭ്യമാക്കിയത് പേരക്കിടാങ്ങളായ ജാതവേദൻ കെ.എം, പുന്നപ്പുറം വാസുദേവൻ, കെ.സി.ലത ടീച്ചർ പുലാപ്പറ്റ എന്നിവരാണ്. ജാതവേദൻ മുതുമുത്തഫന്റെ ഒപ്പംനിന്ന് ഫോട്ടോ എടുക്കാൻ ഭാഗ്യമുണ്ടായ ഇളയമകൻ 95കാരനായി കോഴിക്കോട് അശോകപുരം കിളിയനാട് റോഡിലെ 'അഖിലാണ്ഡ'ത്തിലുണ്ട്. വേണുഗോപാലമുത്തഫൻ എന്ന ഐ.വി.മേനോൻ. പുന്നപ്പുറം നാരായണ മുത്തഫന്റെ ദ്വിതീയ പുത്രൻ കാടാമ്പുഴയിലെ നീലാണ്ടഫനും അദ്ദേഹത്തെ കണ്ടിട്ടുണ്ട്. ഇവർ ഒരേ പ്രായക്കാരെങ്കിലും രണ്ടു തലമുറക്കാർ.*

**കെ.എം.പരമേശ്വരൻ , കൊയ്ത്തടി ചെറുമുക്ക് കാറൽമണ്ണ, ചെർപ്പുളശ്ശേരി, മൊബൈൽ: 9072383651**

# മുപ്പത്തിയെട്ടാം ചരമവാർഷികം



**നാറാണിയാട്ട് നീലകണ്ഠൻ നമ്പൂതിരി** — **1983 ജനുവരി 27**

**ഉമാദേവി അന്തർജനം** — **1983 ജൂലൈ 15**

## സ്മരണാഞ്ജലികൾ

**(മക്കളും പേരമക്കളും കുടുംബവും)**

**മക്കൾ:** കേശവൻ നമ്പൂതിരി, അച്യുതൻ നമ്പൂതിരി (റിട്ട. സെയിൽസ് ടാക്സ് ഓഫീസർ ), ഉമാദേവി അന്തർജനം (കാവിൽതോട്ടം ഇല്ലം).
**മരുമക്കൾ:** സരസ്വതി അന്തർജനം (കാവിൽതോട്ടം ഇല്ലം), മല്ലിക (പാലക്കുളം ഇല്ലം), ഗോവിന്ദൻ നമ്പൂതിരി (കാവിൽതോട്ടം ഇല്ലം).
**പേരമക്കളും കുടുംബവും:** സുനിത &മുരളി  പി. എം , ശ്രീദിൻ &കൃഷ്ണപ്രിയ, ഡോ. അനു &ശ്യാമ , ഉമ &ഹരിശങ്കർ , ശ്രീശങ്കർ &ഐശ്വര്യ മാലിനി, സുരമ്യ &നാരായണൻ നമ്പൂതിരി (പ്രദീപ് ) , സൂരജ് &ശ്യാമ.
**കൊച്ചുമക്കൾ:** ഗൗതം കൃഷ്ണ, ഋതുപർണ്ണ, ആദികേശവ് അക്ഷര, ഉണ്ണികൃഷ്ണൻ, ശ്രീഭദ്ര, അനിരുദ്ധ്, മാധവ്, നിവിത, ധീരജ് എൻ, ധനഞ്ജയ് എൻ.

**നാറാണിയാട്ട് ഇല്ലം, ഫാറൂഖ് കോളേജ് പി.ഒ, കോഴിക്കോട് ജില്ല. പിൻ:673632 മൊബൈൽ:9496345680**

## ദാമോദരൻ നമ്പൂതിരി

താമരക്കുളം, താഴക്കോട് ബംഗ്ലാവിൽ

1894–1980

## നങ്ങേലി അന്തർജനം

മാടത്തിൽ ഇല്ലം, ചേവായൂർ

1924–2009





മക്കളും മരുമക്കളും: ശ്രീധരൻ നമ്പൂതിരി - വിലാസിനി, കൃഷ്ണൻ നമ്പൂതിരി - ശ്രീദേവി, ദാമോദരൻ നമ്പൂതിരി - ഉഷാകുമാരി, ശങ്കരൻ നമ്പൂതിരി - ശൈലജ, വിഷ്ണു നമ്പൂതിരി - രാധാമണി.പാർവ്വതി അന്തർജനം - വിഷ്ണു നമ്പൂതിരി (Late) (കാന്തക്കര പുല്ലൂർ മണ്ണ് ഇല്ലം) , ശ്രീദേവി അന്തർജനം (തങ്കമണി ) - ശങ്കരൻ നമ്പൂതിരി ( Late) ( ചെറുവക്കാട് ഇല്ലം), രമണി അന്തർജനം - വിഷ്ണു കെ.എസ് ( കീഴേടത്ത് മന ), രാധാമണി അന്തർജനം - കൃഷ്ണൻ എം.എസ് ( മുരിങ്ങോത്ത് മന)

താമരക്കുളം, താഴക്കോട് ബംഗ്ലാവിൽ, മാമ്പറ്റ, മുക്കം പി.ഒ, കോഴിക്കോട്- 673602



## പാതിരിശ്ശേരി മേലേടത്ത് നാരായണൻ നമ്പൂതിരി, നങ്ങേലി അന്തർജ്ജനം

**ദീപ്തസ്മരണകൾക്കു മുന്നിൽ ശ്രദ്ധാഞ്ജലികളർപ്പിക്കുന്നു**

**ഗംഗാധരൻ നമ്പൂതിരി പി.എം, ഭാർഗ്ഗവി. കെ, ഗീതാഞ്ജലി, രാജേശ്വരി**

ഗീതാഞ്ജലി ഹൗസ്, പാതിരിശ്ശേരി മേലേടത്ത്, പി.ഒ.വെള്ളലശ്ശേരി. വഴി. എൻ.ഐ.ടി, കോഴിക്കോട് ജില്ല. മൊബൈൽ: 9400584267

മക്കൾ: കൃഷ്ണൻ നമ്പൂതിരി പി.എം, ഗംഗാധരൻ നമ്പൂതിരി പി.എം, പരമേശ്വരൻ നമ്പൂതിരി പി.എം, മനോഹരൻ നമ്പൂതിരി പി.എം, രാധ പി.എം

## ബിസിനസ് രംഗത്തെ നമ്പൂതിരി

# ഇല്ലത്തു നിന്ന് ഒരു ബ്രാൻഡ്

**കൊളത്താപ്പള്ളി പോതായൻ നമ്പൂതിരിക്ക് പല്ലുവേദന മാറ്റാൻ കൊടുങ്ങല്ലൂർ കൊച്ചുകുട്ടൻ തമ്പുരാൻ ചൊല്ലിക്കൊടുത്ത അക്ഷരക്കൂട്ട്.**



*സ്ഥാപകൻ കൊളത്താപ്പള്ളി പോതായൻ നമ്പൂതിരി*

വിദേശത്തു നിന്നും മറ്റും അപൂർവമായ വസ്തുക്കൾ കൊണ്ടുവന്നു വില്പന യിലായിരുന്നു തുടക്കം. അന്നത്തെ വെസ്റ്റന്റ് കമ്പനിക്കാരുടെ വാച്ചുകളും ക്ലോക്കുകളും സ്വിറ്റ്സർലാന്റിൽ നിന്നു പോലും വരുത്തിയിരുന്നു. അങ്ങനെ അതെല്ലാം കൊണ്ടുനടന്നു വില്പന. അതിനിടയിൽ ഒരസുഖം വല്ലാതെ അലട്ടി. അസഹ്യമായ പല്ലുവേദന. അതേപ്പറ്റി കൊടുങ്ങല്ലൂർ കൊച്ചുകുട്ടൻ തമ്പുരാനോട് പറയാനിടയായി. അദ്ദേഹം ഒരു ആയുർവ്വേദ കുറിപ്പടി നൽകി. അതുപയോഗിച്ചപ്പോൾ നമ്പൂതിരിയുടെ പല്ലുവേദനക്കു ശമനമുണ്ടായി

ഇ.എം.എസ് രാഷ്ട്രീയരംഗത്ത്. വി.ടി സമുദായരംഗത്തും പ്രേംജി കലാരംഗത്തും. അങ്ങനെ നവോത്ഥാനവും സമുദായ പരിഷ്കരണവുമൊക്കെ ഉദിച്ചുയരുന്ന കാലം. അക്കാലത്ത് വേറൊരു നമ്പൂതിരി ശ്രദ്ധപതിപ്പിച്ചത് ബിസിനസിലാണ്. കൊളത്താപ്പള്ളി പോതായൻ എന്നായിരുന്നു അദ്ദേഹത്തിന്റെ പേര്.

വിദേശത്തു നിന്നും മറ്റും അപൂർവമായ വസ്തുക്കൾ കൊണ്ടുവന്നു വില്പന യിലായിരുന്നു തുടക്കം. അന്നത്തെ വെസ്റ്റന്റ് കമ്പനിക്കാരുടെ വാച്ചുകളും ക്ലോക്കുകളും സ്വിറ്റ്സർലാന്റിൽ നിന്നു പോലും വരുത്തിയിരുന്നു.

അങ്ങനെ അതെല്ലാം കൊണ്ടുനടന്നു വില്പന. അതിനിടയിൽ ഒരസുഖം വല്ലാതെ അലട്ടി. അസഹ്യമായ പല്ലുവേദന. അതേപ്പറ്റി കൊടുങ്ങല്ലൂർ കൊച്ചുകുട്ടൻ തമ്പുരാനോട് പറയാനിടയായി. അദ്ദേഹം ഒരു ആയുർവ്വേദ കുറിപ്പടി നൽകി. അതുപയോഗിച്ചപ്പോൾ നമ്പൂതിരിയുടെ പല്ലുവേദനക്കു ശമനമുണ്ടായി.

അതു കൊള്ളാലോ! ബന്ധുക്കൾക്കും കൂട്ടുകാർക്കുമെല്ലാം അദ്ദേഹം അത് നൽകി. എങ്ങനെയുണ്ടെന്നാരാഞ്ഞു. തരക്കേടില്ല. ആവശ്യക്കാരേറുന്നത് ആവേശമായി. അങ്ങനെ 1925 ആഗസ്റ്റ് 17ന് (കൊല്ലവർഷം 1101 ചിങ്ങം ഒന്നാംതിയ്യതി) സ്വന്തം ഇല്ലത്ത് പൽപ്പൊടി ഉൽപ്പാദനം തുടങ്ങി. കൊച്ചുകുട്ടൻ തമ്പുരാൻ ചൊല്ലിക്കൊടുത്ത അക്ഷരക്കൂട്ട്. അതങ്ങ് പൽപ്പൊടിയിൽ പൊടിച്ചു ചേർത്തു. പല്ലുവേദന മാറ്റാനുള്ള പൊടി പല്ലുവേദന വരാതിരിക്കാനുള്ള ചൂർണ്ണമായി. പിന്നെ, പല്ലിനു ശോഭകൂട്ടുന്ന ദന്തധാവനമായി. ഒന്നു പിന്തിരിഞ്ഞു നോക്കാം.

തൊണ്ണൂറു കൊല്ലം മുമ്പത്തെ അവസ്ഥ എന്തായിരുന്നു. തേക്കാൻ എണ്ണ, ഉടുക്കാൻ കോറ, ഉണ്ണാൻ അരി. ഇതിനപ്പുറം ഒന്നും ആവശ്യമില്ലായിരുന്ന കാലം. പൽപ്പൊടി വാങ്ങി പല്ലു തേക്കുന്നത് വല്ലാത്ത ലക്ഷ്വറി ആയിരുന്ന കാലം. പൽപ്പൊടി എന്ന ഒരു സാധനം സാധാരണ നിലയിൽ വിറ്റു പോവില്ല. അഥവാ അങ്ങനെയൊന്ന് വില്ക്കാമെന്നായാൽ ഏതൊരുവനും കയറി ആ മാർക്കറ്റിൽ മത്സരിക്കാം. ഈസിയായി ഉണ്ടാക്കാവുന്ന സാധനമാണ് പൽപ്പൊടി. വിദേശത്തു നിന്നു ഇറക്കുമതി ചെയ്ത സാങ്കേതിക വിദ്യയൊന്നും ആവശ്യമില്ല

എന്നിട്ടും പൽപ്പൊടി രംഗത്ത് നമ്പർ വൺ ആയി. മാത്രമല്ല, സുഖപ്രസവത്തിന് സുപ്രസൂദിഘ്ര്യതം, ദേഹരക്ഷക്ക് പരമാനന്ദരസായനം. പിന്നെ, ഇൻസ്റ്റന്റ് കാപ്പിക്ക് തുല്യമായ കാപ്പി വില്ല എന്നൊരു ഉൽപ്പന്നവും നിർമ്മിച്ചിരുന്നു. ഇവയുടെ കൂട്ടത്തിലാണ് പൽപ്പൊടിയും നാടാകെ കൊണ്ടുനടന്ന് പ്രചരിപ്പിച്ചത്! അന്നത്തെ നമ്പൂതിരി സദസ്സുകളിലെല്ലാം പോതായൻ നമ്പൂതിരിയുടെ സാമീപ്യം ദൃശ്യമായി. കുന്നംകുളത്തെ കാണിപ്പയ്യൂർ പഞ്ചാംഗമാവട്ടെ പ്രചാരണത്തിലും വിതരണത്തിലും കൂട്ടാവുകയും ചെയ്തു.

1957ൽ പോതായൻ നമ്പൂതിരി അന്തരിച്ചു. ഉത്തരവാദിത്തം രണ്ടാമത്തെ മകൻ രാമൻ നമ്പൂതിരിക്കായി. അതുവരെ ഉല്പാദനം ഇല്ലത്തും വിതരണം തൃശൂരിലും ഒതുങ്ങി നിന്നെങ്കിൽ ഉല്പാദനം ഫാക്ടറിയിലേക്ക് മാറി. വിതരണം അയൽസംസ്ഥാനങ്ങളിലേക്കുമെത്തി. ചുക്ക്, കരയാമ്പൂ, കുരുമുളക്, കടുക്ക, നെല്ലിക്ക, ഇരട്ടിമധുരം, പെരിഞ്ചീരകം തുടങ്ങി ഔഷധമേന്മയും സുഗന്ധരുചികളും ചേർത്ത് പൽപ്പൊടിക്ക് ഗുണമേന്മയും കൂട്ടി. വെറും പൽപ്പൊടി ദന്തധാവനചൂർണ്ണമായി. ഇഷ്ടപ്പെട്ടവരൊക്കെ നമ്പൂതിരിയുടെ ദന്തധാവനചൂർണ്ണം എന്ന് അധികവിശേഷണം നൽകി. അതാണ് പിൽക്കാലത്ത് കെ.പി.നമ്പൂതിരീസ് ദന്തധാവനചൂർണ്ണമായത്!

2000ൽ രാമൻ നമ്പൂതിരി അന്തരിച്ചു. ആ സമയമായപ്പോഴേക്കും ബിസിനസ് മേഖല പൊതുവിൽ വൻകോർപ്പറേറ്റുകളുടെ കയ്യിലെത്തിയിരുന്നു. ബ്രാൻഡിനെ നയിക്കാനുള്ള നിയോഗം രാമൻ നമ്പൂതിരിയുടെ മകൻ ഭവദാസനന്നയിരുന്നു. ചെറുകിട ഉല്പാദകർ വൻ കോർപ്പറേറ്റുകൾക്ക് മുന്നിൽ പിടിച്ചു നിൽക്കാനാവാതെ ഉഴലുന്ന ദശാസന്ധിയിൽ ആ മുപ്പതുകാരൻ പകച്ചു നിന്നില്ല. പുതിയ വഴികൾ തേടി.

പൽപ്പൊടി എന്ന ഒറ്റ ഉൽപ്പന്നത്തിൽ നിന്ന് കെ.പി. നമ്പൂതിരീസിനെ വിവിധ പേഴ്സണൽ കെയർ പ്രൊഡക്ടുകളുടെ മികച്ച ബ്രാന്റാക്കി മാറ്റിയത് മൂന്നാം തലമുറയിലെ ഭവദാസനാണ്. ആയുർവ്വേദത്തിലൂടെ പ്രകൃതിയിലേക്ക് എന്ന ആപ്തവാക്യം ഉയർത്തികൊണ്ട് ഹെർബൽ ടൂത്ത് പേസ്റ്റ്, ആയുർവ്വേദ ജെൽ ടൂത്ത് പേസ്റ്റ്, അലോവെറ ടൂത്ത് പേസ്റ്റ്,

നാചറൽ സാൾട്ട് ടൂത്ത്പേസ്റ്റ്, ഹെർബൽ മൗത്ത് വാഷ്, വാസനഭസ്മം, ദാഹമുക്തി തുടങ്ങി പുതുതലമുറയുടെ അഭിരുചികൾക്കനുസരിച്ച് പുതിയ ഉല്പന്നങ്ങൾ. ചെമ്പരത്തിതാളിയും ഷാമ്പൂവും, ഔഷധസോപ്പുകളും ബോഡി കെയർ ഉൽപ്പന്നങ്ങളുമെല്ലാം ബ്രാൻഡിനൊപ്പം വളർന്നു. മാറുന്ന അഭിരുചിയെ മുന്നിൽ നിന്ന് നയിക്കുകയാണ് മൂന്നാം തലമുറ.

ഇപ്പോൾ ഇന്ത്യയിൽ മാത്രമല്ല, ഗൾഫ് അറബി രാഷ്ട്രങ്ങളിലും മലേഷ്യ, സിംഗപ്പൂർ തുടങ്ങിയ കിഴക്കൻ രാജ്യങ്ങളിലും, ജർമ്മനി, പോളണ്ട്, ബൾഗേറിയ ഉക്രൈൻ തുടങ്ങിയ വിവിധ യൂറോപ്യൻ രാജ്യങ്ങളിലും വ്യാപാരശംഖലയെത്തി. ദന്തകാന്തിയിൽ നിന്ന് മുഖകാന്തിയിലേക്ക്. പിന്നീട് ശരീരകാന്തിയിലേക്ക്. അതുകഴിഞ്ഞ് ഇപ്പോഴിതാ ആതിഥേയസൽക്കാരങ്ങളിലേക്ക്. ക്ഷേത്രനഗരമായ ഗുരുവായൂരിലെ ദേവരാഗം റിസോർട്ട് ഈ ബ്രാൻഡിന്റെ മാറുന്ന മുഖമാണ്.

ഏറ്റവും ഒടുവിൽ ഇതും പറയാതെ വയ്യ. കൊവിഡ് കാലത്തും ഈ ബ്രാൻഡ് അതിനാവശ്യമായ ഉല്പന്നങ്ങളുമായി വിപണിയിലെത്തി. ഫേസ് വാഷ്, ഹാന്റ് വാഷ്, ബോഡി വാഷ്, സാനിറ്റൈസർ എന്നിവയെല്ലാം. അതും ജനപ്രിയബ്രാന്റുകളാണ്. ഗുണമേന്മയല്ലാതെ വേറെ രഹസ്യമൊന്നും ഇതിലില്ലെന്ന് മാനേജിംഗ് ഡയറക്ടർ കെ.ഭവദാസൻ പറയുന്നു. സാധാരണ നിലയിൽ ഒരു ഉപസഭയുടെ'ഠ'വട്ടത്തിൽ മാത്രം വില്പനയാവുന്ന ഉല്പന്നമാണ് വെറും പൽപ്പൊടി. പല ഉപസഭക്കാരും കടുമാങ്ങ ഉണ്ടാക്കുന്ന നിലവാരത്തിൽ കണ്ടാൽ മതി. എന്നിട്ടും ഇത് ഭൂമിയെ കീഴടക്കിയെങ്കിൽ ഇതിൽ നിന്ന് വേറെ നമ്പൂതിരിമാർക്ക് ചിലത് പഠിക്കാനുണ്ട്. ●





*കെ.പി.നമ്പൂതിരിയുടെ മകൻ രാമൻ നമ്പൂതിരിയും ഇപ്പോഴത്തെ എം.ഡി കെ ഭവദാസൻ നമ്പൂതിരിയും*
**ഒന്നാം തലമുറയിൽ കേരളം. രണ്ടാം തലമുറയിൽ ഇന്ത്യ. മുത്തശ്ശന്റെ പേരുള്ള മൂന്നാം തലമുറക്കാരന്റെ കാലത്ത് ഗ്ലോബാണ് പരിധി. ജംബു ദ്വീപം മാത്രമല്ല എല്ലാ വൻകരകളും. കിഴക്ക് ആദിത്യൻ പരിധി...**

## കോഴിക്കോട് ജില്ലയിലെ ഉപസഭാ പ്രസിഡണ്ട് – സെക്രട്ടറിമാർ.

### 1. കോഴിക്കോട് സിറ്റി
പ്രസിഡണ്ട് ശംഭു നമ്പൂതിരി - 85471 41203,
സെക്രട്ടറി - ശ്രീകാന്ത് തളിയിൽ. 97449 55870

### 2 താമരശ്ശേരി
ഉണ്ണികൃഷ്ണൻ കാവിൽ പടിഞ്ഞാറേടം 94473 38779 ,
അരുൺ. ചെല്ലംകളത്തിൽ.- 7306102205

### 3 ചാത്തമംഗലം
പ്രീത കോരമ്പറ്റ- 97477 16926,
പാറക്കോട് ശങ്കരൻ നമ്പൂതിരി - 9288147614

### 4 ബാലുശ്ശേരി
എടക്കുന്നത്ത് കേശവൻ നമ്പൂതിരി - 9447637138,
മുണ്ടക്കൽ പറമ്പത്ത് രാധാകൃഷ്ണൻ നമ്പൂതിരി -9539189104

### 5 പെരുമണ്ണ
പാറക്കോട് ഗോവിന്ദൻ നമ്പൂതിരി 9744976480,
ലത തായട 9645455648

### 6 ഫറോക്ക്
നീലമന ശങ്കരൻ നമ്പൂതിരി - 9847324169,
ബാലസുബ്രമണ്യൻ തളിയിൽ - 9447007643

### 7.രാമല്ലൂർ
ചെമ്പക്കോട് ബാലഗോപാലൻ നമ്പി _ 9947540347,
തെഞ്ചേരി ഉണ്ണികൃഷ് ണൻ നമ്പൂതിരി - 9048348317

### 8 ഉച്ചക്കാവ്
ചുഴലിപ്പുറം വാസുദേവൻ നമ്പൂതിരി - 8086905788,
ചെറുവക്കാട് കേശവൻ നമ്പൂതിരി - 9495565195

### 9 കക്കോടി
കോൽപ്പുറം ശ്രീകുമാരൻ നമ്പൂതിരി - 9495175742,
നരിക്കോട് മേക്കാട്ട് ശ്രീനാഥ് - 9744813455

### 10 വടകര
വരിഷ്യ കുനി ഇല്ലത്ത് കേശവൻ നമ്പൂതിരി -7012935016,
അമ്പിളിക്കുന്നം ശ്രീഹരി വിഷ്ണു - 9400980039

### 11 കണ്ണിപറമ്പ്
നരിങ്ങൽ തലപ്പണ ഉണ്ണി കൃഷ്ണൻ നമ്പൂതിരി - 9446522489, വീട്ടിക്കാട്ട് പരമേശ്വരൻ (കുഞ്ഞുണ്ണി ) 94956 11624

### 12 മുക്കം
ശൈലജ താമരക്കുളം - 9995628 092,
കൃഷ്ണകുമാർ താമരക്കുളം - 9446769922

### 13 ചേവായൂർ
കൊളപ്പുറം നാരായൺ നമ്പൂ തിരി - 9446213362,
ഉണ്ണികൃഷ്ണൻ തായാട്ട് - 9539332460

### 14. കൊയിലാണ്ടി
നരിക്കുനി ഇടമന മോഹനൻ നമ്പൂതിരി - 9495307957,
പ്രതീഷ് പെരുമ്പള്ളി - 9447872242

### 15 മുയിപ്പോത്ത്
കുനിയിൽ സന്തോഷ് നമ്പൂ തിരി- 9645756341,
മുണ്ടോട്ട ഉണ്ണിക്കൃ ഷ്ണൻ - 9446159842

### ജില്ലാ വനിതാ സഭ
ശ്രീകുമാരി വയപ്പുറം (8547860761) പ്രസിഡണ്ട്,
ശ്രീജ അരീക്കര (9497169789) സെക്രട്ടറി

### ജില്ലാ യുവജന സഭ
വയപ്പുറം വാസുദേവ പ്രസാദ് ( 9447465545) പ്രസിഡണ്ട്, വിനീത് രാജ് കൻമന (9846698489) സെക്രട്ടറി

# ആസ്ഥാനമന്ദിരം സാക്ഷാത്കാരത്തിലേക്ക്

**ആസ്ഥാനമന്ദിര നിർമ്മാണ ഫണ്ടിലേക്ക് സംഭാവന**

(കഴിഞ്ഞ ലക്കം തുടർച്ച)

**79 തിരുമംഗലം ശങ്കരൻ നമ്പൂതിരി .......:10000**
**80 തായാട്ട് സന്തോഷ് നമ്പൂതിരി . ........:10000**
**81. തിരുമംഗലം കല അന്തർജനം ..........:10000**
**82 മുണ്ടോളികളം ബാബു നമ്പൂതിരി.....:10000**
**83 പുത്തൂർ മുതുമന മനോജ് നമ്പൂതിരി:10000**
**84. ജിതേഷ് പനക്കാട് ..............................10000**
**85 മക്കാട് മാധവൻ നമ്പൂതിരി .............: 25000**
**86 എ.പി. അനിയൻ നമ്പൂതിരി............ 25000**
**87 സി. കൃഷ്ണൻ മൂസ് ..........................25000**
**88 മങ്ങത്തായ കൃഷ്ണൻ നമ്പൂതിരി ..: 25000**
**89 പരസ്പരസഹായ നിധി കമ്മീഷൻ.: 66000**



കോഴിക്കോട് കോർപറേഷൻ പരിധിയിൽ കോവൂർ വിഷ്ണു ക്ഷേത്രത്തിനു സമീപം പണി പൂർത്തിയായി വരുന്ന കെട്ടിടം

കോവിഡ് ഏറ്റവും കൂടുതൽ ബാധിച്ചിട്ടുള്ളത് നമ്മുടെ സമുദായത്തെയാണ്. 9 മാസ്മായി നാമമാത്രമായ വരുമാനവുമായി ക്ഷേത്രജീവനക്കാർ. ഉത്സവകാലവരുമാനങ്ങളില്ല. അസംഘടിതർ. മറ്റു ആനുകൂല്യങ്ങളുമില്ല. പുറത്തിറങ്ങാൻ പറ്റാത്തതുകൊണ്ടുള്ളമാനസിക പ്രശ്നങ്ങളും. 22മാസമായി തുച്ഛമായ ശമ്പളം പോലും ലഭിക്കാത്ത മലബാർ ദേവസ്വം ബോർഡ് ജീവനക്കാർ. 3 ആഴ്ചയായി തുടരുന്ന സമരം. വോട്ടു ബാങ്ക് അല്ലാത്തതിന്റെ തിക്തഫലം.

കോഴിക്കോട് ജില്ലയുടെ സ്വപ്നപദ്ധതിയായ ആസ്ഥാനമന്ദിര നിർമ്മാണത്തിന് 2019നവമ്പർ 7നാണ് തറക്കല്ലിട്ടത്. നീക്കിയിരിപ്പുകൾ ഒന്നും ഇല്ലാതെ നിർമ്മാണം വെല്ലുവിളിപോലെ ഏറ്റെടുത്തു. താഴെ 200 പേർക്ക് ഇരിക്കാവുന്ന ഹാൾ, ബാത്ത്റൂം, ഓഫീസ്. മുകളിൽ യോഗക്ഷേമസഭയുടെ ഓഫീസ് സ്വസ്തിയുടെ ഓഫീസ്,ഗസ്റ്റ് റൂം, കേരള ബ്രാഹ്മണരെപ്പറ്റിയുള്ള ഒരു റഫറൻസ് ലൈബ്രറി എന്നിവക്കായി 2150 സ്ക്വയർ ഫീറ്റ്ഏരിയ.എസ്റ്റിമേറ്റ് 40-42 ലക്ഷം.

കോവിഡ് കാലമടക്കം ഒരു വർഷം പിന്നിട്ടു. 27 ലക്ഷത്തോളം രൂപ ചെലവാക്കി. ഇനിയും ഒരു 15 ലക്ഷം കൂടിയാണ് വേണ്ടത്. ലോക് ഡൗണിന്റെ കാലത്തും മന്ദിര നിർമ്മാണ പ്രവൃത്തികൾ തുടരാനായി. താഴത്തെ നില പൂർത്തീകരിച്ചു. മുകൾനിലയുടെ സ്ടക്ച്ചർ വർക്കും. ഇനിയൊരു 10-12 ലക്ഷം കൂടിവേണം. 88 പേരിൽ നിന്നായി 27 ലക്ഷം, ആവരേജ് കോൺട്രിബ്യൂഷൻ 31000 രൂപ. നന്ദി, എല്ലാവർക്കും.

മന്ദിര നിർമ്മാണത്തിന്റെ ആദ്യഘട്ടം മുതൽ പ്രായത്തെ പോലും അവഗണിച്ച് നേതൃത്വം നൽകുന്ന ബാലകൃഷ്ണൻ മൂസ്, തിരുമംഗലം കൃഷ്ണൻ നമ്പൂതിരി എന്നിവരോടുള്ള ജില്ലാ സഭയുടെ കടപ്പാട് വളരെ വലുതാണ്. ഉപസഭകളും, വനിതാ - യുവജന സഭകളും കൂടെത്തന്നെയുണ്ട്. ദൈനംദിന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതും വിലയിരുത്തുന്നതും മധു അരീക്കര , ദാമോദരൻ നാറണിയാട്ട്, ബാലകൃഷ്ണൻ മൂസ് , തിരുമംഗലം കൃഷ്ണേട്ടൻ, താമരക്കുളം ദിവാകരൻ എന്നിവരടങ്ങുന്ന കോർ കമ്മിറ്റിയാണ്. എല്ലാ അംഗങ്ങളും ഷെയറുകൾ എടുത്തും സംഭാവനകൾ നൽകിയും സംഘടിപ്പിച്ചും ഒന്ന് ഉണർന്ന് പ്രവർത്തിച്ച് ധനസമാഹരണം നടത്തിയാൽ 2 മാസം കൊണ്ട് പണി പൂർത്തിയാകും. കോഴിക്കോട് ജില്ലയിലെ 3200 മെമ്പർമാരിൽ ഞങ്ങൾക്ക് പൂർണ വിശ്വാസമുണ്ട്. അവർക്ക് ഞങ്ങളിലും.

ഉപസഭകളെല്ലാം ക്രിയാത്മകമായി പ്രവർത്തിക്കുന്നു. വനിതാ സഭ ഗംഭീരമായ പ്രവർത്തനങ്ങൾ നടത്തുന്നു. യുവജനസഭ നവം 2020 ലൂടെ നല്ല തുടക്കം കുറിച്ചിരിക്കുന്നു. സ്വസ്തി ത്രൈമാസിക കണ്ടൻറിലും വരിക്കാരുടെ എണ്ണത്തിലും സ്വീകാര്യതയിലും ഉയരങ്ങളിലേക്ക് കുതിക്കുന്നു. ഇതിനെല്ലാം പുറകിലുള്ള അക്ഷീണ പ്രവർത്തകരെ എത്ര അഭിനന്ദിച്ചാലും മതിയാകില്ല. ഒരുമ തന്നെയാണ് നമ്മുടെ ശക്തി. സ്നേഹത്തോടെ

**താമരക്കുളം ദിവാകരൻ**
ജില്ലാ സെക്രട്ടറി
മൊബൈൽ:9447337337





*1 ആസ്ഥാനനിർമാണ ഫണ്ടിലേക്ക് മങ്ങത്തായ കൃഷ്ണൻ നമ്പൂതിരി സംഭാവന കൈമാറുന്നു. 2 മലബാർ ദേവസ്വം ബോർഡ് ഓഫീസിനു മുൻപിൽ ക്ഷേത്ര ജീവനക്കാർ നടത്തുന്ന അനിശ്ചിതകാല സമരത്തിനു അഭിവാദ്യമർപ്പിക്കാൻ യോഗ ക്ഷേമ സഭ കോഴിക്കോട് ജില്ലാ പ്രസിഡന്റ് മധു അരീക്കരയും സെക്രട്ടറി താമരക്കുളം ദിവാകരൻ നമ്പൂതിരിയും സമരവേദി സന്ദർശിച്ചപ്പോൾ*




<u>ഒക്ടോബർ 17 മുതൽ 26 വരെ ഓൺലൈൻ ആയി യുവജന സഭയുടെ ഒഫീഷ്യൽ ഫേസ് ബുക് പേജിൽ രാത്രി 8 മുതൽ 9 വരെ നടന്ന നവം 2020 ലെ ചില പരിപാടികൾ</u>









# ജില്ലാ വനിതാ സഭ പ്രവർത്തന റിപ്പോർട്ട്

സംസ്ഥാനതല പരിപാടികളായ കർക്കിടകത്തിൽ രാമായണം, ചിങ്ങത്തിൽ കൃഷ്ണ ഗാഥ, കന്നിയിൽ ദേവീമാഹാത്മ്യം, തുലാത്തിൽ നവരാത്രി, വൃശ്ചികത്തിൽ നാരായണീയം, ഗീത എന്നീ വിഷയങ്ങളെ അധികരിച്ച് ജില്ലയിൽ നിന്നും കണ്ടമംഗലം പരമേശ്വരൻ നമ്പൂതിരി , പാറക്കോട് വാസുദേവൻ നമ്പൂതിരി , ഉമ വയപ്പുറം, പാറോളി പുരുഷോത്തമൻ നമ്പൂതിരി , വയപ്പുറം വാസുദേവ പ്രസാദ് എന്നിവരുടെ പ്രഭാഷണങ്ങൾ അവതരിപ്പിച്ചു. ഗാന്ധിജ യന്തിയിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തി.

30 ഓളം വനിതകളെ ഉൾപ്പെടുത്തി നാരായണീയം ഗ്രൂപ് ഉണ്ടാക്കി ദിവസവും നാരായണീയ പാരായണം നടത്തുന്നു. ഗ്രൂപ്പ് അംഗങ്ങൾ 3 ആവർത്തി നാരായണീയവും ഒരു തവണ ഗീതയും പാരായണം ചെയ്തു.

ശങ്കരായണം ഗ്രൂപ്പ് രൂപീകരിച്ചു. സംസ്ഥാന ശങ്കരായണം കോ ഓർഡിനേറ്ററായി ഹേമലത പാറക്കോടിനെ തിരഞ്ഞെടുത്തു. കല്ലംവള്ളി ജയൻ നമ്പൂതിരി , കണ്ടമംഗലം പരമേശ്വരൻ നമ്പൂതിരി തുടങ്ങിയവരുടെ ഗീത, നാരായണീയം ക്ലാസുകളും, സംസ്ഥാന സംസ്കൃത പഠന ക്ളാസുകളും ശങ്കരായനം ഗ്രൂപ്പുവഴി എല്ലാവരിലും എത്തിക്കുന്നു.

ഇത്തിരി മന്ദഗതിയിലായിരുന്ന കൊയിലാണ്ടി, രാമല്ലൂർ, ചാത്തമംഗലം, താമരശ്ശേരി ഉപസഭകളിൽ സുധ അകപ്പുറം, ദേവി അരീക്കര , ഹേമലത പാറക്കോട്, ജ്യോതി നാരായണൻ എന്നിവരുടെ പ്രവർത്തനങ്ങൾ പുതുജീവൻ നൽകി. പുതിയ ഉപസഭകളായ വടകര, മുയിപ്പോത്ത് എന്നിവ ശാശ്വതി, സജിന എന്നിവരുടെ നേതൃത്വത്തിൽ നല്ല പ്രവർത്തനം നടത്തിവരുന്നു .

ജില്ലാ വനിതാ സഭക്കു വേണ്ടി
**ശ്രീകുമാരി വയപ്പുറം പ്രസിഡണ്ട്**
**ശ്രീജ അരീക്കര സെക്രട്ടറി**

# യുവജനസഭ പ്രവർത്തന റിപ്പോർട്ട്

കോഴിക്കോട് ജില്ലാ യുവജനസഭയുടെ ഈ വർഷത്തെ നവരാത്രി ആഘോഷം 'നവം 2020' ഒക്ടോബർ 17 മുതൽ 26 വരെ ഓൺലൈൻ ആയി യുവജന സഭയുടെ ഒഫീഷ്യൽ ഫേസ്ബുക് പേജിൽ രാത്രി 8 മുതൽ 9 വരെ നടന്നു. കോഴിക്കോട് ജില്ലയിലെ എല്ലാ ഉപസഭകളിൽ നിന്നും ധാരാളം പ്രഗദ്ഭർ പരിപാടിയിൽ പങ്കെടുക്കുകയും പരിപാടികൾ വീക്ഷിക്കുകയും ചെയ്തു.

കുറെ കൊച്ചു കലാകാരികൾക്കും കലാകാരന്മാർക്കും അവരുടെ കഴിവുകൾ ഈ വേദിയിലൂടെ തെളിയിക്കാനും കഴിഞ്ഞു.

വിജയദശമി ദിവസത്തിലെ കലാ അർച്ചന രാവിലെ 8 മണി മുതൽ 12 മണി വരെ ഡാൻസ്, പാട്ട്, ചിത്രരചന, കവിത, കഥ, സംഗീത കച്ചേരി, അഷ്ടപദി, ആയോധന കലകൾ, ഫോട്ടോഗ്രഫി പ്രദർശനം, എന്നിവ യിലായി നടന്നു.

പ്രതീക്ഷിച്ചതിലും കൂടുതൽ ആളുകൾ പരിപാടി അവതരിപ്പിക്കാൻ താല്പര്യം കാണിച്ചതിൽ സന്തോഷവും നന്ദിയും അറിയിക്കട്ടെ.

**വിനീത് രാജ് കൻമന,സെക്രട്ടറി,**
യുവജന സഭ, കോഴിക്കോട്

## ശ്രീ ശങ്കരവൈദിക സാംസ്കാരിക കേന്ദ്രം പ്രതിഭാദരം

അരീക്കോട് ശ്രീ ശങ്കരവൈദിക സാംസ്കാരിക കേന്ദ്രം പരീക്ഷകളിൽ ഉന്നത വിജയം കൈവരിച്ചവരെ അവരവരുടെ ഇല്ലങ്ങളിൽ ചെന്ന് സർട്ടിഫിക്കറ്റുകളും ക്യാഷ് പ്രൈസും നൽകി ആദരിച്ചു. ട്രസ്റ്റ് സെക്രട്ടറി വി.കെരാമചന്ദ്രൻ ,ആറ്റുപുറം ദാമോദരൻ, പഴങ്ങോട്ടുപറ്റ ജയൻ, നടുവിലെടം ഗോവിന്ദൻ നമ്പൂതിരി ,ദേവൻ തിരുവല്ലൂർ,മുത്തേടത്ത് പാലശേരി ജയനാരായണൻ എന്നിവർ പങ്കെടുത്തു.ട്രസ്റ്റ് ഡയറക്ടറിയുടെ നവീകരിച്ച എഡിഷൻ 2021 ജനുവരിയിൽ പ്രകാശനം ചെയ്യും.

# ആ നേദ്യച്ചോറ് ധാരാളം പേർ രുചിച്ചു

**സ്വസ്തിയിൽ വന്ന അത്യപൂർവമായ ഒരു പ്രണയാനുഭവമായിരുന്നു നേദ്യച്ചോറിൽ പകുത്തു നൽകിയ ഹൃദയം. ഒരന്തർജനത്തിന്റെ ആത്മകഥാപരമായ കുറിപ്പുകൾ. അവരുടെ മരണശേഷം മകൻ കണ്ടെടുത്ത് പ്രസിദ്ധീകരണത്തിനു തരികയായിരുന്നു. അത് വായിച്ച് ധാരാളം പേരാണ് പ്രതിരിച്ചത്. സ്ഥലപരിമിതി മൂലം എല്ലാം നൽകാനാവുന്നില്ല. എങ്കിലും ചിലത് നൽകാതിരിക്കുന്നത് ആ അമ്മയോടു കാണിക്കുന്ന നീതികേടാവുമെന്നതിനാൽ ഇവിടെ ചേർക്കുന്നു. - പത്രാധിപർ**

## നേദ്യച്ചോറിൽ പകുത്തു നൽകിയ ഹൃദയം

ഞാൻ മലപ്പുറം ജില്ലയിൽ ഹെഡ്മാസ്റ്ററായിരുന്നു. 82 വയസ്സായി. 1995 ൽ റിട്ടയർ ചെയ്തു. പെരുവനം ഗ്രാമത്തിലെ വൈദികനാണ്. ശ്രൗതഷോഡശ സംസ്കാരം ഇഷ്ടപ്പെടുന്നതിനാൽ അഗ്ന്യാധാനം ചെയ്തു. അനുജൻ സോമയാജിയാണ്. ഞങ്ങൾ ഒരു ഇല്ലപ്പറമ്പിൽ ആറു താവഴിയായി താമസിക്കുന്നു.സ്വസ്തിയുടെ വരിക്കാരനാണ്.

'എഴുപത്തഞ്ചു വർഷം മുമ്പ് ഒരു അന്തർജനംഉള്ളിലൊളിപ്പിച്ച ഒരു പ്രണയകഥ' സ്വസ്തി ഒക്ടോബർ 2020 വായിച്ചു. ഹൃദയസ്പർശിയായ ഒരു ചിത്രീകരണം. ഒരു പെൺകിടാവ് തന്റെ ഭാവി വരനായി കണ്ട് പരസ്പരം സംസാരിക്കാതെ, മോഹം ഉള്ളിലൊതുക്കി പ്രാപ്തമാക്കിയ ഒരു വിവാഹത്തിന്റെ കഥ. 70 വയസ്സ് പിന്നിട്ടവർക്ക് പഴയ ഓർമ്മകൾ പൊടിതട്ടി എടുക്കുവാൻ കഴിയും. എന്നാൽ ഇന്നത്തെ തലമുറക്കാർക്ക് അത് ഒരു കേട്ടുകേൾവി മാത്രമായിരിക്കും.

ശതാബ്ദങ്ങൾക്ക് മുമ്പുള്ള നമ്പൂതിരി ഇല്ലങ്ങളിലെ അന്തപ്പുരത്തിലെ സ്പന്ദനങ്ങൾ പ്രസിദ്ധീകരിക്കാൻ കഴിഞ്ഞത് ഒരു വേറിട്ട അനുഭവം നൽകുന്നു. നങ്ങേലി അന്തർജനത്തിന്റെ കയ്യെഴുത്ത് വ്യക്തമായി വായിക്കാൻ പ്രയാസപ്പെട്ടു. ഇല്ലങ്ങളിലെ അടുക്കളകളിലും നാലുകെട്ടുകളിലും ഒതുങ്ങിനിന്നിരുന്ന വികാരവിചാരങ്ങളുടെ ഒരു പ്രതിഫലനം ആ വിവരണത്തിലുണ്ട്. ബന്ധുക്കളല്ലാത്ത അപരനെ ഏട്ടൻ എന്നൊന്നും പെൺകിടാങ്ങൾക്ക് സംബോധന ചെയ്യാനുള്ള അവകാശം അന്നുണ്ടായിരുന്നില്ല. അത് അധികപ്രസംഗമായി കരുതിയിരുന്ന ഒരു കാലമായിരുന്നു അത്.

ഒരു ദിവസം സന്ധ്യക്ക്......കുളിച്ചുകയറി നിൽക്കുന്നുണ്ടായിരുന്നു. അപ്പോൾ ഒന്നുകൂടി നോക്കാൻ തോന്നി... ആരെങ്കിലും കണ്ടാലോ... അത്രയേ വേണ്ടൂ... ഒന്നു കണ്ടാൽ മതി. ഒരു പെൺകിടാവിന്റെ മനസ്സിന്റെ ബഹിർസ്ഫുരണങ്ങൾ മാത്രമാണത്. ശ്രീരാമോദന്തം വായിക്കുന്നതിന് പകരം ഇന്ദുലേഖ വായിച്ചാലുണ്ടാകുന്ന കൊഴപ്പമായി അതിനെ സംശയിക്കുന്നു. ഉദ്ധരണികൾ ഇനിയുമുണ്ട്. ഞാനതിന് മുതിരുന്നില്ല.




പഴയകാലത്ത് അന്തർജനങ്ങൾ മാത്രമല്ല, ഉണ്ണികളും ഉണ്ണിനമ്പൂതിരിമാരും അസ്വതന്ത്രരും അസ്വസ്ഥരുമായിരുന്നു. രാവിലെ മുതൽ വൈകുന്നേരം വരെ വേദാദ്ധ്യയനം. പലപ്പോഴും ഓയ്സ്കന്റെ കഠിന ശിക്ഷണത്തിൽ അടിയും മണൽ കൂട്ടി തുടയിൽ തിരുമ്മലും. അനദ്ധ്യായ ദിവസങ്ങളിൽ മാത്രം ചെറിയൊരാശ്വാസം. പലപ്പോഴും മാതാപിതാക്കളെ പിരിഞ്ഞുള്ള താമസം. ചിലർ ഒളിച്ചോടുന്നു. ഉണ്ണികളും പെൺകിടാങ്ങളും പീഡനങ്ങൾ അനുഭവിച്ചിരുന്നു. വേളി കഴിക്കാൻ നിശ്ചയിച്ച പെൺകിടാവിനെ കാണാൻ പോലും അനുവദിക്കാറില്ല. എല്ലാം കാരണവന്മാർ നിശ്ചയിക്കും. ഇന്ന് ആ നിലക്ക് എത്രയോ മാറ്റം സംഭവിച്ചിട്ടുണ്ട്.


**ശങ്കരനാരായണൻ അടിതിരി**
കീഴെ പെരുമ്പടപ്പു മന
മണ്ണുത്തി പി.ഒ.തൃശൂർ


## നങ്ങേലി അന്തർജനത്തിന്റെ പ്രണയകഥ

(നേദ്യച്ചോറിൽ പകുത്തു നൽകിയ ഹൃദയം ) സൂപ്പർ .എനിക്ക് 60 വയസ്സായി .ഒരു സിനിമ കാണുന്നത് പോലെയാണ് ഞാനിത് വായിച്ചത് .അത്രയും യഥാർത്ഥമായ വിവരണങ്ങൾ .കണ്ണു നിറഞ്ഞു .അന്തർജനത്തിന്റെ കുടുംബാംഗങ്ങളോട് എന്റെ പ്രത്യേകം അന്വേഷണം .ശാസ്ത്രജ്ഞനായ ശാന്തിക്കാരൻ .മിടുമിടുക്കനായ നാരായണന് എന്റെ നമസ്ക്കാരം . നല്ലവണ്ണം പഠിക്കാൻ കുട്ടികൾക്ക് ഈ ലേഖനം വഴിയാകും .എഴുതിയ വിനോദിനും സ്വസ്തിക്കും അഭിനന്ദനങ്ങൾ .


**രുഗ്മിണി ജനാർദ്ദനക്കുറുപ്പ്**
പെരുമണ്ണ ,കോഴിക്കോട്
9633582555


## പ്രേമത്തിന്റെ കഥ മനസ്സിൽ തൊട്ടു

ഒക്ടോബർ ലക്കത്തിൽ ശാസ്ത്രജ്ഞനായ ശാന്തിക്കാരനെപ്പറ്റി വായിച്ചപ്പോൾ അഭിമാനം തോന്നി. എഴുപത്തഞ്ചു കൊല്ലം മുമ്പത്തെ പ്രേമത്തിന്റെ കഥ മനസ്സിൽ തട്ടുന്നതായിരുന്നു. ഒരു കാലത്ത് നമ്പൂതിരി പെൺകിടാങ്ങൾ അനുഭവിച്ച യാതനകൾ ഓർത്തു പോയി. ശ്രീമതി നങ്ങേലി അന്തർജ്ജനത്തിന് താൻ സ്നേഹിച്ച ആളെത്തന്നെ വിവാഹം കഴിക്കാൻ കഴിഞ്ഞത് ആകാലത്തെ സ്ഥിതി വെച്ചു നോക്കുകയാണെങ്കിൽ ഭാഗ്യം തന്നെയാണ്. മട്ടന്നൂർ തങ്ങളെപ്പറ്റി ശ്രീനാരായണൻ നമ്പൂതിരിയുടെ അനുസ്മരണവും നന്നായി.


**ഇ. എ. കുബേരൻ നമ്പൂതിരി,**
റിട്ട. അദ്ധ്യാപകൻ അച്ചൂറ ഇല്ലം,
കയരളം, പി.ഒ മയ്യിൽ,കണ്ണൂർ.
പിൻ670602,മൊബൈൽ 9605254469


## അന്തർജനത്തിന്റെ പ്രണയം

ഒക്ടോബർ ലക്കത്തിലെ അന്തർജനം പ്രണയം വായിച്ചു .ആഹാ.. ജോറന്നെ .കണ്ണൂർകാര് പറേണ പോല ജോറാണ് ആ ആർട്ടിക്കിൾ.


**ബാണത്തൂർ കൃഷ്ണൻ നമ്പൂതിരിപ്പാട് ,കോഴിക്കോട്**
മൊബൈൽ: 9447338016


## അന്തർജനത്തിന്റെ മകൻ

എന്തു പറയണമെന്നറിയില്ല. സ്വസ്തിക്കു വളരെ വളരെ നന്ദി എന്നു മാത്രം പറഞ്ഞാൽ ഒന്നുമാവില്ല. എന്നെ ചിലർ വിളിച്ചിരുന്നു. ആ ലേഖനം വായിച്ചതിനു ശേഷം. ഇന്നും വിളിച്ചു 71 വയസ്സുള്ള ഒരു സാവിത്രിഅന്തർജ്ജനം. (ശ്രീരഞ്ജിനി) തൊടുപുഴയിലേക്കാണ് വേളികഴിച്ചിരിക്കുന്നത്. കോഴിക്കോട്ട് മകളുടെ അടുത്തു ചെന്നപ്പോൾ സ്വസ്തി കണ്ടു; അമ്മയുടെ കഥ വായിച്ചു (എത്ര തവണ എന്ന് ഓർമ്മയില്ല); രണ്ടു മൂന്നു ദിവസമായി അത് തന്നെയായിരുന്നു ചർച്ചാ വിഷയം എന്നൊക്കെ പറഞ്ഞു. അവർക്കു സ്വന്തം അനുഭവവുമായി ഏറെ സാമ്യം തോന്നിയത്രേ. സ്വസ്തിയുടെ വരിക്കാരാകാൻ തീരുമാനിച്ചു എന്നും പറഞ്ഞു. അമ്മയുടെ എഴുത്തിനെ ഏറെ മനോഹരമാക്കി അവതരിപ്പിച്ച സ്വസ്തിക്കു പ്രത്യേകം നന്ദി. ●


**പൊത്തോപ്പുറം ജയന്തൻ നമ്പൂതിരി**
ന്യൂഡെൽഹി. 9810453289

## കപ്പ് കേക്കിനുള്ളിലെ രണ്ടിറ്റു കണ്ണീർ

വി.എം. ഹേന യുടെ 'കപ്പ് കേക്കിനുള്ളിലെ രണ്ടിറ്റു കണ്ണീർ' ഗംഭീരമായി. സാങ്കൽപിക മാണോ അനുഭവകഥയാണോ എന്ന റിയില്ല. ഏതാണെങ്കിലും കഥയുടെ അവതരണശൈലി ഹൃദയത്തെ തൊട്ടുണർത്തുന്നതാണ്.സ്കൂൾ ജീവിതത്തിൽ നാസറിനോളമില്ലെങ്കി ലും അൽപസ്വൽപം ദുർഘടങ്ങൾ ഒപ്പിക്കാത്തവരായി ആരും ഉണ്ടാവി ല്ല. ടീച്ചറുടെ പിറകിൽ നിന്ന് ആങ്ങ്യ ഗോഷ്ഠി കാണിച്ചും ഇരട്ടപ്പേര് വി ളിച്ചും ആനന്ദം കൊള്ളുന്ന കുട്ടികൾ.

എന്തെല്ലാം ഒപ്പിക്കലുകൾ ചെയ് താലും അതെല്ലാം കേട്ടും കണ്ടും കണ്ടില്ലെന്ന് നടിച്ചും ക്ഷമിച്ചും സഹിച്ചും കുട്ടികളെ അടുത്തറിഞ്ഞ് സ്നേഹത്തോടെ കൈപിടിച്ച് സൽ മാർഗത്തിലേക്ക് നയിക്കുന്ന അദ്ധ്യാ പകർ. അവർ എക്കാലവും ഓർമിക്ക പ്പെടുന്നു.

ടീവിയിലെ വിക്ടേഴ്സ് ചാനലും യു ട്യൂബും ഓൺലൈൻ ക്ലാസുകളുമാ യി വിദ്യാലയം കാണാതെ കുട്ടികൾ (അദ്ധ്യാപകരും) വീടുകളിൽ ചട ഞ്ഞിരിപ്പാണ്. കൊറോണ മനുഷ്യന് സമ്മാനിക്കുന്ന വലിയ നഷ്ടങ്ങളിൽ ഒന്നാണ് കഥയിലെ ജീവിതാനുഭവ ങ്ങൾ. ഒരു കഥ എന്നതിലുപരി ഒരു മാതൃകാ അദ്ധ്യാപികയെ സമൂഹത്തി ന് പരിയയപ്പെടുത്തുന്നു.

'ടീച്ചർ' സ്കൂളിൽ നിന്ന് വിരമിച്ചുവെ




ങ്കിലും നാസറിന്റെ കൊച്ചനിയൻമാർ പള്ളിക്കൂടങ്ങളിൽ ഇന്നും ക(ഉ)റങ്ങി ക്കൂടുന്നുണ്ട്.

'ഇല്ല നാസർ മരിച്ചിട്ടില്ല. ജീ വിക്കുന്നു ഞങ്ങളിലൂടെ' എന്ന മുദ്രാവാക്യം മുഴക്കി പുതുതലമു റ നാസറിനും ലൈക് നൽകുന്നു. യാദൃശ്ചികമാവാം എങ്കിലും ഈ ലക്കം കുട്ടിക്കൂട്ടത്തിൽ ശ്രീ നന്ദകി ഷോറിന്റെ (പാലിക ഇല്ലം) 'ഹിസ്റ്ററി' ക്ലാസിലും ബേക്ക്ബെഞ്ചിലിരുന്ന് കൂർക്കം വലിക്കുന്ന ഒരു കൊച്ചു നാ സറിനെ കാണാം. വിദ്യാലയത്തിലെ ആഫ്റ്റർ നൂൺ സെക്ഷൻ ഭംഗിയായി അവതരിപ്പിച്ച നന്ദകിഷോറിന് അഭി നന്ദനങ്ങൾ.

കഥയിലെ കേന്ദ്രകഥാപാത്രമായ 'ടീച്ചർ' കഥാകൃത്ത് തന്നെ ആണോ എന്ന് എനിക്കറിയില്ല. ഹേന ടീച്ചർ ക്ക് ആദരവോടെ അഭിനന്ദനങ്ങൾ....

**പാനാട് കൃഷ്ണൻ നമ്പൂതിരി**
പാനാട്ട് ഇല്ലം, വിളയിൽ,
അരീക്കോട് ഉപസഭ
മൊബൈൽ: **9048486430**



## നല്ല സംരഭം

കഴിഞ്ഞ ലക്കമാണ് ഞാൻ ആദ്യമായി കാണു ന്നത്. അതിൽ എന്റെ മകളു ടെ ഒരു കഥ ഉണ്ടായിരുന്നു. ഫറോക്ക് ഉപസഭയുടെ മത്സര ത്തിൽ രണ്ടാം സമ്മാനം ലഭിച്ച കഥ. അവൾ നാട്ടിലല്ലാത്തതുകൊ ണ്ട് ഇവിടുത്തെ അഡ്രസ്സ് ആണ് കൊടുത്തിരുന്നത്. അതിനാൽ മാസിക കാണാൻ സാധിച്ചു. നില വാരം ഉള്ള മാസിക തന്നെ. അതി ലുപരി കുറെ പേർക്ക് കിട്ടുന്ന പ്രോ ത്സാഹനം.നല്ലൊരു സംരഭം തന്നെ.

**വി എം ഹേന,**
പരിയാനമ്പറ്റ, മുളയങ്കാവ്. പാലക്കാട് ജില്ല , മൊബൈൽ: 9495743188

## ഉള്ളടക്കം നന്നായി.

നന്നായി. നല്ല ഉള്ളടക്കം

**ജ്യോതിർമയി ശങ്കരൻ**
ഓംകാരം, വടക്കേടത്തു മന
എടക്കളത്തൂർ.പി.ഒ
പറപ്പൂർ വഴി.
തൃശൂർ. 680552
മൊബൈൽ
956755530

## മനസ്സ് നിറഞ്ഞു

ഒരുപാട് ഒരുപാട് നിറഞ്ഞ നന്ദി.സ്വസ്തിയെ പരിചയപ്പെടുത്തി തന്നതിന്.നല്ലൊരു മാസിക. ഏറെ പുതിയ അറിവുകൾ.അതും പുതിയ മേ ഖലകളിൽ.പകർന്നു തരുന്നു.ഒരു യോഗക്ഷേമ മാസിക എന്നതിൽ ഏറെ അഭിമാനവും സന്തോഷവും തോന്നുന്നു. മനസ്സ് നിറഞ്ഞു.

**സുശീലൻ നമ്പൂതിരിപ്പാട്,**
യോഗക്ഷേമസഭ തൃശൂർ ജില്ലാ
ജോ.സെക്രട്ടറി. മൊബൈൽ: 9447694390

## സ്വസ്തി സമുദായത്തിന് അഭിമാനമാണ്

കഴിഞ്ഞവർഷം കോഴിക്കോട് ഒരു ബന്ധു ഗൃഹത്തിൽ വന്നപ്പോഴാണ് കാണാനിടയായതും വായിച്ചതും വാ ങ്ങിച്ചതും.തികച്ചും മാതൃകാപരമായ പ്രവർത്തനമാണ് സ്വസ്തി ത്രൈമാ സിക കാഴ്ചവെക്കുന്നത്.പലരോടും പലപ്പൊഴും ഞാനിത് പങ്ക് വെച്ചിട്ടുണ്ട്. വളരെ നല്ലൊരു സംരംഭമാണ് സ്വസ തിയുടെത്.അതിൽ ഒരു സംശയവുമില്ല. വായിക്കാനായി നല്ല കാമ്പുള്ള ഒന്ന് തന്നെയാണിത്.

ഒക്ടോബർ ലക്കത്തിലെ അന്തർജന ത്തിന്റെ പ്രേമലേഖനം, അമേരിക്കയിലെ ശാന്തിക്കാരനായ നാരായണനെ പറ്റി യുള്ള ലേഖനം എന്നിവ വളരെ ഹൃ ദ്യമായി .ഞാൻ സ്ഥിരമായി സ്വസ്തി വായിക്കാറുണ്ട് - സ്വസ്തി ഒരു സമു ദായ സംഘടനാ പ്രസിദ്ധികരണമെന്ന് അടിയിൽ എഴുതി വെച്ചത് വായിച്ചെ ങ്കിൽ മാത്രമെ മനസ്സിലാവൂ. അല്ലെങ്കിൽ മനസ്സിലാവുകയില്ല. അത്രയും ഉയർന്ന നിലവാരം പുലർത്തുന്ന ഒന്നാണെന്ന് പറയുന്നതിൽ ഏറെ അഭിമാനമുണ്ട്. ശുഭകരമായ കാര്യങ്ങൾ പ്രസിദ്ധീക രിക്കുന്ന എഡിറ്റോറിയൽ ടീമിന് അ ഭിമാനിക്കാം.

**സതീശൻ പി.കെ** പെരിങ്ങര മന,
തൊയക്കാവ് പി.ഒ
തൃശൂർ:680513. മൊബൈൽ:
9747725743

## സ്വസ്തി നല്ലൊരു ഉപാധി

സുഹൃത്ത് അഭിജിത്ത് വഴിയാണ് സ്വസ് തിയെ കുറിച്ച് അറിയുന്നതും വരിക്കാരനാ വുന്നതും. 2 ലക്കങ്ങൾ കിട്ടി. നമ്മുടെയിട യിൽ നടക്കുന്ന വാർത്തകൾ വിശേഷങ്ങൾ എന്നിവ അറിയാനുള്ള നല്ലൊരു ഉപാധിയാണ് സ്വസ്തി. നമ്മുടെയിടയിലെ അംഗങ്ങളുടെ കഴിവുകൾ പ്രദർശിപ്പിക്കാനുള്ള ഒരു വേദി കൂടിയാണിത്. അതേ പോലെ വിവാഹ ആ വശ്യക്കാർക്കുള്ള ഇടവും ഇതിലുണ്ട്. എന്തു കൊണ്ടും മികച്ചൊരു പ്രസിദ്ധീകരണം.

**കൈലാസ് എംകോട്ടുക്കുന്നം**
വെഞ്ഞാറമൂട്, തിരുവനന്തപുരം,
മൊബൈൽ: 9745950141

## സ്വസ്തി കണ്ടുമുട്ടിയത് ബന്ധു ഗൃഹത്തിൽ നിന്ന്

സ്വസ്തി മുമ്പൊരിക്കൽ ഒരു ബന്ധു ഗൃഹത്തിൽ നിന്ന് കാണാനിടയായി. അന്ന് തന്നെ അതിൽ നല്ല ഉള്ളടക്കമു ണ്ടെന്ന് ബോധ്യപ്പെട്ടിരുന്നു. നല്ല കാ മ്പുള്ള മാസിക. വരിക്കാരനാവുന്നതിനെ കുറിച്ച് അന്ന് ആലോചിച്ചിരുന്നില്ല. ഈ യടുത്ത ദിവസം പാലയൂർ ശങ്കരേട്ടൻ എനിക്ക് ഒക്ടോബർ ലക്കം പി.ഡി. എഫ് അയച്ചു തന്നിരുന്നു. അപ്പോഴാണ് ഗൂ ഗ്ൾ പേ വഴി വരിസംഖ്യ അടച്ച് വരി ക്കാരനായത്.പി.ഡി എഫ് വായിക്കുന്ന തിലേറെ ഒരു സുഖം പ്രിന്റഡ് മാഗസിൻ വായിക്കുന്നതിന് തന്നെയാണ്. എല്ലാ ആശംസകളും.

**അഭിലാഷ് പി.കെ,**പെരുന്തടി മന
തൃശൂർ മൊബൈൽ: 9539157730.



## സ്വസ്തിക്ക് സഹായിക്കാൻ സാധിക്കും.

നമ്പൂതിരിമാർ നേരിടുന്ന ഒരു പ്രധാന പ്രശ്നം കുട്ടികൾക്കുള്ള കരിയർ ഗൈഡൻസിന്റെ അഭാവമാണ്. ഇപ്പോൾ ജോലി സാദ്ധ്യതയുള്ള ധാരാളം പുതു തലമുറകോഴ്സുകൾ ഉണ്ട്. പലപ്പോഴും ബിരുദ പഠനത്തിലാണ് നമ്മുടെ കുട്ടികൾ എത്തിപ്പെടുന്നത്. ഏതെങ്കിലും ഒരു എൻട്രൻസിന് ഒരു കൊല്ലം ക്ലാസിൽ പോവും. അതു കിട്ടാതെ വന്നാൽ കോളേജിലേക്ക് തിരിയും. അപ്പോഴേക്ക് കോളേജ് പ്രവേശനം കഴിയും. പിന്നീട് കിട്ടുന്ന സബ്ജക്റ്റിന് കിട്ടുന്ന സ്വാശ്രയ കോളെജ് ശരണം. വളരെ ഉയർന്ന വിദ്യാഭ്യാസവും തൊഴിലും ലഭിച്ച പലരേയും സ്വസ്തി പരിചയപ്പെടുത്തി. ഇവർ എല്ലാവരും ശരിയായ സമയത്ത് യുക്തമായ കോഴ്സ് തെരഞ്ഞെടുക്കാൻ സാധിച്ചവരാണ്. ഗ്രാമപ്രദേശങ്ങളിൽ ജനിച്ചു ജീവിക്കുന്ന രക്ഷിതാക്കൾക്കും അവരുടെ മക്കൾക്കും ഇങ്ങനെ ഒരു അവസരം പരിമിതമായേ ലഭിക്കുന്നുള്ളൂ. കഴിവുള്ള പലരും പിന്തള്ളപ്പെട്ടു പോവുന്നു. സ്വസ്തിക്ക് ഈ മേഖലയിൽ സഹായിക്കാൻ സാധിക്കും. സ്ഥിരമായി ഏതെങ്കിലും വിദഗ്ധരെക്കൊണ്ട് ഓരോ ലേഖനം എഴുതിക്കാവുന്നതാണ്. എങ്കിൽ അത് വായനക്കാർക്ക്വലിയ സഹായകമാവും.

**നീലകണ്ഠൻ നമ്പൂതിരി**
പേരൂർ ഇല്ലം, കോട്ടക്കൽ
മൊബൈൽ 9495291156.

### നന്നാവുന്നുണ്ട്

നമ്പൂതിരിമാരുടേയും നമ്പൂതിരി കുടുംബങ്ങളുടേയും അറിയപ്പെടാത്തപല വിവരങ്ങളും ചരിത്രവും സ്വസ്തിയിൽ ക്കൂടി അറിയാൻ കഴിയുന്നതിൽ സന്തോഷം. നന്നായി വരുന്നുണ്ട്. ഒക്ടോബർ ലക്കം കുറെ കൂടി നന്നായതായി തോന്നി.എല്ലാം ഒററ ഇരുപ്പിൽ വായിച്ചു .

**ഇ.എം.വി. നമ്പൂതിരിപ്പാട്.**
ഏലംകുളം മന മണപ്പുള്ളിക്കാവ്.
മൊബൈൽ 9400696490

### സ്വസ്തിയെക്കുറിച്ച് രണ്ടു വാക്ക്

കിട്ടുന്ന മാസികകളെല്ലാം വായിക്കാറുണ്ട്. അതിൽ ചിലത് വനിതാ, ഗൃഹലക്ഷ്മി തുടങ്ങിയവ. അവ വായിക്കുമെങ്കിലും ഓരോ താളുകളും വിടാതെ വായിക്കാൻ തോന്നാറില്ല. എന്നാൽ സ്വസ്തിയിലെ ഓരോ താളുകളിലെ ഓരോ വരിയും സസൂക്ഷ്മം വായിക്കാൻ തോന്നാറുണ്ട്. സ്വസ്തി മാസികക്ക് തുടക്കം കുറിച്ച എല്ലാവരോടും നന്ദി.

**ശ്രീദേവി. സി.കെ.**
പരിയാനംപറ്റ മന, ന്യൂഡൽഹി.
മൊബൈൽ : 9971368935

### ഉള്ളടക്കം കേമമാണ്

നമ്പൂതിരി പ്രസിദ്ധീകരണങ്ങളിൽ എന്നും മികച്ചു നിൽക്കുന്നത് സ്വസ്തിയാണ് .ഉള്ളടക്കം കേമമാണ്. അതു നിലനിർത്തണം. ആദ്യം മുതൽതന്നെ  കൊറിയർ ആയി വരുത്താറാണ് ഞാൻ. സ്വസ്തി സർക്കുലേഷനിലെ നാറണിയാട് ദാമോദരൻ നമ്പൂതിരി അത് ഭംഗിയായി അയച്ചു തരാറുണ്ട് .കോഴിക്കോട് ജില്ലയ്ക്ക് അഭിമാനിക്കാവുന്ന പ്രസിദ്ധീകരണമാണ് സ്വസ്തി .

**സ്വർണത്ത് നാരായണൻ നമ്പൂതിരി,**
പ്രിന്റർ & പബ്ലിഷർ,പവിത്രം മാസിക,
യോഗക്ഷേമസഭ എറണാകുളം ജില്ല.
ഫോൺ :9447988730

**രണ്ടു വർഷത്തെക്കുള്ള ചെക്ക്**

സ്വസ്തിയുടെ രണ്ടു വർഷത്തെക്കുള്ള കനറാബാങ്ക് ചെക്ക് അടക്കം ചെയ്യുന്നു.
ആശംസകളോടെ.

**എം. കെ. ബി നമ്പൂതിരിപ്പാട്**
റിട്ട. ജില്ലാ ജഡ്ജി,
പതഞ്ജലി,
എ. ആർ നായർ കോളനി.
കുന്നത്തൂർമേട്.
പാലക്കാട് പിൻ 678013

### മഴവെള്ളം കിട്ടിയ വേഴാമ്പലിന്റെ അവസ്ഥ

സ്വസ്തി വന്നു. മുമ്പ് ജീവിച്ചവരും ഇപ്പോൾ ജീവിയ്ക്കുന്നവരുമായ കേമമ്മാരായ നമ്പൂതിരിമാരേയും അന്തർജനങ്ങളേയും തിരഞ്ഞ് പിടിച്ച് നമ്മുടെ മുമ്പിൽ അവതരിപ്പിയ്ക്കുമ്പോൾ അതു കാണുന്നവർക്ക് മഴവെള്ളം കിട്ടിയ വേഴാമ്പലിന്റെ അവസ്ഥയാണ്.സംവരണ ശക്തിയോ രാഷ്ട്രീയ അധീശത്തമോ കൂട്ടായശക്തിയോ ഇല്ലാത്ത സമുദായാംഗങ്ങൾക്ക്പ്രത്യേകിച്ചും.

**വെളിഞ്ഞിൽ നാരായണൻ നമ്പൂതിരി**
ചേരാനല്ലൂർ പോസ്റ്റ്,ഇടപ്പള്ളി വഴി
പിൻ 682034,മൊബൈൽ  8281794330

### എനിക്ക് ആരോ അയച്ചതാണ് ആകർഷിച്ചതിനാൽ വീണ്ടും പുതുക്കി

ഞാൻ ഗീതാനന്ദനാണ് .എഫ്ബിയിലും ആനുകാലികങ്ങളിലും കലാകൗമുദിയിലും വല്ലപ്പോഴും എഴുത്ത് പതിവുണ്ട്. കഴിഞ്ഞ ഒരു വർഷമായി സ്വസ്തി വരുത്തുന്നു. എനിക്ക് ആരോ അയച്ചതാണ് .ആരെന്നറിയില്ല. അതിന്റെ അവതരണ ശൈലിയും, എഴുതുന്നവരുടെ സുതാര്യതയും എന്നെ ആകർഷിച്ചു. അതിനാൽ വീണ്ടും ഈ വർഷം പുതുക്കി. പല തവണ എന്തെങ്കിലും അയക്കാൻ മോഹിക്കാറുണ്ട് ഇപ്പഴേ തരമായുള്ളു. □പെൺകൊട□ എന്ന കവിത ഇമെയിൽ ചെയ്തിട്ടുണ്ട്.

**ഗീതാനന്ദൻ നാരായൺ**
വെൺമാറനല്ലൂർ,കന്യാകുമാരി.
മൊബൈൽ: 8300186475

## ഒറ്റയിരിപ്പിന് മുഴുവൻ വായിച്ചു തീർത്തു

വളരെ നാളായി ആഗ്രഹിച്ച സ്വസ്തി മാസിക ഇന്നലത്തെ പോസ്റ്റിൽ വന്നു. രണ്ടു വർഷം മുമ്പ് പന്നിയംവള്ളി പട്ടേരിയുടെ ഇല്ലത്ത് വച്ച് സ്വസ്തിയുടെ പഴയ ലക്കങ്ങൾ വായിച്ചപ്പോൾ തുടങ്ങിയ ആവേശമാണ്, ഇനിയും തുടർന്നു വായിക്കാൻ കിട്ടണമെന്ന ആഗ്രഹം.ഒറ്റയിരിപ്പിന് മുഴുവൻ വായിച്ചു തീർത്തു.ഈ കോവിഡ് കാലത്ത് കേരളത്തിലെ സമുദായാംഗങ്ങൾക്കും മറ്റു സമൂഹത്തിനും എന്നും നന്മയും ഊർജവും പ്രദാനം ചെയ്യുന്ന ഇതിലെ നല്ല ലേഖനങ്ങളും അനുഭവസാക്ഷ്യങ്ങളും വായിക്കുവാൻ ഭാഗ്യമുണ്ടായി. തുടർന്നും വായിക്കുവാനും മറ്റുള്ളവർക്ക് പങ്കുവയ്ക്കുവാനും സ്വസ്തിയുടെ ലക്കങ്ങൾ ഞങ്ങൾക്ക് ലഭിക്കട്ടെ.

**വല്ലഭൻ ബി.എം**
ഭസ്മത്തിൽ മേക്കാട് മന
മാനേജർ ധനലക്ഷ്മി ബാങ്ക്
നന്ദിപുലം,തൃശൂർ,
മൊബൈൽ 858900380

# സ്വസ്തിയിൽ അല്പം സ്ഥലം പ്രഹേളികക്ക്

സാഹിത്യത്തിൽ പ്രഹേളിക എന്നൊന്നുണ്ടായിരുന്നു. വിജ്ഞാനപ്രദവും പുരാണ കഥകളിൽ നിന്ന് ഉത്തരം കണ്ടെത്തേണ്ടതുമായ ഒരു വിനോദം. സ്വസ്തിയിൽ അല്പം സ്ഥലം ഇതിനു കണ്ടെത്തിയാൽ നന്നായിരിക്കും. പ്രഹേളികക്ക് ഒരുദാഹരണം നൽകാം.

ഒരാൾ ആൽത്തറയിൽ ഇരിക്കുമ്പോൾ അതുവഴി വന്ന സുഹൃത്തു ചോദിച്ചു. എന്താ ഇവിടെ തനിച്ചിരിക്കുന്നത് .അതിനു മറുപടി പറഞ്ഞത്. ഒരുത്തൻ പോയ് ഒരുത്തിയായ് ; ഒരുത്തി പെറ്റിരുപേരായ് ; ഇരുപേരും കരുത്തരായ് ; കരുത്തരിലൊരുത്തന്റെ ബന്ധുവിന്റെ ശത്രുവിന്റെ ഇല്ലം ചുട്ടു മുടിച്ചോന്റെ അച്ഛന്റെ വരവും കാത്ത് ഇരിക്കയാണ് ഞാൻ.

ഈ ലളിതമായ പ്രഹേളിക മുതിർന്നവരിൽ അധിക പേർക്കും അറിയുമെങ്കിലും, അറിയാത്ത പുതുതലമുറക്ക് രസമായിരിക്കും.കാറ്റുകൊള്ളാനിരിക്കുകയാണ് എന്നാണല്ലൊ ഉത്തരം.

**പാലശ്ശേരി ഉണ്ണികൃഷ്ണൻ നമ്പൂതിരി**
,കരിക്കാട്. മഞ്ചേരി
മൊബൈൽ: +91 94967 02912

## ഒക്ടോബർ ലക്കത്തെ പറ്റി

കരിപ്പൂർ വിമാനാപകടം എത്രമാത്രം ഭീതിയും വിഷമവുംഉണ്ടാക്കിയെന്നതിൻറെ നേർചിത്രം കിട്ടി. പഠിച്ച, പഠിക്കുന്ന ശാസ്ത്രത്തിന് അന്യമല്ല ,ഒപ്പമാണ് നാരായണസേവ എന്ന് ടി.എൻ നാരായണനെ മനസ്സിലാക്കുമ്പോൾ നാമറിയുന്നു. മാനവസേവ മാധവസേവയാണ് 71 സെന്റിലെ കരുതൽ. കുട്ടികളുടെ പേജുകളും ഹൃദ്യമായി.ഗോത്രം അത്ര നിസ്സാരമല്ല എന്ന് എനിക്കിവിടെ ഒരു യോഗക്ഷേമസഭാംഗത്തെമനസിലാക്കികൊടുക്കേണ്ട സന്ദർഭം ഉണ്ടായിട്ടുണ്ട് .ആശംസകളോടെ

**കെ ശിവപ്രസാദ്,**
സെക്രട്ടറി ,കരകുളം ഉപസഭ ,
തിരുവനതപുരം -695013
മൊബൈൽ - 9447553833

## വായിക്കാൻ വകയുള്ളത്

സ്വസ്തി ത്രൈമാസികക്ക് ഞാനും വരിക്കാരനായിട്ടുണ്ട്. വായിക്കാൻ വകയുള്ള ഒരു പ്രസിദ്ധീകരണമാണ് എന്നാണ് എൻറെ പക്ഷം. താല്പര്യമുള്ളവർ, പറ്റാവുന്നവർ വരിക്കാരാവുകയാണ് വേണ്ടത്. നമ്മുടെ സമുദായത്തെ കൂടുതൽ അറിയാൻ അത് സഹായിക്കും.

**കുന്നം വിഷ്ണു നമ്പൂതിരി**
(മുംബയ് യോഗക്ഷേമ സഭ)
മന റിസോർട്ട് ,പാലാഴി,പുതുക്കാട്
,തൃശ്ശൂർ,മൊബൈൽ: 9322277487

## സ്വസ്തി വഴി പ്രസിദ്ധീകരിച്ചാൽ നന്നായിരിക്കും

മഹത്തും ബൃഹത്തും ആയ 'ഈശാന ശിവ ഗുരുദേവ പദ്ധതി' എന്ന തന്ത്രഗ്രന്ഥം കേരളീയമായാണ് കരുതുന്നത്. ഇത് മലയാളത്തിൽ അച്ചടിച്ചു പ്രസിദ്ധീകരിച്ചിട്ടില്ലെന്നത് ഒരു പോരായ്മയാണ്. വളരെ വർഷങ്ങൾക്ക് മുമ്പ് ഇതിന്റെ മൂലം മാത്രം സംസ്കൃത ലിപിയൽ ഗണപതി ശാസ്ത്രികൾ എഡിറ്റ് ചെയ്ത് പ്രസിദ്ധീകരിച്ചിരുന്നു. കാലടി ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല മുൻ വൈസ് ചാൻസലർ എൻ.പി.ഉണ്ണിയുടെ ഇംഗ്ലീഷ് വ്യാഖ്യാനത്തോടുകൂടി നാല് വോളിയങ്ങളായി 1998 ഡൽഹിയിലെ ഭാരതീയ വിദ്യാപ്രകാശൻ എന്ന പ്രസിദ്ധീകരണക്കാർ പ്രസിദ്ധീകരിച്ചിരുന്നു. ഇന്ന് ലഭ്യമാണോ എന്നറിയില്ല. ലഭ്യമാണെങ്കിൽ മലയാളത്തിലേക്ക് തർജ്ജമ ചെയ്ത് 'സ്വസ്തി' മാസിക വഴി ഖണ്ഡശ്ശഃ പ്രസിദ്ധീകരിച്ചാൽ നന്നായിരിക്കും. എന്ന് വരിക്കാരൻ .

**കെ.ശങ്കരൻ പോറ്റി**
ശ്രീകൃഷ്ണ വിലാസം വെങ്ങല്ലൂർ പി.ഒ തൊടുപുഴ പിൻ 685608
**മൊബൈൽ 9567679930**

## മകളാണ് സ്വസ്തിയെ പറ്റി പറഞ്ഞത്

എന്റെ മകളാണ് സ്വസ്തിയെ പറ്റി പറഞ്ഞത്. അവളുടെ കഥ അതിൽ വന്നിട്ടുണ്ടെന്ന് അറിഞ്ഞ് സന്തോഷമായി. വംശനാശം സംഭവിച്ചു കൊണ്ടിരിക്കുന്ന ഒരു ജീവിയേ പോലെ ആയിരിക്കുകയാണ് നമ്പൂതിരി സമുദായവും, നമ്പൂതിരി എന്ന വാക്കും. നമ്പൂതിരി സമുദായത്തിലെ ആചാരങ്ങളും അനുഷ്ഠാനങ്ങളും എല്ലാം ദിനംപ്രതി ക്ഷയിച്ചു പോയി കൊണ്ടിരിക്കുകയാണ്. അതിനേ വീണ്ടും പരിപോഷിപ്പിക്കാനും നിലനിർത്താനുമൊക്ക യോഗക്ഷേമ സഭക്കും അവയുടെ പ്രസിദ്ധീകരണമായ സ്വസ്തി പോലെയുള്ള മാസികകൾക്കും തീർച്ചയായും കഴിയും.

എസ്. ഉമാദേവി അന്തർജ്ജനം.
ഇടമന ഇല്ലം,പന്നിവിഴ ,അടൂർ പി.ഒ.പത്തനംതിട്ട
**മൊബൈൽ 9497263771**

## വളരെ നല്ല നിലവാരം.

എനിക്ക് സ്വസ്തിയുടെ പി.ഡി.എഫ് കിട്ടാറുണ്ട്.വളരെ നല്ല നിലവാരം.

**പി.കെ.കേശവൻ പോറ്റി**
പുത്തൻ മഠം,പി.ഓ.വൈശ്യം ഭാഗം,
വണ്ടാനം, ആലപ്പുഴ,പിൻ 688005
**മൊബൈൽ: 9446536607**

## സ്വസ്തി സൂക്ഷിച്ചു വെക്കാൻ തീരുമാനിച്ചു

സ്വസ്തിയുടെ സ്ഥിരം വായനക്കാരനാണ് ഞാൻ .എനിക്ക് ധാരാളം വേറെ മാസികകൾ വരാറുണ്ട് .അവയൊക്കെ എല്ലാരും ചെയ്യുന്നതു പോലെ പത്രങ്ങളുടെ കൂടെ തൂക്കി വിൽക്കാറാണ് .എന്നാൽ സ്വസ്തി സൂക്ഷിച്ചു വെക്കും .കാരണം ഇന്നുള്ളവർക്കും വരും തലമുറകൾക്കും പ്രചോദനമാകുന്ന നിരവധി വിവരങ്ങൾ അതിലുണ്ട്. സ്വസ്തിയെ മാസികയാക്കാൻ ജഗദീശ്വരനോട് പ്രാർത്ഥിക്കുന്നു .ഇതിന്റെ പ്രവർത്തകരോട് ഐക്യവും ഊർജ്ജസ്വലതയും നിലനിർത്തി മുന്നേറാൻ അപേക്ഷിക്കുന്നു .

**പണിയ്ക്കത്ത് അപ്പു നമ്പൂതിരി,**
തൃപ്പൂണിത്തുറ, മൊബൈൽ 8547286111

## Articles superb

Presentation of articles and photographs superb. Keep it up.

**നാരായണൻ നമ്പൂതിരി**
ആറ്റൂർ മുണ്ടയൂർ കിരാലൂർ
മൊബൈൽ:9825305323

## Nice articles

All are nice articles.Very nice initiative

**ഡോ. നാരായണൻ താറഞ്ഞാട്,**
ടി.ഐ.എഫ്.ആർ ഹൈദരാബാദ്.
മൊബൈൽ:9000871889

## Nice

Good quality and feel. Congrats to Swasthi team!

**ഡോക്ടർ ഉഷാ രാമചന്ദ്രൻ**
ഹ്യൂസ്റ്റൺ ,US

## അവണാവിന്റെ കല

ഒക്ടോബർ ലക്കം കണ്ടു. അദ്ദേഹത്തിന്റെ പശ്ചാത്തലമല്ലാതെ അവണാവിന്റെ കലയുടെ, വരയുടെ, ചായമിശ്രിതത്തിന്റെ, ചാരനിറസങ്കലനത്തിന്റെ, പ്രകൃതി വിദ്ധ്വംസകസ്വഭാവനിരാകരണത്തെ, മൃഗങ്ങളിലെ കാരുണ്യത്തെ, മനുഷ്യനിലെ മൃഗീയതയെ... ഒന്നും സ്പർശിച്ചില്ല

**പുളിക്കത്തൊടി വിജയൻ**
മൊബൈൽ:9496304123


ടി എം
നമ്പൂതിരീസ്
(Reg no : 21320223000295)
ഞങ്ങളുടെ ഉല്പന്നങ്ങൾ
നാരങ്ങാ അച്ചാർ
കടുക് മാങ്ങാ
മാങ്ങാ അച്ചാർ
തൈര് മുളക്
നെല്ലിക്കാ അച്ചാർ
പയർ കൊണ്ടാട്ടം
ചട്ട്ണി പൊടി
രസപ്പൊടി
പാവയ്ക്കാ കൊണ്ടാട്ടം
വറുത്ത ഉപ്പേരി
ശർക്കര ഉപ്പേരി
സാമ്പാർ പൊടി
പുളിയിഞ്ചി
വിവിധതരം പപ്പടങ്ങൾ
ബ്രാഹ്മിൺസ് സദ്യ
home made food products
പ്രിസെർവേറ്റിവുകൾ ചേർക്കാതെ തയ്യാറാക്കുന്നത്.
for booking:
6238537871
courier service available


ANTHARJANAM
FOOD PRODUCTS
രജി.നമ്പർ 21312081001723
ഇല്ലങ്ങളിലെ രുചിപ്പെരുമയുമായി സ്വാദേറിയതും ശുദ്ധവുമായ സാമ്പാർപൊടി, ചട്ട്ണി പൊടി (ദോശപൊടി) ചമ്മന്തിപൊടി, കുന്നൻ കായ പൊടി, മഞ്ഞൾ പൊടി,കടുമാങ്ങ, നെല്ലിക്ക, ഉണക്കുമാങ്ങ, ഉലുവായ മാങ്ങ എന്നീ ഉപ്പിലിട്ടതും ഡ്രൈ ചക്ക, ചക്കക്കുരുപ്പൊടി,നെല്ലിക്കാരിഷ്ടം, കയ്പ, പയർ, ഉണ്ണിത്തണ്ട്, മുളക് തുടങ്ങിയ കൊണ്ടാട്ടങ്ങളും ഓർഡർ അനുസരിച്ച് എവിടെയും എത്തിക്കുന്നു.
പ്രീത.ഇ.പി
9496087176
ഏഴിക്കോട്മന മണ്ണമ്പറ്റ പി.ഒ,
ശ്രീകൃഷ്ണപുരം,പാലക്കാട് ജില്ല


100%
ORIGINAL
Shree
Collections
ഞങ്ങൾ വിലമതിക്കുന്നു നിങ്ങളുടെ
ചെറിയ സന്തോഷങ്ങൾ പോലും
ഓൺലൈൻ സൗകര്യം ഉണ്ടായിരിക്കുന്നതാണ്
ഫാബ്രിക് പെയിന്റ് ചെയ്ത സെറ്റ് മുണ്ട് അല്ലെങ്കിൽ സെറ്റ് സാരി, മറ്റേതെങ്കിലും പരമ്പരാഗത വസ്ത്രങ്ങൾ എന്നിവയ്ക്കായി ബന്ധപ്പെടുക
+91- 9567665925
+91- 7902649165
my.sreecollections@gmail.com
https://www.facebook.com/handloomcollections123/
എരുത്തിക്കാവ് ദേവീ ക്ഷേത്രത്തിനു സമീപം
അറനൂറ്റിമംഗലം, മാവേലിക്കര


നാലുദേശത്തിന്റെ പുതിയ സംരഭം
നാലുദേശം കറി പൗഡറുകൾ
വിപണിയിൽ
8281 496 243
Naludesam
Namboodiries
Sambar Powder
Turmeric Powder
Chilli Powder
Coriander Powder
സാമ്പാർ പൊടി, മല്ലിപ്പൊടി, മുളക് പൊടി, ചട്ണിപ്പൊടി, രസപ്പൊടി
ഇപ്പോൾ വിപണിയിൽ
കൂടാതെ കായ വറവ്, റൗണ്ട് ചിപ്സ്, ശർക്കര ഉപ്പേരി,
കാളൻ, പുളിയിഞ്ചി, കടുമാങ്ങ, നാരങ്ങ എന്നിവ ഇന്ത്യയിൽ
എവിടേക്കും ഉത്തരവാദിത്വത്തോടെ എത്തിച്ചു കൊടുക്കുന്നു

## എൺപതിന്റെ നിറവിൽ



മലപ്പുറം ജില്ലയിലെ പാണ്ടിക്കാട്
കറുകമണ്ണ ഇല്ലത്ത്
ശ്രീ നീലകണ്ഠൻ മൂസ്സിന്റെ പത്നി
**ശ്രീമതി രാധാ അന്തർജനം**
മൊബൈൽ: 9447627291

# നവവർഷാശംസകൾ



9x7 Size - ₹150/-
14x12 Size - ₹450/-
17x14 Size - ₹750/-
(All sizes are in inches)

എല്ലാ നമ്പൂതിരി ഭവനങ്ങളിലും പ്രാർത്ഥനാപൂർവ്വം സ്മരിക്കേണ്ട
ജഗത്ഗുരു ശ്രീ ശങ്കരാചാര്യ സ്വാമികളുടെ
ഫ്രെയിം ചെയ്ത ഫോട്ടോകൾ ഓർഡർ അനുസരിച്ച്
കൊറിയർ വഴി എത്തിച്ചു നൽകുന്നതാണ്.

8089594914



02.10.2020ന് ഷഷ്ഠിപൂർത്തി ആഘോഷിച്ച
യോഗക്ഷേമസഭ ചേവായൂർ ഉപസഭ സെക്രട്ടറിയും,
തായാട്ട് ഇല്ലം കാരണവരുമായ
**ശ്രീ. കൃഷ്ണൻ നമ്പൂതിരിക്ക്**
ചേവായൂർ ഉപസഭയുടെ ആശംസകൾ



2020 ഒക്ടോ.22 ന് മുപ്പതാം വിവാഹവാർഷികം
ആഘോഷിച്ച ബ്രഹ്മശ്രീ:
**ഹരി വെള്ളാനിയും ഉഷാദേവി അന്തർജ്ജനവും.**
Hari Vellani. 'Amrutham' Thottakkara. P. O. Ottapalam.
Pin. 679102. Palakad Dist. Kerala. Mob. 9447700676.



ആശംസകളോടെ

*44 Years of togetherness*

Dr.NTParameswaran
Namboodiri,
Poothodikayil,

Po.Anandapuram.
Via.Nellaye,
Thrissur.,680305.
Mobile 9747640178





കോട്ടക്കൽ ആര്യവൈദ്യശാലയിലെ 31 വർഷത്തെ സ്തുത്യർഹമായ സേവനത്തിന് ശേഷം 2020 സെപ്തംബർ 30 ന് വിരമിച്ച

**കോടിതലപ്പണ മാധവൻ നമ്പൂതിരിയ്ക്ക്**

**കണ്ണി പറമ്പ് ഉപസഭയുടെ എല്ലാവിധ ആശംസകളും**



സ്വസ്തി ഒരു മാസികയായി എല്ലാ മാസവും എത്തട്ടെയെന്ന് ആശംസിക്കുന്നു.കോഴിക്കോട് ജില്ലയുടെ പ്രസിദ്ധീകരണം എന്നതിലുപരി യോഗക്ഷേമസഭയുടെതായ ഒരു പ്രസിദ്ധീകരണമായി കണ്ട് മുഴുവൻ സമുദായംഗങ്ങളും സർവാത്മനാ ഏറ്റെടുത്ത് ആവശ്യമായ പ്രോൽസാഹനങ്ങളും ഊർജവും നൽകണമെന്നും താൽപ്പര്യപ്പെടുന്നു.

**പി. എൻ കൃഷ്ണൻ പോറ്റി**
**ശ്രീലകം, കൊടുപ്പുന്ന,ആലപ്പുഴ**
**മൊബൈൽ: 9447349222**



**ശ്രീനന്ദ കെ. ആർ.**
കോഴിക്കോട് അരക്കിണർ
കുംഭനില്ലത്ത് രാജീവൻ
കെ നമ്പൂതിരിയുടെ
പുത്രിയാണ്.
**മൊബൈൽ:**
9497305273

# ഇനിയുള്ള പേജുകളിൽ കുട്ടിക്കൂട്ടം.

**രചനകൾ വാട്ട്സ് അപ്പിൽ അയക്കൂ. മൊബൈൽ: 9400992823**





# വരയുടെ കുട്ടികൾ; മേധജയും വേദജയും

ഞാൻ നന്ദജ. എന്റെ രണ്ട് അനിയത്തിമാരെ പരിചയപെടുത്താം.മേധജയും വേദജയും. വട്ടേനാട് സ്കൂളിൽ ഏഴാം ക്ലാസ് വിദ്യാർത്ഥിനികൾ. ആലങ്കോട് പെരുമ്പള്ളിയാണ് (പെരിങ്ങോട്) ഞങ്ങളുടെ ഇല്ലം. അച്ഛൻ: ഭാഗവതാചാര്യൻ പെരുമ്പള്ളി ഗണേശൻ. അമ്മ:സ്മിത.

വേദൂനും മേധൂനും ചിത്രം വരയോട് വല്ലാത്ത ഇഷ്ടമാണ്. രണ്ടര വയസ്സായപ്പോൾ തന്നെ ഇല്ലത്തെ ചുമരുകളിലും കയ്യിൽ കിട്ടുന്ന കടലാസുകഷണങ്ങളിലും എന്റെ നോട്ട് പുസ്തകങ്ങളിലും കുത്തിവരയലായിരുന്നു പണി . പിന്നെ പിന്നെ വരയോട് വരയായി .ഇന്ന സമയം എന്നൊന്നൂല്യ .വര തുടങ്ങിയാൽ കഴിഞ്ഞേ രണ്ടാളും എണീക്കൂ.

വെറുതെ കുത്തി വരക്കണ്ട എന്നല്ല അച്ഛനും അമ്മയും പറഞ്ഞത്. ആർട്ടിസ്റ്റ് ഗണപതി മാഷുടെ അടുത്ത് ചിത്രരചന പഠിക്കാൻ ചേർത്തു .പിന്നീട് പലരിൽ നിന്നും അഭ്യസിച്ചു. സ്കൂളിലെ ചിത്രകലാധ്യാപിക സുചിത്ര ടീച്ചർ ഇപ്പോഴും പ്രോത്സാഹിപ്പിക്കാറുണ്ട് . പിന്നീട് കറുകപുത്തൂർ ഉള്ള അരുൺ ഏട്ടന്റെ അടുത്ത് പഠനം തുടർന്നു .ഇതിനിടക്ക് മ്യൂറൽ ചിത്രകലയിൽ പ്രസിദ്ധനായ മണികണ്ഠൻ പുന്നക്കൽ സാർ, തവനൂർ സ്കൂളിലെ അധ്യാപകനായ പ്രശസ്ത



*അക്കിത്തം നാരായണന്റെ കൂടെ*

ചിത്രകാരൻ പ്രശസ്തനായ ഗോപു പട്ടിത്തറ എന്നിവരോടൊക്കെ വലിയ അടുപ്പമായി .

ലോകപ്രശസ്ത ചിത്രകാരനായ അക്കിത്തം നാരായണൻ സാറിനെ കാണാൻ കഴിഞ്ഞത് വല്യ കാര്യായി .അവർ എപ്പളും അമ്മയോട് പറയാറുണ്ട് ഇത്രേം വലിയ നിലയിൽ ഉള്ള അദ്ദേഹം ഒരിക്കൽ പോലും അഹങ്കാരം കാണിക്കാതെ ഒരു മുത്തശ്ശനെന്ന പോലെ അവരോട് പെരുമാറുന്നത് അവർക്ക് അതിശയം വരുന്ന കാര്യമാണെന്ന്.ചിത്രരചനക്ക് യാതൊരു പരിമിതിയുമില്ല ; തോന്നിയതൊക്കെ വരക്കാം എന്നാണത്രെ ആ മുത്തശ്ശൻ പറഞ്ഞത് .കാണണം ,മനസ്സിൽ തോന്നണം ,പിന്നെ വരക്കണം ,നിറം കൊടുക്കണം .

ആദ്യം ചിത്രപ്രദർശനം നടത്തിയത് ഇല്ലത്ത് അടുത്തുള്ള സ്പെക്ട്രം ക്ലബ്ബിലായിരുന്നു. സ്കൂളിലും പ്രദർശനം ഉണ്ടായി . തൃശൂർ ലളിതകലാ അക്കാദമിയിലെ എക്സിബിഷനായിരുന്നു കേമം. വലിയ ചിത്രകാരന്മാരെ പരിചയപ്പെടാൻ പറ്റി. പത്രങ്ങൾ ,ഏഷ്യാനെറ്റും മീഡിയാ വണ്ണും ,മിക്കവാറും എല്ലാ ടി.വി ചാനലുകളിലും വാർത്ത വന്നു .പിന്നെ ഒറ്റപ്പാലം , എളമ്പുലാശ്ശേരി തുടങ്ങി പല സ്ഥലങ്ങളിലും പ്രദർശനം നടന്നു .കൂടാതെ കുട്ടികളുടെ രണ്ട് എക്സിബിഷനുകൾ ഉദ്ഘാടനം ചെയ്യാനുള്ള അവസരവും ലഭിച്ചു.

ഇല്ലത്തെ മുത്തശ്ശനും നന്നായി വരച്ചേർന്നു .രണ്ട് വല്യച്ഛന്മാരും വരക്കും.എന്നാൽ ഞങ്ങളുടെ തലമുറയിൽ ചിത്രം വരക്കുന്നത് ഇവർ രണ്ട് പേരും മാത്രം ആണ്. മേധൂനേം വേദൂനേം വിളിക്കാം അമ്മയുടെ നമ്പർ ഇതാ : 9446264274 ● .

**ഇങ്ങനെയും ചില കുട്ടികൾ ചെയ്യുന്നുണ്ട്. നല്ല പുസ്തകങ്ങളുടെ വായന. അമ്മമാർ വിചാരിച്ചാൽ ഇതെല്ലാം നടക്കും. ഒന്നു പരീക്ഷിച്ചു നോക്കൂ ഈ വിദ്യ.**

# ഗാന്ധിജി കാരണം എനിക്കൊരു മൊബൈൽ ഫോൺ കിട്ടി



**അഭിരാം. എം**

ഈ കൊറോണകാലത്ത് എനിക്കൊരു ഉഗ്രൻ സമ്മാനം കിട്ടി. ഇൻഫിനിക്സ് ഹോട്ട് ടെൻ മൊബൈൽഫോൺ. അമ്മയാണ് സമ്മാനം വാങ്ങിത്തന്നത്. വെറുതേ കിട്ടിയതല്ല. ഞാനും അമ്മയും ഒരു ബെറ്റ് വെച്ചു. ആ ബെറ്റിൽ ഞാൻ ജയിച്ചപ്പോൾ കിട്ടിയതാണ് .

ഓൺലൈൻ ക്ലാസുകൾ കണ്ടിരുന്നത് അമ്മയുടെ പഴയ ഫോണിലാണ്. അതിന് കുറേ പ്രശ്നങ്ങൾ ഉണ്ടായിരുന്നു. അമ്മ പറയുന്ന പുസ്തകം വായിച്ചാൽ പുതിയ ഫോൺ വാങ്ങിത്തരാമെന്നായി. ഗാന്ധിജിയുടെ 'എന്റെ സത്യാന്വേഷണ പരീക്ഷണങ്ങൾ ' എന്ന ആത്മകഥയായിരുന്നു അത്.

കളിയും പഠനവും കഴിഞ്ഞുള്ള സമയങ്ങളിൽ ആത്മകഥ വായിച്ചു. അതിൽ നിന്ന് അറിഞ്ഞ കുറച്ചു കാര്യങ്ങൾ കുറിക്കുന്നു.

കുട്ടിയാവുമ്പോൾ നാണം കുണുങ്ങിയായിരുന്നു. ഹരിശ്ചന്ദ്രൻ എന്ന നാടകം കണ്ടു. സത്യസന്ധത എന്ന ആദർശത്തിൽ വല്ലാതെ മോഹിച്ചു. അതാണ് പിന്നെ ജീവിതത്തിലുടനീളം പകർത്തിയത്.

ബാല്യവിവാഹം നിലനിന്ന കാലമായിരുന്നു അത്. ഹൈസ്കൂളിൽ പഠിക്കുമ്പോഴാണ് വിവാഹം.അതെന്നെ അദ്ഭുതപ്പെടുത്തി. സസ്യാഹാരികൾ ആയിരുന്നു കുടുംബം. എങ്കിലും സ്കൂൾ പഠനകാലത്ത് മാംസാഹാരത്തിലും പുകവലിയും പരീക്ഷണം നടത്തിയിരുന്നു. പിന്നീട് അത് തെറ്റാണെന്ന് മനസ്സിലാക്കുകയും അച്ഛനോട് കുറ്റം ഏറ്റുപറയുകയും ചെയ്തു.അതും ഒരു നല്ല സ്വഭാവമായി തോന്നി.

സ്വന്തം കുട്ടികളുടെ വിദ്യാഭ്യാസം ഗുരുകുല സമ്പ്രദായത്തിലൂടെ നടത്തി. തനിക്കോ കുടുംബത്തിലെ മറ്റാർക്കെങ്കിലുമോ അസുഖങ്ങൾ വരുമ്പോൾ മണ്ണുകൊണ്ടും വെള്ളം കൊണ്ടുമുള്ള ചികിത്സാപരീക്ഷണങ്ങൾ നടത്തുകയും ചെയ്തു. വീട്ടുകാര്യങ്ങൾ ജോലിക്കാരെ ഏൽപ്പിക്കാതെ അവരവർ തന്നെ ചെയ്തു. അതുകൊണ്ട് ശുചീകരണത്തിലും ആരോഗ്യരക്ഷയിലും കുട്ടികൾക്ക് നല്ല പരിശീലനം ലഭിക്കുകയും ചെയ്തു.

ഭക്ഷണനിയന്ത്രണമാണ് ആകർഷിച്ച മറ്റൊന്ന്. ഉപ്പ് പയർവർഗ്ഗങ്ങൾ ഉപേക്ഷിക്കുകയും കായ്കനി ഭക്ഷണങ്ങൾ തുടരുകയും ഉപവാസം അനുഷ്ഠിക്കുകയും ചെയ്തു. പിന്നീട് സബർമതിയിൽ ആശ്രമം സ്ഥാപിച്ചു. അഹിംസ എന്ന ആദർശം എല്ലാവരിലും നടപ്പിലാക്കാൻ ശ്രമിച്ചു.

ഗാന്ധിജിയുടെ നേതൃത്വത്തിൽ 1947 ആഗസ്റ്റ് 15ന് ഇന്ത്യ സ്വാതന്ത്ര്യം നേടി. സത്യാഗ്രഹം എന്ന സമര മാർഗ്ഗത്തിലൂടെ. സത്യമല്ലാതെ മറ്റൊരു ഈശ്വരൻ ഇല്ല എന്നാണ് ഗാന്ധിജിയുടെ തത്വം. സത്യത്തെ സാക്ഷാത്കരിക്കാനുള്ള ഏകമാർഗം അഹിംസയാണ് എന്ന് ഗാന്ധിജി നമുക്ക് പഠിപ്പിച്ചു തരുന്നു. ഹൃദയശുദ്ധി ഉള്ള ഒരാൾക്ക് മാത്രമേ സ്വന്തം ചുറ്റുപാടുകളെയും ശുദ്ധമാക്കാൻ സാധിക്കൂ എന്ന ഗുണപാഠം ഗാന്ധിജി നമുക്ക് പകർന്നു തരുന്നു.

ഹരേ രാം

ജയ് ഹിന്ദ്

അഭിരാം. എം

(കാഞ്ഞങ്ങാട് ഹരിപുരം മരുതമ്പാടി ഇല്ലത്തെ സത്യന്റെ പുത്രനാണ് ഈ ഏഴാം ക്ളാസുകാരൻ.) ● .

**മൊബൈൽ: 9946547998**


**അന്തർജ്ജനം**
**ഫുഡ് പ്രോഡക്ട്സ്**
ശ്രീരുദ്രം അക്ഷയശ്രീ യൂണിറ്റ്
ഏനാനല്ലൂർ പി ഒ ആയവന,
മൂവാറ്റുപുഴ , പിൻ 686673

**ശുദ്ധമായ വെളിച്ചെണ്ണയിൽ തയ്യാർ ചെയ്ത**

**കായവറുത്തത് 1കിലോ 350രൂപ**

| | |
|---|---|
| പുളിയിഞ്ചി | 200gm 60 രൂപ |
| സാമ്പാർ പൊടി | 100gm 38 രൂപ |
| ചമ്മന്തി പൊടി | 100gm 46 രൂപ |
| ചട്ണി പൊടി | 100gm 26 രൂപ |
| രസപ്പൊടി | 100gm 46 രൂപ |

ഓർഡറുകൾഅറിയിക്കുക
**9747690599**
ഓർഡറുകൾ എത്തിച്ചു തരുന്നതാണ്.
(നിലവിലെ സാമൂഹിക സാഹചര്യം ബാധകം)

**ആശംകളോടെ**



ജ്ഞാനകല്ലോലിനീ വിദ്യാവിനോദിനീ
ശാന്തസ്വരൂപിണി ശാരദാംബേ
നിൻ പദാബ്ജങ്ങളിൽ വീണുപാടീടുന്ന
വീണയായെൻമനം മാറീടുവാൻ

വീൺവാക്കുതിർക്കാത്ത നാവും സദാ സത്യ
മോതുവാൻ തോന്നുന്ന ഹൃത്തടവും
തംബുരുനാദത്തിനൊത്ത മാധുര്യവും
തന്നു കാരുണ്യം ചൊരിഞ്ഞീടണേ

**PRADEEP NAMBOOTHIRI**
VADAKKEDATH KAPLINGATTU MANA
SIVA NAGAR 2ND, NETTISSERY P.O.,
THRISSUR - 680651 MOB: 9387766631

# SREE SANKARA TRUST

Advaitha Bhavan, Sree Sankarapuram, Valayanchirangara P.O
Perumbavoor, Pin: 683556 , Phone No.: 0484 2657338
www.sreesankaratrust.org
manager.ssv@gmail.com



## SREE SANKARA VIDYAPEETOM COLLEGE

Valayanchirangara P.O, Perumbavoor Pin: 683556 Phone: 0484-2656938
[Affiliated to M.G. University] [NAAC Accredited at the "A" Level]
www.ssvcollege.ac.in ssvidyapeetom@gmail.com

**U G Courses**

B.A History, Economics, English, Hindi
B.Sc. Mathematics, B.Sc. Physics, B.Sc. Chemistry,
B.Sc. Computer Science
B.Com. Taxation, B.Com. Computer Application

**P G Courses**

M.A. History
M.Com. Finance, M.Com. International Business
M.Sc. Chemistry
M.Sc. Computer Science

**Hostel facility for women**

## V.T BHATTATHIRIPAD COLLEGE

Sreekrishnapuram, Mannampatta P.O, Palakkad Dt, Pin: 679517 Phone: 0466-2268927
[Affiliated to University of Calicut] [NAAC Accredited at the "B+" Level]
principalvtb@gmail.com

**U G Courses**

B.A. Sanskrit, History, Economics Foreign Trade and Practice
B.Sc. Mathematics
B.Com, B.B.A.

**P G Courses**

M.Sc. Computer Science
M.Com

## SREE SANKARA COLLEGE

Nagaroor P.O, Kilimanoor, Pin: 695601, Phone: 0470-2678898
[Affiliated to University of Kerala]
sscollegenagaroor@gmail.com

**Courses**

B.Sc. Physics, B.A. Economics
B.Com. Taxation

## SREE SANKARA VIDYAPEETOM COLLEGE (Self-Finance)

Nagaroor P.O, Kilimanoor, Pin: 695601, Phone: 0470-2677241, 2678899
[Affiliated to University of Kerala] ssvcn@md3.vsnl.net.in

**U G Courses**

B.B.A , B.A. English
B.Com. Computer Application , B.Com. Co-operation
B.Sc. Computer Science

**P G Courses**

M.Com. Finance
M.Sc. Computer Science

## SREE SANKARA VIDYAPEETOM ENGLISH MEDIUM SCHOOL

Nagaroor P.O, Kilimanoor, Thiruvananthapuram, Pin: 695601
Phone: 0470-2678610 ssvpems@gmail.com

**LKG to 12 [CBSE]**

## TEMPLES MANAGED BY SREE SANKARA TRUST

1. Raloor Kavu Devi Temple, Nagaroor
2. Thekkinkadu Shiva Temple, Nagaroor
3. Vishnu Temple, Nagaroor

"Thamaso Ma Jothir Gamaya"

# ടോപ്പ് സിംഗറാവണം
# ടോപ്പ് സയിൻറിസ്റ്റും
# ആവണം




മലയാളത്തിൽ ഏറ്റവും റേറ്റിംഗ് ഉള്ള റിയാലിറ്റി ഷോ ആണ് ഫ്ളവേഴ്സ് ചാനലിന്റെ ടോപ് സിംഗർ. വിവിധ സെലക്ഷൻ ടെസ്റ്റുകൾ. പന്ത്രണ്ടായിരം കുട്ടികളിൽ നിന്ന് ഇരുനൂറിലേക്ക് . ഇരുനൂറിൽ നിന്ന് 50.അവരിൽ നിന്നും തെരഞ്ഞെടുത്ത 24 പാട്ടുകുട്ടികളാണ് ഫൈനലിലെ മത്സരാർത്ഥികൾ.

ഫൈനൽ റൗണ്ടുകളിലെ ആദ്യ പെർഫോർമൻസ് ഫ്ളവേഴ്സിൽ വരികയായിരുന്നു. 'ഒരു കൊട്ട പൊന്നുണ്ടല്ലോ മിന്നുണ്ടല്ലോ മേനി നിറയെ'. ഒപ്പനപ്പാട്ടുമായി ജഡ്ജസിനെയും ലോകമെങ്ങുമുള്ള ഒരു കോടിയിൽ പരം കാണികളെയും കീഴടക്കി ആറാം ക്ലാസുകാരിയായ വന്ദിത. പരേതനായ വൈദ്യമഠം ചെറിയ നാരായണൻ നമ്പൂതിരിയുടെ പേരക്കുട്ടി. വൈദ്യമഠം ഡോ. വാസുദേവൻ നമ്പൂതിരിയുടെയും സാവിത്രിയുടെയും ഇളയ മകൾ.മെഡിസിനു പഠിയ്ക്കുന്ന വസുദയുടെ അനിയത്തി. എം.ജി.ശ്രീകുമാർ അടങ്ങുന്ന ഫ്ലവേഴ്സ് ജഡ്ജസ് പാനലിനെ ഇംപ്രസ് ചെയ്തു കൊണ്ട് പിഴയ്ക്കാത്ത സംഗതികളോടെ വന്ദിത ടോപ്പ് സിംഗറിലെ താരമായിക്കഴിഞ്ഞു .

തൃത്താല മേഴത്തൂർ സ്കൂൾ വിദ്യാർത്ഥിനിയാണ് വന്ദിത.സംഗീത പഠനത്തിനു തുടക്കം അച്ഛന്റെ പെങ്ങളായ സ്മിതയിൽ നിന്ന്. പിന്നെ കൂറ്റനാട് നീതുൽ അരവിന്ദൻ മാഷുടെ ശിക്ഷണം. സംഗീതം പഠിച്ച അമ്മയും ലളിതഗാന മത്സരത്തിൽ സംസ്ഥാനതലം വരെ എത്തിയ ഓപ്പോളും വന്ദിതയുടെ സംഗീതസപര്യയിൽ വഴികാട്ടികളായി. വൈദ്യമഠത്തിലെ തിരക്കുകൾക്കിടയിലും മകളുടെ പഠനത്തിനുള്ള സൗകര്യമൊരുക്കുന്നു അച്ഛൻ ഡോക്ടർ വാസുദേവൻ നമ്പൂതിരി.കഥകളിസംഗീതത്തിൽ ദീപ പാലനാടിന്റെ ശിഷ്യത്വം. ഫിലിം സോംഗ്സിന് ഗുരുവായി എടപ്പാൾ വിശ്വനാഥൻ. നൃത്തത്തിന് ആറങ്ങോട്ടുകര ഗിരിജ. കീ ബോർഡിൽ കൂറ്റനാട് കൃഷ്ണൻകുട്ടി .പിന്നെ സൈഡായി ഡ്രോയിംഗും കരാട്ടേയും.

നേരത്തെ മഴവിൽ മനോരമയുടെ ടോപ്പ് 30യിൽ എത്തിയിരുന്നു. മൂന്ന് മ്യൂസിക് ബാൻറുകളിൽ പ്ലേബാക്ക് സിംഗർ. കൂറ്റനാട് മെഹ്ഫിൽ, തിരൂരിലെ നവന ബാൻറ്, എടപ്പാളിലെ ഗോൾഡൻ ഫ്രെയിം. പാട്ടുകാരിയാവുന്നതോടൊപ്പം മറ്റൊരു മോഹവുമുണ്ട്. ആസ്ട്രോ ഫിസിക്സ് പഠിക്കണം,എന്നിട്ട് ഇന്ത്യൻ സ്പേസ് റിസർച്ച് ഓർഗനൈസേഷനിൽ സയന്റിസ്റ്റ് ആവണം. ●


**വന്ദിത. വൈദ്യമഠം മന,**
മേഴത്തൂർ പി. ഒ പാലക്കാട്
പിൻ 679534 മൊബൈൽ 9495967816




*വന്ദിത അച്ഛനമ്മമാർക്കൊപ്പം*





**ശ്യാം മഹേന്ദ്ര**


ഐ.കെ.കൃഷ്ണദാസ്
വാഴുന്നവരുടെ മകൻ.ഇരിവൽ ഇല്ലം
ഇരിയ പി.ഒ, ആനന്ദാശ്രമം വഴി,
കാസർകോട് –671531
മൊബൈൽ: 9447644132





**ആര്യനന്ദ:**
അച്ഛൻ: സജീവൻ
കാവുങ്കര ഇല്ലം
കാവുങ്കര കതിരൂർ
മൊബൈൽ 9400330235

# A LETTER TO CORONA



Dear (not that much)Corona,

I see that you've been working hard these days in Wuhan, Italy, Indonesia,India etc .This is not a friendly letter. You're like the black storm clouds that block us from seeing the moon.

You are like wild seas that prevent us from being seeing the safety of the beach and threatens to pitch us into the depths. I write to you with anguish and anger, sadness and tears.

Last night, before I slept, I sat outside alone. I looked up at the stars and asked them, 'what do you know about Corona?' They were silent.

But they could see that no one was gathering beneath them as they used to. They could hear that no one was singing or chatting with their friends as they had before. They were sad too. I couldn't sleep.

Before dawn I rose again and waited in the dark fog to ask the sun.

'Sun', I whispered, 'what do you know about this Corona?' The sun silently rose into the sky with nothing to say to me. A butterfly fluttered into the garden and set itself down on a rose. It looked up at me as if to say 'calm yourself. Remember that the world is still beautiful'.

The cool winds will still blow' it seemed to say. How grateful I was to have received this butterfly, its message like a prayer to nature.

Corona, how difficult you're making things for us.

I believe you see the misery you've caused throughout the world.The rich who have hidden away their billions and billions cannot sleep as they watch their fortunes trickling away by the minute. Where do you come from? Why have you appeared now? Are you trying to tell us something? And I think, 'perhaps you are nature's punishment, a way of telling us that we have gone too far?' It is true that when the cars and trucks stop the heavens will once again be clean. And that when factories close so too will they cease pumping out the fumes that are changing our climate. I wonder, if this is what you want, perhaps we can come to a compromise; cease your attack on us and we will try to reform ourselves and stop destroying our planet?

Perhaps you want to see the waters filled again with life, like the dolphins returning to Venice. OK.

Then just stop killing our Indian friends. We can talk!

Or maybe you want to test us, to see how much solidarity we human beings really have with each other. Well, if you let us live then we'll genuinely see what we can do. Look at the people standing on their balconies singing to each other in India. See the medical teams from China and Cuba that have travelled there to help the sick? Surely these are signs that all is not lost.

Others, though see you as an opportunity to advance their own selfish agenda-perhaps you want to send a message to the world's fascists, kleptocrats and warmongers? That's understandable ..

We are aware that it is perhaps because of our greed, our political ambition, our tendency to wind each other up that you and your nasty friends have appeared and begun to attack us. We are also aware of how full our lives are of 'false consciousness', that we wrap ourselves up too tightly in our thoughts but in doing so lose sight of what matters- our planet and the suffering of its people- that we risk becoming mere predators of each other and this world we live in..

So I hope that you have understood all the issues that you have caused in whole of the country . And also I hope that you have completed your job very well .So please leave this world .

Hopefully............


ANJANA
Anjana Thamarakkulam,
d/o Narayanan TK, 12th std,
Mukkam Upasabha.
**Mobile 9447637817**


**കുട്ടിക്കൂട്ടത്തിലേക്ക്:** മറക്കാനാവാത്ത ഒരനുഭവം എഴുതി വാട്ട്സ് അപ്പിൽ അയക്കൂ. മികച്ച പത്തു രചനകൾ സ്വസ്തിയിൽ പ്രസിദ്ധീകരിക്കും. ഒരു വർഷത്തെ സ്വസ്തി സൗജന്യമായി ലഭിക്കുകയും ചെയ്യും. അയക്കേണ്ട നമ്പർ 9400992823









**നന്ദിത എം. ടി. എം**
മറവഞ്ചേരി ,തെക്കേടത്ത് മന
സുദീപിന്റെയും സജിതയുടെയും മകൾ
മറവഞ്ചേരി തെക്കേടത്ത് മന,
കാടഞ്ചേരി. പി.ഒ,കാലടി,വഴി,മലപ്പുറം ജില്ല
പിൻ 679582 മൊബൈൽ :9495663292

**അനവിത താമരക്കുളം**
4 വയസ്സ്
അച്ഛൻ:
ലിനേഷ് നമ്പൂതിരി
,താമരക്കുളം,
മുക്കം മാമ്പറ്റ,
മൊബൈൽ
9847009640

# കള്ളനും പൊലീസും



ഞാനൊരു കള്ളനാണ് ചെറിയ ചെറിയ മോഷണങ്ങളുമായി കഴിയുന്ന ചെറുകിട കള്ളൻ. ഒരു രാത്രി മോഷണം കഴിഞ്ഞ് ഞാൻ തിരിച്ച് നടക്കുകയായിരുന്നു. രാത്രിയായതിനാൽ വഴിയിൽ ആരും ഉണ്ടായിരുന്നില്ല. ഒരു ബീഡി കത്തിച്ച് വേഗംനടന്നു. അപ്പോഴാണ്ഒരു ജീപ്പിന്റെ ശബ്ദം കേട്ടത്. ശ്രദ്ധിച്ചു, അതേ എന്റെ നേരെയാണ് വരുന്നത്. കൈയിലുള്ള ബീഡി കളഞ്ഞിട്ട് നടത്തം മെല്ലെയാക്കി. ജീപ്പിന്റെ ശബ്ദം അടുത്തടുത്ത് വന്നു. പേടിച്ചത് പോലെ തന്നെ ആ ജീപ്പ് അടുത്ത് വന്ന് നിന്നു. യൂണിഫോം ധരിച്ച മൂന്ന് പോലീസുകാർ ഉണ്ടായിരുന്നു. മുന്നിലിരുന്ന ആൾ എന്നെ കണ്ടിട്ട് പറഞ്ഞു

'ആ നീയായിരുന്നോ?'ഞാനൊന്ന് പരുങ്ങി. 'എന്താടാ പണീം കഴിഞ്ഞുള്ള വരവാണോ?'അയാൾ എന്നോട് ചോദിച്ചു. ഞാൻ ഒന്നും മിണ്ടാതെ പരുങ്ങി നിന്നു.

'അവന്റെ ബാഗ് ഒന്ന് നോക്കിക്കേ .എന്തെങ്കിലുമൊക്കെ കിട്ടുമായിരിക്കും'അയാൾ മറ്റുള്ളവരോടായി പറഞ്ഞു. മറ്റേ രണ്ട്പോലീസുകാർ വന്ന് എന്റെ ബാഗ്തുറന്ന് നോക്കി ഒന്നും പറയാനാകാതെ ഞാൻനോക്കി നിന്നു. ബാഗിലുണ്ടായിരുന്നത് കുറച്ച് പണവും വസ്ത്രങ്ങളും വീട്ടുസാധനങ്ങളുമായിരുന്നു. അതവർ എടുത്തിട്ട് മുന്നിലിരുന്ന ആ പോലീസുകാരനെ ഏൽപ്പിച്ചു.

'എന്താടാ ഇന്ന് കാര്യമായിട്ടൊന്നും കിട്ടീലെ ?'

അയാളാ ബാഗ് നോക്കീട്ട് എന്നോട് ചോദിച്ചു. ഞാനെന്തെങ്കിലും പറയുന്നതിന് മുൻപ് അയാൾ മറ്റുള്ളവരോടായി പറഞ്ഞു.

'ഇതൊക്കെ വല്ലപ്പോഴും കിട്ടുന്ന ബോണസാ. ആഹ് എടുത്ത് വെച്ചേക്ക്.'

ആ ബാഗോടെ അവർ ആ ജീപ്പിൽ എടുത്തു വെച്ചു. എന്നെ നോക്കി ഒന്ന് പല്ലിളിച്ചിട്ട് ആ ജീപ്പ് മുന്നോട്ട് പോയി.

ഞാൻ അതിശയത്തോടെ നോക്കി നിന്നു. മണിക്കൂറുകളോളമുള്ള കഷ്ടപ്പാടിന്റെ സമ്പാദ്യമാണ്. വളരെ എളുപ്പത്തിൽഒരു പദവിയുടെ ബലത്തിൽ എന്നിൽ നിന്ന് അപഹരിച്ചിരിക്കുന്നു. അതു കൊണ്ടുപോയ ആ ഒരുപറ്റം'കള്ളന്മാരെ' ഞാൻ അതിശയത്തോടെ നോക്കി നിന്നു ●.

**നവനീത് പി**
കൃഷ്ണകുമാറിന്റെ മകനാണ്
പുത്തില്ലം, ബേപ്പൂർ നോർത്ത്
കോഴിക്കോട് പിൻ 673015
മൊബൈൽ 8157852184.

# പരീക്ഷാ ഹാൾ പരീക്ഷണമായപ്പോൾ

## അപർണ. എൻ. എസ്



ഈ വർഷം പ്ലസ്ടു പാസായ ഒരാളാണ് ഞാനും. ഉടനെ എൻട്രൻസ് പരീക്ഷയായി. എനിക്ക് കിട്ടിയ സെന്റർ മലബാർ ക്രിസ്ത്യൻ കോളേജായിരുന്നു. എക്സാം ദിവസമായപ്പോൾ ഒരു യുദ്ധത്തിനു പോകുന്ന പ്രതീതി. കോളേജിൽ മാസ്ക്കും കയ്യുറകളും ഒക്കെയായി എത്തിയവരെയാണ് കണ്ടത്. പരീക്ഷ എഴുതിയതിനു ശേഷം ഒരു വലിയ ഭാരം ഇറക്കി വെച്ച പോലെ വളരെ സന്തോഷത്തോടെ വീട്ടിലേക്ക് തിരിച്ചു. പരീക്ഷ കഴിഞ്ഞ സന്തോഷം പങ്കിടാനായി വല്യച്ഛൻറെ മകൾ അഞ്ജുവിനെ വേളി കഴിച്ചയച്ച യൂണിവേഴ്സിറ്റിക്കടുത്ത ചന്ദ്രമന ഇല്ലത്തേക്ക് പോയിരുന്നു .

രണ്ട് ദിവസം കഴിഞ്ഞപ്പോഴാണ് അച്ഛന് കൊറോണ സെന്ററിൽ നിന്നും ഒരു ഫോൺകോൾ വന്നത്. ഞാൻ എക്സാം എഴുതിയ ഹാളിൽ ഒരു കുട്ടിക്ക് കോവിഡ് പോസിറ്റീവ് ആണെന്നും അതിനാൽ എന്നെ ക്വാറന്റൈനിൽ ആക്കണം എന്ന് അവരാവശ്യപ്പെട്ടു. ഇത് അറിഞ്ഞ ഉടനെ അച്ഛൻ ഏട്ടനോട് എന്നെ കൂട്ടിക്കൊണ്ടു വരാൻ പറയുകയും ഏട്ടൻ പെട്ടെന്ന് തന്നെ വന്ന് എന്നെ കൂട്ടി വീട്ടിലെത്തുകയും ചെയ്തു.

ഈ കാര്യങ്ങളൊന്നും ഞാൻ അറിഞ്ഞില്ലായിരുന്നു. അങ്ങനെ വീട്ടിലെത്തിയതും അച്ഛനുമമ്മയും കാര്യങ്ങൾ അവതരിപ്പിച്ചു. അമ്മയുടെ മുഖം കണ്ടപ്പോൾ സങ്കടം വന്നു. അങ്ങനെ മുകളിലെ നിലയിലായിരുന്നു ഞാൻ ക്വാറന്റൈനിൽ നിന്നത്. എൻ.എസ്.എസ് ക്യാമ്പുകളിൽ മുൻപ് പങ്കെടുത്തിട്ടുള്ളതിനാൽ അവിടുന്ന് കിട്ടിയ പരിശീലനങ്ങൾ എനിക്ക് വലിയ അനുഗ്രഹമായി. ഫോണും കഥാപുസ്തകങ്ങളും വീട്ടിൽ ഉണ്ടായിരുന്നതുകൊണ്ട് സമയം നീങ്ങി. ഇടയ്ക്ക് സഹോദരങ്ങൾ വീഡിയോകോൾ ചെയ്യുമായിരുന്നു. ഇങ്ങനെ ആയിരുന്നുവെങ്കിലും കൂട്ടിലിട്ട കിളിയെപ്പോലെ ജനാലകളിലൂടെ പുറത്തേക്ക് നോക്കി സമയം ചെലവിടേണ്ടി വന്നു. ഒറ്റയ്ക്കുള്ള കിടപ്പും നടപ്പും ഭക്ഷണം കഴിക്കലും എല്ലാം...

ഏഴ് ദിവസം പിന്നിട്ടപ്പോൾ സ്രവ പരിശോധനയ്ക്കായി ആശുപത്രിയിൽ പോകണം എന്ന് ചാലിയം ഹെൽത്ത് സെന്ററിൽ നിന്നു നിർദേശം ലഭിച്ചു . അതനുസരിച്ച് താലൂക്ക് ആശുപത്രി ആയ ഫറോക്ക് ചന്ത ഹോസ്പിറ്റലിൽ ആയിരുന്നു പരിശോധന.

**രണ്ട് ദിവസം കഴിഞ്ഞപ്പോഴാണ് അച്ഛന് കൊറോണ സെന്ററിൽ നിന്നും ഒരു ഫോൺകോൾ വന്നത്. ഞാൻ എക്സാം എഴുതിയ ഹാളിൽ ഒരു കുട്ടിക്ക് കോവിഡ് പോസിറ്റീവ് ആണെന്നും അതിനാൽ എന്നെ ക്വാറന്റൈനിൽ ആക്കണം എന്നും അവരാവശ്യപ്പെട്ടു.**

കോവിഡ് പ്രോട്ടോകോൾ അനുസരിച്ച് യാത്ര. മൂക്കിൽ നിന്ന് സ്രവം എടുത്തപ്പോൾ നല്ല വേദന അനുഭവപ്പെട്ടു. വേഗം വീട്ടിൽ തന്നെ തിരിച്ചു വരുകയും വീണ്ടും ക്വാറന്റൈൻ തുടരുകയും ചെയ്തു. ജൂലൈ 26നു ഞങ്ങളുടെ ഉപസഭയുടെ യുവജന സഭ ഉന്നത വിജയികൾക്കുള്ള അനുമോദനച്ചടങ് ഓൺലൈനായി നടത്തിയിരുന്നു. ഗൂഗിൾ മീറ്റ് വഴിയായിരുന്നു പരിപാടി നടത്തിയത്. അങ്ങനെ അതിൽ പങ്കെടുത്തു. മൂന്നു ദിവസം കഴിഞ്ഞപ്പോൾ ആരോഗ്യ വകുപ്പിൽ നിന്നും കോവിഡ് നെഗറ്റീവ് റിപ്പോർട്ട് ലഭിച്ചു. അപ്പോഴാണ് ആശ്വാസമായത്.

എന്റെ ഈ അനുഭവത്തിൽ നിന്നും ചില കാര്യങ്ങൾ പങ്കുവയ്ക്കട്ടെ.സ്കൂളിലെ എൻ.എസ്.എസ്, സ്കൗട്ട് ആൻഡ് ഗൈഡ്സ്, ജെ ആർ സി, എസ് പി സി,..... ഇത്തരത്തിലുള്ള സേവന പദ്ധതികളിൽ പങ്കെടുക്കുകയും, കലാകായിക പ്രവർത്തനങ്ങളിൽ ഭാഗമാകുകയും ചെയ്തതിനാലാണ് ജീവിതത്തിൽ ഉണ്ടായ ചില പ്രതിസന്ധി ഘട്ടത്തെ എനിക്ക് ആത്മധൈര്യത്തോടെ നേരിടാൻ സാധിച്ചത്. ഇതുപോലെ ജീവിതത്തിലുണ്ടാകുന്ന സന്ദർഭങ്ങളെ മറികടക്കുവാൻ നിങ്ങൾക്കും സാധിക്കട്ടെ ● . .

**D/o** നീലമന ശങ്കരൻ
ഫറോക്ക് ഉപസഭ
**മൊബൈൽ: 9847324169**

# ഗോശാലയാണ് എന്റെ കളിസ്ഥലം

**ധ്യാൻ മണ്ണാർശാല**

ഈ ലോക്ക്ഡൗണ് കാരണം എവിടെയും പോകാൻ പറ്റുന്നില്ല. ല്യാച്ചാൽ കാഞ്ഞിരക്കാട്ട് ശേഖരനെ ഒന്നുകൂടി കാണായിരുന്നു. ആ പാപ്പാനോട് ഇനിയും കുറെ കാര്യങ്ങൾ ചോദിക്കാനുണ്ട്. ഗോശാലയിൽ പോയി നോക്കാം.

അന്നത്തെ സംഭവത്തിനുശേഷം കാവൽക്കാർക്ക് കുറച്ചുകൂടി ശ്രദ്ധ വന്നിട്ടുണ്ട്. അന്ന് എത്ര പറഞ്ഞതാ പൂവാലി പശുവിനെ പ്രത്യേകം ശ്രദ്ധിക്കണേന്ന്. പാവം അതിനു വയ്യായിരുന്നു ... എന്താ ചെയ്യാ അത് പോയി. ഇപ്പൊ എന്തായാലും ചെറുവള്ളി പശുവിന്റെ കിടാവ് ഉണ്ട്. അതിന്റെ കളി കാണാൻ എന്താ രസം.

അന്ന് ചെറുവള്ളി പശു പെറാറായി നിൽക്കാണ്. അച്ഛൻ പറഞ്ഞിരുന്നു കാവൽക്കാരോട്. നല്ലോണം നോക്കണം. ലക്ഷണം കണ്ടിട്ട് പെറാറായിന്ന്. അപ്പൊ എല്ലാരും പറയ്യാ ഇനി കുറേ ദിവസം ഉണ്ട് സമയമായിട്ടില്യാന്ന്. ന്നിട്ടൊ അന്ന് രാത്രിതന്നെ പ്രസവിച്ചു. എന്തായാലും വേറെ ബുദ്ധിമുട്ടൊന്നും ഉണ്ടായില്ല. നല്ല വെള്ള നിറത്തിലുള്ള കിടാവ്. അതിന്റെ ഇളംറോസ് നിറത്തിലുള്ള ചെവി എന്തൊരു ഭംഗിയാ.

നാടൻ പശുക്കൾക്കു മഴ ഇഷ്ടാ...നേരെ മറിച്ച് മാർ പാർക്കറിനു ചൂടാ ഇഷ്ടം. ഈ പാർക്കറിനു എന്താ ഭംഗി! അതേപോലെ നല്ല പാലും.... 10 ലിറ്റർ പാല് കിട്ടും... അതുകഴിഞ്ഞാൽ പിന്നെ ഗീർ പശു. 8 ലിറ്റർ കിട്ടും. പിന്നീണ്ടു ട്ടോ സനിവാൾ, കൃഷ്ണ കങ്കയം റെഡ്സിന്ധി വടകര. അങ്ങനെ......

പിന്നെ വെച്ചൂർ പശു. അതിനു പാല് കുറവാണ്. പക്ഷെ ഔഷധ ഗുണംള്ള പാലാണ്. കപില പവിത്രമായ പശുവാണ്. അതിന്റെ പാൽ യജ്ഞം യാഗം ഇതിനൊക്കെ മാത്രേ എടുക്കുള്ളു.

പശുക്കൾക്ക് പുല്ലും വെള്ളവും കൊടുത്ത് മേൽനോട്ടക്കാരോട് സംസാരിച്ചു അങ്ങനെ നേരം പോകും.ഇന്ന് പക്ഷെ വേഗം പോണം. അമ്മ ഇന്നു ആനകളുടെ പുതിയ ഒരു പുസ്തകം കൊണ്ടുവരാം എന്ന് പറഞ്ഞിട്ടുണ്ട്.

കാഞ്ഞിരക്കാട്ട് ശേഖരനെ അന്ന് കാണാൻ പോയപ്പോൾ നല്ല രസമായിരുന്നു. പാപ്പാൻ ആദ്യമൊക്കെ ഒന്നും പറഞ്ഞു തരാൻ കൂട്ടാക്കിയില്ല. കുട്ടി അല്ലെ അതുകൊണ്ടാകും. പിന്നെ ഞാൻ കുറെ ചോദിച്ചപ്പോൾ പിന്നെ ആളും ഒപ്പം കൂടി. ശേഖരൻ നാടൻ ആനയാണ്. ഏറ്റവും ഇഷ്ടം ശേഖരനെയാ... മുമ്പ് തിരുവമ്പാടി ശിവസുന്ദർ ഉണ്ടായിരുന്നു പാവം...അത് ചെരിഞ്ഞു....തെച്ചിക്കോട്ടുകാവ് രാമചന്ദ്രൻ ബിഹാറി ആനയാണ്....

ആനയും പശുവും മാത്രം അല്ല ട്ടോ ആടുകളെയും നായ്ക്കളെയും ഒക്കെ ഇഷ്ടാണ്. നായ്ക്ക ളിൽ ബിഗ് ബുള്ളിനെ പറ്റി കേ ട്ടിട്ടില്ലേ. ഭയങ്കര അപകടകാരിയാണ് അവ. ഇണങ്ങുന്ന നായ്ക്കളാണ് പഗ്ഗും ലാബ്രഡോറും മറ്റും. ജമ്നാപ്യാരി,മലബാറി അങ്ങനെ ആടുകളിലും കുറേ വിഭാഗങ്ങൾ ഉണ്ട്....

ഇപ്പഴാ ഓർത്തത്. ഇന്ന് വൈകിട്ട് കൃഷിദീപം ഉണ്ട് ടിവിയിൽ.പട്ടാഴി ശ്യാമേട്ടന്റെ കൃഷി വിശേഷങ്ങൾ .ജൈവകൃഷിയാണ്. കുറേ കേട്ടിട്ടുണ്ട്. ഡോക്യുമെന്ററികളും കണ്ടിട്ടുണ്ട്. ഖര ജീവാമൃതം എന്ന് കേട്ടിട്ടില്ലേ. ചാണകം,ശർക്കര,ഗോമൂത്രം, പച്ചമണ്ണ്, പയറുപൊടി. എല്ലാം ചേർത്തു ഇളക്കി കുഴച്ച് മിശ്രിതം ഉണക്കി എടുക്കണം. പട്ടാഴി ശ്യാമേട്ടന്റെ രീതിയാണ് ട്ടോ.

ഇല്ലത്തെ കാവ് അറിയാലോ ല്ലേ മണ്ണാറശാലയിലെ. ഇവിടുത്തെ ഒരു ചെടിയോ ഇലയോ പോലും വെട്ടി മാറ്റാറില്ല.ഒരു കരിയില പോലും കത്തിച്ചു കളയാറൂല്യ. എല്ലാം മണ്ണിലേക്ക് തന്നെ പോകുന്നു. അതുകൊണ്ട് ഇല്ലപ്പറമ്പിലും കാവിലും തണുപ്പാണ്.

ഇപ്പൊ സങ്കടം എന്താന്നറിയോ ഇങ്ങനെ ഓരോന്നു കഴിയുമ്പോഴേക്കും കഥ കേൾക്കാൻ സമയം കിട്ടുന്നില്ല.

ഇപ്പൊ എനിക്കാ സമയക്കുറവ്..പക്ഷെ സ്കൂൾ തുറന്നാൽ ഇനി എന്താവ്വാ ആവോ...ഞാൻ മൂന്നാം ക്ലാസ്സിലാ...ഇപ്പൊ എത്ര മാസായി സ്കൂളിൽ പോയിട്ട്....ഇപ്പോഴാ ഓർത്തത് എന്റെ അച്ഛനമ്മമാരെപ്പറ്റി പറഞ്ഞില്ലല്ലോ. അച്ഛൻ ശ്രീജിത്ത് നമ്പൂതിരി മണ്ണാറശാല ക്ഷേത്രത്തിൽ ശാന്തിയാണ്. അമ്മ സൗമ്യ ധനലക്ഷ്മി ബാങ്കിൽ മാനേജർ. രണ്ട് ഓപ്പോൾമാരാ. മൂത്ത ഓപ്പോൾ അദ്രിജ പാർവതി പ്ലസ്ടുവിന് പഠിക്കുന്നു, രണ്ടാമത്തെ ആത്മജ ശ്രീദേവി 10ആം ക്ലാസ്സിലാ....

എല്ലാത്തരം പശുക്കളും ആടുകളും ചെടികളും മരങ്ങളുമെല്ലാമുള്ള ഒരു ഫാം ഉണ്ടാക്കണമെന്നാണ് മോഹം. അതുപോലെതന്നെ ലക്ഷണമൊത്ത ഒരു നാടൻ ആനയും വേണം...ന്നാൽ സമയമായി ട്ടോ എനിക്ക് പോകണം. ഒന്നു കൂടി ഗോശാലയില് പോയിട്ട് വെള്ളകിടാവിന്റെ കൂടെ കുറച്ചു നേരം കൂടി കളിക്കണം. എന്നാ ശരി...കാണാം. ●.



**അച്ഛൻ ശ്രീജിത്ത് നമ്പൂതിരി മണ്ണാറശാല ക്ഷേത്രത്തിൽ ശാന്തിയാണ്. അമ്മ സൗമ്യ ധനലക്ഷ്മി ബാങ്കിൽ മാനേജർ. മൊബൈൽ:8921474590**



# വാണിയുടെ സ്വസ്തികം യോഗ

സ്വസ്തികം പദ്മം നമ്പൂതിരിമാർക്ക് പരിചിതമാണ്. ഏതാണ്ട് ആ രീതിയിൽ യോഗ ചെയ്യാനറിയും ഈ പതിനാലുകാരിക്ക്. പാഞ്ഞാൾ കുത്തുള്ളി മനയിൽ കെ.എൻ.ദിലീപ് നമ്പൂതിരിയുടെയും സുനിത അന്തർജനത്തിന്റെയും മകളാണ് വാണി. നൃത്തച്ചുവടുകൾ മാത്രമല്ല കളരിച്ചുവടുകളും വഴങ്ങും വാണിക്ക്. മെയ്യു കണ്ണാകുന്ന ആയോധനകലയിൽ അദ്ഭുതങ്ങൾ സൃഷ്ടിക്കുകയാണ് ഈ പതിനാലുകാരി. പാഞ്ഞാൾ ഗവ.എച്ച്എസ്എ സ് ഒൻപതാം ക്ലാസ് വിദ്യാർഥിനിയാണ്. നൃത്തവും സംഗീതവും പഠിച്ചിട്ടുള്ള വാണി അഞ്ചാം ക്ലാസ്മുതൽ കളരിയും അഭ്യസിച്ചു തുടങ്ങി.

പൊന്നാനി വിപിഎസ് കടവനാട് കളരിയിലെ ഗുരുക്കളുടെ കീഴിലാണ് പഠനം. മെയ് പയറ്റിൽ ജില്ലാ ചാമ്പ്യനായിരുന്നു. കോവിഡിനെ തുടർന്ന് ഞായറാഴ്ചകളിൽ ഓൺ ലൈനിലൂടെയാണ് കളരിപഠനം. യോഗാ ദിനത്തിൽ മുറിഞ്ഞ തെങ്ങിലും വീട്ടിലുമായി വാണി നടത്തിയ പ്രകടനങ്ങൾ ശ്രദ്ധ പിടിച്ചുപറ്റി.

ദിവസങ്ങൾക്കു മുൻപ് സ്വസ്തിയിൽ ഇരിക്കുന്ന വാണിയുടെ ചിത്രം സമൂഹ മാധ്യമങ്ങളിൽ വൈറലായിരുന്നു.കുറച്ചൊന്നും പണിപ്പെട്ടാൽ പോരാ ഇതിന്. കുറെ കാലത്തെ സാധനയുടെ സിദ്ധിയാണ് ഈ സ്വസ്തി പ്രകടനം. തൽക്കാലം പാട്ടിനെ പാട്ടിനുവിട്ട് പുതിയ കളരിച്ചുവടുകളുമായി മുന്നേറുകയാണ് വാണി.

മൊബൈൽ 9447670914



**അക്കിത്തത്തെ വരച്ചത്**
**കെ. പി. ശിവശങ്കർ തന്ത്രി**



**കെ. പി. ശിവശങ്കർ തന്ത്രി (പ്ലസ് വൺ )**
അച്ഛൻ കെ. പി. വിഷ്ണുപ്രസാദ് വാഴുന്നവർ
കീക്കാംകോട്
പടിഞ്ഞാറേ ഇല്ലം
മടിക്കൈ. പി.ഒ,
നീലേശ്വരം വഴി.
കാസർകോട്. 671314
മൊബൈൽ : 9495756715





**ശ്രീകേശവ വാഴുന്നവർ**
ഐ.കെ.കൃഷ്ണദാസ്
വാഴുന്നവരുടെ മകൻ.ഇരിവൽ ഇല്ലംഇരിയ പ
ി.ഒ, ആനന്ദാശ്രമം വഴി, കാസർകോട് -671531
മൊബൈൽ: 9447644132



28 Jun 2020 9:48:



**അനിരുദ്ധ് പരമേശ്വരൻ.വി.**
2020 21 വർഷം ഉയർന്ന റാങ്കോടെ എം.ബി.ബി.എസിന് പ്രവേശനം ലഭിച്ച അനിരുദ്ധ് പരമേശ്വരന് (s/o ഡോ.വി.പരമേശ്വരൻ & ശ്രീലത യു.സി.വീട്ടിക്കാട്ട് ഇല്ലം) കണ്ണി പറമ്പ് ഉപസഭയുടെ അഭിനന്ദനങ്ങൾ.
**മൊബൈൽ: 9496727616**

## ഇടത്താനേ



ആനപ്പുറത്ത് : ശിഖ
പാപ്പാൻ : സിദ്ധാർത്ഥ് (സിദ്ധു)
ആന : കാഞ്ഞിരക്കാട്ട് കിഴക്കേടം വിജയൻ എന്ന കൃഷ്ണൻ നമ്പൂതിരി.
ഇപ്പോൾ കോടനാട് ആനക്കളരിക്കടുത്ത് തളച്ചിരിക്കുന്നു.

**അഛൻ:ഗൗതമൻ(ആമേട ക്ഷേത്രം)**
**അമ്മ :വൃന്ദ(പാലൂർ മന)**
**മൊബൈൽ:9605741529**

## ഒന്നാം പിറന്നാളിന്റെ മധുരം



**ധ്വനി എം ശങ്കർ**
**D/o ഹരിശങ്കർ & വരദ, മൂത്തേടത്ത് മന, കൊഴക്കോട്ടൂർ, അരീക്കോട്, മലപ്പുറം.**
**മൊബൈൽ: 9846733132**

## കുട്ടിക്കൂട്ടത്തിലെ എല്ലാ കുട്ടികൾക്കും പുതുവത്സരാശംസകൾ



**നിരാമയ ടി. ഇ**
**അച്ഛൻ: നന്ദകുമാർ തയ്യിൽ എടക്കാട്ട് ഇല്ലം**
**അഴിഞ്ഞിലം കോഴിക്കോട് ജില്ല,ഫറോക്ക് ഉപസഭ**
**ഫോൺ:9895900399**



**ആദികേശവ് എൻ**
**നാറണിയാട്ട് ഇല്ലം**
**അച്ഛൻ: ശ്രീദിൻ നാറണിയാട്ട്**
**അമ്മ: കൃഷ്ണപ്രിയ**
**ഫോൺ : 8848494009**
**ഫറോക്ക് ഉപസഭ**

## അരങ്ങേറ്റത്തിനു അഭിനന്ദനങ്ങളും പിറന്നാളിന് ആശംസകളും



**നവംബർ ഏഴിനു തായമ്പകയിൽ അരങ്ങേറ്റം കുറിച്ച മാസ്റ്റർ ഋത്വിക് മധു.**
**നവംബർ 22നു ഒന്നാം പിറന്നാൾ ആഘോഷിച്ച വേദിക് മോഹൻ**
**ഇരുവരും തൊട്ടിൽപ്പാലം ചേലോട്ടില്ലം അനൂപ് ഗോവിന്ദിന്റെയും സൗമ്യഅനൂപിന്റെയും മക്കൾ**

അനൂപ് ഗോവിന്ദ് ,ജോ.സെക്രട്ടറി,
വടകര ഉപസഭ മൊബൈൽ:9446162488





പിറന്നാൾ ആശംസകൾ

ദേവ് മാധവ് ,
ശ്വേതാ സാവിത്രി

പരമേശ്വരൻ.എൻ.ടി, ദിവ്യ
നരിയങ്ങൽ തലപ്പണ
ചൂലൂർ 9447061556



ഞാനും എന്റെ അനിയത്തിമാരും

ശ്രീഹരി നാരായണൻ,
ശ്രീലക്ഷ്മി: അരീക്കര ഗിരീഷ് നമ്പൂതിരി, അശ്വതി എന്നിവരുടെ കുട്ടികൾ.
ശ്രീനിഭ: അരീക്കര ഹരീഷ് നമ്പൂതിരി, ദേവിക എന്നിവരുടെ മകൾ.
അരീക്കര മന,
നടുവട്ടം(പോസ്റ്റ്)കുറ്റിപ്പുറം,മലപ്പുറം (ജില്ല) ഫോൺ: 8593972928



ദേവിക വി.പി.
അച്ഛൻ: വി. പരമേശ്വരൻ
(കുഞ്ഞുണ്ണി )
ശ്രീശൈലം, വീട്ടിക്കാട് ഇല്ലം
കണ്ണി പറമ്പ്.
അമ്മ: സാവിത്രി.
മൊബൈൽ 9495611629

**സ്വസ്തി ത്രൈമാസിക കുട്ടിക്കൂട്ടത്തിലെ എല്ലാ കുട്ടികൾക്കും പുതുവത്സരാശംസകൾ സ്വസ്തി**



# മഹാമാരിയിലൊരോണം

**ഹരിത കെ.പി:**
കോട്ടമല ഇല്ലത്തെ ദിനേശൻ നമ്പൂതിരിയുടെ മകളും എട്ടാം ക്ളാസ് വിദ്യാർത്ഥിയുമാണ്.
മൊബൈൽ 7034760432

ഉണ്ടായിരുന്നോണം
പഴമതൻ മധുരോണം
പുലർകാല വേളയിൽ
ചിരിതൂകി നിൽക്കുന്ന
തൂവെള്ളതുമ്പകൾ
പൂത്ത പൊന്നോണം.
പഴമയുടെ മധുരമാം
പൂവിളികൾ തുമ്പിതൻ
തുള്ളലും ഓർമ്മയിൽ
പൂത്തുനിൽക്കുന്നൂ.
ഇന്നു കണ്ണീരിൽ
നിറഞ്ഞ പൊന്നോണം
മാവേലി നാട്ടിലെ
മാറാക്കൊറോണയെ
മാറ്റുവാൻ നീയേ
തുണ ജഗദീശ്വരാ.
അത്തപ്പൂ ഭംഗിയും
ഊഞ്ഞാലിൻ പാട്ടും
ഇപ്പൊഴുമുള്ളിലെ
മായാത്തൊരോർമ്മയായ്.
ഉണ്ടായിരുന്നൂ, ഒ
രോണമെന്നുള്ളിലും
ഓർമയിൽമാത്രമി
ന്നോണവുമോർമ്മയായ്.

**നവിക അജയ്:** കുറിയേടത്ത് മന,
കുറ്റാനശ്ശേരി ശ്രീകൃഷ്ണപുരം
കുറിയേടത്ത് അജയ് കവിത ദമ്പതികളുടെ മകൾ മൊബൈൽ: 9562493877

**ഘനശ്യാം കാവുങ്കര:**
അച്ഛൻ: സജീവൻ കാവുങ്കര
കാവുങ്കര ഇല്ലം, കതിരൂർ
മൊബൈൽ: 9400330235 / 9947696222

**വേദ വെള്ളങ്ങോത്ത്:**
കണ്ണൂർ വെള്ളങ്ങോത്ത് സന്തോഷ് ബാബുവിന്റെയും ഉമയുടെയും മകൾ,
മൊബൈൽ 70257 91083





ഭവത് കേശവ്. പി.
അച്ഛൻ: കൃഷ്ണൻ പുളിയശ്ശേരി
അമ്മ: ശ്രീദ പാലക്കോൾ
മാർച്ച് 16 ന് മൂന്നാം
പിറന്നാൾ ആഘോഷിക്കുന്നു.
ആശംസകൾ മൊബൈൽ 9765277893



**പുടയൂർ ദേവ്നാരായണന്**
**പിറന്നാൾ ആശംസകൾ**
**ജനനം –7–10–2007**
**അച്ഛൻ : പുടയൂർ അനിയൻ**
**അമ്മ: ജിത.വി.എം**
**വെള്ളൂർ കളം , വള്ളുവമ്പ്രം**
**മലപ്പുറം ജില്ല**
**മൊബൈൽ:7012633271**



**ശിവാനി ഗോകുൽ കെ.**
D/O ഗോകുൽ, കാരയാട്ടില്ലം, പൊയിൽ
ത്താഴം, പോസ്റ്റ് നന്മണ്ട, കോഴിക്കോട്
പിൻ 673613 എസ്എസ്എൽസി
ഫുൾ എ പ്ളസ് മൊ: 9400849001

## ത്രൈമാസിക കുട്ടിക്കൂട്ടത്തിലെ എല്ലാ കുട്ടികൾക്കും പുതുവത്സരാശംസ



**പാർത്ഥിവ് കൃഷ്ണൻ കെ**
S/o പ്രവീൺ നമ്പൂതിരി, കളത്തിൽ
ഇല്ലം താമരശ്ശേരി കോഴിക്കോട്
LS S വിജയി മൊ: 9961268008

# കടൽ

സ്നേഹമാണ് കടൽ,
വാത്സല്യമാണ് കടൽ.
മനസ് പോലെ.
കടലിലെ സൂര്യാസ്തമയങ്ങൾ
പോലെ, പ്രതീക്ഷകളുടേയും
നിരാശകളുടേയും
ഉദയാസ്തമയങ്ങൾ
വേലിയേറ്റങ്ങളും ഇറക്കങ്ങളും
പോലെ.
സുഖ ദുഃഖങ്ങളും വന്ന് പോകുന്നു.
ചിലപ്പോൾ സുനാമി പോലെ,
കൊടുങ്കാറ്റ് പോലെ,
വിനാശകാരിയായിത്തീരുന്നു.
ചിലപ്പോളത് ശാന്തമായ
സ്നേഹ സമുദ്രമാകുന്നു.
ദുഖങ്ങളെല്ലാം ഏറ്റെടുക്കുന്നത്
കൊണ്ടല്ലേ നിന്റെ വെള്ളത്തിനും,
കണ്ണീരിനും ഉപ്പുരസം...!

**ദേവനാരായണൻ ഇ.പി**
എടവലത്ത് പുടയൂർ മന,
വെള്ളൂർ കളം, പി.ഒ വെള്ളൂർ,
മലപ്പുറം. മോങ്ങം ലിറ്റിൽ
ഇന്ത്യ പബ്ളിക് സ്കൂളിലെ
വിദ്യാർത്ഥിയാണ്.
മൊബൈൽ: 9747467883



**ആശംസകൾ**
**നടുവിലേടത്തില്ലം**
**ഉച്ചക്കാവ്**

**ചിന്മയി:**
കൂത്താട്ടുകുളം (ശ്രീധരീയം) നല്ലിയക്കാട്ടു
മനയിലെ ദിലീപിന്റെയും വന്ദനയുടെയും
മകൾ, മൊബൈൽ: 6282346571/ 6282526685



**ആര്യൻ സി:**
നന്മിണ്ട മഠം ചൂരക്കാട് ഇല്ലം
നന്മിണ്ട പി.ഒ കോഴിക്കോട്. 673613
ചൂരക്കാട്ട് ഇല്ലത്ത് വിവേകിന്റെയും
നന്ദിനിയുടെയും മകനാണ്.
മൊബൈൽ 9037913152

## അംഗീകാരങ്ങൾക്കും പുരസ്കാരങ്ങൾക്കും സ്വസ്തിയുടെ ആശംസകൾ


മുല്ലപ്പള്ളി കൃഷ്ണൻ നമ്പൂതിരി


പാലനാട് ദിവാകരൻ


കലാ. എം.പി.എസ്. നമ്പൂതിരി

*ആലുവ തന്ത്രവിദ്യാപീഠം വർക്കിങ് പ്രസിഡന്റായി വീണ്ടും തിരഞ്ഞെടുക്കപ്പെട്ട താന്ത്രികാചാര്യനും യോഗക്ഷേമസഭ സംസ്ഥാന വൈസ് പ്രസിഡന്റുമായ മുല്ലപ്പള്ളി കൃഷ്ണൻ നമ്പൂതിരി ● കേരള കലാമണ്ഡലം അവാർഡ് നേടിയ കഥകളി സംഗീതജ്ഞൻ പാലനാട് ദിവാകരൻ.● കേരള കലാമണ്ഡലം 2019 ലെ മുകുന്ദ രാജ പുരസ്കാരം നേടിയ കലാ. എം.പി.എസ്. നമ്പൂതിരി*


മനു ഏളപ്പില


അനിരുദ്ധ്


അജയ് ഗോവിന്ദ്


കശ്യപ് മങ്ങത്തായ

*● നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി റൂർക്കലയിൽ നിന്ന് കമ്പ്യൂട്ടർ സയൻസ് ആന്റ് എൻജിനീയറിങ്ങിൽ ഡോക്ടറേറ്റ് നേടിയ മനു ഏളപ്പില. നിരവിൽപുഴ ശ്രീഭവൻ ഏളപ്പില ഇല്ലത്ത് ഡോ. ശ്രീകുമാരൻ നമ്പൂതിരിപ്പാടിന്റെയും ശ്രീദേവി അന്തർജനത്തിന്റെയും മകനാണ്. ● നീറ്റ് പരീക്ഷയിൽ മികച്ച വിജയം നേടിയ വീട്ടിക്കാട് ഇല്ലത്തെ അനിരുദ്ധ്. ഡോ. വി. പരമേശ്വരന്റെ മകനാണ്. കണ്ണിപറമ്പ് ഉപസഭ● നീറ്റ് പരീക്ഷയിൽ മികച്ച വിജയം നേടിയ അജയ് ഗോവിന്ദ് പാറക്കോട്, പെരുമണ്ണ. ഗീതാകുമാരിയുടെ മകനാണ്. ● നീറ്റ് പരീക്ഷയിൽ ആൾ ഇന്ത്യാ 3086 റാങ്ക് നേടി എയിംസിൽ അഡ്മിഷൻ ലഭിച്ച കശ്യപ്. മങ്ങത്തായ കൃഷ്ണൻ നമ്പൂതിരിയുടെ പൗത്രനും സഞ്ജീവ് വിധു ദമ്പതിമാരുടെ മകനുമാണ് ●*


ആർദ്ര അക്കൂരത്ത്


ഗോകുൽ ഗോവിന്ദ്


അഭിജിത്ത് വിഷ്ണു


കെ.എ.ജ്യോത്സന

*കാലിക്കറ്റ് യൂണി. ബി.എസ്.സി മാത്സിൽ രണ്ടാം റാങ്ക് നേടിയ മാട്ടായ അക്കൂരത്ത് മനയിലെ ആർദ്ര.തൃത്താല ഹൈസ്കൂളിലെ റിട്ടയേഡ് അധ്യാപകൻ ഞാങ്ങാട്ടിരി മാട്ടായ അക്കുരത്ത് മനയിലെ നമ്പ്യാത്തൻ മാഷിന്റെയും ചാത്തന്നൂർ ഹൈസ്കൂളിലെ അധ്യാപിക ഗിരിജ ടീച്ചറുടെയും മകളാണ് ● കേരള എൻജിനീയറിംഗ് എൻട്രൻസിൽ രണ്ടാം റാങ്ക് നേടിയ കണ്ണൂർ കൈതപ്രം ഉപസഭാംഗം ഗോവിന്ദിന്റേയും സുപ്രിയയുടേയും മകൻ ഗോകുൽ ഗോവിന്ദ് ● കണ്ണൂർ യൂണി.ബിരുദ(ചരിത്രം) പരീക്ഷയിൽ രണ്ടാംറാങ്ക് നേടിയ വെള്ളൂരില്ലത്ത് കൃഷ്ണൻ നമ്പൂതിരിയുടെയും സാവിത്രി അന്തർജ്ജനത്തിന്റെയും മകൻ അഭിജിത്ത് വിഷ്ണു ● എസ്.എസ്.എൽ.സി ഫുൾ എപ്ളസ് നേടിയ മലപ്പുറം രാമപുരം കരിങ്ങനേഴി മനയ്ക്കൽ കെ. കെ.അജിതിന്റെയും സ്നേഹജയുടെയും മകൾ കെ.എ.ജ്യോത്സന*

എല്ലാ വേദങ്ങളും സത്യമാണ്. എന്നാൽ സത്യത്തിനുള്ളിലെ സത്യമാണ് ഋഗ്വേദം. ആർഷഭാരതത്തിന്റെ അമൂല്യ നിധിയായ ഋഗ്വേദത്തിന് വേദ പണ്ഡിതനായ ഒ എം സി നാരായണൻ നമ്പൂതിരിപ്പാട് എഴുതിയ ഭാഷാഭാഷ്യം 25 വർഷങ്ങൾക്കു ശേഷം വീണ്ടും പ്രസിദ്ധീകരിക്കുന്നു. വേദങ്ങൾ പണ്ഡിതർക്കു മാത്രം അറിയാനുള്ളതല്ല, അത് സാധാരണക്കാർക്കും അനുഭവിക്കാനുള്ളതാണെന്ന ബോധ്യത്തോടെ ഒ എം സി ദിവസം ഏഴു മണിക്കൂർ എടുത്ത് ഏഴു വർഷം കൊണ്ട് പൂർത്തിയാക്കിയ ഈ വ്യാഖ്യാനത്തിന് ഇനിയും ഒരു പതിപ്പുണ്ടാവണമെങ്കിൽ വീണ്ടുമൊരു ഇരുപത്തഞ്ച് വർഷങ്ങൾ വേണ്ടിവന്നേക്കും. അതിനാൽ നിങ്ങളുടെ കോപ്പി ഇപ്പോൾത്തന്നെ ഉറപ്പാക്കുക.

ഡി സി ബുക്സ്
പ്രി പബ്ലിക്കേഷൻ

# ഋഗ്വേദം
## ഭാഷാഭാഷ്യം

**ഒ എം സി നമ്പൂതിരിപ്പാട്**

8 വാല്യങ്ങൾ • 6000-ത്തിൽപ്പരം പേജുകൾ
10 മണ്ഡലങ്ങൾ • 1017 സൂക്തങ്ങൾ
10,472 ഋക്കുകൾ • 1,53,826 ശബ്ദങ്ങൾ

മുഖവില: ~~7999~~
ഇപ്പോൾ ബുക്കുചെയ്യുന്ന 1000 പേർക്ക് സൗജന്യ വില **4999**

പ്രീബുക്ക് ചെയ്യാൻ ക്യൂ ആർ കോഡ് സ്കാൻ ചെയ്യൂ

- ഒറ്റത്തവണ 4999 രൂപ ഒന്നിച്ച് അടയ്ക്കുമ്പോൾ 1000 DC Rewards Points ലഭിക്കുന്നതാണ്.
- തവണവ്യവസ്ഥയിൽ (2500+2499) 30 ദിവസത്തിനുള്ളിൽ രണ്ടു ഗഡുക്കളായി അടയ്ക്കാം.
- തവണവ്യവസ്ഥയിൽ അടയ്ക്കാം. (2000+1500+1549) എന്നീ 3 തവണകളായും അടയ്ക്കാം.
- തവണവ്യവസ്ഥയിൽ അടയ്ക്കാം. (1000+1000+1000+1000+1099) തവണകളായും അടയ്ക്കാം.

**അറിവിന്റെ ഈ മഹാപ്രപഞ്ചം നിങ്ങളുടെ ഭവനത്തിന് സദാ ഐശ്വര്യം**

ബുക്കിങ്ങിന് വിളിക്കൂ
**9946 109101, 9947 055000 9946 109449**



DC BOOKS
For online purchase, visit www.dcbookstore.com
DC Books, DC Kizhakemuri Edam, Good Shepherd Street, Kottayam, Kerala
98461 33336/ 0481-2563114
Email: customercare@dcbooks.com


K.P. NAMBOODIRI'S
ആത്മാർത്ഥമായ
പുഞ്ചിരിയുടെ
മാറാത്ത ചേരുവ
K.P. NAMBOODIRI'S
HERBAL TOOTHPASTE | Fights bacteria, naturally.
A QUALITY PRODUCT
KPNS
SINCE 1925
FROM THE HOUSE OF K. P. NAMBOODIRI'S
For more details +91 8943460000